ശ്രീ

# പഞ്ചദശി

## കിളിപ്പാട്ട്.

ടിപ്പണിസഹിതം

ഗ്രന്ഥകർത്താ :—

**ശ്രീവർദ്ധനത്തു് എൻ. കൃഷ്ണപിള്ള.**

KOTTAYAM PUBLIC LIBRARY
X
130448
KOTTAYAM

വി. വി. പ്രസ്സ്—കൊല്ലം.

1-ാം പതിപ്പ കാപ്പി—1000.

(കാപ്പിറൈററു് ഗ്രന്ഥകാരനു്)

വില രൂ. 2. ണ.4.

1957.

ഗ്രന്ഥകാരൻെറ മുദ്രയില്ലാത്ത പ്രതി വ്യാജമുദ്രിതമാകുന്നു.

MA1
KRI-5
KOTTAYAM PUBLIC LIBRARY
130448
KOTTAYAM

22-6-57

# ശുദ്ധപത്രം.

---

| പ്രകരണം | പദ്യം | വരി | |
|---|---|---|---|
| 2 | 24 | 3 | ഭേ‘മ’ല്ലാ |
| ,, | 28 | 1 | സാകാര‘വസ്തുവി’ൽ |
| ,, | 29 | 1,2 | ‘സാകാരഭാവനാതൽപരക്കസ്സൾയോഗാഖ്യമീ’ |
| ,, | 104 | 1 | മസ‘ദ്’ദ്വൈ’ത |
| 4 | 9 | 6 | ‘8’,9 |
| ,, | 22 | 1 | മപ്രി‘യം’ |
| ,, | 23 | 3 | ഭാഗ്യ‘യാകാ’ |
| ,, | 31 | 4 | ധീ‘മ’യ |
| ,, | 52 | 3 | ‘നീ’കൃതി |
| 6 | 27 | 4 | കു‘ന്നവി’ദ്യ |
| ,, | 89 | 2 | ‘ചൊല്ലുന്നുണ്ടവരിച്ചുദ്ദേപഷങ്ങൾ പ്ര യത്നവും |
| ,, | 92 | 2 | ‘പ്പൂസ്സ’ഖ |
| ,, | 119 | 2 | താ‘ൽപ’ര്യ |
| ,, | 156 | 2 | ദ‘സ്ഥിതമാകും തുഷാരത്തേ’യും |
| ,, | 185 | 2 | ത്തെ‘ത്തു’റ |
| ,, | 199 | 1 | പത‘സ്സൃഷ്ട‘ി’ |
| ,, | 213 | 3 | ഗ്ര‘ദാ’ |
| ,, | 276 | 4 | സം‘ഹ’ത |
| ,, | 289 | 2 | സംസ്ഥാ‘പിക്കുകയ’ത്രേ |
| 7 | 44 | 3 | ക്കു‘ന്നി’ല്ല |
| ,, | 73 | 4 | ത്തി‘ദ്’യ |
| ,, | 89 | 3 | സ്ഥാത്മ‘ാ’ |
| ,, | 131 | 4 | ട്ടു‘ം’ |
| ,, | 145 | 2 | സക്ത‘ി’ |
| ,, | 149 | 4 | ധ‘രി’ |
| ,, | 151 | 4 | രാ‘െത’ |
| 8 | 52 | 1 | തപ‘ാ’ദി |
| 9 | 36 | 1 | മ‘ാ’ന |

| | | | |
|---|---|---|---|
| ,, | 43 | 3 | ന്യാ‘യ’ |
| ,, | 57 | 3 | മാകാ‘ര’ |
| 10 | 6 | 1 | ചി‘ച്ഛ’ാ |
| 11 | 63 | 4 | ന‘ാ’നന്ദ |
| ,, | 100 | 3 | നന്ദമാ‘യി’കൃഷ്ണനേ‘ാ’ |
| ,, | 131 | 1 | വോ‘ര’ണ്ട– |
| 12 | 9 | 1 | സ്വ‘േ’പ്രമ |
| 13 | 68 | 3 | ത്ത‘േ’ത |
| ,, | 97 | 3 | ത‘ാ’നോ |
| 15 | 24 | 3 | ശ‘ാ’ന്താ |
| ,, | 35 | 1 | മായോ‘രി’ |

# ഭൂമിക.

ഭാരതീയതത്വചിന്തകളിൽവച്ചു് ഏററവും പ്രമുഖസ്ഥാനം അദ്വൈത ദർശനത്തിനാകുന്നു. ഹിന്ദുക്കളുടെ പരമപ്രമാണമായ വേദസ്മൃതിപുരാണാദികളിൽ പാരിശേഷികസിദ്ധാന്തമായി നിർണ്ണയിക്കപ്പെട്ടിട്ടുള്ളതും അദർശനംതന്നെയാണു്. വേദത്തിൻെറ അന്തം-സിദ്ധാന്തം—എന്ന അർത്ഥത്തിൽ വേദാന്തമെന്ന പേരിൽകൂടിയും അതു വ്യവഹരിക്കപ്പെടുന്നുണ്ടു്.

സച്ചിദാനന്ദസ്വരൂപമായ ബ്രഹ്മവും 'ശരീരേന്ദ്രിയ പഞ്ജരാദ്ധ്യക്ഷനായ' ജീവനും ഒന്നാണെന്നുള്ള ബോധം മാനവഹൃദയത്തിൽ ജനിപ്പിക്കുകയെന്നതാണു് അദ്വൈതദർശനത്തിൻെറ മുഖ്യമായ ലക്ഷ്യം.

നാനാത്വത്തിൽ ഏകത്വത്തെ ദർശിക്കുവാനുള്ള കഴിവു മനുഷ്യനു ജന്മസിദ്ധമാണു്. അതിനാലത്രെ കടകകുണ്ഡലാദികളെ സ്വർണ്ണമായും, തരംഗഫേനാദികളെ ജലമായും കാണുന്നതു്. ആ കഴിവിൻെറ തികവിൽ മനുഷ്യചിത്തത്തിൽ ബ്രഹ്മാത്മൈക്യബോധം പ്രകാശിക്കുന്നു. ആ ബോധദാർഢ്യം മനുഷ്യനെ സ്ഥിരപ്രജ്ഞനും കൃതകൃത്യനുമാക്കിത്തീർക്കും. അനർത്ഥനിവൃത്തിയും ആനന്ദപ്രാപ്തിയുമാണല്ലൊ കൃതകൃത്യൻെറ ലക്ഷണം. അതിനാൽ കൃതകൃത്യതയെന്നറിയപ്പെടുന്ന മുക്തിക്കുള്ള മുഖ്യസാധനം അദ്വൈതദർശനമാണെന്നു സിദ്ധിക്കുന്നു.

അദ്വൈതസിദ്ധാന്തം അനാദികാലം മുതൽ ഈ ലോകത്തിൽ തുടന്നു നിലനിന്നുപോരുന്ന ഒരു ധർമ്മമാണെന്നു് സ്മാർത്തന്മാരായ ഹിന്ദുക്കൾ വിശ്വസിക്കുന്നു.

'നാരായണം പത്മഭുവംവസിഷ്ഠം
ശക്തിഞ്ചതൽപുത്രപരാശരഞ്ച
വ്യാസം ശുകം ഗൌഡപദം മഹാന്തം
ഗോവിന്ദയോഗീന്ദ്രമഥാസ്യശിഷ്യം
ശ്രീശങ്കരാചാര്യ്യ മഥാസ്യപത്മ-
പാദഞ്ചഹസ്താമലകഞ്ചശിഷ്യം
തംതോടകം വാർത്തികകാരമന്യാ-
നസ്മദ് ഗുരൂൻ സന്തതമാനതോഽസ്മി.'

ഈ സ്തോത്രങ്ങൾ ചൊല്ലി അദ്വൈതവിദ്യാസമ്പ്രദായപ്രവർത്തകന്മാരായ പരമാചാര്യ്യന്മാരെ ഭക്തിപാരവശ്യത്തോടുകൂടി സ്മരിക്കുകയെന്നതു ഗുരുകുലങ്ങളിൽ ഇന്നും നടന്നുപോരുന്ന ഒരു ചടങ്ങാണു്. ഇതിൽനിന്നു് അദ്വൈതദർശനത്തിൻെറ ഉപജ്ഞാതാവു് സകലേശ്വരനായ ശ്രീനാരായണനാണെന്നു മനസ്സിലാക്കാവുന്നതാണല്ലൊ. അദ്ദേഹം ബ്രഹ്മാവിനും, ബ്രഹ്മാവു വസിഷ്ഠനും, അദ്ദേഹം ശക്തിക്കും, ശക്തിപരാശരനും, പരാശരൻ വ്യാസനും, അദ്ദേഹം ശ്രീശുകനും, ശുകൻ ഗൌഡപാ

ദാചാൎയ്യൎക്കും, അദ്ദേഹം ഗോവിന്ദാചാൎയ്യൎക്കും, ഗോവിന്ദാചാൎയ്യർ ശ്രീശങ്കരാചാൎയ്യൎക്കും അദ്വൈതവിദ്യാസമ്പ്രദായം ഉപദേശിച്ചുകൊടുത്തു. ശ്രീശങ്കരാചാൎയ്യർ തന്റെ ശിഷ്യപ്രധാനന്മാരായ പത്മപാദർ, ഹസ്താമലകൻ, തോടകൻ, സുരേശ്വരൻ തുടങ്ങിയ മഹാത്മാക്കൾക്കു് ആ വിദ്യ ഉപദേശിച്ചുകൊടുക്കുകയും അവരിൽക്കൂടി അതു ഭാരതം ഒട്ടുക്കു പ്രചുരപ്രചാരത്തിൽ വരികയും ചെയ്തുവെന്നാണു വിശ്വസിക്കപ്പെട്ടിരിക്കുന്നതു്.

പാശ്ചാത്യനിരൂപകന്മാരിൽ ചിലരും, തദനുയായികളായ ചില ഭാരതീയരും ആ വിശ്വാസത്തെ സമ്മതിക്കുന്നില്ല. അക്കൂട്ടരുടെ അഭിപ്രായം അദ്വൈതദർശനം അതിപുരാതനമല്ലെന്നാണു്. അതിനവർ കാണിക്കുന്ന ന്യായങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:—'വേദങ്ങളിൽ ഇന്ദ്രൻ, അഗ്നി, തുടങ്ങി അനേക ദേവതകളെ സ്തുതിക്കുന്നുണ്ടു്. ആ ദേവതകളെല്ലാം പ്രാകൃതിക ദൃശ്യങ്ങളുടെ അധിഷ്ഠാനഭൂതകളായി കല്പിക്കപ്പെട്ടവ മാത്രമാകുന്നു. കാലാന്തരത്തിൽ ആൎയ്യന്മാൎക്കു മാനസികവികാസം സിദ്ധിച്ചപ്പോൾ ബഹുദേവതകളുടെയെല്ലാം നാഥനായി ഏകദേവതയെക്കൂടി അവർ കല്പിക്കാൻ തുടങ്ങി. ആ കല്പനയ്ക്കും വളരെ വൎഷങ്ങൾക്കുശേഷം സകലതും ഈശ്വരനാണെന്നുള്ള സകലേശ്വരസിദ്ധാന്തം അവരുടെ ഹൃദയത്തിൽ പ്രകാശിച്ചു. ഇങ്ങനെ ബഹുദേവതാകല്പനയിൽ കൂടി ഏകദേവതയിലും, ഏകദേവതയിൽക്കൂടി സകലേശ്വരനിലുംവിശ്വാസം അൎപ്പിച്ചു ആൎയ്യന്മാർ ക്രമേണ അദ്വൈതസിദ്ധാന്തത്തിലെത്തിച്ചേരുകയാണുണ്ടായതു്.

പ്രസ്തുതാഭിപ്രായത്തെ വൈദികതത്ത്വചിന്തകന്മാരായ ഭാരതീയപണ്ഡിതന്മാരെല്ലാം സയുക്തികം ഖണ്ഡിക്കുകയും, വേദങ്ങൾ അദ്വൈതസിദ്ധാന്തത്തെയാണു മുഖ്യമായി പ്രകാശിപ്പിക്കുന്നതെന്നു സമൎത്ഥിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളവസ്തുത പ്രത്യേകം പ്രസ്താവ്യമത്രെ.

വൈദികമഹൎഷിമാരുടെ സ്തുതികളിലും മററും കാണുന്ന ബഹുദേവതകൾ ഏകവും പൂൎണ്ണവുമായ ബ്രഹ്മചൈതന്യത്തിന്റെ വിഭിന്നവിഭൂതികൾ മാത്രമാണെന്നു വേദങ്ങൾ സശ്രദ്ധം പഠിച്ചിട്ടുള്ള പണ്ഡിതന്മാരെല്ലാം ഒരുപോലെ സമ്മതിക്കുന്നു. നിരുക്തകാരനായ യാസ്കാചാൎയ്യർ വേദമന്ത്രങ്ങളെ പരോക്ഷകൃതങ്ങളെന്നും, പ്രത്യക്ഷകൃതങ്ങളെന്നും, ആദ്ധ്യാത്മികങ്ങളെന്നും മൂന്നായി തരംതിരിച്ചിരിക്കുന്നു. ദേവത പ്രത്യക്ഷമല്ലാത്തപ്പോൾ ആ ദേവതയെക്കുറിച്ചു പ്രതിപാദിക്കുന്ന മന്ത്രങ്ങളാണു പരോക്ഷകൃതങ്ങൾ. "ഇന്ദ്രോദിവ ഇന്ദ്ര ഈശേ പൃഥിവ്യാഃ"—എന്നു തുടങ്ങിയ ഋക്കുകൾ അതിനുദാഹരണങ്ങളാണു്. മദ്ധ്യമപുരുഷൻ പ്രയോഗിച്ചു് ദേവതകൾക്കഭിമുഖമായി നിന്നുസ്തുതിക്കുന്ന ഋക്കുകൾ പ്രത്യക്ഷകൃതങ്ങളാകുന്നു. "ത്വമിന്ദ്ര ബലാദധി", മുതലായവയെ അതിനു തെളിവായെടുക്കാം. ഉത്തമപുരുഷൻ പ്രയോഗിച്ചു് ഞാനും ദേവതയുമൊന്നാണെന്നു നിശ്ചയിച്ചു സ്തുതിക്കുന്ന ഋക്കുകളാണു് ആദ്ധ്യാത്മികങ്ങൾ: "അഹമിന്ദ്രോനപരാജിഗ്യേ," തുടങ്ങിയവ അതിനു ദൃഷ്ടാന്തങ്ങളത്രെ. ഇത്രയും കൊണ്ടു് ഇന്ദ്രാദിദേവതാശബ്ദങ്ങളുടെ ലക്ഷ്യാൎത്ഥമായ ബ്രഹ്മചൈതന്യ

വും താനുമൊന്നാണെന്നു നിശ്ചയിക്കുന്ന ആദ്ധ്യാത്മികസൂക്തകൾ അദ്വൈതതത്ത്വപ്രതിപാദകങ്ങളാണെന്നു വന്നുചേരുന്നു. അവയെ 'സമാധിഭാഷ' എന്നുകൂടി വ്യവഹരിക്കാറുണ്ട്. അപ്രകാരമുള്ള മന്ത്രങ്ങൾ വേദങ്ങളിൽ ആദ്യവസാനം കാണുന്നതുകൊണ്ട് അദ്വൈതസിദ്ധാന്തം ക്രമേണ വളർന്നുവന്നതാണെന്നുള്ള വാദത്തിന് ഒരുവിധത്തിലും അംഗീകാരം നൽകാവുന്നതല്ല.

ഇപ്രകാരം നിഷ്പക്ഷബുദ്ധിയോടുകൂടി വൈദികഗ്രന്ഥങ്ങൾ പരിശോധിച്ചുനോക്കിയാൽ അവയിലെ മുഖ്യസിദ്ധാന്തം അദ്വൈതമതമാണെന്നു കാണാൻ വിഷമമില്ല. അതിപുരാതനമായ ഋഗ്വേദസംഹിതയിൽപോലും അദ്വൈതവിചാരധാര നിഷ്പ്രതിഘം പ്രവഹിക്കുന്നുണ്ട്.

'ഇന്ദ്രോമായാഭിഃ പുരുരൂപ ഈയതേ'

(ഋ-6-47-18)

ഇന്ദ്രംമിത്രം വരുണമഗ്നിമാഹു-
രഥോദിവ്യഃ സുപർണ്ണോഗരുത്മാൻ
ഏകംസദ്വിപ്രാ ബഹുധാവദ-
ന്ത്യഗ്നിം യമം മാതരിശ്വാനമാഹുഃ

(ഋഗ്വേദം മണ്ഡലം 1. സൂക്തം 168. ഋക്ക് 46.)

ന മൃത്യുരാസീദമൃതം ന തർഹി
ന രാത്ര്യാ അഹ്ന ആസീൽ പ്രകേതഃ
ആനീദവാതം സ്വധയാ തദേകം
തസ്മാദ്ധാന്യന്നപരഃ കിഞ്ചനാസഃ

(ഋഗ്വേദം മണ്ഡലം 10. സൂക്തം 129. ഋക്ക് 2.)

ഈ മന്ത്രങ്ങൾ മുൻപറയപ്പെട്ട അഭിപ്രായത്തിനു തെളിവുകളാണല്ലോ. ഇന്ദ്രൻ-ഐശ്വര്യപൂർണ്ണമായ ബ്രഹ്മം-മായകളാൽ പല രൂപത്തെ പ്രാപിക്കുന്നു എന്നാണ് ആദ്യത്തെ മന്ത്രത്തിൻെറ സാരം. ഇന്ദ്രൻ, മിത്രൻ, വരുണൻ, അഗ്നി മുതലായി പല ദേവതകളെ വർണ്ണിക്കുന്നുണ്ടെങ്കിലും അവയെല്ലാം ഏകമായ പരബ്രഹ്മത്തിൻെറ വിഭിന്നോപാധികളാണെന്നും ഒരേഒരു തത്ത്വത്തെ ഉപാധിഭേദമനുസരിച്ചു പണ്ഡിതന്മാർ പല പേരുകളിൽ വർണ്ണിക്കുകയാണെന്നും മുകളിൽ ഉദ്ധരിച്ച രണ്ടാംമന്ത്രം സ്പഷ്ടമാക്കുന്നു. സൃഷ്ടിക്കുമുമ്പ്-പ്രളയകാലത്ത്-മരണമൊ മരണമില്ലായ്മയൊ ഉണ്ടായിരുന്നില്ല. ആ സമയത്തു രാവെന്നും പകലെന്നുമുള്ള ഭേദവുമുണ്ടായിരുന്നില്ല. ആ സമയം വായുകൂടാതെ ശ്വസിച്ചുകൊണ്ടിരുന്ന-സചേതനമായ-ഒരു വസ്തു ഉണ്ടായിരുന്നു. ആ ബ്രഹ്മവസ്തുവിൽനിന്നു ഭിന്നമായി ഒന്നുംതന്നെ അപ്പോൾ ഉണ്ടായിരുന്നില്ല എന്നാണല്ലൊ മൂന്നാം മന്ത്രത്തിൻെറ ചുരുക്കവും. ഈ മൂന്നു മന്ത്രങ്ങളും അദ്വൈതഡിണ്ഡിമം മുഴക്കിക്കൊണ്ടാണു നിലകൊള്ളുന്നതെന്നുള്ള വസ്തുത ആർക്കും നിഷേധിക്കാവുന്നതല്ല.

ഋഗ്വേദം അതിപുരാതനമായ ഒരു ഗ്രന്ഥമാണെന്നു വൈദികചരിത്രകാരന്മാരെല്ലാം ഒരുപോലെ സമ്മതിച്ചിട്ടുണ്ടല്ലൊ. ആ വേദത്തിൽപോലും അദ്വൈതസിദ്ധാന്തം കാണപ്പെടുന്നതുകൊണ്ട് ഋഗ്വേദം ഭൂലോ

കത്തിൽ ആവിർഭവിക്കുന്നതിനു മുമ്പുതന്നെ പ്രസ്തുത സിദ്ധാന്തം മാനവ ഹൃദയത്തിൽ അടിയുറച്ചിരുന്നിരിക്കണമെന്നു് ഊഹിക്കുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല. ഈ ദൃഷ്ടിമണ്ഡലത്തിൽനിന്നു നോക്കിയാൽ ചരിത്രാതീതകാലത്തുതന്നെ ജീവബ്രഹ്മൈക്യബോധം മാനവഹൃദയത്തെ സമാശ്ലേഷിച്ചിരുന്നുവെന്നു നിസ്സംശയം തീരുമാനിക്കാൻ കഴിയും. അതിനാൽ വേദാന്തം അനാദികാലംമുതൽ അവിച്ഛിന്നമായി നിലകൊള്ളുന്ന ഒരു ധർമ്മസംഹിതയാണെന്നു കരുതാം.

വേദസംഹിതകളിൽ അങ്കുരിതമായി പ്രകാശിക്കുന്ന വേദാന്തചിന്താസന്താനം ഉപനിഷത്തുകളിൽ ശാഖോപശാഖകളോടുകൂടി അത്ഭുതജനകമാംവണ്ണം വളർന്നു വിലസുന്നു.

അതീന്ദ്രിയജ്ഞാനനിധികളായ മഹർഷീശ്വരന്മാരുടെ പ്രാതിഭപ്രഭാപുഞ്ജങ്ങളാണു് മഹത്തരങ്ങളായ ഉപനിഷൽ സൂക്തികൾ. അവയുടെ വെളിച്ചത്തിൽ പ്രകാശിക്കാത്ത മാനവചിന്തകളൊന്നുംതന്നെയില്ലെന്നു പറയാം. ചാർവ്വാകമതംമുതൽ അദ്വൈതമതംവരെ ആ വെളിച്ചത്തിൽ പ്രതിഫലിച്ചു കാണുന്നു. തന്നിമിത്തം ഉപനിഷത്തുകളുടെ സിദ്ധാന്തരഹസ്യം അറിയുവാൻ സാധാരണന്മാർക്കു സാദ്ധ്യമല്ല. ആ കുറവു പരിഹരിക്കുവാൻവേണ്ടിയാണു മഹർഷിവേദവ്യാസൻ ബ്രഹ്മസൂത്രങ്ങൾ വിരചിച്ചതു്. ഉപക്രമോപസംഹാരാദിഷഡ്വിധലിംഗങ്ങൾകൊണ്ടു് ഉപനിഷത്തുകളെല്ലാം അദ്വൈതബ്രഹ്മതത്ത്വത്തെത്തന്നെയാണു സിദ്ധാന്തിച്ചിരിക്കുന്നതെന്നു പ്രസ്തുത സൂത്രങ്ങൾവഴി ശ്രീവേദവ്യാസഭഗവാൻ സയുക്തികം സ്ഥാപിച്ചു. പക്ഷെ, അല്പാക്ഷരങ്ങളും അർത്ഥഗർഭങ്ങളുമായ ബ്രഹ്മസൂത്രങ്ങളുടെ താത്പര്യമറിയുന്നതിനു കാലാന്തരത്തിൽ പണ്ഡിതന്മാർക്കുപോലും പ്രയാസമായിത്തീരുകയാണുണ്ടായതു്. ആ പ്രയാസം നീങ്ങിയതു ശ്രീശംകരഭഗവത്പാദരുടെ ഭാഷ്യരചനയ്ക്കുശേഷമാണു്.

ജഗദ്ഗുരു ശ്രീ ശംകരഭഗവാൻ അമാനുഷപ്രഭാവനായ ഒരു മഹാമനീഷിയായിരുന്നു. നാസ്തികവാദങ്ങളും നൈരാശ്യവാദങ്ങളും ദ്വൈതവാദങ്ങളും മററും പ്രചരിക്കുകനിമിത്തം വൈദികധർമ്മസർവ്വസ്വമായ വേദാന്തധർമ്മം മങ്ങിയിരുന്ന ഒരു കാലത്തായിരുന്നു അദ്ദേഹം കേരളക്കരയിലുള്ള കാലടിഗ്രാമത്തിൽ കൈപ്പള്ളിമഠമെന്നറിയപ്പെട്ടിരുന്ന നമ്പൂരിഗൃഹത്തിൽ ജനിച്ചതു്. ബാല്യകാലത്തുതന്നെ സർവ്വശാസ്ത്രങ്ങളുമഭ്യസിച്ചു്, നർമ്മദാതീരവാസിയായ ഗോവിന്ദാചാര്യരിൽനിന്നു സന്ന്യാസദീക്ഷ സ്വീകരിച്ചു് മഹോന്നതമായ സർവ്വജ്ഞപീഠം കയറി ജഗദ്ഗുരുവെന്ന പേരിൽ പ്രഖ്യാതനായിത്തീർന്നു. ശ്രീ ശംകരാചാര്യരുടെ പാവനചരിതം രോമാഞ്ചത്തോടുകൂടി മാത്രമെ നമുക്കു സ്മരിക്കുവാൻ നിവൃത്തിയുള്ളു. കന്യാകുമാരിമുതൽ കാശ്മീരംവരെ സഞ്ചരിച്ചു് വേദാന്തധർമ്മം പ്രചരിപ്പിച്ച നിത്യബ്രഹ്മചാരിയായ ശംകരഗുരുപാദർ മുപ്പത്തിരണ്ടാമത്തെ വയസ്സിൽ ഹിമവാനിലുള്ള ബദരീനാഥക്ഷേത്രത്തിൽവച്ചു ഭൗതികദേഹമുപേക്ഷിച്ചുവെന്നാണു് ഐതിഹ്യം.

'അഷ്ടവർഷേ ചതുർവേദീ
ദ്വാദശേ സർവ്വശാസ്ത്രവിദ്,

ഷോഡശേ കൃതവാൻ ഭാഷ്യം
ദ്വാത്രിംശേ മുനിരഭ്യഗാത്.'

എന്നാണു ശംകരഭഗവത്പാദരുടെ ജീവിതത്തെക്കുറിച്ചു് ഒരു മഹാൻ സ്മരിച്ചിരിക്കുന്നതു്. ബ്രഹ്മസൂത്രങ്ങൾക്കും ഉപനിഷത്തുകൾക്കും ഗീതയ്ക്കും മററും ആലോചനാമൃതനിഷ്യന്ദികളായ ഭാഷ്യങ്ങളെഴുതി അദ്വൈതവേദാന്തസിദ്ധാന്തത്തെ ലോകോത്തരമഹത്തരമായ ഒരു ശാസ്ത്രമായും, സാർവ്വജനീനമായ ധർമ്മസംഹിതയായും ഉയർത്തിയതു ശ്രീ ശംകരഗുരുദേവനായിരുന്നു. ഉപദേശസാഹസ്രി, വിവേകചൂഡാമണി, അപരോക്ഷാനുഭൂതി, തുടങ്ങി പലപ്രകരണഗ്രന്ഥങ്ങളുമെഴുതി മന്ദമതികളെപ്പോലും വേദാന്തനിഷ്ഠന്മാരാക്കിത്തീർക്കുവാൻ അവിടുന്നു പരിശ്രമിച്ചിട്ടുള്ള വസ്തുതയും ഇവിടെ സ്മരണീയമാണു്.

അദ്ദേഹത്തിൻെറ ശിഷ്യപ്രശിഷ്യപരമ്പരയിൽപ്പെട്ട ആചാര്യന്മാരും അനവധി ഗ്രന്ഥങ്ങൾ രചിച്ചും, പ്രഭാഷണങ്ങൾ ചെയ്തും അദ്വൈതസിദ്ധാന്തത്തെ വിശാലവും നാനാമുഖവുമായ മാർഗ്ഗങ്ങളിൽക്കൂടി വിശ്വവ്യാപകമാക്കിത്തീർക്കുകതന്നെ ചെയ്തു. തന്നിമിത്തം ഗ്രന്ഥസംഖ്യകൾകൊണ്ടും ഭാരതദർശനങ്ങളിൽ പ്രഥമസ്ഥാനം അദ്വൈതദർശനത്തിനുതന്നെ നേടുവാൻ കഴിഞ്ഞു.

സൂത്രങ്ങൾ, വൃത്തികൾ, ഭാഷ്യങ്ങൾ, വാർത്തികങ്ങൾ, ടീകകൾ, വാദങ്ങൾ, പ്രകരണങ്ങൾ തുടങ്ങി അനവധി ഗ്രന്ഥങ്ങൾ വേദാന്തശാഖയിലുണ്ടെങ്കിലും അവയിൽവച്ചു് പ്രചുരപ്രചാരത്തിൽ ഇരിക്കുന്നതു് 'പഞ്ചദശി' എന്ന പ്രകരണഗ്രന്ഥമാകുന്നു.

ശൃംഗേരിമഠാധിപതിയും, വിശ്വവിശ്രുതനുമായിരുന്ന ശ്രീ വിദ്യാരണ്യസ്വാമികളാണു് പഞ്ചദശിയുടെ പ്രണേതാവു്.' അദ്ദേഹത്തിൻെറ ജീവിതത്തെക്കുറിച്ചു് അത്ഭുതജനകങ്ങളായ അനേകം ഐതിഹ്യങ്ങൾ പ്രചാരത്തിലുണ്ടെങ്കിലും ഒരു ചരിത്രകാരൻെറ ദൃഷ്ടിയിൽ അവയെല്ലാം അഗണ്യങ്ങളായിത്തീരുന്നുവെന്നുവരാം. എന്നാൽ ശ്രീ വിദ്യാരണ്യസ്വാമികൾ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളിൽനിന്നും, അദ്ദേഹത്തെക്കൂടി സ്പർശിക്കുന്ന ശിലാരേഖകളിൽനിന്നും മററും സുദീർഘവും സംഭവബഹുലവുമായ തൽചരിത്രത്തിൻെറ ഏകദേശരൂപംമാത്രം നമുക്കു് ഊഹിച്ചറിയുവാൻ കഴിയും.

തുംഗഭദ്രാനദീതീരത്തുള്ള ചരിത്രപ്രസിദ്ധമായ വിജയനഗരത്തിനു സമീപം ഒരു ഗ്രാമത്തിൽ ക്രിസ്ത്വാബ്ദം 1296-ൽ ശ്രീ വിദ്യാരണ്യസ്വാമികൾ ഭൂലോകജാതനായി. അദ്ദേഹത്തിൻെറ അച്ഛൻെറ പേരു് മായണനെന്നും അമ്മയുടെ പേരു് ശ്രീമതിയെന്നുമായിരുന്നു. സായണനെന്നും ഭോഗനാഥനെന്നും രണ്ടു സഹോദരന്മാർ അദ്ദേഹത്തിനുണ്ടായിരുന്നു. മാധവാചാര്യർ എന്ന പേരിലാണു പൂർവ്വാശ്രമത്തിൽ വിദ്യാരണ്യസ്വാമികൾ അറിയപ്പെട്ടിരുന്നതു്. സർവ്വജ്ഞമാധവനെന്നും, മാധവാമാത്യനെന്നും സർവ്വകലാവല്ലഭനെന്നും മററും പലവിധ പ്രശംസകൾക്കും അദ്ദേഹം പാത്രമായിട്ടുണ്ടു്. വിജയനഗരാധിപതി ഒന്നാം ഹരിഹരചക്രവർത്തിയുടെ

ശ്രദ്ധയിൽപെട്ട ശ്രീ മാധവാചാര്യർ ക്രമേണ വിജയനഗരസാമ്രാജ്യത്തിലെ പ്രധാനമന്ത്രിയായിത്തീരുകയാണുണ്ടായതു്. 90 വർഷം വിസ്മയജനകമായവിധം ലോകജീവിതം നയിച്ച പ്രസ്തുതമഹാൻ ഹരിഹരൻ ഒന്നാമന്റെയും, ബുക്കരായരുടെയും, ഹരിഹരൻ രണ്ടാമന്റെയും സചിവോത്തമനായിരുന്നു് വിജയനഗരസാമ്രാജ്യത്തെ വിജയശ്രീപരിലാളിതമാക്കിത്തീർത്തുവെന്നാണു് ഐതിഹ്യം. മുപ്പതുവർഷക്കാലം പ്രധാനമന്ത്രിയായിരുന്നതിനുശേഷം 80-ാമത്തെ വയസ്സിൽ പ്രവൃത്തിമണ്ഡലത്തിൽനിന്നെല്ലാം പിന്തിരിഞ്ഞു് അന്നത്തെ ശൃംഗേരിമഠാധിപതി ശ്രീ ഭാരതീതീർത്ഥസ്വാമികളുടെ ശിഷ്യത്വം സ്വീകരിച്ചു് വിദ്യാരണ്യനെന്നപേരിൽ അദ്ദേഹം ഒരു സന്യാസിയായിത്തീർന്നുവെന്നും, ശ്രീ ഭാരതീതീർത്ഥസ്വാമികളുടെ മഹാസമാധിക്കുശേഷം ആറുവർഷത്തോളം അദ്ദേഹം ശൃംഗേരിയിലെ മഠാധിപതിയായി വിജയിച്ചരുളിയെന്നും ക്രിസ്ത്വാബ്ദം 1386-ൽ അദ്ദേഹം ഭൌതികപിണ്ഡമുപേക്ഷിച്ചു വിദേഹമുക്തി പ്രാപിച്ചുവെന്നും ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്. ലൌകികജീവിതത്തിലും ആദ്ധ്യാത്മികജീവിതത്തിലും ഒരുപോലെ ശോഭിച്ചിരുന്ന ഒരു പുണ്യചരിതനായിരുന്നു ശ്രീ വിദ്യാരണ്യസ്വാമികൾ.

'ഇന്ദ്രസ്യാംഗിരസോനളസ്യസുമതിഃ ശൈബ്യസ്യമേധാതിഥിർ-
ധൌമ്യോ ധർമ്മസുതസ്യവൈന്യനൃപതേസ്സ്വൌജാനിമേർഗൌതമഃ
പ്രത്യഗ്ദൃഷ്ടിരരുന്ധതീസഹചരോരാമസ്യ പുണ്യാത്മനോ
യദ്വത്തസ്യവിഭോരഭൂൽകുലഗുരുർമ്മന്ത്രീതഥാമാധവഃ —

ഈ പദ്യം പരാശരസ്മൃതിയുടെ വ്യാഖ്യാനത്തിൽ വിദ്യാരണ്യസ്വാമികൾതന്നെ രേഖപ്പെടുത്തിയിട്ടുള്ളതാണു്. ദേവേന്ദ്രനു ബൃഹസ്പതിയെന്നപോലെയും, നളനു സുമതിയെന്നപോലെയും, ശൈബ്യനു മേധാതിഥിയെന്നപോലെയും, ധർമ്മപുത്രക്കു ധൌമ്യനെന്നപോലെയും, പൃഥുവിനു സൌജസ്സെന്നപോലെയും, നിമിക്കു ഗൌതമിയെന്നപോലെയും, പുണ്യാത്മാവായ ശ്രീരാമചന്ദ്രനു് ബ്രഹ്മനിഷ്ഠനായ വസിഷ്ഠനെന്നപോലെയും, ബുക്കരായചക്രവർത്തിക്കു ശ്രീ മാധവാചാര്യർ കുലഗുരുവും മന്ത്രിയുമായിരുന്നുവെന്നാണല്ലോ ഈ ശ്ലോകത്തിന്റെ സാരം. ബുക്കരായ ചക്രവർത്തിയുടേയും വിജയനഗരസാമ്രാജ്യത്തിന്റെയും സകലവിധശ്രേയസ്സിനും നിദാനം മാധവാചാര്യർ ആയിരുന്നുവെന്നു് ഈ ശ്ലോകത്തിൽനിന്നു മനസ്സിലാക്കാം. അതുപോലെതന്നെ അന്നത്തെ പ്രസിദ്ധ പണ്ഡിതനായ അഹോബലൻ ശ്രീ വിദ്യാരണ്യസ്വാമികളെക്കുറിച്ചു് ഇപ്രകാരം വർണ്ണിച്ചു കാണുന്നു: —

'വേദാനാം ഭാഷ്യകർത്താ വിവൃതമുനിവചാധാതുവൃത്തേർവ്വിധാതാ
പ്രോദ്യദ്വിദ്യാനഗര്യാംഹരിഹരനൃപതേസ്സാർവഭൌമത്വദായീ
വാണീനീലാഹിവേണീസരസിജനിലയാകിങ്കരീതിപ്രസിദ്ധാ
വിദ്യാരണ്യോഽഗ്രഗണ്യോഽഭവദഖിലഗുരുശ്ശങ്കരോവീതശങ്കഃ'.

അഹോബലപണ്ഡിതൻ ശ്രീ മാധവാചാര്യരുടെ മരുമകനായിരുന്നു. അദ്ദേഹം സ്വമാതുലനായ മാധവാചാര്യരുടെ മാഹാത്മ്യമെല്ലാം അടുത്ത

റിഞ്ഞതിനുശേഷം എഴുതിയതായിരിക്കണം പ്രസ്തുത ശ്ലോകം. ഈ ശ്ലോകത്തിൽനിന്നു മാധവാചാര്യരുടെ ലൌകികജീവിതത്തിന്റെയും സന്ന്യാസജീവിതത്തിന്റെയും മഹത്വാതിശയം സ്പഷ്ടമാകുന്നുണ്ടല്ലോ.

ശൃംഗേരിമഠത്തിന്റെ സമുൽക്കർഷത്തിനും പ്രതിഷ്ഠക്കും കാരണഭൂതൻ ശ്രീ വിദ്യാരണ്യസ്വാമികളാണ്. അദ്ദേഹം ശൃംഗേരിമഠാധിപതിയായിരുന്നപ്പോൾ ഹരിഹരചക്രവർത്തിദ്വിതീയനും, അദ്ദേഹത്തിന്റെ മകൻ ചിക്കരായനും ശൃംഗേരിയിലേക്കു അനവധി ഭൂമികളും ധനങ്ങളും ദാനംചെയ്തിട്ടുണ്ട്. ആ രാജാക്കന്മാർ രണ്ടുപേരും വിദ്യാരണ്യസ്വാമികളുടെ ഭക്തന്മാരായിരുന്നു. വിദ്യാരണ്യസ്വാമികളുടെ ദേഹവിയോഗത്തിനുശേഷം അദ്ദേഹത്തിന്റെ മാഹാത്മ്യങ്ങൾ ഹരിഹരൻ ദ്വിതീയൻ ശിലയിൽ രേഖപ്പെടുത്തിയിട്ടുണ്ടു. അതിൽ ആ രാജാവിന്റെ ഗുരുഭക്തി സർവാതിശായിനിയായി പരിലസിക്കുന്നതു കാണാം.

ഒരു ഗ്രന്ഥകാരനെന്ന നിലയിൽ ശ്രീ വിദ്യാരണ്യസ്വാമികൾ അന്യാദൃശമായ ഒരു സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. വൈദികം, താന്ത്രികം, വൈദ്യം, ജ്യോതിഷം, വ്യാകരണം, യോഗം, വേദാന്തം, സാഹിത്യം, ചരിത്രം തുടങ്ങി വിവിധ ശാഖകളിൽ മഹത്തരങ്ങളായ ഗ്രന്ഥങ്ങൾ അദ്ദേഹം വിരചിച്ചതായിക്കാണുന്നു. അവയിൽ പ്രധാനപ്പെട്ടവ മാധവീയധാതുവൃത്തി, കാലമാധവം, ജൈമിനീയന്യായമാല, പരാശരമാധവം, മാധവനിദാനം, ശംകരദിഗ്വിജയം, സൂതസംഹിതാവ്യാഖ്യാനം, സർവദർശനസംഗ്രഹം, വിവരണപ്രമേയസംഗ്രഹം, ബൃഹദാരണ്യകവാർത്തികസാരം, ജീവന്മുക്തിവിവേകം, അനുഭൂതിപ്രകാശം, ഐതരേയോപനിഷദ്ദീപിക, തൈത്തരീയോപനിഷദ്ദീപിക, ഛാന്ദോഗ്യോപനിഷദ്ദീപിക, പഞ്ചദശി മുതലായവയത്രെ.

ശ്രീ ഭാരതീതീർത്ഥസ്വാമികളുടെകൂടെ ശൃംഗേരിയിൽ താമസിച്ചിരുന്ന കാലത്തു് അദ്ദേഹത്തിന്റെ നിർദ്ദേശം അനുസരിച്ചാണ് ശ്രീ വിദ്യാരണ്യസ്വാമികൾ പഞ്ചദശി എഴുതിയതെന്നു വിശ്വസിക്കപ്പെട്ടുപോരുന്നു.

പഞ്ചദശിയിൽ തത്ത്വവിവേകംമുതൽ നാടകദീപംവരെയുള്ള പത്തു പ്രകരണങ്ങൾ മാത്രമെ വിദ്യാരണ്യസ്വാമികൾ എഴുതിയുള്ളുവെന്നും, യോഗാനന്ദംമുതൽ വിഷയാനന്ദംവരെയുള്ള ബാക്കി പ്രകരണങ്ങൾ ഭാരതീതീർത്ഥസ്വാമികൾ എഴുതിയതാണെന്നും ചില പണ്ഡിതന്മാൎക്ക് അഭിപ്രായമുണ്ട്. പ്രതിപാദനശൈലികൊണ്ടും മററും ആ അഭിപ്രായം ശരിയായേക്കാമെന്നും തോന്നുന്നു.

ശ്രുതിക്കും യുക്തിക്കും അനുഭവത്തിനും ഇണങ്ങത്തക്കവണ്ണം വേദാന്തവിഷയങ്ങളെ ചമൽക്കാരജനകമായ ഭാഷയിൽ വിരചിച്ചിട്ടുള്ള ഒരു മഹനീയഗ്രന്ഥമാണ് പഞ്ചദശി. പണ്ഡിതനും പാമരനും ഒരുപോലെ രുചിക്കുന്ന ദൃഷ്ടാന്തങ്ങൾ കാണിച്ചു വേദാന്തതത്ത്വങ്ങൾ വിവരിക്കുന്ന വിഷയത്തിൽ പഞ്ചദശിയോടു കിടപിടിക്കാൻ മററധികം ഗ്രന്ഥങ്ങൾ കാണുമെന്നും തോന്നുന്നില്ല. വേദാന്തകേസരിയായ മഹാമണ്ഡലേശ്വരൻ ശ്രീ

മഹേശ്വരാനന്ദഗിരിസ്വാമികൾ പഞ്ചദശിയെക്കുറിച്ച് ഒരിടത്തു് ഇങ്ങനെ രേഖപ്പെടുത്തിക്കാണുന്നു:—

'അത ഏവ സംക്ഷിപ്തതയാ, സരളതയാ, വിശദയുക്തിഭിശ്ച, നിഖിലശ്രുതിസ്മൃതിപുരാണപ്രതിപാദിതകേവലാദ്വൈതസിദ്ധാന്തവർണ്ണനതത്പരസ്യാസ്യാതിധന്യസ്യ പഞ്ചദശീഗ്രന്ഥസ്യ, പ്രമേയബഹുലസ്യ, സുബോധസമർപ്പകസ്യ, മുമുക്ഷുജനമനോഹരസ്യ സദ്ഗ്രന്ഥസ്യ സദൃശോ വേദാന്തജഗതി നാസ്തി ദ്വിതീയോ ഗ്രന്ഥ ഇതി വിദുഷാം കഥനം യഥാർത്ഥമേവ സിദ്ധ്യതി, നലേശതോപ്യത്യുക്തിതാം സമർത്ഥയതി.'

തത്വങ്ങളുടെ സംക്ഷേപം, സാരള്യം, വിശദമായ യുക്തികൾ മുതലായവയാൽ അദ്വൈതബ്രഹ്മതത്വത്തെ ആക്കും മനസ്സിലാകത്തക്കവിധം പ്രതിപാദിക്കുന്ന വിഷയത്തിൽ പഞ്ചദശിയോടു കിടനില്ക്കുന്നതിനു വേദാന്തപ്രപഞ്ചത്തിൽ രണ്ടാമതൊരു ഗ്രന്ഥമില്ലെന്നുള്ള വിദ്വാന്മാരുടെ അഭിപ്രായം വളരെ ശരിയാണു്, അതിൽ അതിശയോക്തി ലേശംപോലുമില്ല, എന്നാണല്ലോ മഹേശ്വരാനന്ദസ്വാമികളുടെ അഭിപ്രായത്തിന്റെ ചുരുക്കം. ഇതുപോലെ മററു പല മഹാപണ്ഡിതന്മാരും പഞ്ചദശിയുടെ മാഹാത്മ്യത്തെക്കുറിച്ചു വളരെ പ്രശംസിച്ചിട്ടുണ്ടെന്നുള്ള വസ്തുത പ്രത്യേകം സ്മരണീയമാകുന്നു. 'ഒരാൾക്കു ബ്രഹ്മനിഷ്ഠനാകുവാൻ പഞ്ചദശിമാത്രം പഠിച്ചാൽ മതി'യെന്നു ശ്രീപരമഭട്ടാരഭഗവൽപാദരും സ്വശിഷ്യന്മാരോടു പലപ്പോഴും അരുളിച്ചെയ്തിട്ടുണ്ടു്.

ആത്മാവിന്റെ സ്വയംസിദ്ധത, ബ്രഹ്മാത്മൈക്യം, ആത്മാവിന്റെയും ബ്രഹ്മത്തിന്റെയും തടസ്ഥലക്ഷണം, സ്വരൂപലക്ഷണം, മായ, അവിദ്യ, ഈശ്വരൻ, ജീവൻ, ജഗത്തു്, ജഗന്മിഥ്യാത്വം, ഉൽപ്പത്തിവാദം, പരിണാമവാദം, വിവർത്തവാദം, ബിംബപ്രതിബിംബവാദം, അവച്ഛേദവാദം, ആഭാസവാദം, ക്രമസൃഷ്ടി, യുഗപത്സൃഷ്ടി, ബന്ധം, ജീവന്മുക്തി, വിദേഹമുക്തി, മോക്ഷസാധനങ്ങളായ ശ്രവണം, മനനം, നിദിദ്ധ്യാസനം, സവികല്പസമാധി, നിർവികല്പകസമാധി, തത്വമസ്യാദി മഹാവാക്യവിവരണം, തുടങ്ങി വേദാന്തശാസ്ത്രത്തിലെ മുഖ്യവിഷയങ്ങളെല്ലാം പഞ്ചദശിയിലടങ്ങിയിട്ടുണ്ടു്.

ആത്മാവിന്റെ സ്വയംസിദ്ധത, വേദാന്തികളുടെ മൌലികമായ ഒരു സിദ്ധാന്തമാണല്ലോ. ആ സിദ്ധാന്തത്തെ സരളമായി സരസമായി പ്രതിപാദിച്ചുകൊണ്ടാണു് പഞ്ചദശി 'തത്വവിവേക'ത്തിലേക്കു പ്രവേശിക്കുന്നതു്.

'ശബ്ദസ്പർശാദയോ വേദ്യാവൈചിത്ര്യാജ്ജാഗരേ പൃഥക്|
തതോ വിഭക്താതത് സംവിദൈകരൂപ്യാന്നഭിദ്യതേ||
'തഥാസ്വപ്നേഽത്രവേദ്യം തു നസ്ഥിരം ജാഗരേസ്ഥിരം|
തദ്ഭേദോഽതസ്തയോഃ സംവിദേകരൂപാനഭിദ്യതേ||
'സുപ്തോത്ഥിതസ്യസൌഷുപ്തതമോ ബോധോഭവേത്സ്മൃതിഃ|
സാചാവബുദ്ധവിഷയാഽവബുദ്ധം തത്തദാതമഃ||

'സബോധോവിഷയാദ്ഭിന്നോന ബോധാത് സ്വപ്നബോധവത് |
ഏവം സ്ഥാനത്രയേ്പ്യേകാസംവിത്തദ്വദ്ദിനാന്തരേ ||
'മാസാബ്ദയുഗകല്പേഷുഗതാഗമ്യേഷ്വനേകധാ |
നോദേതിനാസ്തമേത്യേകാസംവിദേഷാസ്വയം പ്രഭാ ||

ഇയമാത്മാ--' ഉണർവിലും കിനാവിലും ഉറക്കത്തിലും അനുഭവപ്പെടുന്ന സകലവിഷയങ്ങളും വിഭിന്നങ്ങളാണെങ്കിലും, അവയെയെല്ലാം പ്രകാശിപ്പിച്ചും കൊണ്ടു് ഏകരൂപമായി തനിയെ വിളങ്ങുന്ന ഒരറിവു് നിരന്തരം തുടൎന്നു നിലകൊള്ളുന്നു. ദിവസങ്ങളും മാസങ്ങളും യുഗങ്ങളും കല്പങ്ങളും വന്നും പോയുമിരുന്നാലും ഈ അറിവിനു് ഉദയമൊ നാശമൊ സംഭവിക്കുന്നില്ല. പരസഹായംകൂടാതെ സ്വതന്ത്രമായി പ്രകാശിക്കുന്ന ആ 'മറററി'വാണു് ആത്മാവു് എന്നാണല്ലൊ പ്രസ്തുത ശ്ലോകങ്ങളുടെ ചുരുക്കം. ഈ ശ്ലോകങ്ങൾ ആത്മാസ്തിത്വം സ്വതസ്സിദ്ധമാണെന്നുള്ള പരമാൎത്ഥത്തെ നല്ലതുപോലെ പ്രകാശിപ്പിക്കുന്നുണ്ടു്. ഇതു മനസ്സിലായാൽ വേദാന്തത്തിലെ മററു വിഷയങ്ങൾ ഗ്രഹിക്കാൻ വലിയ വിഷമതയില്ല. അതിനാൽ ഇതു് അല്പംകൂടി വിവരിക്കാം.

നമുക്കു് അനുഭവപ്പെടുന്ന രൂപം രസം, ഗന്ധം, ശബ്ദം, സ്പർശം മുതലായ വിഷയങ്ങൾ വിഭിന്നരീതിയിലാണു പ്രകാശിക്കുന്നതു്. എന്നാൽ, അവയെക്കുറിച്ചുള്ള അറിവു്-രൂപജ്ഞാനം, ഗന്ധജ്ഞാനം മുതലായവയിലെ ജ്ഞാനാംശം-ഒരേ രൂപത്തിൽ വിളങ്ങുന്നു. വിഷയങ്ങൾ മാറിക്കൊണ്ടിരിക്കുമ്പോഴും ബോധം തുടൎന്നു നിലകൊള്ളുന്നു.

ഉണരുമ്പൊഴും കിനാവു കാണുമ്പൊഴും ഉറങ്ങുമ്പൊഴും ആ അറിവിനു യാതൊരു മാററവുമില്ല. സകല വ്യവഹാരങ്ങളും അനുഭവസ്വരൂപമായ ആ ബോധത്തിലാണു നടക്കുന്നതു്. ശബ്ദസ്പൎശാദിവിഷയങ്ങളുടെ അനുഭവം പ്രത്യക്ഷാദിപ്രമാണങ്ങൾകൊണ്ടാണു സിദ്ധിക്കുന്നതു്. അതിനാൽ അവ പ്രമാണസിദ്ധങ്ങളാകുന്നു. എന്നാൽ, ആ വിഷയങ്ങളെ പ്രകാശിപ്പിക്കുന്ന ജ്ഞാനമാകട്ടെ യാതൊരു പ്രമാണത്തിൻെറയും സഹായം കൂടാതെ ത്നിയെതന്നെ സിദ്ധിക്കുന്നു. ആ കേവലബോധത്തെയാണു് വേദാന്തികൾ ആത്മാവെന്നു പറയുക. അതിനാൽ ആത്മാവു് സ്വയം സിദ്ധമാണെന്നു നിൎണ്ണയിക്കാം.

'ആത്മാതുപ്രമാണാദി വ്യവഹാരാശ്രയത്വാൽ പ്രാഗേവ പ്രമാണാദി വ്യവഹാരാത് സിദ്ധ്യതി, ന ചേദൃശസ്യ നിരാകരണം സംഭവതി, ആഗന്തുകം ഹി വസ്തു നിരാക്രിയതേ, ന സ്വരൂപം നഹി അഗ്നേരൌഷ്ണ്യം അഗ്നിനാ നിരാക്രിയതേ'-(ശാംകരഭാഷ്യം) * ഇങ്ങനെയാണു ശ്രീശങ്കര

* ആത്മാവാകട്ടെ, പ്രമാണാദിവ്യവഹാരങ്ങൾക്കു് ആശ്രയമായിരിക്കുക നിമിത്തം, ആ പ്രമാണാദിവ്യവഹാരങ്ങൾക്കു മുമ്പുതന്നെ അതുണ്ടെന്നു സിദ്ധിക്കുന്നു. ഇങ്ങനെയുള്ള ആത്മാവിൻെറ അസ്തിത്വം നിരാകരിക്കാൻ സാദ്ധ്യമല്ല. ഇടയ്ക്കുകയറിവന്ന വസ്തുവിനെ മാത്രമെ നിരസിക്കുവാൻ കഴിയുകയുള്ളു. സ്വതസ്സിദ്ധമായിട്ടുള്ള ഒന്നിനെ ഉപേക്ഷിക്കാൻ സാദ്ധ്യമല്ല. അഗ്നിയുടെ ഉഷ്ണത്തെ ആ അഗ്നിക്കുതന്നെ നിരാകരിക്കാൻ കഴിയുകയില്ലല്ലൊ.

ഭഗവൽപാദർ ആത്മാവിൻെറ സ്വയം സിദ്ധതയെക്കുറിച്ചു പ്രതിപാദി ച്ചിരിക്കുന്നതു്.

ഞാൻ ഞാൻ എന്നിങ്ങനെ സകല ജന്തുഹൃദയത്തിൽ വിളങ്ങിക്കൊ ണ്ടിരിക്കുന്നതും, ദേഹേന്ദ്രിയാദികളിൽ നിന്നു വിഭിന്നവും, കേവലം ബോ ധസ്വരൂപവുമായ ആത്മാവുതന്നെയാണു ശ്രുതിസ്മൃതിപുരാണേതിഹാ സങ്ങളിൽ സച്ചിദാനന്ദസ്വരൂപമായി പ്രതിപാദിക്കപ്പെടുന്ന പരബ്രഹ്മ മെന്നുള്ള തത്വത്തെ പതിനഞ്ചുപ്രകരണങ്ങളിലായി പല പ്രകാരത്തിൽ പ്രദർശിപ്പിച്ചു് മോഹനിദ്രയിലാണ്ടുകിടക്കുന്ന ജനസഞ്ചയത്തെ ഉണർത്തി ജീവന്മുക്തന്മാരാക്കി തീർക്കുകയാണു പഞ്ചദശിയുടെ പരമമായ പ്രയോജ നം. അതിനാൽ മുമുക്ഷുക്കൾക്കു് ഏററവും ഉപകാരപ്രദമായ ഒരു ഗ്രന്ഥ മാണു് വിദ്യാരണ്യസ്വാമികളുടെ പഞ്ചദശിയെന്നും അതിൻെറ മാഹാ ത്മ്യം വർണ്ണനാതീതമാണെന്നും സിദ്ധിക്കുന്നു.

ലോകത്തിലുള്ള മിക്കഭാഷകളിലേക്കും പഞ്ചദശി വിവർത്തനം ചെയ്തി ട്ടുണ്ടെന്നാണു് അറിയുന്നതു്. മലയാളഭാഷയിലും അതിൻെറ പല വിവ ർത്തനങ്ങളും ഇന്നു പ്രചാരത്തിൽ വന്നിരിക്കുകയാണു്. കേ. സി. എൻ. വാഴുന്നവരുടെ ഭാഷാ പഞ്ചദശിയും കൊല്ലംകോട്ടു ഗോപാലൻനായരുടെ പഞ്ചദശീവ്യാഖ്യാനവുമാണു് അവയിൽ പ്രാധാന്യമർഹിക്കുന്നതു്. എന്നാൽ, രാമായണവും ഭാഗവതവും പോലെ സാമാന്യജനങ്ങളുടെ ഇട യിൽ ഭാഷാപഞ്ചദശിക്കു് അതർഹിക്കുന്ന സ്ഥാനം ഇന്നും ലഭിച്ചിട്ടില്ല. അതിനുള്ള കാരണം അതു സംസ്കൃതവൃത്തത്തിലായതുകൊണ്ടാണെന്നു തോന്നുന്നു. കിളിപ്പാട്ടുപോലെ മലയാളികളെ ആകർഷിച്ചിട്ടുള്ള ഒരു വൃത്തം വേറെ ഇല്ലെന്നുതന്നെ പറയാം. പഞ്ചദശിയും കിളിപ്പാട്ടിലാക്കിയിരു ന്നെങ്കിൽ സാമാന്യജനങ്ങൾക്കു കുറച്ചുകൂടി പ്രയോജനപ്പെടുമായിരുന്നു വെന്നു പല മഹാന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ടു്. ആ അഭിപ്രായത്തെ ആദരിച്ചു് പണ്ഡിതവരേണ്യനായ ശ്രീ പന്നിശ്ശേരിൽ നാണുപിള്ള അവർ കൾ പഞ്ചദശി കിളിപ്പാട്ടു രീതിയിൽ തർജ്ജമചെയ്യാൻ തുടങ്ങി. പക്ഷേ, അതു പൂർണ്ണമാകുന്നതിനു മുമ്പു് ആ മഹാത്മാവു കാലയവനികയിൽ മറയു കയാണുണ്ടായതു്. അദ്ദേഹത്തിൻെറ പ്രവൃത്തിയെ പൂരിപ്പിക്കുന്നതിനെ ക്കുറിച്ചു് അദ്ദേഹത്തിൻെറ ശിഷ്യഗണങ്ങളിൽ പെട്ട ഞങ്ങളെല്ലാം ചിന്തി ച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണു് ശ്രീവർദ്ധനത്തു് എൻ. കൃഷ്ണ പിള്ള അവർകൾ എം. എ., എൽ. ററി., പഞ്ചദശി മുഴുവൻ കിളിപ്പാട്ടു രീതിയിൽ കൈരളിയിലേക്കു പകർത്തിയെന്നുള്ള മംഗളവാർത്തകേൾക്കാനി ടയായതു്. അപ്രതീക്ഷിതമായി ഞങ്ങളെയെല്ലാം സന്തോഷിപ്പിച്ച ഒരു വാർത്തയായിരുന്നു അതു്. എൻെറ മാന്യസ്നേഹിതനായ ശ്രീ. കൃഷ്ണപിള്ള അവർകളുടെ പഞ്ചദശി വിവർത്തനം എല്ലാവിധത്തിലും സമുചിതമായ ഒരു പ്രവർത്തനമാണെന്നുള്ളതിൽ സംശയമില്ല. ശ്രീ നീലകണ്ഠതീർത്ഥപാദസ്വാ മികൾ 'ചിദ്രസാഭരണൻ' എന്ന ബിരുദം നൽകി ശ്രീ. കൃഷ്ണപിള്ള അവർ കളെ അനുഗ്രഹിച്ചിട്ടുണ്ടു്. ആ അനുഗ്രഹം സഫലമായതു പഞ്ചദശി വിവർത്തനത്തോടുകൂടിയാണെന്നു തോന്നിപ്പോകുന്നു. അദ്ധ്യാപകവൃത്തി യിൽനിന്നു പിന്തിരിഞ്ഞു നിവൃത്തിപ്രധാനമായ ഒരു ജീവിതത്തിലേക്കു

കണ്ണോടിക്കുന്ന എൻെറ സ്നേഹിതൻ പഞ്ചദശി വിവർത്തനം നിമിത്തം പ്രവൃത്തിമണ്ഡലത്തിലും നിവൃത്തിമണ്ഡലത്തിലും ഒരുപോലെ സുപ്രതിഷ്ഠിതനായിത്തീർന്നുവെന്നാണ് എനിക്കുതോന്നുന്നതു്. അദ്ദേഹം കൃതകൃത്യനായി നീണാൾ വിജയിക്കട്ടെ എന്നു മാത്രം ആശംസിച്ചുകൊണ്ടു പ്രസ്തുത ഗ്രന്ഥത്തെക്കുറിച്ചുകൂടി രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ.

ഈ പഞ്ചദശി കിളിപ്പാട്ടു ഞാൻ ശ്രദ്ധാപൂർവ്വം വായിച്ചുനോക്കി. മിക്കവാറും മൂലശ്ലോകങ്ങളുടെ പദാനുപദതർജ്ജമയാണു പ്രസ്തുത ഗ്രന്ഥം. അക്ലിഷ്ടത, ആശയസൌഷ്ഠവം, ലളിതപദവിന്യാസം മുതലായ ഗുണങ്ങൾ ഈ കിളിപ്പാട്ടിൽ നല്ലതുപോലെ തെളിഞ്ഞു കാണുന്നുണ്ടു്. ഒരു സ്വതന്ത്ര കൃതിയുടെ പ്രതീതിയാണ് ഇതു വായിച്ചാലുണ്ടാവുക. ഒരു പണ്ഡിതൻെറയും ബ്രഹ്മനിഷ്ഠൻെറയും കവിയുടെയും ഹൃദയം ഇതിലെ ഓരോ വരിയിലും നല്ലതുപോലെ നിഴലിക്കുന്നു. ഉദാഹരണത്തിനു് ഒരു പദ്യം അടിയിൽ ചേക്കുന്നു:--

'സ്വപ്നത്തിൽ സ്ഥൂലദേഹം ശോഭിക്കാതിരിക്കവേ
സ്വപ്നസാക്ഷിയാമാത്മാ ശോഭിപ്പതനായമാം;
ആത്മാവുശോഭിക്കവേ സ്ഥൂലദേഹപ്രതീതി
നിർമ്മൂലമാകുവതു വ്യതിരേകവുമല്ലൊ.

(തത്ത്വവിവേകം 38.)

'അഭാനെസ്ഥൂലദേഹസ്യ സ്വപ്നേയദ്ഭാനമാത്മനഃ ।
സോഽന്വയോവ്യതിരേകസ്തദ്ഭാനേഽന്യാനവഭാസനം' ॥

എന്ന മൂലശ്ലോകത്തിൻെറ തർജ്ജമയാണു മുകളിൽ ഉദ്ധരിച്ചതു്. മൂലത്തേക്കാൾ അല്പംകൂടി ആശയസ്ഫുടത ഈ തർജ്ജമയ്ക്കുണ്ടെന്നാണ് എൻെറ അഭിപ്രായം. കൂടസ്ഥദീപം മുതലായ പ്രകരണങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള ദുർഗ്രഹവിഷയങ്ങളെ മലയാളത്തിലേക്കു സരസമായി പകർത്തിയ പ്രസ്തുത ഗ്രന്ഥകാരൻെറ കഴിവു് ഏററവും ശ്ലാഘനീയമാകുന്നു.

'ആദിത്യദീപിതേകുഡ്യേ ദർപ്പണാദിത്യദീപ്തിവത് ।
കൂടസ്ഥഭാസിതോദേഹോ ധീസ്ഥജീവേനഭാസ്യതേ ॥
'അനേകദർപ്പണാദിത്യദീപ്തീനാം ബഹുസന്ധിഷു ।
ഇതരാവ്യജ്യതേ താസാമഭാവേഽപിപ്രകാശതേ' ॥

ഈ ശ്ലോകങ്ങളുടെ തർജ്ജമ അതിനുദാഹരണമാകുന്നു.

ഗഗനാർക്കദീപ്തിയിൽവിലസും ഭിത്തിതന്മേൽ
മുകുരസൂര്യൻതൻെറ തേജസ്സെന്നതുപോലെ
കൂടസ്ഥപ്രഭകൊണ്ടു ശോഭിക്കും തനുവിനെ-
ക്കൂടവേശോഭിപ്പിപ്പുബുദ്ധിസ്ഥനാകും ജീവൻ.
അനേകമുകുരാർക്കച്ഛായകൾക്കിടയ്ക്കുട-
സ്ഥിനാഭയേയും കാണാമൊട്ടാകെച്ചുമരിങ്കൽ,

മുകുരാക്ക്ഛായകളില്ലാതിരിക്കുമ്പോഴും
തികവോടിനശോഭതന്നെവ്യാപിച്ചിരിപ്പൂ.

ഇങ്ങനെ നോക്കിയാൽ ഇതിലെ മിക്കപദ്യങ്ങളും ഉദാഹരണത്തിനെടുക്കേണ്ടിവരും. ചുരുക്കം ചില സ്ഥലങ്ങളിൽ തർജ്ജമയിൽ അല്പം ക്ലിഷ്ടതവന്നിട്ടുണ്ട്. അതിനുള്ള കാരണം വേദാന്തത്തിലെ സാങ്കേതികപദങ്ങൾ ചേർക്കേണ്ടിവന്നതാണെന്നു സമാധാനിക്കാം. കിളിപ്പാട്ടുകളിൽ കേകയും കാകളിയുമാണു ഗ്രന്ഥകാരൻ സ്വീകരിച്ചിരിക്കുന്ന വൃത്തങ്ങൾ. അവ രണ്ടും കേരളീയക്ക് ഏററവും പ്രിയപ്പെട്ടതാകയാൽ ഗ്രന്ഥപ്രചാരത്തിനു കൂടുതൽ സഹായകമായിത്തീരുന്നതാണ്. ഇന്നു മലയാളത്തിൽവന്നിട്ടുള്ള പഞ്ചദശീവിവർത്തനങ്ങളിൽ എല്ലാ പ്രകാരത്തിലും പ്രഥമസ്ഥാനം ഈ കിളിപ്പാട്ടിനു നേടാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം. പരിണതപ്രജ്ഞനായ പണ്ഡിതൻ, സുപ്രസിദ്ധനായ ഗ്രന്ഥകാരൻ നിഷ്പക്ഷമതിയായ നിരൂപകൻ, സന്മാർഗ്ഗനിഷ്ഠനായ തത്വചിന്തകൻ, എന്നീ നിലകളിലെല്ലാം പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള ശ്രീവർദ്ധനത്ത് എൻ. കൃഷ്ണപിള്ള അവർകളുടെ ഈ പുതിയ ഗ്രന്ഥരത്നം ജിജ്ഞാസുക്കൾക്കു കണ്ഠാഭരണമായിത്തീരുമെന്നുള്ള പ്രതീക്ഷയോടുകൂടി ഈ പ്രസ്താവന ഉപസംഹരിച്ചുകൊള്ളുന്നു.

ശ്രീതീർത്ഥപാദാശ്രമം,
വാഴൂർ, 11-4-1955. } ശ്രീവിദ്യാനന്ദതീർത്ഥപാദസ്വാമി (ഒപ്പ്)

# ശ്രീ ധന്വന്തരിമഠം.

1—6—1854.

ശ്രീവിദ്യാരണ്യയോഗീശ്വരവിരചിതമാം
പഞ്ചദശ്യാഖ്യമായോ-
രീവിശ്വത്തിങ്കലേററം പുകൾപെരുകിയ
വേദാന്തവിദ്യാനിബന്ധം
ആവിർമ്മോദോദയം കേരളഭണിതിയി-
ലാക്കീട്ടുവാൻ ക്കൂസൽക്കൂടാ-
താവിശ്വാസം കലർന്നീടിന കവിയുടെ
തൃഷ്ണാബലം ശ്ലാഘനീയം.

മട്ടില്ലാതുല്ലസിക്കും സുദൃഢവിമലമേധാ-
ബലം സംസ്കൃതത്തിൽ-
പ്പെട്ടിട്ടുള്ളത്യഗാധപ്രസൃതവിവിധ-
ലക്ഷ്യാർത്ഥബോധത്തിൽ നേരേ
മട്ടില്ലാതെനിതാന്തം നിരുപമതമ-
സാമർത്ഥ്യമിക്കൃഷ്ണപിള്ള-
ക്കൃഷ്ടിക്കുണ്ടായതോർത്താൽ: സകലവിബുധരും
മോദഭാരം വഹിക്കും.

പാട്ടായ് പഞ്ചദശിക്കുഭാഷയെ വരുത്തീട്ടുള്ള
വിദ്വന്മഹാ-
രാട്ടായീടിന കൃഷ്ണനാമകകവിക്കൾ
പ്പൂവിലുൾപ്പൂകിടും
കൂട്ടായ്ക്കൂടിയഹംകൃതിക്കുഫലമി-
ക്കൂട്ടായിവന്നാലതും
കേട്ടാൽ സജ്ജനസഞ്ചയത്തിനതി സ-
മ്മോദത്തിനായേ വരൂ.

ചൊല്ലേറും മലയാളഭാഷയിലെഴും
വൈദഗ്ദ്ധ്യമുള്ളോർക്കിതിൽ
കില്ലേതും വരികില്ല കാര്യമറിവാൻ
ചിന്തിച്ചു നോക്കീടുകിൽ
മല്ലാരാതിസഖൻ മഹീധരസുതാ-
കാന്തൻകൃപാസാഗരൻ
നല്ലോണം മനതാർ തെളിഞ്ഞളവുവി-
ട്ടെന്നും പ്രസാദിക്കണം.

ആറന്മുള എം. കെ. നാരായണപിള്ള (ഒപ്പ്)

# അവതാരിക.

---

വേദാന്തശാസ്ത്രഗ്രന്ഥങ്ങളിൽ ശ്രീപഞ്ചദശിക്ക് ശ്രീമദ്ഭഗവദ്ഗീതയ്ക്കുന്നപോലെ ഒരു ഉത്തമസ്ഥാനം ലഭിച്ചിട്ടുണ്ട്. ഗീതയും പഞ്ചദശിയും പഠിക്കുന്നപക്ഷം അദ്ധ്യാത്മതത്ത്വങ്ങളും ആദ്ധ്യാത്മിക ജീവിതസമ്പ്രദായവും പരിചിതമായി എന്ന് അഭിമാനിക്കാം. രണ്ടിലും ഉപനിഷൽസൂക്തങ്ങളും തത്ത്വങ്ങളും ഉദ്ധരിക്കയും വ്യാഖ്യാനിക്കയും ചെയ്യുന്നുണ്ട്. ഇപ്രകാരം, രണ്ടിന്റെയും വിഷയം ആത്മോപലബ്ധിയാണെങ്കിലും പഞ്ചദശി ശ്രീശങ്കരാചാര്യപാദർക്കുശേഷമുണ്ടായതാകയാൽ ഗീതയുടെ സമ്പ്രദായംവിട്ട് അദ്വൈതമതം മുഖ്യവിഷയമാക്കയും ജീവന്മുക്തിസിദ്ധിക്കു പ്രധാനമായി വിചാരവും അപ്രധാനമായി ഉപാസനയും എന്നു രണ്ടുമാർഗ്ഗങ്ങൾ ഉപദേശിക്കയും ചെയ്യുന്നു. അക്കാരണത്താലായിരിക്കാം ഗീതയിൽ പ്രതിപാദിച്ചിട്ടുള്ളതിൽ കവിഞ്ഞു മായാശക്തിയെപ്പററി വിസ്തരിച്ച് ഉപപാദിച്ചിട്ടുള്ളതും അതിന്റെ അനിർവ്വചനീയത വിശദപ്പെടുത്തിയിട്ടുള്ളതും. അദ്വൈതമതാവലോകനവേളയിൽ പഞ്ചദശി ആത്മവിഷയകമായി ജനിച്ചിട്ടുള്ള പല മതങ്ങളേയും ഗവേഷണരീതിയിൽ ഉദ്ധരിക്കയും ആക്ഷേപസമാധാനങ്ങൾകൊണ്ടു ദ്വൈതവിമതങ്ങളെ ഖണ്ഡിക്കയും ശ്രുതിയുക്ത്യനുഭവദ്വാരാ നാനാമുഖചർച്ചകൾ നടത്തി അദ്വൈതമതംമാത്രം സ്വീകർത്തവ്യമെന്നു സ്ഥാപിക്കയും ചെയ്തിരിക്കുന്നു. ഈ ഭാഷാന്തരത്തിൽ ചേർത്തിട്ടുള്ള ഭൂമികയും വിഷയാനുക്രമണികയുംകൊണ്ടു പഞ്ചദശി ഉൾക്കൊള്ളുന്ന വിഷയങ്ങളും അതിന്റെ പ്രതിപാദനരീതിയും ഗ്രഹിക്കുന്നതിനോടൊപ്പം അതു് എത്ര മഹത്തരമായ ഒരു കൃതിയാണെന്നു വ്യക്തമാവുകയും ചെയ്യുന്നതിനാൽ അതിന്റെ മഹിമാനുവർണ്ണനത്തിനു ഞാൻ ഒരുങ്ങുന്നില്ല.

ഈ അനർഘ്യമായ വേദാന്തഗ്രന്ഥം ഭാഷയിൽ അവതരിപ്പിക്കേണ്ടതാണെന്നുവച്ചു ശ്രീമന്നീലകണ്ഠതീർത്ഥപാദസ്വാമികൾതന്നെ രണ്ടുപ്രകരണം ഒരിക്കൽ വിവർത്തനംചെയ്തു പത്രത്തിൽ പ്രസിദ്ധംചെയ്തുവെങ്കിലും ആ കൃത്യം സരസദ്രുതകവിയും മഹാഭാരതാദികളുടെ മനോഹരതർജ്ജമകൊണ്ടു വിശ്വവിശ്രുതനുമായ കുഞ്ഞിക്കുട്ടൻതമ്പുരാൻ ചെയ്യണമെന്നു താല്പര്യപ്പെടുകയാണുണ്ടായതു്. എന്നാൽ തമ്പുരാന്റെ അകാലചരമത്തോടുകൂടി നല്ലൊരു വാസനാകവിയും പണ്ഡിതനുമായ മൂടിയിച്ചേഴത്തു പി. കിട്ടുപിള്ളയെ ഭരപ്പെടുത്തി. പഞ്ചദശിയിലെ ഇരുപത്തിഒന്നു ശ്ലോകം സ്വാമികളുടെ നിർദ്ദേശപ്രകാരം കിളിപ്പാട്ടിൽ ഭംഗിയായി രചിച്ച ഇദ്ദേഹത്തിനും അകാലചരമത്തിൽ നിന്ന് ഒഴിയാൻ കഴിഞ്ഞില്ല. അനന്തരം, ഈ ഭാരിച്ചകൃത്യം സ്വശിഷ്യാഗ്രണിയും അദ്വൈതവിദ്യാപണബിരുദാങ്കിതനുമായ പരമാനന്ദനാഥനെ(പന്നിശ്ശേരി നാണുപിള്ളയെ) ഏല്പിക്കയും ഒന്നരപ്രകരണത്തോളം വിസ്തൃതമായി കിളിപ്പാട്ടിൽ അദ്ദേഹം ഭാഷപ്പെടുത്തുകയും ചെയ്തു. സ്വാമിപാദങ്ങളുടെ മഹാസമാധിക്കുശേഷം ഈ യത്നം തുടരുവാൻ സാധിക്കാതെ അദ്ദേഹവും അചിരേണ കാലധർമ്മം പ്രാപിച്ചു.

തീൎത്ഥപാദപരമ്പരയിൽ പണ്ഡിതന്മാരും സൽക്കവികളും വിരളമല്ലെങ്കിലും അതിൻെറ സ്ഥാപകൻെറ പ്രസ്തുതതാല്പര്യം അനേകവൎഷമായിട്ടും അവന്ധ്യമാകാഞ്ഞതിൽ എനിക്കു കുണ്ഠിതമുണ്ടായി. അങ്ങനെയിരിക്കെ 1128 കുംഭം 12-ാംതിയ്യതിമുതൽ എനിക്കു വിശ്രമമുള്ളപ്പോളെല്ലാം പഞ്ചദശി തൎജ്ജമയിൽ ഞാൻ വ്യാപൃതനായിത്തീൎന്നു. 'ഇമ്മട്ടുവിദഗ്ദ്ധജനദുഷ്കരമായിട്ടുന്ന കൎമ്മത്തിനുദ്യുക്തനായെന്നുള്ളതിവനുടെ ഉൻമദംമൂലമല്ല ഗുരുവരുളാലത്രെ' എന്നു പരമാനന്ദനാഥൻ തൻെറ ഭാഷാന്തരപ്രാരംഭത്തിൽ സ്മരിച്ചിട്ടുള്ളതു 'ഗുരുകൃപയാലത്രെ' എന്നു മാററുന്നപക്ഷം അവ്യുൽപ്പന്നനായ ഞാൻ തുടങ്ങി മുഴുമിച്ച ഈ സാഹസകൎമ്മത്തിനും വളരെ യോജിക്കുന്നു.

എൻെറ ഈ ഭാഷാന്തരം മുൻചൊന്ന ഒന്നിനേയും ആശ്രയിച്ചിട്ടുള്ളതല്ല. ഇതിനു പ്രധാനാസ്പദം വ്യാഖ്യാനത്തോടുകൂടിയ സംസ്കൃതപഞ്ചദശിയാണു്. ശ്രീ കൊല്ലംകോട്ടു ഗോപാലൻനായരുടെ മലയാളവ്യാഖ്യാനമുള്ള പഞ്ചദശിയും എനിക്കു വളരെ സഹായം ചെയ്തിട്ടുണ്ടു്. തൎജ്ജമനടന്നകാലം ശ്രീ കെ. സി. എൻ. വാഴുന്നവരുടെ ഭാഷാപഞ്ചദശി എനിക്കു കാണ്മാൻ ഇടവന്നു. പക്ഷെ, അതു് ഒരു തൎജ്ജമഗ്രന്ഥമെന്നു പറയുന്നതിനെക്കാൾ ഒരു സ്വതന്ത്രകൃതിയെന്നു ഗണിക്കയാണു ഭേദമെന്നെനിക്കുതോന്നി. 'അൎത്ഥവിഷയത്തിലും അവിടവിടെ ചില മാററങ്ങൾ വരുത്തുവാനുണ്ടെന്നു്' അതിൻെറ അവതാരികയിൽ ഗുണലുബ്ധനായ മഹാകവി ഉള്ളൂർ പറഞ്ഞിരിക്കുന്നതു കണ്ടപ്പോൾ ഞാൻ ആ കൃതി അത്ര ശ്രദ്ധിച്ചില്ല. പല ശ്ലോകങ്ങളുടേയും പദങ്ങളുടേയും മററും അൎത്ഥഗ്രഹണത്തിൽ എനിക്കു നേരിട്ട സംശയം പരിഹരിച്ചതും പ്രമാദം കൂടാതിരിപ്പാൻ പ്രയോജനപ്പെട്ടതും സംസ്കൃതവ്യാഖ്യാനഗ്രന്ഥമാണെന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു.

ഇതുകൂടാതെ ഈ ഭാഷാന്തരം പ്രമാണിച്ചു ഞാൻ സമാശ്രയിച്ച മഹാശയന്മാരും ഇവിടെ പ്രസ്താവ്യാർഹന്മാരാണു്. സതീൎത്ഥ്യപ്രവേകനും ആയുഷ്മാനുമായ 'കവിദീപൻ ശ്രീ ആറന്മുള എം. കെ. നാരായണപിള്ള മഹാവൈദ്യൻ, എൻെറ ഭാഷാന്തരം തീരുന്ന മുറയ്ക്കു മൂലശ്ലോകങ്ങളുമായി ഒത്തുനോക്കി എന്നെ പ്രോത്സാഹിപ്പിക്കയും ഒടുവിൽ സസന്തോഷം ഒരു അനുഗ്രഹപത്രം തരികയും ചെയ്തു. യോഗവേദാന്താദിവിദ്യാവിചക്ഷണനും തീൎത്ഥപാദപരംപരയുടെ ഇന്നത്തെ ആചാൎയ്യനുമായ ബ്രഹ്മശ്രീ വിദ്യാനന്ദതീൎത്ഥപാദസ്വാമികൾ എൻെറ താല്പൎയ്യപ്രകാരം ഈ കൃതി സശ്രദ്ധം വായിച്ചു് പ്രൌഢോജ്ജ്വലമായ ഒരു ഭൂമികകൊണ്ടു മണ്ഡനംചെയ്തപ്പോൾ എൻെറ ഈ ഉദ്യമത്തിൽ എനിക്കു് ഉണ്ടായിരുന്ന അല്പത്രപയതപം നിശ്ശേഷം നീങ്ങിയതായിപ്പറയാം. വീണ്ടും, എൻെറ സുഹൃത്തും കവിയും കലാരസികനും കരുനാഗപ്പള്ളി ഇംഗ്ലീഷ്ഹൈസ്കൂൾ ഹെഡ്മാസ്റ്ററുമായ ശ്രീ വി. ഏ. നാരായണപിള്ള ബി. ഏ. (ഓണേഴ്സ്) എൽ. ററി. ഈ കിളിപ്പാട്ടു് അത്യന്തം വായിച്ചു രചനശോധനം ചെയ്കയുണ്ടായി. വിശ്രുതനായ പന്നിശ്ശേരിൽ നാണുപിള്ളയുടെ പുത്രൻ ശ്രീ. ശ്രീനിവാസക്കുറുപ്പും ഈ കിളിപ്പാട്ടു് അത്യന്തം പരിശോധിച്ചിട്ടുള്ളതും വിശിഷ്യ

ഭംഗിയായി പ്രൂഫ് തിരുത്തിത്തന്നിട്ടുള്ളതും ആണ്. ഈ പുസ്തകം പ്രസിദ്ധപ്പെടുത്തുവാൻ ധനസഹായം ചെയ്യണമെന്നു തിരുവിതാംകൂർ ദേവസ്വം പബ്ളിക്കേഷൻ കമ്മിററി ശുപാർശചെയ്യുകയും, ദേവസ്വം ബോർഡ് സദയം ഒരു തുക തരികയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനങ്ങളോടും സ്വാമികൾ മുതലായി ഇതിൽ പറയപ്പെട്ടിട്ടുള്ളവരോടും ഞാൻ അതീവ കൃതജ്ഞനാകുന്നു.

അവസാനമായി, ശ്രീമദ് എസ്. ററി. റെഡ്യാർ ആൻഡ് സൺസു വക സുപ്രസിദ്ധമായ വി. വി. പ്രസ്സിൻെറ പ്രവത്തകന്മാരോട് എനിക്കുള്ള കടപ്പാടും രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. തൽപ്രവത്തകന്മാരുടെ ശുദ്ധവും ക്ഷിപ്രവും അകൃപണവുമായ കമ്മകൌശലംകൊണ്ടത്രെ ഈ വിധിത്തിൽ ഇത്രയും നേരത്തെ ഈ കൃതി പ്രകാശനം ചെയ്യാൻ സാധിച്ചതു്.

തജ്ജിമയിലൊ മററൊ വല്ല പ്രമാദവും, ശ്രദ്ധാപൂർവ്വം രചിക്കയും പരിശോധിക്കയും ചെയ്തതായ ഈ കൃതിയിൽ ഇനിയും വന്നിട്ടുണ്ടെന്നു കാട്ടിത്തരുന്നപക്ഷം അവയെ കൃതജ്ഞതയാ സ്വീകരിച്ചുകൊള്ളുന്നതുമാണ്.

ഏവംവിധം സുജനാനുഗ്രഹം പ്രതീക്ഷിച്ചുകൊണ്ടു് ഈ പഞ്ചദശി ഭാഷാന്തരം ഞാൻ ആദരപൂർവം അവതരിപ്പിച്ചുകൊള്ളുന്നു.

എന്നു്,

കരുനാഗപ്പള്ളി
14-3-57

വിധേയൻ, ശ്രീവദ്ധനത്തു് എൻ. കൃഷ്ണപിള്ള
ഗ്രന്ഥകത്താ.

# വിഷയാനുക്രമണിക

## തത്ത്വവിവേകം

### പ്രകരണം 1.


| ശ്ലോകം | വിഷയം |
|---|---|
| 1—2 | മങ്ഗലാചരണം. |
| 3-42 | ജീവനും ബ്രഹ്മവും ഒന്നാണെന്നു യുക്തികൊണ്ടു സാധിക്കുന്നു. |
| 3-7 | ജാഗ്രദാദി മൂന്നു് അവസ്ഥകളിലും നിത്യവും സ്വയം പ്രകാശസ്വരൂപവുമായ ജ്ഞാനത്തിനു ഭേദമില്ലെന്നും, എന്നാൽ അതു് വിഷയങ്ങളിൽനിന്നു ഭിന്നമാണെന്നും സമർത്ഥിക്കുന്നു. |
| 8-14 | ആത്മാവുതന്നെയാണു് ജ്ഞാനമെന്നും അതുതന്നെയാണു പരമാനന്ദമെന്നുമുള്ള വിഷയത്തിൽ ദൃഷ്ടാന്തം. |
| 15-17 | മൂലപ്രകൃതിയുടെ സ്വരൂപം. |
| 18-22 | പഞ്ചീകരിക്കപ്പെടാത്ത പഞ്ചമഹാഭൂതങ്ങളുടെ ഉൽപ്പത്തി. |
| 23-25 | സൂക്ഷ്മ (ലിംഗ) ശരീരത്തിൻെറ സ്വരൂപം. |
| 26-30 | പഞ്ചമഹാഭൂതങ്ങളുടെ പഞ്ചീകരണപ്രക്രിയ. |
| 31-32 | വിശ്വന്മാരെന്നറിയപ്പെടുന്ന ദേവതിര്യങ്നരാദികളായ ജീവന്മാരുടെ സംസാരനിവൃത്തി. |
| 33-36 | പഞ്ചകോശനിരൂപണം. |
| 37-42 | അന്വയവ്യതിരേകവ്യാപ്തികൾകൊണ്ടു് ആത്മാവു ബ്രഹ്മസ്വരൂപമാണെന്നു സമർത്ഥിക്കുന്നു. |
| 43-65 | വേദാന്തമഹാവാക്യംകൊണ്ടു ജീവബ്രഹ്മൈക്യത്തെ പ്രതിപാദിക്കുന്നു. |
| 43-52 | തത്ത്വമസിയെന്ന മഹാവാക്യത്തിൻെറ അർത്ഥനിരൂപണം. |
| 53-54 | ശ്രവണമനനനിദിദ്ധ്യാസനമെന്ന സാധനകളുടെ ലക്ഷണം. |
| 55-61 | നിർവ്വികല്പസമാധിയുടെ ലക്ഷണം. |
| 62-64 | പരോക്ഷജ്ഞാനത്തിൻെറയും അപരോക്ഷജ്ഞാനത്തിൻെറയും ഫലം. |
| 65 | തത്ത്വവിവേകപ്രകരണം അഭ്യസിക്കുന്നതുകൊണ്ടുള്ള പ്രയോജനം. |

# പഞ്ചമഹാഭൂതവിവേകം

## പ്രകരണം 2.

1–17 അപഞ്ചീകൃതപഞ്ചമഹാഭൂതങ്ങളുടെ ഗുണധമ്മകാൎയ്യവൎണ്ണനം.

2-5 ആകാശാദി പഞ്ചമഹാഭൂതങ്ങളുടെ ഗുണങ്ങൾ.

6-9 പഞ്ചജ്ഞാനേന്ദ്രിയങ്ങളുടെ വൎണ്ണനം.

10-11 പഞ്ചകൎമ്മേന്ദ്രിയങ്ങളുടെ ,,

12–16 മനസ്സിൻെറ ,,

17-27 ഈ ജഗത്തു് പഞ്ചഭൂതങ്ങൾകൊണ്ടുണ്ടായിട്ടുള്ളതാണെന്നുള്ള ബോധം ജ്ഞാനലബ്ധിക്കു് ഉപായമാണു്.

18–46 "സദേവസോമ്യേദമഗ്ര അസീദേകമേ വാ ദ്വിതീയം" എന്ന ശ്രുതികൊണ്ടു ബ്രഹ്മം സത്താണെന്നു പ്രതിപാദിക്കുന്നു.

18–25 'സദേവ' ഇത്യാദിശ്രുതിയുടെ അൎത്ഥനിരൂപണം.

26–46 ശൂന്യവാദിയുടെ പൂൎവ്വപക്ഷവും തൽഖണ്ഡനവും.

47–53 മായാശക്തിയുടെ വൎണ്ണനം.

47-53 മായയുടെ ലക്ഷണവും അതിൻെറ ചേർച്ചയിൽ തോന്നുന്ന ദ്വൈതപ്രപഞ്ചത്തിൻെറ അഭാവവും.

54–58 ബ്രഹ്മത്തിൻെറ ഒരംശമായ ശക്തിയുടെ സദ്ഭാവം.

59–109 സദ്വസ്തുവിനെയും പഞ്ചമഹാഭൂതങ്ങളേയും കുറിച്ചുള്ള നിരൂപണം.

59- ശക്തിയും അതിൻെറ പ്രയോജനവും.

60–76 ആകാശതത്വവും സദ്വസ്തുവായ ബ്രഹ്മവും തമ്മിൽ വിവേചനം.

77-86 വായുതത്വവും സദ്വസ്തുവും തമ്മിൽ വിവേചനം.

87-90 അഗ്നിസദ്വസ്തുക്കൾ തമ്മിൽ വിവേചനം.

91–92 സദ്വസ്തുവും ജലവും തമ്മിലുള്ള വിവേചനം.

93–94 പൃഥിവിയും സദ്വസ്തുവും തമ്മിൽ വിവേചനം.

95–101 സദ്വസ്തു, ഭൂതഭൌതികപ്രപഞ്ചം, ബ്രഹ്മാണ്ഡം മുതലായവയെപ്പററി നിരൂപണവും പ്രപഞ്ചത്തോന്നലിൻെറ വിരോധമില്ലായ്മയും.

102-109 പ്രപഞ്ചത്തോന്നലിൽ (ദ്വൈതഭാവത്തിൽ) സത്യത്വബുദ്ധി-
വെക്കാതെ അദ്വൈതം തന്നെ പരമാത്ഥമെന്ന ഉറപ്പും അതു-
കൊണ്ടുള്ള പ്രയോജനവും.

## പഞ്ചകോശവിവേകം

### പ്രകരണം 3.

1— അന്നമയാദി പഞ്ചകോശങ്ങളേയും ആത്മാവിനേയും
കുറിച്ചുള്ള വിവേചനം.

2- 'ഗുഹാ'ശബ്ദത്തിൻെറ അത്ഥവും അതിൽ അടങ്ങീട്ടുള്ള വ്യത്യാസ-
ങ്ങളും.

3-9 പഞ്ചകോശങ്ങളുടെ സ്വരൂപവും അവയ്ക്കു് ആത്മാവിൽ നിന്നുള്ള
വ്യത്യാസവും.

10-36 ആത്മാവിൻെറ സ്വരൂപത്തെക്കുറിച്ചുള്ള നിരൂപണം.

10- ആത്മാവുതന്നെയാണു് ആനന്ദസ്വരൂപൻ എന്നു പ്രതിപാദി-
ക്കുന്നു.

11-21 ആത്മാവുജ്ഞാനസ്വരൂപനാണെന്നു പ്രതിപാദിക്കുന്നു.

22-28 ആത്മാവിൻെറ അസ്തിത്വം, സ്വയം പ്രകാശത്വം മുതലായവ-
യെക്കുറിച്ചു പ്രതിപാദിക്കുന്നു.

29-34 ആത്മാവു സത്യസ്വരൂപമാണെന്നു പ്രതിപാദിക്കുന്നു.

35-36 ആത്മാവിൻെറ അനന്തതയെക്കുറിച്ചു പ്രതിപാദിക്കുന്നു.

37-43 ജീവനും ബ്രഹ്മവുമൊന്നാണെന്നു. ,,

37-41 ബ്രഹ്മത്തിൽ ഈശ്വരഭാവവും ജീവഭാവവും ഉപാധിനിമി-
ത്തമുണ്ടായിട്ടുള്ളതാണെന്നു പ്രതിപാദിക്കുന്നു.

42-43 വാസ്തവത്തിൽ, ബ്രഹ്മത്തിൽ ഈശ്വരഭാവവും ജീവഭാവ-
വും ഇല്ലെന്നു പ്രതിപാദിക്കുന്നു.

## ദ്വൈതവിവേകം

### പ്രകരണം 4.

1-42 സൃഷ്ടിവിഷയത്തിൽ ജീവനും ഈശ്വരനും തമ്മിലുള്ള
സംബന്ധം.

1-14 ഈശ്വരൻ സൃഷ്ടിച്ച പ്രപഞ്ചം.

15-17 ജീവൻ സൃഷ്ടിച്ച ദ്വൈതപ്രപഞ്ചം.

18–31 ജഗത്തിനു ജീവനോടും ഈശ്വരനോടുമുള്ള അന്യോന്യസംബന്ധം.
32–42 ബന്ധത്തിനുകാരണം ജീവൻ സൃഷ്ടിച്ച പ്രപഞ്ചമാണ്.
43–69 ജീവസൃഷ്ടമായ പ്രപഞ്ചത്തിലുള്ള വ്യത്യാസങ്ങളും അവയുടെ ത്യാഗവും.
43-48 ജീവസൃഷ്ടമായ ശാസ്ത്രീയദ്വൈതത്തെ സ്വീകരിക്കയും അശാസ്ത്രീയദ്വൈതത്തെ ത്യജിക്കയും ചെയ്ക.
49–53 ജീവസൃഷ്ടമായ അശാസ്ത്രീയദ്വൈതത്തിൽ തീവ്രമെന്നും മന്ദമെന്നുമുള്ള രണ്ടു പിരിവുകളും, അവയുടെ സ്വരൂപവും അവ ഉപേക്ഷിപ്പാനുള്ള കാരണവും.
54–58 അനർത്ഥത്തെ ഉളവാക്കുന്ന അശാസ്ത്രീയദ്വൈതത്തെ ഉപേക്ഷിക്കേണ്ടതാണ്.
59–69 മന്ദദ്വൈതത്തെ ഉപേക്ഷിക്കയും അതിനുള്ള ഉപായം നിർദ്ദേശിക്കയും ചെയ്യുന്നു.

## മഹാവാക്യവിവേകം

### പ്രകരണം 5.

1–2 ഋഗ്വേദത്തിലെ ഐതരേയോപനിഷത്തിലുള്ള "പ്രജ്ഞാനം ബ്രഹ്മ"എന്ന മഹാവാക്യം വ്യാഖ്യാനിക്കുന്നു.
1– അതിലെ 'പ്രജ്ഞാന'പദത്തിൻെറ അർത്ഥനിരൂപണം.
2- അതിലെ 'ബ്രഹ്മ' ശബ്ദത്തിൻെറ അർത്ഥവും ആ മഹാവാക്യത്തിൻെറ സാരവും.
3—4 യജുർവേദത്തിലെ ബൃഹദാരണ്യകോപനിഷത്തിലുള്ള "അഹംബ്രഹ്മാസ്മി" എന്ന മഹാവാക്യത്തെ നിരൂപണം ചെയ്യുന്നു.
3 അതിലെ 'അഹം' എന്ന പദത്തിൻെറ അർത്ഥം വിവരിക്കുന്നു.
4 'ബ്രഹ്മ' എന്നും 'അസ്മി'യെന്നുമുള്ള പദങ്ങളുടെ അർത്ഥം പറഞ്ഞിട്ട് 'അഹം ബ്രഹ്മാസ്മി' യെന്ന വാക്യത്തിൻെറ അർത്ഥം പൂർണ്ണമായി പറയുന്നു.
5—6 സാമവേദത്തിൽ ഛാന്ദോഗ്യോപനിഷത്തിലുള്ള 'തത്ത്വമസി' മഹാവാക്യത്തെ വിവരിക്കുന്നു.
5 അതിൽ ' എന്ന പദത്തിൻെറ അർത്ഥം.

6 'ത്വം', 'അസി' എന്നിവയുടെ അർത്ഥവും 'തത്ത്വമസി' വാക്യത്തിന്റെ മുഴുവൻ അർത്ഥവും കാണിക്കുന്നു.

7—8 അഥർവ്വവേദത്തിൽ മാണ്ഡൂക്യോപനിഷത്തിലുള്ള 'അയമാത്മാബ്രഹ്മ' എന്ന മഹാവാക്യത്തിന്റെ അർത്ഥം നിരൂപണം ചെയ്യുന്നു.

7 ആ വാക്യത്തിലെ 'അയം', 'ആത്മാ' എന്ന പദങ്ങളുടെ അർത്ഥം പറയുന്നു.

8 അതിലെ 'ബ്രഹ്മ'ശബ്ദത്തിന്റെ അർത്ഥം പറഞ്ഞിട്ടു ടി വാക്യത്തിന്റെ പൂർണ്ണമായ അർത്ഥം കാണിക്കുന്നു.

## ചിത്രദീപം

### പ്രകരണം 6.

1–16 ബ്രഹ്മത്തിൽ പ്രപഞ്ചത്തെ ആരോപിക്കലും ജ്ഞാനം കൊണ്ടു് അതിനെ അപവദിക്കലും.

1-4 ദൃഷ്ടാന്തമായി അംഗീകരിച്ചിട്ടുള്ള ചിത്രവസ്ത്രത്തിലും ദാർഷ്ടാന്തികമായ പരമാത്മാവിലുമുള്ള നാലു് അവസ്ഥകളെ നിരൂപണം ചെയ്യുന്നു.

5-9 ആത്മാവിൽ ആരോപിതമായ ചിത്രത്തെ വർണ്ണിക്കുന്നു.

10–16 അവിദ്യയുടെ സ്വരൂപവും അവിദ്യയെ നശിപ്പിക്കുന്ന വിദ്യയുടെ സ്വരൂപവും, ആ വിദ്യാലാഭത്തിനുള്ള ഉപായവും വിവരിക്കുന്നു.

17–209 ആത്മതത്ത്വത്തെ വിവേചിച്ചു കാണിക്കുന്നു.

17–59 ആത്മതത്ത്വവിചാരത്തിനിടയിൽ ജീവനേയും കൂടസ്ഥനേയും വേർതിരിച്ചു കാട്ടുന്നു.

17-23 ദാർഷ്ടാന്തികമായ ആത്മാവിൽ ഉപാധിയാൽ വന്നുചേന്ന നാലു തരത്തിലുള്ള ഭേദങ്ങളെ, ആകാശത്തിൽ ഉപാധികൃതമായിട്ടു നാലുതരത്തിൽവന്ന ഭേദങ്ങളെ ദൃഷ്ടാന്തരൂപത്തിൽ വിവരിച്ചു, തെളിയിക്കുന്നു.

24-37 കൂടസ്ഥനും ജീവനും തമ്മിലുള്ള പരസ്പരാദ്ധ്യാസം.

38-59 'ആത്മ' ശബ്ദവും 'സ്വ' ശബ്ദവും തമ്മിൽ അർത്ഥവ്യത്യാസമില്ലെന്നും കൂടസ്ഥനും ചിദാഭാസനും തമ്മിൽ ഭേദമുണ്ടെന്നും കാണിക്കുന്നു.

60–101 ആത്മാവു് ഉണ്ടെന്നുമില്ലെന്നുമുള്ള വാദപ്രതിവാദങ്ങൾ.

60–77 ആത്മസ്വരൂപത്തെക്കുറിച്ചുള്ള വാദം.

78-86 ആത്മാവിന്റെ പരിമാണവിഷയത്തിലുള്ള വാദം.

87-101 ആത്മാവു ചിത്താണെന്നും അചിത്താ (ജഡമാ)ണെന്നുമുള്ളവാദം.

102–121 ഈശ്വരസ്വരൂപവിഷയത്തെക്കുറിച്ചുള്ള വാദം.

102–114 ഈശ്വരൻ ആരാണെന്നുള്ള പ്രശ്നത്തിൽ അന്തര്യാമി മുതൽ വിരാട്സ്വരൂപംവരെയുള്ള പ്രതിപാദനം.

115–121 ബ്രഹ്മാവുമുതൽ സ്ഥാവരംവരെയുള്ള ഓരോ വിഷയത്തിലും ഈശ്വരത്വബുദ്ധി വച്ചുകൊണ്ടുള്ള വാദം.

122–209 ഈശ്വരവിഷയത്തിലുള്ള വിമതസ്ഥരുടെ വാദങ്ങൾക്കു സമാധാനവും അദ്വൈതസിദ്ധാന്തസമർത്ഥനവും.

122-152 ഈശ്വരനു് ഉപാധിയായിത്തീർന്നിട്ടുള്ള മായയുടെ വർണ്ണനം.

153–158 ഈശ്വരസ്വരൂപത്തെ വർണ്ണിക്കുന്നു.

159-187 ഈശ്വരന്റെ ഗുണങ്ങൾ.

188-197 ബ്രഹ്മസ്വരൂപവും ഈശ്വരസ്വരൂപവും വേർതിരിച്ചു കാണിക്കുന്നു.

198–205 ഈശ്വരൻ സൃഷ്ടിച്ച ജഗത്തിനെക്കുറിച്ചു നിരൂപണം ചെയ്യുന്നു.

206–209 ആബ്രഹ്മസ്തംബപര്യന്തം എവിടെയെങ്കിലും ഈശ്വരനെ ഉപാസിച്ചാൽ തദനുരൂപമായ ഫലം കിട്ടുമെന്നു വർണ്ണിക്കുന്നു.

210–258 അദ്വൈതബ്രഹ്മജ്ഞാനത്തിനു് അനുകൂലങ്ങളായ വിചാരക്രമങ്ങളെ വിവരിക്കുന്നു.

210–241 ബ്രഹ്മജ്ഞാനത്തോടുകൂടാതെ മുക്തിലഭിക്കുന്നതല്ല; അതിനാൽ മുമുക്ഷുക്കൾ വെറും ജീവേശ്വരവാദത്തിൽമാത്രം മുഴുകി കാലം നയിച്ചാൽ പോരാ; പിന്നെയൊ, ബ്രഹ്മജ്ഞാനവിഷയത്തിൽതന്നെ ബുദ്ധിയെ ഉപയോഗിക്കണമെന്നു നിരൂപണം ചെയ്കയും ജീവബ്രഹ്മൈക്യത്തെ തെളിയിച്ചു കാണിക്കയും ചെയ്യുന്നു.

242-258 ദ്വൈതത്തേയും അദ്വൈതത്തേയും കുറിച്ചുള്ള വാദങ്ങളും അദ്വൈതസമർത്ഥനവും ദ്വൈതമിഥ്യാത്വസ്ഥാപനവും വിവരിക്കുന്നു.

259–290 തത്വജ്ഞാനത്തിന്റെ ഫലം.

259–275 തത്ത്വജ്ഞാനത്തെ പ്രതിപാദിക്കുന്ന 'ഭിദ്യതേ ഹൃദയഗ്രന്ഥി ച്ഛിദ്യന്തേ സർവ്വസംശയാഃ' എന്നുള്ള ശ്രുതിവാക്യത്തെവ്യാഖ്യാനിക്കുന്നു.

276–289 വൈരാഗ്യം, ബോധം, ഉപരതി, ഇവയെ വർണ്ണിക്കുന്നു.

290– ചിത്രദീപാഭ്യാസം കൊണ്ടുള്ള പ്രയോജനം.

## തൃപ്തിദീപം

### പ്രകരണം 7.

1–18 "പൂരുഷനാത്മാവിനെയിവൻ ഞാൻ തന്നെ"—ഇത്യാദി ശ്രുതിഭാഷാവാക്യത്തിലെ "പൂരുഷൻ ഞാൻ തന്നെ" എന്ന ഭാഗം നിരൂപണം ചെയ്യുന്നു.

1-6 അതിൽ 'പൂരുഷൻ' എന്ന പദത്തിന്റെ അർത്ഥം വിവരിക്കുന്നു.

7-18 'ഞാൻ' എന്നും 'തന്നെ' (ആകുന്നു) എന്നുമുള്ള പദങ്ങളുടെ അർത്ഥം പറയുന്നു.

19–22 'പൂരുഷ....തന്നെ' എന്നു മേൽ ഉദ്ധരിച്ച വാക്യത്തിലെ 'ഇവൻ എന്ന പദത്തെക്കുറിച്ചു നിരൂപണം ചെയ്യുന്നു.

23-28 'നീ പത്താമനാകുന്നു' എന്നുള്ള ദൃഷ്ടാന്തം ദാർഷ്ടാന്തികമായ ബ്രഹ്മതത്ത്വത്തെ പ്രതിപാദിപ്പാൻ വിവരിക്കുന്നു.

29–82 ചിദാഭാസന്റെ ഏഴ് അവസ്ഥകളെ വർണ്ണിക്കുന്നു.

83–96 മഹാവാക്യവിചാരം കൊണ്ടുണ്ടാകുന്ന അപരോക്ഷജ്ഞാനത്തെ വർണ്ണിക്കുന്നു.

97-135 മഹാവാക്യജന്യമായ ബോധത്തെ ദൃഢീകരിക്കുന്നതിനു ശ്രവണമനനാദികൾ അഭ്യസിക്കണമെന്നു പറയുന്നു.

136–191 മേൽ ഉദ്ധരിച്ച ശ്രുതിഭാഷാവാക്യത്തിലെ' എന്തിനെയിച്ഛിച്ചോനായ്', എന്ന ഭാഗത്തിന്റെ അർത്ഥവും ഇച്ഛാനിമിത്തമുണ്ടാകുന്ന സന്താപത്തിന്റെ അഭാവവും വിവരിക്കുന്നു.

136–142 ഭോഗേച്ഛ ശമിക്കുന്നതിനു ഭോഗ്യവിഷയങ്ങളിൽ ദോഷദൃഷ്ടി വെയ്ക്കണമെന്നു പറയുന്നു.

143-150 ബ്രഹ്മജ്ഞാനികൾ അഗ്രഹിക്കാതെതന്നെ പ്രാരബ്ധഭോഗങ്ങൾ അനുഭവിക്കുന്നു.

151-173 മൂന്നുവിധമുള്ള പ്രാരബ്ധങ്ങൾ വർണ്ണിക്കപ്പെടുന്നു.

174-191 പ്രപഞ്ചം മിഥ്യയാണെന്ന ജ്ഞാനവും പ്രാരബ്ധാനുഭവവും തമ്മിൽ വിരോധമില്ലെന്നു കാണിക്കുന്നു.

192-222 മേൽ ഉദ്ധരിച്ച ശ്രുതിഭാഷാവാക്യത്തിലെ 'ആരുടെ ഭോഗത്തിന്നു' എന്നുള്ള ഭാഗത്തിന്റെ താൽപര്യമനുസരിച്ചു ഭോക്താവെന്നുള്ള നിലയ്ക്കു ഭോഗേച്ഛയിൽനിന്നു സന്താപമുണ്ടാകയില്ലെന്നു കാണിക്കുന്നു.

223-251 ബ്രഹ്മജ്ഞാനികൾക്കാകട്ടെ, സ്ഥൂലസൂക്ഷ്മകാരണശരീരങ്ങളിൽനിന്നുള്ള ജ്വരം അനുഭവപ്പെടുന്നില്ലെന്നും, ശരീരത്രയത്തിലാണു ജ്വരമിരിക്കുന്നതെന്നും നിരൂപണം ചെയ്യുന്നു.

252-298 ബ്രഹ്മജ്ഞാനികളുടെ പ്രതിബന്ധരഹിതമായ തൃപ്തിസ്വഭാവത്തെ വർണ്ണിക്കുന്നു.

## കൂടസ്ഥദീപം

### പ്രകരണം 8.

1-76 മോക്ഷേച്ഛുവിനു ബ്രഹ്മാത്മൈക്യജ്ഞാനം മാത്രമാണു മോക്ഷസാധനം; അതിന്റെ അംഗമായ ത്വം പദാർത്ഥത്തിന്റെ നിരൂപണം.

1-16 ദേഹത്തിനു വെളിയിലുള്ള ബ്രഹ്മത്തിനും ചിദാഭാസനും തമ്മിലുള്ള ഭേദത്തെ കാണിക്കുന്നു.

17-26 ദേഹത്തിനുള്ളിലുള്ള കൂടസ്ഥനും ചിദാഭാസനും തമ്മിലുള്ള ഭേദത്തെ വ്യക്തമാക്കുന്നു.

17-47 ചിദാഭാസനെക്കുറിച്ചു നിരൂപണം ചെയ്യുന്നു.

48-59 കൂടസ്ഥനും ബ്രഹ്മവും ഒന്നാണെന്നു കാണിക്കാൻവേണ്ടി കൂടസ്ഥനെ ബുദ്ധ്യാദികളിൽനിന്നു വേർതിരിക്കുന്നു.

60-76 ബ്രഹ്മവും കൂടസ്ഥനും സജാതീയവിജാതീയസ്വഗതഭേദരഹിതമാണെന്നു കാണിപ്പാൻ ജീവാദിജഗത്തിന്റെ മിഥ്യാത്വം തെളിയിക്കുന്നു.

## ധ്യാനദീപം

### പ്രകരണം 9.

1-158 വേദാന്തവാക്യാർത്ഥവിഷയമായ അപരോക്ഷാനുഭവം ഉണ്ടാകാത്തപ്പോൾ ആ അനുഭവമുണ്ടായി മോക്ഷഫലം ലഭിക്കുന്നതിന് അനുകൂലങ്ങളായ ഉപാസനകളെ നിരൂപിക്കുന്നു.

1-13 സംവാദിഭ്രമത്തേയും വിസംവാദിഭ്രമത്തേയും നിവ്ചിച്ചു് ബ്രഹ്മതത്തോപാസന മോക്ഷഫലം നൽകുന്നതാണെന്നു കാണിക്കുന്നു.

14-29 പരോക്ഷജ്ഞാനത്തിൽനിന്നു ബ്രഹ്മതത്തോപാസനം ഇന്നപ്രകാരമെന്നു കാണിക്കുന്നു.

30-37 വേദാന്തവിചാരംകൊണ്ടു് അപരോക്ഷാനുഭവം ഉണ്ടാകുമെന്നു വണ്ണിക്കുന്നു.

38-53 അപരോക്ഷജ്ഞാനലബ്ധിയിൽ മൂന്നുവിധം പ്രതിബന്ധം ഉണ്ടാകുന്നു.

54-73 ജ്ഞാനമെന്നപോലെ നിർഗ്ഗുണോപാസനയുടെ സ്വഭാവത്തെയും കാണിക്കുന്നു.

74-85 ചോദ്യോത്തരരൂപത്തിൽ ബോധത്തിൻെറയും ഉപാസനയുടേയും വ്യത്യാസം വിശദമാക്കുന്നു.

86-120 ഉപാസകനും ബ്രഹ്മജ്ഞാനിക്കും വ്യവഹാരത്തിൽ വ്യത്യാസമുണ്ടെന്നു പറയുന്നു.

121-158 നിർഗ്ഗുണോപാസനയുടെ വൈശിഷ്ട്യവും അതുകൊണ്ടുള്ള പ്രയോജനവും.

## നാടകദീപം

### പ്രകരണം 10.

1-26 പ്രപഞ്ചപ്രതീതിയററു ശുദ്ധമായി പ്രകാശിക്കുന്ന ബ്രഹ്മത്തേയും ആത്മാവിനേയും വെളിവായി കാണിക്കുന്നതിനു വേണ്ടി ആത്മാവിലുള്ള അദ്ധ്യാരോപത്തെ നിരൂപണം ചെയ്യുന്നു.

1-10 അദ്ധ്യാരോപാപവാദങ്ങളെ നൃത്യശാലയിലുള്ള ദീപത്തെ ദൃഷ്ടാന്തമാക്കി നിരൂപണം ചെയ്യുന്നു.

11-15 നൃത്യശാലയിലെ ദീപം എന്നപോലെ പരമാത്മാവിൻെറ നിവ്വികാരത്വവും പ്രകാശകത്വവും വെളിപ്പെടുത്തുന്നു.

16-19 സാക്ഷിയിൽ ബുദ്ധിയുടെ ചാഞ്ചല്യം ആരോപിക്കുന്നു.

20-26 സാക്ഷിസ്വരൂപം ദേശകാലാദിരഹിതമാണെന്നും ആ സാക്ഷിസ്വരൂപാനുഭവത്തിനുള്ള ഉപായവും വണ്ണിക്കുന്നു.

## യോഗാനന്ദം.

### പ്രകരണം 11.

1-10 ബ്രഹ്മജ്ഞാനം അനിഷ്ടനിവൃത്തിക്കു കാരണവും പരമാനന്ദപ്രാപ്തിക്കു ഹേതുഭൂതവുമാണെന്നുള്ള അർത്ഥത്തെ പ്രകാശിപ്പിക്കുന്ന ശ്രുതിവാക്യങ്ങൾ ഉദാഹരിക്കുന്നു.

11-22 ബ്രഹ്മംതന്നെ ആനന്ദസ്വരൂപമാണെന്നുള്ള അർത്ഥത്തെ പ്രതിപാദിക്കുന്ന ശ്രുതിയും ബാധിക്കപ്പെടാത്തതും ഭേദരഹിതവുമായ ബ്രഹ്മത്തിൻെറ സ്വപ്രകാശത്വവും വിവരിക്കുന്നു.

23-76 സുഷുപ്തിയിൽ ബ്രഹ്മാനന്ദം സിദ്ധിക്കുന്നതായി വർണ്ണിക്കുന്നു.

77-88 ബ്രഹ്മാനന്ദം സുഷുപ്തിയിലും തൂഷ്ണീംഭാവത്തിലും അനുഭവപ്പെടുന്നുവെങ്കിൽ ഗുരുസേവയുടേയും ശാസ്ത്രാഭ്യാസത്തിൻേറയും ആവശ്യമെന്താണെന്നുള്ള ചോദ്യത്തിനു സമാധാനം പറയുന്നു.

89-118 ജാഗ്രദവസ്ഥയിൽ ഉദാസീനാവസ്ഥയിലനുഭവപ്പെടുന്ന വാസനാനന്ദസിദ്ധി അഭ്യാസംകൊണ്ടു് അനുഭവിക്കപ്പെടുന്ന സ്വരൂപാനന്ദമാണെന്നു നിരൂപണം ചെയ്യുന്നു.

119-134 മനുഷ്യരിൽ ക്ഷണികമായുണ്ടാകുന്ന സമാധിയിലുള്ള ആനന്ദം ബ്രഹ്മാനന്ദമാണെന്നുള്ള അനുഭവവും നിശ്ചയവും കാണിക്കുന്നു.

## ആത്മാനന്ദം.

### പ്രകരണം 12.

1-90 ആത്മാനന്ദത്തിൻെറ വിശേഷത.

1- 5 ആത്മാനന്ദം ബോധിക്കുന്ന വിഷയത്തിൽ മന്ദബുദ്ധിയാണെങ്കിലും ശ്രദ്ധയുള്ളവൻ അധികാരിയാകുന്നു.

6-20 'ആത്മ ഏവ കാമായ സർവ്വം പ്രിയംഭവതി' എന്നുള്ള ശ്രുതിവാക്യത്തിൻെറ താൽപര്യം കാണിക്കുന്നു.

21-31 ആത്മാവിലുള്ള പ്രീതിയും അതിൻെറ സ്വരൂപവും: ആ പ്രീതി ബാഹ്യവിഷയങ്ങളെ അപേക്ഷിച്ചു് അധികതരമാണെന്നും അതു് ആത്മാവിൽതന്നെ നിലകൊള്ളുന്നുവെന്നും കാണിക്കുന്നു.

32-50 ആത്മാവു സ്വദൃഷ്ടിയിലും പുത്രദൃഷ്ടിയിലും ഭാര്യാദൃഷ്ടിയിലും മൂന്നുവിധമുണ്ടു്.

51-72 ആത്മാവാണു് ഏററവും പ്രിയപ്പെട്ടതെന്നു വ്യക്തമാക്കുന്നു.

73-79 ചൈതന്യം എന്നതുപോലെ എല്ലാവൃത്തികളിലും ആത്മാവിൻെറ ആനന്ദഭാവം തെളിയുന്നില്ല.

80-90 യോഗിയും വിവേകിയും തമ്മിൽ വ്യത്യാസമില്ല.

## അദ്വൈതാനന്ദം.

### പ്രകരണം 13.

1-105 അദ്വൈതാനന്ദത്തിൻെറ വിശേഷതയും അതിൻെറ മോക്ഷപ്രാപ്തിസാധകതയും പ്രതിപാദിക്കുന്നു.

1-10 ജഗത്തു ബ്രഹ്മത്തിൽനിന്നു ഭിന്നമല്ലെന്നു കാണിക്കുന്നു.

11-32 അവിടെ പ്രസംഗവശാൽ യോഗവാസിഷ്ഠത്തിലുള്ള ധാത്രീകഥാനകകഥനവും ശക്തിയുടെ അനിർവ്വചനീയതാനിരൂപണവും ചെയ്യുന്നു.

33-53 ശക്തികാര്യം അനിർവചനീയമാണെന്നു നിരൂപണം ചെയ്യുന്നു.

54-61 കാരണജ്ഞാനംകൊണ്ടു കാര്യവസ്തും അറിയപ്പെടുന്നുവെന്നും കാണിക്കുന്നു.

62-78 ബ്രഹ്മത്തിൻെറയും ജഗത്തിൻെറയും സ്വരൂപം നിരൂപണം ചെയ്യുന്നു.

79-84 അസത്തായ ജഗത്തിനെ ഉപേക്ഷിച്ചാലുള്ള ഫലം.

85-91 ബ്രഹ്മത്തിൽനിന്നു മായാസാന്നിദ്ധ്യം നിമിത്തം അനേകകാര്യങ്ങൾ ഉണ്ടാകുന്നതായി കാണിക്കുന്നു.

92-105 ജഡമായ ജഗത്തിൽ നാമരൂപങ്ങൾക്കു് അധിഷ്ഠാനമായി വർത്തിക്കുന്ന ബ്രഹ്മത്തിൻെറ വ്യാപ്തിയും ആ നാമരൂപങ്ങളെ ഉപേക്ഷിച്ചാലുണ്ടാകുന്ന സച്ചിദാനന്ദബ്രഹ്മപ്രാപ്തിയും വിവരിക്കുന്നു.

## വിദ്യാനന്ദം.

### പ്രകരണം 14.

1-65 മോക്ഷപ്രാപ്തിക്കു വിദ്യാനന്ദം സാധനമായിത്തീരുന്നതെങ്ങനെയെന്നു പ്രതിപാദിക്കുന്നു.

1- 3 വിദ്യാനന്ദസ്വരൂപവും അതിൻെറ അവാന്തരവിഭാഗങ്ങളും.

4- 9 വിദ്യനിമിത്തമുള്ള ദുഃഖനിവൃത്തിയും ആത്മാവും തമ്മിലുള്ള ഭേദവും ആത്മാവിൻെറ സ്വരൂപവും.

10-17 ദുഃഖത്തിൻെറ അഭാവം.

18-37 ദുഃഖാഭാവംനിമിത്തം സർവകാമനാലാഭവും.

38-57 കൃതകൃത്യരൂപത്തിലുള്ള വിദ്യാനന്ദത്തിൻെറ ഭേദം.

58-65 പ്രാപ്തപ്രാപ്യലക്ഷണമായ വിദ്യാനന്ദത്തിൻെറ ഭേദം.

## വിഷയാനന്ദം.

### പ്രകരണം 15.

1-35 വിഷയാനന്ദം മോക്ഷപ്രാപ്തി സാധനത്തിനുഹേതുവായി ത്തീരുന്നതെങ്ങനെയെന്നു കാട്ടുന്നു.

1-21 പ്രപഞ്ചത്തോടുകൂടിയ ബ്രഹ്മസ്വരൂപത്തിൻെറ നിരൂപണം.

22-24 പ്രപഞ്ചക്കലർപ്പില്ലാത്ത ബ്രഹ്മത്തിൻെറ ലക്ഷണവും മായാസ്വരൂപത്തിൻെറ ഭേദങ്ങളും.

25-29 മൂന്നുപ്രകാരത്തിലുള്ള സവൃത്തികബ്രഹ്മധ്യാനവും അവൃത്തികബ്രഹ്മധ്യാനവും.

30-35 അവൃത്തികബ്രഹ്മധ്യാനംകൊണ്ടുള്ള മോക്ഷപ്രാപ്തി.

സമാപ്തം.



പണ്ഡിതാത്ര്യാംശ്രമി ശ്രീ നീലകണ്ഠതീർത്ഥസ്വാമി

ഓം

# ശ്രീ പഞ്ചദശി.

---

## മങ്ഗളാചരണം

(കേക)

ശ്രീവിഘ്നരാജനേയും ശ്രീവാണിമാതിനേയും
കൈവണങ്ങീടുന്നു ഞാനാദ്യമായ് ഭക്തിപൂർവ്വം;
വേദാന്തഗ്രന്ഥരത്നമായിട്ടും 'പഞ്ചദശി'
സാദരം കിളിപ്പാട്ടായ് വിരചിച്ചീടുവാൻ മേ
നെഞ്ചകം തന്നിലൊരു പ്രേരണതന്നും, പിന്നെ-
ക്കെഞ്ചുമ്പോൾ പദങ്ങളും ബുദ്ധിക്കു വിളക്കവും
എന്നുവേണ്ടതിങ്കലും സർവ്വാനുഗ്രഹങ്ങളും
തന്നെന്നെപ്പുലർത്തീടും മാമക ഗുരുവരൻ
പണ്ഡിതാത്യാശ്രമിയായ് വേദാന്തവാഗീശനായ്
മന്നിതിൽ പുകളാർന്ന 'ശ്രീകണ്ഠതീർത്ഥസ്വാമി'
തന്തിരുപ്പാദം മമ ഭവാബ്ധിപോതമല്ലൊ,
സന്തതം പണിയുന്നേനപ്പാദപത്മത്തിനെ;
അന്തരംഗത്തിൽ സദാ വാഴുവാൻ ഞാനർത്ഥിക്കും
ബന്ധുരചിദ്രൂപിണിതന്നെയും സ്മരിക്കുന്നേൻ;
വേദാന്തവിദ്യാർത്ഥികളദ്വൈതതത്ത്വം ചെമ്മേ
ബോധിച്ചുമാചരിച്ചും സാക്ഷാൽക്കാരം ഭജിപ്പാൻ
ശ്രീ വിദ്യാരണ്യപരമാചാര്യൻ മഹേച്ഛയാ
ഭാവനം ചെയ്തോരിതു ശ്രീ ഗീതയ്ക്കൊപ്പമല്ലൊ,
ആ മഹർഷീശനേയുമാദരാൽ നമിച്ചുകൊ-
ണ്ടീമന്ദൻ ചൊല്ലാം,മാശിസ്സേകണം സജ്ജനങ്ങൾ.

---

# പ്രത്യക്തത്ത്വവിവേകം.

## പ്രകരണം—1.

കാര്യവർഗ്ഗത്തോടൊത്തു വർത്തിക്കുമതിദുഃഖ-
കാരിയാം മഹാമോഹഗ്രാഹത്തെ ഗ്രസിക്കുക
മുഖ്യകർമ്മമായ്ക്കാണും 'ശ്രീമച്ഛങ്കരാനന്ദ'-
സദ്ഗുരുതൻ പാദാബ്ജം നമസ്കരിച്ചീടുന്നേൻ. 1

സദ്ഗുരുചരണാബ്ജദ്വന്ദ്വസേവനംകൊണ്ടു
നിഷ്കല്മഷാശയന്മാരായവർക്കനായാസം,
ബോധിച്ചീടുവാനായി പ്രത്യക്തത്ത്വവിവേക-
മാദ്യമായ്പ്രണയനം ചെയ്യുന്നു, ശ്രവിച്ചാലും. 2

ജാഗ്രത്തിൽ ഗ്രാഹ്യമാകും ശബ്ദസ്പർശാദികങ്ങ-
ളൊക്കെയുമസാമ്യത്താലന്യോന്യം വിഭക്തമാം;
അവയിൽനിന്നു ഭിന്നമാണവയ്ക്കുള്ള ബോധ,-
മവിശേഷതകാണ്മതൈകരൂപ്യത്താലത്രെ. 3

അവിധം സ്വപ്നത്തിലും ഭിന്നമാം വേദ്യ,മെന്നാ-
ലാവകയസ്ഥായിയാം, ജാഗ്രത്തിൽ മറിച്ചുമാം;
ഭേദമാരണ്ടവസ്ഥയ്ക്കുവമാ, മെന്നാലവ-
വേദിക്കും ബോധമേകരൂപമാം, ഭിന്നമല്ല. 4

ഉറക്കമുണർന്നോൻെറയുറക്കത്തിൽ, 'ഞാനൊട്ടു-
മറിഞ്ഞില്ലെ'ന്നബോധം സ്മൃതിമാത്രമാകുന്നു;
ആ സ്മൃതിയനുഭൂതവിഷയജന്യമത്രേ,
തന്മൂലം തദജ്ഞാനം സുഷുപ്തിയിൽ ബോധിച്ചതാം. 5

ആ ബോധമജ്ഞാനത്താൽ, ജ്ഞാനത്താലല്ല, ഭിന്നം,
സ്വപ്നബോധം പോലതു കേവലബോധമത്രെ;
ഈവിധം ജാഗരാദി മൂന്നവസ്ഥകളിലും
സംവിത്തൊന്നുതാനിന്നും നാളെയുമതുപോലെ. 6

നാനാവിധം വരും പോം മാസാബ്ദയുഗങ്ങളി-
ലെന്നല്ല, കല്പത്തിലും ജ്ഞാനമഭിന്നമല്ലോ;
ഏകമാം ബോധമിതു സ്വപ്രകാശാത്മകമാ-
ണുദ്ഗമിക്കുന്നില്ലായതസ്തമിക്കുന്നുമില്ല. 7

ഈ സംവിത്താത്മാവുതാൻ, പരപ്രേമാസ്പദമായ്
ഭാസിക്കയാലാത്മാവു പരാനന്ദനായിതു;
'ഞാനില്ലാതെയാകൊല്ല, യെന്നുമേയിരിക്കണ,-
മീ നിനവാത്മാവിൻെറ പരപ്രേമത്വം മൂലം. 8

അന്യമാം വസ്തുക്കളിലാപ്രേമം സ്വാർത്ഥത്തിനാം,
തന്നിലെ പ്രേമമതും മററാർക്കും വേണ്ടിയല്ല;
തന്മൂലമാപ്രിയത നിരതിശയമല്ലോ,
ആത്മാവിന്നതുകൊണ്ടു പരാനന്ദത്വംസിദ്ധം. 9

ഈവിധം യുക്തിയാൽ സച്ചിദാനന്ദമാത്മാവു-
മാവിധംതാൻ ബ്രഹ്മവുമെന്നിങ്ങുസിദ്ധമായി;
ആ രണ്ടിന്നുമേകത്വം ബോധനം ചെയ്യുന്നുണ്ടു
പേരാളും 'ഛാന്ദോഗ്യാദി' ശ്രുതികളറിയണം. 10

ആത്മാവുവിളങ്ങായ്കിൽ കാണ്മില്ല പരംപ്രേമം,
കാണ്മില്ല വിഷയാശയാത്മാവുവിളങ്ങുകിൽ;
എങ്കിലീ പരാനന്ദനാകിയ കൂടസ്ഥാത്മാ -
വോർക്കണം വിളങ്ങിലും വിളങ്ങുന്നീലയെന്നും. 11

വിദ്യാർത്ഥിമദ്ധ്യസ്ഥനാം പുത്രൻെറ പഠനത്തിൻ-
ശബ്ദമപ്പിതാവിന്നു വ്യക്തമാവാത്തപോലെ,
ആനന്ദം ഭാനിക്കിലുമഭാനം ഭവിക്കുന്നു-
ഭാനത്തിലേവം വിഘ്നം വരാവുന്നതുതന്നെ. 12

ഉണ്ടെന്നും വിളങ്ങുന്നുവെന്നും വ്യവഹരിപ്പാൻ
വേണ്ട യോഗ്യതയാളും വസ്തുവിൽ വ്യവഹാരം,
വിട്ടിട്ടു വിരുദ്ധമായില്ലാത്ത, ശോഭിക്കാത്ത-
മട്ടാകുംവ്യാപാരത്തിന്നുദയം വ്യാഘാതമാം. 13

പുത്രശബ്ദശ്രുതിയിൽ പ്രതിബന്ധത്തിൻഹേതു-
വെത്രയോ ബാലരൊത്തു ചെയ്തതാം പഠനമാം;
അമ്മട്ടുവിപരീതജ്ഞാനത്തിൻ മുഖ്യഹേതു
ജന്മഹീനമായുള്ളോരവിദ്യമാത്രമല്ലോ. 14

ചിദാനന്ദസ്വരൂപമായിട്ടും ബ്രഹ്മത്തിൻെറ
പ്രതിബിംബത്തിനോടു കൂടിച്ചേർന്നിരിപ്പതും
സത്വരജസ്തമസ്സിൻ സാമ്യാവസ്ഥ പൂണ്ടതും
ഖ്യാതമാം പ്രകൃതിതാനുണ്ടല്ലോ രണ്ടുവിധം. 15

സത്വഗുണശുദ്ധിയുമശുദ്ധിയുംകൊണ്ടിതു
വക്തവ്യം മായയെന്നുമവിദ്യയെന്നും രണ്ടായ്;
മായയിൽ നിഴലിച്ച ചിദാത്മാവമ്മായയെ
സ്വായത്തമാക്കുകയാൽ സർവ്വജ്ഞനായീശ്വരൻ. 16

അതിങ്കൽനിന്നന്യമായവിദ്യയിൽ ബിംബിച്ച-
ങ്ങതിനുവശഗമാം ചിത്തുതാനത്ര ജീവൻ;
അവിദ്യതൻ നാനാത്വം നിമിത്തം ജീവന്നിഹ
ഭവിച്ചു ദേവതിര്യഗാദിയാം നാനാഭാവം;

ആയവിദ്യതന്നെയാം കാരണശരീരവു-
മായതിൽ 'ഞാനെ'ന്നഭിമാനിയാം ജീവൻ, പ്രാജ്ഞൻ. 17

ആ പ്രാജ്ഞരായോരുടെ ഭോഗത്തിനീശ്വരസം-
കല്പത്താൽ വ്യോമം വായു പാവകൻ ജലം ഭൂമി,
ഈവിധം തമോമുഖ്യമാകും പ്രകൃതിയിൽനി-
ന്നാവിർഭവിച്ചു മുറയ്ക്കീഭൂതപഞ്ചകവും. 18

ഭൂതങ്ങളോരോന്നിൻെറ സത്വാംശത്തിങ്കൽനിന്നു
ജാതമായിന്ദ്രിയങ്ങളോരോന്നും യഥാക്രമം
ശ്രോത്രവും ത്വങ്നേത്രങ്ങൾ ജിഹ്വയും നാസികയു-
മിത്രയും ചേർന്നതല്ലോ ധീന്ദ്രിയങ്ങളാമഞ്ചും. 19

ഭൂതപഞ്ചകസർവ്വസത്വാംശജന്യമാകു-
മന്തഃകരണം വൃത്തിഭേദത്താൽ രണ്ടുമട്ടാം.
സംശയാത്മകമാകും വൃത്തിതാൻ മനസ്സെന്നും
നിശ്ചയസ്വരൂപത്തെ ബ്ബോധിക്ക ബുദ്ധിയെന്നും. 20

അബ്ഭൂതങ്ങൾതന്നഞ്ചുരജോഗുണാംശം മൂല-
മുത്ഭവിച്ചിതു മുറയ്ക്കഞ്ചുകർമ്മേന്ദ്രിയങ്ങൾ;
ആയവ വാക്ക പാണി പാദം പായുവുപസ്ഥ-
മീയഭിധാനങ്ങളാലറിയപ്പെട്ടന്നിതു. 21

രജോഗുണസമഷ്ടിഭാഗങ്ങൾകൊണ്ടു പ്രാണൻ
രചിതനായി,യെന്നാൽ വ്യാപാരഭേദംമൂലം
അമന്ദം പ്രാണൻതാനും പ്രാണനുമപാനനും
സമാനനുദാനനും വ്യാനനുമെനഞ്ചായാൻ. 22

ജ്ഞാനേന്ദ്രിയങ്ങളഞ്ചും, കർമ്മേന്ദ്രിയങ്ങളഞ്ചും,
പ്രാണാദിപഞ്ചകവും മനസ്സും ബുദ്ധിതാനും

കൂടിയപ്പതിനേഴു തത്ത്വങ്ങളാണ്ടിടുന്നി–
തീട്ടുററ സൂക്ഷ്മദേഹം, ലിംഗദേഹാപരാഖ്യം. 23

സുഷുപ്തിയിൽ കാരണശരീരിയാകും പ്രാജ്ഞൻ
വസിപ്പൂ തൈജസനായ് മാനിച്ചു സൂക്ഷ്മദേഹം;
മായികനീശ്വരനും സമഷ്ടിസൂക്ഷ്മദേഹ–
മായതിൽ മാനിക്കവേ ഹിരണ്യഗർഭനുമായ്;
ആ രണ്ടുപേർക്കും തമ്മിൽ വ്യഷ്ടി സമഷ്ടിയെന്ന–
ങ്ങോരുന്നു ഭേദമത്തും മതിയിൽ ധരിക്കണം. 24

സർവ്വതൈജസന്മാരുംതാനെന്നൊരൈക്യജ്ഞാന–
മാവിഷ്ക്കരിക്കമൂലമീശ്വരൻ സമഷ്ടിയായ്;
അവനിൽനിന്നന്യരെസ്സ്വാഭിമാനാഽഭാവാ–
ലവദ്യരായവരെ വ്യഷ്ടിപേരിലും ചൊൽവൂ. 25

പിന്നെയിജ്ജീവന്മാർക്കു വേണ്ടതാം ഭോഗത്തിനായ്
നന്ദിച്ചു ജഗദീശനന്നാദി ഭോഗ്യങ്ങളും
ജരായുജാദി ശരീരങ്ങളുമുണ്ടാകുവാൻ
പിരിച്ചിതയ്യഞ്ചായി ദ്യോവാദിഭൂതങ്ങളെ. 26

വ്യോമാദിയോരോന്നിനെ നേർപാതിയാക്കിപ്പിന്നെ–
യാമട്ടാമാദ്യഭാഗമോരോന്നും നന്നാലാക്കി,
* സ്വാംശത്തെ യൊഴിച്ചന്യദ്വിതീയാംശങ്ങളോടു
സംശ്ലേഷിപ്പിക്കിലവ പഞ്ചീകരിക്കയായി. 27

പഞ്ചീകരിച്ചുള്ളോരഞ്ച് ഭൂതങ്ങൾകൊണ്ടീശ്വരൻ
സജ്ജിച്ചാൻ ബ്രഹ്മാണ്ഡവുമായതിൽ വിശ്വങ്ങളും,
യുക്തമാം ഭോഗ്യങ്ങളും, പിന്നെശ്ശരീരങ്ങളും;
ഇസ്ഥൂലബ്രഹ്മാണ്ഡമാം ദേഹത്തിലഭിമാനം–
വെച്ചു ഹിരണ്യഗർഭൻ വൈശ്വാനരാഹ്വയനായ്;
ഓർക്കണം തൈജസന്മാർ വിശ്വന്മാരാകുമപ്പോൾ;

കർമ്മവൈചിത്ര്യം മൂലം ജീവാത്മാക്കളാമിവർ
സാമ്യമേലാതെ ദേവതിര്യങ്നരാദികളാം;
ബഹിർമ്മുഖന്മാരിവർ പ്രത്യഗാത്മാവബോധ–
വിഹീനരായിച്ചെയ്‌വൂ ഭോഗാർത്ഥം പലകർമ്മം;

---

* അഥവാ:—സ്വാർദ്ധാംശത്തോടന്യത്തിൻറയ്യാലംശംവീതം
ചേർത്തന്നാലോരോന്നു മങ്ങയ്യഞ്ചായ്ച്ചമഞ്ഞീടും (സ്വന്തം)

കർമ്മങ്ങൾ ചെയ്യുവാനും തൽഫലം ഭുജിക്കുന്നു, 28
ശർമ്മമേലഭിയാതെയാററിലൊഴുക്കിൽവീണ–
കീടങ്ങൾ ചുഴിതോറും കടന്നു കറങ്ങുംപോൽ 29
തേട്ടം മുറയ്ക്കു ജന്മനാശാദിദുഃഖമിവർ. 30

മുജ്ജന്മപുണ്യകർമ്മപാകത്താലക്കീടങ്ങ–
ളുച്ചൃതരായച്ചുഴിയിന്നൊരു കൃപാലുവാൽ,
കരയ്ക്കു മരത്തിൻെറ തണലിലണഞ്ഞവ
പെരുത്തസുഖത്തോടു വിശ്രമിച്ചീടുന്നതേ. 31

ഈ വിധം തത്വദർശിയാകുന്നൊരാചാര്യൻെറ
ദിവ്യമാമുപദേശം സാദരം സ്വീകരിച്ചു്,
പഞ്ചകോശവിവേകം മൂലമായ് മോക്ഷസൌഖ്യം
തഞ്ചമായ് ഭുജിക്കുന്നു പുണ്യാത്മാക്കളാം മർത്ത്യർ. 32

അന്നമയവും പ്രാണമയവും മനോമയം
പിന്നെ വിജ്ഞാനമയമാനന്ദമയവുമായ്
കോശങ്ങളഞ്ചുകൊണ്ടു മറഞ്ഞുള്ളൊരാത്മാവു
സ്വസ്വരൂപമോരാഞ്ഞു സംസാരം പ്രാപിക്കുന്നു. 33

പഞ്ചീകൃതഭൂതങ്ങൾ കൊണ്ടുണ്ടാം സ്ഥൂലമെയ്തൻ
സംജ്ഞയാണന്നമയകോശമെന്നോർത്തീടണം;
ലിംഗദേഹത്തിലുള്ള രാജസപ്രാണാദിയു–
മഞ്ചുള്ള കർമ്മേന്ദ്രിയമഞ്ചുമാം പ്രാണമയം. 34

മനോമയമെന്നതു സംശയാത്മകമായ
മനസ്സും സത്വാംശമാം ധീന്ദ്രിയമഞ്ചുമത്രേ;
അ ജ്ഞാനേന്ദ്രിയമഞ്ചും നിശ്ചയിക്കും ബുദ്ധിയും
യോജിച്ചിരിപ്പതല്ലോ വിജ്ഞാനമയകോശം. 35

കാരണശരീരത്തിൻ മൂലമാമവിദ്യയിൽ
ചേരും മലിനസത്വം മോദാദിവൃത്തിയോടും–
കൂടിയാനന്ദമയകോശമായ്ത്തീർന്നിടുന്നു;
കൂടിട്ടും കോശങ്ങളിലഭിമാനിക്കകൊണ്ടു
തേടുന്നിതാത്മാവുതാനതതു കോശരൂപം,
കേടററൊരാത്മാവെന്നാൽ ഭിന്നലക്ഷണനല്ലോ. 36

അന്വയം വ്യതിരേകമെന്ന യുക്തികൾകൊണ്ടു
നന്നായ്പഞ്ചകോശങ്ങൾ വിവേചിക്കുക മൂലം

പ്രത്യഗാത്മസ്വരൂപമവയിൽനിന്നുധീയാൽ
പ്രത്യേകം നിഷ്ക്കർഷിച്ചു പൂകുന്നു പരബ്രഹ്മം. 37

സ്വപ്നത്തിൽ സ്ഥൂലദേഹം ശോഭിക്കാതിരിക്കവേ
സ്വപ്നസാക്ഷിയാമാത്മാ ശോഭിപ്പതന്വയമാം;
ആത്മാവു ശോഭിക്കവേ സ്ഥൂലദേഹപ്രതീതി
നിർമ്മൂലമാകുവതു വ്യതിരേകവുമല്ലോ. 38

സുഷുപ്തിയിൽ സൂക്ഷ്മാംഗം ശോഭിക്കാതിരിക്കവേ
വിശിഷ്ടനാമാത്മാവിൻ പ്രകാശമന്വയമാം;
ആത്മാവുപ്രകാശിക്കെ സൂക്ഷ്മാംഗനിഷ്പ്രകാശം
ചൊല്ലുന്നു വ്യാവൃത്തിയായെന്നിഹ ധരിക്കണം. 39

സൂക്ഷ്മാംഗവിവേകത്താൽ പ്രാണമനോവിജ്ഞാന-
കോശങ്ങൾ വിവേചിക്കപ്പെട്ടതായറിയണം;
എന്തെന്നാൽ, പ്രാണാദികകോശങ്ങൾ ഗുണാവസ്ഥാ-
ഭേദങ്ങൾ മാത്രംകൊണ്ടു വേറാക്കപ്പെട്ടതല്ലോ. 40

അവിദ്യ, സമാധിയിൽ മറഞ്ഞിട്ടാത്മാവിനു
വിക്ഷേപമോഘമാം പ്രകാശമന്വയമാം;
ആത്മാവു ശോഭിക്കവേയവിദ്യ ശോഭിക്കായ്ക,
നിർമ്മായം ബോധിച്ചാലുമതല്ലോ വ്യതിരേകം. 41

എവ്വിധം മുഞ്ജതൃണമധ്യഗമാകും തളിർ
സാവധാനമായ് തിരഞ്ഞെടുക്കുമതേവിധം
യുക്തിയാൽ ധീരാത്മാക്കൾ കോശനിർമ്മുക്തിചെയ്തു
പ്രത്യഗാത്മാവുപരം ബ്രഹ്മമായ്ത്താൻ ഭവിപ്പൂ. 42

ജീവാത്മാ പരമാത്മാവെന്നിവയ്ക്കഭേദത്തെ-
യീവിധം യുക്തികൊണ്ടു സമർത്ഥിച്ചിരിക്കുന്നു;
അക്കാര്യം തത്ത്വമസിതൊട്ടുള്ള വാക്യങ്ങളാൽ
ഭാഗത്യാഗലക്ഷണാവൃത്തിയാൽ ബോദ്ധ്യമാകും. 43

ജഗദുപാദാനമായ് താമസീമായയേയും
ജഗന്മൂലമായ് ശുദ്ധസാത്വികമായയേയും
കല്പിച്ചീ ദ്വയോപാധിരൂപമായിട്ടും ബ്രഹ്മം
തൽപ്പദവാച്യാർത്ഥമാണെന്നിഹ ധരിക്കണം. 44

അല്പരബ്രഹ്മമെല്ലാം കാമകർമ്മാദികളാൽ
നിർഭരം ദൂഷിതവും മലിനസത്വവുമാം

അവിദ്യാമായോപാധി സ്വീകരിച്ചീട്ടുമല്ലോ൪
വേിപ്പൂ "ത്വം" പദത്തിൻ വാച്യാൎത്ഥമായിത്തന്നെ. 45

താമസി, യവിദ്യയുംമായയു·മെന്നന്യോന്യ-
മാമൂന്നവിരുദ്ധമാം മായോപാധികൾ തള്ളി,
അഖണ്ഡസച്ചിത്സുഖബ്രഹ്മം മഹാവാക്യത്തി-
ന്നകലുഷലക്ഷ്യാൎത്ഥമെന്നുക്തമായീടുന്നു. 46

'അവനാമിവ'നെന്നവിധമാം വാക്യങ്ങളി-
ലവനിവനെന്നതിൽ വിരോധം നിമിത്തമായ്,
ആ രണ്ടുഭാഗങ്ങളെയുപേക്ഷിക്കുകമൂല-
മാരണ്ടിന്നേകാശ്രയമെവ്വിധം ലക്ഷിതമോ, 47

ആവിധം പരജീവന്മാൎക്കുള്ളുപാധികളായ്
കൈവന്ന മായയേയുമവിദ്യയേയും നീക്കി,
ഭേദശൂന്യമായ് സച്ചിൽസുഖമാം പരബ്രഹ്മം
മാത്രമാം മഹാവാക്യലക്ഷ്യമെന്നറിയണം. 48

സവികല്പമാംബ്രഹ്മം ലക്ഷ്യാൎത്ഥമാകുമെങ്കി-
ലവിതഥമല്ലെന്നുവന്നിടും ലക്ഷ്യവസ്തു;
നിൎവ്വികല്പമാംബ്രഹ്മം ലക്ഷ്യമാണെന്നുള്ളതു
നിൎവ്വാദം കണ്ടിട്ടില്ല, സംഭവിക്കയുമില്ല. 49

ചെയ്യൊരീവികല്പം നിൎവ്വികല്പബ്രഹ്മത്തിനോ
പറവുന്നുസവികല്പബ്രഹ്മത്തിനോ, ചൊല്ലുക—
ആദ്യപക്ഷത്തിലെന്നാൽ വ്യാഘാതവും, മറ്റേതിൽ
ചരിദ്രമനവസ്ഥയുമാത്മാശ്രയാദിയുമാം. 50

ഈ വികല്പദൂഷണം, ഗുണക്രിയകൾ ജാതി-
ദ്രവ്യ സംബന്ധപദാൎത്ഥങ്ങളിൽ തുല്യമത്രെ;
അകയാൽ ഗുണാദികൾ സൎവ്വവും വസ്തുവിന്റെ-
യാകാരമാശ്രയിച്ചു നില്പതായറിയണം. 51

വികല്പമവികല്പമെന്നിവ രണ്ടിനാലും
വിഗതബന്ധമാളും പരാത്മവസ്തുതന്നിൽ
വികല്പിതത്വംപിന്നെ ലക്ഷണാഗമ്യത്വവും
പ്രകല്പിതങ്ങളത്രെ സംബന്ധംതൊട്ടുള്ളതും. 52

ഏവം മഹാവാക്യങ്ങൾകൊണ്ടവയ്ക്കൎത്ഥമാകും
ജീവബ്രഹ്മൈക്യം ചൎച്ചചെയ്യുതു ശ്രവണമാം;

യുക്തിയാലത്ഥമതു ശക്യമമായെന്നചിന്ത
ചിത്തത്താൽചെയ്വതത്രേ മനനമറിയണം. 53

ശ്രവണമനനങ്ങൾകൊണ്ടു സംശയംകൂടാ-
തവാപിക്കുമത്ഥത്തിൽ സ്ഥാപിച്ച മനസ്സിൻെറ
ഐകാഗ്ര്യത്തിന്ന് നിദിധ്യാസനമെന്നുചൊൽവൂ,
യോഗശാസ്ത്രത്തിലതു ധ്യാനമായ് ബോധിക്കുന്നു. 54

ധ്യാതാവിനേയും ധ്യാനംതന്നെയും ക്രമാൽതള്ളി-
ദ്ധ്യേയമായതുമാത്രം ഗോചരമാവുന്നതും
കാറേറല്ക്കാദ്ദീപംപോലെ നില്പതു മായഏത്തി-
ന്നുററസംസ്ഥിതിയേത്താൻ ചൊല്ലുന്നു സമാധിയായ്. 55

ആത്മഗോചരമാകും ചിത്തവൃത്തിയെല്ലാമ-
സ്സമ്യക് സമാധിയിങ്കലജ്ഞാതമായീടിലും
സമാധിനിർമ്മുക്തനനുഭവിക്കും സ്മൃതിവഴി
സമാഹിതാനുഭവമൂഹ്യമായ്ത്തീരുന്നിതു. 56

ധ്യേയൈകഗോചരമാം വൃത്തിതന്നനുഗതി,
കായ്യമാം സമാധിക്കുമുമ്പുമുള്ളാരദൃഷ്ടവും
സന്തതാഭ്യാസജമാം ഭാവനാസംസ്കാരവു-
മൊത്തുചേൎന്നുളവാകും പ്രയത്നംമൂലമുണ്ടാം. 57

'കാററില്ലാതുള്ളദിക്കിലെമ്മട്ടോ ദീപമെന്നും
മററുംപലവിധത്തിൽ പാത്ഥനെ ശ്രീഭഗവാൻ
നിവ്വികല്പസമാധിരൂപമാമീയാശയം
സവ്വശങ്കയും തീരുമാറുപദേശിച്ചല്ലൊ. 58

അനാദിയായീട്ടുന്നീഭവത്തിൽ സഞ്ചയിച്ചോ-
രനന്തപുണ്യപാപകമ്മങ്ങളഖിലവും
സമാധിയിതുമൂലം വിലയംഗമിച്ചീട്ടും,
സമൃദ്ധിച്ചീടും മോക്ഷസാധകശുദ്ധധമ്മം. 59

യോഗവിത്തമന്മാരീ നിവ്വികല്പസമാധി-
യ്ക്കേകുന്നു ധമ്മമേഘമെന്നുള്ളുത്തമനാമം;
എന്തെന്നാലിതു ധമ്മലക്ഷ്യമാമമൃതൌഘ-
മന്തമില്ലാതവണ്ണം വഷിച്ചീടുന്നതാമേ. 60

ഇതിനാൽവാസനൌഘം നിശ്ശേഷം നഷ്ടപ്പെട്ടു-
മതുപോൽ പുണ്യപാതകങ്ങളാം കമ്മജാലം

ചോടേ പുഴക്കപ്പെട്ടുമിരിക്കേ, മഹാവാക്യം
പാടേതടസ്സംനീങ്ങി മുന്നമേ പരോക്ഷമായ് 61

ബോധിച്ചതത്ത്വമതിലപരോക്ഷമാം ബോധം
ഹസ്താമലകംപോലെ വ്യക്തമായ് ജാതമാകും. 62

ഗുരുമുഖത്തിൽനിന്നു മഹാവാക്യാദിമൂല-
മറിയും പരോക്ഷമാം ബ്രഹ്മതത്ത്വവിജ്ഞാനം
അറിഞ്ഞുംകൊണ്ടുചെയ്ത സമസ്തപാപത്തെയും
കരിച്ചുകളഞ്ഞീടും ദഹനനെന്നപോലെ. 63

ദേശികോപദേശത്താൽ മഹാവാക്യത്തിൽനിന്നു
സംസിദ്ധമാകും യാതൊരപരോക്ഷാത്മജ്ഞാനം
സംസാരകാരണമാമജ്ഞാനതമസ്സിന്നു
ഭാസുരചണ്ഡാംശുവായ് പരിണമിച്ചീടുന്നു. 64

ഇപ്രകാരമായ്മർത്ത്യൻ ബ്രഹ്മാത്മൈക്യലക്ഷണ-
മപ്പഞ്ചകോശത്തിൽനിന്നുദ്ധരിച്ചാത്മതത്ത്വത്തിൽ
സ്വാന്തത്തെ വിധിപോൽവെച്ചാത്മജ്ഞാനത്താൽ ഭവ-
ബന്ധനിവൃത്തനായി പ്രാപിപ്പൂ മോക്ഷം വേഗം. 65

ശുഭം.

---

ഓം.

## പഞ്ചഭൂതവിവേകം.

### പ്രകരണം 2.

(കാകളി)

യാതൊന്നുസത്താകുമദ്വൈതമായ് ശ്രുതം
ഭൂതങ്ങളഞ്ചിൻ വിവേകത്തിനാലതു്,
ബോധിക്കുവാൻ ശക്യമാണതിനാൽ പഞ്ച-
ഭൂതവിവേചനംചെയ്യുന്നു വേണ്ടപോൽ. 1

ശബ്ദവും സ്പർശവും രൂപരസങ്ങളും
ഗന്ധവുമഞ്ചിവ ഭൂതഗുണങ്ങളാം;
ഒന്നുതൊട്ടഞ്ചോളമോരോന്നിവയേറി-
വന്നിടും വ്യോമാദിഭൂതങ്ങളിൽക്രമാൽ. 2

വ്യോമധർമ്മംവെറും മാറെറാലിമാത്രമാ-
ണാമരുത്തിന്നു 'ബീസീ'ശബ്ദവും തഥാ

ഉഷ്ണശീതങ്ങളില്ലാത്തതാം സ്പൎശവും;
കൃഷ്ണവൎത്മാവിൽ "ഭുഗുഭുഗു" ശബ്ദവും
ചൂടെഴുംസ്പൎശവും രോചിസ്സ്വരൂപവും
കൂടിട്ടുന്നീമൂന്നു ധൎമ്മവുമൊന്നുപോൽ;

പാഥസ്സുതന്നിൽ "ബുലുബുലു" ശബ്ദവും
ശീതമാം സ്പൎശവും ശുക്ലമാം രൂപവും
മാധുൎയ്യമാകും രസവുമിണങ്ങുന്നു;
മേദിനിക്കങ്ങു 'കടകട' ശബ്ദവും

പിന്നെക്കടുസ്പൎശവും നീലപീതാദി
ഭിന്നരൂപങ്ങളുമല്ല മധുരാദി-
യോരോ രസങ്ങളും സൗരഭ്യദുൎഗ്ഗന്ധ-
മാം രണ്ടുമേവം ഗുണങ്ങൾ വിവേചിതം;

ഭൂതജന്യങ്ങളാം കാൎയ്യങ്ങളാലുമേ
ഭേദമവയ്ക്കുണ്ടിതാവിധമുണ്ടായി-
ശ്രോത്രവും ത്വങ്നേത്രജിഹ്വകൾ നാസയു-
മിത്ഥമഞ്ചെണ്ണവും ജ്ഞാനേന്ദ്രിയങ്ങളാം. 3–6

കണ്ണാദിഗോളകസംസ്ഥമാമിന്ദ്രിയം
നന്നായ് ക്രമാൽ ധരിപ്പിപ്പൂശബ്ദാദിയെ;

സൂക്ഷ്മഭൂതോദ്ഭൂതമാകയാൽ കാൎയ്യംകൊ-
ണ്ടീക്ഷിക്കവേണ്ടതാമായതു പ്രായേണ
ബാഹ്യമാൎഗ്ഗം ചലിച്ചീടുംപ്രകാരമാം
കൈക്കൊണ്ടിരിക്കുന്നതിന്നുള്ള സൃഷ്ടിയും. 7

വല്ലപ്പൊഴും ചെവിപൊത്തുകിൽ കേട്ടിടാ-
മുള്ളിലെ പ്രാണകോഷ്ഠാഗ്നിജന്യസ്വനം;
തോയപാനത്തിലുമന്നാശനത്തിലു-
മായഭിവ്യഞ്ജിപ്പതാന്തരസ്പൎശനം;

നേത്രമടച്ചീടിലുള്ളിലെ ധ്വാന്തവു-
മുദ്ഗാരവേളയിൽ ഗന്ധരസങ്ങളും
ജ്ഞാതമാം, തന്മൂലമക്ഷങ്ങളാന്തരം 8
ബോധിപ്പതിന്നും സമൎത്ഥങ്ങളായിടും. 9

ഉക്തി,യാദാനം, ഗതിയും വിസൎഗ്ഗവും,
രത്യുത്ഭവസുഖമെന്നിവയഞ്ചുതാൻ
കൎമ്മേന്ദ്രിയവൃത്തിയഞ്ചിതിൽ കൃഷി-
കൎമ്മവാണിജ്യസേവാദികളുൾപ്പെടും. 10

വാക്പാണിപാദങ്ങൾ പായുവുപസ്ഥവു-
മെപ്പൊഴുമുണ്ടാക്കിടുന്ന ക്രിയകളെ;
വക്ത്രാദിഗോളകസ്ഥാനമോരോന്നിലു-
മക്കർമ്മപഞ്ചേന്ദ്രിയമിരിക്കുന്നിതു. 11

പത്തിന്ദ്രിയത്തിനും സ്വാമിയാം മാനസം
സംസ്ഥിതിചെയ്യുന്ന ഹൃൽക്കമലത്തിങ്കൽ;
അക്ഷങ്ങളെന്നിയേ ബാഹ്യാർത്ഥസംപർക്ക-
മൊക്കായ്കയാലതങ്ങന്തഃകരണമായ്. 12

അക്ഷങ്ങളർത്ഥാർപ്പിതങ്ങളായീടവെ
തദ്ഗുണദോഷങ്ങൾ ചിന്തിപ്പൂ മാനസം;
അയതു സത്വരജസ്തമോബദ്ധമാ-
ണായവയാലതു വിക്രിയമാകുന്നു 13

ക്ഷാന്തിവൈരാഗ്യമുദാരഭാവാദിയും
സത്വത്തിൽനിന്നുതാനുണ്ടായിടുന്നിതു;
കാമവും ക്രോധവും ലോഭയത്നാദിയും
ജന്മമെടുപ്പൂ രജസ്സിങ്കൽനിന്നുതാൻ;
ഭ്രാന്തിയാലസ്യവും തന്ദ്രിതൊട്ടുള്ളതും
ചിന്തിക്കിലത്തമോവിക്രിയതന്നെയാം. 14
സത്വവികാരങ്ങൾ പുണ്യഹേതുക്കളാം
മെത്തുമഘത്തിനു കാരണം രാജസം,
ഇമ്മട്ടിലല്ലാതെ വ്യർത്ഥമായായുസ്സു
ചുമ്മാ ചുമക്കുവാൻ മൂലമാം താമസം.

ബുദ്ധിവികാരങ്ങൾതന്നിൽ ഞാനെന്നുള്ള
ബുദ്ധിയിരിപ്പവൻ കർത്താവതായിടും;
കാര്യംനടത്തുന്നവനെ പ്രഭുവെന്നു 15
കാര്യമായ് വെപ്പുതു ലോകമര്യാദയാം. 16

സ്പഷ്ടശബ്ദാദി സംയുക്തവസ്തുക്കളിൽ
ഭൌതികത്വമെന്നതേററം സ്ഫുടമല്ലോ;
ഇന്ദ്രിയാദ്യങ്ങളും ഭൂതകാര്യങ്ങളാ-
ണെന്നതു ശാസ്ത്രയുക്ത്യാദിയാൽ ഗമ്യമാം. 17

ചിത്തമൊക്കും പതിനൊന്നിന്ദ്രിയങ്ങളും
യുക്തിയും ശാസ്ത്രവുംകൊണ്ടുമേതൊന്നിനെ,
ബോധിപ്പതാമാജ്ജഗത്സമസ്തത്തെയു-
മോതുന്നിവിടെ 'യിദം' ശബ്ദമൊന്നിനാൽ. 18

സൃഷ്ടിക്കുമുമ്പിതു സർവ്വമേകമാ-
യദ്വൈതസന്മാത്രമായ്ത്താനിരുന്നിതു;
ഇല്ലാതിരുന്നന്നു നാമവും രൂപവും
ചൊല്ലുന്നിതീവിധമാരുണിമാമുനി. 19

പത്രം മലർകായിവയാൽ സ്വഗതവും
മററുമരത്താൽ സജാതീയവും തഥാ,
അശ്മാദിയാൽ വിജാതീയവുമായിഹ
വൃക്ഷത്തിനുകണ്ടിടുന്നു ഭേദത്രയം. 20

സദ്വസ്തുതന്നിലുമേവം വരാവതെ-
ന്നെത്തുന്നശങ്കയെയൈക്യം നിരോധവും
ദ്വൈതനിരാസവുമെന്നിങ്ങനെമൂന്നു
ശബ്ദങ്ങളാലെ നിരാകരിക്കുന്നിതു. 21

അംശങ്ങളെക്കുറിച്ചുള്ള നിരൂപണം
ലേശവും വേദത്തിലില്ലായ്കകാരണം
സത്തിനിന്നംശങ്ങൾ കല്പിപ്പതൊട്ടുമേ
യുക്തമാകാ നാമരൂപവിവക്ഷയും;
സൃഷ്ടിക്കുമുമ്പവയില്ലെന്നതുകൊണ്ടു.
സത്തിന്നവയംശമാകയില്ലോർക്കണം. 22

നാമരൂപോല്പത്തിതന്നെയല്ലോ സൃഷ്ടി,
തന്മൂലമായവ സൃഷ്ടിക്കുമുമ്പില്ല;
ആകയാലാകാശമെന്നപോൽ സദ്വസ്തു
നില്ക്കുന്നിതംശവിഹീനമായെങ്ങുമേ. 23

ലക്ഷണത്തിൻ ഭേദമില്ലായ്കയാലില്ല
ലക്ഷിക്കുവാൻ സജാതീയസത്താന്യമായ്;
നാമരൂപങ്ങടെ ഭേദമില്ലാതെക-
ണ്ടീമഹാസത്തിന്നു ഭേദമെങ്ങോരുകിൽ? 24

സദ്വസ്തുവിൽനിന്നു ഭിന്നമസത്തുതാൻ,
സത്വമതല്ലെന്നു ഗമ്യമാകുന്നിതു;
ആകയാൽ സത്തിനില്ലല്ലോ വിരോധി,യു-
ണ്ടാകുമോ ഭേദമതിനു വിജാതിയാൽ? 25

സദ്വസ്തുവേവമൊന്നേയുള്ളുവെന്നുമ-
തദ്വിതീയംതന്നെയെന്നതും സിദ്ധമായ്;

എന്നാൽ ചിലരിതിൽ വിഹ്വലചിത്തരായ്
മുന്നമസത്തായിരുന്നിതെന്നോതുന്നു. 26

അബ്ധിനിമഗ്നൻെറയക്ഷങ്ങളെവ്വിധം
ക്ഷുബ്ധമാണാവിധമിക്കൂട്ടർതൻമതി;
സത്തായഖണ്ഡമാദ്യേകരസമായ
വസ്തുവിലെത്താ,ഞതതിൽനിന്നു ഭീതിയാം. 27

സാകാരബ്രഹ്മത്തിൽ നിഷ്ഠയുള്ളന്യരാം
യോഗികൾക്കീ നിർവികല്പസമാധിയിൽ,
പേടിയത്യന്തമാണെന്നു ചൊല്ലുന്നിതു
ഗൌഡപാദാചാര്യനാകും മഹായോഗി. 28

സാകാരാനുധ്യാനനിഷ്ഠക്കിയസ്പർശ-
യോഗാഖ്യമാം നിർവികല്പം ദുരാപമാം;
എന്തിതെന്നാലീയഭീതസമാധിയിൽ
സന്തതം പേടിക്കയാം ദ്വൈതദർശകർ. 29

ശ്രീഭഗവത്പൂജ്യപാദരും ദുസ്തർക്ക-
വൈഭവമുള്ളോരീ മാധ്യമികന്മാരെ
സത്തായചിന്ത്യമാമാത്മാവിനെപ്പിടി-
കിട്ടാതുഴന്നിട്ടും ഭ്രാന്തരെന്നോതുന്നു. 30

ഇച്ചൊന്നതാമസശീലരാം ബൌദ്ധരു-
മജ്ഞരെന്നാകിലും മൂർഖതഹേതുവായ്
വേദമവഗണിച്ചുഭ്യൂഹമൊന്നുതാൻ
പ്രാധാന്യമാക്കിയെത്തുന്നു നിരാത്മത. 31

ശൂന്യമുണ്ടായതായ് ചൊല്ലുന്നുവല്ലോനീ,
ചൊന്നാലുമായതു സത്തോടു ചേർന്നതോ,
സദ്രൂപമോ, രണ്ടുമിങ്ങു ശൂന്യത്തിനു
യുക്തമാകില്ലിഹ വ്യാഹതത്വത്തിനാൽ. 32

സൂര്യദേവൻ തമസ്സംയുക്തനുമന്ധ-
കാരസ്വരൂപനുമല്ല താനാവിധം,
സത്തിനും ശൂന്യത്തിനുമുള്ള വൈരുദ്ധ്യ-
മോർത്തിടുമ്പോൾ സ്ഥിതിശൂന്യത്തിനെങ്ങുചൊൽ? 33

വ്യോമാദികൾക്കിഹ മായയല്ലോ രൂപ-
നാമങ്ങൾ കല്പിച്ചിടുന്നു സുവ്യക്തമായ്;

ശൂന്യത്തിനും നാമരൂപങ്ങളവ്വിധം
തന്നെയെങ്കിൽച്ചിരം ജീവിച്ചിരിക്കുക! 34

സത്തിന്നു നാമവും രൂപവും രണ്ടുമേ
ഏത്തിനാൽ കല്പിതമെങ്കിലേതൊന്നിലാം?
ആധാരമെന്നിയെ നില്ക്കുന്നതാം ഭ്രമ-
മേതൊരു ദിക്കിലും കാണുന്നതുമില്ല. 35

സത്തുണ്ടായിരുന്നെന്നതിൽ ശബ്ദാർത്ഥ-
വ്യത്യാസമെങ്കിലതദ്വൈതഹാനിയാം;
ഭേദമില്ലെന്നാകിലുണ്ടാം പുനരുക്തി:
വാദമേ വേണ്ടിതു ലോകവഴക്കമാം. 36

ചെയ്യേണ്ടതു ചെയ്‌വൂ വാക്യം വചിക്കുന്നു,
ധാര്യം ധരിക്കുന്നിതേവം സജാതിയാം-
ചോദ്യോത്തരത്തിൽപ്പഴക്കമുള്ളാനോടു
സത്തുണ്ടാമെന്നവാക്യവും സാധുവാം. 37

കാലവിരഹത്തിൽ 'പണ്ടെ'ന്ന ശബ്ദവും
കാലസംസ്കാരിയാം ശിഷ്യനിൽ യുക്തമാം;
ആകയാലദ്വയബ്രഹ്മമാം വസ്തുവിൽ
ശങ്കയ്ക്കു രണ്ടാമതൊന്നില്ലറിയണം. 38

ചോദ്യമോ ചോദ്യത്തിനുത്തരമെന്നതോ
കർത്തവ്യമത്രേ വ്യവഹാരമെന്നതിൽ
പ്രശ്നോത്തരശൂന്യമദ്വൈത, മോരുകിൽ
ഭാഷയ്ക്കവിഷയതത്ത്വമാണോർക്കണം. 39

അപ്പോഴചഞ്ചലമായിഗ്ഗഭീരമായ്
ദീപ്തമായിത്തമസ്സിൻ മറവറ്റതായ്
സർവ്വഗമായ് രൂപമറ്റനിർവ്വാച്യമാം
സദ്വസ്തുവൊന്നിങ്ങു ശേഷിച്ചിരിപ്പതാം. 40

എന്നാൽ പരമാണുവോളം നശിക്കയാൽ
മന്നുതൊട്ടുള്ളവയില്ലാതെയായിടാം;
നിത്യമാം ദ്യോവിനു നാശമരുളുന്ന
ബുദ്ധിക്കവലംബമെന്തുതാ, നെങ്കിലോ, 41

ഒട്ടും ജഗദ്ബന്ധമില്ലാത്തതാം ദിവം
സ്പഷ്ടമായ് നിൻ ധീവിഷയമായെങ്ങനെ-

അമ്മട്ടിലാകാശഹീനമാം സത്തു
നിന്മതിക്കെന്തു വിഷയമാകാത്തതും? 42

വെട്ടമിരുട്ടിവ രണ്ടും ചേരാതെ ലോകവും
വിട്ടുനില്ക്കുംദ്യോവു കണ്ടെങ്കിലെങ്ങുവാൻ?
മാത്രമല്ലോരുകിൽ നിങ്ങടെ ബുദ്ധിയിൽ
പ്രത്യക്ഷവുമല്ല തെല്ലുമേ വ്യോമവും. 43

ഞങ്ങളാൽ നിശ്ചിതമായൊരു സദ്വസ്തു-
വിങ്ങനുഭൂതമാണെന്തുയും ശുദ്ധമായ്;
മൌനത്തിൽ ശൂന്യമാംധീയുമില്ലായ്കയാൽ
നൂനമതു ശൂന്യഭാവവു മല്ലതാൻ. 44

സത്തിനുസ്വപ്രഭയുണ്ടാകയാലതു
സിദ്ധമാകായ്കിലും ഹാനിയില്ലേതുമേ;
മാനസാദ്യവ്യാപാരസാക്ഷിയുമാകയാൽ
മാനുഷക്കാസത്തമാത്രം സുഗമമാം. 45

മാനസംവ്യാപാരമില്ലാതിരിക്കവെ
മൌനമാണെങ്ങനെ സാക്ഷിയിരുന്നുവോ,
സത്തുമതേവിധം മായാവിലാസങ്ങൾ
ദ്യോതിപ്പതിൻമുമ്പു മൌനമായ് നിന്നതേ. 46

തത്ത്വരഹിതവും കാര്യമായ് ഗ്രാഹ്യവു-
മത്രെയിസ്സദ്വസ്തു ശക്തിയാം മായയും;
തീയുടെ ശക്തിപോലാരാലുമെങ്ങുമേ
കാര്യാഗ്രവർത്തിയായ് ശക്തിയെത്തേറിടാ. 47

സത്തിനെഴും ശക്തിസദ്വസ്തുവാകില,
മൂർത്തിത്വമാർന്നിടാ വഹ്നിതൻ ശക്തിയും;
സത്തിന്നുശക്തി വിലക്ഷണമാവുകിൽ
ശക്തിതൻ രൂപവുമെന്തെന്നുരയ്ക്കുക? 48

ശൂന്യമത്രേ സദ്വിലക്ഷണമെങ്കിലോ
ശൂന്യമായ് മായതൻ കാര്യവുമുക്തമായ്;
എവ്വിധമാവുകിൽ ശൂന്യവും സത്തതു-
മാവില്ലതാവിധമുള്ളൊരുതത്ത്വമാം. 49

കല്പത്തിൽ സത്തുമസത്തുമായ് മായയ-
ങ്ങുത്ഭവിച്ചില്ലിരുട്ടായിരുന്നു തദാ;
സത്തോടു കല്പിതതാദാത്മ്യമെന്നിയേ
സത്ത്വം സ്വതേനാസ്തി തന്നിഷേധത്തിനാൽ. 50

അക്കാരണംകൊണ്ടു ശൂന്യത്തിനെന്നപോൽ
പാക്കില്ലമായയെ മറെറാരു തത്ത്വമായ്;
ലോകത്തു ചൈത്രനും തന്നുടെശക്തിക്കു-
മേകൈകസത്ത കുറിക്കമാറില്ലിഹ. 51

ശക്തിവൎദ്ധിക്കയാൽ ജീവിതംവായ്ക്കുകിൽ
ശക്തിയാവൃദ്ധിക്കു ഹേതുവായ്ത്തീൎന്നിടാ;
പിന്നെയോ യുദ്ധം കൃഷിമുതലായുള്ള
ഭിന്നവിധം ശക്തി കാൎയ്യവിധാനമാം. 52

സൎവ്വഥാ ശക്തിമാത്രത്തിനു തത്ത്വമായ്
കൈവരാ പ്രത്യേകമെങ്ങുമൊരാദരം;
ശക്തികാൎയ്യങ്ങളുമപ്പൊഴുണ്ടായീല,
തത്ത്വം ദ്വിതീയമായ് ശങ്കിപ്പതെങ്ങനെ? 53

എവ്വിധം ഭൂവിൽ കളിമണ്ണിൽ മാത്രമാ-
യാവസിപ്പൂ ഘടത്തിൻ ശക്തിയാവിധം
ആ ശക്തി പൂൎണ്ണമാം ബ്രഹ്മത്തിലില്ലാതെ-
യാശ്രയിക്കുന്നേകദേശത്തെ മാത്രമായ്. 54

സൎവ്വഭൂതങ്ങളും ബ്രഹ്മചതുൎത്ഥാംശ-
സേവാനിവൃത്തരാം ശേഷം സ്വയംപ്രഭാ;
ഈവിധം മായതന്നേകദേശസ്ഥിതി
സുവ്യക്തമായ് ശ്രുതി ഘോഷിച്ചിടുന്നതേ. 55

ഏകഭാഗത്താൽ പ്രപഞ്ചമടച്ചു ഞാൻ
നില്ക്കുന്നുവെന്നങ്ങു പാൎത്ഥനോടായ് ഹരി,
ലോകത്തിനേകദേശാംശസ്ഥിതിതന്നെ
വ്യക്തമായ് ചൊല്ലുന്നു ഗീതയിലും തഥാ. 56

അപ്പുരമാത്മാവു ഭൂമിസമസ്തവും
വ്യാപിച്ചുനില്ക്കുന്നു പത്തംഗുലം പരം;
ഈവിധം ബ്രഹ്മം പ്രപഞ്ചാധികനെന്നു
ശ്രീ വ്യാസസൂത്രവുമോതുന്നുവേദവും. 57

അംശമില്ലായ്കിലുമംശത്തെയാരോപി-
ച്ചംശനമാകയ്ക്കോയെന്നു ചോദിപ്പോനിൽ
സാൎദ്രയായ് ശ്രോതൃഹിതൈഷിണിയാംശ്രുതി
ചോദ്യഭാഷയ്ക്കൊത്തൊരുത്തരമേകയാം. 58

ചിത്രത്തിലുള്ള നിറങ്ങൾ വിവിധമാം-
ചിത്രത്തെ ഭിത്തിയിൽ കല്പിക്കുമാവിധം,
സദ്വസ്തുവിൽ പററിനില്ക്കുന്നതാം ശക്തി
സത്തതിൽ കല്പിപ്പു കാര്യം ബഹുവിധം. 59

ആ ശക്തിയിൽ വ്യോമമാദ്യവികാരമാം,
തത്സ്വരൂപമവകാശവുമായിടും;
ആകാശമുണ്ടെന്ന ചൊല്ലതിൽ സത്ഭാവ-
മാകാശമെന്നതിൽ ചെയ്യുന്നനുവൃത്തി. 60

സദ്വസ്തുവേകസ്വഭാവിയും , വ്യോമമൊ
പാർത്താൽ ദ്വിതയ സ്വഭാവമിയന്നതും;
സത്തിലിടമില്ലയെന്നാൽ ഗഗനത്തിൽ
സത്തയുമുണ്ടവകാശവുമുണ്ടിഹ. 61

അല്ലായ്കി,ലാനഭസ്സിൻ ഗുണം മാററൊലി-
യില്ലതു കാണുവാൻ സദ്വസ്തുതങ്കലെ;
ദ്യോവതിൽ കണ്ടിടാം സത്തയും ശബ്ദവു-
മേവം സദേകം ദ്വിഗുണകം വ്യോമവും. 62

ഏതൊരു ശ്ക്തികല്പിച്ചുവിയ,ത്തതു
സത്തിനും ദ്യോവിനും ചേർത്തിട്ടഭിന്നത,
ധർമ്മധർമ്മിസ്വഭാവങ്ങളേററം രസ-
മാർമ്മാറു കല്പനംചെയ്യുംവിപക്ഷമായ്. 63

സത്തതിനാകാശഭാവം ഭവിച്ചതു
മാററിയിട്ടാസത്തയാകാശധർമ്മമായ്,-
ചൊല്ലുന്നു ലോകരും താർക്കികവൃന്ദവും
നല്ലതാമായതു മായയ്ക്കു പാർക്കുകിൽ. 64

ഏതൊരു വസ്തുവിൻ ഭാവവും നല്ലപോൽ
ദ്യോതിപ്പതുതൽപ്രമാണപ്രകാരമാം;
അന്യമായ് കാണ്മതു ഭ്രാന്തിനിമിത്തമാ-
മീന്യായമാർക്കുമേ സമ്മതംതന്നെയാം. 65

ഈവിധം ശ്രുത്യർത്ഥചിന്തയ്ക്കുമുന്നമാ-
യെവ്വിധമേതൊരു വസ്തുതോന്നുന്നുവോ,
അത്തോന്നലങ്ങുപോം ശ്രുത്യർത്ഥചിന്തയാ-
ലിത്തരം ചിന്ത്യമാം ദ്യോവിനെപ്പററിയും. 66

ശബ്ദഭേദത്താൽ ദിവം സത്തിവ ഭിന്നം
ബുദ്ധിയിലുമവ രണ്ടെന്നു തോന്നിടും;
ഉണ്ടെന്നതാം സദനുവൃത്തിവായ്വാദി-
കൾ,ണ്ടംബരമനുവൎത്തിപ്പതുമില്ല. 67

സദ്വസ്തുവിന്നഭിവ്യാപ്തി നിമിത്തമായ്
വൎത്തിപ്പു ധൎമ്മിയായംബരം ധൎമ്മമായ്;
ബുദ്ധിയാൽസത്തിൽ നിന്നാകാശമൊററയായ്
പാൎത്താലതെങ്ങനെയാമെന്നു ചൊല്ലുക? 68

സിദ്ധിച്ച രൂപമവകാശമാവുകിൽ
മിഥ്യയാമായതെന്നങ്ങുനണ്ണീട്ടുക;
സത്തീന്നുഭിന്ന, മസത്തുമല്ലെന്നുതാ-
നുക്തമാകിൽ വരും വ്യാഹതി നിശ്ചയം. 69

ഭാസിക്കിലായതു ഭാസിച്ചുകൊള്ളട്ടെ,
ഭൂഷണംതന്നെയാം മായാജനിക്കതു്;
യാതൊന്നു മിഥ്യയായ്തന്നെയിരിക്കിലും
ദ്യോതിക്കുമായതു സ്വപ്നഗജാദിപോൽ. 70

ജാതിയും വ്യക്തിയും ദേഹിയും ദേഹവു-
മേതുവിധം ഗുണം ദ്രവ്യവും ഭിന്നമോ,
അവിധം ദ്യോവിനും സത്തിനും ഭിന്നത
കൈവരുമെന്നതിലാശ്ചൎയ്യമെന്തുവാൻ? 71

ഭേദം ഗ്രഹിക്കിലും ചിത്തത്തിനു ദാർഢ്യ-
മേതുമില്ലെന്നാകിൽ കാരണമെന്തുവാൻ?
ഐകാഗ്ര്യഹാനിയൊ സംശയാപാതമോ,
വൈകാതെ ചൊല്ലുകിലേകാം പ്രതിവിധി. 72

ധ്യാനത്തിനാലുള്ളുറപ്പിച്ചുവെങ്കിലോ
ന്യൂനമായ്ത്തീൎന്നിടുമാദ്യദോഷം തുലോം;
മറേറതു യുക്തിപ്രമാണങ്ങൾകൊണ്ടുസം-
ശോധിക്കണം ഭേദമപ്പോളുറച്ചിടും. 73

ധ്യാനം പ്രമാണം തഥാ യുക്തിയുംകൊണ്ടു
നന്നായ് വിയത്സത്തുകൾക്കുള്ളൊരു ഭേദം
ബോധിക്കിലംബരം സത്യമല്ലാതെയും
ഛിദ്രത സത്തിനില്ലാതെയും കണ്ടിടാം. 74

സത്തും നഭസ്സും വിവേചനം ചെയ്തൊരു
വിദ്വാനതത്ത്വമായ് വ്യോമം വിളങ്ങിടും;
അച്ഛിദ്രമാണു സദ്വസ്തുവെന്നുള്ളതും
നിശ്ചയമായിദ്ധരിച്ചീടുമായവൻ. 75

ആ വാസന വൃദ്ധിപ്രാപിച്ചിടുംപോതു
ദ്യോവിനു സത്യത്വമോതുന്നവനെയും
സദ്വസ്തുവെയറിഞ്ഞീടാത്തവനെയും
പാർത്തിടും ജ്ഞാനവാനുണ്ടാകുമത്ഭുതം. 76

ഈവിധം ദ്യോവതു മിഥ്യയും സത്തതു
കേവലം സത്യവുമെന്നങ്ങുറയ്ക്കവെ,
ഈ ന്യായമാർഗ്ഗമായ് വായ്വാദിയെ നീക്കി
നന്നായ് വിവേചിച്ചു ബോധിക്കസത്തിനെ. 77

അംശഹീനം സത്തിലേകഭാഗം മായ-
യാശ്രയിക്ക,ന്നതിലേകാംശമാദിവം;
മാരുതനായതിലേകദേശസ്ഥിത-
മോരുകീ കല്പനമന്യഭൂതത്തിലും. 78

സ്പർശശോഷങ്ങൾ ഗതിവേഗമെന്നിവ-
യാശുഗധർമ്മങ്ങളെന്നുമറിയണം;
സത്തിനും മായാവിയത്തുകൾക്കുമുള്ള
സ്വന്തഗുണങ്ങളും മൂന്നുണ്ടു വായുവിൽ. 79

വായുവുണ്ടെന്നതു സത്തിൻെറ ഭാവമാ-
ണായതു സത്തിന്നകററവെ, മിഥ്യയാം;
മായാസ്വഭാവമാണായതും, തത്സ്വന-
മായത്തമാണതു വ്യോമമുഖാന്തരം. 80

സത്തിന്നനുവൃത്തിയെല്ലാററിലുമുണ്ടെ-
ന്നുക്തമായ് മുമ്പതാദ്യോവിനില്ലെന്നുമെ;
എന്നാലനുവൃത്തിയിപ്പോൾ വചിപ്പതു
ചൊന്നാലുമെങ്ങനെ വ്യാഹതമായിടാ? 81

ആകാശരൂപമാം ചരിത്രത്തിനു വ്യാപ്തി-
യാകെ നിഷേധിച്ചു ചൊന്നതാം മുന്നമെ;
ഇപ്പൊഴാ ശബ്ദാനുവൃത്തിതാനുക്തമാ-
യിബ്ഭാഷണംതന്നിലെങ്ങുവാൻ വ്യാഹതി? 82

എന്നാൽ, മരുത്തിനെസ്സത്തിന്നുവേറാക്കി-
യെന്നാലസത്തായ്‌വരുന്നാകിലപ്പൊഴെ
അവ്യക്തമായാവിലക്ഷണതത്വത്തിനാൽ
മായാമയം വായു, വല്ലായ്കിലെന്തുവാൻ? 83

വേദാന്തവിദ്യയിൽ തത്വമല്ലെന്നതു
മാത്രമാം മായാമയത്തിന്നു കാരണം;
തത്വമല്ലെന്നതും വ്യക്തമവ്യക്തമായ്-
ഭേദിച്ച ശക്തികാര്യങ്ങളിൽ തുല്യമാം. 84

സത്തിനസത്തിനും തമ്മിൽ വിവേചനം
പ്രസ്തുതമാകയാലായതു ചിന്ത്യമാം;
മിഥ്യതൻ മുഖ്യേതരഭേദചിന്തനം
വ്യർത്ഥമാ,ണെന്തിങ്ങതിനാൽ പ്രയോജനം? 85

വായുവിലേ സദംശം ബ്രഹ്മവും ശിഷ്ട-
മായ വാതം മിഥ്യയാം നഭസ്സെന്നപോൽ,
വായുവിൻ മിഥ്യാത്വമെപ്പൊഴും ചിന്തചെ-
യ്തായതുസത്യമെന്നാം ഭ്രമംതള്ളണം. 86

ഈവിധംവായുവിന്നേകദേശസ്ഥമായ്
പാവകൻതന്നെയും ചിന്തിച്ചുകൊള്ളുക;
ഇമ്മട്ടിലേററക്കുറവുകൾ കണ്ടിടാം
ബ്രഹ്മാണ്ഡമായതിന്നാവരണങ്ങളിൽ. 87

വായുവിൽപത്താംശഹീനമാമഗ്നിയും
വായുവിൽകല്പിതമേവം ദശാംശത്തെ-
ക്കൊണ്ടുള്ളഭേദമിപ്പഞ്ചഭൂതങ്ങളി-
ലുണ്ടെന്നുചൊല്ലുന്നിതു പുരാണങ്ങളിൽ. 88

അഗ്നിക്കു ചൂടുണ്ടു ദീപ്തിസ്വരൂപവും
ലഗ്നമാണായതിൽ മുൻഗാമിധർമ്മങ്ങൾ:
ഉണ്മസദംശമാം, മിഥ്യയോ മായികം,
വ്യോമവായുക്കളാൽ ശബ്ദവും സ്പർശവും. 89

സന്മായകൾ വ്യോമവായുക്കളെന്നിവ-
തമ്മുടെ ലേശങ്ങളൊത്തൊരുവഹ്നിതൻ
സ്വന്തഗുണംരൂപമാണതിൽസത്തിനെ
സന്ത്യജിച്ചിട്ടിതരങ്ങളെയോൎക്കണം. 90

സത്തീന്നുവഹ്നിയെ വേറാക്കിയിട്ടതിൻ
മിഥ്യാത്വനിശ്ചയമുണ്ടായിട്ടംപൊഴെ
പത്തുഭാഗം ന്യൂനമായിരിക്കുംജല-
മോത്താലുമഗ്നിയിൽ കല്പിതമെന്നതും. 91

മററുധർമ്മങ്ങൾ സമാശ്രയിക്കും ജലം
തത്ത്വമല്ലാത്തതായ്, ശബ്ദവം സ്പർശവും
രൂപവുമുള്ളതായ്, സ്വീയഗുണംരസം
സംപൂരണംചെയ്ത രാജിപ്പുസത്തിനാൽ. 92

സത്തിൽനിന്നുംജലം വേറാക്കിയായതിൻ-
മിഥ്യാത്വനിർണ്ണയം ചെയ്തോരനന്തരം,
അംബുവിൽകല്പിതമായിട്ടും ഭൂമിയും
ചെമ്മേ ദശാംശരഹിതയെന്നോക്കണം. 93

നിസ്തത്വമാം ഭൂവിലന്യമാം ഭൂതങ്ങ-
ളേന്തിട്ടും ശബ്ദാദിനാലുഗുണങ്ങളും
സ്വന്തമാംഗന്ധവുമേവം ഗുണമാന്ന്
ധാത്രിയെ സത്തീന്നു്വേറാക്കിനോക്കണം. 94

സത്തീന്നുവേറാക്കിയാലവശേഷിപ്പു
ധാത്രിയും മിഥ്യാസ്വരൂപിണിമാത്രമായ്;
ധാത്ര്യന്തരത്തിലെ ബ്രഹ്മാണ്ഡമെന്നതു
ധാത്രിതൻപത്തംശഹീനമാണോക്കണം. 95

ബ്രഹ്മാണ്ഡമണ്ഡലമദ്ധ്യപ്രദേശത്തു
നിർമ്മിതമാണപതിന്നാലുലോകവും;
ചാലവെയീയുലകങ്ങളിൽ പ്രാണികൾ
മാലേതുമേലാതെമേളിച്ചുമേവുന്നു. 96

ബ്രഹ്മാണ്ഡലോകവപുസ്സുകളെന്നവ-
തമ്മുടയധിഷ്ഠാനസത്തിൻ വിയുക്തിയിൽ
മിഥ്യയാമണ്ഡാദിലാലസിക്കട്ടെ, യെ-
ന്തദ്വൈതഹാനി,യവററ ഭാനിക്കിലും? 97

ഭൂതഭൌതികങ്ങൾ മായയിവററതൻ
മിഥ്യാത്വമുള്ളിൽ ശരിയായുറയ്ക്കുകിൽ
സദ്വസ്തുവദ്വൈതമെന്നമതിക്കിഹ
വ്യത്യയമുണ്ടാകയില്ലൊരുകാലവും. 98

അദ്വൈതസത്തയതിൽനിന്നു ഭൂമ്യാദി
മൂൎത്തിമദ്ദ്വൈതം പൃഥക്കരിച്ചീടവെ,
തത്തൽപ്പദാൎത്ഥപ്രവൃത്തികളെങ്ങനെ
പാൎത്തലത്തിൽ കാണ്മതമ്മട്ടിരുന്നിടും. 99

സാംഖ്യകാണാദരും ബൌദ്ധരുമെന്നിവർ
ലോകഭേദങ്ങളേതേതു മട്ടൊക്കെയും
യുക്തിയനേകമായ് കൈക്കൊണ്ടുകല്പിക്കു-
മക്കണക്കാകെയിദ്വൈതത്തിലെത്തിടാം. 100

തൎക്കമേററോരന്യതാൎക്കികമുഖ്യരാൽ
ധിക്കൃതം സത്തിൻെറയദ്വൈതലക്ഷണം;
ഏവമവൎക്കേഴും ദ്വൈതവും നിന്ദ്യമായ്
ഭാവിപ്പതിൽഹാനി ഞങ്ങൾക്കുമെന്തുവാൻ? 101

ദ്വൈതാവധീരണം നന്നായുറച്ചെങ്കി-
ലദ്വൈതബുദ്ധിക്കു ദാൎഢ്യമുണ്ടായിടും;
തൽസ്ഥിരഭാവത്തിലിപ്പുമാൻ ജീവിക്കെ
മുക്തിലഭിച്ചവനെന്നു ചൊല്ലുന്നിതു. 102

പാൎത്ഥ, യിമ്മട്ടിലാം ബ്രഹ്മരൂപസ്ഥിതി,
ഇസ്ഥിതിനേടിയോനില്ലവിമോഹവും;
അന്ത്യകാലത്തുമേ തന്നിഷ്ഠനാകിലൊ
സ്വന്തമാം ബ്രഹ്മപദം പൂകുമായവൻ. 103

സത്താമദ്വൈതമസ്ദ്വൈതമീരണ്ടി-
ലെത്തുമന്യോന്യൈക്യബോധമേതൊന്നുതാൻ
ആയതിന്നന്ത്യമാം കാലമാരണ്ടിനു-
ണ്ടായിടും ഭേദധീതന്നെ, മറെറാന്നല്ല. 104

അല്ലെങ്കി,ലന്തകാലത്തിനൎത്ഥം, ഖ്യാതി-
മൂലമായ് പ്രാണവിയോഗമെന്നാവട്ടെ;
അക്കാലമേപോയതാം ദ്വൈതവിഭ്രമം
പിൽക്കാലമാഗമിക്കെന്നതുണ്ടായിടാ. 105

ദ്വൈതഭ്രമംവിട്ടസന്മതിയായവൻ
മൃത്യുവിൽ സ്വസ്ഥനായാസനംപൂകിയൊ
വ്യാധിയാൽമുഗ്ദ്ധനായ്, ഭൂവിലുരുണ്ടുമോ
സത്വം ത്യജിക്കിലും ഭ്രാന്തിനിൎമ്മുക്തനാം. 106

നിത്യം പഠിപ്പതുസ്വപ്നസുഷുപ്തികളാൽ
ലുപ്തസ്മൃതിയടഞ്ഞാലുമട്ടത്തനാം
ശിക്ഷചെയ്യാത്തവനല്ലാത്തതെവ്വിധ-
മക്ഷണക്കദ്വൈതബോധവും വിട്ടിടാ. 107

സൽപ്രമാണോൽഭൂതമാകുന്നതാം വിദ്യ
ലോപിച്ചിടാപ്രബലപ്രമാണംവിനാ
വേദാന്തദശ്നത്തേക്കാൾ പ്രബലമാം
ഖേദംകെട്ടക്കം പ്രമാണേതരമില്ല. 108

ആകയാൽ വേദാന്തസിദ്ധമാം സദ്രൂപ-
മാകുവോരദ്വൈതമേതുമബാധ്യമാം;
ഇമ്മട്ടുദേഹാന്തകാലത്തിലും ഭൂത-
സംബന്ധിയാമറിവേകുന്നു നിർവൃതി. 109

ശുഭം.

---

ഓം

## പഞ്ചകോശവിവേകം

### പ്രകരണം 3.

യാതൊരുബ്രഹ്മം ഗുഹാഗുപ്തമാമതു
ജ്ഞാതമാം പഞ്ചകോശവിവേകത്തിനാൽ;
ആകയാൽ തൈത്തരീയശ്രുതിയാധാര-
മാക്കിനിരൂപണംചെയ്തിടുവേനിനി. 1

പ്രാണനീ ദേഹത്തിനുള്ളിലിരിക്കയാം,
പ്രാണൻെറയുള്ളിലിരിക്കുന്നു മാനസം,
ഏത്തിലാം കത്താവുവിജ്ഞാനരൂപനും
ഭോക്താവുസൌഖ്യസ്വരൂപൻ തദന്തരം;
അന്നാദികോശപരമ്പരയെത്തഥാ
ചൊന്നിടുന്നു ഗുഹാശബ്ദമായീവിധം. 2

മാതാപിതാക്കളിൽ നിന്നന്നവീൎയ്യംകൊ-
ണ്ടുൽഭൂതമായന്നപുഷ്ടമാമിത്തനു,
അന്നമയം, മുമ്പുപിമ്പുമില്ലായ്കയാൽ-
ത്തന്നെയാത്മാവല്ലതെന്നങ്ങറിയണം. 3

പൂൎവ്വജന്മത്തിലസത്തായിട്ടുന്നമെ–
ന്തെവ്വിധമിജ്ജന്മമാൎജ്ജിച്ചിട്ടുന്നിതു?
ഭാവിജന്മത്തസത്തായതീജന്മത്തു
താവിട്ടും കൎമ്മഫലം ഭുജിക്കാ ദൃഢം. 4

യാതൊന്നുദേഹം നിറഞ്ഞുബലംനൽകി–
യിന്ദ്രിയൌഘത്തെ നയിക്കുമാ വായുവോ,
പ്രാണമയകോശമാണതാത്മാവല്ല,
കാണാവതല്ലതിൽ സ്വാന്തമായ് ചേതന 5

യാതൊന്നുമെയ്യിലഹംകാരവും നില–
യാദിയിലാചരിക്കുന്നു മമത്വവും,
കോശമാത്മാവല്ല ചേതോമയമാണ–
താശാദ്യവസ്ഥയാൽ ചഞ്ചലിക്കുന്നിതു. 6

ചിച്ഛായചേൎന്നധീനിദ്രതന്നിൽ വില–
യിച്ചു നഖാഗ്രം ചരിച്ചുജാഗര്യയിൽ
മെയ്യിലഭിവ്യാപ്തിചെയ്തിട്ടും വിജ്ഞാന–
മായുള്ള കോശവുമാത്മാവതായിടാ. 7

അന്തരംഗംചെയ്തിട്ടുന്നിതു വിക്രിയ
കൎത്തൃകരണങ്ങളായ ഭാവങ്ങളിൽ;
വിജ്ഞാനവും മനസ്സും താനവരണ്ടും:
പ്രജ്ഞയതുള്ളിലും, ചിത്തംപുറത്തുമാം. 8

പുണ്യാനുഭൂതിയിലന്തൎമ്മുഖമായി
വൎണ്ണനയ്ക്കാവാത്തതായിട്ടും ധീവൃത്തി,
ആത്മസുഖചരായപൂണ്ടുനിദ്രാരൂപ–
മാലയിപ്പൂപുണ്യഭുക്തിക്കനന്തരം. 9

വല്ലപ്പൊഴും മാത്രമാസ്വാദ്യമാകയാ–
ലാത്മാവിതാനന്ദകോശവുമായിടാ;
ആനന്ദഹേതുവാം ബിംബമേതൊന്നതു
തന്നെയാണാത്മാവു, നിത്യവുംനില്ക്കയാൽ. 10

എന്നാൽത്തനുമുതൽനിദ്രാസുഖംവരെ
ചൊന്നതാംവസ്തുക്കളേതെങ്കിലുമൊന്നിൽ,
ആത്മത്വമുണ്ടാകവേണ്ട, യെന്നാകിലും
തദ്ഭിന്നമൊന്നനുഭൂതമില്ലന്യമായ്. 11

KOTTAYAM PUBLIC LIBRARY
130448
KOTTAYAM

വാസ്തവം, നിദ്രാസുഖാദിയെല്ലാമനു-
ഭൂത, മിതരാനുഭൂതിയില്ലേതുമേ;
എന്നാലുമീവകയെല്ലാമനുഭവി-
ക്കുന്നതില്ലാത്തതെന്നാക്ക് കഥിച്ചിടാം? 12

സ്വാഭാവികമായതാനുഭവൈകമാം-
രൂപമാണാകയാലില്ലനുഭാവ്യത;
വേറില്ലതിനൊരുജ്ഞാനിയും ജ്ഞാനവും
കൂറുവാ, നജ്ഞേയ, മില്ലായ്കയാലല്ല. 13

സ്വാദുതാദിഗുണം പൂണ്ടിതരങ്ങളിൽ
സ്വന്തഗുണാപ്പണം ചെയ്യുമവററിന്നു
തങ്ങൾക്കകമവയപ്പിക്കവേണ്ടില
തങ്ങളിലപ്പിക്കുമന്യവുമില്ലതാൻ. 14

അപ്പിക്കുവാനന്യവസ്തുവില്ലെങ്കിലും
സ്വാഭാവികമാണവയ്ക്കാഗുണങ്ങളും;
ജ്ഞാനവിഷയത്വമേവമില്ലെങ്കിലും
ജ്ഞാനസ്വരൂപതയാത്മാവിയന്നിടും. 15

ആത്മാവിവൻസ്വപ്രകാശകരൂപനാം,
തന്മഹസ്സേതിനും മുമ്പേ വിലസുന്നു;
ഭാസിച്ചിരിക്കുമവനെയനുസരി-
ച്ചാശോഭകൊണ്ടീയുലകം പ്രകാശിതം. 16

ഈദൃശ്യമോരുവോനാരവനേയിന്നു
വേദിക്കുവാനാക്ക് ശക്യമന്യത്തിനാൽ
ജ്ഞാനൈകസാധനമാകും മനംകൊണ്ടു
ജ്ഞാനവിഷയമറികെന്നതേവരു. 17

ആയവനാവേദ്യമെല്ലാമറിയുന്നി-
തായവനെത്തേറുവാനില്ലൊരന്യനും
'ജ്ഞാതമജ്ഞാതവുമായുള്ളതിൽനിന്നു
ഭേദിച്ചബോധമാണായതിന്നാകൃതി'. 18

ബോധമുണ്ടാകിലും യാതൊരുമന്ദനു
ബോധാനുഭൂതിവരില്ലൊരുവണ്ണവും;
അങ്ങനെയുള്ളതാം മത്ത്യമൺകട്ടയെ-
യെങ്ങനെ ശാസ്ത്രസാരം ധരിപ്പിച്ചിടും! 19

നാവെനിക്കുണ്ടോ, അതില്ലയോയെന്നവാ–
ക്കെവ്വിധം ലജ്ജാകരമാണതേവിധം
ബോധമെന്നാൽ ബുദ്ധ്യമാകയി,ല്ലിന്നിമേൽ
ബോധനീയംതന്നെയെന്നുള്ള ഭാഷണം. 20

ലോകത്തിലേതതിലുണ്ടാമവബോധ–
മക്കാര്യമോരോന്നനാദരിച്ചീടവെ,
നിത്യമെങ്ങും ബോധമാത്രമായ് നിന്നിട്ടും
വസ്തുതാൻ ബ്രഹ്മ,മിദ്ധീ ബ്രഹ്മബോധമാം. 21

പഞ്ചകോശത്തിൻ ജഡതാമുറയ്ക്കവെ–
യഞ്ചിനും ശേഷിച്ച സാക്ഷിബോധംതന്നെ,
തന്നുടെ രൂപമാം ബ്രഹ്മമാ,ണാകയാ–
ലെന്നുമെ ദുസ്സാധമായതിൻ ശൂന്യത. 22

ഞാനെന്നു ചൊന്നിട്ടും സ്വസ്വരൂപം തദാ
കാണാവിവാദാത്ഥ, മാകയാലുള്ളതാം;
തന്നിലുമുണ്ടാം വിവാദമെന്നാ, ലിതിൽ
ചെന്നിടാനാരു പ്രതിവാദിയായൊരാൾ? 23

താനില്ലയെന്നതു വിഭ്രമമെന്നിയെ
നൂനം രുചിച്ചിടുവോന്നല്ലതാക്കുമേ;
അകയാൽത്തന്നെയസത്വവാദിക്കിഹ
വ്യാഘാതമോതുന്നു വേദമറിയണം. 24

ബ്രഹ്മമില്ലെന്നറിയുന്നവനുണ്ടെങ്കി–
ലമ്മട്ടറിഞ്ഞോനുമില്ലാതെയാം സ്വയം;
അകയാലായതു ബോധിക്ക വേണ്ടീല,
സ്വീകരിച്ചാൽ മതി തന്നുടെ സത്തയെ. 25

എന്നാകിലാത്മാവതേതൊരുമാതിരി–
യെന്നു ചോദിക്കിലില്ലിന്നപോലെന്നതിൽ;
ഈവിധമാവിധമെന്നതില്ലാത്തതാ–
മാവസ്തുവേതൊന്നതാണതിന്നാകൃതി. 26

അക്ഷലക്ഷ്യം വസ്തുവിമ്മട്ടിലെന്നുമ–
ലക്ഷ്യമായുള്ളതമ്മട്ടെന്നുമോതിടും;
ജ്ഞാനമാമാത്മാവഗമ്യനക്ഷങ്ങളാ–
ലെന്നാൽ പരോക്ഷനല്ലാത്മത മൂലമായ്. 27

വേദ്യമല്ലെന്നാൽ പരോക്ഷനമായിടാ,
ശുദ്ധമാമാത്മാവതാകയാൽ സ്വപ്രഭൻ;
സത്യവും ജ്ഞാനമനന്തവുമായ് ശ്രുതി-
കീർത്തിതബ്രഹ്മാങ്കമാത്മാവിലുള്ളതാം. 28

നാശമില്ലായ്മയാം സത്യചിഹ്നം, ലോക-
നാശൈകസാക്ഷിയാമാത്മാവുതൻ ക്ഷയം
പേശുവാൻ സാക്ഷിയായാരുണ്ടു? നാശമൊ
സാക്ഷിയില്ലാത്തതാമെങ്കിൽഗ്ഗണിച്ചിടാ. 29

മൂർത്തവസ്തുക്കളെ നീക്കുകിൽ, നിശ്ചയം
മൂർത്തമില്ലാദ്ദ്യോവു ശേഷിക്കുമാവിധം
ബാധയോഗ്യങ്ങളാം ദേഹാദിനീക്കവേ-
യന്ത്യമായ്ശേഷിക്കുമായതാത്മാവുതാൻ. 30

എല്ലാമകററവെയൊന്നുമേശേഷിപ്പ-
തില്ലയെന്നുള്ളതാണാത്മാവു പാർക്കുകിൽ;
സാക്ഷിയാമാത്മാവിലില്ലയുണ്ടെന്നുള്ള
വാക്കിലാം ഭേദ, മാസാക്ഷി നില്പൂ സദാ. 31

ആകയാലായിവനല്ലയല്ലെന്നുള്ള-
വാഗ്രൂപനായ് ശ്രുതിചൊൽവിതാത്മാവിനെ;
വ്യാവൃത്തിമാർഗ്ഗമായ് ത്യാജ്യം ത്യജിച്ചിട്ടു
കേവലാത്മാവവശിഷ്ടമായീടുമേ. 32

ഇക്കാണുമാകൃതിഭേദമെതെത്രയു-
മാകിലും ശക്യമാം സർവം വെടിയുവാൻ;
എന്നാലിതെന്നൊരു രൂപമററാത്മാവു
പോന്നിടാ ത്യാജ്യനായ് ബാധാവിവർജ്ജിതൻ. 33

ബ്രഹ്മത്തിലുക്തമാം സത്യതയാത്മാവി-
ലിമ്മട്ടുസിദ്ധമായ്, 'സ്വാനുഭവംതന്നെ
രൂപമതാകയാ'ലിത്തരം ചൊല്ലിനാൻ
മുമ്പെ താൻ ജ്ഞാനത ചൊന്നതാം സ്പഷ്ടമായ്. 34

'വ്യാപി'യെന്നാകയാൽ ദേശസീമയ്ക്കുമെ
ചെപ്പിതു 'നിത്യത' കാലത്തിനുമന്തം;
'സർവാത്മഭാവ'മൊ വസ്തുസീമാന്തവും,
മൂവിധമാനന്ത്യമുള്ളതാം ബ്രഹ്മവും 35

കാലദേശങ്ങളാമന്യവസ്തുക്കൾക്കു
മൂലമമ്മായയാണെന്നതുമാകയാൽ,
കാലാദിയാൽ സീമ ചിത്തിനില്ലായ്കയാൽ
ചേലിൽ പ്രകടമായ് ബ്രഹ്മനിസ്സീമത. 36

സത്യവും ജ്ഞാനമനന്തവുമാം ബ്രഹ്മ-
വസ്തുവല്ലോ പരമാത്മമായുള്ളതും;
ആയതിൽ ജീവേശഭാവദ്വിതയങ്ങൾ
മായയാൽ കല്പിതമാം രണ്ടുപാധികൾ. 37

സൎവ്വനിയാമകമായ്, നിരൂപിക്കുവാ-
നാവാത്തൊരൈശ്വരശക്തിയുണ്ടോതിടാം-
എന്നുമാനന്ദമയാദിസൎവ്വത്തിലു-
മൊന്നൊഴിയാതതിരിക്കുന്നു ശുദ്ധമായ്. 38

ശക്തിയാലെപ്പോഴോ വസ്തുധൎമ്മങ്ങൾ നി-
യന്ത്രിതമാവുകില്ലപ്പോഴാധൎമ്മവും
സാങ്കൎയ്യഹേതുവാൽവിശ്വം, സുനിശ്ചയം
സങ്കുലഭാവമിയന്നു കാണാവതാം. 39

ആ ശക്തി ചിച്ഛായതൻ നിവേശത്തിനാൽ
ഭാസുരമാകുന്നു ചൈതന്യമുള്ളപോൽ;
ആ ശക്തിയായൊരുപാധിതൻ ചേൎച്ചയാ-
ലീശ്വരഭാവമടഞ്ഞിടും ബ്രഹ്മവും. 40

കോശങ്ങളാകുമുപാധികൾ തമ്മെ വി-
മൎശിക്കവേ ബ്രഹ്മമായ്വരും ജീവനും;
ഏതുവിധമൊരാൾ പുത്രപൌത്രന്മാൎക്കു
താതൻ പിതാമഹൻ താനുമാണാവിധം. 41

പുത്രാദി ചിന്തയില്ലായ്കിലോ നാസ്തിയാം
താതപിതാമഹന്മാരെന്നപോലവെ,
ശക്തികോശങ്ങൾ വിവക്ഷിച്ചിടായ്കിലൊ
നാസ്തിതാനീശനും ജീവനുമോൎക്കണം. 42

ഏതവൻ ബ്രഹ്മത്തെയീമട്ടറിയുന്നു,
വാദമില്ലായവൻ ബ്രഹ്മമാകും സ്വയം;
ബ്രഹ്മത്തിനുജന്മമില്ലെന്നകാരണം
ജന്മം പുനരിങ്ങിവനുമുണ്ടായിടാ. 43

ശുഭം.

ഓം.

# ദ്വൈതവിവേകം.

## പ്രകരണം 4.

(കേക)

ഈശ്വരസൃഷ്ടമായും ജീവനാൽസൃഷ്ടമായും
പേശിടും ദ്വൈതം രണ്ടും വിവേചിച്ചിടുന്നിപ്പോൾ;
വിവേകം സിദ്ധമായാൽ ജീവനാൽ പരിത്യാജ്യ-
മായ്വരും ദ്വൈതബന്ധം വ്യക്തമായ്വരുന്നതാം. 1

മായയെയെന്നാൽ, ബോധിച്ചീടണം പ്രകൃതിയായ്,
മായോപാധികനെന്നായ് മഹേശ്വരനേയുമേ;
ആ മായിയാമീശ്വരൻ സൃഷ്ടിപ്പൂ ജഗത്തെന്നു
സമ്മതിക്കുന്നു ശ്വേതാശ്വതരോപനിഷത്തിൽ. 2

സൃഷ്ടിക്കുമുമ്പീ വിശ്വമാത്മാവായ്ത്തന്നിരുന്നു,
സൃഷ്ടിക്കവേനെന്നീക്ഷിച്ചീശനീലോകങ്ങളെ
സൃഷ്ടിച്ചു സംകല്പത്താലെന്നല്ലോ ചൊല്ലീടുന്നു
ശിഷ്ടരാമൃക്ശാഖികളൈതരേയശ്രുതിയിൽ. 3

ആകാശം വായു വഹ്നി ജലവും ധരിത്രിയും
ശാകമന്നവും ദേഹം ക്രമത്താലിവയെല്ലാം
ആ ബ്രഹ്മമാമീയാത്മാവിങ്കൽ നിന്നുണ്ടായതാ-
യാബോധിപ്പൂ സൂക്തമൊന്നിനാൽ തൈത്തരീയവും. 4

ഞാനേകനനേകമായ്ഭവിപ്പേൻതന്നിമിത്തം
ഞാൻ പ്രകർഷാൽ ജനിപ്പേനെന്ന സംകല്പത്താലെ
പര്യാലോചിച്ചു സർവ്വലോകവും സൃഷ്ടിചെയ്തെ-
ന്നോതുന്നുതിത്തിരിയിൽ മറെറാരു സൂക്തത്താലും. 5

സൃഷ്ടിക്കുമുമ്പുവിശ്വം സന്മാത്രമായിരുന്നു
ശിഷ്ടമാംസത്തീക്ഷിച്ചിതനേകമായ്ബ്ഭവിപ്പാൻ
അഗ്നിയും ജലമന്നമണ്ഡജാദിയും സൃഷ്ടി-
ച്ചെന്നുരചെയ്തീടുന്നു സാമവേദജ്ഞന്മാരും. 6

എങ്ങനെതീയ്യിൽനിന്നുപൊരികളുണ്ടാകുന്നി-
തങ്ങനെയക്ഷരമാം പരബ്രഹ്മത്തിൽനിന്നു
നാനാപ്രകാരങ്ങളാം ചിജ്ജഡഭാവങ്ങളുൽ-
പ്പന്നങ്ങളെന്നുചൊൽവൂമുണ്ഡകോപനിഷത്തും. 7

സൃഷ്ടിക്കുമുമ്പുവിശ്വമവ്യക്തമായിരുന്നു
സൃഷ്ടിയോടത്തുനാമരൂപമാം ദൃശ്യങ്ങളാൽ
സ്പഷ്ടമായ് വിരാഡാദി സ്ഥൂലകാൎയ്യങ്ങൾതന്നിൽ:
ഒട്ടാകെയേവമുണ്ടായ് വിരാ,ണ്മനു,മൎത്ത്യനും
ഗോവശ്വമജംഖരം മേഷവുമെറുമ്പോളം
ദ്വന്ദ്വമായെന്നോതുന്നു വാജസനേയികളും. 9

ഈശ്വരൻ ജീവഭാവമായമറെറാരുരൂപ–
മാശ്രയിച്ചിട്ടുദേഹംതന്നിൽപ്രവേശിപ്പതായ്
ചൊന്നിടുന്നാശ്രുതികൾ പ്രാണേശനാകമൂല–
മാനിത്യബ്രഹ്മത്തിനു ജീവത്വം വചിക്കുന്നു. 10

ലിംഗദേഹകല്പനയ്ക്കൂന്നായ ചൈതന്യവും,
ലിംഗദേഹവും, ലിംഗദേഹസ്ഥചിച്ഛായയും
ചേൎന്നുകൂടുന്നതാകും യാതൊ,ന്നാസംഘത്തിനെ
ചൊന്നിടുന്നിഹജീവനെന്നുള്ള നാമത്തിനാൽ. 11

മഹേശ്വരാന്വിതമാം യാതൊരുമായയുണ്ടോ
സഹജമതിന്നുള്ള നിൎമ്മാണശക്തിപോലെ
മോഹിപ്പിച്ചീടും ശക്തികൂടിയുമുണ്ടതിന്നു
മോഹിപ്പിച്ചീടുന്നിതു ജീവനെ പ്രബലമായ്. 12

മോഹഹേതുവാൽ ജീവനീശ്വരത്വവുംപോയി,
ദേഹാഭിമാനിയായി ഖേദിച്ചീടുകയുമാം;
ഏവമീശ്വരസൃഷ്ടമാമീദ്വൈതമൊക്കവെ
സംവദിച്ചേനിവിടെ സംക്ഷേപരൂപമായി. 13

സപ്താന്നബ്രാഹ്മണത്തിൽ ജീവസൃഷ്ടമാംദ്വൈതം
വിസ്തരിച്ചീടുന്നിതു—തന്നദൃഷ്ടംഹേതുവാൽ
കൎമ്മജ്ഞാനങ്ങൾ മൂലമന്നങ്ങൾ സപ്തവിധം
നിൎമ്മിച്ചതായ്സമഷ്ടിജീവനാം ലോകപാലൻ. 14

അന്നത്തിലൊന്നുമൎത്ത്യാന്നമായ്, രണ്ടുദേവ–
ന്നന്നമായ്, നാലാമതു പശുക്കൾക്കന്നമായും
ശേഷിച്ചമൂന്നും സ്വന്തജീവന്നുമന്നമായി–
യംശിച്ചിതേവമോതുന്നന്നംതൻവിനിയോഗം. 15

അന്നങ്ങളേഴേതെന്നാൽ, വ്രീഹ്യാദി മനുഷ്യന്നും,
വാനേറും പിതൃവിന്നുകവ്യം, ഹവ്യം ദേവന്നും,

അന്നംപാൽപശുവിന്നും മനസ്സും വാക്പ്രാണങ്ങൾ
മൂന്നും ജീവന്നുമേവമംശനം ധരിക്കണം. 16

ഈശനീയന്നങ്ങളെ സ്വരൂപമാത്രത്താലെ
ശാശ്വതഭോഗത്തിനായ് സൃഷ്ടിച്ചെന്നിരുന്നാലും
ജീവൻതന്നദൃഷ്ടമാം കർമ്മവാസനയാലു-
മാവിധം ജ്ഞാനത്താലുമവയെ ഭക്ഷ്യമാക്കി. 17

ഈശ്വരസൃഷ്ടമാമീജഗത്തീശകാര്യവും
ജീവഭോഗ്യവുമെന്നരണ്ടുമട്ടുള്ളതല്ലോ;
താതനാൽസംജാതയും ഭർത്തൃഭോഗ്യയുമായ
സ്ത്രീതാനെപ്രകാരമൊ കണ്ടുകൊൾകപ്രകാരം. 18

ലോകസൃഷ്ടിയിൽ മായാവൃത്തിരൂപമാമീശ-
സംകല്പംതന്നെയോക്സാധനമീശ്വരന്നും;
അന്തഃകരണവൃത്തിരൂപമായ് ജീവൻതന്നിൽ
സന്ധിക്കും സംകല്പംതാൻ ജഗദ്ഭോഗസാധനം. 19

ഈശ്വരനിർമ്മിതമാം രത്നാദികളായുള്ള
ദൃശ്യങ്ങളൊരേമട്ടിലിരിക്കെ ബ്ഭോക്താവിൻെറ
ധീവൃത്തിക്കൊഴുംനാനാഭാവത്താൽ ഭോഗ്യത്തിന്നു
വൈവിധ്യം സ്വീകരിക്കപ്പെട്ടതായിരിക്കുന്നു. 20

മോദിക്കുന്നൊരുമർത്ത്യൻ രത്നലാഭത്താ,ലന്യൻ
ക്രോധിപ്പൂകിട്ടായ്കയാൽ, നോക്കുകമാത്രം ചെയ്വൂ
വിരക്തൻ മററൊരുവനതിലാശയില്ലാഞ്ഞു
പരിതോഷിക്കുന്നില്ല, കോപിക്കുന്നതുമില്ല. 21

പ്രിയമപ്രിയംപുനരുപേക്ഷ്യമെന്നിങ്ങനെ
സ്വയമേവ ജീവനാൽ രത്നസംബന്ധിയായി
സൃഷ്ടമായല്ലോ മൂന്നുഭാവങ്ങളെന്നാലീശ-
സൃഷ്ടമാം രൂപമൊന്നുമാത്രമാം മൂന്നിങ്കലും. 22

ദ്രഷ്ടാവിൻബുദ്ധിഭേദംനിമിത്തമൊരുനാരി
കാന്തയാം, മരുമകൾ, നാത്തൂനാമമ്മയാകാം
ഭർത്തൃവർഗ്ഗത്തിൻഭാര്യമാക്കാമീവകഭേദം
ബന്ധത്താൽകാണ്മതുണ്ടു, രൂപത്താലില്ലയല്ലോ. 23

എന്നാലോ ജ്ഞാനങ്ങൾക്കു ഭേദമുണ്ടെന്നല്ലാതെ-
യൊന്നുംകാണ്മില്ല ജീവൻനിർമ്മിച്ചവിശേഷങ്ങൾ;

ആകയാൽ ജ്ഞാനത്തിന്നുവിഷയമാം നാരിത-
ന്നാകാരമതിൽച്ചേരാഭേദകല്പനചെററും. 24

അങ്ങനെശങ്കവേണ്ട, യൊന്നുമാംസരൂപിണി-
യംഗനമററൊന്നുണ്ടായ് മനഃകല്പിതയായും;
മാംസമയിക്കുഭേദമീശസൃഷ്ടിയാലില്ല,
മാനസമയിയെന്നാൽ, നിശ്ചയം ഭേദപ്പെട്ടും. 25

ഭ്രാന്തിയും സ്വപ്നമതും സ്മൃതിയും മനോരാജ്യ-
മിത്തരങ്ങളും മനോമയമാകട്ടെ,യെന്നാൽ
ജാഗരത്തിങ്കലക്ഷപ്രത്യക്ഷം നിമിത്തമായ്
ഭോഗ്യങ്ങൾക്കുണ്ടാകില്ല മനോമയത്വ,മെങ്കിൽ. 26

വാസ്തവം, പ്രത്യക്ഷാദിപ്രമാണംകൊണ്ടറിയും
വസ്തുതൻ ബാഹ്യരൂപമീശനാൽ സൃഷ്ടമത്രേ;
എങ്കിലും ജ്ഞാനത്തിങ്കലന്നഭോഗ്യാകൃതി
ഭോഗ്യവും വിജ്ഞാനവും തമ്മിലെ സ്സംപർക്കത്താൽ
നൂനമബ്ഭോഗ്യത്തിലും ജാതമാണെന്നീത്തത്വം
ചൊന്നിതു ഭാഷ്യകാരവാർത്തികകാരന്മാരും. 27

മൂശയിൽവീഴ്ത്തും ചെമ്പുതത്തുല്യമാകുംപോലെ
സംശയലേശമെന്യേരൂപാദികളിൽ ചിത്തം
വ്യാപിച്ചു തത്തുല്യമാം രൂപങ്ങൾപ്രാപിച്ചീടു-
മീവിധമുപദേശസാഹസ്രികഥിക്കുന്നു. 28

വസ്തുവെവിളക്കീടും വെളിച്ചമെവ്വണ്ണമോ
വസ്തുവിൻവടിവിനെ പ്രാപിക്കുമവ്വണ്ണമാം
സർവ്വവിഷയത്തെയും പ്രകാശിപ്പിക്കുമൂവം
സർവ്വവിഷയാകാരം ബുദ്ധിക്കുള്ളതായ്ക്കാണ്മൂ. 29

പ്രമാതാവിങ്കൽനിന്നുത്ഭവിച്ചവൃത്തിജ്ഞാനം
പ്രമേയവസ്തുവിനെപ്രാപി,ച്ചാവൃത്തിജ്ഞാനം
തത്സമയം പ്രമേയവസ്തുവിനോടുചേർന്നു
തത്സമമാമാകൃതിയായതു പ്രാപിക്കുന്നു. 30

ഈമട്ടിലിരിക്കയാൽ ഘടാദിവിഷയങ്ങൾ
മൃണ്മയംധീമയവുമായിട്ടു രണ്ടുണ്ടാമേ;
മാനസികേന്ദ്രിയത്താൽമൃണ്മയം ബുദ്ധമാകു-
മന്യമാം ധീസ്ഥയത്തെസ്സാക്ഷിയും ബോധിപ്പിക്കും. 31

അന്വയം വ്യതിരേകമിവയാൽനോക്കീടുകിൽ
മാനസമയമല്ലൊ ജീവന്നു ബന്ധഹേതു;
അയതുള്ളപ്പോൾ ജീവൻ സുഖദുഃഖങ്ങളെല്ലു-
മായതിൻറഭാവത്തിൽരണ്ടുമൊട്ടില്ലതാനും. 32

സ്വപ്നാദ്യവസ്ഥകളിൽ ബാഹ്യാത്ഥമേതുമില്ലാ-
ത്തപ്പൊഴും മത്ത്യനായോൻ ബദ്ധനായ്ത്തീരുന്നിതു;
സമാധിസുപ്തിമൂർഛാസ്ഥിതികളിൽ ബാഹ്യാത്ഥ-
മമന്നിട്ടുമായവൻ ബദ്ധനായ്ത്തീരുന്നില്ല. 33

ദൂരദേശത്തുപോയപുത്രൻ ജീവിച്ചിരിക്കെ
ക്രൂരമാം വഞ്ചകൻറവാക്യം ശ്രവിക്കയാലെ
പുത്രൻറമൃതിയോത്തു തൽപിതാവിവിടിരു-
ന്നേത്രയും കരുണമായ് കരഞ്ഞീടുന്നുവല്ലോ. 34

തനയൻമരിച്ചിട്ടുമാവാത്തകേൾക്കാത്തപ്പോൾ
ജനകൻരോദിക്കകില്ലാകയാൽ ജീവന്നെല്ലാം
ബന്ധത്തിൻഹേതുമനഃകല്പിതലോകമെന്നു
സിദ്ധ,മീശകല്പിതലോകമല്ലറിഞ്ഞാലും. 35

ബാഹ്യവസ്തുക്കളത്ഥവത്തല്ലെന്നാകമൂല-
മാഗമിക്കാമിവിടെ വിജ്ഞാനവാദമെന്നാം;
എങ്കിലോ ശങ്കവേണ്ട, മനസ്സിലാകാരങ്ങ-
ളങ്കനംചെയ്യാൻ ബാഹ്യവസ്തുക്കളാവശ്യമാം. 36

ബാഹ്യവസ്തുക്കൾ വ്യത്ഥമാണെന്നിരുന്നാൽത്തന്നെ
ബാഹ്യം ത്യജിക്കുവാനായ് ഞങ്ങൾക്കകഴിവില്ല;
* വൃത്തിജ്ഞാനാധീനമാം വസ്തുക്കൾ പ്രയോജന-
പ്രത്യാശകൂടാതെതാൻ വത്തിച്ചീടുന്നുവല്ലോ. 37

മാനസം കല്പിച്ചീടും ദ്വൈതം ബന്ധമാണെങ്കിൽ
മാനസനിരോധത്താലായതു ശമിച്ചീടും;
കില്ലില്ലാകയാൽ യോഗമഭ്യസിക്കണ,മെന്നാൽ
ചൊല്ലുകബ്രഹ്മജ്ഞാനം നിമിത്തം ഫലമെന്താം? 38

യോഗത്താൽ താൽക്കാലികദ്വൈതം ശമിച്ചീടിലു-
മാഗമിക്കും ജന്മങ്ങൾക്കറുതികണ്ടീടുവാൻ

---

* വൃത്തിജ്ഞാനാധീനമാമിന്ദ്രിയാത്ഥങ്ങൾക്കിഹ—
സംസ്ഥിതിയംഗീകൃതമത്ഥത്വമില്ലെന്നാലും.

ബ്രഹ്മജ്ഞാനംകൊണ്ടന്യേസാധിക്കയില്ലെന്നുനിഷ്-
കല്മഷം ഘോഷിക്കുന്നു വേദാന്തഡിണ്ഡിമത്താൽ. 39

ഈശദൃഷ്ടിയാം ദ്വൈതം നിവൃത്തമാകായ്കിലും
നിസ്സാരമാകുമതിൻ മിഥ്യാത്വം ദർശിച്ചിട്ടു
വസ്തുവിന്നേകഭാവം ബോധിക്കും വേദാന്തികൾ-
ക്കദ്വയബ്രഹ്മതത്ത്വം ബോധ്യമായ്വരുന്നതാം. 40

കല്പത്തിൽദ്വൈതം ലയിച്ചീടവേ വൈരിദ്വൈതം
ലുപ്തമായ്ഭവിക്കിലും ഗുരുശാസ്ത്രാദികങ്ങൾ
ലഭ്യമല്ലായ്കമൂലമദ്വൈതബ്രഹ്മമുപ-
ലഭ്യമാകുവാനേതും ശക്യമാകുന്നതല്ല. 41

ഈശസൃഷ്ടമാം ദ്വൈതമദ്വൈതബോധത്തിനു
ദ്വേഷത്തെച്ചെയ്യാത്തതും സാധകം ചെയ്വതുമാം;
ആയതങ്ങൊഴിക്കുവാൻ കുഴപ്പമാവുകയാ-
ലായതിങ്ങിരിക്കട്ടെ, ദ്വേഷിക്കുന്നെന്തിനായി? 42

ജീവകല്പിതദ്വൈതമാകട്ടെ ശാസ്ത്രീയവു-
മേവമശാസ്ത്രീയവുമെന്നുണ്ടു രണ്ടുമട്ടിൽ,
തത്ത്വബോധംവരെ ശാസ്ത്രാനുരോധമാകും-
ദ്വൈതത്തെത്തന്നെസദാ സമാശ്രയിച്ചീടണം. 43

പ്രത്യഗ്രൂപവും ബ്രഹ്മവസ്തുവുമേകമെന്നു
ചിത്തത്തിൽനിനപ്പതു ശാസ്ത്രീയദ്വൈതമത്രെ;
തത്ത്വവിത്തായ്ക്കഴിഞ്ഞാലായതും ത്യാജ്യമെന്നാം
നിത്യവും ശ്രുതിചെയ്യും സാരമാമുപദേശം. 44

ബുദ്ധിമാൻശാസ്ത്രങ്ങളെ പ്പഠിച്ചു സാരാംശത്തെ
നിത്യവുമടിക്കടിയഭ്യസിച്ചീടവേണം;
പരമബ്രഹ്മത്തിനെ സ്സാക്ഷാൽക്കരിച്ചശേഷ-
മരം ശാസ്ത്രങ്ങളേയും തള്ളണം തീക്കൊള്ളിപോൽ. 45

ശാസ്ത്രബോധവും ബ്രഹ്മജ്ഞാനവും കാംക്ഷിച്ചീടും
ബുദ്ധിമാൻ പുസ്തകങ്ങളഭ്യസിച്ചതിൽപ്പിന്നെ
ധാന്യങ്ങളർത്ഥിപ്പവൻ വയ്ക്കോലിനെപ്പോലവെ
ഒന്നോടെ തള്ളീടണം ഗ്രന്ഥങ്ങളശേഷവും. 46

ബുദ്ധിയുക്തനാം വിപ്രൻ സ്വാത്മാവു ബ്രഹ്മമായി
ബോധിച്ചശേഷം ധ്യാനമാത്മാവിലിളയ്ക്കൊലാ;

ശബ്ദിക്ക, ധ്യാനിക്കയും ചെയ്യൊലാ വാക്കനേകം,
ശബ്ദത്താൽ വാഗിന്ദ്രിയശോഷണം വൃഥാ ചെയ്‌വൂ. 47

'ഏകനാമാത്മാവിനെ മാത്രം ധരിപ്പിൻ നിങ്ങൾ
വാക്കുകൾ മററുള്ളവ സർവ്വമുപേക്ഷിപ്പിൻ'
'വാങ്മനസ്സുകൾ രണ്ടുമടക്കീടണം വിദ്വാൻ:
വ്യക്തമായേവംവിധം ശ്രുതികൾ കല്പിക്കുന്നു. 48

അശാസ്ത്രീയമാം ദ്വൈതം തീവ്രം മന്ദവുമെന്നു
വിശദം രണ്ടുവിധ,മവയിൽ തീവ്രമല്ലൊ
കാമക്രോധാദിസർവ്വം, ബലമേറുന്നവയാ-
ണമ്മട്ടുബലിയല്ല, മന്ദമാം മനോരാജ്യം. 49

ബോധസിദ്ധിക്കുവേണ്ടി തത്വബോധോദയത്തി-
ന്നെത്രയും മുമ്പേ രോധിച്ചീടണമിവ രണ്ടും;
എന്തെന്നാൽ ബ്രഹ്മജ്ഞാനസാധനകളിൽവെച്ചു
ശാന്തിയും സമാധിയും മുഖ്യമായ് ശ്രുതമല്ലൊ. 50

ബോധോദയശേഷവും വേണ്ടപോൽ ജീവന്മുക്തി
സിദ്ധമാവാനായവ പൂർണ്ണമായ് വെടിയണം;
കാമാദിക്ലേശബദ്ധനായവന്നില്ലയല്ലൊ
കാമ്യമാം മുക്തിപദമെന്നതു ബോധിക്കണം. 51

ജീവിതമദ്ധ്യത്തിലെ ജീവന്മുക്തിയോ വേണ്ട,
ഉത്ഭവിക്കാഞ്ഞാൽ ധന്യൻ ഞാനെന്നാ,മെങ്കിൽ ജന്മം
സംഭവിക്കട്ടെ സ്വർഗ്ഗഭോഗത്താൽ നീകൃതിയാം
ലോഭിക്കേണ്ടൊരിക്കലും വിദേഹമുക്തിയേയും. 52

കാലത്താൽ വിനാശവും ന്യൂനാധികദോഷവു-
മുള്ളതാം സ്വർഗ്ഗഭോഗം ത്യാജ്യമെന്നെപ്പോൾതോന്നും,
അപ്പോഴീ ദോഷതമമാകുമിക്കാമാദികൾ
ക്ഷിപ്രമേ സ്വയം രോധംചെയ്യക്കൂടാത്തതെന്തേ? 53

തത്വജ്ഞനെന്നാകിലും കാമാദിവൃത്തികളെ-
യത്രയും ത്യജിക്കായ്കിൽ വിധിനിഷേധമാകും,
കർമ്മശാസ്ത്രോപദേശമുല്ലംഘിക്കും നിനക്കു
നിർമ്മര്യാദാചാരങ്ങൾ യഥേഷ്ടം സംഭവിക്കും. 54

അദ്വൈതതത്വജ്ഞാനം ലഭിച്ചോനിഷ്ടപ്പടി-
യെന്തുമാചരിച്ചീടാമെന്നാകിൽ ശുനകക്കും

തത്ത്വം ദർശിച്ചവർക്കെന്തുഭേദമിങ്ങുള്ളു
വൃത്തിഹീനമായിട്ടും ഭക്ഷണവിഷയത്തിൽ. 55

ബ്രഹ്മജ്ഞാനോദയത്തിൻമുമ്പുനീ കാമാദിയാ-
മമ്മനോദോഷങ്ങളെക്കൊണ്ടല്ലോ ദുഃഖിക്കുന്നു;
ആയതിൻശേഷമിപ്പോൾ സർവ്വലോകനിന്ദയും
നീയിങ്ങുസഹിക്കയാ,മാശ്ചര്യം ജ്ഞാനോൽക്കർഷം! 56

തത്ത്വജ്ഞനായഭവാൻ നിന്ദ്യഭോജികളായ
പോത്രികൾക്കൊപ്പമാകാനാഗ്രഹിച്ചീടരുതെ;
സർവ്വദോഷങ്ങളും സന്ത്യജിച്ചു ദേവനെപ്പോൽ
സർവ്വലോകരാൽ പൂജ്യനായങ്ങുഭവിച്ചാലും! 57

കാമ്യവസ്തുക്കളുടെ ദോഷദർശനാദികൾ
കാമാദിവെടിയുവാൻ കാരണങ്ങളായിട്ടും;
സുപ്രസിദ്ധമാണിതു കൈവല്യശാസ്ത്രങ്ങളി-
ലാപ്രമാണങ്ങൾനോക്കി സ്സുഖിയായ്ഭവിച്ചാലും! 58

ഇക്കാമാദികൾ ത്യാജ്യമാണെന്നാൽ മനോരാജ്യ-
മേകുന്നദോഷമെന്താം, കേട്ടാലുമായതല്ലൊ
കാമാദ്യശേഷദോഷബീജമെന്നിരിക്കയാൽ
ഭീമമാം ക്ഷതികരമെന്നുചൊല്ലുന്നു ഹരി. 59

വിഷയങ്ങളെ ധ്യാനംചെയ്യും നരന്നവയിൽ
പ്രസക്തിയുണ്ടാകുന്നു, പ്രസക്തിമൂലമുണ്ടാം
കാമവും, കാമംമൂലം ക്രോധവുമുണ്ടായിട്ടു-
മിമ്മട്ടിൽ മനോരാജ്യംതുടൻദോഷംചെയ്വൂ. 60

നിർവ്വികല്പകമാകും സമാധിമനോരാജ്യം
സർവ്വുംവെന്നീടുവാൻ സമർത്ഥമായിട്ടുന്നു;
നിർവ്വികല്പമാമതു ക്രമേണ സുസാധമാം
സർവ്വഥാ സവികല്പസമാധിമാർഗ്ഗമായി. 61

തത്ത്വത്തെബ്ബോധിച്ചോനും കാമാദിബുദ്ധിദോഷ-
മുക്തനും വിവിക്തത്തിൽ പ്രിയനുമാകും പുമാൻ
ദീർഘമായ്പ്രണവത്തെയുച്ചരിക്കുന്നകൊണ്ടു
ശീഘ്രമായ്മനോരാജ്യവിജയം സാധിക്കുന്നു. 62

മനോരാജ്യത്തെവെൽവാൻ സാധിക്കിൽ മൂകനെപ്പോൽ
മനസ്സുനിർവ്യാപാരമായിട്ടു ഭവിപ്പതാം;

ശ്രീരാമചന്ദ്രനോടിസ്ഥിതിയധികരിച്ചു
നേരിൽത്താൻ ചൊന്നിട്ടുണ്ടു വസിഷ്ഠൻ ബഹുവിധം. 63

ദൃശ്യമില്ലെന്നബോധംനിമിത്തം ഹൃത്തിൽനിന്നു
ദൃശ്യമൊക്കെയും മാർജ്ജിച്ചീട്ടവാൻ സാധിച്ചെങ്കിൽ
അതിശയാപേതമാം മോക്ഷൈകപരസുഖം
മതിയിൽധരിക്കണം ലഭിച്ചെന്നതായപ്പോൾ. 64

ശാസ്ത്രമേററവും ഗാഢമായിട്ടുവിചാരിച്ചി-
ത്തെത്രയോനാളന്യോന്യചർച്ചയാലുറപ്പുമായ്;
എങ്കിലും വാസനകൾ നിശ്ശേഷമൊഴിഞ്ഞുള്ള
മങ്ഗലമൌനംകൂടാതുത്തമപദമില്ല. 65

ഭോഗപ്രദായകമാം പ്രാരബ്ധകർമ്മവശാ-
ലാഗമിച്ചീടാം ധിയ്ക്കു വിക്ഷേപം ചിലനേരം;
ആ ബുദ്ധിയഭ്യാസത്തിൻ പടിമയാലപ്പോഴേ
ക്ഷോഭിച്ചനിലനീക്കി സ്വസ്ഥതവീണ്ടും ചേർക്കും. 66

ഏവനോ വിക്ഷേപധീശൂന്യനാമായവൻസം-
ഭാവിതമാകുവതു ബ്രഹ്മജ്ഞമട്ടിലല്ല;
ബ്രഹ്മംതാനിവനെന്നു വേദാന്തശാസ്ത്രപാരം
കാണ്മോരാം മഹർഷിമാർ ചൊല്ലുന്നു സുസമ്മതം. 67

ഏതവൻബ്രഹ്മത്തിനെയറിയുന്നറിയില്ലെ-
ന്നിത്തരംനിലവിട്ടു സ്വയം കേവലാത്മാവായ്,
സംസ്ഥിതിചെയ്വോനവൻ ബ്രഹ്മമാണായവനെ-
യേതുമോതിയാൽപ്പോരാബ്രഹ്മവിത്തെന്നായ്,ബ്രഹ്മൻ! 68

ജീവന്മുക്തിക്കുള്ളൊരിപ്പരമാവധിസ്ഥാനം
ജീവദ്വൈതവർജ്ജനംകൊണ്ടിങ്ങുലഭിപ്പതാം;
ആകയാലതിനെത്താനീശദ്വൈതത്തിൽനിന്നു
വൈകല്പ്യംനീങ്ങുമാറുചെയ്തിഹവിവേചനം. 69

ശുഭം.

ഓം

# മഹാവാക്യവിവേകം

## പ്രകരണം 5.

ജീവപരങ്ങളുടെ ഐക്യത്തെ ബോധിപ്പിപ്പാ–
നാവിഷ്കരിക്കുന്നിതിൽ ശ്രീമദാചാര്യപാദൻ;

നാലുവേദങ്ങടേയും സാരസർവ്വസ്വമായ
നാലുമഹാവാക്യങ്ങളഗ്ര്യശ്രുതിസൂക്തങ്ങൾ—

എന്നതിലൈതരേയം, 'പ്രജ്ഞാനം ബ്രഹ്മ'മെന്നും
പിന്നെ ബൃഹദാരണ്യ, 'മഹം ബ്രഹ്മാസ്മി'യെന്നും,

ഛാന്ദോഗ്യം, 'തത്ത്വമസി'യെന്നും മാണ്ഡൂക്യശ്രുതി
ചൊന്നിതു'അയമാത്മാബ്രഹ്മ'മെന്നും യോഗ്യമായ്;

ഇമ്മഹാവാക്യങ്ങടെ ലക്ഷ്യാർത്ഥം വ്യാഖ്യാനിപ്പൂ
ഭംഗിയിൽ മുറതെറ്റാതെട്ടുപദ്യങ്ങളാലെ.

യാതൊരന്തഃകരണവൃത്തിചൈതന്യംമൂലം
യാതൊന്നുകാണ്ക,കേൾക്ക,മണക്കുകയും പിന്നെ
ഭാഷിക്ക, രുചിഭേദമറികയും ചെയ്യുമാ–
സാക്ഷിചൈതന്യത്തെയാം ചൊൽവതു 'പ്രജ്ഞാന'മായ്. 1

ബ്രഹ്മേന്ദ്രാദിത്രിദശന്മാരിലും മർത്ത്യരിലു–
മമൃഗങ്ങളാമശ്വഗോക്കളെന്നിവയിലും
ചൈതന്യമേകമതുബ്രഹ്മമാണതുകൊണ്ടു
ബോധിക്ക'ബ്രഹ്മംതന്നെ'യെന്നിലെ പ്രജ്ഞാനവും. 2

ദിക്കാലവസ്തുക്കളാലപരിച്ഛിന്നനായി–
നില്ക്കുംപരമാത്മാവിജ്ഞാനാർഹമാകുംമെയ്യിൽ
ബുദ്ധിയുക്തമാംസൂക്ഷ്മദേഹത്തിൻസാക്ഷിഭാവ–
മുദ്വഹിച്ചുദ്ദീപ്തനാം'അഹ'മെന്നുച്ചരിപ്പൂ. 3

സ്വതേപരിപൂർണ്ണനാം പരമാത്മാവീവാക്യ–
ഗതമാം 'ബ്രഹ്മ'മെന്നശബ്ദത്താൽ വർണ്ണിതനായ്;
സാക്ഷിചൈതന്യമാകും പരമാത്മാവും ദിഗാ–
ദ്യക്ഷയ്യബ്രഹ്മവുമൊന്നെ'ന്നസ്മി'യാലും കാണ്മൂ;
അതകയാലീവാക്യത്തിലുള്ള ശബ്ദം മൂന്നിനാ–
ലുക്തമാകുവതു'ഞാൻബ്രഹ്മമാകുന്നു'വെന്നാം. 4

സൃഷ്ടിക്കു മുന്നമൊന്നു മാത്രമായ്, ദ്വിതീയമായ്–
മറ്റൊന്നുമില്ലാത്തതായ്, നാമരൂപശൂന്യമായ്
നിന്നൊരു സദ്വസ്തുവാമതിന്നുമതേവിധം
തന്നെയാ,മതിനെത്താൻ 'തത്'പദം വചിക്കുന്നു. 5

ശ്രോതാവിൻ ദേഹേന്ദ്രിയ സാക്ഷിഭാവംമൂലം ത–
ത്ത്യയമാംസദ്വസ്തുവിതിൽ 'ത്വം'പദമത്രെ;
ലക്ഷ്യാർത്ഥങ്ങൾകൊണ്ടു തത്പദം ത്വം പദമിവ–
യ്യൈക്യ'മസി' ശബ്ദവും വചിപ്പതായോൎക്കണം.
ഗാഢമാം വിചാരത്താൽത്തദേകഭാവത്തെന്നി
വേണ്ടപോലനുഭവിച്ചറിഞ്ഞീടുകവേണം. 6

സ്വപ്രകാശത്താലപരോക്ഷത്വ'മയ'മെന്നൊ–
രപ്പദവിശേഷണംകൊണ്ടവഗമിക്കുന്നു;
അഹന്തമുതല്ക്കിങ്ങു ദേഹാന്തംവരെയവ–
യ്ക്കുകമേവാഴും സാക്ഷി'യാത്മാ'വെന്നുക്തമല്ലോ. 7

കാണുന്നമിഥ്യാഭൂതസൎവ്വമാം ജഗത്തിനും
തുണായ് സ്വപ്രകാശസ്വരൂപമാം തത്ത്വമിതിൽ
'ബ്രഹ്മ'ശബ്ദത്താലുക്തമാവതു ബ്രഹ്മംതന്നെ
തന്മൂല'മാത്മാവിതു ബ്രഹ്മ'മെന്നറിയണം. 8

ശുഭം.

—*—

ഓം

# ചിത്രദീപം

## പ്രകരണം 6

അദ്ധ്യാരോപാപവാദയുക്തികൾകൊണ്ടുനന്നായ്
ബോധിപ്പിച്ചീടുന്നിതു വേദാന്തശാസ്ത്രപ്പടി,
നിഷ്പ്രപഞ്ചമാം പരമാത്മാവിൻ സ്വരൂപത്തെ
ദൃഷ്ടാന്തം ചിത്രപടംകൊണ്ടതു സാധിക്കുന്നു.
ദശിക്കുന്നേതുമട്ടിൽ നാലവസ്ഥകൾ ചിത്ര–
വസ്ത്രത്തിലതേമട്ടിലുണ്ടെന്നു ധരിക്കണം
നാലവസ്ഥകൾ പരമാത്മാവിലുമായതു
ചേലോട്ട ചിത്രദീപവിവേകം വ്യക്തമാക്കും. 1

എങ്ങനെ വെണ്മ,പശ, രേഖയും, നിറച്ചാർത്തും
തങ്ങി നാന്മട്ടിൽ വസ്ത്രം കാണുന്നിതപ്രകാരം
ആത്മാവു ചിത്തുമന്തർയ്യാമിയും സൂത്രാത്മാവു-
മമ്മഹാവിരാട്ടുമെന്നുക്തമാം നാലുമട്ടിൽ. 2

വസ്ത്രം പ്രകൃത്യാ ശുഭ്രമാകയാൽ ധൌതമായും
ക്ഷേതവിലേപനത്താൽ സാന്ദ്രതയുള്ളതായും
ഭിന്നമാം മഷികളാലങ്കിതമായും പിന്നെ
വർണ്ണസങ്കലനയാൽ ചിത്രിതമായും തീരും. 3

പരമാത്മാവുസ്വതേ ചിദ്രൂപനായിടുന്നു,
വരുന്നിതന്തർയ്യാമിഭാവം മായായോഗത്താൽ;
സൂക്ഷ്മഭൂതസൃഷ്ടിയാൽ സൂത്രാത്മാവെന്നും പിന്നെ
ഭാഷിപ്പൂ വിരാട്ടെന്നും സ്ഥൂലസംസൃഷ്ടിയാലും. 4

പരമാത്മാവു തന്നിൽ പടത്തിൽ ചിത്രങ്ങൾപോൽ
പരക്കെ ബ്രഹ്മാവാദിതൃണാന്തം പ്രാണികളും,
അവ്വണ്ണം ജഡങ്ങളുമുത്തമമദ്ധ്യാധമ-
ഭാവങ്ങളോടുകൂടി വർത്തിച്ചുകൊണ്ടിടുന്നു. 5

ചിത്രത്തിലർപ്പിതരാം മർത്ത്യർക്കു വെവ്വേറെയായ്-

ചിത്രാലിഖിതവസ്ത്രംകൊണ്ടു വസ്ത്രാഭാസങ്ങൾ
യുക്തമായ് കല്പിക്കുംപോൽ, ചൈതന്യമൂർത്തികൾക്കു
പ്രത്യേകം കല്പിതമായ് ജീവാഖ്യചിച്ഛായകൾ;
ഇവരോ ബഹുവിധമുൽപ്പത്ത്യാദികളാൻ 6
വിവശന്മാരായ് പാരം ഭ്രമിപ്പൂ സംസാരത്തിൽ. 7

എവ്വിധം ഛായാവസ്ത്രവർണ്ണങ്ങളാധാരമാ-
മംബരഗതങ്ങളെന്നോതുന്നിതതേവിധം
ജീവസംബന്ധിയാകും സംസാരമജ്ഞാനികൾ
കേവലം ചിദവിഷയമെന്നങ്ങുധരിക്കയാം. 8

ചിത്രസംസ്ഥിതങ്ങളാം പർവ്വതാദികൾക്കിങ്ങു
വസ്ത്രത്തിൻ ഛായയൊട്ടുമെഴുതപ്പെടാത്തപോൽ
സൃഷ്ടിയിൽ കാണപ്പെട്ടും മണ്ണുകല്ലെന്നിവയ്ക്കു
നഷ്ടമായിരിക്കുന്നെന്നോർക്കണം ചിദാഭാസൻ. 9

തന്നുള്ളിൽ ബിംബിച്ചിട്ടും ചിദവസ്തുതന്നിൽഭവം
ലഗ്നമാമതുസത്യമെന്നതാം മിഥ്യാജ്ഞാനം

ബോധിച്ചീടുകവേണമായതവിദ്യയെന്നും
ബാധിക്കുമായതിനെ നിശ്ചയം വിദ്യതാനും 10

ആത്മാവാം ബിംബത്തിന്റെ പ്രതിബിംബമാംജീവ-
ന്നേല്ക്കുയാമിസ്സംസാരമാത്മവസ്തുവിന്നല്ല;
ഈവിധം ബോധത്തിനെ വിദ്യയെന്നറിയണം
ഈ വിദ്യ ലഭിക്കുന്നു വിചാരം നിമിത്തമായ്. 11

ആകയാൽ ജഗജ്ജീവപരമാത്മാവെന്നിവ-
യാകെക്കുറിച്ചെപ്പൊഴും വിചാരം ചെയ്തീടണം;
ജീവജഗദ്ഭാവങ്ങൾ നീങ്ങിടുന്നവസരം
ഭാസ്വത്താമാത്മവസ്തുമാത്രമവശേഷിപ്പൂ. 12

ജീവജഗത്തുകൾതൻ ബോധമങ്ങവറേറടെ-
യാവിധം പ്രതീതിക്കു ഭംഗമേക,യല്ലെന്നാൽ
മിഥ്യയെന്നുറപ്പേകു,മല്ലെങ്കിൽ മർത്ത്യനാരയാൻ
മുക്തനാമനായാസം സുഷുപ്തി മൂർച്ഛാദിയിൽ. 13

പരമാത്മാവുമാത്രം ശേഷിക്കുമെന്നതിനും
പൊരുളതിൻ സത്യത്വനിശ്ചയംതന്നെയെന്നാം;
ജഗത്തിൻ വിസ്മരണമെന്നല്ല,യല്ലെങ്കിലൊ
തികച്ചുമുണ്ടാകില്ല ജീവന്മുക്തിപ്രസംഗം. 14

പരോക്ഷമപരോക്ഷമിങ്ങനെ വിദ്യരണ്ടു-
തരത്തിലുണ്ടു ചിന്താജന്യമെന്നറിയണം;
എന്നതിലപരോക്ഷ വിദ്യസിദ്ധിച്ചാൽ, മുമ്പു-
ചൊന്നതാം വിചാരവുമവസാനിച്ചീടുന്നു. 15

ബ്രഹ്മമുണ്ടെന്നറിവായെങ്കിലോ പരോക്ഷമാം,
ബ്രഹ്മം ഞാനെന്നറിവായെങ്കിലപരോക്ഷവും;
ജ്ഞാനമീവിധം വകതിരിച്ചു ബോധിക്കണം,
ജ്ഞാനമപരോക്ഷത്തെസാക്ഷാൽക്കാരമായ്ചൊല്വൂ. 16

യാതൊന്നിനാലിപ്പുമാൻ സർവ്വസംസാരംവിട്ടു
സത്വരം വിമുക്തനാം, മായതിൻ സാക്ഷാൽക്കാരം
സിദ്ധിക്കുവാനായാത്മഭാവം വിവേചിക്കുന്നി-
താസ്തിക്യബുദ്ധിയുള്ളോർ കേൾക്കണം ശ്രദ്ധാപൂർവ്വം. 17

എവ്വിധംഘടാകാശമഹാകാശങ്ങളെന്നും
എവ്വിധം ജലാകാശവാരിദാകാശമെന്നും

ദ്യോവുവിഭിന്ന,മേവം കൂടസ്ഥൻ, ബ്രഹ്മംതാനും
ജീവനീശനുമെന്നു ചിത്തുതാൻ നാന്മട്ടാകും. 18

ഘടത്തിനുള്ളിൽ വ്യാപിച്ചീടും വ്യോമത്തിൽ ജല-
മടങ്ങുന്നതിൽ പ്രതിബിംബിച്ചതുമാവിധം
ജലദതാരാദികൾ ചേൎന്നതുമാകും വ്യോമം
ജലാകാശമെന്നല്ലോ പറയപ്പെട്ടുന്നതും. 19

യാതൊരു മേഘവൃത്തം മഹാകാശത്തിൻമദ്ധ്യേ
ദൃഷ്ടമായീടുന്നിതാ മേഘാന്തസ്ഥോദകത്തിൽ
സംക്രമിച്ചിട്ടുകാണുമാകാശ പ്രതിബിംബം
മേഘാകാശമെന്നുള്ളപേരിനാലറിയണം. 20

മേഘാംശമാകും ജലം ഹിമബിന്ദുരൂപത്തിൽ
മേഘത്തിലുണ്ടെന്നതിങ്ങനുമാനിച്ചിടുന്നു;
ശങ്കിച്ചഹിമബിന്ദുനീരമാകയാലതി-
ലാകാശപ്രതിബിംബമുണ്ടെന്നും നിശ്ചയിക്കാം. 21

സ്ഥൂലവും സൂക്ഷ്മവുമാം ശരീരദ്വയങ്ങൾക്കു-
മാലംബമായമട്ടിൽ വൎത്തിച്ചിട്ടും ചേതനം
കൂടംപോൽനിൎവ്വികാരമാകയാലായതിനെ
കൂടസ്ഥനെന്നും ചൊല്‌വു ചിത്തെന്നും സാക്ഷിയെന്നും
ഇച്ചേതനം ഘടത്താൽ ഛിന്നമാം ഗഗനത്തിൻ
ചേൎച്ചകൈക്കൊള്ളുന്നതായ് ദൃഷ്ടാന്തംകൊണ്ടുകാണാം 22

ചിത്തതിൽ പ്രകല്പിതമായുള്ള ബുദ്ധിതന്നിൽ
ചിത്തുതൻ പ്രതിബിംബം പ്രാണധാരണം മൂലം
ജീവനെന്നറിയുന്നി, തിജ്ജീവൻതന്നെയല്ലോ
നിൎവ്വഹിച്ചീടുന്നതും സംസാരകാൎയ്യം സൎവ്വം
അന്തസ്ഥഘടജലം തൻസ്ഥാനം ബുദ്ധിക്കുണ്ടെ-
ന്നന്തരാധരിക്കണം സന്ദർഭം കൊണ്ടിവിടെ. 23

ഏതുപോൽ ജലാകാശം പൂൎണ്ണമായ് ഘടാകാശം
ഛാദിക്കുമതുപോലെ ജീവനക്കൂടസ്ഥനെ
ഗ്രഹനം ചെയ്തിടുന്നിതാകയാൽ ജീവകൃത-
മാകുമീയാരോപത്തിന്നന്യോന്യാദ്ധ്യാസമെന്നാം. 24

ഈ ജീവനൊരിക്കലും കൂടസ്ഥചൈതന്യത്തെ
വേർതിരിച്ചറിയുന്നീലെന്നതും ധരിക്കണം;
അനാദിയായീടുമീയവിവേകം, സംസാര-
പ്രണയകാരണമാമവിദ്യമാത്രമല്ലോ. 25

വിക്ഷേപമാവരണമെന്നിങ്ങവിദ്യതന്നെ
ഭാഗിച്ചിരിക്കുന്നിതു രണ്ടുവിധത്തിലായി;
കൂടസ്ഥൻ ശോഭിപ്പീല, കൂടസ്ഥനെന്നൊന്നില്ല,
മൂഢതയിതിൻബീജമാവരണശക്തിയാം. 26

'കൂടസ്ഥനെയെന്തുതാനറിയുന്നീല'യെന്നു
പണ്ഡിതൻ മൂഢനോടു ചോദിക്കെ, 'കൂടസ്ഥനെ
ഞാനറിയില്ലതി'ല്ലെന്നേവം സ്വാനുഭവത്തിൽ—
നിന്നേകുന്ന വിദ്യയ്ക്കാവൃതിക്കുമുപപത്തി. 27

അവിദ്യയെമ്മട്ടുണ്ടാം സ്വപ്രകാശകത്തിങ്കൽ?
അവിദ്യകൂടാതെങ്ങാവരണമുണ്ടാകുന്നു?
തക്ജാലങ്ങളേവം പ്രസ്തുത സ്വാനുഭവം
തക്കത്തിൽ ഗ്രസിച്ചീടുമെന്നതു ധരിക്കണം. 28

സ്വന്തമാമനുഭവം വിശ്വസിച്ചില്ലെന്നാകി—
ലുണ്ടാകില്ലവസ്ഥിതിതക്ത്തിന്നു,മാകയാൽ
താക്കികംമന്യനാകുമൊരുവന്നേതുവിധം
കൈയ്യിലെത്തുന്നു തത്ത്വനിശ്ചയം പാത്തിടുകിൽ? 29

ബുദ്ധിയിൽ തത്ത്വം നന്നായുറയ്ക്കുന്നതിന്നായി—
ട്ടെത്രയുമാവശ്യമാം തക്മെന്നിരിക്കിലൊ,
അപ്പൊഴും സ്വാനുഭവമനുസരിച്ചുംകൊണ്ടു
കെല്ലൊട്ടുചെയ്യാം തക്ക്ം, കുതക്ക്ം ചെയ്യുകൂടാ. 30

അവിദ്യയിലും പിന്നെയാവരണത്തിങ്കലു—
മവലോകിച്ചുവല്ലൊ സ്വാനുഭവ,മാകയാൽ
കൂടസ്ഥചൈതന്യമങ്ങവിദ്യാവിരോധിയായ്—
ക്കൂട്ടുന്നതല്ലയെന്നും തക്കിച്ചുകൊണ്ടീടുക. 31

സുപ്രസിദ്ധമാമതു വിരോധിയെന്നാകിലൊ
ഇപ്പറഞ്ഞൊരാവൃതിയാരുണ്ടനുഭവിപ്പാൻ?
അതുകയാൽ വിവേകത്തെയവിദ്യാവൈരിയെന്നു—
മോക്ഷണം തത്ത്വജ്ഞനിൽ കാണ്മൂ വിവേകമെന്നും. 32

ശുക്തിയിൽ വെള്ളിപോലെയവിദ്യാവൃതചിത്തിൽ
ദേഹദ്വയാഭിമാനിയാകുന്ന ചിദാഭാസൻ
അദ്ധ്യസ്തനായിത്തീരുന്നായതു വിക്ഷേപത്താൽ
സിദ്ധിക്കുമദ്ധ്യാസംതാനെന്നിങ്ങു ബോധിക്കണം. 33

ശുക്തിഗസത്യത്വവു 'മിതെ'ന്നൊരംശമത്തും
വ്യക്തമായ് വെള്ളിയിലും കാണാവുന്നതുതന്നെ;
ഈവിധമപരത്തിൽ സത്യത്വം വസ്തുത്വവു-
മാവേശിച്ചിരിപ്പതായ്ക്കാണുന്നു വിക്ഷേപത്തിൽ. 34

ശുക്തിയിലെപ്രകാരം നീലിച്ച പിൻഭാഗവും
മുക്കോണാമാകൃതിയും ഗുപ്തമാണപ്രകാരം
ആനന്ദസ്വരൂപവും സംഗവിഹീനത്വവും
ലീനമാകുന്നവയല്ലോ കൂടസ്ഥബ്രഹ്മത്തിലും. 35

ദൃഷ്ടാന്തമാകുംശുക്തിയിങ്കലധ്യസ്തപദാ-
ർത്ഥത്തിന്നെമ്മട്ടിലുണ്ടായ് രൂപ്യമെന്നുള്ള നാമം,
അ മട്ടു കൂടസ്ഥനിൽ കല്പിതവിക്ഷേപത്തിൻ
നാമം ചെയ്തിരിക്കുന്ന'തഹ'മെന്നറിയണം. 36

'ഇതെ'ന്നയംശത്തിനെ * സ്വയമേവ കണ്ടുകൊ-
ണ്ടതു രൂപ്യമെന്നു സങ്കല്പിക്കുന്നതുപോലെ
'താ'നെന്ന ചിത്തുകണ്ടങ്ങതിൽനിന്നു ഭിന്നനായ്
'ഞാ'നെന്നയഭിമാനം ചിച്ഛായസ്വയംകൊൾവു. 37

ഇതെന്നും രജതം താനെന്നുമുള്ളതു ഭിന്ന-
മതുപോൽ തൻഭാവവുമഹംഭാവവും ഭിന്നം;
ആകയാൽ രണ്ടിടത്തും സാമാന്യവിശേഷങ്ങൾ
വ്യക്തമായിരിപ്പതായ് കണ്ടറിയുകവേണം. 38

ദേവദത്തൻ തനിയെതന്നെ ഗമിച്ചീടുന്നി,-
തേവം, നീതന്നത്താനെ കണ്ടുകൊൾ,കെന്നവണ്ണം
ഞാൻ തന്നത്താനെ തീരെ ശക്തന,ല്ലീമട്ടിൽപ്ര-
യുക്തമാം'സ്വയം'ശബ്ദം സാമാന്യാർത്ഥത്തിൽ നമ്മാൽ. 39

ഏതുമ'ട്ടിതെ'ന്നുള്ള ശബ്ദം കൊ'ണ്ടിതുവസ്തു,'-
'മിതുരജത'മെന്നു, മാവിധമിവൻ, നീ, ഞാൻ—
എന്നുള്ള പദങ്ങൾകൊണ്ടുദ്ദേശിച്ചവരിൽ നാം
തന്നെയീ 'സ്വയം' ചേർത്തങ്ങഭിമാനിപ്പതുണ്ടാം. 40

അഹമെന്നഭാവത്തിൽനിന്നും സ്വത്വംഭേദിച്ചാ-
ലിഹസിദ്ധിപ്പതെന്താം നിനക്കു കൂടസ്ഥനിൽ?

---

* സ്വയം, സ്വയമേവ=തനിയെതന്നെ, തന്നത്താനെ; സ്വത്വം, സ്വരൂപം=തൻഭാവം; അഹംത്വം=അഹമെന്ന ഭാവം.

ചൊന്നിടാം, സ്വയംശബ്ദപ്പൊരുൾ താനിക്കൂടസ്ഥ—
നെന്നുമേ സിദ്ധിച്ചീടുമെന്നങ്ങു ധരിക്കണം. 41

സ്വംരൂപമന്യഭാവം നിരസിപ്പതിന്നെങ്കിൽ
വേറൊന്നിൻ ധർമ്മരോധം ചെയ്തിടുന്നൊരാശബ്ദം
കൂടസ്ഥനുള്ളൊരാത്മഭാവം ചൊന്നിടുന്നവ—
ന്നിഷ്ടമായ്വരുന്നതാം സ്വാശയമുറപ്പിക്കാൻ. 42

ആത്മാവെന്നതും സ്വയമെന്നതും പര്യായങ്ങൾ
തന്മൂലമവയൊന്നായ് പ്രയോഗിക്കമാറില്ല;
ആകയാലവ ചേർത്തു പ്രയോഗിച്ചീടുന്നാകി—
ലാത്മാവൊഴിച്ചിതരംവാരിതമായിടുന്നു. 43

'ഘടം സ്വയമറിയി'ല്ലെന്നപോലചേതന
ഘടാദികളിലുമേ സ്വയം പ്രയുക്തമാകിൽ,
തെററില്ല, യാത്മസത്തസർവ്വഗതമാകയാ—
ലേതചേതനത്തിലും സ്വയം ചേർപ്പതായ്ക്കാണാം. 44

ചേതനമചേതനമെന്നുള്ള ഭേദമൊന്നും
ചേതനാത്മകമായ കൂടസ്ഥൻ ചെയ്തതല്ല;
പിന്നെയോധീയിൽ പ്രതിബിംബിച്ച ചിദാഭാസൻ
തന്നെയിവിധം ഭേദം ചെയ്തതെന്നറിയണം. 45

ഏതുപോൽ കൂടസ്ഥനിൽ ചേതനൻ ചിദാഭാസൻ
ഭ്രാന്തിയാൽ കല്പിതമായ്ഭവിക്കുന്നിതതുപോൽ,
അചേതനമായിടും ഘടം തൊട്ടുള്ളതെല്ലാം
നിജമായ് കൂടസ്ഥനിൽ കല്പിതമായിടുന്നു. 46

ത്വം സ്വയമഹം സ്വയമെന്നിവയിലെ 'സ്വയ'—
മാത്മത്വം കുറിപ്പതാമെന്നാകിലതുപോലെ
അതിതുകളിലെന്നല്ലതിലും യോജ്യങ്ങളാ,—
മതിനാലാരണ്ടിലുമാത്മത്വം ശങ്കിക്കുകിൽ, 47

ത്വമഹങ്ങളിലെന്നപോലെ 'യാസ്വഭാവ' 'മീ—
സ്വഭാവ'മെന്നിവയിൽ 'സ്വത്വം' ചേർന്നിരിക്കിലും,
അവയ്ക്കാത്മത്വംവരാ കടന്ന വ്യുത്തിമൂല—
മവിശേഷാദിക്കാത്മഭാവം ദുർഘടമാം പോൽ. 48

ഈവിധമോർമ്മിപ്പിച്ചീപ്രകൃതം നിറുത്തുന്നു;
തദ്ഭാവമിദംഭാവവൈരിയെന്നു, മല്ലെന്നും

നീ, ഞാൻ, പദങ്ങൾ തമ്മിൽ ഭിന്നമെന്നു, മീ വക-
ശബ്ദങ്ങൾ വൈരുദ്ധ്യങ്ങളായിട്ടു പ്രസിദ്ധമാം. 49

കൂടസ്ഥനിലിതരപ്രതിയോഗിയായ് 'സ്വയം'
കൂട്ടുന്നതായും, നീ തൻപ്രതിയോഗിയാകും ഞാൻ
കൂടസ്ഥാത്മാവുതന്നിൽ കല്പിക്കപ്പെട്ടതായും
സ്പഷ്ടമായ് ധരിക്കുവാൻ ലോകപ്രസിദ്ധി കാട്ടി. 50

'വെള്ളി'യെന്നു 'മിതെ'ന്നും ശബ്ദങ്ങൾക്കെന്ന പോലെ-
യുള്ള ഭേദം സ്പഷ്ടമാ'ണഹം' 'സ്വയം' തമ്മിലും;
എങ്കിലും മോഹബുദ്ധിമൂലമേകത്വം കാണ്മൂ
തങ്കലെക്കൂടസ്ഥനും പ്രതിബിംബജീവനും. 51

ജീവനീഭ്രാന്തിമൂലമാത്മാവിലദ്ധ്യാസത്തെ-
ക്കൈവരിക്കയാൽ വന്നു താദാത്മ്യാദ്ധ്യാസബന്ധം;
മുൻചൊന്നൊരവിദ്യയാണീ ബന്ധകൃ,ത്തായതു
വിഛിന്നമായിടുംപോൾ തീർന്നിടും തൽക്കാര്യവും. 52

അവിദ്യാസംഭൃതമാമാവൃതി, യദ്ധ്യാസവും
നിവൃത്തമാകുവതു വിദ്യയാൽത്തന്നെയല്ലോ;
വിക്ഷേപസ്വരൂപമോ പ്രാരബ്ധകർമ്മക്ഷയ-
മാക്ഷേപമെന്യേ കാത്തുനിന്നിട്ടേ, മുടിഞ്ഞീടൂ. 53

ഉപാദാനം നശിച്ചശേഷവും ക്ഷണം നില്ക്കു-
മുപലബ്ധമാം കാര്യമെന്നുതാർക്കികർ ചൊൽവൂ;
അതുപോൽ നമുക്കിതിലേതുമില്ലസംഭാവ്യം;
സ്ഥിതിദേഹാദിക്കുണ്ടാമവിദ്യ നശിച്ചാലും. 54

തന്തുനശിച്ചപോതും വസ്ത്രത്വം ക്ഷണമാത്ര-
മേന്തിടുംമട്ടിൽ ക്ഷണമോതുന്നു താർക്കികരും;
എന്നാലെന്നോതൊട്ടുണ്ടാം വാസനാബലംകൊണ്ടു
വന്നിടാമത്രേ ചിരകാലാനുവൃത്തിയതും. 55

വിചാരസഹമാകും പ്രമാണമെന്യേ വെറും
വിചാരയുക്തികളാൽ കല്പിതമാണീന്യായം;
ശ്രുതിയുക്ത്യനുഭവയുക്തമായ് ചൊല്ലുമീവാക്ക്
യഥാർത്ഥംസാധിക്കുവാൻ കഴിയാതെന്തിരിപ്പൂ? 56

ദുസ്താർക്കികന്മാരൊടുവിവാദം മതിയാക്കാം,
പ്രസ്തുത വിഷയം താൻ തുടർന്നു പറഞ്ഞീടാം;

സ്വമഹങ്ങളായിട്ടും ചിത്തിനും ചിച്ഛായയ്ക്കും
സമാസാദിക്കയായിങ്ങേകത്വമറിയണം. 57

മൂർഖതകൊണ്ടുവേദം കൂട്ടാക്കാതെയും വെറും
യുക്തിസമാശ്രയിച്ചും ലോകായതികന്മാരും
നൈയ്യായികന്മാരുമാം പണ്ഡിതംമന്യരെല്ലാം
പേയായിജ്ജല്പിക്കുന്നു: പ്രമാദമപ്രമാണം. 58

ശ്രുത്യർത്ഥം പ്രവചിക്കും പണ്ഡിതംമന്യർ ചില–
രത്യർത്ഥമപ്രാപ്തരായ് പൂർവ്വാപരചിന്തയിൽ,
വാക്യാഭാസങ്ങളാകും പൂർവ്വപക്ഷങ്ങൾ തങ്ങൾ–
ക്കൊക്കയുമൊക്കുന്നതായുദ്ധരിപ്പൂ വിലജ്ജം. 59

പ്രത്യക്ഷാവഭാസങ്ങളാശ്രയിച്ചജ്ഞന്മാരും
നാസ്തികന്മാരാം ലോകായതികസ്ഥൂലജ്ഞരും
കൂടസ്ഥൻതൊട്ടു ദേഹംവരെയൊന്നായിനില്ക്കും
കൂട്ടത്തെയാത്മാവെന്നായ് ചൊല്ലുന്നു നിർവ്വിശങ്കം. 60

അവിധം സ്വപക്ഷത്തിൻ ശ്രുതിസമ്മതികാട്ടാൻ
ഭാവിച്ചായവരന്നമയകോശം വർണ്ണിക്കും
വിരോചനസിദ്ധാന്തം ശ്രുതിയിവകൊണ്ടവ--
സരോചിതം പ്രമാണമെന്നപോൽ കാണിക്കുന്നു. 61

ദേഹത്തിങ്കലെജ്ജീവാത്മാവു നിർഗ്ഗമിക്കുമ്പോൾ
ദേഹനാശത്തിന്നുടെ ദർശനം നിമിത്തമായ്
ദേഹത്തിൽനിന്നു ഭിന്നൻതന്നെയാണാത്മാവെന്നു
ലോകായതികന്മാരാം ചിലർ പറഞ്ഞീടുന്നു. 62

‘ഞാൻ പറയു’,ന്നീവിധം പ്രയോഗംനിമിത്തമായ്
കാണും മട്ടറയുന്ന ഞാനെന്ന ബുദ്ധിയല്ലോ
ദേഹത്തിൽക്കവിഞ്ഞീടുമിന്ദ്രിയം, ഞാനെന്നതാം
ദേഹിയാണെന്നാകുന്നിതായവർക്കുള്ള പക്ഷം. 63

വാഗാദ്യക്ഷങ്ങൾതമ്മിൽ വൈശിഷ്ട്യം കാട്ടീടുവാൻ
വാഗ്യുദ്ധമുണ്ടായതായ് ശ്രുതികൾ കേൾപ്പിക്കുന്നു;
അകയാലതിൽനിന്നിങ്ങിവയ്ക്കു ചൈതന്യവും
ചേക്കുന്നിതാത്മത്വവും, ജഡങ്ങൾകലഹിക്കാ. 64

ചക്ഷുരാദികളാകുമിന്ദ്രിയങ്ങൾക്കുലോപ–
മെക്കാലം ഭവിച്ചാലും ജീവിപ്പൂപ്രാണശക്ത്യാ;

ഏവം ഹിരണ്യഗർഭബ്രഹ്മോപാസകരായോ-
രാവേദിക്കുന്നു പ്രാണനാത്മാവെന്നുറപ്പായി. 65

സുപ്തനിൽപ്രാണനുള്ള ജാഗരസ്വഭാവവും
ശ്രൈഷ്ഠ്യവും പ്രാണൻചെയ്യും ദേഹപ്രവേശാദിയും
പ്രാണമയകോശത്തിൻ വർണ്ണനാഭാഗങ്ങളും
കാണുന്നുവേദത്തിങ്കൽതങ്ങടെപ്രമാണമായ്. 66

മനസ്സുതന്നെയാത്മാവെന്നുപാസനമതി-
ലനുരക്തരാംമർത്ത്യർ വിചാരിച്ചീടുന്നിതു
പ്രാണനുഭോക്തൃഭാവമില്ലെന്നുസുവ്യക്തമായ്-
കാണാ,മാകയാൽ മനം ഭോക്താവുതന്നെയല്ലൊ. 67

മർത്ത്യക്കു മനസ്സത്രെ കാരണം ബന്ധത്തിനും
മുക്തിക്കും,മാത്രമല്ല ശ്രുതമാം മനോമയം;
ആകയാൽ മനംതന്നെയാത്മാവെന്നുപാസക-
രാകവെ തീർച്ചയാക്കിച്ചൊന്നിടുന്നവർമതം. 68

വിജ്ഞാനമാത്മാവായി ക്ഷണികവാദികളായ്
വിജ്ഞാതരാകുമന്യർ ചൊല്ലിടുന്നുണ്ടിന്നിയും;
വിജ്ഞാനസമുൽഭൂതം മാനസമെന്നുള്ളതു
സുജ്ഞാതം, സുഖദുഃഖവേദനം മൂലമായി. 69

അഹമെന്നിദമെന്നും വൃത്തികൾഹേതുവായി-
ട്ടുകമേരണ്ടുമട്ടായേകമാമന്തരംഗം;
അവയിലഹംവൃത്തിവിജ്ഞാനമായീടുന്നു,
ഭവിച്ചീടുന്നുമനസ്സിദം വൃത്തിയുമായി. 70

'ഞാ'നെന്നബോധത്തിനു ശേഷമാ'ണി'തെന്നതാം-
ജ്ഞാന,മാകയാ'ലിതി'ൻബീജമാ'ണഹം'ബോധം;
ഈവിധം സ്വരൂപമാമാത്മാവെയറിയാതെ
കേവലം ബാഹ്യത്തിനെ നാമേതുമറിവീല. 71

അഹംവൃത്തിജ്ഞാനത്തിലുദയവിലയങ്ങ-
ളിഹത്തിലനുക്ഷണം കാണുകനിമിത്തമായ്,
വിജ്ഞാനം ക്ഷണികമായ് ഭവിക്കുന്നിതാകയാൽ
വിജ്ഞാനം സ്വയമേവശോഭിക്കുമാത്മാവുതാൻ. 72

ജീവനാണീവിജ്ഞാനമയമാം കോശമെന്നു
സംവദിച്ചീടുന്നുണ്ടുവൈദികവാക്യങ്ങളും;

ജന്മനാശസൌഖ്യാദിസംസാരം സമസ്തവു-
മുണ്മതീജ്ജീവൻതന്നെയാണെന്നു ധരിക്കണം. 73

വിദ്യുദൌജ്ജ്വല്യംപോലെ ക്ഷണികമായീടുന്ന
വിജ്ഞാനമൊരിക്കലുമാത്മാവല്ലറിയണം;
മററൊന്നുമനുഭവപ്പെടാഞ്ഞു ശൂന്യമാണെ-
ന്നുക്തമായ്മാദ്ധ്യമികബൌദ്ധരാൽ സയുക്തികം! 74

സൃഷ്ടിക്കുമുമ്പീവിശ്വമസത്തുമാത്രമെന്നു
സ്പഷ്ടമായ്ശ്രുതിയിലും ശ്രുതമായിരിക്കുന്നു;
ആകയാൽ ജ്ഞാനജ്ഞേയരൂപമായിരിക്കുന്ന
ലോകമാസകലവും ഭ്രാന്തിയാൽ പ്രകല്പിതം. 75

അധിഷ്ഠാനഹീനമായ് ഭ്രാന്തിയില്ലതുമൂല-
മധിഷ്ഠാനമാത്മാവിൻ സദ്ഭാവമെന്നുസിദ്ധം;
ശൂന്യത്തിന്നൊരുസാക്ഷിവേണ്ടതാമല്ലെന്നാകിൽ
ശൂന്യമാണെന്നവാദം നിലനില്ക്കുന്നതല്ല. 76

വിജ്ഞാനമയകോശത്തിന്നുമപ്പുറത്തുള്ളിൽ
വിഃജ്ഞേയനായന്യനാമാനന്ദമയൻവാഴ്വൂ;
ആത്മാവാണിതെന്നല്ലോ വൈദികസിദ്ധാന്തവു-
മാലംബംശ്രുതിതന്നെയവക്കും പ്രമാണമായ്. 77

ആത്മരൂപത്തിലേവം വിപ്രതിപത്തികാട്ടി
മേലിൽതൽപ്പരിമാണവാദങ്ങളുദ്ധരിപ്പൂ-
തീവ്രവാദികൾ ചിലരണുവാണാത്മാവെന്നും
സർവ്വഗാമഹത്തെന്നും മദ്ധ്യമമെന്നുമേവം
ശ്രുതിയുക്തികളാശ്രയിച്ചിട്ടുബഹുവിധ-
മുതിർത്തീടുന്നുതർക്കമെന്നതു സുപ്രസിദ്ധം. 78

സൂക്ഷ്മനാഡികളിലും പ്രചാരംചെയ്യതിന്നി-
ങ്ങൊക്കകമൂലമാത്മാവണുവെന്നു,മായതു
രോമത്തിന്നായിരത്തിലൊരംശത്തോടുതുല്യ-
മാമ്മാറിരിപ്പതെന്നുമാന്തരാളന്മാർ ചൊല്വൂ. 79

ആത്മാവിങ്ങണുവെന്നും അണുവിൽപരമാണു
സൂക്ഷ്മത്തിൽപരം സൂക്ഷ്മമെന്നൊക്കെശ്രുതികളിൽ
പ്ര്യത്രയോവാക്യങ്ങൾകൊണ്ടാത്മാവിന്നണുത്വത്തെ
വ്യക്തമാക്കുന്നുവെന്നാം പ്രമാണമവക്കെല്ലാം. 80

KOTTAYAM PUBLIC LIBRARY KOTTAYAM

രോമാഗ്രത്തിന്നെയൊരു നൂറാക്കിക്കീറിയെന്നാൽ
സാമ്യമില്ലാതവണ്ണമെത്രയോ ലേശമാകും;
അത്രയും സൂക്ഷ്മാംശമായ് ജീവനെയറിയുവാൻ
മററൊരുശ്രുതിനമ്മോടോതുന്നു ബഹു ചിത്രം! 81

ചൈതന്യം നഖാഗ്രത്തിന്നററത്തും വ്യാപിപ്പതാ-
യോതുന്ന ശ്രുതിയാലും തദ്വ്യാപ്തികാൺകയാലും
മദ്ധ്യമപരിമാണമുള്ളതാമാത്മാവെന്നൽ-
ബോധിപ്പിച്ചിടുന്നിതു ദിഗംബരാഹ്വയന്മാർ. 82

സൂക്ഷ്മതരങ്ങളാകുമവയവങ്ങൾവഴി
സൂക്ഷ്മനാഡികളിലും പ്രവേശം ലഭിപ്പതാം;
കൈകളാൽ കഞ്ചുകത്തെസ്ഥൂലദേഹത്തിലേക്ക
ചേക്കവേ തദ്വ്യാപ്തിപോലാത്മാവും വ്യാപിച്ചിടും. 83

ന്യൂനാധികാംഗങ്ങളിലാത്മാവിന്നംശങ്ങൾക്ക-
ങ്ങൂനമില്ലാതെപോക്കുംവരവും ഭവിക്കയാൽ
സിദ്ധിക്കും പ്രവേശവുമാത്മാവിന്നതുമൂലം
മദ്ധ്യമപരിമാണം വേണ്ടപോൽനിശ്ചിതമാം. 84

അംശങ്ങളുണ്ടായെന്നാൽ ഘടംപോലാത്മാവിന്നും
നിശ്ചയംനാശമുണ്ടാ,മേവംവരുന്നപക്ഷം
ദോഷങ്ങൾകൃതനാശമകൃതാഭ്യാഗമവും
ശേഷിപ്പൂ,ചൊല്ലീടണമെന്തൊന്നാം പരിഹാരം? 85

അയതുകൊണ്ടാത്മാവുമഹാനാണണുവല്ല-
ങ്ങായതുമദ്ധ്യമവുമല്ലാകാശംപോലെയാം;
സർവ്വത്രവ്യാപകവുമംശഹീനവുമാണെ-
ന്നേവംശ്രുതി വിശങ്കം സമ്മതിയരുളുന്നു. 86

ഈവിധംചൊന്നശേഷമാത്മാവിൻവിശേഷത്തിൽ
സർവ്വഥാ വിവദിക്കുന്നായതുജഡമെന്നും
ചിദ്രൂപമെന്നു,മല്ലചിജ്ജഡരൂപമെന്നും
ഭേദകല്പനചെയ്തിനിമേൽവദിക്കുന്നു. 87

പ്രാഭാകരന്മാർ, പിന്നെത്താർക്കികന്മാരുംചൊന്നി-
തഭ്രമെന്നതുപോലെയാത്മാവുദ്രവ്യമെന്നും
ശബ്ദംപോൽ ജ്ഞാനമാത്മഗുണമെന്നു, മാകയാൽ
ചിത്തിതചിത്തെന്നുമാണായവർക്കഭിപ്രായം. 88

ആത്മാവിന്നുള്ള വേറെ വിശിഷ്ടധർമ്മങ്ങളെ
ചൊല്ലുന്നിതേവമവരിച്ഛയും ദ്വേഷമത്തും
ധർമ്മവുമധർമ്മവും സുഖദുഃഖങ്ങൾ താനും
തമ്മുടെ സംസ്കാരങ്ങൾ കൂടിയും ജ്ഞാനത്തെപ്പോൽ. 89

തന്നദൃഷ്ടത്തിൻ വശനാകയാലാത്മാവിന്നു
മാനസയോഗത്തിങ്കൽ ഗുണങ്ങൾ ജനിക്കുന്നു;
പിന്നീടു സുഷുപ്തിയിലദൃഷ്ടം ക്ഷയിക്കുംപോൾ
മഗ്നമായ്ഭവിക്കുന്നു ഗുണങ്ങളറിഞ്ഞാലും. 90

ജ്ഞാനമുള്ളതിനാലുമിച്ഛാദ്വേഷങ്ങളൊത്തു
യത്നിക്കയാലുമാത്മാവാർന്നിട്ടും ചേതനത്വം;
കർത്താവാംധർമ്മത്തിനുമധർമ്മത്തിനുമിവൻ
ഭോക്താവുമായിടുന്നു സുഖദുഃഖാദികൾക്കും. 91

എവ്വിധമീദേഹത്തിൽ കർമ്മാധീനതമൂല-
മാവിർഭവിപ്പൂ; സുഖദുഃഖാദി ചിലനേരം,
ആവിധം കർമ്മംകൊണ്ടുലോകാന്തരാംഗത്തിങ്കൽ
കൈവരുമിച്ഛാദികളാത്മാവിന്നെന്നു ചൊല്‌വൂ. 92

ഈവിധം സർവ്വഗതനെന്നാലുമാത്മാവിന്നു
സംഭവിക്കാവുന്നതാം ഗമനാഗമനങ്ങൾ;
പൂർണ്ണമാം കർമ്മകാണ്ഡമായതിൻപ്രമാണമായ്
കാണിച്ചിട്ടുന്നിതവർ വേദവിത്തമരല്ലോ. 93

സുഗ്രാഹ്യമല്ലാത്തതാം ജ്ഞാനത്തെ സ്ഫുരിപ്പിക്കു-
മഗ്രിമമായയാതൊരാനന്ദമയകോശം
ശേഷിപ്പൂ സുഷുപ്തിയിലപ്പൂർവ്വകോശത്തിനെ
ഭാഷിച്ചിതാത്മാവായഗ്ഗുണങ്ങളതിന്റെയായ്. 94

ഭാട്ടന്മാരാത്മാവിന്നു ശുദ്ധചൈതന്യം കല്പി-
ച്ചിട്ടതു ചിജ്ജഡങ്ങൾ തമ്മുടെ രൂപമെന്നാർ;
നിദ്രവിട്ടുണർന്നോന്റെ സൌഖ്യത്തിൻ സ്മൃതിയിൽനി-
ന്നുത്ഥമായായവർക്കീ ചിത്തിന്റെ സങ്കല്പനം. 95

സുപ്തിവേളയിൽ 'ജഡംമട്ടുഞാനുറങ്ങി'യെ-
ന്നെത്തും ജാഡ്യസ്മൃതിയ്ക്കാജാഡ്യാനുഭൂതി,ഹേതു;
മറെറാരുഹേതുവപ്പോളൊട്ടുമേ പറവൂന്നില്ല,
കുററമില്ലാത്മാവിതു ചിജ്ജഡരൂപിയെന്നാർ. 96

എന്നല്ല, സുഷുപ്തിയിലാത്മാവിൻബോധത്തിനു
വന്നിട്ടുന്നില്ലനാശമെന്നുണ്ടുവേദത്തിലും;
ആകയാലാത്മാവിതു മിന്നാമിനുങ്ങുപോലെ
യുക്തനാം പ്രകാശത്തോടപ്രകാശകത്തോട്ടും. 97

അംശമില്ലാത്തതിന്നു് രണ്ടുമട്ടിലാംരൂപം
സംശയമില്ലെമ്മട്ടും ഘടിക്കയി, ല്ലാകയാൽ
ആത്മാവു ചിദ്രൂപൻതാനെന്നങ്ങുസാംഖ്യന്മാരായ്
ചൊല്ലാന്നവിവേകികൾ ചൊല്ലിട്ടുന്നുണ്ടു ബാഢം. 98

ജാഡ്യാംശം പ്രകൃതിക്കു ചേന്നിട്ടും രൂപമത്രെ
ഈടെഴും വികാരിയാമായതുത്രിഗുണയും
ചിദ്രൂപജീവന്നിഹ ഭുക്തിമുക്തികൾക്കായി
സന്തതം പ്രകൃതിയും പ്രവത്തിച്ചീട്ടുന്നിതു. 99

നിസ്സംഗനായചിത്തിൻ ഭേദത്തെത്തെരിയാഞ്ഞു
പാശവും മോചനവും സമ്മതങ്ങളായ്കാട്ടി;
പിന്നതിൻ ബന്ധമോക്ഷവ്യവസ്ഥിതിക്കായ് ചിത്തിൻ
ഭിന്നമാംനില, മുന്നംചൊന്നവർമട്ടു, കൊണ്ടാർ. 100

മഹത്തത്വത്തിൽനിന്നു പരമായൊരവ്യക്തം
പ്രകൃതിതാനെന്നല്ലൊ ചൊല്ലുന്നിതതുപോലെ
അസംഗൻതന്നെയാണീപ്പുരുഷനെന്നതിലു-
മസംഗഭാവം വേദം സ്പഷ്ടമായ് കൈക്കൊള്ളുന്നു. 101

ചിത്തിൻെറ സാന്നിദ്ധ്യത്താൽപ്രവൃത്തയാം പ്രകൃതി
യന്ത്രിതയാണീശ്വരചിദ്രൂപനാലെ സ്വയം;
ഭിന്നൻതന്നെയാണീശൻജീവന്മാരിലുംനിന്നു
ചൊന്നിട്ടുന്നേവം യോഗസൂത്രങ്ങൾശ്രുതിപ്പടി. 102

ഈശ്വരൻനാഥനാമേ ജീവനുംപ്രകൃതിക്കും
ഈശ്വരൻനിയന്താവാം സത്വാദിഗുണങ്ങൾക്കും;
ഏവമാം ശ്രുതിപോലെയാരണ്യത്തിലും ചൊൽവു
സവ്വേശ്വരനെയന്തൎയ്യാമിയായ് സാവധാനം. 103

ഈശ്വരതത്വത്തിലും വാദികൾകലഹിപ്പൂ
സ്വസ്വയുക്തികൾകാട്ടി ബുദ്ധിക്കുചേരുംവണ്ണം;
വാക്യങ്ങൾശ്രുതിയിങ്കൽനിന്നുദ്ധരിച്ചീട്ടുന്നു
തക്കത്തിൽസ്വമതത്തെസ്ഥാപിച്ചീട്ടുവാനായി. 104

ക്ലേശകൎമ്മങ്ങളോടും തൽപരിപാകങ്ങളാം—
സംസ്കാരാംശങ്ങളോടും ഭിന്നനായിരിപ്പവൻ
പൂരുഷവിശേഷൻ താ,നീശ്വരൻജീവനെപ്പോൽ
ചിദ്രൂപനായിടുന്നു പ്രകൃതിസംഗംവിട്ടോൻ. 105

അങ്ങനെയാണെങ്കിലും പൂരുഷവിശേഷത്വം
തങ്ങുകയാലിവന്നു ഘടിക്കുംനിയന്തൃത്വം;
അല്ലെങ്കിൽബന്ധമോക്ഷദ്വയങ്ങൾക്കവ്യവസ്ഥ
കില്ലില്ല, വന്നുചേരുമെന്നാണുയോഗമതം. 106

'പേടിയാലിവൻമൂല' മീവിധമസംഗനാ—
യീടുന്നപരാത്മാവിൽ ശാസ്തൃത്വം ശ്രുതിശ്രുതം;
ആ പ്രമാണത്തിനാലും ക്ലേശാദ്യഭാവത്താലും
കെല്പാൎന്നോരാപ്രേരണമീശ്വരന്നുചിതമാം. 107

ജീവന്മാരായവൎക്കും സംഗമില്ലായ്മകൊണ്ടു
കൈവരാ ക്ലേശാദ്യങ്ങളെങ്കിലുമായവൎക്കു
വിവേകാഗ്രഹം മൂലം ഃക്ലശകൎമ്മാദികങ്ങൾ
ഭവിക്കുന്നതായ്‌മുന്നം പറയപ്പെട്ടിതത്രെ. 108

താൎക്കികരീശ്വരനിൽ കാണ്മിതുമൂന്നുഗുണം:
നിത്യജ്ഞാനവും പിന്നെയിച്ഛയും പ്രയത്നവും;
എന്നാലസംഗനാകുമീശന്നു നിയന്തൃത്വം
ചൊന്നതയുക്തമെന്നുമായവർ കരുതുന്നു. 109

ഈശന്നുപുരുഷനിൽനിന്നുള്ള വിശേഷവും
ശസ്യമാം ഗുണങ്ങളാൽത്തന്നെയന്യമായല്ല;
ഈശ്വരൻസത്യകാമൻ, സത്യസങ്കല്പനെന്നും
ഭാഷിപ്പൂശ്രുതി,യിതു ജീവനിങ്ങില്ലാത്തതാം. 110

ഈശന്നുനിത്യജ്ഞാനം തൊട്ടവയുണ്ടാകയാൽ
ശാശ്വതസൃഷ്ടിതന്നെ ഭവിക്കുന്നിതാകയാൽ
സമഷ്ടിലിംഗദേഹം താനെന്നഭിമാനിക്കും
സമസ്തേശനെച്ചൊൽവൂഹിരണ്യഗർഭനെന്നും. 111

ഉദ്ഗീഥബ്രാഹ്മണത്തിലീശ്വരമാഹാത്മ്യത്തെ—
യുദ്ഗാഢം വൎണ്ണിക്കുന്നുണ്ടായതിൽസൂക്ഷ്മദേഹം
ഈശ്വരന്നുണ്ടെങ്കിലും കൎമ്മാദിബന്ധമേതു—
മേശായ്കനിമിത്തമായ്‌ ജീവത്വം കല്പിച്ചില്ല. 112

സ്ഥൂലാംഗവിയോഗത്തോടെങ്ങുമേ കാണുന്നതു-
മല്ലല്ലോസൂക്ഷ്മദേഹ, മകയാലെല്ലാടവും
ശീർഷപാദങ്ങളുള്ള വൈരാജദേഹൻതന്നെ-
യീശ്വരനെന്നു വചിച്ചീടുന്നിതൊരുകൂട്ടർ. 113

ഈ വിരാഡ്ഡോപാസകർപറയുന്നുണ്ടുഭക്ത്യാ
സർവ്വേശനിവൻതന്നെ സഹസ്രശീർഷനെന്നും
സർവ്വത്രനേത്രമുള്ളോനെന്നുമേവംവിധത്തിൽ
സർവ്വദാശ്രുതമെന്നു പ്രമാണസമന്വിതം. 114

എങ്ങുമേകൈകാലുകളുള്ളതീശ്വരചിഹ്ന-
മെങ്കിലീശ്വരഭാവം ഭവിക്കുംകൃമ്യാദിക്കും;
അതകയാൽ നാന്മുഖനാം ദേവൻ ബ്രഹ്മാവുതന്നെ-
യാകുന്നു സർവ്വേശ്വരൻ മറെറാരു പുമാനല്ല. 115

സൽപ്പുത്രലാഭത്തിന്നായ് ബ്രഹ്മനെയുപാസിപ്പോ-
രിപ്രകാരംകഥിപ്പൂ: 'ബ്രഹ്മാവുപ്രജകളെ
സൃഷ്ടിച്ചു', വെന്നിങ്ങനെയുള്ളതാം ശ്രുതിയേയും
കാട്ടുന്നു,ണ്ടവരെല്ലാം ബ്രഹ്മദേവൻെറപക്ഷം. 116

അംഭോജജന്മാവാകും ബ്രഹ്മാവു വിഷ്ണുവിൻെറ
നാഭിയിൽനിന്നുജാതനാകയാൽ വിഷ്ണുതന്നെ
ഈശ്വരനെന്നുലോകം തന്നിലെബ് ഭാഗവത-
വിശ്വാസമുടയവർ വൈഷ്ണവമതം ചൊൽവൂ. 117

ശൈവപാദാദനേ്വഷണം വിഷ്ണുവിന്നൊക്കായ്കയാൽ
ശിവൻതന്നെയാണീശൻ വിഷ്ണുവാകുന്നതല്ല;
ഏവമിങ്ങോതിടുന്നുണ്ടാഗമംമാനിക്കുന്ന
ശൈവന്മാർ ശിവപക്ഷപാതികൾഭക്തിയോടെ. 118

മുപ്പുരംവേവിക്കുവാൻശിവനും വിഘ്നേശനെ
താല്പര്യപൂർവ്വം പൂജചെയ്കയാൽവിനായകൻ
ഈശ്വരനെന്നുഗാണപത്യമതത്തിൽതന്നെ
വിശ്വാസമുള്ളോർ ചൊൽവൂ ശിവനെമറുത്തിട്ടും. 119

ഏവമന്യരും സ്വസ്വപക്ഷാഭിമാനംമൂലം
വെവ്വേറെവിധങ്ങളിൽ മന്ത്രങ്ങളത്ഥവാദം,
കല്പങ്ങളെന്നിവയെ യാലംബിച്ചതിവേലം
ചിൽപ്പുരുഷതത്വത്തിൽസ്വമതം സ്ഥാപിച്ചിതു. 120

അന്തര്യാമ്യാദിയായി സ്ഥാവരാന്തത്തോളവു-
മെന്നുമാത്രമീശ്വരവാദികളുത്ഭവിച്ചു!
അശ്വത്ഥവുമെരുക്കും മുളയുമെന്നിവയെ
വംശദൈവതമായിക്കാണ്മോരുണ്ടാകമൂലം. 121

ന്യായവുമാഗമവും വിചാരിച്ചിട്ടതത്ത്വ-
മായതുനിശ്ചയിപ്പാനിച്ഛിപ്പോർക്കുള്ള ബോധം
ഏകരൂപമായ്ത്തന്നേ വരുവാൻവഴിയുള്ളു;
പാകത്തിലിവിടതും വ്യക്തമായ്‌വചിച്ചീടാം. 122

മായയെ പ്രകൃതിയായറിഞ്ഞുകൊണ്ടീടണം,
മായോപാധികനന്തര്യാമിയെയീശനായും;
ആയവന്നംശരൂപരായിട്ടും ജീവന്മാരാ-
ലീയുള്ള ജഗത്തൊക്കെ വ്യാപ്തമായിരിക്കുന്നു. 123

ഈവിധം ശ്രുതിയെത്താനാശ്രയിച്ചീശ്വരനെ
നിർവ്വചിച്ചീടുവതു ന്യായ്യമായിരിപ്പതാം;
അപ്പൊഴീസ്ഥാവരാന്തമീശ്വരവാദം ചെയ്‌വോ-
ർക്കല്പമാം വൈരത്തിനും കാരണമില്ലതമ്മിൽ. 124

ഇമ്മായതാനും തമസ്സ്വരൂപമായീടുന്നി-
തിമ്മട്ടുതാപനീയ ശ്രുതിയിൽചൊല്ലുമൂലം,
സ്വാനുഭൂതിയെത്തന്നെയായതിൽപ്രമാണമാ-
യൂനമെന്നിയേ ശ്രുതി നിശ്ചയിച്ചിരിക്കുന്നു. 125

ഇത്തമോഗുണമതോ ജഡവും മോഹരൂപ-
മൊത്തതുമെന്നായ്‌ശ്രുതിബോധിപ്പിച്ചീടുന്നുണ്ടാം;
മൂഢനും വിജ്ഞാനിക്കുമായതുയോജിക്കയാൽ
ബാധ്യമായിതിനന്തമില്ലായ്മചൊല്‌വൂശ്രുതി. 126

ജീവനില്ലാത്തതാകും ഘടാദിവസ്തുക്കൾക്കു
കൈവന്നരൂപം ജഡമെന്നതുപോലെതന്നെ
എപ്പൊഴോ ക്രിയാശക്തി ബുദ്ധിക്കുനശിക്കുന്നി-
തപ്പൊഴായതു മോഹമെന്നുമോതുന്നുലോകർ. 127

ഇത്ഥം ലൌകികദൃഷ്ടികൊണ്ടുതാനെല്ലാരാലു-
മെത്രയുമനുഭവവേദ്യമാണതു നൂനം;
ഈയസത്തുണ്ടായിരുന്നില്ലെന്നവേദംമൂല-
മായതുനിർവ്വചിപ്പാനൊക്കില്ലയുക്തിയാലും. 128

ദ്വ്യോതിക്കമൂലമസത്തായിരുന്നില്ലയെങ്കിൽ
വിദ്യാദൃഷ്ടിയാലതിൻനിത്യനിവൃത്തിമൂലം
സത്തതുമല്ലായ്കയാൽ തുച്ഛമാണതിൻരൂപ-
മിത്ഥമോതുന്നു 'നാസദാസീ'ദിത്യാദിശ്രുതി. 129

ബോദ്ധവ്യമാണീമായമൂവിധബോധങ്ങളാൽ:
ക്ഷുദ്രയായ് വീക്ഷിക്കുന്നുവേദവുമായതിനെ,
യുക്തിയാൽ പാർത്തീടുകിലനിർവ്വചനീയയാം,
വാസ്തവിയായിട്ടതിനെ ബോധിപ്പൂ ലൌകികരും. 130

ചിത്രിതമായവസ്ത്രംനിവർക്കമടക്കയാൽ
ചിത്രങ്ങൾ ശോഭിക്കുന്നു, മറകയുംചെയ്യുന്നു;
അവിധമീജഗത്തിൻസദ്ഭാവമസദ്ഭാവ-
മീവകയീമായയും കാട്ടുന്നെന്നറിയണം. 131

ചിത്തിനെക്കൂടാതൊട്ടും മായയ്ക്കുപ്രകാശിപ്പാൻ
പ്രാപ്തിയില്ലായ്കമൂലമായതസ്വതന്ത്രയാം;
അങ്ങനെതന്നെ മായ സ്വതന്ത്രതന്നെയുമാം
സംഗഹീനനാം ചിത്തിൻറന്യഥാകരണത്താൽ. 132

സംഗവും വികാരവുമില്ലാത്തൊരാത്മാവിനെ
ഭംഗിയിൽ ജഗദ്രൂപംചമയിക്കുന്നീമായ;
ചിത്തിൻെറപ്രതിബിംബസ്വരൂപംകൊണ്ടായതു
സാധിക്കുന്നുണ്ടു സൃഷ്ടി ജീവേശന്മാരുടേയും. 133

കൂടസ്ഥഭാവത്തിനുകേടൊന്നും വരുത്താത്ത
മട്ടിലാണല്ലൊ മായ സൃഷ്ടിപ്പു വിശ്വാദിയെ;
ദുർഘടംഘടിപ്പിക്ക മുഖ്യമാംവൃത്തിയായി-
ക്കൈക്കൊണ്ടമായയിങ്കലാശ്ചര്യപ്പെടേണ്ടൊന്നും. 134

ജലത്തിൽദ്രവത്വവുമഗ്നിയിലുഷ്ണത്വവും
ശിലയിൽ കാഠിന്യവുമെന്നതുപോലെതന്നെ
മായയിൽദുർഘടതപ്രകൃത്യാസിദ്ധമല്ലൊ,
കാര്യമായിതന്യത്താലുപലഭ്യവുമല്ല. 135

എക്കാലംവരെലോകം മായയെനേരിൽക്കണ്ടി-
ട്ടൊക്കെയും ഗ്രഹിക്കുന്നില്ലക്കാലംവരെയുള്ളിൽ
പൂണ്ടിടും ചമൽക്കാരം, പിന്നീടിതുതാൻമായാ-
ത്തിണ്ടാട്ടമെന്നുകണ്ടുശാന്തിയെ പ്രാപിച്ചീടും. 136

ലോകമേ സത്യമെന്നു വാദിക്കുന്നോരിൽനിന്നു
ശങ്കിക്കവേണ്ട ചോദ്യംപലതുംപുറപ്പെട്ടും;
ആ മായാരൂപംതന്നെ ചോദ്യമാകയാലതിൽ
കാണ്മതായ് ചോദ്യകാൎയ്യം ജ്ഞാനിക്കുചെറുമില്ല. 137

ചോദ്യവിഷയത്തിലും ചോദ്യംഭവിക്കുമെങ്കിൽ
ചോദിപ്പാനുണ്ടെനിക്കുമങ്ങേടെ ചോദ്യത്തെയും;
ഏവം ചോദ്യോത്തരങ്ങൾ നിലയ്ക്കായ്കയാൽചോദ്യം
കൈവെടിഞ്ഞാലും, പിന്നെ വരില്ല മറുചോദ്യം. 138

ആശ്ചൎയ്യങ്ങൾക്കുമുഖ്യസ്വരൂപമാമീമായ-
തൻചോദ്യസ്വരൂപവൻഗത്തിലുഴലാതെ
ആയതിൽനിന്നുപരിഹാരംതേടുകവേണ-
മായപോൽപ്രയത്നിച്ചും ബുദ്ധിമത്തുക്കളായോർ. 139

മായതൻഭാവംതന്നെ നിശ്ചയിക്കേണ്ടതെങ്കി-
ലായതുപാരാതങ്ങുനിശ്ചയിക്കയേ വേണ്ടൂ;
ലോകത്തിൽപ്രസിദ്ധമാമിന്ദ്രജാലത്തിന്നുടെ
ലക്ഷണംയാതൊന്നതു മായയ്ക്കുംലക്ഷണമാം. 140

യാതൊന്നതിസ്പഷ്ടമായ് വിളങ്ങിടുന്നാകിലു-
മേതുമെനിരൂപിപ്പാനശക്യമായും കാൺമൂ:
മായാലക്ഷണമാണതെന്നിന്ദ്രജാലാദിയാൽ
പ്രായേണ ലോകരൊക്കെ നിശ്ചയിച്ചിരിക്കുന്നു. 141

നന്നായിവിളങ്ങുന്നുണ്ടിക്കാണുന്നതാം ലോക-
മെന്നാലും നിരൂപണാതീതമാണതുമൂലം
ലോകവുംമായാമയമെന്നിങ്ങുപക്ഷപാത-
മാകവെയുപേക്ഷിച്ചുനിശ്ചയിക്കുക നല്ലൂ. 142

സൎവ്വപണ്ഡിതന്മാരുമിതിനെ നിരൂപിപ്പാൻ
ഭാവിച്ചോരവസരംതങ്ങടെ പ്രത്യക്ഷത്തിൽ
കണ്ടതാംഭാഗങ്ങളിൽ ചിലതിൻതീൎച്ചചെയ്വാൻ
ബന്ധമാകുന്നവണ്ണമജ്ഞാനംനിലകൊണ്ടു. 143

ദേഹേന്ദ്രിയാദികളാം വസ്തുക്കളെപ്രകാരം
യുക്തമാം വീൎയ്യത്തിനാൽ ജാതമായി,തല്ലെങ്കിൽ
ചൈതന്യമവററയിലെങ്ങനെയുണ്ടായെന്നു
ചോദിച്ചീടുകിലതങ്ങേയ്ക്കുത്തരമെന്താകുന്നു? 144

അയത്നവീർയ്യത്തിൻസ്വഭാവംതന്നെയാണെങ്കി–
ലായതങ്ങെപ്രകാരമറിഞ്ഞൂ? വദിച്ചാലും;
അന്വയം വ്യതിരേകമെന്നിവവന്ധ്യയിങ്ക–
ലെന്നുമേനിർവ്വീർയ്യത്താൽത്തകർന്നു ഫലിക്കാതെ. 145

ഇതൊന്നുംഞാനറിവീലെന്നതാംനിങ്ങളുടെ
ചിതമാമവസാനരക്ഷയ്ക്കുള്ളൊരുസ്ഥാനം;
തന്മൂലമല്ലോമഹാജനങ്ങളീമായയെ
സമ്മതിച്ചരുളുന്നിതിന്ദ്രജാലമതെന്നായ്. 146

ഗർഭപാത്രസ്ഥമായ യാതൊരുരേതസ്സതു
വിഭ്രമമെന്ന്യേ ഹസ്തമസ്തകപാദങ്ങളിൽ
ഭിന്നമാമങ്കുരങ്ങൾചേർന്നു ചൈതന്യവത്തായ്
തീർന്നുടൻ ചേഷ്ടിക്കുന്നിതനേകംവിധങ്ങളിൽ:
ശൈശവം യൌവ്വനവും ജരയും ക്രമത്താലീ–
വേഷ്ടനങ്ങളുമേന്തിക്കാണുന്നു, ഭക്ഷിക്കുന്നു,
കേൾക്കുന്നു, മണക്കുന്നു, വരുന്നതെങ്ങനെയൊ
പോക്കുമക്കണക്കിൽത്താൻ, നിജമല്ലിവയാകും:
എന്തൊന്നാമിതിൻമീതെ മറെറാരിന്ദ്രജാലമെ–
ന്നിത്ഥമിജ്ജഗജ്ജാലം വൃദ്ധന്മാർ ചോദ്യംചെയ്വൂ. 147

ദേഹത്തെപ്പോലെതന്നെ പേരാലിൻവിത്തിനേയു–
മോർക്കണംഗാഢമായി, മാമരത്തെയും പററി;
വിത്തെങ്ങാംവൃക്ഷമെങ്ങാമെത്രയോ ഭേദംതമ്മി–
ലോർത്തുറയ്ക്കുകലോകം മായാമയമെന്നേവം. 148

താർക്കികാദികളായോർ പദാർത്ഥനിരുക്തിയിൽ
ദക്ഷന്മാരാണെന്നഭിമാനിക്കുന്നവരുണ്ടാം;
ഹർഷമിശ്രാദികളുണ്ടവരെയെല്ലാംതന്നെ
ശിക്ഷിച്ചുവേണ്ടവണ്ണംഖണ്ഡനാദികൾമൂലം. 149

യാതൊരുഭാവങ്ങളാണചിന്ത്യങ്ങളായ്സിദ്ധ–
മേതുമെ തർക്കങ്ങളിലായവ പെട്ടതൊല്ല;
മനസ്സാലചിന്ത്യമാം രചനാസ്വരൂപമാ–
ണന്യൂനംജഗത്തെന്നു നിശ്ചയംതന്നെയല്ലോ. 150

നിശ്ചിന്ത്യനിർമ്മിതിതൻ ശക്തിക്കുള്ളതാംഹേതു
നിശ്ചയിച്ചീടവേണം മായയാകുന്നുവെന്നും,

മായതൻബീജമതു സുപ്തിയിലനുഭൂത-
മായിട്ടുമൊരേയൊരു വസ്തുതന്നെയാമെന്നും. 151

വിത്തിങ്കൽവൃക്ഷംപോലെ സർവ്വരുംസുഷുപ്തിയിൽ
ബോധിക്കുംമായതന്നിൽ ജാഗ്രത്സ്വപ്നമാംലോകം
ലീനമായിരിക്കുന്നിതാകയാൽ സർവ്വലോക-
ത്തിന്നുള്ളവാസനയും മായയിലുൾക്കൊള്ളുന്നു. 152

സാത്വികവാസനകൾ പൂണ്ടതാംബുദ്ധിതന്നിൽ
ചൈതന്യപ്രതിബിംബമുണ്ടായിട്ടുന്നതാമേ;
ആ പ്രതിബിംബം മേഘാകാശംപോലസ്പഷ്ടമാ-
ണല്ലൊഴങ്ങനുമാനംകൊണ്ടതുദ്ധരിച്ചാലും. 153

ചിദാഭാസാന്വിതമാമാമായാബീജംതന്നെ
മതിരൂപമായ്പരിണമിക്കുന്നിതാകയാൽ,
മതിയിൽചിദാഭാസൻ സുതരാംസ്പഷ്ടമായി
ഭൃതിയാന്നിരിക്കുന്നു ജീവാത്മാപരനാമൻ. 154

തന്നിലുള്ളാഭാസത്താൽ ജീവേശന്മാരെമായ-
നന്നായ്വിനിർമ്മിപ്പതായ് കേൾക്കുന്നു ശ്രുതിതന്നിൽ;
ആ രണ്ടുപേരും തോയമേഘാകാശങ്ങൾപോലെ
ചേരുന്നു സ്പഷ്ടമസ്പഷ്ടവുമാമുപാധികൾ. 155

മായ മേഘത്തിനേയും, സമഷ്ടിധീവാസന
തോയത്തിലെജ്ജലബിന്ദുക്കളേയുംപോലാം;
സമഷ്ടിചിദാഭാസൻ തുഷാരസ്ഥമാംവാനിൻ
സമാനനായുംവർത്തിച്ചീടുന്നു ബോധിക്കണം. 156

മായയിൽപ്രതിബിംബം ചെയ്തൊരുചിദാഭാസൻ
മായാധീനനും മഹേശ്വരനുമെന്നാംശ്രുതി;
മാത്രമല്ലന്തര്യാമി, സർവ്വജ്ഞനെന്നിങ്ങനെ
ഖ്യാതനാമവനല്ലൊ ജഗദുത്ഭവസ്ഥാനം. 157

സുപ്തിയിൽബോധിച്ചതാമാനന്ദമയൻതൊട്ടു
പ്രസ്തുതമായിങ്ങനെയരുളീടുന്നുവേദം;
'ഇവനാംസർവ്വേശ്വര, നിവനാം വേദത്തിനാ-
ലവികല്പമായ് സിദ്ധമാകുവോരീശ'നെന്നും. 158

ആനന്ദമയന്നിത്ഥം സർവ്വജ്ഞതാദിധർമ്മം
ചൊന്നതിൽചെറുതുംവേണ്ട വിപ്രതിപന്നഭാവം;

ശ്രൗതാൎത്ഥമസംശയമാകയാലുംമായയി–
ലേതുമേസംഭവിക്കത്തക്കതായ്കാണ്കയാലും. 159

ഈയാനന്ദസ്വരൂപൻ യാതൊരുവിശ്വത്തിനെ–
യീയവസ്ഥയിൽസൃഷ്ടിചെയ്വതുമറെറാന്നാക്കാൻ,
ഏതൊരുപുരുഷനും ശക്തനല്ലല്ലോപാൎത്താ–
ലോതു,ന്നാകയാലിവൻ സൎവ്വേശനെന്നുവേദം. 160

സൎവ്വപ്രാണികളുടേയും ബുദ്ധിവാസനകളു–
മാവിധംതന്നെയവൻ തങ്കലെയിരിക്കുന്നു;
ആ വാസനകൾകൊണ്ടു സൎവ്വജഗത്തുമവൻ
സുവ്യക്തംബോധിക്കുന്നിതാകയാൽ സൎവ്വജ്ഞനായ്. 161

വാസനകൾ സൂക്ഷ്മങ്ങളാകയാൽ സൎവ്വജ്ഞത്വം
ദൃശ്യമാകുന്നതല്ലയിന്ദ്രിയങ്ങളാലൊട്ടും;
എങ്കിലുംസൎവ്വബുദ്ധിനിഷ്ഠമാംവാസനയ്ക്കു
താങ്ങായചിദ്രൂപത്തെ സൎവ്വജ്ഞമാണെന്നൂഹ്യം. 162

വിജ്ഞാനമയംതൊട്ടു കോശങ്ങളുടേയും മററു–
വിജ്ഞാതങ്ങളാം സൎവ്വഭൂതങ്ങളുടേയുമുള്ളിൽ
സംസ്ഥിതനായിട്ടവ നിയന്ത്രിച്ചിരിക്കയാ–
ലന്തൎയ്യാമിത്വത്തെയുമായവൻ പ്രാപിക്കുന്നു. 163

ബുദ്ധിയിലിരിപ്പോനുമായതിന്നുൾക്കാതലും
ബുദ്ധിമെയ്യുടയോനും ബുദ്ധിയാലജ്ഞേയനും
ബുദ്ധിയെയന്തരത്തിൽ യമനംചെയ്വോനുമെ–
ന്നിത്തരം ഘോഷിക്കുന്നു വേദത്തിലറിയണം. 164

എവ്വിധംവസ്ത്രത്തിങ്കൽ നൂലുപാദാനമായി
സംബന്ധിച്ചിരിക്കുന്നിതവ്വിധം സൎവ്വത്തിനും
കാരണവസ്തുവായി ബ്ഭവിക്കുകയാലിവ–
നാരമിക്കുന്നു സൎവ്വത്തിങ്കലും സൎവ്വേശ്വരൻ, 165

വസ്ത്രത്തിനുള്ളിൽ നൂലും നൂലിന്നുമുള്ളിലായി
വൎത്തിപ്പൂ നൂലിഴകളേവമാന്തരഭാവം
ഏതിടത്തൊട്ടങ്ങുന്നിതായിടമിവൻ സൂക്ഷ്മ–
വസ്തുവായിരിക്കുന്നുവെന്നുതാനൂഹിക്കണം. 166

രണ്ടുമൂന്നുമായ്ഭാജ്യവസ്തുവിൻ വിഭാഗങ്ങൾ
കണ്ടുകൊണ്ടീടാമവ ബാഹ്യസ്ഥങ്ങളാകയാൽ;

സൎവ്വാന്തരസ്ഥനിവനതുപോൽദൃശ്യനല്ല,
കേവലംശ്രുതിയുക്തിയിവയാൽ നിൎണ്ണേയനാം. 167

വസ്ത്രത്തിൻസ്വരൂപമായ് കാണുകയാൽതന്തുദേഹം
വസ്ത്രമായെപ്രകാരം ഭവിക്കുമപ്രകാരം
സൎവ്വസ്വരൂപമൊത്തു സംസ്ഥിതിചെയ്കയാലെ
സൎവ്വുംസൎവ്വേശൻെറ വപുസ്സെന്നറിയണം. 168

തന്തുവിൻസംകോചവും വിസ്താരം ചലനവു-
മേന്തീട്ടവശ്യം വസ്ത്രമെവ്വിധമുണ്ടാകുന്നു;
എവ്വിധംവസ്ത്രത്തിന്നു ലേശവും സ്വതന്ത്രത
കൈവന്നിടാതെയായുമായതിങ്ങിരിക്കുന്നു; 169

അമ്മട്ടീയന്തൎയ്യാമിയേതൊരുവസ്തുവിലു-
മുണ്മയാംവാസനൌഘത്തിന്നോട്ടു ചേൎന്നുകൊണ്ടും
ഏതേതുവിധത്തിലൊ വികാരപ്പെട്ടുന്നതി-
തത്തരത്തിലായതുഭവിക്കുംനിസ്സംശയം. 170

യന്ത്രത്തിലേററപ്പെട്ട വസ്തുക്കൾപോലെ സൎവ്വ-
ജന്തുക്കളേയും മായാശക്തിയാൽ ചേഷ്ടിപ്പിച്ചും
സൎവ്വഭൂതങ്ങടേയും ഹൃദയാന്തരത്തിങ്കൽ
സൎവ്വേശനന്തൎയ്യാമി, യജ്ജുനാ, വൎത്തിക്കുന്നു. 171

വിജ്ഞാനമയങ്ങൾതാൻ ഭൂതങ്ങളായതെല്ലാം;
വിജ്ഞാനങ്ങളോ ഹൃത്തിൽസ്ഥിതിചെയ്തീടുന്നില്ല;
വിജ്ഞാനമതിന്നുപാദാനഭൂതനാമീശൻ
സുജ്ഞാതമവിടത്തിൽ വിക്രിയചെയ്യുന്നതായ്. 172

ദേഹാദിചേൎന്നിരിക്കും പഞ്ജരംയന്ത്രമാണാ-
രോഹമതിങ്കലുള്ളോരഭിമാനമാംഭാവം;
വിധിയുംനിഷേധവുമാകിയ കൎമ്മങ്ങടെ
വിധാനംഭ്രമണമാംശബ്ദവും കുറിക്കുന്നു. 173

വിജ്ഞാനരൂപത്തോടെ പ്രവൃത്തിവടിവുമായ്
വിജ്ഞാനമൂൎത്തിയീശൻ സ്വശക്തികാരണത്താൽ,
വിക്രിയനായീടുന്നിതായതുതന്നെയീശ-
നൊക്കെയും ഭ്രമിപ്പിപ്പൂമായകൊണ്ടെന്നു ചൊല്ലി. 174

അന്തർഭാഗത്തിരുന്നു നിയന്ത്രിക്കുന്നുവെന്നീ-
യൎത്ഥത്തെശ്രുതികൂടിസംവദിച്ചീടുന്നിതു;

ഈന്ന്യായം ഭൂമിതൊട്ട സവ്വവസ്തുക്കളിലു-
മെന്നുമേ നടപ്പതായ് ചേത്തുതാൻ ചിന്തിക്കണം. 175

അറിവേൻധമ്മ,മെന്നാൽ കൈയ്യില്ല കമ്മത്തിൽ മേ,
അറിവേനധമ്മവു, മൊഴിവാൻ കഴിവില്ല;
കരളിൽകുടികൊള്ളുമേതൊരുദേവൻെറയോ
തിരുവരുൾപോലെ ഞാൻചെയ്യപോകുന്നിതേതും. 176

പൂരുഷപ്രയത്നത്താലില്ലല്ലൊ ഫലമെന്ന-
താരുമിങ്ങേവംവിധം ശങ്കിച്ചീടുകവേണ്ട;
എന്തെന്നാൽ സവ്വേശ്വരൻ പൂരുഷപ്രയത്നത്തിൽ-
സന്ധിച്ചരൂപത്തോടുകൂടിയും വിവത്തിപ്പൂ. 177

ഈവണ്ണംബോധത്തിനാലീശൻെറ യന്തയ്യാമി-
ഭാവത്തിലുള്ളവൃത്തിവേണ്ടെന്നു വെച്ചിടേണ്ട;
എങ്കിലുമീശ്വരൻെറ രൂപമാംജ്ഞാനംകൊണ്ടു
തങ്കലേയാത്മാവിൻനിസ്സംഗതാബോധമുണ്ടാം. 178

അത്രത്തോളവും ബോധംകൊണ്ടുണ്ടാംമുക്തിയെന്ന-
ങ്ങൊത്തു ചേൻരയ്ക്കുന്നു ശ്രുതിയും സ്മൃതിയുമേ,
അ ശ്രുതിസ്മൃതികളു'മെന്നാജ്ഞകൾതന്നെ'യെ-
ന്നീശ്വരവചനവുമുണ്ടെന്നു ധരിച്ചാലും. 179

ആദേശംസംബന്ധിച്ച ഭീതിക്കുള്ളതാം ഹേതു,
'ഭീതിയാലിവൻ മൂല'മെന്നവാക്യത്താൽശ്രുതം;
അയതന്തയ്യാമിതൻ ഭാവത്തിൽനിന്നഭിന്ന-
മായിട്ടും സവ്വേശ്വരഭാവത്തെക്കാട്ടിടുന്നു. 180

'അക്ഷരമാകുമിതിൻ പ്രശാസനത്തി'ലെന്നു-
മുൾക്കളമേറുമിവൻ ജനത്തിൻശാസ്താ,വെന്നും
ശ്രുതികളാലീശ്വരൻ ബാഹ്യാന്തരങ്ങടേയും
സതതനിയാമകനാണെന്നും കാട്ടിടുന്നു. 181

ഉദ്ഗമനാശങ്ങൾക്കു കത്താവായതുമൂലം
ലോകത്തിന്നുൽപ്പത്തിതൻ മൂലഭൂതനാണിവൻ;
ഉൽപ്പത്തിപ്രളയങ്ങളാവിർഭാവവുമതി-
ന്നപ്പുറമുള്ളതിരോഭാവവുമെന്നാംമതം. 182

പ്രാണികൾ കമ്മത്തിന്നുവശരാവുകമൂലം
തന്നുള്ളിൽ വിലയിച്ച സവ്വജഗത്തിനേയും

ഈശ്വരനാവിർഭവിപ്പിക്കുന്ന നിവൎത്തിയ-
പേശലചിത്രപടമെന്നതുപോലെതന്നെ. 183

പിന്നെപ്രാണികൎമ്മങ്ങൾ ക്ഷയിക്കെ ലോകമെല്ലാം
തന്നിൽതാൻമറയ്ക്കുന്നു വസനംമടക്കുംപോൽ. 184

രാത്രിയും ദിവസവുമുറക്കമുണർച്ചയും,
നേത്രത്തെ തുറക്കയും നേത്രത്തെയടക്കയും
മൂകഭാവവുംമനോരാജ്യവുമെന്നിവപോ-
ലൊക്കെയാമീസൃഷ്ടിയും ലയവും ബോധിക്കണം. 185

ആവിർഭവിക്കുവാനും തിരോഭവിക്കുവാനും
സൎവ്വേശ്വരനു ശക്തിവേണ്ടപോലുണ്ടാകയാൽ
ആരംഭംപരിണാമമെന്നുള്ള വാദങ്ങൾക്കു
കാൎയ്യമേതുമേയില്ലയീശ്വരവിഷയത്തിൽ. 186

തന്നിലുള്ളചേതനപ്രാധാന്യംഹേതുവായി-
ത്തീൎന്നിതു ജഡത്തിന്നങ്ങീശ്വരൻ പ്രഭവമായ്;
അവ്വണ്ണം ജ്ഞാനഭാഗപ്രാധാന്യം മൂലമീശൻ
ജീവലോകത്തിന്റെയും കാരണമായ്ഭവിക്കും. 187

ക്ഷമാദിഭൂതങ്ങൾക്കും തജ്ജന്യദേഹങ്ങൾക്കും
തമോമുഖ്യമാം മായാധൎമ്മത്തെ സ്വീകരിച്ചും
ചിദാഭാസരാം ജീവന്മാൎക്കിങ്ങു സത്വഗുണ-
പ്രധാനമായോപാധികൈക്കൊണ്ടും പരമാത്മ,

സംസ്കാരം, ജ്ഞാനം, കൎമ്മമെന്നിവ നിമിത്തമായ്
വൎത്തിപ്പൂ കാരണമായ്, വാൎത്തികം ചൊല്ലുന്നേവം
ജഗൽകാരണമപ്പോളീശ്വരനല്ലെന്നാകിൽ
വിഗതസംശയനായ് ഭവിക്കാം ശ്രവിച്ചാലും. 188–189

സുരേശ്വരാചാൎയ്യരീസന്ദർഭം ജീവനേയും
പരിചിൽ ചിത്തിനേയുമൊന്നെന്നു കല്പിച്ചപോൽ,
പരസ്പരാധ്യാസത്താലീശനും ബ്രഹ്മമതു-
മൊരേവസ്തു താനെന്നു ചൊന്നതായ് ബോധിക്കണം. 190

സത്യജ്ഞാനാനന്തമാം ബ്രഹ്മത്തിൽതന്നെ നിന്നു-
മുത്ഥിതങ്ങളായ് വ്യോമം വായുവുമഗ്നി ജലം
ഭൂമിയോഷധികളുമന്നവും ദേഹങ്ങളു-
മാ മവ ക്രമത്താലെന്നേവമാം ശ്രുതി ചൊല്വൂ. 191

നന്നായാലോചിക്കാതെ നോക്കുമ്പോഴാ ശ്രുതിയാൽ
തോന്നിടാം ജഗദ്ബീജം സത്യമാം ബ്രഹ്മമെന്നായ്;
തന്മൂലം സംഭാവ്യമായദ്ധ്യാസം പരസ്പരം
ബ്രഹ്മത്തിനീശ്വരനുമെന്നതു വ്യക്തമല്ലോ. 192

അന്നത്തെഃത്തയ്ക്കുകയാൽ പശയും വസനവു-
മൊന്നായിട്ടേപ്രകാരം ഭവിക്കുമപ്രകാരം,
അന്യോന്യാദ്ധ്യാസരൂപനാമിവൻ ഭ്രാന്തിമൂലം
ചേർന്നിതങ്ങേകഭാവമെന്നുതാൻ ധരിക്കണം. 193

മേഘാകാശവും മഹാകാശവും പരസ്പരം
മുഗ്ദ്ധന്മാരെക്കണക്കിൽ വിവേചിക്കുന്നതില്ല,
അവ്വിധം ബ്രഹ്മത്തിന്നുമീശന്നുമേകഭാവം
ചൊവ്വോടെ കാണുകില്ല, സ്ഥൂലബുദ്ധികൾ ചെറ്റും. 194

ഉപക്രമാദ്യങ്ങളാം ലക്ഷണങ്ങളെക്കൊണ്ടി-
ങ്ങുപലക്ഷിച്ചുവെന്നാൽ വേദത്തിൻ സാരഭാഗം,
അറിയാം പരബ്രഹ്മമസംഗനെന്നു,മീശൻ
തിറമായ് സൃഷ്ടിചെയ്വോനെന്നുമേ,മായോപേതൻ. 195

'സത്യജ്ഞാനാനന്തംതാൻ ബ്രഹ്മത്തിൻസ്വരൂപ'മെ-
ന്നിത്ഥമാരംഭിച്ചിട്ടു പിന്നെ 'യാതൊന്നിൽനിന്നു
വാക്കുകൾ നിവർത്തിപ്പതെ'ന്നൊരുപസംഹാരം
വ്യക്തമായ് നിർണ്ണയിപ്പു കേവലമസംഗത്വം. 196

'മായാവാനായയീശൻ വിശ്വത്തെ സൃഷ്ടിക്കുന്നു,
മായയാലതിൽ ജീവൻ ബദ്ധനായിരിക്കുന്നു';
ഏവം മറെറാരു ശ്രുതി ചൊല്ലുന്നിതാകയാലി-
ന്നീവിശ്വം സൃഷ്ടിപ്പവനീശ്വരനെന്നു സിദ്ധം. 197

'ആനന്ദസ്വരൂപനാമീയീശൻ സങ്കല്പിച്ചു
ഞാനനേകമായ് ഭവിച്ചീടുവേ'നെന്നു നന്നായ്,
അപ്പൊഴേ ഭവിച്ചവൻ ഹിരണ്യഗർഭരൂപ-
മേപ്രകാരമോ സുഷുപ്തി സ്വപ്നമായ് തീരുംപോലെ. 198

ക്രമസൃഷ്ടിയെന്നിയെ യുഗപത്സൃഷ്ടിതാനും
ഗമകം രണ്ടുമട്ടിൽ ശ്രുതിയിൽ സൃഷ്ടികാര്യം;
ആകയാലവ രണ്ടും സ്വീകാര്യം ശ്രുതിയിൽപ്പോ-
ലക്രമമട്ടിൽ സ്വപ്നക്കാഴ്ചയുമുണ്ടാകയാൽ. 199

ഹിരണ്യഗർഭനിവൻ സൂത്രാത്മാവത്തും സൂക്ഷ്മ-
ശരീരനും സമഷ്ടിജീവസ്വരൂപനുമാം;
സർവമാം വ്യഷ്ടിസൂക്ഷ്മമെയ്കളിൽ ഞാനെന്നതാം
ഭാവത്തിലിച്ഛാക്രിയാജ്ഞാനശക്തനുമല്ലോ. 200

ഈ ലോകമുഷസ്സിലോ പ്രദോഷത്തിലോ തങ്ങും
ലോലമാം തമസ്സിങ്കൽ മുങ്ങിയെവ്വിധം മിന്നും,
അവ്വിധം ലോകമിതു ഹിരണ്യഗർഭസ്ഥമാ-
യവ്യക്തദീപ്തിയോടെ ദർശിക്കപ്പെടുന്നിതു. 201

എവ്വിധമന്നംകൊണ്ടു കട്ടിയായ്ത്തീർന്ന വസ്ത്രം
സർവത്ര മഷിതേച്ചിട്ടങ്കനം ചെയ്തിരിപ്പൂ,
അവ്വിധമീശദേഹം സൂക്ഷ്മമാം രൂപങ്ങളാൽ
സർവഭാഗത്തുമിങ്ങു ലാഞ്ഛിതമായിടുന്നു. 202

സസ്യമൊ ശാകംതാനൊയെങ്ങനെയെങ്ങും ചിത്താ-
കർഷമായ് മുളപൊട്ടി നിന്നീടുവതങ്ങനെ
ഈ ജഗത്തിന്നങ്കുരമാകും ഹിരണ്യഗർഭൻ
വ്യഞ്ജിച്ചീടുന്നുവല്ലോ സൂക്ഷ്മസ്വരൂപവാനായ്. 203

സൂര്യാഭതന്നിൽ മിന്നും ലോകവും വർണ്ണങ്ങളാൽ
പൂരിതവസനവും ഫലാഢ്യശാകം താനും
എവ്വിധം തെളിവാർന്ന വിളങ്ങുന്നിതാവിധം
സുവ്യക്തലോകരൂപം പൂണ്ടോനാം വിരാട്പുമാൻ. 204

വിരാട്പുരുഷരൂപം വിശ്വരൂപാദ്ധ്യായവും
പുരുഷസൂക്തമത്തും വർണ്ണിച്ചീടുന്നുവല്ലോ;
ധാതാവുമുതല്ക്കിങ്ങു പുൽക്കൊടിപര്യന്തമാ-
മേതൊന്നുമിവന്നംഗമെന്നുതാനറിയുന്നു. 205

ഈശ്വരൻ സൂത്രാത്മാവും വിരാട്ടും വിധാതാവും
വിഷ്ണുവും രുദ്രനിന്ദ്രൻ വഹ്നിയും ഗണേശനും
ഭൈരവൻ മാരിയമ്മ യക്ഷസ്സും രാക്ഷസരും
വിപ്രനും ക്ഷത്രിയനും വൈശ്യനും ശൂദ്രൻ പശു
അശ്വവും മൃഗം പക്ഷിയശ്വത്ഥം വടം ചൂതം 206
ശേഷിച്ച വൃക്ഷങ്ങളും നെൽ യവം തൊട്ടു തൃണം 207
ജീവനം ശില മുത്തും കാഷ്ഠമുളിയുമെല്ലാം
സർവ്വേശരൂപങ്ങളാം, പൂജിക്കിൽ ഫലം നൽകും. 208

സർവ്വേശ്വരോപാസനമെവ്വിധം ചെയ്യുന്നുവൊ
കൈവരുമാവിധത്തിൽ ഫലവുമറിയണം;
ഫലത്തിന്നുൽക്കർഷവുമപകർഷവും പൂജ്യ–
നിലയ്ക്കുമപ്പൂജയ്ക്കുമൊത്തിരുന്നീടുന്നിതു. 209

മുക്തിയാകട്ടെ ബ്രഹ്മതത്ത്വത്തിൻ ജ്ഞാനംകൊണ്ടേ
സിദ്ധിക്കയുള്ളു മാർഗ്ഗമില്ലല്ലൊ മറ്റൊന്നുമെ;
എപ്രകാരമോ തൻ പ്രബോധമെന്നിയെ ഏകൻ
സ്വപ്നത്തിൽനിന്നുമുക്തിനേടില്ലയതുപോലെ. 210

ഈശ്വരൻ ജീവനെന്നീമട്ടുള്ള രൂപത്തോടെ
ഭാസിക്കും ജീവജഡാകാരമാം സർവ്വലോകം,
രണ്ടാമതില്ലാതെഴും ബ്രഹ്മമാം തത്ത്വത്തിങ്കൽ
കണ്ടതാം സ്വപ്നമെന്നു ബോധിച്ചുകൊണ്ടീടണം. 211

ആനന്ദമയനീശൻ വിജ്ഞാനമയൻ ജീവ–
നെന്നുള്ള രണ്ടുപേരും മായാകല്പിതന്മാരാം;
ആ രണ്ടുപേരാലല്ലൊ പിന്നെയിച്ചരാചരാ–
കാരമാം ജഗത്തെല്ലാം കല്പിതമെന്നുവന്നു. 212

'ഞാൻ ലോകങ്ങൾ സൃഷ്ടിപ്പേനെന്ന സങ്കല്പംതൊട്ടു
മൌലിസ്ഥച്ഛിദ്രംവഴിയേറുവേ'നെന്നുവരെ
വീക്ഷിക്കും സൃഷ്ടിയീശകല്പിതം ജാഗ്രത്താദി–
മോക്ഷാന്തസംസാരമോ ജീവകല്പിതവുമാം. 213

അദ്വിതീയമാം ബ്രഹ്മതത്ത്വമസംഗമെന്നു
വാദികളായോരവരറിയുന്നതേയില്ല;
മായികന്മാരാമീശജീവന്മാരെയും പറ്റി–
യായപോൽ വ്യർത്ഥമായിക്കലഹിച്ചീടുന്നിതു. 214

തത്ത്വനിഷ്ഠരാം ഞങ്ങളീജഗജ്ജീവേശ്വര–
ഭേദകാരണം ബോധിച്ചെപ്പൊഴും മോദിക്കുന്നു;
ബോധശൂന്യന്മാരാകുമന്യരെപ്പറ്റി മാർഗ്ഗ–
മാത്രമാം ചെയ്യുന്നതും, വാദിക്കയെന്നതില്ല. 215

തൃണപാഷാണാദിയായ് പിന്നെ യോഗദർശന–
മണയുന്നിടത്തോളമീശ്വരതത്ത്വത്തിലും
ലോകായതന്മാർമുതൽ സാംഖ്യന്മാർവരെയുള്ളോ–
രാകെ ഭ്രമിക്കുന്നിതു ജീവസ്വരൂപത്തിലും. 216

എന്നോളമദ്വിതീയ ബ്രഹ്മതത്ത്വത്തിൻബോധം
ശൂന്യമായിരിക്കുന്നിതന്നോളമെല്ലാവരും
ഭ്രാന്തന്മാർതന്നെയല്ലോ, മുക്തിയായവൎക്കെങ്ങാം?
ചിത്തവിശ്രാന്തിശൂന്യൎക്കെങ്ങുതാനുള്ളൂ സൗഖ്യം? 217

ലൌകികവിജ്ഞാനത്താലുത്തമാധമഭാവ-
മൊക്കുന്നിതവൎക്കെങ്കിലാകട്ടെ, ഫലമെന്താം?
സ്വപ്നസ്ഥരാജത്വവും ഭൈക്ഷ്യവുമുണൎന്നോനെ
സംസ്പൎശം ചെയ്യതില്ല, ജ്ഞാനമേ സൌഖ്യപ്രദം. 218

ആകയാൽ മോക്ഷത്തിന്നു കാംക്ഷിപ്പോർ ജീവേശ്വര-
തൎക്കത്തിലൊരിക്കലും വെയ്ക്കൊല്ല മനസ്സൊട്ടും;
പിന്നെയോ, ബ്രഹ്മതത്ത്വം വിചാരംചെയ്തവേണം
നന്നായിട്ടതുതന്നെ ബോധിച്ചുകൊണ്ടീടണം. 219

ഇമ്മട്ടുപൂൎവ്വപക്ഷഭാവത്താൽ ബ്രഹ്മതത്ത്വം
ചെമ്മേ നിൎണ്ണയം ചെയ്യാൻ പറവുന്നതെങ്കിലാട്ടെ;
എന്നാലജ്ജീവേശ്വരവാദങ്ങൾ തന്നിൽബോധ-
ശൂന്യം നീ മഗ്നനായിപ്പോവാതെയിരിക്കണം. 220

നിസ്സംഗചിദ്രൂപനാം ജീവനെന്നായ് സാംഖ്യവും
തത്സമനീശനെന്നു യോഗവും ചൊല്ലിട്ടുന്നു;
തത്ത്വം പദങ്ങളുടെ ശുദ്ധാൎത്ഥഭൂതങ്ങളാം
തത്ത്വങ്ങളവരണ്ടുമെന്നാകിൽ കേട്ടുകൊൾക. 221

തത്ത്വം പദങ്ങൾക്കുള്ള രണ്ടൎത്ഥം നമ്മളുടെ
വേദാന്തമുറയ്ക്കൊത്തും സിദ്ധാന്തപക്ഷമല്ല;
അദ്വൈതം വിശദമായ് ധരിപ്പിക്കുവാൻ മാത്ര-
മാദേയമെന്നേയുള്ളൂ ചൊല്ലപ്പെട്ടൊരീപ്പക്ഷം. 222

ന്യൂനാദിയാമവിദ്യഹേതുവായ് ജീവേശന്മാർ
ഭിന്നിച്ചധൎമ്മമുള്ളോരെന്നു കാണുന്നു ഭ്രാന്തർ;
മിഥ്യാവബോധമതു നീക്കം ചെയ്യുവാനായി
തത്ത്വം പദങ്ങളുടെ ശോധനം ചെയ്തതല്ലോ. 223

ആകയാലത്രെ മുന്നം ഘടാഭ്രം, മഹാകാശം
പാകത്തിൽ ജലാകാശം മേഘാഭ്രമിവമൂലം
കൂടസ്ഥൻ ബ്രഹ്മമതും ജീവനുമീശ്വരനും
സ്പഷ്ടീകരിപ്പാൻ പറവും ദൃഷ്ടാന്തമുക്തമായി. 224

തോയാഭ്രം തോയദാഭ്രമെന്നിവ രണ്ടും തോയ-
തോയദോപാധികളെയാശ്രയിച്ചിരിക്കുന്നു;
അവ രണ്ടിനും മൂലമായിട്ടും ഘടാഭ്രവു-
മതുപോൽ മഹാഭ്രവുമേററവും സ്വച്ഛങ്ങളാം. 225

ഏവമാനന്ദമയനീശൻ മായയെന്നപോൽ
ജീവൻ വിജ്ഞാനമയൻ ബുദ്ധിക്കും വിധേയനാം;
ആയവക്കധിഷ്ഠാനമാളും ബ്രഹ്മകൂടസ്ഥ-
രായവരതിമാത്രം നിർമ്മലന്മാരുമല്ലോ. 226

ഈവിഭാഗത്തെയംഗീകരിക്കും യോഗമത-
മാവിധം സാംഖ്യമതും സമ്മതമായീടുകിൽ,
അന്നമയമായിട്ടും വിഭാഗത്തിനാൽ മെയ്യു-
മിന്നിങ്ങു കൈവരിക്കാമാത്മാവാണെന്നുതന്നെ. 227

ശരീരം പ്രതിയാത്മാഭിന്നനും ജഗത്തിതു
പരമാത്ഥവുമെന്ന സാംഖ്യവു,മിവയെന്യെ
ഈശൻെറ ഭിന്നനില യോഗവും, മൂന്നിങ്ങനെ
ഭ്രംശിക്കിലാമതങ്ങൾ വേദാന്തം കൈക്കൊൾവതാം. 228

ജീവനസംഗനെന്ന ബോധമൊന്നിനാൽ മാത്രം
കൈവന്നു ജന്മസിദ്ധിയെന്നങ്ങു നിനയ്ക്കുകിൽ,
മാല്യചന്ദനാദികൾ നിത്യങ്ങളെന്നുബോധി-
ച്ചാലുമുണ്ടാകുമല്ലോ ജന്മസാഫല്യമപ്പോൾ. 229

എവ്വിധംമാല്യാദിക്കനിത്യത്വം ദുസ്സാധമൊ,
അവിധമീശ്വരനും ലോകവും തമ്മിൽബന്ധം
വിശേഷ്യംവിശേഷണമെന്നപോൽ നില്പതോള-
മശേഷംസാധിക്കയില്ലാത്മാവിന്നസംഗത്വം. 230

പണ്ടത്തെപ്പോലെതന്നെ നിശ്ചയം പ്രകൃതിയു-
മുണ്ടാക്കും സംഗത്തിനെ, യീശനും നിയന്ത്രിക്കും,
അങ്ങനെയായിട്ടുംപോൾ ജീവന്നുമോക്ഷപ്രാപ്തി
യെങ്ങനെയുണ്ടായിട്ടും, സംസാരസംബന്ധത്താൽ? 231

അദ്ധ്യാസംപ്രേരണയുമവിവേകം നിമിത്തം
ബുദ്ധിയാൽ സംകല്പിതമെന്നാകിലപ്പോൾതന്നെ
സാംഖ്യൻെറ ദുരുഹത്തിൻഫലമായ് മായാവാദം
തക്മില്ലുത്ഭവിക്ക, മൊഴിക്കാവതുമല്ല. 232

ബന്ധമോക്ഷങ്ങളുടെ വ്യവസ്ഥ ചെയ്തീടുവാൻ
സന്ദേഹമാത്മാവിൻെറ നാനാത്വമെന്നാണെങ്കിൽ,
അവശ്യമില്ലായതിങ്ങത്തരംവ്യവസ്ഥിതി
ചെയ്യതിൽ മിടുക്കേറും മായയ്യെന്നതുമൂലം. 233

ദുർഘടങ്ങളെത്തമ്മിൽ ഘടിപ്പിക്കവേനെന്ന
വക്രസ്വഭാവമതുതാങ്കളും കാണുന്നില്ലേ?
ബന്ധമോക്ഷങ്ങളാട്ടെ വാസ്തവകാൎയ്യങ്ങളായ്
സന്ധാനം ചെയ്യുവതു ശ്രുതിയോ സഹിക്കില്ല. 234

ആത്മാവിന്നില്ലനാശമുൽപ്പത്തിയതുമില്ല,
ധൎമ്മബന്ധങ്ങളില്ല, സാധകൻതാനുമല്ല,
മോക്ഷാൎത്ഥിയല്ലയവൻ, മുക്തനുമല്ലയല്ലോ
ഇക്കണക്കത്രെ പരമാൎത്ഥമായുള്ളവസ്ഥ. 235

മായാഭിധാനംപൂണ്ട സുരഭിതൻ വത്സന്മാ-
രായിട്ടും ജീവേശന്മാരാകുന്ന രണ്ടുപേരും.
ദ്വൈതമാംക്ഷീരമിഷ്ടംപോലവേ കുടിക്കട്ടെ
സത്യമായ്നിലനില്പതദ്വൈതം തന്നെയല്ലോ. 236

കൂടസ്ഥൻ ബ്രഹ്മമിവതമ്മിലെ ഭേദമേതും
തേടേണ്ട, ശബ്ദഭേദമല്ലാതെ മറെറാന്നില്ല;
ഓൎത്താലും ഘടാകാശമഹാകാശങ്ങൾ തമ്മി-
ലെത്തുകില്ലെക്കാലത്തും വിയോഗമെന്നവസ്ഥ. 237

സൃഷ്ടിക്കുമുമ്പുകേട്ട യാതൊരദ്വൈതമുണ്ടോ
സത്യവസ്തുവെന്നേവ, മായേകതത്ത്വംമാത്രം,
ഇന്നുമക്കല്പത്തിലും മുക്തിയിങ്കലുമുള്ളു-
നന്നായിക്കറക്കുന്നു ലോകരെ വൃഥാമായ. 238

ഈവിശ്വംമായാമയം സത്യമാംവസ്തുവൊന്നെ-
ന്നേവമീജ്ഞാനമുള്ളോർക്കുടിയും ഭ്രമിക്കുന്നു;
ജ്ഞാനത്താൽഫലമെന്താം? അങ്ങനെവരികില്ല-
മുന്നേപ്പോലവർക്കിഹ ഭ്രാന്തികാണായ്കമൂലം. 239

ഭൂവിലുംസ്വൎഗ്ഗത്തിലുമുണ്ടാകും സംസാരത്തിൻ
സൎവ്വാംശങ്ങളുംസത്യ, മദ്വൈതമതുമൂലം
കാണ്മാനുമില്ലെ,നല്ലതുള്ളതുമല്ലയല്ലോ
നിൎണ്ണയമജ്ഞാനികളീവിധം ചെയ്തിടുന്നു. 240

ജ്ഞാനിതൻ സുനിശ്ചയമിതിന്നു വിപരീത-
മാണെന്നുനന്നായിട്ടു കാണാവുന്നതുതന്നെ;
തങ്ങൾതങ്ങൾക്കുമുള്ള നിശ്ചയത്തിൻപ്രകാര-
മങ്ങവർ കരുതുന്നു ബദ്ധൻഞാൻ മുക്തനെന്നും. 241

അദ്വൈതം സ്വാനുഭവഗോചരമ,ല്ലെന്നാകിൽ
ചിദ്രൂപമായിട്ടതുഭാനിക്കുന്നതുമൂലം
സ്വാനുഭവഗോചരമാകാതെ വരികില്ല;
പിന്നെയും, പൂർണ്ണമായി ബ്ഭാനിക്കില്ലെന്നശങ്ക
നീങ്ങിടും, ദ്വൈതമുണ്ടോ സർവ്വം ഭാനിക്കുന്നു?-
അങ്ങനെ ഭാനാഭാവം മൂലം ദ്വൈതവും തുല്യം. 242

ദ്വൈതമദ്വൈതമെന്നരണ്ടിലുമേകദേശ-
പ്രത്യയംതുല്യമായിവന്നതുതീർച്ച,യെന്നാൽ
നിൻെറയത്തീർച്ചപോലെ ദ്വൈതപ്രത്യയസിദ്ധി
ഉണ്ടാമെങ്കിലദ്വൈതസിദ്ധിയും ഭവിക്കില്ലേ? 243

അദ്വൈതംദ്വൈതഹീനമാകയാൽ ദ്വൈതജ്ഞാനം
വിദ്യോതിക്കിലെങ്ങനെയദ്വൈതം പ്രതീതമാം?
ചിദ്രൂപഭാനംദ്വൈതവിരോധിയാകുന്നത-
ല്ലിത്തരത്തിലദ്വൈതദ്വൈതങ്ങൾ ഭിന്നമല്ലോ. 244

ഈവിധംശങ്കയെങ്കിൽ കേൾക്കുക, മായാമയ-
മാവുകമൂലംദ്വൈതം വാസ്തവമ,ല്ലാകയാൽ
പരിശേഷിക്കും ചിത്താലദ്വൈതം വിശേഷമായ്
പരിശോഭിക്കുന്നതായ് ബോധിച്ചീടുകവേണം. 245

ഭാവനയ്യൊാതുങ്ങാത്തവിധത്തിലിരിക്കുന്ന
സർവ്വമാംജഗത്തിതുമായാമയംതന്നെയാം;
ഈവണ്ണംനിശ്ചയിച്ചു സത്യമായ് ശേഷിച്ചിട്ടു-
ന്നാവസ്തുവദ്വൈതമായ് നല്ലപോൽധരിച്ചാലും. 246

അദ്വൈതം സത്യമെന്ന ബോധമങ്ങുദിച്ചിട്ടും
ദ്വൈതമാവാസനയാൽ സത്യമായ് ഭാനിക്കിലൊ,
പിന്നെയും ശീലിക്കണം ശ്രവണാദികളെല്ലാം
ചൊന്നാലുമെന്തേശ്രമമിങ്ങനെ ചെയ്യുന്നതിൽ? 247

ഈച്ചിന്തനിമിത്തമാം ഖേദമെന്നോള,മെങ്കി-
ലാച്ചിന്തവരേണ്ടതു ദ്വൈതവിഷയത്തിലാം;
അദ്വൈതത്തിങ്കലെന്നാൽ യുക്തമല്ലീവിചാരം
ബാധിക്കമൂലമതു സർവ്വാനർത്ഥങ്ങളേയും. 248

ക്ഷുത്തുംദാഹവുംമററും മുന്നെപ്പോലെതാനെന്നിൽ
ദൃഷ്ടമായിരിക്കുന്നുവെന്നാകിലഹംശബ്ദം
തന്നുടെവാച്യാൎത്ഥമാമഹംകാരത്തിൻവക-
യെന്നുതാനറിയണ, മല്ലെന്നാർപറഞ്ഞിട്ടും? 249

അഹംകാരജന്യമാം ക്ഷുത്തൃഡാദി പ്രവൃത്തി
സഹജതാദാത്മ്യത്താൽ ചിത്തിലും ബാധിക്കുകിൽ,
താദാത്മ്യാദ്ധ്യാസത്തെ നീ ചെയ്യാതെയിരിക്കണ-
മേതവസരത്തിലും വാണാലും വിവേകിയായ്. 250

വാസനാദാർഢ്യം മൂലമദ്ധ്യാസം ഝടുതിയി-
ലാസാദിച്ചെന്നാകിലൊ വിവേകത്തിനെത്തന്നെ
ദൃഢവാസനയാക്കാനഭ്യാസം സദാചെയ്ക
മടിക്കാ,തിതിൻമീതെ ശാസനം മറെറാന്നില്ല. 251

വിവേകംമൂലമുണ്ടാം ദ്വൈതത്തിൻമിഥ്യാഭാവ-
മവികലയുക്തിജമെന്നങ്ങു ചൊന്നുകൂടാ;
ദ്വൈതത്തിൻവിരചനം ചിന്തയിൽ പെടില്ലെന്നു
സ്വന്തമാമനുഭവം സ്വകീയസാക്ഷിയല്ലൊ. 252

ചിത്തിൻെറരചനയും ചിന്തയിൽ കിട്ടില്ലെങ്കി-
ലത്തരമായിടട്ടെ, ഞങ്ങളീവേദാന്തികൾ
ചിത്തിനെ സുചിന്ത്യമാം സൃഷ്ടിയാണെന്നതെല്ലും
നിത്യത്വകാരണത്താൽ ചൊല്ലിട്ടുന്നതുമല്ല. 253

ചിത്തിൻെറ പ്രാഗഭാവമാനുഭവികമല്ല,
ചിത്തിതുതൻനിമിത്തം നിത്യമായിരിക്കുന്നു;
ദ്വൈതത്തിൻ പ്രാഗഭാവംനിത്യവും സുഷുപ്തിയിൽ
ചൈതന്യസ്വാനുഭവം കാണ്കയാലനിത്യമാം. 254

ദ്വൈതമാ ഘടാദിപോൽ നിൎമ്മിതമെന്നാകയാൽ
സന്തതംപ്രാഗഭാവസംയുതമായീട്ടുന്നു;
അങ്ങനെയാണെങ്കിലുമചിന്ത്യരചനയാ-
ലെങ്ങുമേയിന്ദ്രജാലംപോലതുമിഥ്യയുമാം. 255

ചിത്തിൽനിന്നന്യമാകും ദ്വൈതത്തെ മിഥ്യയെന്നു
ചിത്തുതന്നനുഭവമാൎഗ്ഗമായറിവതാം;
അദ്വൈതമനുഭവവേദ്യവുമല്ലെന്നുള്ള
വാദമതെപ്രകാരം വ്യാഹതമാകയില്ല? 256

വേദാന്തപ്പൊരുളേവം ബോധിച്ചവരിൽ ചില-
രെന്താണിന്നസന്തുഷ്ടരാകുവാനെന്നു ചൊല്ലൂ?
എന്നാലെന്തെന്നുചൊല്ലൂ ദേഹമാണാത്മാവെന്നു
തോന്നിയച്ചാർവാകാദിപ്രബുദ്ധമതികൾക്കും? 257

ധീദോഷംനിമിത്തമായ് വേണ്ടപോൽ വേദാന്താർത്ഥം
ചേതസ്സിൽ നിരൂപിച്ചില്ലെങ്കിലോയിരിക്കട്ടെ;
സന്തോഷഹീനരാട്ടെ ശാസ്ത്രാർത്ഥമുള്ളവണ്ണ-
മന്തരാധരിച്ചില്ല, തന്മൂലമസന്തുഷ്ടർ. 258

'ഈ മുമുക്ഷുവിൻ ഹൃത്തിലുള്ളതാം കാമമേതും
നിർമ്മൂലമാകുമെപ്പോ'ളെന്നതാം ശ്രൌതഫലം
പ്രാപിക്കുന്നില്ലയെന്നു ശങ്കിപ്പതെന്നാകിലൊ
പ്രാപ്തമായതുതന്നെ, ശങ്കവേണ്ടേവംവിധം. 259

'എപ്പൊഴോ ഹൃദയത്തിൻ ഗ്രന്ഥികൾ സമസ്തവു-
മൊപ്പമേവേരററിടു'മെന്ന വാക്യശേഷത്താൽ,
കാമങ്ങൾഗ്രന്ഥിരൂപമായേററം കുഴക്കീട്ട-
ന്നാമഹാബന്ധങ്ങളായ് വ്യാഖ്യാനിച്ചിരിക്കുന്നു. 260

അഹങ്കാരത്തിനേയും ചിദാത്മാവിനേയുമേ
വകതിരിവില്ലായ്കയാലൊന്നായ്ക്കണ്ടശേഷം
ഇതെനിക്കുണ്ടാകണമിതെനിക്കുണ്ടാകണ-
മിതുമട്ടിച്ഛകളെക്കാമങ്ങളെന്നു ചൊൽവൂ. 261

ചിദ്രൂപത്തിനെയഹംകാരത്തിൽപ്രവേശിപ്പി-
ക്കാതെയുമഹന്തയെവകതിരിവായ്ക്കണ്ടും
കോടിവസ്തുക്കളിച്ഛിക്കുന്നതാകിലും ബന്ധം-
കൂടാതിരിക്കുമൂലമായവ ബാധമല്ല. 262

ബന്ധമററിരുന്നാലും പ്രാരബ്ധദോഷത്തിനാൽ
സന്ധിക്കാമിച്ഛകളും ബുദ്ധനായിരുന്നിട്ടും,
പാപാധിക്യംനിമിത്തം സന്തുഷ്ടിയില്ലായ്മയു-
മാപതിക്കാവുന്നതാ, മങ്ങേയ്ക്കുവന്നപോലെ. 263

ദേഹത്തിലുണ്ടായിട്ടും രോഗാദിമൂലമായും
ശാഖിതൊട്ടവയ്ക്കുണ്ടാം ജന്മനാശങ്ങളാലും
ചിദ്രൂപാത്മാവുതന്നിൽ ഹാനിയെ,ന്തതുപോലെ
യെന്തുണ്ടാമഹംകാരജന്യമാമിച്ഛാദിയാൽ? 264

ഗ്രന്ഥിഭിന്നമാംമുമ്പുമാത്മാവിന്നസംഗത്വ-
മിത്തരംതന്നെയെങ്കിലങ്ങതുമറക്കായ്ക;
അങ്ങേടെ ഗ്രന്ഥിഭേദമതത്രെ, തന്നിമിത്ത-
മങ്ങിഹ കൃതാർത്ഥനായ്ത്തീൎന്നിതാ ബോധത്തിനാൽ. 265

മൂഢന്മാരീവിധത്തിലറിയുന്നില്ലയെങ്കിൽ
ഗ്രന്ഥിയാമൌഢ്യംതന്നെ, മറ്റൊന്നുമല്ലയല്ലൊ;
മൂഢനും ജ്ഞാനവാനുംതമ്മിലെ ബേ്ഭദമോൎത്താൽ
ഗ്രന്ഥിതാനുണ്ടെന്നതും തന്നാശവും മാത്രമാം. 266

ദേഹവുമിന്ദ്രിയങ്ങൾ മനസ്സും ബുദ്ധിയിവ
കൈക്കൊള്ളും പ്രവൃത്തിയും നിവൃത്തിയും പാൎക്കിൽ
ജ്ഞാനിക്കുമജ്ഞാനിക്കും തമ്മിലെബ്ഭേദം ചൊല്ലാ-
നൊന്നുമേ കാണുകില്ലയെന്നതു ബോധിക്കണം. 267

പ്രാത്യനും ശ്രോത്രിയനും തമ്മിലുള്ളൊരുഭേദം
വേദത്തിൻപാഠമൊന്നുമില്ലെന്നുമുണ്ടെന്നുമാം;
ആഹാരംതൊട്ടുള്ളതിൽ ഭേദമെന്നുള്ളതില്ല-
യീഗ്രന്ഥികാൎയ്യത്തിലുമീന്യായം കണ്ടീടണം. 268

സംപ്രാപ്തങ്ങളായുള്ള ദുഃഖങ്ങൾ ദ്വേഷിക്കില്ല,
വിപ്രയുക്തങ്ങളാകും സൌഖ്യങ്ങളിച്ഛിക്കില്ല,
വൎത്തിക്കുന്നുദാസീനനെന്നപോലാത്മജ്ഞാനി-
യിത്ഥമാം ഗ്രന്ഥിഭേദസ്ഥിതിയെന്നറിഞ്ഞാലും. 269

ഔദാസീന്യമെന്നതു സ്വീകാൎയ്യമെന്നാണെങ്കിൽ
വ്യൎത്ഥമായ് വരുന്നതാം 'പോലെ'ന്ന പദമല്ലോ;
ജ്ഞാനിക്കു ദേഹാദികൾ ദുർബലമെങ്കിൽ ഗദം-
തന്നെയാമതുസ്വാസ്ഥ്യത്തിങ്കലുള്ളുപേക്ഷയാം. 270

തത്ത്വാവബോധത്തിനെ ക്ഷയമാം രോഗമെന്നു
യാതൊരു മഹാബുദ്ധിശാലികൾ ഗണിക്കുന്നു;
ആയവൎക്കുള്ള ബുദ്ധിയതീവ വിശദമാ-
ണായവൎക്കെന്തുണ്ടിഹ ദൂഷ്യകം കഥിച്ചാലും? 271

ഭരതാദിയിൽക്കാണും പ്രവൃത്തിയില്ലായ്മയെ-
ല്ലുരാണഭാഗങ്ങളിൽ ചൊന്നിരിക്കുന്നുവെങ്കിൽ,
ഭക്ഷിപ്പോൻ കളിപ്പോനും രതിബോധിപ്പോനുമെ-
ന്നൊക്കെച്ചൊല്ലിടും ശ്രുതി കേട്ടിട്ടില്ലയോ ഭവാൻ? 272

രേതൻതൊട്ടുള്ളവരാഹാരാദികൾ വെടി-
ഞ്ഞൊരിടത്തിരുന്നവരല്ലെന്നു മാത്രമല്ല,
ജഡജനസംഗത്തിൽ ഭീതന്മാരായിക്കല്ല-
തടിയെന്നിവപോലെയുദാസീനരായ് വാണാർ. 273

സംഗിക്കു ലോകത്തിങ്കൽ നിശ്ചയം ബാധമുണ്ടാം,
സംഗഹീനന്നുസൌഖ്യം കൈവരികയും ചെയ്യും;
അകയാൽ സൌഖ്യത്തിനെയാഗ്രഹിച്ചീടുന്നവൻ
സംഗത്തെയെക്കാലവും പരിത്യജിച്ചീടണം. 274

ശാസ്ത്രസാരാംശബോധമില്ലാത്ത മൂഢജന-
മസ്ഥിരമായോരോന്നു ജല്പിക്കുന്നവരല്ലോ;
മൂർഖന്മാരുടെമതമേതുമങ്ങിരിക്കട്ടെ,
മുഖ്യമാം ഞങ്ങളുടെ സിദ്ധാന്തം ചൊന്നിടുന്നു. 275

വൈരാഗ്യമാത്മജ്ഞാനം ശാന്തിയെന്നിവ മൂന്നും
പാരം പ്രസിദ്ധങ്ങളാമായവ പരസ്പരം
സാഹായ്യമരുളുന്നു, പ്രായേണ ചേർന്നിരിക്കും,
സംഹിതമല്ലാതെയും കാണ്മതാം ചില ദിക്കിൽ. 276

ചൊന്നതാമോരോന്നിനും ഹേതു,സ്വരൂപം, കാര്യ-
മെന്നിവ ഭിന്നങ്ങളാണെന്നതു ബോധിക്കണം;
ശാസ്ത്രാർത്ഥം വിവേചിപ്പോനന്യോന്യമവയ്ക്കുള്ള
വ്യത്യസ്തസ്വഭാവത്തെയുള്ളപോലറിയണം. 277

വൈരാഗ്യത്തിന്നുഹേതു ഭോഗ്യജന്മാദികൾ നേ-
ക്കേറിട്ടം ദോഷദൃഷ്ടി, സ്വരൂപം ത്യാഗേച്ഛയാം;
ഫലമോ ഭോഗങ്ങൾക്കായ് വീണ്ടും വിഷാദിക്കായ്ക,
തെളിയുമിവമൂന്നും വിശേഷാൽ വിരക്തിയിൽ. 278

ശ്രവണാദികൾ മൂന്നും ബോധത്തിൻഹേതുക്കളാ-
ണവപോൽ തത്ത്വമിഥ്യാവിവേകം ബോധരൂപം,
പിന്നെയുമദ്ധ്യാസമങ്ങുദിക്കായ്ക ഫല,മീ-
മൂന്നുമാം ബോധത്തിന്റെയപൂർവ്വഹേത്വാദികൾ. 279

ഹേതുക്കളാകുന്നിതു യമാദിശമത്തിനും,
ചേതസ്സിൻവൃത്തിപ്രതിരോധം തൽസ്വരൂപമാം,
ബാഹ്യമാം കാര്യങ്ങളിൽ കാണ്മതാം ശ്രമക്ഷയം
വ്യാഹരിച്ചീടുന്നിതു തൽഫലംതന്നെയെന്നും:

ഏവമാണുപരതിക്കപൂർവ്വഹേതപാദിക-
ളേവമീ വൈരാഗ്യാദിമൂന്നും ഭിന്നിച്ചിരിപ്പൂ. 280

സാക്ഷാത്തായ് മോക്ഷത്തിനെ പ്രദാനംചെയ്യുകൊണ്ടു
വീക്ഷിച്ചീടുന്നു തത്ത്വബോധത്തെ പ്രധാനമായ്;
ശാന്തിയും വൈരാഗ്യവുമെന്നിവ രണ്ടുമല്ലോ
ബോധത്തിന്നരുളുന്നു സാഹായ്യമനാരതം. 281

മൂന്നുമേററവും പാകം വന്നുചേന്നിരിക്കുകി-
ലുന്നതതപസ്സിൻെറ ഫലംതന്നെ കാരണം;
ദൃഷ്ടകൃതം ഹേതുവായി ചിലപ്പോൾ ചിലക്കുണ്ടു
വിഘ്നങ്ങൾ ചിലതിന്നു കാണ്മാനുമുണ്ടു പാത്താൽ. 282

വൈരാഗ്യോപരതികളേവനിൽ പൂണ്ണമായും
സാരമാം ബോധമതു കാണുന്നു ശുദ്ധമായും,
ആയവനില്ലമോക്ഷമെന്നാലും പുണ്യലോക-
മായവൻ പ്രാപിച്ചീടും തന്നുടെ തപഃശക്ത്യാ. 283

ഏതവന്നെപ്പോൾ ബോധം പൂണ്ണമാ,യതിൽനിന്നു
ഭേദിച്ചു മററുരണ്ടും ശുദ്ധവുമായീടുന്നു,
മോക്ഷമുണ്ടെന്നപ്പോൾ സുനിശ്ചിതംതന്നെ,യെന്നാൽ
ദുഃഖമങ്ങൊട്ടുങ്ങില്ല ജീവിതകാലത്തിങ്കൽ. 284

പുല്ലിന്നുതുല്യം ബ്രഹ്മലോകമെന്നുള്ള ഭാവം
കില്ലില്ല, വൈരാഗ്യത്തിൻസീമയായ്മതിക്കുന്നു;
ദേഹാത്മഭാവംപോലെ പരമാത്മതപ ദാർഢ്യ-
മാകുന്നു ബോധത്തിൻെറ സമാപ്തിയറിയണം. 285

സുപ്തിയിലെന്നപോലെ വിസ്മൃതി ജാഗരത്തി-
ലെത്തുകയെന്നുള്ളതാണുപരതിക്കന്തവും;
ഇത്തോതുവെച്ചുകൊണ്ടങ്ങിടയ്ക്കുള്ളവസ്ഥയെ
ശോധിച്ചുറച്ചീടണമിമ്മൂന്നു കാര്യത്തിലും. 286

പ്രാരബ്ധകർമ്മം നാനാവിധത്തിലിരിക്കയാൽ
സാരരാം ജ്ഞാനികൾക്കുണ്ടുള്ളോരു ലോകവാസം,
ഭിന്നിച്ചപ്രകാരത്തിലായിട്ടും തന്നിമിത്ത-
മൊന്നിലും ഭ്രമിക്കായ്ക വിദ്വാന്മാർ ശാസ്ത്രാത്ഥത്തിൽ. 287

ഏങ്ങനെയോഗ്യമെന്നാലങ്ങനെതന്നെയവർ
തങ്ങടെ കർമ്മംപോലെ വർത്തിച്ചുകൊണ്ടീടട്ടെ!

എല്ലാക്കുമുള്ളതാകും ജ്ഞാനമോ തുല്യംതന്നെ,
തുല്യമാം മുക്തിയതുമേവമാം സത്യാവസ്ഥ. 288

വസ്ത്രത്തിൽ ചിത്രംപോലെ സ്വരൂപചൈതന്യത്തിൽ
സംസ്ഥാനംചെയ്തതത്രെ,മായയീ ജഗച്ചിത്രം;
അച്ചിത്രം തള്ളിനീക്കി ചൈതന്യമാത്രത്തിനെ
മെച്ചമായ് കണ്ടീടണം, ചിത്രദീപാത്ഥമേവം. 289

ഏതൊരുവിദ്വജ്ജനമിച്ചിത്രദീപത്തിനെ
നിത്യവും നിരൂപണംചെയ്തുകൊണ്ടിരിക്കുന്നു;
ആയവർ ജഗച്ചിത്രം കാണുമവരാണെങ്കിലും
മായയാൽ മുന്നേപ്പോലെ മോഹിതരാകയില്ല. 290

ശുഭം.

---

ഓം.

# തൃപ്തിദീപം.

## പ്രകരണം 7.

'പുരുഷനാത്മാവിനെയിവൻ ഞാൻതന്നെയെന്നു
നേരോടെ ബോധിക്കുന്നുവെന്നാകിലവൻപിന്നെ,
എന്തിനെയിച്ഛിച്ചെപ്പോനായാരുടെയാഗ്രഹാത്ഥം
സന്തപിച്ചീടുന്നിതു ശരീരത്തിനെച്ചൊല്ലി?' 1

ഈശ്രുതിക്കുള്ളൊരത്ഥമിപ്രകരണംമൂലം
സംശോധിച്ചിടുന്നുണ്ടിതാവിചാരണയാലെ,
ജീവന്മുക്തനായവനുള്ളതാം സംതൃപ്തിതൻ–
ഭാവമെത്രയും നന്നായ് വ്യക്തമാകയുംചെയ്യും. 2

ബ്രഹ്മത്തിൻഛായകൊണ്ടു ജീവേശന്മാരെ രണ്ടും
നിമ്മിതിചെയ്വൂ മായ,യീവിധം ശ്രുതിശ്രുതം;
തന്മൂലം ജീവേശന്മാർ കല്പിതർതന്നെയല്ലൊ,
നിമ്മിച്ചീടിനാരിവരിക്കാണും സമസ്തവും. 3

സൃഷ്ടിക്കായിച്ഛാപൂവ്വമാലോചിച്ചിടംമുതൽ
സൃഷ്ടിച്ചായതിൽ ജീവരൂപനായേറുംവരെ
കല്പിച്ചു സൃഷ്ടിയീശൻ, ജാഗരംതൊട്ടു മോക്ഷ–
മുൾപ്പെടെ സംസാരത്തെജ്ജീവനും കല്പിച്ചിതു. 4

നിർവ്വികാരനും ജ്ഞാനരൂപനുമസംഗനും
സർവ്വഭ്രമാധാരനുമായിട്ടും പരമാത്മ,
താദാത്മ്യാദ്ധ്യാസമൂലം ബന്ധമില്ലാത്തധീയിൽ
ദ്യോതിച്ച ജീവനേത്താൻചൊന്നിഹ പുരുഷനായ്. 5

കൂടസ്ഥാധിഷ്ഠാനത്തെയാർന്നിട്ടുന്നൊരാ ജീവൻ
തേടുന്നിതധികാരം മോക്ഷാദികാര്യങ്ങളിൽ;
കേവലജീവനവയ്ക്കധികാരിയാകില്ല,
കൈവരാ ഭ്രമമെങ്ങുമധിഷ്ഠാനമെന്നിയെ. 6

കൂടസ്ഥചൈതന്യത്തോടൊത്തിടും സ്ഥൂലസൂക്ഷ്മ-
മട്ടുള്ള ശരീരങ്ങളെപ്പൊഴോ ചിദാഭാസൻ
തത്സ്വരൂപമായിട്ടുകാണ്മതങ്ങപ്പോൾമുതൽ
സംസാരിഞാനെന്നഭിമാനത്തെപ്പൂണ്ടിടുന്നു. 7

എപ്പൊഴീഭ്രമാംശത്തെ തിരസ്കരിക്കുമൂല-
മുൾപ്പൂവിലധിഷ്ഠാനപ്രാധാന്യമറിയുന്നു,
അപ്പോൾഞാൻ ചിദാത്മാവുമസംഗൻതന്നെയെന്നും
സുപ്രസന്നനായ് ജീവൻബോധിച്ചീടുന്നുവല്ലോ. 8

അസംഗചിദ്രൂപനാമെന്നതിലഹംകാര-
മസംഗതമാകയാൽ ഞാനെങ്ങാവിധമാകും?
കേട്ടാലു,മെങ്കിലഹംവൃത്തിതാൻ മൂന്നുമട്ടിൽ
ദൃഷ്ടമാണതിലൊന്നുമുഖ്യം, രണ്ടമുഖ്യങ്ങൾ. 9

കൂടസ്ഥചിദാഭാസന്മാർക്കെഴും സ്വരൂപത്തെ
ഗാഢമായ് പരസ്പരമദ്ധ്യാസം ചെയ്കമൂലം,
ഒന്നായിബ്ഭവിക്കുന്നിതായതിലഹംശബ്ദ-
മെന്നുമേമൂഢർചേർക്കു,മാകയാൽമുഖ്യാർത്ഥമായ്. 10

ആഭാസകൂടസ്ഥരെവെവ്വേറെവചിക്കുംപോ-
ളാബോധ'മഹ'ത്തിന്നങ്ങമുഖ്യാർത്ഥങ്ങളത്രെ;
ഈവിധം തത്ത്വജ്ഞാനിവേർതിരിച്ചർത്ഥംനൽകും
കേവലംലോക, വേദ, കാര്യങ്ങൾചൊല്ലുംപൊഴും. 11

ഞാൻപോകുന്നെന്നിങ്ങനെയുള്ളതാമീലൌകികാ-
ലാപത്തിലാഭാസനെ ജ്ഞാനവാൻചിത്തിൽനിന്നും
വിവേചിച്ചിട്ടവനെത്തന്നെ 'ഞാൻ' ശബ്ദംകൊണ്ടു
വിവക്ഷിച്ചിരിക്കുന്നുവെന്നതായ് ധരിക്കണം. 12

ഈ വിദ്വാൻ ശാസ്ത്രീയമായ് വ്യവഹരിച്ചീടുംപൊ–
ളേവംജ്ഞാനസംഗൻ ഞാൻചിദാത്മാവുമെ'ന്നഹം',
കേവലം ചിദാഭാസവിവിക്തകൂടസ്ഥനെ–
യാവൃത്തിലക്ഷണയാൽ ധരിച്ചുപ്രയോഗിപ്പൂ. 13

ജ്ഞാനിയുമജ്ഞാനിയുമെന്നുള്ളോരവസ്ഥകൾ
നൂനമാഭാസന്നാണതാത്മാവിന്നുള്ളതല്ല;
എങ്കിലും ചിത്തിൽനിന്നുഭിന്നനാം ചിദാഭാസ–
നെങ്ങനെ ചിത്തുഞാനാണെന്നിഹ ബോധിക്കുന്നു? 14

കുററമില്ലിതിന്നേതു, മാഭാസഭാവംതന്നെ
മിഥ്യാത്മഭാവത്തോടുകൂടിയങ്ങിരിക്കയാൽ
കൂടസ്ഥഭാവംമാത്രം ശേഷിച്ചിടുന്ന മൂലം
കൂടസ്ഥൈകസ്വഭാവം പൂണ്ടോനാം ചിദാഭാസൻ. 15

ഞാനാണു കൂടസ്ഥാത്മാവെന്നബോധവും മിഥ്യ–
യാണെങ്കിലായതിനെയാരുതാൻ നിഷേധിക്കും?
എന്തെന്നാൽ രജ്ജുസർപ്പത്തിന്നുടെ ഭ്രമണവും
സത്യമാണെന്നുതെല്ലും ബോധിപ്പതിഷ്ടമല്ല. 16

അച്ചിദാഭാസനുണ്ടാം മിഥ്യയാംബോധംകൊണ്ടും
നിശ്ചയംമിഥ്യയായസംസാരം നശിച്ചിടും;
'യക്ഷാനുരൂപംബലി'യെന്നതുപോലല്ലയൊ
ലോകത്തിലുള്ളജനം പറയുമാറുള്ളതും. 17

ആകയാൽ കൂടസ്ഥസംയുക്തനുംപുരുഷനു–
മാകുന്ന ചിദാഭാസൻ കൂടസ്ഥവിവേകിയായ്,
കൂടസ്ഥൻഞാനാണെന്നു ബോധിച്ചീടുവാനായി
സ്പഷ്ടമാമധികാരമുള്ളോനായ് ശ്രുതിചൊൽവൂ. 18

പ്രത്യക്ഷദേഹത്തിങ്കൽ ശങ്കയൊ വിരോധമൊ
നാസ്തിയാ 'യിതാത്മാവാ'മെന്നലോകബോധ്യംപോൽ,
പ്രത്യഗാത്മകാര്യത്തിലത്തരം ജ്ഞാനംമുക്തി–
സിദ്ധിക്കാവശ്യമെന്നു ശ്രുതമാ'യിവൻ'കൊണ്ടും. 19

ദേഹമാണാത്മാവെന്നബോധം പോലാത്മാവിങ്കൽ
ദേഹാത്മജ്ഞാനത്തിനെബ്ബാധിക്കുമാത്മജ്ഞാനം
യാതൊരുവന്നിലുണ്ടാ, മായവനിച്ഛയുണ്ടാ–
കാതിരിക്കിലുമവൻ മുക്തനായ് ഭവിച്ചീടും. 20

'ഇവ'നെന്നുള്ളശബ്ദമപരോക്ഷമാം ഭാവ-
മവശ്യം ചൊൽവതെങ്കിലങ്ങനെ ചൊന്നിടേണം;
എന്തെന്നാൽ, സ്വയമേവവിളങ്ങുമച്ചൈതന്യം
സന്തതമപരോക്ഷമായിരിക്കുന്നതല്ലോ. 21

പരോക്ഷമപരോക്ഷംപോൽ ജ്ഞാനമജ്ഞാനവും
കരുതാം, ദ്വന്ദ്വങ്ങളായ് കാണ്മതാമിവരണ്ടും
നിത്യാപരോക്ഷരൂപനായിട്ടമാത്മാവിലും,
പത്താമത്തവനിൽപോൽ ഭവിക്കുന്നതായ്ത്തന്നെ. 22

ഒമ്പതാം സംഖ്യതന്നിലുറച്ചപത്താമവൻ
ഒമ്പതുപേരേക്കാണ്മതുണ്ടെങ്കിലുമായവൻ,
പത്താമൻതാനിതെന്നു തൽക്കാലം ഭ്രമംതന്റെ
ബുദ്ധിക്കുവന്നമൂലമറിയാതിരിക്കുന്നു. 23

അപ്പൊഴപ്പത്താമൻതാൻ പത്താമനായിരിക്കെ-
യപ്പുമാനില്ല, നഷ്ടനെന്നോർത്തുചൊല്ലുന്നേവം;
ആയതജ്ഞാനംമൂലം പത്താമൻതങ്കൽവന്ന-
തായിട്ടമാവരണമെന്നു വിദ്വാന്മാർചൊൽവൂ. 24

പത്താമൻപുഴതന്നിൽ മരിച്ചെന്നുവിചാരി-
ച്ചാർത്തനായ് രോദിക്കുന്നു പത്താമനാകുമവൻ;
രോദനാദികൾസർവ്വമജ്ഞാനകല്പിതമായ്
ദ്യോതിച്ചവിക്ഷേപസ്വരൂപമായ് കാണ്മൂ ബുധർ. 25

അപ്പൊഴപ്പത്താമവൻ മരിച്ചിട്ടില്ല, യുണ്ടെ-
ന്നാപ്തന്റെവാക്യംകേട്ടു സ്വർഗ്ഗാദിഭുവനങ്ങൾ
ഉണ്ടെന്നുധരിക്കുംപോലായവർ പത്താമനു-
മുണ്ടെന്നു പരോക്ഷമായ് ബോധിക്കതന്നെചെയ്‌വൂ. 26

പത്താമൻതന്നെക്കാണ്മാനാഗ്രഹിച്ചോരെക്കൊണ്ടു
ശാന്തമായെണ്ണിച്ചിട്ടു കാണാത്തപത്താമൻനീ-
എന്നാങ്ങു കാട്ടിയതു പ്രത്യക്ഷമറിഞ്ഞവർ
നന്ദിക്കതന്നെചെയ്‌വൂ, രോദിക്കുന്നതുമില്ല. 27

അജ്ഞാന,മാവരണം, വിക്ഷേപം,പരോക്ഷവു-
മച്ഛമാമപരോക്ഷജ്ഞാനവും സംതൃപ്തിയും,
ദുഃഖനാശവുമെന്നീയേഴവസ്ഥകൾപത്താ-
മങ്കൽക്കണ്ടപോലാത്മാവിങ്കലും കണ്ടീടണം. 28

സംസാരാസക്തചിത്തനായിട്ടിച്ചിദാഭാസൻ
സ്വസ്വരൂപമായിട്ടും പ്രത്യഗാത്മാവുതന്നെ,
ശ്രുത്യർത്ഥംചിന്തിപ്പതിൻ മുന്നമങ്ങൊരിക്കലും
ബോധിക്കുന്നതേയില്ലയജ്ഞാനംനിമിത്തമായ്. 29

പ്രസ്താവംവരുന്നേരം കൂടസ്ഥനില്ലയെന്നും
പ്രദ്യോതിക്കില്ലയെന്നും ചൊല്ലുന്നതാവരണം;
കർത്താവുഞാനാകുന്നു ഭോക്താവുമേവംചിന്ത
പാർത്തീടിൽ വിക്ഷേപമാം, തൽക്കാര്യം ദേഹദ്വയം. 30

ആചാര്യവാക്യംകൊണ്ടു കൂടസ്ഥനുണ്ടെന്നാദ്യ-
മാർജ്ജിച്ചിടുന്നുവല്ലോ പരോക്ഷമായബോധം;
പിന്നീടുവിചാരത്താൽ കൂടസ്ഥൻഞാൻതന്നെയാ-
മെന്നേവമപരോക്ഷബോധവുമുണ്ടാകുന്നു. 31

ആത്മാവബോധത്തിനാൽ കർത്താവുഭോക്താവുഞാ-
നിമ്മട്ടുദുഃഖമൊക്കെ ദൂരവേ ത്യജിക്കുന്നു;
കൃത്യങ്ങൾകൃതങ്ങളായ്, പ്രാപ്യങ്ങൾപ്രാപ്തങ്ങളായ്,
സന്തോഷമിപ്രകാരം സംഭവിക്കയുംചെയ്വൂ. 32

ഈവിധംചിദാത്മാവിലജ്ഞാനമെന്നുള്ളതു-
മാവൃതിവിക്ഷേപവും പരോക്ഷമപരോക്ഷം
ദുഃഖത്തിൻശമനവും നിർബ്ബാധസംതൃപ്തിയും
വ്യക്തമായ്കണ്ടിടുന്നുണ്ടായവസ്ഥകളേഴും. 33

ഈയേഴവസ്ഥകളുമാഭാസധർമ്മങ്ങളാ-
മായതിൽനില്ക്കുന്നുണ്ടു ബന്ധമോക്ഷങ്ങൾരണ്ടും;
അജ്ഞാനംതൊട്ടുള്ളൊരു മൂന്നെണ്ണമവയിങ്കൽ
നിശ്ചയിച്ചിരിക്കുന്നു ബന്ധഹേതുക്കളായി. 34

ആത്മസ്വരൂപം ചിന്തചെയ്വതിൻമുമ്പുള്ളതു-
മാലസ്യവൃത്തിക്കങ്ങുകാരണഭൂതവുമാം
അജ്ഞാതമെനിക്കാത്മാവെന്നുള്ളൊരവസ്ഥതാ-
നജ്ഞാനമെന്നപേരിലറിയപ്പെടുന്നതും. 35

പിന്നീടുശാസ്ത്രമാർഗ്ഗം വെടിഞ്ഞുംയുക്തിമാത്ര-
മുന്നിയും കൂടസ്ഥാത്മാവി,ല്ലൊട്ടും ഭാസിപ്പീല-
ഈവിധം വിപരീതമായിട്ടും വ്യവഹാര-
മാവൃതികാര്യമെന്നു വിദ്വാന്മാർ വദിക്കുന്നു. 36

ദേഹദ്വയത്തിലഭിമാനിക്കും ചിദാഭാസൻ
വിക്ഷേപസ്വരൂപമായ് പറയപ്പെട്ടുന്നിതു;
സംസാരനാമംപൂണ്ട കർത്തൃത്വംതൊട്ടസർവ്വ-
ക്ലേശവുമാഭാസനാമിവനെബ്ബന്ധിപ്പതാം. 37

വിക്ഷേപത്തിനുമുമ്പിലജ്ഞാനാവരണങ്ങൾ
പ്രഖ്യാപിച്ചിരിക്കിലുമാരണ്ടവസ്ഥകളും
വിക്ഷേപസ്വരൂപനാം ചിദാഭാസൻവകയാ-
ണോർക്കുകിൽ ചിദാത്മാവിൽ കാണില്ലിയവസ്ഥകൾ. 38

വിക്ഷേപം ഭവിപ്പതിൻമുന്നമേ ചിദാഭാസൻ
വിക്ഷേപസംസ്കരണം പൂണ്ടോനാം സുനിശ്ചയം;
ആകയാലവരണ്ടും ചിദാഭാസാവസ്ഥക-
ളാകുവാൻലേശംപോലും വിരോധംകാണുന്നീല. 39

വിക്ഷേപവൃത്തികളായ് ഭവിക്കുന്നതിൽഭേദ-
മൊക്കെയ്ക്കുമാസ്പദമാം ബ്രഹ്മത്തിലിവരണ്ടും
ആരോപിച്ചീടാമെന്നു ശങ്കിച്ചീടരു,തെങ്കി-
ലാരോപിക്കേണ്ടിവരും സർവ്വവും ബ്രഹ്മത്തിങ്കൽ. 40

എന്നാൽ ഞാൻ സംസാരിയും വിബുധൻ നിശ്ശോകനു-
മെന്നുമേ സന്തൃപ്തനുമീവിധം കാണുന്നവ
വിക്ഷേപസ്വരൂപമാം ജീവനു ഭവിച്ചുള്ള
പിൽക്കാലസ്ഥിതികളാം, ബ്രഹ്മത്തിന്നിവയില്ല. 41

എങ്കിൽ ഞാനജ്ഞൻതന്നെ, ബ്രഹ്മമുണ്ടെന്നും വിദ്യോ-
തിക്കുന്നുവെന്നുമുള്ളാ പ്രതീതിയെനിക്കില്ല;
ഇത്തരം പൂർവ്വാവസ്ഥ രണ്ടുമേ ജീവൻ തങ്ക-
ലൊത്തുചേർന്നിരിപ്പതായ് വിളങ്ങീടുന്നുവല്ലോ. 42

അജ്ഞാനത്തിന്നാശ്രയമധിഷ്ഠാനഭാവം പാ-
ർത്തുച്ചരിച്ചിതുബ്രഹ്മം തന്നെയെന്നാചാര്യന്മാർ;
അജ്ഞാനമഭിമാനം ചെയ്കയാലായതുതാ-
നിജ്ജീവന്നവസ്ഥയായ് കല്പിച്ചെന്നറിയണം. 43

അജ്ഞാനമിതുരണ്ടുമട്ടിലാം ജ്ഞാനത്താലെ
വിച്ഛിന്നമായിടുംപോൾ തൽക്കാര്യമാകുന്നതാം-
"ഇല്ല, ശോഭിക്കുന്നില്ല ചി'ത്തെന്നുരണ്ടുമട്ടി-
ലുള്ള വിഭ്രമംചേർക്കുമാവൃതിയൊക്കെ നീങ്ങും. 44

പരോക്ഷജ്ഞാനംകൊണ്ടു കൂടസ്ഥനില്ലെന്നതായ്–
വരുമാവൃതിഹേതുവാകുമജ്ഞാനം നീങ്ങും,
അപരോക്ഷമാംജ്ഞാനം കൂടസ്ഥൻ ശോഭിപ്പീലെ–
ന്നപരോധനം ചെയ്യുമാവൃതിബീജം വെൽവൂ. 45

കൂടസ്ഥൻ ശോഭിപ്പീലയെന്നതുനശിച്ചപ്പോൾ
കൂടസ്ഥൻ തങ്കൽവെച്ച ജീവത്വം ക്ഷയിക്കയാൽ,
സംസാരനാമംപൂണ്ട കർത്തൃത്വഭോക്തൃത്വാദി
സംസക്തദുഃഖമെല്ലാം വിലയം ഗമിക്കുന്നു. 46

സർവ്വമാം സംസാരവും നശിക്കെ നിത്യമുക്ത–
ഭാവമിങ്ങനുഭവപ്പെട്ടുകനിമിത്തമായ്,
വീണ്ടുമേ ദുഃഖമേതു മുണ്ടാകാത്തതുകൊണ്ട–
ങ്ങുണ്ടാകുമെന്നവേണ്ടൂ സംതൃപ്തി നിരങ്കുശം. 47

'ആത്മാവുതന്നെബ്ബോധിച്ചെങ്കി'ലെന്നുള്ള വേദം
പ്രത്യക്ഷജ്ഞാനം ശോകനിവൃത്തിയിവരണ്ടും
ജീവനെയാശ്രയിക്കുമവസ്ഥകളാണെന്നു
സാവധാനമായ് നമ്മോടുപദേശിച്ചിട്ടുന്നു. 48

'ഇവ'നെന്നുള്ളപദമാത്മാവിൻ പ്രത്യക്ഷത്വ–
മവഗമിക്കുന്നതായ് പറയപ്പെട്ടതല്ലോ;
പ്രത്യക്ഷ, മാത്മാവിന്റെ സ്വപ്രകാശത്വം, ബുദ്ധി
വൃത്തിയാൽദൃശ്യഭാവ, മേവമാം രണ്ടുവിധം. 49

പരോക്ഷജ്ഞാനമുള്ളകാലത്തു ചിദാത്മാവി–
ന്നൊരുഭേദവുമില്ല സ്വപ്രഭയ്ക്കറിഞ്ഞാലും;
സ്വപ്രകാശമാം ബ്രഹ്മമുണ്ടെന്നുള്ളൊരു ബോധം
പ്രാപിക്കകൊണ്ടുതന്നെ പരോക്ഷജ്ഞാനത്തിനാൽ. 50

ബ്രഹ്മംഞാനാകുന്നതായുല്ലേഖിക്കാതെ കണ്ടു
ബ്രഹ്മമുണ്ടെന്നുമാത്ര മുല്ലേഖിച്ചീടുന്നതു
പരോക്ഷജ്ഞാനമത്രെ, ഭ്രാന്തമാകുന്നതല്ല,
പരമാർത്ഥമാം ജ്ഞാനം ബാധിക്കപ്പെടായ്കയാൽ. 51

ബ്രഹ്മമില്ലെന്നുകാട്ടും പ്രമാണമുണ്ടാമെങ്കിൽ
ചെമ്മേപരോക്ഷജ്ഞാനം ബാധിക്കപ്പെട്ടുമപ്പോൾ;
ഈ വിധം പ്രബലമാം പ്രമാണം കാണായ്കയാൽ
കൈവരാ ബാധചെറുതും പരോക്ഷജ്ഞാനത്തിനും. 52

വ്യക്തിക്കുള്ളൊരുല്ലേഖ മില്ലായ്കകൊണ്ടുമാത്രം
ഭ്രാന്തമാകുന്നപക്ഷം. സ്വർഗ്ഗബോധവും ഭ്രാന്തം;
വസ്തുസ്വരൂപം നേരിലജ്ഞാതമാണെങ്കിലും
ഭ്രാന്തമാകാസ്വരൂപസാമാന്യജ്ഞാനം മൂലം. 53

പ്രത്യക്ഷബോധാർഹമാം ബ്രഹ്മത്തെപ്പരോക്ഷമായ്
ബോധിച്ചുകൊണ്ടീടുകിലാബോധം ഭ്രാന്തമല്ല;
ബ്രഹ്മംപരോക്ഷമട്ടിൽ ഗ്രാഹ്യമല്ലെന്നകൊണ്ടും
ബ്രഹ്മമിതെന്നു സൂചിപ്പിക്കപ്പെടായ്കകൊണ്ടും. 54

ബ്രഹ്മാംശംധരിച്ചാലും പ്രത്യഗംശാജ്ഞതയാ-
ലാമതം ഭ്രാന്തമെങ്കിൽ ഘടജ്ഞാനവും ഭ്രാന്തം;
അംശമില്ലെന്നാകിലും ബാധാംശച്ഛേദ്ഛ മൂലം
സാംശമായുരും ബ്രഹ്മം, തദംശജ്ഞാനംവരെ. 55

പരോക്ഷജ്ഞാനത്തിനാലസത്വാംശത്തിൻ നാശം
വരുംപോലപരോക്ഷാവബോധം നിമിത്തമായ്,
നിവൃത്തമായീടുന്നിതഭാനാംശവുമെന്നു
ചുവടേ ദശമൻതൻ കഥാംശമുല്ലേഖിപ്പൂ. 56

പത്താമനുണ്ടെന്നതാം പരോക്ഷമാകും ജ്ഞാനം
ഭ്രാന്തമാകാത്തപോലാം ബ്രഹ്മത്തിന്നസ്തിത്വവും;
ഈവിധമജ്ഞാനത്താൽ ജാതമാമാവരണ-
മാവിർഭവിക്കുന്നിതു രണ്ടുദിക്കിലും പാർത്താൽ. 57

ആത്മാവുബ്രഹ്മംതന്നെയെന്ന വാക്യത്തിൻപൊരുൾ
സ്വാത്മാവിൽനിശ്ശേഷമായ് വിചാരം ചെയ്കിലപ്പോൾ
വസ്തുവിൻ സാക്ഷാൽക്കാരം നിശ്ചയം ഭവിക്കുന്നു
പത്താമൻ നീയെന്നുള്ള വാക്യത്തിൽനിന്നെന്നപോൽ. 58

പത്താമനാരാകുന്നുവെന്നുള്ള ചോദ്യത്തിനെ
പത്താമൻ നീതന്നെയാമെന്നങ്ങു നിരസിക്കെ,
തന്നെയുംചേർത്തെണ്ണിച്ചു തന്നേത്താൻ പത്താമനായ്,
തന്നെത്താൻ സ്മരിച്ചീട്ടുമെന്നുതാൻ നണ്ണീടണം. 59

വാക്യത്തിൽനിന്നെഴും ഞാൻ പത്താമനെന്നബോധം
തർക്കമില്ലബാധ്യമാമാദിയിൽ മദ്ധ്യത്തിലും
അന്തംതന്നിലുംവേറെയൊമ്പതാളുള്ളവരി-
ലന്തരാസംശയംപോയിവനും സംതൃപ്തനായ്. 60

‘സദേവ’മെന്നാദിയാം വാക്യത്താൽ ബ്രഹ്മഭാവം
പ്രഥമംപരോക്ഷമായ് ബോധിച്ചതിനുശേഷം,
തത്ത്വമസിതൊട്ടുള്ള വാക്യത്താലദ്വിതീയ-
വസ്തുവാം ബ്രഹ്മംഞാനെന്നാത്മാവെയറിയണം. 61

ആകയാലാത്മാവുതൻ ബ്രഹ്മമാണെന്നഭാവ-
മക്കോശമഞ്ചിന്റെയുമാദിമദ്ധ്യാന്തങ്ങളിൽ,
കാണ്മതാമാത്മോദ്ദേശ്യവ്യവഹാരത്തിൽപോലു-
മന്യഥാ വരായ്കയാൽ സുസ്ഥമായാപരോക്ഷ്യം. 62

പണ്ടങ്ങുഭൃഗുമുനി ജഗജ്ജന്മാദിഹേതു
പൂണ്ടതാം ബ്രഹ്മത്തിനെബ്ബോധിച്ചു പരോക്ഷമായ്,
അന്നമയാദി പഞ്ചകോശത്തിൻ വിചാരത്താൽ
പിന്നീടുപ്രത്യഗാത്മരൂപമാം ബ്രഹ്മം കണ്ടാൻ. 63

ഇപ്രകരണത്തിൽ നീ ബ്രഹ്മമാ,ണെന്നവാക്യം
തൽപ്പിതാവരുളീല ഭൃഗുവിനോടെങ്കിലും,
അന്നപ്രാണാദികോശമെന്നീവിധത്തിൽ ചിന്ത
നന്നായിച്ചെയ്തു കാണ്മാനേകിനാനുപദേശം. 64

അന്നാദികോശങ്ങളെക്കുറിച്ചു വീണ്ടും വീണ്ടും
നന്നായിനിരൂപണംചെയ്തിട്ടു മുനീശ്വരൻ,
ആനന്ദാത്മാവാം പ്രത്യഗ്തത്ത്വത്തെയവലോകി-
ച്ചന്യൂനം യോജിപ്പിച്ചാനതിങ്കൽ ബ്രഹ്മലക്ഷ്മം. 65

സത്യമായ് ജ്ഞാനാത്ഥമായപരിച്ഛിന്നമായ്-
വർത്തിപ്പു ബ്രഹ്മമെന്ന ലക്ഷണംചൊന്നശേഷം,
ആയതിൻ ഗുഹാഹിതഭാവത്താൽ പ്രത്യഗ്രൂപം
സ്ഥായിയായ് കോശങ്ങളിൽ പ്രദർശിതമായിതു. 66

‘യാതൊരാത്മാ’വെന്നാദിയായിട്ടും ശ്രുതിവാക്കാൽ
സ്ഫീതനായിന്ദ്രൻതാനും പരോക്ഷജ്ഞാനവാനായ്,
പ്രത്യക്ഷീകരിക്കുവാനിച്ഛിച്ചു ധാതാവായ
തൻതിരുഗുരുവിനെ പ്രാപിച്ചാൻ നാലുവാരം. 67

‘ആത്മാവാണിക്കാണുന്നതെല്ലാ’മെന്നാദിയാകു-
മാമ്നായം ബ്രഹ്മത്തിനെ പരോക്ഷം ലക്ഷിച്ചിട്ടു്,
പിന്നെയദ്ധ്യാരോപാപവാദയുക്തികൾകൊണ്ടു
നന്നായ് പ്രജ്ഞാനാത്മാവാം ബ്രഹ്മത്തെക്കണ്ടീടിനാൻ. 68

ശ്രുതികളുൾക്കൊള്ളുന്നോരവാന്തരവാക്യങ്ങൾ
മതിയിൽ വരുത്തുന്നു പരോക്ഷജ്ഞാനത്തിനെ;
മഹാവാക്യങ്ങളെത്തും വിചാരം ചെയ്യുവെന്നാ-
ലിഹതാൻസിദ്ധിച്ചീടുമപരോക്ഷമാം ജ്ഞാനം. 69

മഹാവാക്യവിചാരം ബ്രഹ്മത്തെയപരോക്ഷം
ഗ്രഹിപ്പിക്കുന്നതായിവാക്യവൃത്തിയിൽ ചൊൽവൂ;
ആകയാൽബ്രഹ്മത്തിനെ സാക്ഷാൽക്കരിക്കയെന്ന-
സംഗതിയിങ്കലൊട്ടും സംശയിക്കേണ്ടതില്ല. 70

അന്തരംഗസ്ഥനാകും ചിദാത്മാ 'വഹ'മെന്ന
ബോധവാചകങ്ങൾക്കു വിഷയമായിരിപ്പൂ;
ആവിധം ബോധമത്തു ത്വം പദവാച്യമെന്നു
ചൊവ്വോടെ ധരിക്കുവാൻ ചൊല്ലുന്നു വാക്യവൃത്തി. 71

മായോപാധികനായും ജഗൽക്കാരണഭൂത-
നായഖിലജ്ഞത്വാദി ലക്ഷണയുക്തനായും
പരോക്ഷധർമ്മവാനായ് സത്യാദിരൂപനായു-
മിരിക്കുന്നൊരീശ്വരൻ തൽപ്പദവാച്യാർത്ഥമാം. 72

ദേഹം പ്രതികാങ്കിലും പ്രത്യക്ഷമല്ലാതെയും
ദേഹം ചേർന്നിരിക്കിലും സതതം പൂർണ്ണമായും
ഒരേവസ്തുവിലേവം വൈരുദ്ധ്യം കാങ്കമൂലം
ധരിക്ക സ്വീകാര്യമായ് ലക്ഷണാവൃത്തിയെത്താൻ. 73

'അയിവ'നെന്നാദിയാം വാക്യത്തിലനുഷ്ഠിക്കും-
ന്യായംപോൽ തത്ത്വമസിതൊട്ടുള്ള വാക്യങ്ങളിൽ
സ്വീകരിക്കേണ്ടതായ ലക്ഷണ, ഭാഗത്യാഗ-
ലക്ഷണയാകുന്നിതു, മററുരണ്ടുമുള്ളതല്ല. 74

സംബന്ധം വിശേഷണവിശേഷ്യഭാവമിവ
ജ്ഞാപിക്കും വാക്യാശയം സ്വീകാര്യമല്ലിവിടെ;
പിന്നെയോ, സ്വഗതാദി ഭേദശൂന്യമാം വസ്തു
തന്നെയാം വാക്യാർത്ഥമേ വിദ്വാന്മാർ സമ്മതിപ്പൂ. 75

യാതൊരു പ്രത്യഗാത്മാ സാക്ഷിയായ്മിന്നുവതാ-
ണദ്വിതീയാനന്ദസ്വരൂപനാം പരമാത്മ;
അദ്വിതീയാനന്ദസ്വരൂപനാം പരാത്മാവു
മാത്രമാംപ്രത്യഗ്ബോധരൂപമായ് ശോഭിപ്പതും. 76

ഈവിധം പരസ്പരതാദാത്മ്യബോധമെപ്പോ-
ളാവിർഭവിപ്പതപ്പോൾ നിശ്ചയം പ്രത്യഗ്ബോധം
ബ്രഹ്മത്തിൽനിന്നിതരമല്ലെന്നയനുഭവം
ചെമ്മേഭവിക്കുമെന്നു ബോധിച്ചീടുകവേണം. 77

തൽപ്പദവാച്യാർത്ഥമാമീശ്വരൻ തൻപരോക്ഷ-
രൂപവും നശിക്കുന്നു, കേട്ടാലും, തൽഫലമായ്
പ്രത്യഗാത്മാവുപരിപൂർണ്ണനു മാനന്ദൈക-
മൂർത്തിയുമായിത്തന്നെ ഭവിച്ചീടുനിതപ്പോൾ. 78

ഈവിധമായിരിക്കെ മഹാവാക്യത്തിൽനിന്നു
കേവലം പരോക്ഷമാം ജ്ഞാനമേ സിദ്ധമാകൂ;
ഇങ്ങനെ ചൊൽവോരുടെ ശാസ്ത്രസിദ്ധാന്തജ്ഞാനം
ഭംഗിയായ്ശോഭിക്കുന്നുവെന്നത്രെ പറയേണ്ടു! 79

ശാസ്ത്രസിദ്ധാന്തംപോട്ടെ, സ്വർഗ്ഗാദിവാക്യംപോലെ
യുക്തിപ്രകാരംനോക്കിൽ മഹാവാക്യത്തിൽ നിന്നു,
പരോക്ഷജ്ഞാനംമാത്രം സിദ്ധിക്കയുള്ളുവെങ്കിൽ,
ശരിയ,ല്ലപ്രകാരമല്ലല്ലൊ പത്താമനിൽ. 80

ബ്രഹ്മഭാവത്തെനന്നായാഗ്രഹിച്ചീടുന്നതാം,
ജന്മനാതന്നെയപരോക്ഷനാം ജീവന്നിഹ
സിദ്ധമാമപരോക്ഷ്യംപോലും നശിക്കുമെന്ന
യുക്തിതൻപോക്കു പാർത്താലെത്രയും വിചിത്രമാം! 81

സമ്പത്തിനായിക്കൊണ്ടു മോഹിച്ചുപണിഞ്ഞോർന്നു
സംഭവിച്ചിതുമൂലഹാനിയുമെന്നവിധം
ലോകത്തു സാധാരണനടപ്പുള്ളതാം വാക്ക-
തിക്കാലം സമർത്ഥമായ് നിങ്ങടെ സാഹായ്യത്താൽ! 82

അന്തഃകരണബന്ധം പൂണ്ടബോധമാം ജീവ-
നേന്തിടുമുപാധിയാലർഹിക്കു മാപരോക്ഷ്യം;
എന്നാലപരോക്ഷതാപാത്രമായിടാ ബ്രഹ്മം
തന്നുടെ നിരുപാധിസ്വരൂപം നിമിത്തമായ്. 83

ബ്രഹ്മമീവിധമല്ല, ബ്രഹ്മത്വബോധത്തിന്നു
ഭൂമി സോപാധികമായ് വന്നതുനിമിത്തമായ്;
എന്നോളം വിദേഹമാം മുക്തിസിദ്ധിപ്പതില്ലി-
തന്നോളം ബ്രഹ്മോപാധിനീക്കുവാനൊക്കായ്കയാൽ. 84

ജീവന്റെ ഭാവത്തിനും ബ്രഹ്മത്തിൻഭാവത്തിനും
കൈവരുമുപാധികളന്തഃകരണം ലക്ഷ്യം;
ജീവന്നന്തഃകരണയോഗവും ബ്രഹ്മത്തിന്നു
തദ്വിയോഗവുമെന്നാം വിശേഷ,മല്ലാതില്ല. 85

അന്തഃകരണസംഗമുണ്ടെങ്കിലില്ലെങ്കിലും
സന്ധിക്കുമുപാധിത്വം സന്ദേഹംവേണ്ടതെല്ലും;
പൊന്നെന്നുമിരുമ്പെന്നുമുള്ളൊരുഭേദംകൊണ്ടു
വന്നിടാ ശൃംഖലതൻ ഭാവത്തിൽ ഭേദമേതും. 86

ബ്രഹ്മമല്ലാത്തതിനെ നിഷേധവാക്യംകൊണ്ടും
ബ്രഹ്മസ്വരൂപത്തിനെ വിധിവാക്യങ്ങൾകൊണ്ടും
ഇമ്മട്ടുഭാവാഭാവം കുറിക്കും വാക്യം രണ്ടും
ബ്രഹ്മോപാധികളാണെന്നാചാൎയ്യർ ചൊല്ലിടുന്നു. 87

ബ്രഹ്മമല്ലാത്തോ'രഹം' തൻപൊരുൾ നിരസിക്കിൽ
ബ്രഹ്മം ഞാനെന്നബോധമെങ്ങനെ സിദ്ധിച്ചീടും?
അങ്ങനെ ശങ്കവേണ്ട, ഭാഗലക്ഷണകൊണ്ടു
തങ്ങുന്നഹംകാരാംശത്യാഗമേ ചൊന്നിട്ടുള്ളു. 88

അന്തരംഗസന്ത്യാഗംകൊണ്ടങ്ങവശേഷിച്ചു
ചിത്താകുംസാക്ഷിയിങ്കൽ ഞാൻ ബ്രഹ്മമെന്നവാക്യം
ഹേതുവായേകീഭാവം ദൎശിച്ചു കൂടസ്ഥാത്മാ
പൂതമാം ബ്രഹ്മഭാവം സാക്ഷാൽകരിക്കുന്നിതു. 89

സ്വപ്രഭനെന്നാകിലുമന്യപദാൎത്ഥംപോലെ
വ്യാപ്യമാകുന്നു സാക്ഷിബുദ്ധിവൃത്തിയാൽ മാത്രം;
ശാസ്ത്രാചാൎയ്യന്മാർ സാക്ഷിയിങ്കൽ ചിദാഭാസൻതൻ
വ്യാപ്തിത്വംമാത്രമത്രെ വാരണംചെയ്തിട്ടുള്ളു. 90

ബുദ്ധിയുമതിൽ പ്രതിബിംബിക്കുമാഭാസനു-
മൊത്തുചേന്നിട്ടുരണ്ടും ഘടത്തിൽ വ്യാപിക്കുന്നു;
ആ രണ്ടിൽ ബുദ്ധിവൃത്തിയാവൃതിനിവൎത്തിക്കും,
നേരെയച്ചിദാഭാസൻ ഘടവും ശോഭിപ്പിക്കും. 91

ബ്രഹ്മത്തെയാശ്രയിച്ചോരാവൃതിനീക്കംചെയ്വാ-
നമ്മതിവൃത്തിമാത്രം വേണ്ടതായ്‌വരുന്നുള്ളു;
ജാത്യാസ്ഫുരണരൂപമാകയാൽ ബ്രഹ്മത്തിനു
ദ്യോതിപ്പാൻ ചിദാഭാസസാഹായ്യമൊട്ടും വേണ്ട. 92

ഘടാദിദർശിക്കുവാനെവ്വിധമീക്ഷണവു-
മട്ടക്കൽ ദീപമതും വേണ്ടതാമതുപോലെ,
വിളക്കുകാണ്മാനവ രണ്ടും വേണമെന്നില്ല,
വിലോചനമൊന്നിനാലായതു സാധിക്കുന്നു. 93

ബുദ്ധിയിൽ ചിദാഭാസൻ സ്ഥിതനെങ്കിലും ബ്രഹ്മ-
മൊത്തൊന്നായ് ബ്ഭവിച്ചീടുമെന്നതേ ചെയ്യുന്നുള്ളു;
മററുള്ള ഘടാദിയിലെന്നപോൽ ബ്രഹ്മത്തിങ്കൽ
ചെററുമേ വിശേഷമാം സ്ഫുരണം ചേക്കില്ല. 94

'അപ്രമേയ'വും ബ്രഹ്മ'മനാദി'യുമാകയാൽ
സുസ്ഫുടം ശ്രുതിചൊന്നിതാഭാസനവ്യാപ്യനായ്;
'ബുദ്ധിയാൽ മാത്രമിതുപ്രാപ്തവ്യ'മെന്ന ശ്രുതി
വ്യക്തമായ് ബുദ്ധിതൻെറ വ്യാപ്യത്വം ശ്രുതമായി. 95

'ആത്മാവിനെ ഞാനിവനാണെന്നറികി'ലെന്നു-
ള്ളാമൊഴികൊണ്ടുഞാൻ താൻ പ്രത്യഗാത്മാവാം ബ്രഹ്മം;
ഈവിധമുണ്ടാകുന്ന യാതൊരു ബോധത്തെയാ-
മീവാക്യം വിശദമായ് ചൊൽവതെന്നറിയണം. 96

ഇമ്മഹാവാക്യത്തിനാൽ ഭവിക്കാം പ്രത്യക്ഷധീ-
യമ്മനോദാർഢ്യമെന്നാലീബോധം നൽകയില്ല;
ആചാര്യസ്വാമികൾ താൻ ശ്രവണാദികങ്ങടെ-
യാചരണം വേണ്ടതായ് കല്പിച്ചിരിക്കയാലെ. 97

ഞാൻ ബ്രഹ്മമാണെന്നുള്ള വാക്യത്തിന്നർത്ഥബോധം
തൻ ബുദ്ധിക്കെന്നുതാനോ ദൃഢമായ് ഭവിക്കുന്നു,
അന്നോളം ശമാദികൾ സഹിതം ശ്രവണാദി
നന്നായിട്ടഭ്യസിപ്പാനാചാര്യനരുൾചെയ്താൻ. 98

ബോധമിങ്ങുറയ്ക്കായ്വാൻ കാരണമുണ്ടനേക,
മാദ്യമായ് ശ്രുതികടെ നാനാത്വമതും പിന്നെ,
ബ്രഹ്മത്തിൻ വൈലക്ഷണ്യംമൂലമസംഭാവ്യത്വ-,
മാത്മാഭിമാനമാകും വിരുദ്ധബുദ്ധിയുമാം. 99

ശാഖാഭേദവും പിന്നെ,ക്കാമഭേദവും കൊണ്ടു
കേൾക്കുന്നു പലവിധം കർമ്മങ്ങൾ വർണ്ണിപ്പതായ്;
അമ്മട്ടിൽ ശ്രുതിവാക്യം തന്നിലും വിശങ്കിയാം-
ദുർമ്മനസ്സുപേക്ഷിപ്പാൻ ശ്രവണാഭ്യാസം വേണം. 100

എല്ലാവേദാന്തങ്ങളുമാദിമദ്ധ്യാന്തങ്ങളി-
ലാത്മാവു ബ്രഹ്മംതന്നെയെന്നവസാനിക്കുന്നു;
തന്മൂലം ബ്രഹ്മതത്ത്വമാത്മാവുമൊന്നാണെന്നോ-
രുന്മിഷദ്ദൃഢബോധമാകുന്നു ശ്രവണവും. 101

ബ്രഹ്മസൂത്രത്തിൽ കാണും സമന്വയാദ്ധ്യായത്തി-
ലമ്മുനിപ്രൌഢൻ ചൊന്നാൻ വ്യക്തമായ് ശ്രവണത്തെ,
അദ്ധ്യായം രണ്ടിൽ ബുദ്ധി സുസ്ഥമാം യുക്തികളാ-
ലുക്തമായ് കൂടസ്ഥനും ബ്രഹ്മവുമഭിന്നമായ്. 102

അനേകജന്മങ്ങളായുറച്ചോരഭ്യാസത്താൽ
തന്നതൊട്ടത്തുകളിലാത്മബുദ്ധിയുമേവം,
ജഗത്തുസത്യമെന്ന ബുദ്ധിയും ശ്രവണത്താൽ
വിഗമിച്ചാലും ക്ഷണാൽ വീണ്ടുമങ്ങുദിച്ചീടും. 103

ഇതെല്ലാ വിപരീതഭാവനയെന്നുള്ളതു-
മതുനിശ്ചയമായി നീങ്ങുമൈകാഗ്ര്യം മൂലം;
ഐകാഗ്ര്യമാകുവതു തത്ത്വബോധനത്തിൻമു-
മ്പാഗമിച്ചീടും സഗുണോപാസ്തിവഴിയായി. 104

വേദാന്തശാസ്ത്രത്തിലുമതുനിമിത്തംതന്നെ
ബോധനം ചെയ്യുന്നുണ്ടു വേണ്ടതാമുപാസ്തികൾ;
തത്ത്വോപദേശത്തിന്നു മുമ്പീയുപാസ്തിശീലി-
ക്കാത്തവന്നേകാഗ്രതയേകുന്നു ബ്രഹ്മാഭ്യാസം. 105

ബ്രഹ്മത്തെപ്പററിസ്സദാ ചിന്തിക്ക, സംഭാഷിക്ക,
ബ്രഹ്മത്തെപ്പററിത്തമ്മിൽ നന്നായി ബോധിപ്പിക്ക
ഇക്കാര്യമൊന്നിൽമാത്രം താൽപ്പര്യം പൂണ്ടിരിക്ക,
ഇക്കണക്കല്ലോ ബുധരറിയും ബ്രഹ്മാഭ്യാസം. 106

ധീരനാം മുക്തികാമൻ പ്രത്യഗാത്മാവുതന്നെ
നേരേയറിഞ്ഞിട്ടുതാനൈകാഗ്ര്യം ശീലിക്കണം;
ശബ്ദങ്ങൾപലതൊന്നും ധ്യാനിക്കചെയ്തീടൊല്ല,
ശബ്ദേന്ദ്രിയത്തിന്നതു ശ്രമത്തെച്ചെയ്യുമല്ലോ. 107

യാതൊരു ജനങ്ങളാണെന്നിൽനിന്നഭിന്നമായ്
ബോധിച്ചുതങ്ങളുടെയാത്മാവാമെന്നെസ്സദാ
സേവിച്ചനിശമെന്നിൽനിഷ്ഠരാമവരുടെ
സർവ്വയോഗക്ഷേമവും ഞാൻതന്നെ വഹിക്കുന്നു. 108

ഇമ്മട്ടിൽശ്രുതിസ്മൃതിരണ്ടുമിങ്ങെല്ലായ്പ്പോഴ്-
മാത്മാവിൽബുദ്ധിക്കുള്ളൊരൈകാഗ്ര്യം സിദ്ധാന്തിപ്പൂ;
ഐകാഗ്ര്യമെന്തിനെന്നാൽ ഭാവനാവൈപരീത്യ-
മാകവേനശിക്കുവാനാണെന്നു ധരിക്കണം. 109

ഏതൊന്നിൻെറയും സ്വന്തഭാവംവെടി,ഞ്ഞതിനെ
മറെറാരുപ്രകാരത്തിൽ ധരിക്കതന്നെയല്ലൊ
ബോധിക്ക,വിപരീതഭാവനയെന്നുള്ളതും
താതാദിബന്ധുക്കളിൽ ശത്രുഭാവനപോലെ. 110

സത്യമായീയാത്മാവുദേഹാദിയാൽഭിന്നനും
തത്വത്തിലീജഗത്തുമിഥ്യയുമാ,ണാരണ്ടിൽ
ദേഹാദിയാത്മാവെന്നും ജഗത്തുസത്യമെന്നു-
മൂഹിക്കുംബുദ്ധിയത്രെ വിരുദ്ധമാം ഭാവന. 111

ഈ മിഥ്യാബോധം തത്വചിന്തയാൽ നശിച്ചീടും,
തന്മൂലമാത്മാവിതു ദേഹാദ്യതിരിക്തനും,
എന്നപോൽ ജഗത്തിതുമിഥ്യയുമെന്നുള്ളതു
നന്നായിബ്ഭാവിക്കണമെല്ലാനേരവും മര്ത്യൻ. 112

ആത്മാവുദേഹാദിയാൽ ഭിന്നനും ജഗത്തിതു
ഛത്മവുമെന്നുള്ളതാംഭാവനം ചെയ്യേണ്ടതു
ദേവതാധ്യാനം മന്ത്രജപമിവപോൽവിധി
പൂർവ്വമൊ വിധിവിട്ടു ലൌകികരീതിപോലൊ? 113

ഭാവനാഫലംനേരിൽ കാണ്മതാകയാലന്ന-
മാംവിധംവിധിയേതും നോക്കാതെനടത്തിടാം;
ഭോജനമിച്ഛിപ്പവൻ നിയമയുക്തനായി
ഭോജ്യമശിക്കില്ലല്ലൊ, ജപത്തിലെന്നപോലെ. 114

അശിക്കുന്നെന്നും വരാമശിക്കില്ലെന്നും വരാ-
മശിപ്പുതന്നിഷ്ടംപോ,ലന്നമലഭ്യമെങ്കിൽ
ഭൃതത്താൽ,സ്വാപത്താലൊ ഏതൊരുവിധത്തിലും
ക്ഷുത്താപമകററുവാൻ പോംവഴിതേടുമവൻ. 115

വിധിപ്രകാരം ജപിച്ചീടണ,മപ്രകാര-
മതുചെയ്തില്ലയെങ്കിൽ പാപമിങ്ങുണ്ടായിടും;
യഥാർഹംചെയ്യാഞ്ഞാലൊ സ്വരവര്ണ്ണാൽദോഷംതെററി
വിധുരഫലംനൽകും, യഥേച്ഛംപാടില്ലതു്. 116

വിപരീതഭാവനക്ഷുധയെപ്പോലെതന്നെ-
യപകാരകമെന്നു ബോദ്ധ്യമായിരിക്കുന്നു;
ഉപായമെന്തെങ്കിലുംകൊണ്ടതുജ്ജയിക്കണ-
മുപദേശിപ്പാനില്ലയിതിനുള്ളനുഷ്ഠാനം. 117

ബ്രഹ്മത്തെപ്പററിസ്സദാചിന്തിക്ക സംഭാഷിക്ക,
യിമ്മട്ടിൽചെയ്യുവാനായുപായം മുൻചൊന്നിതു;
ബ്രഹ്മത്തിൽതന്നെരതനാവുകയെന്നതിലും
വിമ്മിട്ടം ധ്യാനാദിയിലുള്ളപോലില്ലയല്ലോ. 118

ബുദ്ധിയാൽകല്പിതമാം മൂർത്തിയെപ്പററിച്ചിന്ത
രോധിക്കാതിരിപ്പാനും മററുള്ളവിചാരത്താൽ
ഛരാദിക്കാതിരിപ്പാനും ധ്യാനം താൻചെയ്യണവേണം
ഭ്രാന്തമാംഹൃത്തിന്നതിലത്യന്തം നിർബ്ബന്ധമാം. 119

ഹേകൃഷ്ണ,മനസ്സിതുപ്രകൃത്യാ ചപലവും,
വ്യാകുല,മജയ്യവും,വാസനാനിർബദ്ധവും,
ആകയാലതിന്നുടെയന്ത്രണം കാററിനെപ്പോ-
ലാകാത്തപണിയെന്നുഞാനിങ്ങുനിനയ്ക്കുന്നു. 120

ഉദധിജലമെല്ലാം കുടിച്ചുവററിക്കുക,
പൃഥുവാംമേരുവിനെച്ചുവടേപുഴക്കുക,
അഗ്നിയെബ്ഭക്ഷിക്കയെന്നിവയെക്കാളെത്രയും
ദുഷ്കരമത്രെ മനോനിഗ്രഹം മഹാത്മാവേ! 121

ശൃംഖലാബദ്ധമായ ദേഹത്തിന്നെന്നപോലെ-
യാധ്യാനാദിയിലില്ലനിർബന്ധം, തന്നെയല്ല-
ഒട്ടേറെപ്പരാവൃത്തമിവയാൽ നാട്യത്തിൻെറ
മട്ടിലായ് ബുദ്ധിക്കേകും നിശ്ചയം വിനോദവും. 122

ഇതിഹാസാദികളിലാത്മാവുചിത്തുതന്നെ-
യതുപോൽജഗത്തിതു മിഥ്യയിലറ്റുകയാൽ
ഇതിഹാസാദികളാൽ നിദിധ്യാസനത്തിന്നു
മതിയിലുണ്ടാകില്ല വിക്ഷേപമൊരിക്കലും. 123

കൃഷിവാണിജ്യസേവാദിയിലും കാവ്യതർക്ക-
വിഷയാദികളിലും മാനസവ്യാപാരത്താൽ
തത്ത്വസ്മരണത്തിന്നു മാർഗ്ഗമില്ലായ്കകൊണ്ടു
ബുദ്ധിക്കസംഭവിക്കും വിക്ഷേപം തീർച്ചയായും. 124

തത്ത്വാനുസന്ധാനത്തിന്നോടൊത്തുഭോജനാദി
വൃത്തിയും നിത്യംചെയ്യാൻ സാധിക്കുന്നതുമൂലം
അതിയാംവിക്ഷേപവുമുണ്ടാകയില്ല,വേഗം
മതിയാൽവീണ്ടുമങ്ങുകഴിയും സ്മരിപ്പാനും. 125

തത്ത്വത്തെവിസ്മരിക്കമാത്രത്താലല്ലനൎത്ഥം
വ്യത്യസ്തഭാവനയുമനൎത്ഥമുണ്ടാക്കുന്നു;
ഭോജനാദിക്കുശേഷമുടനെ സ്മരിപ്പാനു
സംജാതമാകാ കാലം പ്രതീപഭാവനയ്ക്കും. 126

കാവ്യംതുടങ്ങിയവ ശീലിപ്പാനവസരം
കൈവരാതത്ത്വസ്മൃതിക്കെന്നുമാത്രവുമല്ല,
പ്രത്യുത,തത്ത്വാഭ്യാസഘാതിയുമാകമൂല-
മോൎത്തുള്ള തത്ത്വംകൂടിസന്ത്യക്തമാകുംബലാൽ. 127

“ആയേകനാമാത്മാവെമാത്രമിങ്ങറിയുവിൻ
ഹേയമായ്ക്കരുതുവിനന്യമാം വാചകങ്ങൾ;’
ഇച്ചൊന്നശ്രുതിക്കൊപ്പം മററുദിക്കിലും കാണ്മൂ
ത്യാജ്യമായ്വാഗിന്ദ്രിയശ്രമവും ചെയ്യുന്നതായ്. 128

ആഹാരംതൊട്ടുള്ളവ ത്യജിപ്പോൻ ജീവിക്കില്ല
പോകുമോനിൻെറജീവൻ ത്യജിക്കിലന്യശാസ്ത്രം?
എന്തിനിത്രത്തോളവുമന്യശാസ്ത്രാഭ്യാസത്തിൽ
സന്തതം ദുൎമ്മോഹത്തെക്കൈക്കൊണ്ടിരുന്നീടുന്നു? 129

രാജ്യപരിപാലനമെങ്ങനെജനകാദി
പൂജ്യപാദന്മാ,ൎക്കെങ്കിൽ ദൃഢബോധത്താലല്ലൊ.
അങ്ങനെദൃഢബോധമുണ്ടെങ്കിലങ്ങുമേവം
ഭംഗിയിൽതൎക്കപാഠംചെയ്തിടാം കൃഷിയേയും. 130

വാസനമിഥ്യയെന്നുദൃഢതവരുന്നേരം—
മാശിച്ചും പ്രാരബ്ധമാം കൎമ്മത്തിൻവിദ്ധ്വംസനം
സ്വസ്വകൎമ്മാനുസാരം വന്നിട്ടും ഭോഗങ്ങളിൽ
ക്ലേശിക്കാതിടപെട്ടുചേഷ്ടിച്ചുകൊണ്ടീടുന്നു. 131

തങ്ങടെകൎമ്മങ്ങൾക്കുവശരാം ജ്ഞാനികളെ—
യങ്ങനെമാനസത്തിൽ വളരെശ്ശങ്കിക്കേണ്ട,
ആയവരനാചാരരാകിലങ്ങായിടട്ടെ,—
യീയുലകിലാരുണ്ടു കൎമ്മത്തെത്തടുക്കുവാൻ? 132

ജ്ഞാനിക്കുമജ്ഞാനിക്കും പ്രാരബ്ധകർമ്മം തുല്യം
ജ്ഞാനിയായതിലൊട്ടും ദുഃഖിക്കാ ധൈര്യ്യത്തിനാൽ
മൂഢനോ ക്ലേശിക്കുന്നു ധൈര്യ്യമില്ലായ്കമൂലം
തേടുന്നീവിധത്തിങ്കലവർതമ്മിലെബ്ഭേദം. 133

മാർഗ്ഗത്തിൽസഞ്ചരിക്കും രണ്ടാൾക്കും ക്ഷീണം തുല്യ-
മാകിലും ലക്ഷ്യസ്ഥാനമടുത്തെന്നറിയുന്നോൻ,
ധൈര്യ്യത്താൽ ദ്രുതമായിനടക്കുമന്യനായോൻ
കാര്യ്യജ്ഞാനഹീനനായ് ഖേദിച്ചങ്ങിരിക്കുന്നു. 134

വേണ്ടപോലാത്മസാക്ഷാൽക്കാരധീയാർന്നുള്ളവൻ
വേണ്ടാത്തവിപര്യ്യയം ബാധിക്കാത്തവനായി,
ആരുടെയിച്ഛക്കായുമെന്തിനെയിച്ഛിച്ചിട്ടും
തീരാത്തദുരിതങ്ങൾ ദേഹാർത്ഥം സഹിക്കണം? 135

വിശ്വം മിഥ്യയാണെന്നബോധമങ്ങുണ്ടാകയാ-
ലാശിക്കപ്പെടുന്നതും നിരസ്തമാശിപ്പോനും
ആരണ്ടിന്നഭാവത്തിൽ തൈലംതീർന്നദീപംപോൽ
സ്വൈരമായ് സന്താപവുംപ്രാപിക്കുമുപശമം. 136

മായാനിർമ്മിതപുരംതന്നിലെസ്തോകാർത്ഥവും
മായാവികൃതമെന്നു ബോധിക്കുവോനായ്,ചെറ്റും
ഇച്ഛിക്കയില്ലെന്നല്ല പ്രത്യുതമിഥ്യയെന്നു
പുച്ഛിച്ചുചിരിച്ചുകൊണ്ടിച്ഛിപ്പുകൈവിടുവാൻ. 137

ഈവിധംപ്രതീതിയിൽ മാത്രമഭിരാമമായ്
കൈവരും ഭോഗങ്ങളിൽവിചാരശീലനായോൻ
രഞ്ജിക്കയില്ല,യെന്നാൽ ദോഷദർശനംമൂലം
വാഞ്ഛിക്കുമുപേക്ഷിപ്പാനെന്നുതാൻ ധരിക്കണം. 138

വിത്താദിയാർജ്ജിപ്പാനും ക്ലേശമാം പാലിപ്പാനും
കഷ്ടമാം നശിക്കുംപോൾ ചെലവായിടുംപൊഴും
ആകയാൽനിന്ദാർഹങ്ങൾതന്നെയാമർത്ഥാദികൾ
കാണ്കയീവിധം ദോഷരൂപത്തിൽ വിഷയങ്ങൾ. 139

എല്ലുകൾഞരമ്പുകൾ മാംസക്കൂട്ടമെന്നിവ-
യെല്ലാംചേർന്നിടും ക്രവ്യപുത്രികയാകുംസ്ത്രീതൻ
യന്ത്രംപോൽചലിച്ചീടും ദേഹപഞ്ജരത്തിങ്ക-
ലെന്തുതാനിരിക്കുന്നു ശോഭനമെന്നുചൊൽവാൻ? 140

ഈവിധംവാസിഷ്ഠാദി ശാസ്ത്രങ്ങൾ ഭോഗ്യദോഷം
സവിശേഷവിസ്തരം വ്യക്തമായ് ചൊല്ലിടുന്നു;
എപ്പൊഴുമായവയെ വിമർശിച്ചീടുന്നവ-
നെപ്രകാരത്തിൽ മുങ്ങുമത്തരംദുഃഖങ്ങളിൽ. 141

വിശപ്പാൽ ഖേദിപ്പവനെന്നാലുമൊരുവനു-
മശിപ്പാനിച്ഛിക്കില്ലവിഷത്തെ, യേവംവിധം
മിഷ്ടാന്നഭോജനത്താൽ തൃപ്തനാം വിവേകവാ-
നിഷ്ടപ്പെടില്ലവിഷമറിഞ്ഞും കൊണ്ടുതിന്മാൻ. 142

പ്രാരബ്ധകർമ്മത്തിൻെറ ശക്തിയാൽഭോഗങ്ങളിൽ
ചേരുന്നിതിച്ഛയെങ്കിലപ്പൊഴുമവൻപാരം
ക്ലേശിച്ചുവൈതാനികനാകും രാജഭൃത്യൻപോ-
ലസ്വതന്ത്രനായ് ശുഭാശുഭകർമ്മങ്ങൾചെയ്യും. 143

ആത്മചിന്താരതരും കുടുംബവ്യാപൃതരും
തന്മൂലംഭോഗഭുക്തി ചെയ്യോരുമെന്നാകിലും,
ജ്ഞാനികൾ ദുഃഖിക്കുന്നു, 'ഞങ്ങടെകർമ്മജാല-
മിന്നുമിങ്ങൊടുങ്ങീല'യെന്നോർത്തുദിവാനിശം. 144

ചൊന്നൊരീക്ലേശമത്തും സംസാരതാപമല്ല,
പിന്നെയൊ, സംസാരത്തിലാസക്തിരാഹിത്യമാം;
എന്തെന്നാൽ, സാംസാരികമായെഴും പരിതാപം
ഭ്രാന്തിവിജ്ഞാനംമൂലം സംഭവിപ്പതായ്ചൊൽവൂ. 145

വിവേകത്തിനാൽ പരിക്ലിശ്യനല്പഭോഗത്താൽ
വേഗ്പ്പുസംതൃപ്തനാ, യങ്ങനെയല്ലയെങ്കിൽ
അനന്തഭോഗംകൊണ്ടും സംതൃപ്തിയെന്നുള്ളതു
നിനയ്ക്കിലൊരിക്കലുമുണ്ടാകുന്നതേയല്ല. 146

കാമങ്ങളുടെയുപഭോഗംകൊണ്ടൊരിക്കലും
കാമത്തെശ്ശമിപ്പിപ്പാൻസാധിച്ചീടുന്നതല്ല;
ആജ്യംകൊണ്ടഗ്നിയെന്ന കണക്കിലതേററവു-
മുജ്ജ്വലിക്കുകയത്രേ ചെയ്യുള്ളു വീണ്ടും വീണ്ടും. 147

അറിഞ്ഞുംകൊണ്ടുതന്നെയനുഭവിക്കുന്നതാ-
മൊരുഭോഗമെപ്പൊഴും തൃപ്തിനൽകുന്നുനൂനം;
അറിഞ്ഞാശ്രിതനായിച്ചേർന്ന മർത്ത്യനെച്ചോരൻ
കരുതും മിത്രമായി, ദ്രോഹിക്കാൻ ഭാവിക്കില്ല. 148

യോഗത്താൽ വശീകൃതമാകിയ ചിത്തമുപ-
ഭോഗിച്ചു ലീലയല്ലമെന്നാലുമതിനേയും
ക്ലേശഹേതുകമെന്നു കണ്ടധികമായ്പ്പോയെ-
ന്നാശു സംസ്മരിച്ചീടുമെന്നങ്ങു ധരിക്കണം. 149

ബന്ധനവിമുക്തനാം ഭൂമിപാലനെ മുററും
സന്തുഷ്ടനാക്കീടുന്നിതേകഗ്രാമത്തിൻലാഭം;
ശത്രുക്കൾ ബന്ധിക്കയൊ നേക്കയൊ ചെയ്യിടാത്ത-
ധാത്രീപൻ രാഷ്ട്രംകൊണ്ടും തൃപ്തനാകുന്നതല്ല. 150

ദോഷംദശിക്കയെന്ന ലക്ഷണമുള്ളതാകും
ശസ്യമാം വിവേചനം ജാഗ്രത്തായിരിക്കുമ്പോൾ
പ്രാരബ്ധകർമ്മത്തിനുമാഗ്രഹം ഭോഗങ്ങളിൽ
പാരാകെ ജനിപ്പിക്കാനെങ്ങനെ സാധിച്ചീടും? 151

ഇന്നിതുകുററമല്ല,യെന്തെന്നാൽ പ്രാരബ്ധമൊ
നിർണ്ണീതമായിരിപ്പൂ വിവിധപ്രകാരമായ്;
ആയവയിച്ഛപിന്നെയനിച്ഛപരേച്ഛയും
സ്ഥായിയായേവം മൂന്നുമട്ടിലാം പ്രാരബ്ധവും. 152

ദുർമ്മാർഗ്ഗമാശ്രയിക്കും ചോരരും രാജസഹ-
ധർമ്മിണിയിൽ സംഗമമാഗ്രഹിച്ചീടുവോരും
തങ്ങൾക്കനത്ഥമുണ്ടാമെന്നറിഞ്ഞിട്ടുതന്നെ-
യങ്ങവർ ദുർമ്മോഹിപ്പൂ പ്രാരബ്ധകർമ്മംമൂലം. 153

ഇച്ഛാപ്രാരബ്ധമാകുമിതിനെ നിരോധിപ്പാൻ
വിശ്വകാരണനാകുമീശനും ശക്തനല്ല;
ഈശ്വരൻതന്നെയതു ഗീതയിൽ ചൊന്നിട്ടുണ്ടു്
നിശ്ചിതമായതത്ത്വമർജ്ജുനനറിവാനായ്. 154

ജ്ഞാനവാൻപോലും സ്വന്തസംസ്കാരാധീനമാകും
തന്നുടെസ്വഭാവത്തിന്നൊത്തപോൽ പ്രവർത്തിപ്പൂ;
പ്രാണികളെല്ലാം നിജ സംസ്കാരവിധേയരാം,
മാനസനിഗ്രഹത്തിനെന്തൊന്നു ശക്യമാകും? 155

നിശ്ചയമായ് ഭവിക്കുമെന്നുള്ള കാര്യങ്ങൾക്കു
വാസ്തുതും പരിഹാരമുണ്ടെന്നു വരികിലൊ,
ദുഃഖങ്ങൾമൂലം നളൻ, രാമൻ, ധർമ്മജനിവ-
രേല്ലുമായിരുന്നില്ല വ്യാകുലഭാവമൊട്ടും. 156

അത്രയും കൊണ്ടീശന്റെയീശ്വരഭാവത്തിന്ന-
ണ്ടിത്തിരിപോലും ഹാനിവരില്ല, യെന്താണെന്നാൽ
ഇവതന്നവശ്യമാം ഭാവിഭാവവുംകൂടി-
യവധാരണം ചെയ്തതീശനാണറിയണം. 157

അനിച്ഛാപ്രാരബ്ധവുമുണ്ടെന്നു ധരിച്ചീടാം
ധനഞ്ജയകൃഷ്ണസംവാദത്താൽ, ശ്രവിച്ചാലും. 158

എന്നാലീമർത്ത്യനെന്തു ഹേതുവാൽ പ്രേരിതനായ്
തന്നിച്ഛക്കെതിരായും, വാർഷ്ണേയ, ബലമായി
ഭൂപനാൽ നിയുക്തനാം ഭൃത്യനെന്നതുപോലെ
പാപമാം കർമ്മത്തിനെച്ചെയ്യുന്നു, ചൊല്ലീടുക? 159

ഇതുതാൻ രജോഗുണംതന്നിൽനിന്നുണ്ടാം കാമം
പ്രതികൂലിച്ചുവെന്നാൽ ക്രോധമായ്ത്തീരുന്നിതു;
മതിയെന്നില്ലാത്തതും മാപാപഹേതുവുമാ-
ണിതിനെദ്ധരിച്ചാലും ശത്രുവായ് സംസാരത്തിൽ. 160

സ്വഭാവജന്യമാകും സ്വന്തമാം കർമ്മത്താലെ-
യഭംഗംബദ്ധനായിബ്ഭവിച്ചു, കൌന്തേയ, നീ;
യാതൊന്നുചെയ്തീടുവാനിച്ഛരിക്കാതിരിക്കുന്നു,
ചെയ്തീടുമതു മോഹംനിമിത്തമവശനായ്. 161

വേണ്ടതൊ വേണ്ടാത്തതൊ യെന്നേതും ചിന്തിയാതെ
മററുള്ളോരുടെയിഷ്ടമനുസരിക്കവോരായ്
അസ്വദിക്കുന്നു ചിലർ സുഖദുഃഖങ്ങൾ രണ്ടും
വിശ്വസിച്ചാലുമിതു പരേച്ഛാപ്രാരബ്ധമായ്. 162

തത്ത്വജ്ഞാനിക്കുമിച്ഛയുണ്ടാകി'ലിച്ഛരിപ്പതു
മെന്തിനെ'യെന്നെങ്ങനെ വർണ്ണിക്കുന്നിച്ഛരാട്ഭാവം?
എന്നാൽ നിഷേധമല്ല, പിന്നെയോ കാമത്തിനു
തന്നിൽ മിടുക്കില്ലെന്നാം, വറുത്തവിത്തുപോലെ. 163

വറുത്തവിത്തുകൾക്കു സ്വരൂപമുണ്ടെങ്കിലും
കരുത്തില്ലവയ്ക്കൊട്ടുമങ്കുരംജനിപ്പിക്കാൻ;
അറിയും ജനത്തിന്റെ യിച്ഛയ്ക്കവിധം കാങ്ക്ഷ-
യനൃതജ്ഞാനംമൂലം ബദ്ധരാകില്ലയവർ. 164

ദഗ്ദ്ധമാം ബീജമതു മുളയ്ക്കുന്നില്ലെങ്കിലും
ഭുക്തിക്കുപററുന്നതാമെന്നതുപോലെ തന്നെ,

വിദ്വത്സമീഹിതവുമല്പഭോഗാത്ഥമാകും
ഖേദപ്പാടധികമായ് വരുത്തുന്നതുമല്ല. 165

ഭോഗമാത്രത്തിൻ ഹേതുവാകുന്നതോട്ടകൂടി
ഭംഗമുണ്ടായിടുന്നു പ്രാരബ്ധകമ്മത്തിനും;
ആയതിലനുഭൂതിയോഗ്യമാം വിഷയങ്ങൾ
മായമല്ലെന്ന ഭ്രമം ദുഃഖമുണ്ടാക്കിടുന്നു. 166

ഈ ഭോഗം നശിക്കൊല്ല, മേൽക്കുമേൽ വദ്ധിക്കണം,
സംഭവിക്കരുതേതും വിഘ്നങ്ങ,ളിതുമൂലം
ധന്യനാകുന്നു ഞാനുമീവിധം വിചാരമാ-
ണന്യൂനം ഭ്രമമെന്നു വിദ്വാന്മാർ വചിക്കുന്നു. 167

ഭവിച്ചീടാത്തതേതൊന്നായതു ഭവിക്കില്ല,
ഭവിച്ചീടേണ്ടതെങ്കിലന്യഥാവരികില്ല;
വിചാരവിഷത്തിനെ ഹനിക്കുന്നൊരീ ബാധം
പ്രചുരഭ്രമത്തെയുമില്ലാതെയാക്കുന്നതാം. 168

തുല്യമാകിലും ഭോഗം ഖിന്നനായ്ത്തീരും മൂഢൻ,
ഇല്ലല്ലൊദുഃഖമൊട്ടും ജ്ഞാനിക്കെന്നറിഞ്ഞാലും;
അസാധ്യകാര്യങ്ങളെസ്സങ്കല്പിക്കുകമൂലം
വ്യസനംപാരമുണ്ടാം മൂഢഷ്ക്കുചിത്തത്തിങ്കൽ. 169

ഭോഗവസ്തുക്കളെല്ലാം മായാമയമെന്നുക-
ണ്ടാഗ്രഹം വിലക്കിത്താൻ വിവേകി ഭുജിക്കുന്നു;
സങ്കല്പമല്പംപോലും ചെയ്യുന്നതില്ലായവൻ,
സങ്കല്പമില്ലാത്തവനെങ്ങനെ വ്യസനിക്കും? 170

സ്വപ്നേന്ദ്രജാലങ്ങളോടൌപമ്യം വഹിപ്പതായ്,
നിർണ്ണയമില്ലാത്തൊരു ഘടനയേലുന്നതായ്,
കണ്ടുടൻമറയുംമട്ടിരിക്കുമീവിശ്വത്തെ-
ക്കണ്ടുനില്പവനെമ്മട്ടതിനോടിണങ്ങീടും? 171

തന്നുടെസ്വപ്നത്തിനെ പ്രത്യക്ഷംകണ്ടശേഷം
തന്നുടെജാഗരത്തെയനുഭവിക്കുവോനായ്,
സാവധാനത്തിൽ തൻെറയാരണ്ടവസ്ഥയേയും
ഭാവന്ചെയ്തീടണം നിത്യവും വീണ്ടുംവീണ്ടും. 172

ആരണ്ടവസ്ഥയ്ക്കുള്ള സവ് സാമ്യങ്ങളേയു-
മേറെനാളനുധ്യാനംചെയ്തിട്ടു ജാഗരത്തിൽ

കണ്ടതാം സത്യമെന്നതോന്നലും വെടിഞ്ഞെന്നാ–
ലുണ്ടാകയില്ലരാഗം ഭോഗത്തിൽ മുമ്പെന്നപോൽ. 173

ദ്വൈതമാമിപ്രപഞ്ച മനിശ്ചിതമായ് സൃഷ്ടി–
ചെയ്തിരിക്കുകമൂലമുണ്ടായൊരിന്ദ്രജാലം,
തന്നെയെന്നോർത്തിരിപ്പോനെന്തൊരുഹാനിയുണ്ടാം
തന്നുടെപ്രാരബ്ധമാം ഭോഗങ്ങളാസ്വദിപ്പാൻ? 174

തത്ത്വവിദ്യയ്ക്കു ജഗത്തിന്ദ്രജാലത്തിനൊപ്പം
മിഥ്യയാണെന്നു ചിന്തചെയ്യതിൽനിർബ്ബന്ധമാം;
പ്രാരബ്ധകർമ്മത്തിനോ സുഖദുഃഖങ്ങൾരണ്ടും
പാരാതെ ജീവനിങ്ങുനൽകണമെന്നാംമോഹം. 175

തത്ത്വജ്ഞാനവുംപിന്നെ പ്രാരബ്ധകർമ്മമതും
വ്യത്യസ്തവിഷയങ്ങളാകിലുമെതിരല്ല;
വിദ്വാന്മാരായവരുമൈന്ദ്രജാലികവിദ്യ
കൌതുകത്തോടുകൂടിക്കണ്ടു നിൽക്കുമാറില്ലേ? 176

ലോകത്തിൻസത്യഭാവം നേടിയുംപ്രാരബ്ധംതൻ
ഭോഗംഭുജിപ്പിച്ചാകിൽ വിദ്യാവിരോധിയാകും;
ഭോഗത്തെമാത്രമതു നൽകുകനിമിത്തമാ–
യാഗമിക്കുന്നതല്ല സത്യത്വംജഗത്തിനും. 177

കല്പിതങ്ങളാം സ്വപ്നപദാർത്ഥങ്ങളാൽഭോഗ–
മല്ലേതരത്തിലുണ്ടാം ഭോക്താവി,നപ്രകാരം
മിഥ്യാഭൂതങ്ങളായ ജാഗ്രദ്വസ്തുക്കൾകൊണ്ടും
സിദ്ധിക്കാംഭോഗമെന്നു ധരിച്ചുകൊണ്ടീടണം. 178

തത്ത്വവിജ്ഞാനം ജഗന്നിഷേധംചെയ്യുമെങ്കി–
ലതത്ത്വിൽപ്രാരബ്ധത്തെ നശിപ്പിപ്പതുമാകും;
മിഥ്യയാമെന്നുമാത്രം ബോധിപ്പിക്കയാൽവിദ്യ
വിഷ്ടപപ്രത്യാദേശം ചെയ്യുതായ്‌വരുന്നില്ല. 179

അതിനെ നിഷേധിക്ക ചെയ്യാതെകണ്ടുലോക–
മിതുതാനിന്ദ്രജാലമെന്നങ്ങുബോധിക്കുന്നു;
അതുപോൽമായയെന്നു ബോധിപ്പോൻഭോഗ്യങ്ങളെ
പ്രതിഷേധിക്കാതവമായയെന്നറിയുന്നു. 180

യാതൊരുബോധാവസ്ഥതന്നിലെ ജഗത്തിതു
സ്വന്തമാത്മാവായ്തീരു,മായവസ്ഥയിലേവൻ
എന്തുകൊണ്ടെന്തുകാണും, മണക്കും,വദിച്ചീടും
ഓതുന്നിതിപ്രകാരം ശ്രുതിയിൽബഹുവിധം. 181

അതിനാൽദ്വൈതത്തിനെഗ്ഗോപനംചെയ്തുകൊണ്ടേ
ഉദിക്കുന്നുള്ളുവിദ്യ, മററുമാർഗ്ഗത്തിലല്ല;
ആകയാൽജ്ഞാനവാനു ഭോഗവുമെപ്രകാര-
മാഗമിച്ചീടുമെങ്കിൽ, കേട്ടാലുമായതിപ്പോൾ. 182

'യാതൊരുബോധാവസ്ഥ'യിത്യാദി ശ്രുതിവാക്യം
സുപ്തിയൊ മുക്തിതാനൊ വിഷയമാക്കുന്നതാം;
ഇക്കാര്യം 'സ്വാപ്യയസമ്പത്ത്യോ'രിത്യാദിസൂത്രം
വ്യക്തമായ് ചൊന്നിടുന്നുവെന്നങ്ങു ബോധിക്കണം. 183

അങ്ങനെയല്ലയെങ്കിൽ യാജ്ഞവൽക്ക്യൻ മുതൽപേ-
ർക്കിങ്ങേതുമാചാര്യത്വം ഭവിച്ചീടുന്നതല്ല;
ദ്വൈതത്തെക്കാണ്മതെങ്കിലാത്മജ്ഞനല്ലെന്നാകും,
ദ്വൈതത്തെക്കാണ്മീലെങ്കിൽ വാഗ്വ്യാപാരവുമില്ല. 184

ദ്വൈതമാന്നിർവികല്പസമാധിലീനമാക-
ഹേതുവാലായതപരോക്ഷമാം വിദ്യയെങ്കിൽ,
സുപ്തിയുമപ്രകാരമാകയാലപരോക്ഷ-
വിദ്യതാനതുമത്രെയെന്നെന്തു വന്നുകൂടാ? 185

സുപ്തിയിലാത്മതത്ത്വം ബോധിക്കയില്ലെന്നാകി-
ലപ്പൊഴേയാത്മബോധം മാത്രമാംവിദ്യയെന്നും,
ദ്വൈതവിസ്മൃതിയല്ല വിദ്യയാകുന്നതെന്നു-
മോതുവാൻനിങ്ങൾ കടപ്പെട്ടവനായിത്തീരും. 186

ദ്വൈതവിസ്മരണവുമാത്മജ്ഞാനവും രണ്ടും
സന്ധിച്ചാലതു വിദ്യതാനെങ്കിൽ ഘടാദികൾ,
സർവമാം ദ്വൈതസ്മൃതിലോപത്താലദ്വിദ്യാ-
പൂർവവസ്തുക്കളായി വന്നുചേർന്നീടുമല്ലൊ. 187

കൊതുകിൻമൂളൽ മുതലായേറെവിക്ഷേപങ്ങ-
ളതീവശല്യംചെയ്കും സമാധിക്കെന്നാകയാൽ,
ഘടാദികൾതൻ ദ്വൈതമറവിക്കുള്ളുറപ്പും
കിടയ്ക്കാന്നിങ്ങളുടെ വിദ്യയ്ക്കൊരുകാലവും. 188

ആത്മജ്ഞാനംതന്നെയാം വിദ്യയെന്നുള്ള ബോധ-
മുല്ലസിച്ചെങ്കിലങ്ങു സുഖിയായ് ഭവിച്ചാലും!
ആയതിൻ സ്ഫുരണാർത്ഥം ചിത്തദോഷത്തെനീക്കം-
ചെയ്യണമെങ്കിലതു സുഖമായ് സാധിച്ചാലും! 189

ആത്മജ്ഞാനാർത്ഥം ജഗന്മിഥ്യാത്വസമീക്ഷണം
കാമ്യമാകയാൽ ചിത്തനിരോധമിഷ്ടംതന്നെ;
ഭോഗങ്ങൾജ്ഞാനിയിച്ഛിച്ചീടിലും മൂഢനെപ്പോ-
ലാഗ്രഹിച്ചീടില്ലെന്നാം'കിമിച്ഛൻ'തന്നാൽശ്രുതം. 190

'രാഗമതജ്ഞാനത്തിൻ ലക്ഷണമായീടുന്നു;'
'രാഗാദികളത്തത്വജ്ഞാനിയിലിരിക്കട്ടെ'?
ഈവിധമാകിലതു ജ്ഞാനിക്കിണങ്ങുകയാൽ
ഭാവസംയുക്തമാണിക്കാണിച്ച ശാസ്ത്രംരണ്ടും. 191

ജഗത്തിൻമിഥ്യാത്വംപോലാത്മാവസംഗനെന്നു
നിഗമിക്കുകമൂലമാത്മാവിൽ നിന്നന്യമായ്
ഭോക്താവൊന്നില്ലയെന്നു ചൊല്ലുവാൻവേണ്ടിയല്ലോ
ഉക്തമാ'യാക്കുള്ളാശയ്ക്കായിക്കൊ'ണ്ടെന്നവാക്യം. 192

ഭർത്താവുഭാര്യയെന്നീ സർവ്വുമിച്ഛിപ്പതു
തത്തൽഭോഗത്തിനായിട്ടല്ലല്ലൊ, പിന്നെയതു
താന്താങ്ങളുടെയാത്മസുഖത്തിനായിട്ടെന്നു
വ്യക്തമായ് വിസ്തരിച്ചുവേദത്തിൽ ഘോഷിക്കുന്നു. 193

ഭോക്താവുകൂടസ്ഥനൊ ചിദാഭാസനൊ രണ്ടു-
മൊത്തൊരുമിച്ചുതാനൊ വികല്പമിമ്മട്ടെങ്കിൽ,
കൂടസ്ഥനസംഗനാണാകയാൽ ഭോക്തൃഭാവം
തേടുകില്ലൊരുനാളു മെന്നതുബോധിക്കണം. 194

സുഖദുഃഖലക്ഷണയുക്തമാം വികാരത്തെ-
യഖിലംഭോഗമെന്നു പറയപ്പെടുന്നിതു;
കൂടസ്ഥൻവികാരിയുമൊന്നെന്നാലായവസ്ഥ
സ്പഷ്ടമായ് പരസ്പരവൈരുദ്ധ്യമാകില്ലയോ? 195

വികാരിയാകുംധീയ്ക്കു വിധേയനാകകൊണ്ടു
വികാരവാനായ്ത്തീർന്നിതെങ്കിലും ചിദാഭാസൻ;
തന്നുടെയാസ്പദമാം കൂടസ്ഥൻതന്നെക്കൂടാ-
താന്നിടാസ്വാതന്ത്ര്യമായ് ഭോക്തൃഭാവത്തെച്ചേറും. 196

KOTTAYAM PUBLIC LIBRARY * KOTTAYAM * 130448

അതീനാലുലകത്തിലധിഷ്ഠാനമാന്നതാം
ചിദാഭാസനെത്തന്നെ ഭോക്താവായ് നിഗദിപ്പൂ;
അമ്മട്ടഭയാത്മകനെന്നുതുടങ്ങിശ്രുതി
നിമ്മായംകൂടസ്ഥനെയവശേഷിപ്പിക്കന്നു. 197

ആത്മാവതേതാണെന്നുചോദിക്കുംജനകനെ
യാജ്ഞവൽക്ക്യനാംഗുരു വേണ്ടപോൽ ഗ്രഹിപ്പിക്കാൻ
വിജ്ഞാനമയൻ തൊട്ടുതുടങ്ങിയസംഗനാം
പ്രച്ഛന്നകൂടസ്ഥനെയാത്മാവായ് ദർശിപ്പിച്ചു. 198

ആരുതാനാത്മാവെന്ന പ്രശ്നത്തോടാത്മരൂപ-
മാരായ്യാനാരംഭിക്കും ശ്രുതികളെല്ലാംതന്നെ,
അന്തരംഗോപാധിയാമാത്മാവെന്നാരംഭിച്ചി-
ട്ടന്ത്യമവശേഷിപ്പൂ പ്രജ്ഞാനകൂടസ്ഥനെ. 199

ലോകഖ്യാതനാം ഭോക്താവവിവേകത്താൽത്തന്നെ
മോഘമായ് കൂടസ്ഥനിൽനിഷ്ഠമാം സത്യതത്തെ
തന്നിലങ്ങധ്യസിച്ചു, ഭോക്തൃഭാവവുംസത്യ-
മെന്നുതാൻവിചാരിച്ചു ഭോഗാശവിട്ടുന്നില്ല. 200

ലൌകികഭോക്താവവൻ തന്നുടെഭോഗത്തിനാ-
യേകാന്തംവാഞ്ഛിക്കുന്നു ഭർത്തൃഭാര്യാദിയെത്താൻ;
ഈലോകവൃത്താന്തത്തെയമ്മട്ടനുവദിച്ചു
ചേലോട്ടശ്രുതിതന്നിൽ ചൊല്ലുന്നുധരിച്ചാലും. 201

ഭോഗ്യങ്ങൾഭോക്താവിൻെറ സാമഗ്രികളാകയാൽ
ഭോഗസാധനങ്ങളിലനുരക്തനാകൊലാ;
പിന്നെയൊ,മുഖ്യാത്മാവാം ഭോക്താവിലനുരക്തി
തോന്നിപ്പാനിച്ഛിക്കുന്നു വേദമെന്നറിഞ്ഞാലും. 202

വിവേകശൂന്യന്മാക്ക് യാതൊരുദൃഢപ്രേമം
ഭവിക്കും ഭോഗങ്ങളിലമ്മട്ടിലെഴുംപ്രേമം
സർവ്വദാനിന്നെ സ്മരിച്ചീടുമെൻമനംവിട്ടു
നിർവ്വാസംചെയ്തീടായ്വാൻനൽകണമനുഗ്രഹം. * 203

ഇപ്പുരാണാദർശത്താൽ സർവ്വഭോഗങ്ങളോട്ടു-
മെപ്പൊഴുംവിരക്തിയെശ്ശീലിച്ചുപോരുംമർത്ത്യൻ,

---

* അഥവാ: 'സർവ്വദാ'നിന്നെ സ്മരിച്ചീടുമെൻമനംവിട്ടു
'നിർവ്വാസം'ചെയ്തീടണമല്ലയൊലക്ഷ്മീപതേ! (മറ്റൊരർത്ഥം)

അഭോഗ്യവിഷയമാം പ്രീതിയെയാത്മാവിങ്ക-
ലപ്പിച്ചീയാത്മാവിനെയറിവാനിച്ഛരിക്കുന്നു. 204

മാല,ചന്ദനം,വധു,വസ്ത്രം,സ്വണ്ണവുമിവ
ചാലവെലഭിക്കുവാൻ പാമരനേതുവിധം
ശ്രദ്ധയോടിരിക്കുന്നിതാവിധം മുമുക്ഷുവും
ശ്രദ്ധാവാനാകവേണമാത്മവിഷയത്തിങ്കൽ. 205

ജയേച്ഛുവായോൻ കാവ്യനാടകതക്കാദിയെ
നിയതംപഠിക്കുന്നതെവ്വിധം നിരന്തരം;
അതുപോൽഭവക്ലേശമൊഴിപ്പാൻ മുമുക്ഷുവും
സതതംസ്വാത്മാവിനെക്കുറിച്ചു ചിന്തിക്കണം. 206

സ്വർഗ്ഗാദിലോകപ്രാപ്തികാംക്ഷിച്ചുകൊണ്ടെവ്വിധം
വ്യഗ്രമായ് ജപയാഗോപാസനാദികൾചെയ്വൂ,
അവിധംമോക്ഷേച്ഛയാലാത്മാവാം സ്വരൂപത്തിൽ
സവ്വദാ ശ്രദ്ധയോടെ വിചാരംചെയ്തീടണം. 207

അണിമാദികൾനേടാനാശിച്ചുംകൊണ്ടുയോഗി
കിണഞ്ഞുചിത്തൈകാഗ്ര്യം സാധിപ്പതെവ്വണ്ണമോ,
അവ്വണ്ണംമോക്ഷേച്ഛയാൽ ദേഹാദ്യങ്ങളിൽനിന്നു
സവ്വഥാ സ്വാത്മാവിനെ വിവേചിച്ചറിയണം. 208

കാവ്യാദിശീലിപ്പവക്കഭ്യാസപാടവത്താ-
ലെവ്വിധംകൌശലങ്ങൾ വധിച്ചുവരുന്നുവൊ
അവിധംമോക്ഷാത്ഥിക്കു മഭ്യാസബലത്തിനാൽ
സുവ്യക്തമായിവരുംനാൾതോറും വിവേകവും. 209

അന്വയം,വ്യതിരേകമിവയാൽ ഭോക്താവുത-
ന്നന്വത്ഥസ്വരൂപത്തെ വിവേചിക്കുന്നമത്ത്യൻ,
ജാഗ്രദാദികളാകും മൂന്നവസ്ഥകളിലും
സംഗതംസാക്ഷിക്കില്ലെന്നുറപ്പായ് ധരിച്ചിട്ടും. 210

ജാഗരംസ്വപ്നംസുഷുപ്തിയിവയിലേതൊന്നിലൊ
ഭോഗപദാത്ഥമൊന്നു സാക്ഷിയാലനുഭൂതം;
അവസ്തുവാദശയിൽ മാത്രമേസ്ഥിതിചെയ്വൂ
ഭാവമായതിന്നില്ല മറെറങ്ങുമെന്നുസിദ്ധം. 211

ആത്മാവാസ്വപ്നാവസ്ഥതന്നിൽ കാണ്മതാംഭോഗ്യ-
വസ്തുവാലൊരിക്കലും ബദ്ധനായ് ഭവിക്കില്ല;

പുണ്യജസൌഖ്യംപോലെ പാപത്താൽ ദുഃഖമതും
കാണുകമാത്രമെന്നാംശ്രുതികൾ ഘോഷിപ്പതും. 212

'യാതൊരുബ്രഹ്മംജാഗ്രത്വാദിയാം പ്രപഞ്ചത്തെ
ദ്യോതിപ്പിച്ചീടുന്നിതു,നൂനമാബ്രഹ്മംഞാനാം'—
ഈവിധമറിഞ്ഞവൻ സർവ്വബന്ധത്തിൽനിന്നു
സർവ്വഥാ മുക്തനായിബ്ഭവിച്ചീടുന്നുവല്ലോ. 213

ജാഗരാദ്യവസ്ഥകൾ മൂന്നിലും പ്രകാശിപ്പു-
തേകനാമാത്മാവെന്നു വിവേചിച്ചറിയണം;
അവിധം സ്ഥാനത്രയം കടന്നോരാത്മാവിനു
കൈവരാജന്മം പിന്നെ, ബ്ബന്ധമററിരിക്കയാൽ. 214

ജാഗരാദ്യവസ്ഥകൾ മൂന്നിലും യാതൊന്നുണ്ടോ
ഭോഗവും ഭോഗ്യങ്ങളും ഭോക്താവുമെന്നവണ്ണം,
അയവതന്നിൽനിന്നു ഭിന്നനും ചിദ്രൂപനും
സ്ഥായിയാം സാക്ഷിതാനും സദാശിവനുമാം ഞാൻ. 215

ഈവിധമാത്മരൂപം വിവേചിച്ചിടും നേര-
മാവിജ്ഞാനമയാഭിധാനത്താൽ വിജ്ഞാതനും
സർവ്വഥാ വികാരിയുമായിടും ചിദാഭാസ-
നായുരും ഭോക്തൃഭാവമെന്നതു ധരിക്കണം. 216

ശ്രുതിയുമനുഭൂതിയെന്നതും പാർത്തീടുകിൽ
ചിദാഭാസനാമിവൻ മായികൻ തന്നെയല്ലോ;
ഇന്ദ്രജാലത്തിനൊപ്പമാകുന്നു വിശ്വമെന്നു
മുന്നമേ ചൊന്നതിങ്കലുൾപ്പെട്ടിരിക്കുന്നിവൻ. 217

സുഷുപ്തിമൂർച്ഛാദിയിലിവൻെറ വിലയവും
വിശിഷ്യാ സാക്ഷി തന്നാലനുഭൂതവുമല്ലോ;
ഇതുപോലാഭാസൻെറ മിഥ്യയാം സ്വഭാവത്തെ
നിതരാം വേർതിരിച്ചു ബോധിക്കാം കൂടക്കൂടെ. 218

കൂടസ്ഥൻ തന്നിൽനിന്നു വിവേചി,ച്ചാഭാസൻതാൻ
നഷ്ടനായെന്നുറയ്ക്കിലാശിക്കാഭോഗം വീണ്ടും;
ഭൂമിയിൽ കിടത്തിയ മരണോന്മുഖനായോൻ
കാമിച്ചീടുമാറുണ്ടോ വിവാഹം ചെയ്തീടുവാൻ? 219

മാത്രമോ, ഭോക്താവാണു ഞാനെന്നു മുന്നേപ്പോലെ
ശബ്ദിപ്പാൻ പോലുമവൻ ലജ്ജിച്ചീടുന്നുവല്ലോ;

പ്രാരബ്ധഫലം ജ്ഞാനിലുപ്തനാസനെപ്പോലെ
പാരംഖേദിച്ചും ലജ്ജപൂണ്ടുമാസാദിക്കുന്നു. 220

എപ്പൊഴിച്ചിദാഭാസൻ തന്നിക്ക ഭോക്തൃഭാവം
കല്പിച്ചു വിചാരിപ്പാൻ കൂടിയും ലജ്ജിക്കുന്നു,
അപ്പൊഴതാരോപിക്കും സാക്ഷിയിങ്കലെന്നുള്ളോ-
രല്പസാരമാം കഥയ്യെങ്ങനെ സിദ്ധിയുണ്ടാം? 221

ഈവിധമഭിപ്രായപ്പെട്ടിട്ടു നിവ്വിശങ്ക-
'മേവനെൻറ കാമത്തിനായ്ക്കൊ'ണ്ടെന്നശ്രുതിവാക്യം
ഭോക്താവുതന്നെപ്പോലും നിരാകരിച്ചീടുന്നി-
താകയാൽ ദേഹജ്വരമാത്മാവിന്നില്ലെന്നായി. 222

സ്ഥൂലം സൂക്ഷ്മവും പിന്നെ ക്കാരണമിപ്പേർകളി-
ലെല്ലാക്കും മൂന്നുവിധം ദേഹമുണ്ടറിയണം;
ആകയാലോരോന്നിനും യുക്തമാം ജ്വരത്തേയും
സംകല്പിച്ചീടുന്നതും മൂവിധമായിടുന്നു. 223

വാതപിത്തങ്ങൾ കഫമെന്നിവതൻ വൈഷമ്യം
ഹേതുവായ് ഭവിച്ചീടും രോഗങ്ങളൊട്ടേറെയാം;
നാററവും വൈരൂപ്യവും നീററലുമംഗക്കുററ-
മേററിടുന്നേവംബഹുദോഷങ്ങൾ സ്ഥൂലദേഹം. 224

കാമക്രോധാദികളും ശമദമാദ്യങ്ങളും
സൂക്ഷ്മാംഗം ബാധിച്ചിടും ജ്വരങ്ങളിവരണ്ടും;
ആദ്യത്തേതുണ്ടായാലുമന്ത്യത്തേതില്ലാഞ്ഞാലും
വേദ്യമായവ നമ്മെ ക്രമത്തിൽ ബാധിപ്പതായ്. 225

കാരണശരീരത്തിലാത്മാവില്ലെന്നപോലെ
തേറു,ന്നിതറിവീലതന്നെയുമന്യത്തെയും;
ഭാവിദുഃഖത്തിൻ ബീജമീ ദേഹമാണെന്നുദ്ദള്ളാ-
രീവാക്കിൽ നിന്നിദ്ദന്നം കണ്ടിതു ജ്വരാത്മമായ്. 226

ഈ മൂന്നുദേഹങ്ങളിൽ ചൊന്നൊരീജ്വരങ്ങളും
ജന്മസിദ്ധങ്ങൾതന്നെയെന്നാണിങ്ങഭിപ്രായം;
ജ്വരങ്ങൾ വേർപെടുംപോളാവകദേഹങ്ങളും
ജരിക്കതന്നെചെയ്യുമെന്നതും വ്യക്തമായി. 227

തന്തുവെക്കൂടാതെഴും വസ്ത്രവും രോമബന്ധ-
മേന്താത്ത കമ്പിളിയും മണ്ണെന്ന്യ കലശവും

എവ്വിധം നാസ്തി താനാണാവിധം ജ്വരബന്ധം
വേർവിട്ട ശരീരവുമില്ലെന്നതറിയണം. 228

ചിത്തുതൻ പ്രതിബിംബമാകയാൽ ചിദാഭാസ-
നെത്തിടാജ്വരമേതു ജാതിയും ജാത്യാതന്നെ;
ചിത്തിന്നു പ്രകാശമാമേകസ്വഭാവമനു-
ഭൂതമായിരിക്കുന്നു, ജ്വരമെന്നതേയില്ല. 229

ചിദാഭാസനിൽപോലുമസംഭാവ്യങ്ങളാകും
വ്യഥകൾ സാക്ഷിയിങ്കൽ കാണ്മില്ലെന്നോതേണമൊ?
അങ്ങനെയാണെങ്കിലുമാഭാസനവിദ്യയാ-
ലംഗീകരിക്കുന്നൊന്നായ് താനുമാശരീരവും. 230

തന്നോടുചേർന്നിരിക്കും ശരീരം മൂന്നിങ്കലും
മിന്നുന്നസാക്ഷിതന്റെ സത്യതാമേററുംകൊണ്ടു്
താനും ശരീരങ്ങളും തൻ സത്യസ്വരൂപമെ-
ന്നനാഹം വിചാരിച്ചു പോകുന്നു ചിദാഭാസൻ. 231

ഈ ഭ്രാന്തിജ്ഞാനമുള്ള കാലത്തു ദേഹത്രയം
സംബന്ധിച്ചുണ്ടാവതാം ജ്വരങ്ങൾ സമസ്തവും
തന്നെത്തപിപ്പിപ്പതായ്, കുടുംബനാഥനെപ്പോ-
ലെന്നുമേ ചിദാഭാസൻ വിചാരം പൂണ്ടിരിപ്പൂ. 232

ഭാര്യയും പുത്രന്മാരും ഖേദിക്കേ, പൂരുഷനാ-
മീയുള്ള ഞാനുംഖിന്നനാണെന്നു വ്യർത്ഥമായി,
എവ്വിധം ഗൃഹാധിപൻ ചിന്തിക്കുമതേവിധ-
മാഭാസൻതാനും ചിന്തചെയ്തുകൊണ്ടിരിക്കുന്നു. 233

വേർതിരിച്ചറിഞ്ഞിട്ടു ഭ്രാന്തിയെ നീക്കിയെന്നാൽ
സത്വരംതന്നെക്കൂടി വിഗണിച്ചീടുവോനായ്,
എപ്പൊഴും സാക്ഷിതന്നെ ചിന്തിക്കും ചിദാഭാസ-
നിപ്പെരുംദേഹജ്വരമേററന്തിന്നുൾത്തപിക്കും? 234

യഥാർത്ഥമല്ലാത്തതാം സർപ്പാദിജ്ഞാനമല്ലോ
കുതിച്ചോടുവാൻകൂടി ക്കാരണമായീടുന്നു;
കയറാണെന്നബോധം ഹേതുവായ് സർപ്പബുദ്ധി
ലയിക്കെ ച്ചെയ്തതോർത്തു സന്താപം കലരുന്നു. 235

മിഥ്യാപവാദദോഷപ്രായശ്ചിത്തത്തിനായി
ക്ഷാന്തിയെച്ചെയ്തീടുവാനർത്ഥിപ്പോനെന്നപോലെ

സാക്ഷിയാമാത്മാവിനെയഗവ്ം ചിദാഭാസ-
നക്ഷീണം സംസ്മരിച്ചു ശരണം പ്രാപിക്കുന്നു. 236

അവത്തിച്ചാചരിച്ച പാപത്തെ നശിപ്പിക്കാ-
നാവത്തിച്ചെപ്രകാരം തീത്ഥസ്നാനാദിചെയ്യും;
ആവിധമാഭാസനും ധ്യാനത്തെയാവത്തിച്ചു
സവ്ദാചെയ്തുകൊണ്ടു സാക്ഷിയെ യാശ്രയിപ്പും. 237

മടിയിൽ കുഞ്ഞുമുള്ളവേശ്യ, യതറിവോൻെറ-
യടുത്തു വിലസുവാനെവ്വിധം നാണിക്കുമോ,
ചിദാഭാസനാവിധം സ്വകീയഗുണങ്ങളെ-
യുദീരണം ചെയ്യതിലെത്രയും ലജ്ജിക്കുന്നു. 238

മ്ലേച്ഛസംസർഗ്ഗംപൂണ്ട ബ്രാഹ്മണൻ പ്രായശ്ചിത്ത-
മാചരിച്ചതിൻശേഷം മ്ലേച്ഛവേഴ്ചയെ വീണ്ടും
വജ്ജിപ്പതെവ്വണ്ണമാണവ്വണ്ണം ചിദാഭാസൻ
വജ്ജിപ്പും ദേഹത്തിങ്കലിയലും ധമ്മങ്ങളെ. 239

യുവരാജസ്ഥാനിയാം കുമാരനാധിരാജ്യ-
മവനംചെയ്തീടുവാനുള്ളതാമാഗ്രഹത്താൽ,
എവ്വിധം രാജാവിനെയനുകരിച്ചീടുന്നി-
താവിധമാഭാസനും സാക്ഷിപോൽ വത്തിക്കുന്നു. 240

'ഏതവൻ ബ്രഹ്മത്തിനെ യറിയുന്നിതായവൻ
വത്തിപ്പൂ ബ്രഹ്മമായി'യെന്നതാംശ്രുതിവാക്യം,
കേട്ടിട്ടു ചിദാഭാസൻ സാക്ഷിയിലേകാഗ്രനായ്
മറെറാന്നും ബോധിപ്പീല, ബോധിപ്പൂ ബ്രഹ്മത്തിനെ. 241

ദേവത്വം കാമിപ്പവരഗ്നിതൊട്ടുള്ളവയി-
ലെവ്വിധം പ്രവേശിച്ചു ദേഹത്തെ സന്ത്യജിപ്പൂ,
അവിധംസാക്ഷിഭാവം മാത്രമാകുവാനായി
നിവ്വാദം ചിദാഭാസൻ സ്വനാശമാശിക്കുന്നു. 242

അഗ്നിമുതലായതിൽ ചാടിടും മർത്ത്യൻ നിജ-
വിഗ്രഹം ദഹിപ്പോളം നരത്വം വിടുന്നില്ല;
അവിധം ബ്രഹ്മജ്ഞാനം വന്നാലും പ്രാരബ്ധാംഗ-
മാവഹിപ്പോളം ചിദാഭാസത്വം വിടുന്നില്ല. 243

കയറെന്നറിഞ്ഞാലുമുണ്ടാകും ക്ഷോഭാദികൾ
ക്ഷയിച്ചീടുന്നുമന്ദം മന്ദമായ്, മാത്രമല്ലൊ;

പിന്നെയും ചില കാലമിളയോരിരുളിങ്കൽ
മുന്നമേ കണ്ടകയർ പന്നഗമായിത്തോന്നും. 244

ഈവിധം പ്രാരബ്ധത്താലുണ്ടായ ഭോഗമെല്ലാം
പോവുന്ന മെല്ലെ,യതു പെട്ടെന്ന ഭവിക്കില്ല;
എന്നല്ല, ഭോഗകാലം ചിലപ്പോൾ 'ഞാൻമനുഷ്യ'–
നെന്നുള്ള തോന്നൽകൂടിയുണ്ടായിയെന്നുംവരാം. 245

ഇത്രയും ദോഷം തത്ത്വജ്ഞാനത്തെ ഹനിക്കയി–
ല്ലോർത്തുകൊൾകിതല്ലല്ലോ ജീവന്മുക്തിലക്ഷണം;
പിന്നെയോ, തത്ത്വജ്ഞാനംകൊണ്ടുണ്ടാം ഭ്രാന്തിജ്ഞാന–
ഹാനമാം വസ്തുസ്ഥിതിയെന്നങ്ങു ധരിക്കണം. 246

ശിരസ്സിലടിച്ചിട്ടു കരഞ്ഞ ദശമനു–
മറിഞ്ഞതിൽപിന്നീട്ടു രോദനം ചെയ്യുന്നില്ല;
ഭവിച്ച ശിരോവ്രണം മാസംകൊണ്ടുണങ്ങീട്ടു–
മവശ്യമപ്പോൾതന്നെ ശമിക്കയെന്നില്ലല്ലോ. 247

പത്താമൻ മരിച്ചില്ലയെന്നുള്ള ലാഭത്താലെ
സിദ്ധിച്ച മഹാമോദം മറയ്ക്കും വ്രണവ്യഥ;
അവിധം മുക്തിലാഭം പ്രാരബ്ധദുഃഖാവസ്ഥ
സർവ്വം മറയ്ക്കുന്നുവെന്നതുമോർത്തീടണം. 248

ജീവൻമുക്തിവ്രതത്തിലിരിയ്ക്കായ്ക ഹേതുവാ–
ലാവിർഭവിക്കുമെപ്പോഴദ്ധ്യാസമപ്പോഴൊക്കെ,
വിവേചിക്കണം വീണ്ടും, നിത്യവും രസസേവി
ബുഭുക്ഷയകററുവാനഭീക്ഷ്ണം ഭുജിക്കുംപോൽ. 249

പത്താമൻ തൻവ്രണത്തെയൗഷധംകൊണ്ടെവ്വിധം
ഭേദപ്പെടുത്തീടുന്നിതാവിധം ഭോഗംകൊണ്ടും
പ്രാരബ്ധകർമ്മഫലം പ്രശമിച്ചീടുംനേരം
പാരിച്ച ഭവദുഃഖനിർമ്മുക്തി സംഭവിക്കും. 250

'എന്തിനെയാഗ്രഹിച്ചി'ട്ടെന്ന വേദവാക്യോക്തി
സന്താപനിർമ്മോക്ഷമായുദീരിതമായിതു;
ആയതിങ്ങാഭാസന്റെയാറാമവസ്ഥ,യിനി
പത്മായപ്പടിയേഴാം സംതൃപ്തി വ്യാഖ്യാനിക്കാം. 251

കാണ്മില്ല ഭോഗതൃപ്തി ബാധാരഹിതമായി
ആത്മജ്ഞാനജതൃപ്തിനിർബാധംതന്നെയല്ലോ;

കൃത്യങ്ങൾ കൃതങ്ങളായ്, പ്രാപ്യങ്ങൾ പ്രാപ്തങ്ങളാ-
യിത്തരം പയ്യാപ്തമാം തൃപ്തിയെ പ്രാപിക്കുന്നു. 252

മുമ്പിവനൈഹികവുമാമുഷ്മികവുമായി-
ട്ടെമ്പാടും കായ്യങ്ങളും മുക്തിസാധനകളും,
സിദ്ധിപ്പാൻ പലേ കൃത്യം ചെയ്യാനുണ്ടായിരുന്നു,
മുക്തനാകയാലിപ്പോൾ കൃതമായവ സവ്വം. 253

ബാധമായിരുന്നതാം സംസാരധർമ്മത്തെയും
പ്രപ്തമായുള്ള കൃതകൃത്യതയേയുംപററി
സന്തതം വിമശനം സാനന്ദം ചെയ്തുകൊണ്ടു
സംതൃപ്തനായിട്ടുന്നു സവ്ദാ ചിദാഭാസൻ. 254

പുത്രാദികൾക്കുവേണ്ടി ദുഃഖിക്കും മൂഢാത്മാക്കൾ
പാത്തിടാമിഷ്ടംപോലെ സംസാരസംബദ്ധരായ്;
സമ്പൂണ്ണപരാനന്ദനാകിയ ഞാനെന്തിനെ
പ്രാപിക്കാനിച്ഛിച്ചിട്ടു സംസാരിയാകവേണം? 255

സ്വർഗ്ഗാദിലോകപ്രാപ്തിക്കിച്ഛരിപ്പോരതാതിന്നു
യോഗ്യമാം കർമ്മങ്ങളെച്ചെയ്യട്ടെ നിരന്തരം;
സവ്ലോകാത്മാവായ ഞാനെന്തുകർമ്മങ്ങളെ-
യെവ്വിധമനുഷ്ഠിക്കും? ചെല്ലുവാനില്ലൊരേടം! 256

യാതൊരുത്തരോയിതിലധികാരമുള്ളവർ
ശാസ്ത്രങ്ങൾ വ്യാഖ്യാനിക്ക, വേദങ്ങൾ പഠിപ്പിക്ക,
ഈവിധമെന്തെങ്കിലും ചെയ്യട്ടെ, ക്രിയാടഭാവം
കൈവന്നോരെനിക്കതിന്നധികാരമേയില്ല. 257

നിദ്രയും ഭിക്ഷാടനം സ്നാനവും ശൌചമതു-
മേതും ഞാനിച്ഛിക്കയൊ ചെയ്കയൊ ചെയ്യുന്നില്ല;
ഈവക ചെയ്യുന്നതായ് ദ്രഷ്ടാക്കൾ കല്പിച്ചെന്നാൽ
ഭാവ്യമായെനിക്കെന്താണന്യകല്പനം മൂലം? 258

അന്യനങ്ങാരോപിച്ച തീകൊണ്ടുവല്ലിക്കൂട്ടം
നിണ്ണയം ദഹിച്ചീടുമെന്നതുണ്ടാകയില്ല;
എന്നപോലെന്നിലില്ലാതുള്ള സംസാരധർമ്മ-
മന്യാരോപണംമൂലമെന്നെബ്ബാധിക്കയില്ല. 259

അക്കില്ല തത്വബോധമായവൻ ശ്രവിക്കട്ടെ,
നേക്കറിവോരുഞാനിന്നെന്തിനായ് ശ്രവിക്കുന്നു?

സംശയാപന്നരായോർ മനനം ചെയ്തിടട്ടെ,
സംശയമററുള്ള ഞാൻ മനനം ചെയ്യുകില്ല. 260

ചെയ്യട്ടെ നിദിദ്ധ്യാസം വിരുദ്ധബുദ്ധിയുള്ളോൻ
ചെയ്യുന്നെന്തിനായ് ധ്യാനമവിരുദ്ധതമൂലം?
ദേഹമാണാത്മാവെന്ന ഭാവനാവൈപരീത്യ-
മംഗീകരിക്കില്ല ഞാനൊരുകാലവും മേലിൽ. 261

വൈരുദ്ധ്യം കൂടാതെയും ഞാൻ മർത്ത്യനെന്നീവിധം
ഘോരമാവ്യവഹാരം ഞാനിങ്ങു ബഹുകാലം,
അഭ്യാസംചെയ്തമൂലം തഴച്ച വാസനയാ-
ലഭ്യാഗമിക്കുന്നതായ് ബോധിച്ചീടുകവേണം. 262

പ്രാരബ്ധകർമ്മമെല്ലാം ക്ഷയിച്ചീടുന്നനേരം
തീരെയും വ്യവഹാരമെന്നുള്ളതുണ്ടാവില്ല;
കർമ്മം ക്ഷയിക്കായ്കിലൊ എത്രതാൻ ധ്യാനിച്ചാലും
നിർമ്മൂലമാകയില്ല, നിശ്ചയം വ്യവഹാരം. 263

വ്യവഹാരത്തിൻലോപമിഷ്ടമാണെങ്കിലൊ നീ-
യവശ്യം ചെയ്തുകൊള്ളൂ ധ്യാനം നിൻ മതംപോലെ;
ബാധിക്കാ വ്യവഹാരമാത്മാവുതന്നെയെന്നു
ബോധിച്ചിരിക്കുന്ന ഞാനെന്തിനായ് ധ്യാനിക്കണം? 264

യാതൊന്നുഹേതുവായി വിക്ഷേപമെനിക്കില്ല,
നാസ്തിയാമതുമൂലമെനിക്കു സമാധിയും;
വിക്ഷേപസമാധികൾ വികാരിമാനസത്തിൻ-
സാക്ഷാൽ ധർമ്മങ്ങളെന്നുതേറണം ദൃഢമായി. 265

നിത്യാനുഭവരൂപനാമെനിക്കതിൽനിന്നു
ഭേദിച്ചു മററെന്തൊന്നു സാധിപ്പാനിരിക്കുന്നു?
അകയാൽ ചെയ്യേണ്ടതു സർവ്വം ഞാൻ ചെയ്തിട്ടുണ്ടു
കൈയ്യൂലാകേണ്ടതെല്ലാം കൈയ്യൂലാകയുംചെയ്തു. 266

ലൌകികം ശാസ്ത്രീയവും മററുവിധത്തിലായു-
മാഗമിച്ചീടുന്നതാമേതുവ്യവഹാരവും,
കർത്താവുഭോക്താവെന്നതില്ലാത്തൊരെനിക്കിഹ
സിദ്ധമാം പ്രാരബ്ധത്തിൻഗതിപോൽ നടന്നോട്ടെ! 267

പക്ഷെ, ഞാൻ കൃതകൃത്യനാകുന്നുവെന്നാകിലും
ലോകത്തിനനുഗ്രഹം ചെയ്യുവാൻ തല്പരനായ്

ശാസ്ത്രസമ്മതിപെററ മാർഗ്ഗത്തിൽകൂടി ഞാനും
വർത്തിക്കാമതുമൂലമെനിക്കു നഷ്ടമെന്താം? 268

ശരീരം ദേവാർച്ചനം, സ്നാനശൌചങ്ങൾ, ഭിക്ഷാ–
ഹരണംതൊട്ടുള്ളതിൽ പ്രവൃത്തിചെയ്തീടട്ടെ;
വാക്കാപ്രണവജപം ചെയ്യട്ടെ,യല്ലെന്നാകി–
ലക്കണക്കുവേദാന്തപാഠവും ചെയ്തീടട്ടെ;

ബുദ്ധിയാൽ വിഷ്ണുവിനെദ്ധ്യാനിക്ക,യല്ലെങ്കിലൊ
ശുദ്ധമാം ബ്രഹ്മാനന്ദം തന്നിലേ ലയിക്കട്ടെ;
സർവ്വസാക്ഷിയാം ഞാനിന്നിവയിലൊന്നുംതന്നെ 269
ചെയ്വതൊ, ചെയ്യിക്കയൊ, കൂടാതെ മേവീടുന്നു. 270

ഈവിധമാകയാലെ, വിഭിന്നവിഷയത്താൽ
പൂർവ്വാപരാബ്ധിയെന്നാകണക്കെയിരിക്കയാൽ
എനിക്കും ശാരീരികമായിട്ടും കർമ്മത്തിനു–
മന്യോന്യമേതൊന്നിങ്കൽ കലഹം സംഭവിക്കും? 271

ശരീരംവാക്കുബുദ്ധിയിവയിൽ നിർബന്ധത്വം
വരുന്നുകർമ്മിതന്നിൽ, സാക്ഷിയിലുണ്ടാവില്ല;
ജ്ഞാനിക്കുസാക്ഷിതന്റെ സംഗമില്ലായ്മതന്നിൽ
വന്നിടും ദൃഢാഗ്രഹം, മററൊന്നിൽ വരുന്നില്ല. 273

ഇങ്ങനെയാണെങ്കിലുമന്യോന്യവൃത്താന്തങ്ങൾ
തങ്ങളിലറിയാത്ത രണ്ടു പൊട്ടന്മാർ മട്ടിൽ,
കർമ്മിയും ജ്ഞാനവാനും തമ്മിലേ കലഹിപ്പൂ
സന്മതികൾക്കായവരപഹാസ്യരായ്ത്തീരും. 273

കർമ്മി,തൻ കർമ്മംചെയ്യും ദേഹാദിക്കധികനാ–
മാത്മാവാം സാക്ഷിതന്നെയൊന്നുമേയറിവീല;
സാക്ഷിതൻ ബ്രഹ്മത്വത്തെ തത്ത്വവിത്തറിഞ്ഞാകിൽ
വീക്ഷിക്കും ഹാനിയെന്തേ കർമ്മിക്കുകർമ്മത്തിങ്കൽ? 274

ദേഹവാഗ്ബുദ്ധികളെ മിഥ്യയെന്നറികയാ–
ലാകവെ ജ്ഞാനവാനുമുപേക്ഷിച്ചിരിക്കുന്നു;
കർമ്മിതാനിവകൊണ്ടു പ്രവൃത്തിചെയ്തീടട്ടെ
സമ്മതിക്കയേവേണ്ടു, ജ്ഞാനിക്കെന്തിതിൽഹാനി? 275

പ്രവൃത്തിയുപയോഗമില്ലാത്തതാണെങ്കിലൊ
നിവൃത്തിയുമെങ്ങുതാനുപയോഗമാർന്നിടും?

നിവൃത്തിബോധഹേതുവാണെങ്കിലപ്പ്രകാരം
പ്രവൃത്തിബോധേച്ഛയ്ക്കു കാരണമായ് ഭവിക്കും. 276

ബുദ്ധനാണെങ്കിൽ ബോധമുണ്ടാവാനാശവേണ്ട,
ബുദ്ധമായതുവീണ്ടും ബോധിക്കവേണ്ടയല്ലോ;
ബാധമില്ലായ്കയാലങ്ങനുവർത്തിപ്പൂ ബോധം
ബോധമോ നിവൃത്തിയാലന്യത്താലുണ്ടാവില്ല. 277

യാതൊരുകാരണത്താലവിദ്യാതൽക്കാര്യവും
തത്വജ്ഞാനത്താൽതന്നെ മുന്നമേബാധിതമായ്;
തന്മൂലമാബോധത്തെ ബ്ബാധിപ്പാനാരണ്ടിനും
സാമർത്ഥ്യമുണ്ടാവില്ലെന്നുറച്ചീടണം ഹൃത്തിൽ. 278

ജ്ഞാനനഷ്ടമാം വിശ്വമക്ഷങ്ങൾവീക്ഷിക്കട്ടേ,
ജ്ഞാനമിങ്ങതുമൂലം നശിച്ചീടുകയില്ല;
ജീവനുള്ളെലിതന്നെ പൂച്ചയെക്കൊല്ലുന്നില്ല,
ചാവായിട്ടതുപിന്നെയെങ്ങനെ ഹനിച്ചീടും? 279

ഏതൊരുസമർത്ഥനോ പാശുപതാസ്ത്രംകൊണ്ടു
വിദ്ധനെങ്കിലും മൃതിഭവിച്ചീടാത്തോരവൻ,
മൂർച്ചയില്ലാത്തമ്പിനാൽ മുറിയേററിട്ടുമൃതി
തീർച്ചയായ് തേടുമെന്നയറിവിന്നെന്താസ്പദം? 280

ജ്ഞാനശീലനകാലം കർത്തൃത്വഭോക്തൃത്വാദി
നാനാവിധത്തിലേറിവന്നൊരവിദ്യയോടു
പോരിൽജയിച്ച ബോധമുറച്ചിരിക്കെ,യിപ്പോൾ
വേരറേറാരവിദ്യയാലെങ്ങനെ ബാധ്യമാകും? 281

ബോധത്താൽ കൊല്ലപ്പെട്ടോരജ്ഞാനമതിൽനിന്നു-
മുത്ഥമാം കാര്യങ്ങളുമാകിയകുണപങ്ങൾ,
പോർക്കളം നിറയ്ക്കട്ടെ, ബോധചക്രവർത്തിക്കു
ചേർക്കയില്ലവ ഭീതി, പ്രത്യുത കീർത്തിപ്രദം. 282

യാതൊരുപുമാനേവമവിദ്യാതൽക്കാര്യങ്ങൾ
ഘാതനംചെയ്ത ശൂരബോധത്താൽവേർപെടില്ല;
അപ്പുമാനെന്തേദേഹനിഷ്ഠമാം പ്രവൃത്തിയു-
മപ്പോലെനിവൃത്തിയുംകൊണ്ടു സിദ്ധിപ്പാനുള്ളു? 283

മർത്ത്യന്മാർ സ്വർഗ്ഗാദിക്കോ,മോക്ഷം ലഭിപ്പതിന്നോ
യത്നത്തെച്ചെയ്യേണ്ടതിങ്ങാവശ്യമെന്നാകയാൽ,

ജ്ഞാനമില്ലാത്തവന്നു സൎവ്വഥാ പ്രവൃത്തിയി-
ലന്യൂനമായകാമം ന്യായാനുസാരംതന്നെ. 284

ബോധവാനാമാതിരിയാളുകൾക്കിടയ്ക്കങ്ങു
പാൎത്തിടുന്നാകിലവനവരോടിടപെട്ടും,
കായത്താൽ മനസ്സാലും വാക്കാലും കൎമ്മങ്ങളെ-
ച്ചെയ്യുന്നിതായവൎക്കുള്ളുൽഗതി കാംക്ഷിക്കയാൽ. 285

ഈവിദ്വാൻ ജിജ്ഞാസുക്കളുള്ളിടംതന്നിലെപ്പോ-
ഴാവാസം ചെയ്തിടുന്നിതപ്പോളായവൎക്കുള്ളിൽ
ജ്ഞാനോദയത്തിന്നായി സൎവ്വകൎമ്മങ്ങളേയും
നിന്ദിച്ചുതാനുമവയുപേക്ഷിക്കയും ചെയ്യും. 286

അജ്ഞാനികളെയനുസരിച്ചുകൊണ്ടു ചെയ്യു-
മാജ്ഞാനിതൻവൎത്തനം യോഗ്യമായിരിപ്പതാം;
സ്തന്യത്തെപ്പാനംചെയ്യും ശിശുവിൻഹിതംനോക്കി-
ത്തന്നുടെതാതപാദൻ വൎത്തിക്കതന്നെ ചെയ്‌വൂ. 287

ബാലന്റെയാക്ഷേപമൊ,താഡനംതന്നെയുമൊ,
ചേലോടെയേററിടുന്നോരതിന്റെ താതനപ്പോൾ
ക്ലേശിക്കുന്നതുമില്ല, കോപിക്കുന്നതുമില്ല,
ഹർഷത്തോടായതിനെ പ്രത്യുത,ലാളിച്ചിടും. 288

വിദ്വാനെയജ്ഞരായോർനിന്ദിക്കിൽ, സ്തുതിക്കിലൊ,
സ്തോത്രമോ നിന്ദനമോ ചെയ്കയില്ലങ്ങോട്ടയാൾ;
പിന്നെയൊ, ആത്മജ്ഞാനമായവൎക്കൊത്തുവിധം
വന്നിടുമാവിധത്തിലാചരിക്കയേ ചെയ്‌വൂ. 289

വിദ്വാന്റെയെമ്മട്ടുള്ള വൃത്തിയാലീലോകത്തിൽ
തത്ത്വവിത്തായിത്തീരുമജ്ഞാനിയായുള്ളവൻ,
അത്തരമാചരണംചെയ്തുകൊള്ളണം വിദ്വാൻ
കൃത്യമന്യമൊന്നയാൾക്കില്ലിഹധരിക്കണം. 290

ചെയ്യുവാനുള്ളതിനെച്ചെയ്യുകകൊണ്ടും പിന്നെ-
ക്കയ്യിൽകിട്ടേണ്ടതിന്നു കിട്ടുകഹേതുവാലും,
സന്തൃപ്തനായിത്തന്നെ സന്തതമീവിധത്തി-
ലന്തരാചിന്തിക്കുന്നു ബന്ധമുക്തനാം ജ്ഞാനി. 291

അത്യൎത്ഥം കൃതാൎത്ഥൻഞാൻ നിത്യമായിരിക്കുന്ന-
മദ്രൂപമപരോക്ഷമായിട്ടു ബോധിക്കുന്നു;

തൽഫലമായിത്തന്നെയെനിക്കു ബ്രഹ്മാനന്ദം
സുസ്ഫുടം സ്ഫുരിക്കുന്നു, ഞാനഹോ, ധന്യധന്യൻ!! 292

ഇപ്പോൾ ഞാൻ ദുഃഖരൂപമായിട്ടും സംസാരത്തെ-
യല്പവും കാണ്മതില്ലിങ്ങാകയാൽ കൃതാർത്ഥനാം;
ആ ദുഃഖപ്രതീതിക്കു ഹേതുവാം മമാജ്ഞാന-
മേതോ ദിക്കിലേക്കായിപ്പാഞ്ഞുപോയൊളിച്ചിതു! 293

കർത്തവ്യമെനിക്കൊന്നുമവശേഷിപ്പതില്ല,
പ്രാപ്തവ്യമെല്ലാമിപ്പോൾ പ്രാപിച്ചു, ധന്യനായ് ഞാൻ;
ഇപ്പോൾ ഞാനാസ്വദിക്കും തൃപ്തിക്കു സമം ചൊല്ലാ-
നിപ്പാരിലൊന്നുമില്ലിക്കാലവുമിനിമേലും;
ആകയാൽ ധന്യധന്യൻ ഞാനെന്നു വീണ്ടും വീണ്ടും 294
ചൊല്ലുതാൻ ചെയ്തിടുന്നേനെൻ തൃപ്തിയനിർവാച്യം! 295

ആശ്ചര്യമെന്നല്ലതങ്ങത്യാശ്ചര്യമായ്ച്ചൊല്ലാം
നിശ്ചയം പൂർവപുണ്യം പൂർണ്ണമായ്ഫലിച്ചിതു;
ഇപ്പുണ്യസമ്പത്തിതൻരൂപമായ് ഭവിച്ചോരാ-
ണിബ്ഭുവിലെന്നെപ്പോലെയുള്ളവരെല്ലാവരും. 296

സമ്യഗ്ജ്ഞാനത്തെ നൽകും ശാസ്ത്രമാശ്ചര്യമേവം
സമ്യഗ്ജ്ഞാനാചാര്യൻെറ മാഹാത്മ്യമാശ്ചര്യമാം;
ആചാര്യോപദേശത്താൽ സിദ്ധിച്ച ബോധമതു-
മാശ്ചര്യമതുമൂലം ഭുജിക്കുമാനന്ദവും. 297

ഇത്തൃപ്തിദീപമതു യാതൊരു വിദ്വജ്ജനം
നിത്യമനുസന്ധാനം ചെയ്തുകൊണ്ടിരിക്കുന്നു,
ആയവർ ബ്രഹ്മാനന്ദം തന്നിലേ നിമജ്ജരായ്
ഭൂയിഷ്ഠതൃപ്തന്മാരായ് ഭവിക്കും നിരന്തരം. 298

ശുഭം.

ഓം.

# കൂടസ്ഥദീപം.

## പ്രകരണം 8.

ഗഗനാൎക്കദീപ്തിയിൽവിലസും ഭിത്തിതന്മേൽ
മുകുരസൂൎയ്യൻതന്റെ തേജസ്സെന്നതുപോലെ,
കൂടസ്ഥപ്രഭകൊണ്ടു ശോഭിക്കും തനുവിനെ-
ക്കൂടവെശോഭിപ്പിപ്പൂ ബുദ്ധിസ്ഥനാകും ജീവൻ. 1

അനേകമുകുരാൎക്കച്ഛായകൾക്കിടയ്ക്കിടെ-
യ്ക്കിനാഭയേയും കാണാമൊട്ടാകെച്ചുമരിങ്കൽ;
മുകുരാൎക്കച്ഛായകളില്ലാതിരിക്കുംപൊഴും
തികവോടിനശോഭതന്നെ വ്യാപിച്ചിരിപ്പൂ. 2

ആവിധം ചിദാഭാസയുക്തമായ് ബഹുവിധ-
മായുള്ളും ധീവൃത്തികൾക്കുള്ളതാം സന്ധിയേയും,
വൃത്തിതന്നഭാവത്തെത്തന്നെയും ശോഭിപ്പിക്കും
ചിത്തിനെ വേൎതിരിച്ചു ബോധിച്ചുകൊണ്ടീടണം. 3

ഘടമാംവസ്തുവിന്റെ വടിവാംബുദ്ധിതന്നി-
ലിടയുമാഭാസനാഘടമേ ശോഭിപ്പിക്കൂ;
ഘടമാണെന്നബോധമുണ്ടാക്കിത്തരുന്നതു
ഘടകല്പനയ്ക്കുന്നാം ബ്രഹ്മചൈതന്യമത്രെ. 4

ഈ ഘടം ബുദ്ധിയങ്ങുദ്ഭവിക്കുന്നതിൻമുമ്പിൽ
പ്രഖ്യാതം ബ്രഹ്മത്തിനാലജ്ഞാതമട്ടിലായും,
ബുദ്ധിയുണ്ടായശേഷം ബ്രഹ്മത്താൽജ്ഞാതമായും-
ഭേദമീവിഷയത്തിലിത്രമാത്രമേയുള്ളൂ. 5

ലോഹാഗ്രകുന്തംപോലെയാഭാസപുരസ്കാര-
മൎഹിക്കും ബുദ്ധിവൃത്തിതന്നെയാണല്ലാജ്ഞാനം;
ബുദ്ധിതൻജാത്യാജാഡ്യമാകുന്നതജ്ഞാനവു-
മിത്ഥമീരണ്ടും വ്യാപിച്ചുക്തമായ് കുംഭം ദ്വിധാ. 6

അജ്ഞാതമായകുംഭം ബ്രഹ്മത്താൽ ഭാസ്യമെങ്കി-
ലാജ്ഞാതകുംഭമെന്തേയവ്വണ്ണം ഭാസിക്കാത്തൂ?
എന്നാകിൽ, ജ്ഞാതമായഭാവത്തെജ്ജനിപ്പിച്ചു-
തീൎന്നപ്പോൾചിദാഭാസൻ,കണ്ടാലും, നശിപ്പതായ്. 7

ആഭാസരഹിതമാം ബുദ്ധിയാൽ ജ്ഞാതഭാവം
സംഭവിക്കയേയില്ല, വികാരിയല്ലോ ബുദ്ധി;
അമട്ടാംശേമുഷിക്ക, വികാരിയായിട്ടുന്നോ—
രാമൃദാദിയെക്കൊള്ളുമെന്നുള്ളവിശേഷമായ്? 8

ഘടത്തിൽവ്യാപിച്ചതാം മൃത്തിക ഘടത്തിനെ
വടിവിലറിവതായെങ്ങുമേചൊന്നിട്ടില്ല;
അതുപോൽധീയിൽമാത്രം വ്യാപിച്ചകുംഭത്തിനും
മതിയാൽ ജ്ഞാതഭാവമുക്തമാകുന്നതല്ല. 9

ആകയാൽഘടം ജ്ഞാതമായെന്നതാഭാസന്റെ-
യുദ്ഗമലക്ഷണമാം ഫലത്തിൻവ്യാപ്തിതന്നെ;
ആഫലം ബ്രാഹ്മമാകും ചൈതന്യമല്ല, ബ്രഹ്മം—
കുംഭാകാരവൃത്തിക്കും മുമ്പേയങ്ങുണ്ടാകയാൽ. 10

ബാഹ്യമാംജ്ഞേയങ്ങളിൽ പ്രമാണഫലമായി—
ക്കൈക്കൊള്ളും ജ്ഞാനമേതോ, ആ ജ്ഞാനം മാത്രമത്രെ
വേദാന്തശാസ്ത്രമാകും പ്രമാണം പ്രമേയമായ്
ബോധിച്ചിരിപ്പതെന്നു ധരിച്ചീടുകവേണം. 11

വാർത്തികകാരനിത്ഥമൗപമ്യം മാത്രമല്ലോ
ചിത്തിനുമാഭാസനും തമ്മിൽ വിവക്ഷിച്ചതും;
ബ്രഹ്മവുമാഭാസനും തമ്മിലെ ഭേദഭാവം
സമ്മതമാകുന്നുപദേശസാഹസ്രിക്കുമേ. 12

ആകയാൽ ഘടത്തിങ്കൽവ്യാപിച്ച ചിദാഭാസ—
നാൽഘടം ജ്ഞാതമെന്നനിലയെവരുത്തിടും;
ജ്ഞാതമാംഘടംപിന്നെയജ്ഞാതഘടംപോലെ
ദീപ്തമായിരുന്നീടും ബ്രഹ്മത്താലെന്നു സിദ്ധം. 13

ധീവൃത്തി, ചിദാഭാസൻ, ഘടമെന്നതാം സംഘം
ഭാസപാത്തായ് ചമപ്പതു ബ്രഹ്മചൈതന്യമല്ലോ;
കുംഭത്തിൽമാത്രമായി ചിദാഭാസസ്ഫുരണം
സംഭവിച്ചെന്നതിനാൽ സ്ഫുരിക്കുമതുമാത്രം. 14

ആകയാൽ, കുംഭം ജ്ഞാതമെന്നാകയാലായതി—
ലൈക്യമായ് സ്ഫുരിക്കുന്നു ചൈതന്യം രണ്ടുവിധം;
ഉള്ളപോൽചൊല്ലപ്പെട്ടോരിച്ചൈതന്യത്തെച്ചില—
രുള്ളത്തിൽതേറുന്നനുവ്യവസായമെന്നതായ്. 15

ചിദാഭാസനിൽനിന്നു ജാതമാം പ്രസാദത്താ-
'ലിതല്ലോ ഘട'മെന്നവാക്യവു,മതുപോലെ
ബ്രഹ്മപ്രസാദംമൂല'മറിയപ്പെട്ടുഘട'-
മിമ്മട്ടുവാചകവുമുണ്ടായെന്നറിഞ്ഞാലും. 16

ബ്രഹ്മചിദാഭാസരെ പ്പുറമേ ദേഹം വിട്ടു
കാണ്മതാം വസ്തുക്കളിലെമ്മട്ടുവിവേചിച്ചോ,
അമ്മട്ടുദേഹത്തിലുമാഭാസകൂടസ്ഥരെ
ച്ചെമ്മേ വേർതിരിച്ചിട്ടുകണ്ടുകൊണ്ടീടവേണം. 17

ഞാനെന്നവൃത്തിയിലും കാമക്രോധാദിയിലു-
മഗ്നിയങ്ങെവ്വിധമോ തപ്തമാം ലോഹത്തിങ്കൽ,
അവിധം ചിദാഭാസൻ മുഴുക്കെ വ്യാപിച്ചുകൊ-
ണ്ടാവാസം ചെയ്തിടുന്നതായ്ത്തന്നെ ധരിച്ചാലും. 18

തപ്തമാം ലോഹം സ്വന്തരൂപമേ ശോഭിപ്പിക്കൂ,
അപ്പുറമന്യത്തിനെയൊട്ടുമേ ശോഭിപ്പീല;
ഈവിധംചിദാഭാസയുക്തമാം വൃത്തികള-
ങ്ങേവയും സ്വസ്വരൂപം മാത്രമേ ദ്യോതിപ്പിക്കൂ. 19

വൃത്തികളെല്ലാംതന്നെ മുറയ്ക്കുവിട്ടുവിട്ടാ-
ണുദ്ഭവിച്ചീടുന്നതെന്നോർത്തീടിലറിഞ്ഞീടാം;
വൃത്തികൾ സമസ്തവും സുഷുപ്തിയിൽ മൂർച്ഛയിലും
സത്വരം ലയിക്കുന്നു സമാധിസ്ഥിതിയിലും. 20

വൃത്തികളെല്ലാററിനുമുള്ളതാം സന്ധികളും
വൃത്തിക്കുള്ള ഭാവങ്ങൾകൂടിയും ശോഭിക്കുന്നു,
യാതൊരുനിർവ്വികാരച്ചൈതന്യം നിമിത്തമാ-
യോതുന്നിതായതിനെക്കൂടസ്ഥനെന്നപേരിൽ. 21

പുറമേ ഘടത്തിങ്കൽ ചൈതന്യം രണ്ടുമട്ടിൽ
സ്ഫുരിക്കുംമട്ടാന്തരവൃത്തികളെല്ലാററിലും
ചൈതന്യം രണ്ടുവിധം വ്യാപിക്കുമെന്നാകയാൽ
വൈശദ്യം വൃത്തികളിൽ സന്ധിയിൽക്കവിഞ്ഞുണ്ടാം. 22

കുംഭത്തിലെന്നപോലെ വൃത്തിയിലൊരിക്കലും
സംഭവിച്ചീടാ ജ്ഞാതാജ്ഞാതമാം ഭാവദ്വയം;
വൃത്തിതൻസ്വപ്രഭയാൽ ജ്ഞാനവ്യാപ്തിയും വൃത്തി-
മാത്രത്താലജ്ഞാനത്തിൻ വ്യാപ്തിയും നശിക്കയാൽ. 23

ചിദാഭാസന്നു ജന്മനാശാദ്യനുഭൂതികൾ
സതതം ഭവിക്കയാൽ ദ്വിവിധചൈതന്യത്തിൽ
വികാരമാളുന്നതു കൂടസ്ഥനാകയില്ല,
വികാരമില്ലായ്കയാൽ കൂടസ്ഥനന്യമത്രെ. 24

'അന്തഃകരണമതിൻവൃത്തികളിവയെല്ലാ-
മാന്തരസാക്ഷി'യെന്നുതൊട്ടുള്ള പ്രമാണങ്ങൾ
സർവ്വംവഴിയായി, കൂടസ്ഥചൈതന്യത്തെ
സുവ്യക്തം നിശ്ചയിച്ചു പൂർവ്വരാമാചാര്യന്മാർ. 25

എമ്മട്ടോ മുഖം, നിഴൽ, നിഴലിന്നാശ്രയവു-
മമ്മട്ടു ചിത്തും ചിത്തിൻച്ഛായയുമന്തരംഗം-
ഏവമീമൂന്നും ശാസ്ത്രയുക്തികൾതന്നാൽ ഗമ്യ-
മാവുകമൂലം ചിദാഭാസനും വർണ്ണിതനായ്. 26

ബുദ്ധിയോടൊത്തുചേർന്ന കൂടസ്ഥൻതന്നെ, ഘട-
ച്ഛിദ്രം മാർഗ്ഗമായ് ഘടവ്യോമംപോൽ, ധീമാർഗ്ഗമായ്
ലോകാന്തരത്തിൽ പോക്കും വരവും ചെയ്വാൻ ശക്ത-
നാകയാൽ ചിദാഭാസകല്പനയെന്തൊരർത്ഥം? 27

ശ്രദ്ധിക്ക,യസംഗനാം കൂടസ്ഥൻ പരിച്ഛേദ-
മാത്രംകൊണ്ടൊരിക്കലും ജീവനായ് ഭവിക്കില്ല;
മറിച്ചു, ഘടത്താലും ഭിത്തിയെന്നിവയാലും
പരിച്ഛിന്നനാം ചിത്തിന്നേല്ക്കണം ജീവഭാവം. 28

'സ്വച്ഛതനിമിത്തമായ് ഭിത്തിപോലല്ലബുദ്ധി',
നിശ്ചയമേവമെങ്കിലങ്ങനെയിരുന്നോട്ടേ;
സ്വച്ഛതഹേതുവായി പരിച്ഛേദമെന്നതി-
ലിച്ഛരിപ്പതെന്തൊന്നങ്ങുവിശേഷവിധിയായി? 29

മരമോ,പിത്തളയോകൊണ്ടുള്ളതാപ്പിനാല-
ങ്ങരിതൊട്ടുള്ള നാനാധാന്യങ്ങളളന്നാലും
വരികയില്ലയല്ലോ വ്യത്യാസമൊരുപോതും
പരിചിൽവാങ്ങുവോനുമതുപോൽകൊടുപ്പോനും. 30

അളവിൽവിശേഷമില്ലെങ്കിലും പിത്തളയാ-
മളവുപാത്രത്തിങ്കൽ വിശേഷം ഛായയ്ക്കുണ്ടാം;
എങ്കിൽധീയിലുമപ്പോൾ കൂടസ്ഥപ്രതിബിംബ-
മാകിന ചിദാഭാസനംഗീകരിക്കപ്പെടും. 31

അല്പമായ് ഭാസിക്കയാലാഭാസനാമമുണ്ടാ-
യപ്രകാരത്തിലത്രെ പാക്കിൽ പ്രതിബിംബം;
ബിംബലക്ഷണഹീനനായിട്ടച്ചിദാഭാസൻ
ബിംബമെന്നതുപോലെ ശോഭിച്ചീടുന്നുവല്ലൊ. 32

സംഗവും വികാരവും കൊണ്ടുബിംബലക്ഷണ-
ഭംഗവും ബിംബംപോലെ സ്ഫൂർത്തിരൂപവുമുണ്ടായ്;
ഏവമക്കൂടസ്ഥനാം ചിത്തുതൻ പ്രഭാലേശം
കൈവരിച്ചോരിതിനെച്ചിദാഭാസനായ്ച്ചൊല്‌വൂ. 33

എമ്മട്ടമണ്ണുണ്ടാകിൽ ഘട,മാമട്ടിൽധീത-
ന്നുണ്മയിൽ ഭവിക്കയാൽ ധീവിട്ടാഭാസനില്ല;
ഈ വാദംനിസ്സാരമാ,ണെന്തെന്നാൽ തൻശരീരം
വ്യാവർത്തിച്ചെഴും ബുദ്ധിയെന്നതുമില്ലയല്ലൊ. 34

ശരീരംമരിച്ചാലും ബുദ്ധിക്കിരിപ്പുണ്ടെന്നു
പറയുന്നതായ് ശാസ്ത്രമുണ്ടെന്നുചൊല്ലീട്ടുകിൽ
ധീയിൽനിന്നിതരമായുണ്ടാകാമാഭാസനു
മായതിന്നാത്മാവേശശ്രുതികൾ പ്രമാണമാം. 35

ധീയാമുപാധിചേർന്നോരാത്മാവിൻപ്രവേശനം
ന്യായമായുദിതമാ, യെന്നാകിൽ ശരിയല്ല;
ധീയിൽനിന്നന്യമൊന്നിൻ പ്രവേശം സങ്കല്പിച്ചി-
ട്ടീയാത്മാപ്രവേശിച്ചുവെന്നോതിയെതദ്വയം. 36

ഇന്ദ്രിയസഹിതമാമീദേഹമെന്നെക്കൂടാ-
തെങ്ങനെ നിലനില്ക്കുമെന്നുള്ളവിചാരത്താൽ,
മൂർദ്ധാവിൻമദ്ധ്യദേശം പിളർന്നു പ്രവേശിച്ച-
ചിത്തിതു സംസരിക്കുന്നെന്നല്ലൊ ശ്രുതിചൊല്‌വൂ. 37

സംഗരഹിതനെങ്കിലെങ്ങനെ പ്രവേശിച്ചാ-
നെങ്ങനെ സംഗഹീനൻ സൃഷ്ടിപ്പതെന്നുംചൊല്ലു?
മായാവാനാവുകയാലെന്നെങ്കിൽസമാധാനം
മായിതംസൃഷ്ടിനാശപ്രവേശങ്ങൾക്കും തുല്യം. 38

ഈയാത്മാവഞ്ചുഭൂതകാര്യത്തിൽനിന്നുമുണ്ടാ-
യ്യതിൽ ജീവഭാവം പ്രാപിച്ചു, ദേഹാദികം
നശിക്കെ ജീവത്വവും ത്യജിച്ചീടുമെന്നേവം
വിശദം യാജ്ഞവല്ക്യൻ മൈത്രേയിയോടുചൊന്നാൻ. 39

ഈയാത്മാവിന്നു നാശമില്ലെന്നവാക്യംകൊണ്ടു
ന്യായ്യമായ് കൂടസ്ഥനെ വിവേചിച്ചിരിക്കുന്നു;
നിസ്സംഗഭാവത്തെയും കീർത്തിക്കഹേതുവായി
സംസർഗ്ഗം ദേഹാദിയോടില്ലെന്നും ചൊന്നിതല്ലോ. 40

ജീവവിഹീനമാകും ദേഹമേ ചാകുന്നുള്ളൂ,
ജീവന്നുമരണമില്ലെന്നോതും ശ്രുതിക്കർത്ഥം
ജീവന്നുമോക്ഷമില്ലെന്നല്ലല്ലോ, പിന്നെയതു
നിർവ്വഹിച്ചീടും ലോകാന്തരത്തിൽ ഗതിയെന്നാം. 41

വിനാശിയാകും ജീവൻ ഞാൻ ബ്രഹ്മംതന്നെയെന്നു
നിനയ്ക്കില്ലയെന്നാകിലാശങ്കയമൂലമാം;
എന്തെന്നാൽ, ജീവഭാവബാധയാൽ ബ്രഹ്മഭാവം
ബോധിക്കാം സാമാനാധികരണ്യം നിമിത്തമായ്. 42

സ്ഥാണുവാംവസ്തു കണ്ടിട്ടായതൊരാളെന്നുള്ള-
മാനുഷ്യഭബാധത്തിനാൽ സ്ഥാണുത്വം നശിക്കുംപോൽ
ഞാൻ ബ്രഹ്മമെന്നബോധമുണ്ടാകിലീ ഞാനെന്നൊ-
രാബുദ്ധിയും നിവൃത്തമായിടും സുനിശ്ചയം. 43

ഈ മട്ടിലാചാര്യൻതാൻ നൈഷ്കർമ്മ്യസിദ്ധിയിലും
സാമാനാധികരണ്യംതൻ ബാധാർത്ഥത്വം ചൊന്നാൻ;
തൻമൂലം ബ്രഹ്മം ഞാനാണെന്നുള്ള വാക്യത്തിങ്കൽ
സാമാനാധികരണ്യത്തിന്നേല്ക്കൂ ബാധാർത്ഥത്വം. 44

'അഖിലവും ബ്രഹ്മമാ' ണെന്നതുബ്രഹ്മത്തിന്നു
ജഗത്തോടുള്ള സാമാനാധികരണ്യംപോലെ
ബ്രഹ്മംഞാനെന്നവാക്യം സാമ്പ്രതംജീവനോടു
ബ്രഹ്മത്തിൻ സാമാനാധികരണ്യം ബോധിപ്പിക്കും. 45

സാമാനാധികൃതിക്കുചേർന്നിടും ബാധാർത്ഥത്വം,
ഗമ്യമല്ലാത്ത മട്ടിൽ ത്യജിച്ചാൻ 'വിവരണം';
കൂടസ്ഥൻ ബ്രഹ്മമിവ വിഭിന്നമല്ലായ്കയാൽ
തേടേണ്ട ബാധാർത്ഥത്വമെന്നതാണതിൻ മതം. 46

ശോധനംചെയ്യപ്പെട്ട ത്വംപദലക്ഷ്യമായി
ദ്യോതിച്ച കൂടസ്ഥന്നുബ്രഹ്മത്വം പറയുവാൻ
വിവരണാദികളിൽ വിവരിച്ചിരിക്കുന്നു
പ്രവരസാമാന്യാധികരണ്യം വിശേഷമായ്. 47

ദേഹേന്ദ്രിയാദിയോട്ടു ചേൎന്നതാം ജീവാഭാസ-
മോഹത്തിന്നധിഷ്ഠാനമായൊരിച്ചൈതന്യംതാൻ
കൂടസ്ഥശബ്ദംകൊണ്ടു വേദാന്തശാസ്ത്രത്തിങ്കൽ
സ്പഷ്ടമായ് വിവക്ഷിക്കപ്പെട്ടിരിക്കുന്നുവത്രെ. 48

എല്ലാവിധവുമുള്ള ജഗദ്വിഭ്രമങ്ങൾക്കു-
മുള്ളതാമധിഷ്ഠാനം നിശ്ചിതമായതല്ലൊ,
വേദാന്തഭാഗങ്ങളിൽ ബ്രഹ്മശബ്ദം കൊണ്ടുതാ-
നുദ്ദേശിക്കപ്പെട്ടതായ് ധരിച്ചീടുകവേണം. 49

എപ്പോഴാബ്രഹ്മത്തിങ്കൽത്തന്നെയീ ജഗത്തെല്ലാം
ശില്പമായാരോപിതമാകുന്നിതാവേളയിൽ
ആയതിന്നേകദേശഭാഗമാം ജീവൻതാനു-
മായതിലദ്ധ്യസ്തനെന്നോതണോ വിശേഷിച്ചും? 50

ജഗത്തുതന്നേകാംശമെന്നീമട്ടിലാരോപ്യ-
വകയ്ക്കുവിഭിന്നത്വം വന്നൊരു കാരണത്താൽ
തത്ത്വംപദങ്ങളുടെയൎത്ഥങ്ങൾ ഭിന്നങ്ങളായ്
സത്യമായ് കൂടസ്ഥനു ബ്രഹ്മത്തോടൈക്യംസിദ്ധം. 51

ബുദ്ധിധൎമ്മങ്ങളായ കൎത്തൃത്വാദികളെയും
സ്ഫൂൎത്തിയെന്നാഖ്യയാകുമാത്മസ്വരൂപത്തെയും
ചേൎത്തങ്ങുധരിച്ചിട്ടു സമക്ഷം പ്രകാശിപ്പു:
മിഥ്യാകല്പിതംതന്നെ തന്മൂലം ചിദാഭാസൻ. 52

ഏതാണീബുദ്ധി,യാരീയാഭാസ,നാത്മാവാരാ-
ണീദേഹത്തി, ലെങ്ങനെ ജഗത്തുണ്ടാ,യീവിധം
നിശ്ചയധീയില്ലായ്മ മോഹമാ,ണായതല്ലൊ
ക്ലേശൌഘദായകമാം സംസാരമറിയണം. 53

ഏതവൻ ബുദ്ധ്യാദികൾക്കുള്ളതാം സ്വരൂപത്തെ
യുക്തമായ് വിവേചിച്ചു ബോധിച്ചുകൊള്ളുന്നുവൊ,
ആയവൻ ഭവദുഃഖമുക്തനാം തത്ത്വജ്ഞാനി
മായമറ്റേവമാണുനിശ്ചയം വേദാന്തത്തിൽ. 54

ഈവിധമാണെങ്കിലും ബന്ധമിന്നാക്ഷേകുന്നി-
തേവമാം കുതൎക്കങ്ങളുതിൎക്കും പരിഹാസം;
ഖണ്ഡനഗ്രന്ഥം തന്നിലുക്തമാം പ്രകാരത്തിൽ
ഖണ്ഡിക്കപ്പെടേണ്ടതാം സമൂലമിതുസൎവ്വം. 55

കാമാദി വൃത്തികളുണ്ടുദയം ചെയ്യുപോതു–,
മമ്മട്ടുവൃത്തികൾതൻ പൂൎവ്വമാം ദശയിലും,
ജിജ്ഞാസയുള്ളപ്പൊഴ്, മജ്ഞൻ ഞാനെന്നുകണ്ടാ–
രജ്ഞത്വത്തിലും, ശിവൻ തന്നെസാക്ഷിയായ്നില്പൂ. 56

മിഥ്യയാം ജഗത്തുതന്നധിഷ്ഠാനമാകയാൽ
സത്യവും, ജഡങ്ങളാം സൎവ്വും വിളക്കയാൽ
ചിദ്രൂപനും സന്തതം പ്രേമാസ്പദത്വംമൂല–
മാനന്ദസ്വരൂപനും, സൎവ്വവസ്തുക്കളിലും
സംബന്ധിച്ചിരിക്കയാൽ സംപൂൎണ്ണൻതാനുമായി 57
സൎവ്വദാ വിരാജിപ്പൂ ശിവസംജ്ഞിതൻ ദേവൻ. 58
ശൈവപുരാണങ്ങളിലീവിധം ജീവനീശ–
നേവമാം ഭേദങ്ങളിലുൾപ്പെടാതിരിപ്പോനും,
അദ്വയൻ, ചൈതന്യസ്വരൂപനും ശിവനുമെ–
ന്നിത്ഥമാക്കൂടസ്ഥനെ സ്പഷ്ടമായ് വിവേചിപ്പൂ. 59

ജീവേശന്മാരെരണ്ടും മായതൻ ഛായമൂല–
മാവിർഭവിപ്പിക്കുന്നുവെന്നതാം ശ്രുതിയാലെ
ജീവേശന്മാരാമവർ മായികന്മാരാ,മെന്നാൽ
സൎവ്വദാ സ്വച്ഛന്മാരാം സ്ഫടികകുംഭംപോലെ. 60

അന്നത്താൽ ജാതമായ മനസ്സ്ദേഹത്തെക്കാ–
ളാൎന്നിതങ്ങെപ്രകാരംവൈമല്യമപ്രകാരം
ജീവേശരിരുവരും മായികരെന്നാകിലും
കേവലം സ്വച്ഛരല്ലൊ മറ്റെല്ലാററിനെക്കാളും. 61

ചിദ്ഭാവസമന്വിതം പ്രകാശിപ്പതുകൊണ്ടു
ചിദ്രൂപതയുംകൂടി സംഭാവ്യമാകുന്നിതു;
സൎവ്വവസ്തുക്കടേയും കല്പനാവൈചക്ഷണ്യം–
കൈവരും മായയ്ക്കൊന്നും ദുഷ്കരമായിട്ടില്ല. 62

നമ്മുടെ മായാകാൎയ്യമായിട്ടും നിദ്രപോലും
നിൎമ്മിപ്പൂസ്വപ്നഗരായ് ജീവേശസത്വന്മാരെ;
പിന്നെയീമഹാമായയിവരെ സൃഷ്ടിപ്പതി–
ലിന്നങ്ങേക്കാശ്ചൎയ്യത്തിനെന്താണൊരവകാശം? 63

എന്നല്ല, യീശ്വരനിൽ സൎവ്വജ്ഞത്വാദിയേയും
നന്നായിക്കല്പിച്ചത്രെ പ്രദൎശിപ്പിക്കുന്നതും;

ധർമ്മിയാമീശ്വരനെ നിർമ്മിപ്പാൻകരുത്തുള്ള
വന്മായയെന്തുപണിതദ്ധർമ്മംനിർമ്മിക്കുവാൻ? 64

കൂടസ്ഥൻതന്നിലേവമതിശങ്കിപ്പതാകിൽ
പാടില്ലയപ്രകാരം ശങ്കിച്ചുകൂടയല്ലൊ;
എന്തെന്നാൽ, കൂടസ്ഥൻതൻ മായികഭാവംകാട്ടാൻ
യാതൊരുപ്രമാണവുമില്ലെന്നു ധരിക്കണം. 65

കൂടസ്ഥസത്യതയെ വേദാന്തമെല്ലാംതന്നെ
സ്പഷ്ടമായ് ഘോഷിച്ചിരിക്കുന്നതായറിയണം;
കൂടസ്ഥന്നെതിരായിട്ടിതരം വസ്തുവൊന്നും
കൂട്ടുവാനില്ലെന്നത്രെ ശ്രുതിക്കുള്ളഭിപ്രായം. 66

ശ്രുത്യർത്ഥം മാത്രമേ നാം വിശദമാക്കുന്നുള്ളു;
യാതൊന്നുംതർക്കംവഴി ചൊല്ലുന്നതല്ലിവിടെ;
ആകയാൽ തർക്കശാസ്ത്രഗതമാംസന്ദേഹങ്ങൾ
തീർക്കുവാനവസരമെന്തുള്ളു പറഞ്ഞാലും? 67

തന്മൂലം കുതർക്കത്തെക്കൂസാതെമോക്ഷേച്ഛുക്കൾ
നന്മയ്ക്കായ്കൈക്കൊള്ളണം ശ്രുതിയെ നിസ്സംശയം;
ജീവേശന്മാരെ മായ സൃഷ്ടിപ്പതായിത്തന്നെ
സുവ്യക്തം കാട്ടുന്നുണ്ടു വേദവും ബോധിക്കണം. 68

സംകല്പം മുതല്ക്കുണ്ടു പ്രവേശത്തോടൊടുങ്ങു-
മിക്കാണും ജഗത്തൊക്കെയീശ്വരൻ സൃഷ്ടിക്കുന്നു;
ജാഗരം മുതല്ക്കുണ്ടുമോക്ഷത്തൊടൊടുങ്ങീടു-
മിക്കാണും സംസാരത്തെജ്ജീവനും സൃഷ്ടിക്കുന്നു. 69

കൂടസ്ഥനൊന്നിനോടും ചേർച്ചയില്ലാത്തവൻതാൻ
തീണ്ടില്ലവനെയേതും ജന്മാദിവികാരങ്ങൾ;
യാതൊരുവിശേഷവുമവനിൽ ചൊല്ലാനില്ല,
ചേതസ്സിലേവംവിധം മുമുക്ഷു വോർത്തീടണം. 70

കൂടസ്ഥനില്ലയല്ലൊ മൃതിയും ജനനവു-
മൊട്ടുമേ ബദ്ധനല്ല, സാധകനുമല്ലവൻ,
മോക്ഷാർത്ഥിയല്ലയവൻ, മുക്തനുമല്ലയല്ലൊ-
ഇക്കണക്കത്രെ പരമാർത്ഥമായുള്ളവസ്ഥ. 71

വാക്കിനൊ മനസ്സിനൊ വിഷയമല്ലാത്തതാ-
മക്കൂടസ്ഥനെനന്നായ് ബോധിപ്പിച്ചീടുവാനായ്,

ജീവേശജഗത്തുകളാശ്രയിച്ചിട്ടുവേദം
സർവഥാ പ്രബോധനംചെയ്യുതേ വഴക്കമാം. 73

മുക്തികാമിപ്പവർക്കാ പ്രത്യഗാത്മാവുതന്നിൽ
ബോധമതേതുമട്ടിലുണ്ടോ, മാമട്ടിലത്രെ
നിർദ്ദോഷമായിരിക്കും പ്രക്രിയയിക്കാര്യത്തി-
ലുദ്ദേശിച്ചിരിപ്പതായാചാര്യൻ വചിക്കുന്നു. 73

ശ്രുതിതാൽപര്യം ബുദ്ധിമന്ദിമച്ചോനഖിലവും
മതിയിൽധരിക്കാതെ നിത്യവും ഭ്രമിക്കുന്നു;
വിവേകമുള്ളപൂമാൻ സർവ്വുംധരിച്ചിട്ടു
നിവസിക്കുമാനന്ദവാർദ്ധിയിൽ നിമഗ്നനായ്. 74

മായയാകുമീമേഘം ജഗത്താം ജലത്തിനെ
പെയ്യട്ടെയെവ്വണ്ണമോ തോന്നുന്നിതവ്വണ്ണമേ;
ചിദ്രൂപവ്യോമത്തിനു ലാഭമോ നഷ്ടംതാനോ
നാസ്തിതാനതുമൂല,മിമ്മട്ടാം വിവേകിക്കും. 75

കൂടസ്ഥദീപമിതു മാനവൻനിരന്തരം
കേടെന്ന്യേ വിമർശനം ചെയ്തുകൊണ്ടിരുന്നാകിൽ,
ആയവൻസ്വയമേവ കൂടസ്ഥസ്വരൂപമായ്,
സ്ഫുരയമാനമാംവണ്ണം വിളങ്ങുമനാരതം. 76

ശുഭം.

---

ഓം.

# ധ്യാനദീപം.

(പ്രകരണം 9)

സംവാദിഭ്രമംമൂലമഭീഷ്ടം ലഭിക്കുംപോൽ
കേവലം ബ്രഹ്മതത്ത്വോപാസ്തിയും മുക്തിയേകും;
ആകയാൽ ചൊല്ലീടുന്നി'തുത്തരതാപനീയം'
പാകത്തിൽബഹുവിധം ബ്രഹ്മോപാസ്തിക്രമങ്ങൾ. 1

രത്നത്തിൻപ്രഭയേയും ദീപത്തിൻദീപ്തിയേയും
രത്നമെന്നോർത്തവയ്ക്കുനേർക്കോട്ടും രണ്ടുപേർക്കും,

ഭ്രാന്തിയെന്നതിൽഭേദമില്ലെന്നാകിലും കാൎയ്യ-
ലബ്ധിയെപ്പാൎത്തിടുമ്പോൾ വിശേഷമുണ്ടുതാനും. 2

ഏതോഗൃഹാന്തരത്തിൽ വൎത്തിക്കുംദീപദ്യുതി
രത്നംപോൽ ദ്വാരത്തൂടെ കാണ്മതു,ണ്ടപ്രകാരം
മറെറാരുഗൃഹാന്തസ്ഥരത്നത്തിൻ പ്രഭതന്നെ-
യെത്തുന്നു ദ്വാരംവഴി ദീപപ്രഭയ്ക്കുതുല്യം. 3

ദൂരത്തിൽപ്രഭരണ്ടുകണ്ടിട്ടുരത്നമെന്നു
പാരാതെബോധിച്ചിട്ടങ്ങവയ്ക്കു നേരേപായും
രണ്ടാൾക്കും പ്രഭതന്നിലുണ്ടായരത്നബുദ്ധി
കണ്ടാലും, മിഥ്യാബോധംകൊണ്ടുണ്ടായതുതന്നെ. 4

ദീപപ്രഭയ്ക്കുനേരേ രത്നമാണെന്നുവെച്ചു
ക്ഷിപ്രമങ്ങെത്തിയോനു ലഭ്യമാകില്ലരത്നം;
രത്നപ്രഭയ്ക്കുനേരേ രത്നമെന്നെത്തിയോനു
യത്നത്തിൻഫലമായിസ്സിദ്ധിയ്ക്കും രത്നം നൂനം. 5

ദീപപ്രഭയിൽരത്നമെന്നുണ്ടാം ഭ്രമത്തിനെ-
യെപ്പൊഴും വിസംവാദി ഭ്രമമെന്നറിയുന്നു;
രത്നപ്രഭയിലുണ്ടാം രത്നഭ്രമത്തിനെയാ-
ണുക്തമായ് വിദ്വാന്മാരാൽ സംവാദിഭ്രമമെന്നും. 6

ബാഷ്പത്തെധൂമമെന്നു തെററായിധരിച്ചഗ്നി-
ലബ്ധിയെ പ്രതീക്ഷിച്ചങ്ങെത്തിടും പൂരുഷനു
ചെന്നോരുനേരം ദൈവഗത്യാ ലഭിച്ചിതഗ്നി-
യെന്നുവന്നാലായതു സംവാദിഭ്രമംതന്നെ. 7

ഗോദാവരീജലത്തെ ഗംഗാജലമെന്നെണ്ണി
മോദിച്ചുവിശുദ്ധിക്കായ് ദേഹത്തിൽപ്രോക്ഷിച്ചിട്ടു
ശുദ്ധിയെപ്രാപിക്കുന്നി,തായതിൽ ഭ്രമിക്കിലും
ശുദ്ധിതാനുണ്ടാകയാൽ സംവാദിഭ്രമമല്ലൊ. 8

ജ്വരത്താൽ ബോധംകെട്ടമൎത്ത്യൻ നാരായണനെ
പെരുതാം ഭ്രമത്തിനാൽ സ്മരിച്ചുമരിച്ചെങ്കിൽ,
സ്വൎഗ്ഗത്തെപ്രാപിക്കുന്നിതായതു സംവാദിയായ്
ചൊല്ലുകൊള്ളും ഭ്രമമെന്നു വിദ്വാന്മാർമതിക്കുന്നു. 9

പ്രത്യക്ഷമനുമാനമെന്നിട്ടു ശാസ്ത്രത്തിനും
യുക്തിവിഷയമായിട്ടിവിടെച്ചൊല്ലപ്പെട്ട

ന്യായത്തിൻപ്രകാരത്തിലുണ്ടല്ലോ ബഹുവിധ-
മായിട്ടു സംവാദിയാം ഭ്രമങ്ങളറിയണം. 10

അങ്ങനെയല്ലെന്നാകിൽ, മരവും മണ്ണും കല്ലു-
മെങ്ങനെ ദേവതകളായിട്ടു,മതുപോലെ
സ്ത്രീകൾതുടങ്ങിയോരെയഗ്നിയെന്നുള്ളബുദ്ധി
കൈക്കൊണ്ടുമായവയുമുപാസ്യങ്ങളായ്ത്തീരും? 11

യഥാൎത്ഥവസ്തുജ്ഞാനമെന്യെ കാകതാളീയ-
മതുപോലിഷ്ടഫലം കൈവരുത്തുവതേതോ,
ആയതു സംവാദിയാം ഭ്രമമായ്ചൊല്ലുന്നതു-
മായതുദൈവയോഗാൽ സിദ്ധിക്കും ഫലംതന്നെ. 12

സംവാദി, സ്വഭാവത്താൽ ഭ്രമംതാനെന്നാകിലു-
മെവ്വിധം ശരിക്കുള്ളഫലത്തെ നൽകീടുന്നു,
അവിധം ബ്രഹ്മതത്ത്വോപാസ്തിയും മുക്തിഫലം
കൈവരുത്തുവതെന്നു ബോധിച്ചീടുകവേണം. 13

ബ്രഹ്മമദ്വൈതൈകരസമഖണ്ഡവുമാണെന്നു
ചെമ്മേ വേദാന്തത്തിനാലറിഞ്ഞു പരോക്ഷമായ്,
ഇത്തത്ത്വംതന്നെ ഞാനെന്നുപാസ്തിചെയ്തീടുന്നു;
ഇത്തരം ബ്രഹ്മോപാസ്തിചെയ്വതു ഹിതമത്രെ. 14

പ്രത്യഗാത്മാവുതന്നെ വിഷയീകരിക്കാതെ
ശാസ്ത്രത്താൽ വിഷ്ണുതൊട്ടു മൂൎത്തികളുണ്ടെന്നപോൽ
ബ്രഹ്മമതുണ്ടെന്നുള്ള സാമാന്യജ്ഞാനമിതിൽ
സമ്മതിച്ചീടുന്നിതു പരോക്ഷജ്ഞാനമെന്നായ്. 15

ചതുൎഭുജത്വാദിയാം വിശേഷം ബോധിക്കിലും
യഥാൎത്ഥസ്വരൂപംതന്നക്ഷത്താലലക്ഷിതൻ
പരോക്ഷജ്ഞാനിതന്നെ, യെന്തെന്നാലക്ഷങ്ങൾകൊ-
ണ്ടറിയില്ലുപാസനാകാലത്തു വിഷ്ണുവിനെ. 16

പരോക്ഷജ്ഞാനഭാവമെന്നുള്ള ദോഷംകൊണ്ടു
വരികില്ലൊരിക്കലും തത്ത്വത്തെയറിയാതെ;
സത്യമാംമൂൎത്തിയുടെ വിശേഷപ്രകാശനം
സിദ്ധമായ്ഭവിക്കയാൽ പ്രമാണശാസ്ത്രംമൂലം. 17

ശാസ്ത്രനിശ്ചയംകൊണ്ടു സച്ചിദാനന്ദമൂൎത്തി-
മത്താകും ബ്രഹ്മത്തിനെബ്ബോധിക്കുമെന്നാകിലും,

പ്രത്യകാം സാക്ഷിതന്നെ നേരിട്ടറിയാത്തവൻ
പ്രത്യക്ഷമറിവീല ബ്രഹ്മത്തെത്തന്നേയുമ. 18

ശാസ്ത്രാനുരോധമായിട്ടുള്ളതാം മാർഗ്ഗത്തൂടെ
സിദ്ധിച്ച സച്ചിത്സുഖബ്രഹ്മത്തിൻ സുനിശ്ചയം,
പരോക്ഷമാണെങ്കിലുമാജ്ഞാനം തത്ത്വജ്ഞാന-
പരമാ,ണായതൊട്ടും ഭ്രാന്തിയാവുകയില്ല. 19

വേദാന്തങ്ങളിൽ മഹാവാക്യങ്ങളാലെ ബ്രഹ്മം
പ്രത്യഗാത്മാവായിട്ടു വർണ്ണിച്ചിട്ടുണ്ടെങ്കിലും,
അവിധംവിചാരത്തെച്ചെയ്യാത്തപൂരുഷന്നു
ചൊവ്വോടെ ഗ്രഹിക്കുവാൻ പ്രയാസംതന്നെയല്ലോ. 20

ദേഹാദ്യങ്ങളിലാത്മഭാവമാം ഭ്രാന്തി, ജാഗ്ര-
ത്താകുമ്പോൾ പൂരുഷൻതൻ മന്ദബുദ്ധിത്വംമൂലം
ബലാൽക്കാരമായ് ബ്രഹ്മംതന്നെയാമാത്മാവെന്ന
നലമാം ബോധമവന്നുണ്ടാവാൻ തരമില്ല. 21

അപരോക്ഷമാം ദ്വൈതഭ്രമത്തിന്നൊരുനാളും
വിപക്ഷിയാകയില്ലയദ്വൈതപരോക്ഷധീ;
ശ്രദ്ധയും ശാസ്ത്രജ്ഞാനമെന്നതുമുള്ള മർത്ത്യ-
ന്നെത്രയുമയത്നമായ് വിജ്ഞേയം ബ്രഹ്മംമാത്രം. 22

പ്രത്യക്ഷമായിക്കാണും ശിലയെന്നുള്ളബോധം
പ്രത്യക്ഷമല്ലാത്തീശജ്ഞാനത്തെ ഹനിക്കില്ല;
പ്രതിമതൊട്ടവയിൽ വിഷ്ണുത്വമുണ്ടെന്നതിൽ
പ്രതിപക്ഷമാം ബുദ്ധിയാർക്കുതാനുദിക്കുന്നു? 23

വേദോക്തകർമ്മങ്ങളിൽ ശ്രദ്ധാലുവായവന്നു
മാത്രമാണധികാരമെന്നുള്ള കാരണത്താൽ,
വേദവിശ്വാസമില്ലാത്തോരുടെയവിശ്വാസം
ശാസ്ത്രീയവിചാരത്തിൽ ദൃഷ്ടാന്തയോഗ്യമല്ല. 24

വിശ്വാസ്യനായുള്ളൊരു മഹാത്മാവരുളിയ
ശസ്യമാമുപദേശം പരോക്ഷജ്ഞാനംനൽകും;
എന്തെന്നാൽ, വിഷ്ണുമൂർത്തിഗതമാമുപദേശം
ശോധിക്കവേണ്ടീലതു പരോക്ഷജ്ഞാനമല്ലോ. 25

അധിഷ്ഠാനകാര്യത്തിൽ സംശയമുണ്ടാകയാ-
ലനുസന്ധിക്കുന്നുണ്ടു കർമ്മവുമുപാസ്തിയും;

അനേകം വേദശാഖവ്യാമിശ്രം ചൊല്ലുന്നതി-
ലനൂനം നിർണ്ണയിപ്പാനാരുണ്ടു ശക്തനായി? 26

ജൈമിനിത്തുടങ്ങിയോർ നിശ്ചയംചെയ്തിട്ടുള്ള
കർമ്മാനുഷ്ഠാനക്രമം കല്പസൂത്രങ്ങളാലെ,
സംക്ഷേപിച്ചിരിക്കുന്നുണ്ടവയിൽ വിശ്വസിപ്പോൻ
ശക്തനാം നിരൂപണംകൂടാതെ കർമ്മംചെയ്വാൻ. 27

ഉപാസ്തികളെവ്വിധമനുഷ്ഠിക്കേണമെന്ന-
തുപപാദനംചെയ്വൂ മഹാർഷഗ്രന്ഥങ്ങളിൽ;
വിചാരം ചെയ്തീടുവാനസമർത്ഥരായോരും
നിജാചാര്യങ്കൽനിന്നുകേട്ടായതുപാസിപ്പൂ. 28

വേദവാക്യങ്ങൾക്കർത്ഥനിശ്ചയം ചെയ്യുന്നൊരു
വിധാനങ്ങിച്ഛുക്കൊത്തു വിചാരം ചെയ്യട്ടതു്;
ആപ്തോപദേശംമാത്രംക്കൊണ്ടു താനനുഷ്ഠാനം
സാധിക്കാമെന്നതിങ്കൽ സംശയമില്ലയല്ലൊ. 29

ഈവിധംമനുഷ്യർക്കു ബ്രഹ്മസാക്ഷാൽക്കരണം
കൈവരാൻപണിയത്രെ വിചാരംകൂടാതേതും;
ആപ്തോപദേശം മാത്രം കൊണ്ടതുണ്ടാകയില്ല,
സിദ്ധിക്കാമതുമൂലം കേവലം പരോക്ഷത്വം. 30

അവിശ്വാസംമാത്രമാം പരോക്ഷജ്ഞാനത്തിനു
വ്യവധാനമാകുവ, താകില്ലയവിചാരം;
അവിചാരംതന്നെയാണപരോക്ഷബോധത്തി-
ന്നവരോധ, മാകയാൽ വിചാരംചെയ്തീടണം. 31

ബ്രഹ്മമാമാത്മാവിനെ വിചാരിച്ചിരുന്നിട്ടും
തന്മൂലമപരോക്ഷരൂപമായ്ത്തീരായ്കിലോ
വിചാരഫലമപരോക്ഷതയാകയാലെ
വിചാരമടിക്കടി ചെയ്യുകതന്നെവേണം. 32

വിചാരമാമരണം സദാചെയ്തിരുന്നിട്ടും
നിജമാമാത്മലാഭം ഭവിക്കാതിരുന്നാകിൽ,
ജന്മാന്തരത്തിങ്കലാത്തടസ്സം നീങ്ങിടുംപോ-
ളാത്മാനുഭൂതിയുണ്ടാം, വിചാരംവ്യർത്ഥമാകാ. 33

ഈജ്ജന്മത്തിലൊ പിന്നീടടുത്തജന്മത്തിലൊ
തജ്ജ്ഞാനം ലഭിക്കുമെന്നോതിനാൻ സൂത്രകാരൻ;

ഏറെപ്പേർ ശ്രവണത്തെ ച്ചെയ്തിരുന്നെന്നാകിലും
തേറുന്നതില്ലായതുമിജ്ജന്മത്തെന്നാം ശ്രുതി. 34

ഗർഭത്തിൽവെച്ചുതന്നെ ശ്രീവാമദേവൻപൂർവ്വ-
മഭ്യസ്തവിചാരത്താൽ പ്രബുദ്ധനായിത്തീർന്നാൻ;
അദ്ധ്യയനം സ്വാപത്താൽ പിറേറന്നോക്കുന്നതിങ്കൽ
രുദ്ധമാകാത്തപോലെ ഭവിക്കുമിവിടെയും. 35

ഏറെത്തവണപാഠം ചെയ്തിട്ടും മനസത്തി-
ലേറാതെവരുന്നാകിൽ പിറേറന്നാളങ്ങുവീണ്ടും-
പഠനംകൂടാതെതാൻ മുന്നമേചെയ്തപാഠം
വെടിപ്പായോർത്തിടുന്നു പുരുഷൻസ്വഭാവേന. 36

എങ്ങനെ കൃഷി, ഗർഭമെന്നിവകാലത്താലെ
ഭംഗമെന്നിയെ പാകം പ്രാപിക്കമാവിധത്തിൽ
ആത്മാവുതന്നെക്കുറിച്ചുള്ളതാം വിചാരവും
മെല്ലവെകാലംകൊണ്ടു ക്രമേണപാകപ്പെട്ടും. 37

ചിന്തതാൻകൂടക്കൂടെ ച്ചെയ്താലും മൂന്നുമട്ടിൽ
സന്ധിക്കമന്തരായംമൂലം മുമുക്ഷുവിന്നു
തത്വത്തിൻസാക്ഷാൽക്കാരം സിദ്ധിക്കുന്നില്ലയെന്നു
വ്യക്തമായ്‌വാർത്തികത്തിൽ ചൊല്ലപ്പെട്ടിരിക്കുന്നു. 38

ആ ജ്ഞാനമെപ്രകാരമിപ്പൊഴുണ്ടാകം, മെങ്കിൽ
സംജാതമാകുമത്രു, നശിക്കിൽ പ്രതിബന്ധം;
അവിഘ്നംഭൂതത്തിലുംവർത്തമാനത്തിങ്കലും
ഭാവികാലത്തുമുള്ള കർമ്മഫലങ്ങൾതന്നെ. 39

അതിനാൽത്തന്നെവേദം വേദാർത്ഥമിവനന്നാ-
യധിഗമിച്ചപനും മുക്തനാകുന്നതില്ല;
ഇക്കാര്യംസ്വപ്നക്ഷേത്രത്തിലിരിക്കും സ്വർണ്ണനിധി-
യക്കർഷകൻകാണാത്തപോലെന്നാം ശ്രുതിചൊൽവൂ. 40

മുമ്പുണ്ടായതെങ്കിലും മഹിഷിയിൽപ്രീതിയാൽ
സംഭൃതമായവിഘ്നംനിമിത്തം ഭിക്ഷുവേകൻ,
തത്ത്വോപദേശം ഗുരുചെയ്തതു്ധരിച്ചില്ലെ-
ന്നിത്ഥമുണ്ടൊരുഗാഥ ലോകത്തിൽ പ്രസിദ്ധമായ്. 41

സ്നേഹത്തിൻപോക്കുകണ്ടു ബ്രഹ്മത്വം മഹിഷിയിൽ
സംകല്പിച്ചുപദേശമാചാര്യൻ ചെയ്തീടിനാൻ;

തന്മൂലംമാനസത്തിൽ നിന്നതാംപൂർവ്വബന്ധം
നിർമ്മൂലമായിട്ടവൻ വേണ്ടപോൽ തത്ത്വവിത്തായ്. 42

വിഷയാസക്തി, ബുദ്ധിമാന്ദ്യവും കുയുക്തിയാൽ
വിഷമിച്ചുവേദാൎത്ഥം മിഥ്യയായൂഹിക്കയും,
വിരുദ്ധഗ്രഹണത്തിലന്യാഗ്രഹതാൽപ്പുൎവ്വവു-
മറിഞ്ഞീടേവമല്ലൊ വൎത്തമാനാന്തരായം. 43

പ്രത്യൂഹമോരോന്നിലും യുക്തമാം ശമാദികൾ
പ്രത്യഹം ശീലിച്ചിട്ടും, ശ്രവണാദികൾ ചെയ്തും,
ക്ഷയിപ്പിച്ചീട്ടുന്നോനു പ്രത്യഗഭിന്നബ്രഹ്മം
നിയതമനുഭവഗോചരമായിത്തീരും. 44

ഭാവിയാംപ്രതിബന്ധംനശിപ്പാനേകജന്മ-
മാവശ്യമായിവന്നു ശ്രീവാമദേവ, നെന്നാൽ
വേണ്ടതായ് വന്നു ജന്മം മൂന്നുപോൽഭരതന്നു-
മുണ്ടായഭാവിബന്ധം ക്ഷയിപ്പാനെന്നുംചൊൽവൂ. 45

യോഗഭ്രഷ്ടന്നുവേണ്ടി വന്നീടും ബഹുജന്മ-
മാഗതപ്രതിബന്ധനാശത്തിനെന്നും, പിന്നെ
ചിന്തയുമനൎത്ഥകമല്ലെന്നും ചൊന്നിട്ടുണ്ടു
തന്തിരുവാക്യമായിഗ്ഗീതയിൽ ശ്രീഭഗവാൻ. 46

ആത്മതത്ത്വമാം ചിന്താബലത്താൽ പുണ്യാത്മാക്കൾ-
ക്കുള്ളതാം ലോകങ്ങളെപ്രാപിച്ചുസുഖിച്ചിട്ട്,
സാഭിലാഷനാമെങ്കിൽ ശുദ്ധരും ശ്രീമാന്മാരും
ശോഭിക്കും കുലത്തിങ്കൽ പ്രാപിക്കുമാഭിജാത്യം. 47

അല്ലെങ്കിൽ, ബ്രഹ്മതത്ത്വവിചാരം നിമിത്തമായ്
നല്ലൊരു വിരക്തനായുല്ലസിച്ചിരുന്നെങ്കിൽ
ബുദ്ധിമാന്മാരാം യോഗിമാരുടെ കുലത്തിങ്കൽ
സിദ്ധിക്കുംജനി, യതുദുൎല്ലഭംതന്നെയല്ലൊ. 48

അജ്ജന്മമവൻ പൂൎവ്വവാസനയായിട്ടന്നോ-
രാജ്ഞാനയോഗമാൎഗ്ഗം പ്രാപിക്കതന്നെചെയ്‌വൂ;
പിന്നീട്ടുമുന്നേക്കാളും മോക്ഷാൎത്ഥമായിട്ടേററം
യത്നത്തെച്ചെയ്കമൂലമീജന്മംസുദുൎല്ലഭം. 49

യോഗഭ്രഷ്ടനാമവനിച്ഛിക്കുന്നില്ലെങ്കിലു-
മാകൃഷ്ടനായീടുന്നു പൂൎവ്വജന്മാഭ്യാസത്താൽ;

ഏറെജ്ജന്മങ്ങൾകൊണ്ടു സമ്യഗ്ജ്ഞാനിയായ്ത്തീൎന്നി–
ട്ടാരാലണഞ്ഞീടുന്നു മോക്ഷത്തെയനന്തരം. 50

ബ്രഹ്മലോകാപ്തിയിങ്കലിച്ഛയ്ക്കു ദാർഢ്യമാകിൽ
തന്മതിയാലായതു നിരോധിച്ചിട്ടൊരുവൻ
ആത്മചിന്തനംചെമ്മെ ചെയ്യുകിലായവന്നാ–
ജന്മത്തിലാത്മസാക്ഷാൽക്കാരംലഭിക്കയില്ല. 51

‘വേദാന്തവിജ്ഞാനത്താൽ നല്ലുപാൽനിശ്ചിതമാം,
തത്വത്തെബ്ബോധിച്ചവർ മുക്തരാമെന്നശാസ്ത്രം,
സിദ്ധമാകയാൽ, ബ്രഹ്മലോകത്തിൽ ബ്രഹ്മാവോതം
മുക്തനായ്ത്തീരുമവൻ കല്പാന്തകാലത്തിങ്കൽ. 52

ചിലൎക്കുതീവ്രപാപകൎമ്മത്തിൻ പ്രതിബന്ധം
നിലയ്ക്കയാൽവിചാരം പോലുമേമുളയ്ക്കില്ല;
പലൎക്കുമാത്മാവിനെക്കുറിച്ചു കേൾപ്പാൻകൂടി
സുലഭമാകുന്നില്ലയെന്നല്ലോ ശ്രുതിചൊൽവു. 53

അത്യന്തം ബുദ്ധിമാന്ദ്യം മൂലമൊ, സാമഗ്രിക–
ളെത്രയുംനാസ്തിയായിത്തീൎന്നുനിമിത്തമൊ,
ഏവന്നുവിചാരത്തെച്ചെയ്യുവാനൊക്കുന്നില്ല,
സൎവ്വദാ ബ്രഹ്മോപാസ്തിയായവൻ ചെയ്തീടണം. 54

നിൎഗ്ഗുണബ്രഹ്മതത്വോപാസനയസംഭാവ്യ–
സംഗതിയാണെന്നേതും നിനച്ചീടുകവേണ്ട;
സഗുണബ്രഹ്മത്തിങ്കലെന്നപോൽവിചാരത്തെ–
യഗുണബ്രഹ്മത്തിലും സാദ്ധ്യമാണഭ്യസിപ്പാൻ. 55

വാക്കിന്നും മനസ്സിന്നുമഗോചരമാം വസ്തു
യുക്തമായ്ത്തീരുന്നതല്ലുപാസ്തിയ്ക്കെന്നാകിലൊ,
വാക്കിന്നും മനസ്സിന്നും പിടികിട്ടാത്തയൊന്നിൻ
വ്യക്തമാം വേദനവും സംഭവിക്കുന്നതല്ല. 56

വാഗാദിക്കഗോചരമായിട്ടും സ്വരൂപമായ്
പാകത്തിൽ തത്വജ്ഞാനിബോധിക്കുമെന്നാണെങ്കിൽ,
വാഗാദിക്കഗോചരമായിട്ടുമാകാത്തെ
കൈക്കൊൾവതെന്നുപാസ്തിചെയ്യുവാൻ ശ്രമമെന്താം? 57

ഉപാസ്യമായിടുംപോൾ സഗുണത്വംഭവിക്കി–
ല്ലുപലഭ്യമാകിലും വന്നിടും സഗുണത്വം;

ലക്ഷണാവൃത്തിമൂലം വേദ്യമായ്ത്തീരുമെങ്കിൽ–
ലക്ഷിക്കപ്പെട്ടതിനെയുപാസിക്കയേവേണ്ടു. 58

“അതിനെത്തന്നെ ബോധിച്ചീടണംബ്രഹ്മമായ്നീ,
ഏതിനെ‘യിതെ’ന്നർച്ചചെയ്വതുമതല്ലല്ലൊ,”
ഈവിധം ശ്രുതിബ്രഹ്മോപാസ്യത്വം നിഷിദ്ധമായ്
ഭാവിച്ചീടുന്നുവെന്നു സംശയിക്കുന്നപക്ഷം, 59

‘അറിയപ്പെട്ടതിൽനിന്നന്യ’ മാണെന്നശ്രുതി–
യരുളാൽ വാരിതമായ് ബ്രഹ്മത്തിൻവേദ്യത്വവും;
എവ്വിധം ശ്രുതിയാലെ വേദ്യതഭവിച്ചെങ്കി–
ലാവിധം ശ്രുതിയാലങ്ങുപാസ്യതയും ഗ്രാഹ്യം. 60

വേദ്യത്വം ബ്രഹ്മത്തിങ്കൽസത്യമാകില്ലയെങ്കി–
ലെന്താണുപാസ്യത്വവുമാവിധമായിക്കൂടേ?
വേദ്യത്വം ബുദ്ധിവൃത്തിവ്യാപ്തിയാൽത്താനെങ്കിലൊ
സിദ്ധിക്കും തുല്യാവസ്ഥയുപാസ്യഭാവത്തിലും. 61

അങ്ങേയ്ക്കെന്തുപാസ്തിയിലിത്രയ്ക്കു പററ,ലെങ്കിൽ
നിങ്ങൾചൊല്ലിതിലിത്ര ഗർഹിപ്പാൻ കണ്ടഹേതു?
നിർഗ്ഗുണബ്രഹ്മോപാസ്തിവേദത്താലധികൃത–
മാകായ്കയില്ല, ബഹുശ്രുതിയാലനുഗ്രാഹ്യം. 62

ഉത്തരതാപനീയം, കാഠകം, ശൈബ്യപ്രശ്നം,
മാണ്ഡൂക്യമെന്നുള്ളുപനിഷത്തുകളിലെല്ലാം,
നിർഗ്ഗുണബ്രഹ്മോപാസ്തിയോംകാരപ്രതീകത്താൽ
യോഗ്യമായ്കാണുകയാൽ പ്രമാണാന്വിതമത്രെ. 63

തദനുഷ്ഠാനക്രമം ശ്രീസുരേശ്വരൻതന്നെ
പ്രതിപാദിച്ചിട്ടുണ്ടു പഞ്ചീകരണംതന്നിൽ;
ജ്ഞാനസാധനം മാത്രമാണെങ്കി,ലല്ല, യിതു–
താനേകം മുക്തിയേയു, മെന്തിതിൽതടുത്തീടും? 64

ആരുംനിർഗ്ഗുണോപാസ്തിചെയ്വതില്ലെങ്കിൽവേണ്ടാ,
പുരുഷാപരാധത്താലുപാസ്തിദുഷിക്കുമോ? 65
ഇതിനെക്കാൾശ്രേഷ്ഠമായ് കണ്ടിട്ടുവശ്യാദിയിൽ–
രതരാം മൂഢാത്മാക്കൾ മന്ത്രങ്ങൾ ജപിക്കട്ടെ;
അവരിലും മൂഢന്മാർനിയമാപേക്ഷയേതു–
മവഗണിക്കും കൃഷിതന്നെയുംസേവിക്കട്ടെ! 66

മൂർഖന്മാരിരിക്കട്ടെ, ചൊന്നിടത്തോളംമതി,
നിർഗ്ഗുണോപാസ്തിയെന്ന പ്രകൃതം തുടന്നീടാം:
വിദ്യയ്ക്കുള്ളൈക്യം മൂലം സർവ്വശാഖയിൽനിന്നു
യുക്തധമ്മങ്ങൾ ചേർത്തീയുപാസ്തിചെയ്യീടണം. 67

ആനന്ദമാദിയായ വിധേയഗുണവൃന്ദം-
തന്നുടെ സംഗ്രഹണ 'മാനന്ദാദയ'മെന്നും,
അസ്ഥൂലമാദിയായ നിഷേധ്യഗുണങ്ങടെ-
വ്രാതത്തിൻ സമാഹാര 'മക്ഷരധിയാ'മെന്നും,
സൂത്രങ്ങൾ രണ്ടുകൊണ്ടുവേദവ്യാസനാം മുനി 68
വ്യക്തമായ് വണ്ണിച്ചിരിക്കുന്നതായ് ബോധിക്കണം. 69

നിർഗ്ഗുണബ്രഹ്മതത്ത്വം ശാസിക്കും വിദ്യതന്നിൽ
യുക്തമാകില്ലതിങ്കൽ കാണ്മതാംഗുണാഖ്യാനം;
ഇങ്ങനെനിന്ദിച്ചാകിലായതാവ്യാസനെത്താ-
നിങ്ങെന്നെ ബാധിക്കില്ല, സൂത്രകാരനേപറവൂ. 70

സത്യജ്ഞാനാദികങ്ങൾ സുവണ്ണശ്മശ്രുസൂര്യ-
നിത്യാദിമൂത്തികളിലുദാഹരിയ്ക്കായ്കയാൽ
നിർഗ്ഗുണഭാവത്തിന്നുവിരോധം വന്നില്ലെങ്കിൽ
നിർഗ്ഗുണോപാസ്തിയിങ്കൽ സന്തോഷംപൂണ്ടുകൊൾക. 71

ആനന്ദാദികങ്ങളുമസ്ഥൂലാദ്യങ്ങളുമാം
നാനാഗുണങ്ങളുള്ളിലടക്കിച്ചെയ്യും ധ്യാനം
സാദ്ധ്യമല്ലെങ്കിലാട്ടെ, തൽഗുണലക്ഷകമായ്
ബോധിക്കും ബ്രഹ്മതത്ത്വമുപാസ്തിചെയ്യാമല്ലൊ: 72

ആനന്ദാദികളായുമസ്ഥൂലാദികളായും
ചൊന്നോരുഗുണങ്ങളോടൊത്തതായ് ശ്രുതികാട്ടും
അഖണ്ഡനേകരസനായിട്ടുമാത്മാവുതാ-
നഹമെന്നത്രെ മോക്ഷമിച്ഛിപ്പോരുപാസിപ്പൂ. 73

ബോധവുമുപാസ്തിയും തമ്മിലുള്ളൊരുഭേദ-
മെന്താമെന്നാകി,ലതും ചൊല്ലിടാം, കേട്ടുകൊൾക!
വസ്തുവിന്നധീനമായ് ഭവിക്കും ബോധ,മെന്നാൽ
കത്താവിന്നധീനമായ് വന്നിട്ടുമുപാസനം. 74

വസ്തുവിൻ തത്ത്വചിന്ത ബോധത്തെജ്ജനിപ്പിക്കും
മാത്രമല്ലനാദരം കൊണ്ടതുബാധിക്കില്ല;

ബോധോൽപ്പത്തിയൊന്നിനാൽ സംസാരത്തിലെസ്സർവ്വ-
സത്യഭാവവും നാശം വരിക്കമെറിഞ്ഞാലും. 75

സംസാരതാപക്ഷയം മൂലംകൃതകൃത്യനായ്
നാശരഹിതമാകും തൃപ്തിയെ പ്രാപിക്കേണ്ടോനായ്
ജീവന്മുക്തനുമായി പ്രാരബ്ധകർമ്മത്തിൻെറ
ഭാവ്യമാംക്ഷയത്തിനെബ്ബോധവാൻ പ്രതീക്ഷിപ്പൂ. 76

ആപ്തനാംഗുരുവിൻെറ ബോധനംവിശ്വസിച്ചു
ശ്രദ്ധാലുവായുപാസ്യതത്ത്വത്തെശ്ശോധിയാതെ,
അന്യമാംവിഷയങ്ങളേശാത്തബുദ്ധിവൃത്തി-
യൊന്നിച്ചു ചിന്തിക്കണമശ്രാന്തമുപാസകൻ. 77

ചിന്തക്കുവിഷയമാം വസ്തുവിൻസ്വരൂപത്തിൽ
യുക്തമാമഭിമാനമെക്കാലമുണ്ടാകുമൊ,
അക്കാലംവരെച്ചിന്തചെയ്തിട്ടുപിന്നീടവ-
നക്കണക്കാമരണം ധ്യാനിച്ചുകൊണ്ടീടണം. 78

സമഷ്ടിപ്രാണനാത്മാവെന്നുപാസിക്കും പ്രതി-
യമന്ദംഭിക്ഷക്കായിട്ടുഴന്നുചരിക്കവേ,
സമഷ്ടിപ്രാണാത്മത്വം ചിത്തത്തിൽധരിച്ചിട്ടു
ക്രമത്തിൽഭിക്ഷയാച്ഞചെയ്തതായ് ശ്രുതിശ്രുതം. 79

പുരുഷൻറിച്ഛപോലെയുപാസ്തിചെയ്ക, ചെയ്യാ-
തിരിക്ക, മററുവിധംചെയ്കയെന്നതുമാകാം;
ആകയാൽസജാതീയവൃത്തിപരംപരതാ-
നെക്കാലത്തുമേ ചെയ്തീടന്യചിന്തകളെന്യേ. 80

ആസക്തിപൂർവ്വംവേദം പഠിച്ചീടുന്നവൻതദ്-
വാസനമൂലംസ്വപ്നംതന്നിലും വേദംചൊല്ലും;
ജപിക്കേണ്ടോൻജപിച്ചീടും, ധ്യാതാവുമപ്രകാരം
സ്വപിക്കെദ്ധ്യാനം ചെയ്വാൻ വാസനവളർത്തണം. 81

വിരുദ്ധഭാവനയെ നിശ്ശേഷംവെടിഞ്ഞിട്ടു
പരിചിൽ ധ്യേയത്തിനെ സുദൃഢം ധ്യാനിപ്പവൻ
സംസ്കാരപാടവത്താൽ സ്വപ്നാദിസമയത്തും
ശക്തനാം ധ്യാനരസംതുടർന്നുകരുവാൻ. 82

പ്രാരബ്ധകർമ്മഫലമനുഭവിക്കുവോനും
പാരിച്ചമോക്ഷസ്പൃഹനിമിത്തം നിരന്തരം

ധ്യാനിപ്പാൻകഴിയുന്നനിശ്ചയം, വിഷയത്തിൽ
മാനസമനരഞ്ജിച്ചിരിക്കുന്നവൻപോലെ. 83

പരപൂരുഷസംഗം കൊതിക്കുംനിതംബിനി
പരിചിൽ ഗൃഹകാര്യവ്യഗ്രയായിരിക്കിലും,
പരപൂരുഷസംഗജന്യമാം രസായനം
തരത്തിൽമാനസത്താലായവൾനുകർന്നീടും. 84

പരസംഗമസൌഖ്യമാസ്വാദിപ്പവൾക്കുള്ള
പെരുത്തഗൃഹകൃത്യം മുടക്കാതിരിക്കിലും,
അയതിൽശ്രദ്ധയൂന്നിച്ചെയ്തിടും പടിയാകാ-
തായതുനടക്കുന്നു കേവലം ബാഹ്യമായി. 85

ഗൃഹകൃത്യത്തിലേററം തൽപ്പരയെപ്രകാരം
ബഹുഭംഗിയിലതു ചെയ്യുന്നിതതുപോലെ,
ജാരനിൽമനംവെച്ചോളായതു വേണ്ടവണ്ണം
നേരിട്ടുസമഗ്രമായ് നടത്തുന്നില്ലയല്ലോ. 86

ഇക്കണക്കുപാസ്തിയിലാസക്തിയുള്ളവനും
ലൌകികകാര്യങ്ങളിലില്ലല്പമിടപെടും;
തത്വജ്ഞനെന്നാകിലോ, അവിരോധത്വം മൂലം
യുക്തമായ്ലോകകാര്യമാചരിച്ചീടുന്നിതു. 87

പ്രപഞ്ചമിതുസ്വപ്നം പോലെമായാമയവു-
മപരിമേയനാത്മാചൈതന്യരൂപനുമാം;
ബോധമുള്ളപ്പൊഴേവം ലോകകാര്യത്തിലാളും
തത്വവിജ്ഞാനിക്കതിലെന്തുള്ളൂ വിരോധമായ്? 88

പ്രാരബ്ധകർമ്മംപോലെ വ്യവഹരിച്ചീടുവാൻ
തീരെയാവശ്യമല്ലപ്രപഞ്ചസത്യത്വവും,
ദേഹമാണാത്മാവെന്നചിന്തയു,മെന്നാൽപിന്നെ-
യക്കാര്യം സാധനങ്ങൾമാത്രമാംകാംക്ഷിപ്പതും. 89

മനസ്സുവാക്കുദേഹമിവയ്ക്കു പുറത്തുള്ളോ-
രനേകപദാർത്ഥങ്ങളേവമാം സാധനങ്ങൾ;
അവയെതത്വജ്ഞാനി നശിപ്പിക്കുന്നതില്ല,
അവയാൽ വ്യവഹാരം പിന്നെന്തേചെയ്തുകൂടാ? 90

ചിത്തത്തെ നിയന്ത്രണം ചെയ്യുന്നതാകിലവൻ
തത്വവിത്താകയില്ല, ധ്യാതാവുതന്നെയല്ലോ;

ഘടത്തിൻതത്ത്വമായമണ്ണിനെയറിഞ്ഞവ-
നടക്കിനാൻ ബുദ്ധിയെയെന്നതുകണ്ടിട്ടില്ല. 91

ഒരിക്കലതിൻതത്ത്വം ഗ്രഹിക്കകൊണ്ടുതന്നാ-
ത്തരത്തിൽസദാകാലം ശോഭിക്കുംഘടമെങ്കിൽ,
സ്വപ്രകാശകനാകുമാത്മാവു ഘടംപോലെ-
യെപ്പൊഴും പ്രകാശിച്ചുകൊണ്ടിരിക്കുന്നീലയൊ? 92

ആത്മാവിൻ സ്വപ്രകാശംകൊണ്ടങ്ങേയ്ക്കെന്തുഫലം?
ആത്മവിഷയമാം ധീവൃത്തിതാൻതത്ത്വജ്ഞാനം;
ബുദ്ധിവൃത്തിയോ ക്ഷണം നശിപ്പതു, മെങ്കിലീ-
ച്ചോദ്യം ഘടാദ്യങ്ങളെപ്പററിയും തുല്യമത്രെ. 93

ഘടാദിപദാത്ഥത്തെയറിഞ്ഞു തീന്നാൽധീയു-
മുടനെ നശിച്ചീടും, ഘടനിർദ്ദേശ,മെന്നാൽ
വേണ്ടപ്പോഠംബുദ്ധിക്കതുവിഷയമാ, മെങ്കിലീ-
മട്ടിൽശോധനമാത്മപക്ഷത്തും തുല്യംതന്നെ. 94

തത്ത്വജ്ഞനൊരുവട്ടം ദൃഢമായാത്മാവിനെ
ബോധിച്ചാൽപിന്നെയെപ്പോളതിനെപ്പറവാനും,
ചിന്തിപ്പാൻ, ധ്യാനിപ്പാനും തോന്നുന്നിതപ്പൊഴെല്ലാം
ശക്തനായ് തീന്നിടുന്നു തൻസംസ്കാരം നിമിത്തം. 95

ഉപാസകനെന്നപോൽ ജ്ഞാനിയും ധ്യാനിക്കുംപോഠം
പ്രപഞ്ചവ്യവഹാരം വിസ്മരിക്കുന്നതാകിൽ,
വിസ്മരിച്ചീടട്ടവൻ, ധ്യാനത്താലാവിസ്മൃതി
നിഷ്പന്നമാ, ണല്ലാതെ ജ്ഞാനത്താൽവന്നതല്ല. 96

ജ്ഞാനിതൻധ്യാനമാട്ടെ, ഐച്ഛികംമാത്രമല്ലൊ,
ജ്ഞാനത്താൽതന്നെ മുക്തിസിദ്ധിക്കനിമിത്തമായ്;
ജ്ഞാനത്തിൽനിന്നുതന്നെ കൈവല്യമെന്നുള്ളതി-
ങ്ങാനകഘോഷമത്രെ വേദാന്തശാസ്ത്രങ്ങളിൽ. 97

തത്ത്വവിത്താകുന്നവൻ ധ്യാനിക്കയില്ലയെങ്കി-
ലതല്ലിൽബാഹ്യത്തിങ്കലായവൻ പ്രവത്തിക്കും;
ആയവൻ സുഖമായി പ്രവൃത്തിചെയ്തീടട്ടെ,
കാൎയ്യമാംബാധമെന്തേതൽപ്രവത്തനത്തിങ്കൽ? 98

വേണ്ടാത്തകാൎയ്യത്തിലുമിടപെട്ടേക്ക, മെങ്കിൽ
വേണ്ടുന്ന വിഷയങ്ങളെന്തെന്നു പറയണം?

വിധിശാസ്ത്രപ്രകാരം പ്രവത്തിച്ചീടാ,മെങ്കിൽ
വിധിയും നിഷേധവും ജ്ഞാനിയെപ്പററിയല്ല. 99

വണ്ണങ്ങളാശ്രമങ്ങൾ വയസ്സെന്നീദേഹത്തെ-
യെണ്ണുമ്പൊഴുണ്ടാമഭിമാനങ്ങൾ സമസ്തവും,
ഏതവന്നുണ്ടാകുന്നിതവന്നാം നിഷേധവു-
മൊത്തുള്ളവിധികളും ചൊല്ലുന്ന ശാസ്ത്രാദികൾ. 100

അജ്ഞാനംനിമിത്തമായ് വണ്ണാശ്രമാദിഭേദം
മെച്ചമായ്ദേഹത്തിങ്കൽ കല്പിക്കപ്പെട്ടിരിപ്പൂ;
ബോധസ്വരൂപനാകുമാത്മാവിനിബ്ഭേദങ്ങൾ
ബാധിപ്പതല്ലെന്നത്രേ ജ്ഞാനിതൻവിനിശ്ചയം. 101

ചിത്തത്താലേതൊരുവൻ സവ്വാശയുംവെടിഞ്ഞു
ശുദ്ധമാംജ്ഞാനമാത്മമായവൻ മുക്തൻതന്നെ;
ആയവൻസമാധിയൊ കമ്മങ്ങൾതന്നെയുമൊ
ചെയ്യാഞ്ഞാൽ, ചെയ്യുന്നാലും, യാതൊന്നുംവ-
(രാനില്ല. 102

ഏതൊരുവന്റെചിത്തം വാസനയററുപവി-
ത്രമാ,യവന്നുനൈഷ്കമ്മ്യത്താൽഫലമില്ല;
കമ്മങ്ങൾകൊണ്ടും ഫലമവന്നുണ്ടാകാനില്ല,
മേന്മസിദ്ധിപ്പാനില്ല, സമാധിജപങ്ങളാൽ. 103

ആത്മാവുസംഗഹീനനതിൽനിന്നന്യമൊന്നി-
ന്നുണ്മവെറുംമായികമിന്ദ്രജാലംമാത്രമാം;
ഇങ്ങനെചലിക്കാതെ നിശ്ചയിച്ചോന്റെഹൃത്തി-
ലെങ്ങനെയുണ്ടായിടുംവാസനാബീജംപോലും? 104

ഈവിധംജ്ഞാനിക്കൊട്ടും സക്തിയാവിധിയിലും
കൈവരാപിന്നെങ്ങതിസക്തിനിഷേധത്തിലും?
ആരുതാൻവിധിക്കധികാരിയായവന്നല്ലോ
നേരിലതിപ്രസംഗസന്ദേഹം നിഷേധത്തിൽ. 105

ബാലന്നുവിധിയില്ല, തന്മൂലംനിഷേധത്തി-
ലില്ലിഹപ്രസക്തിയും ബാലനി,ലെന്നപോലെ,
ജ്ഞാനിക്കുംവിധിയില്ലയെന്നതിൽസമാവസ്ഥ
വന്നിരിക്കയാലവന്നെങ്ങനെ നിഷേധവും? 106

ബാലകനൊന്നുപോലു മറിയുന്നില്ലയെങ്കി-
ലെല്ലാമറിയുന്നിതു തത്ത്വവിത്തായിടുന്നോൻ;

വിധികളെല്ലാംതന്നെ ബാധിപ്പതല്ലജ്ഞനെ
വിധിയുംനിഷേധവും മററുരണ്ടാൾക്കുമില്ല. 107

ശാപാനുഗ്രഹങ്ങളിൽ സാമത്ഥ്യമേവനുണ്ടോ,
അപ്പുമാൻതത്ത്വജ്ഞാനിതന്നെയാ, മെന്നാണെങ്കിൽ
അയത്നതപസ്സിൻെറ ഫലംമാത്രമാകയാൽ
കാൎയ്യമില്ലതിലൊന്നും തത്ത്വജ്ഞാനത്തിനേതും. 108

വ്യാസാദിമുനിമാരിൽ ശാപാദിക്കുള്ളശക്തി
ദൃശ്യമായ് തങ്ങളുടെ തപോബലമൊന്നിനാൽ;
ശാപാദിഹേതുവിൽ നിന്നന്യമാംതപസ്സല്ലോ
താപങ്ങളകററീടും ജ്ഞാനത്തിന്നുള്ളഹേതു. 109

തപസ്സരണ്ടുവിധമുള്ളോരുപൂരുഷന്നു
ലഭിക്കുംസാമത്ഥ്യവും ജ്ഞാനവുമറിയണം;
അയതിലൊന്നുമാത്രം ചെയ്യുന്നുവെന്നാണെങ്കി-
ലായത്തമായിടുന്നിതായതിൻ ഫലംമാത്രം. 110

ശാപാദിസാമത്ഥ്യവും വിധിയുംവജ്ജിച്ചോനെ
കല്പനപ്പടിനില്ക്കും യതികൾ നിന്ദിച്ചാകിൽ,
എപ്പൊഴും ഭോഗങ്ങളിലാസക്തരാമന്യരാ-
ലൊപ്പമേയതികളും നിന്ദ്യന്മാരാകുന്നിതു. 111

ഭോഗതുഷ്ടിയ്ക്കിണങ്ങും ഭിക്ഷയും വസ്ത്രാദിയും
യോഗിയുംകൂടിയവചയിക്കിലവക്കേഴും
വൈരാഗ്യഭാരംകൊണ്ടു കുണ്ഠിതമാംയതിത്വം
പാരമത്ഭുതമെന്നേ പറയേണ്ടതായുള്ളു! 112

വണ്ണാശ്രമാദികളിൽ തൽപ്പരന്മാരെ മൂഢർ
നിന്ദിക്കിൽഹാനിയേതുമില്ലെന്നുചൊല്ലുന്നാകിൽ
ദേഹാഭിമാനികളാം ക്രിയാപരന്മാർചെയ്യും
ഗർഹണംജ്ഞാനിക്കേതും ഹാനിനൽകുന്നതില്ല. 113

തന്മൂലമിപ്രകാരം തത്ത്വജ്ഞാനലാഭത്തി-
ലാമനംതൊട്ടുള്ളവ മുടിക്കാതിരിക്കയാൽ
രാജ്യഭരണാദിയാം ലൌകികം വേണ്ടപോലെ-
യാചരിക്കുവാൻ ജ്ഞാനിപ്രാപ്തനായിരിക്കുന്നു. 114

മിഥ്യാത്വബുദ്ധിമൂലമായതിലഭിലാഷം
നാസ്തിയായിരിക്കുകിൽ വേണ്ടെന്നുതന്നെവെയ്ക്കാം;

ധ്യാനിച്ചോരലോകകാൎയ്യംനോക്കിയൊജ്ഞാനിയാരയോൻ
തന്നുടെപ്രാരബ്‌ധത്തിൻഗതിപോൽ വൎത്തിക്കട്ടെ! 115

ഉപാസകനാകട്ടെയെപ്പൊഴും ധ്യാനമാകു-
മുപായംകൈക്കൊണ്ടിങ്ങുവസിച്ചീടുകവേണം;
എന്തെന്നാൽ, വിഷ്ണുത്വാദികണക്കെ തൻബ്രഹ്മത്വം
സിദ്ധിക്കയെന്നുള്ളതുധ്യാനത്താൽതന്നെയല്ലോ. 116

ധ്യാനമാംകാരണത്താലുണ്ടായ ബ്രഹ്മഭാവം
ധ്യാനംമുടക്കിയെന്നാൽ വിലയം ഗമിച്ചീടും;
വാസ്തവബ്രഹ്മത്വമൊ വിചാ വിഘ്നത്താലു-
മസ്തംഗമിപ്പതല്ലെന്നുൾത്താരിലറിയണം. 117

ബ്രഹ്മംനിത്യമാകയാലീജ്ഞാനം ബ്രഹ്മത്തിനെ-
യോൎമ്മിപ്പിക്കയേയുള്ളു, നിത്യബോധകമല്ല;
ബോധകജ്ഞാനാഭാവമാത്രത്താൽശുദ്ധസത്യ-
ബോധരൂപമാംബ്രഹ്മം വിലയം ഗമിക്കില്ല. 118

വാസ്തവബ്രഹ്മഭാവമുപാസകന്നുകൂടി
സിദ്ധമായ്‌വരില്ലയൊയെന്നുള്ളവികല്പനം,
നിസ്സാരമെന്നേവരൂ, പാമരന്മാൎക്കുംപിന്നെ
പശ്വാദികൾക്കുമില്ലേ വാസ്തവബ്രഹ്മഭാവം? 11

അജ്ഞാനംനിമിത്തമായ് പുരുഷാൎത്ഥഹാനിയിൽ
സാജാത്യംവഹിക്കുന്നു ധ്യാനിയും പശ്വാദിയും;
എവ്വിധമുപവാസത്തെക്കാളും ഭിക്ഷവര-
മവ്വിധംധ്യാനം മററുവിക്ഷേപത്തിലുംവരം. 120

പാമരന്മാൎക്കേതും വ്യവഹാരത്തിനെക്കാൾ
മേന്മയുള്ളതുകൎമ്മാദ്യനുഷ്ഠാനത്തിനല്ലോ;
അതിനെക്കാളും വരംസഗുണോപാസനയാ-
ണതിലുംശ്രേഷ്ഠമത്രെ നിർഗ്ഗുണോപാസ്തിതാനും. 121

എത്രത്തോളവുമാനുഭവികജ്ഞാനമുണ്ടാ-
മത്രയുംശ്രേഷ്ഠതയും വൎദ്ധിപ്പൂനിസ്സംശയം;
നിൎഗ്ഗുണോപാസ്തിസാക്ഷാൽ ബ്രഹ്മജ്ഞാനമതായി-
വായ്ക്കുമേ കാലക്രമംകൊണ്ടെന്നുധരിക്കണം. 122

സംവാദിഭ്രമംഫലകാലത്തുബോധമായി-
ട്ടെവ്വിധംകലാശിക്കുമാവിധംതന്നെയല്ലോ,

നിർഗ്ഗുണോപാസനയും മുക്തിക്കു കാലമായാൽ
പാകമേററവുംവന്നു ബോധമായ്ത്തീരുന്നിതു. 123

സംവാദിഭ്രമംമൂലം ചേഷ്ടിച്ചപൂരുഷൻെറ
സംവിത്തതിലിടഞ്ഞവസ്തുവാൽ ജാതമെങ്കിൽ
അവിധമുപാസ്തിയും സദ്വാക്യവിചാരത്താൽ
കൈവരുംമോക്ഷത്തിനും കാരണമായിടട്ടെ. 124

മൂർത്തിധ്യാനവുംമന്ത്രമെന്നിവമോക്ഷത്തിൻെറ
ഹേതുക്കളാകുമെങ്കിലങ്ങനെയിരിക്കട്ടെ;
നിർഗ്ഗുണധ്യാനമെന്നാൽ ബ്രഹ്മജ്ഞാനസാമീപ്യം
ചേർക്കുവാനതിയോഗ്യമാകയാൽവിശിഷ്ടമാം. 125

നിർഗ്ഗുണധ്യാനംമെല്ലെപ്പാകത്തിലെത്തിട്ടന്ന-
തക്കത്തിൽസംഭവിക്കും സമാധിസവികല്പം;
അതിൽനിന്നും ത്രിപുടിയററതാംനിർവ്വികല്പ-
മതിവേഗത്തിൽസിദ്ധിച്ചീട്ടമെന്നറിയണം, 126

പുമാനുനിർവ്വികല്പം സാധിച്ചീട്ടകിലുള്ളി-
ലമന്ദം സംഗമററവസ്തുതാൻശേഷിക്കുന്നു;
അടിക്കടിയായതുനന്നായിട്ടഭ്യസിച്ചാ-
ലുടനെവാക്യചിന്തയണയ്ക്കും തത്ത്വജ്ഞാനം. 127

നിർവ്വികാരത്വം, സംഗഹീനത, നിത്യത്വവു-
മദ്വൈതസ്വപ്രകാശഭാവങ്ങൾ, പൂർണ്ണത്വവും-
ഇത്ഥംശാസ്ത്രോക്തമാകുമാത്മചിഹ്നങ്ങൾശീഘ്രം
ബുദ്ധിയാലനുഭൂതമായിട്ടമസംശയം. 128

യോഗശീലനംതന്നെ നിർവ്വികല്പസമാധി-
ക്കാകുന്നുവെന്നമൃതബിന്ദ്വാദിശ്രുതിചൊൽവു;
ഏവംനിർഗ്ഗുണധ്യാനം ജ്ഞാനാസംഗമാകയാൽ
നിർവ്വികല്പകംമററുമാർഗ്ഗങ്ങളെക്കാൾ വരം. 129

സ്വാധീനമായിട്ടന്നീനിർഗ്ഗുണബ്രഹ്മധ്യാനം
സന്ത്യജിച്ചിട്ടതീർത്ഥയാത്രയും ജപാദിയും,
ചെയ്യുന്നോർക്കുള്ളവസ്ഥഭക്ഷ്യത്തെക്കളഞ്ഞിട്ടു
കൈയ്യുതുനക്കുന്നതാം ന്യായത്തിന്നൊപ്പമത്രെ. 130

ഉപാസ്തിചെയ്യുവോർക്കും വിചാരംത്യജിച്ചീടി-
ലുപന്യസ്തമാംന്യായം പ്രാപിക്കിൽ, സമ്മതിച്ചു;

ആകയാൽത്തന്നെ ചിന്തചെയ്യാനാകാത്തവർക്കു
നിർഗ്ഗുണബ്രഹ്മധ്യാനയോഗത്തെക്കഥിച്ചതും. 131

അനേകംവിചാരത്താൽ ചിത്തംചലിപ്പവർക്കു
നിനവുകൊണ്ടൊട്ടുമേ ലഭിക്കാ തത്ത്വജ്ഞാനം;
അതിനാലവർക്കിങ്ങുനിർഗ്ഗുണധ്യാനംവരം;
അതിനാൽനശിച്ചീടുമവർക്കുധീപ്രമാദം. 132

അവ്യാകുലമാംധീയുമജ്ഞാനമൊന്നിനാല-
ങ്ങാവൃതിയുമുള്ളോരാമധികാരികൾക്കിഹ,
സാംഖ്യമാമാത്മാനാത്മവിചാരംമാത്രംതന്നെ
മുഖ്യമാകുന്നു, ശീഘ്രംസിദ്ധിയെജ്ജനിപ്പിക്കും. 133

ജ്ഞാനനിഷ്ഠന്മാരായ സന്ന്യാസികൾമോക്ഷമായ്-
ച്ചൊന്നിടുംസ്ഥാനമതുപ്രാപിക്കും യോഗികളും;
ജ്ഞാനവുംകർമ്മവുമാംയോഗങ്ങളൊന്നായ്ക്കാണ്മോൻ
നന്നായിക്കാണുന്നവനാണെന്നുധരിച്ചാലും. 134

സാംഖ്യവുംയോഗമതും മുക്തിസാധകമെന്നു
മുഖ്യപ്രമാണമാകും ശ്രുതിയുംഘോഷിക്കുന്നു;
സാംഖ്യത്തിൽയോഗത്തിലുംയാതൊന്നോശ്രുതികളാ-
ലംഗീകരിക്കപ്പെടാത്തുള്ളവയാഭാസമാം. 135

യാതൊരുവനുപാസ്തിയിജ്ജന്മംപരിപാക-
മെത്താതെയിരുന്നിടിലായവൻ ചാകുംപൊഴോ,
ബ്രഹ്മലോകത്തിൽവെച്ചോ വേറൊരുദേഹംവഴി
സമ്യഗ്ബോധവാനായിമുക്തിയെപ്രാപിച്ചീടും. 136

ഏതേതുഭാവത്തിനെ സ്മരിച്ചിട്ടന്ത്യകാലം
സ്വന്തമാംകളേബരം ജീവനങ്ങുപേക്ഷിപ്പൂ,
അതതുഭാവംതന്നെ ജീവനും പ്രാപിക്കുന്നു
എതിലോചിത്ത,മെന്നാൽ, പോമതൊത്തെന്നാംശാസ്ത്രം.

അന്ത്യമാം കാലത്തിലെബ്ഭാവനയ്ക്കൊത്തുതാന-
മേന്തിടും ഭാവിജന്മ—മാമട്ടിലാകയാലെ
സഗുണോപാസകനുസഗുണഭാവംപോലെ-
യഗുണോപാസകനുഭവിക്കും ബ്രഹ്മഭാവം. 138

നിത്യനിർഗ്ഗുണരൂപമായതാണെന്നുനാമ-
മാത്രത്താൽചൊല്ലപ്പെടാം, യാഥാർത്ഥ്യം നോക്കിടുകിൽ

നാമമാത്രത്താൽ ഭ്രമമായിട്ടും സംവാദിപോൽ
സമ്മതിക്കുന്നുശാസ്ത്രമിതുതാൻ മോക്ഷമെന്നായ്. 139

സഗുണബ്രഹ്മോപാസ്തിതാരകബ്രഹ്മബുദ്ധി-
യകമേവളർത്തുംപോൽ നിർഗ്ഗുണോപാസനയും
പുനർജ്ജന്മഹേതുവാമജ്ഞാനം നശിപ്പിച്ചി-
ട്ടണയ്ക്കുമവസാനം മുക്തിയും ജ്ഞാനത്താലെ. 140

നിർഗ്ഗുണബ്രഹ്മധ്യാതാവകാമൻ, നിഷ്കാമനു-
മാകുന്നോ,നശരീരൻ, നിരിന്ദ്രിയനുമല്ലോ;
അഭയമായിരിക്കും ബ്രഹ്മതത്വം പ്രാപിപ്പോനെ-
ന്നുപശ്ലോകിപ്പൂഫലം താപനീയശ്രുതിയും. 141

ഉപാസനത്തിന്നുടെസാമർത്ഥ്യം നിമിത്തമാ-
യുപാഗമിക്കും ജ്ഞാനം, മോക്ഷവും ലഭിച്ചീടും;
തന്മൂലം മററുമാർഗ്ഗമില്ലെന്നശാസ്ത്രത്തിന്നെ
സമ്മതിച്ചരുളുന്നീയുപാസനയും നൂനം. 142

നിഷ്കാമോപാസകന്നുലഭിക്കും മുക്തിയെന്നു
വ്യക്തമായ്താപനീയമരുളിച്ചെയ്തീടുന്നു;
സകാമോപാസകന്നു ബ്രഹ്മലോകാപ്തിയെന്നും
നിഗദിക്കുന്നുശൈബ്യപ്രശ്നോപനിഷത്തിലും. 143

മാത്രമൂന്നുള്ളോംകാരംകൊണ്ടു ബ്രഹ്മത്തെഭക്തി-
യുക്തമുപാസിപ്പവൻവാണിട്ടു ബ്രഹ്മലോകം
സമഷ്ടിജ്ജീവരൂപൻതന്നെക്കാൾമഹിമയു-
ള്ളമലപരാത്മാവെ സാക്ഷാൽക്കരിച്ചീടുന്നു. 144

അപ്രതീകോപാസകഫലത്തെ ബ്രഹ്മസൂത്രം
സുപ്രകാശിപ്പിക്കവേ 'അതദ്ക്രതു'ഭാവിക്കുന്നു,
സിദ്ധിക്കുമവനതെന്നുള്ളതാം ന്യായംചൊൽവൂ;
ഇത്ഥമാബ്രഹ്മലോകം സകാമന്നുദിതമായ്. 145

നിർഗ്ഗുണോപാസനതൻ തീവ്രതമൂലം ബ്രഹ്മ-
ലോകത്തുവെച്ചുതത്വം ബോധിച്ചോനാമവന്നു
പിന്നെയീസംസാരത്തിലില്ലജന്മവും, മുക്തി-
താനേഭവിക്കുന്നിതു കല്പാവസാനത്തിങ്കൽ. 146

പ്രണവോപാസനകൾ പ്രായേണനിർഗ്ഗുണമായ്
ഗണിപ്പൂവേദങ്ങളിലെന്നറിഞ്ഞീടവേണം;

എന്നാലും ചിലദിക്കിൽ പ്രണവോപാസകന്നു
ചൊന്നിട്ടുള്ളതായ് കാണ്മൂ സഗുണോപാസനയും. 147

പിപ്പലാദനാം മുനിതന്നോടു സത്യകാമൻ
താൽപര്യപൂർവ്വം ചെയ്ത ചോദ്യത്തെയാദരിച്ചു
വർണ്ണിച്ചുകേൾപ്പിച്ചിതുപരമപരമെന്ന-
വണ്ണം ബ്രഹ്മസ്വരൂപമോങ്കാരം രണ്ടുമട്ടിൽ. 148

ആലംബമാമിതിനെയറിഞ്ഞിട്ടൊരുവൻ
ചേലോടേതൊന്നിനെത്താനിച്ഛിച്ചീടുന്നവന്നു
കിട്ടീടുമായതെന്നു നചികേതസ്സിനോടു
തുഷ്ടനായ് യമദേവനുത്തരം ചൊന്നീടിനാൻ. 149

ഓംകാരമാശ്രയിച്ചു നിർഗ്ഗുണബ്രഹ്മത്തിനെ-
യേകാഗ്രമതിയായിട്ടുപാസിച്ചീടുവോനു
ജീവിതത്തിലോ മൃതിയിങ്കലോ ബ്രഹ്മലോകം
കൈവരുമ്പോഴോ ബ്രഹ്മസാക്ഷാൽക്കാരം ലഭിക്കും. 150

വിചാരം ചെയ്തീടുവാൻ സമർത്ഥനല്ലാത്തവ-
നുചിത,മാത്മാവിനെസ്സതതമുപാസിക്ക;
ഏവമാമീയാശയമാത്മഗീതതന്നിലും
സുവ്യക്തമോതിടുന്നതായിട്ടു ധരിക്കണം. 151

സാക്ഷാൽക്കരിക്കാൻ ശക്തിയില്ലാത്തവനും ശങ്ക
നീക്കിയിട്ടെന്നെത്തന്നെ ചിന്തിച്ചീടുകവേണം;
കാലംകൊണ്ടനുഭവമുള്ളോനായ് പൂർണ്ണഭാവം
കോലുന്നമോക്ഷഫലം നിശ്ചയം പ്രാപിച്ചീടും. 152

ആഴത്തിലിരിക്കുന്ന നിധികിട്ടുവാൻകുഴി-
ച്ചീടുകയെന്യേ മാർഗ്ഗമന്യമെങ്ങനെയില്ല,
അങ്ങനെതന്നെയെന്നെക്കിട്ടാനും സ്വാത്മചിന്ത
മങ്ങാതെചെയ്കയെന്യേ മറ്റൊരുവഴിയില്ല. 153

ദേഹമാം കല്ലുതന്നെനീക്കീട്ടുപിന്നെബുദ്ധി-
യാകുന്നകുന്താലിയാൽ ഭേദിച്ചു മനോഭൂമി,
പിന്നീടു പൂരുഷൻ താനാകുന്ന നിധിയത്യു
മാന്യമായ് ഗ്രഹിക്കണം പ്രയത്നഫലമായി. 154

അനുഭൂതിക്കുമൊന്തംവന്നാലും ബ്രഹ്മം ഞാനെ-
ന്നനുനിമേഷമനുധ്യാനം ചെയ്യണം നിത്യം;

ശൂന്യമാംവസ്തുപോലും ധ്യാനത്താൽ പ്രാപിക്കുന്നു,
പിന്നീനിത്യാപ്തം ബ്രഹ്മം പ്രാപ്യമെന്നോതേണമോ? 155

ധ്യാനത്താൽദിനംതോറുമനാത്മബുദ്ധിക്കുനം
വന്നിടുന്നതുകാണ്മോനായിരുന്നിട്ടും ധ്യാനം
നന്നായിച്ചെയ്യുന്നില്ലയെങ്കിലോയിവനിൽനി-
ന്നന്യമാം മൃഗമേതാണെന്നതുചൊല്ലീടണം. 156

മരണം ശീലിച്ചുള്ളദേഹത്തിലഭിമാനം
പരമധ്യാനംമൂലം ധ്വംസിച്ചദ്വയാത്മാവെ,
കാണ്മോനായ് മർത്ത്യൻ മൃതിഹീനനായ് സ്വമെയ്യിൽത്താൻ
ചെമ്മേ നിജരൂപമാം ബ്രഹ്മത്തെ പ്രാപിക്കുന്നു. 157

യാതൊരുമനുഷ്യനീധ്യാനദീപത്തെനന്നായ്
ചിന്തനംചെയ്തീടുന്നിതായവൻനിസ്സംശയം
സർവ്വസന്ദേഹങ്ങളിൽനിന്നുമുക്തനായ്ത്തീർന്നു
സർവ്വദാ ബ്രഹ്മത്തിനെധ്യാനിക്കതന്നെചെയ്യും. 158

ശുഭം.

---

ഓം

## നാടകദീപം

### പ്രകരണം 10.

മുന്നമദ്വയാനന്ദപൂർണ്ണനാം പരമാത്മാ
തന്നുടെമായാബലാൽ ജഗൽസ്വരൂപമായി,
താൻതന്നെഭവിച്ചിട്ടങ്ങായതിൽ ജീവരൂപ-
മേന്തി, താൻസ്വയമേവപ്രവേശിച്ചരുളിനാൻ. 1

വിഷ്ണുതൊട്ടുള്ളുത്തമദേഹങ്ങളിൽപ്രവേശി-
ച്ചിഷ്ടദേവതയായിബ്ഭവിച്ചു പൂജ്യനായി;
മർത്ത്യാദ്യധമശരീരങ്ങളിൽ സംസ്ഥിതനാ-
യാദിതേയപൂജകനായിട്ടും ഭവിക്കുന്നു. 2

അനേകജന്മങ്ങളിലീശനെ ബ്ഭജിക്കയാൽ
ജനിക്കുമാത്മചിന്തചെയ്യുവാനഭിലാഷം;

വിചാരം നിമിത്തമായജ്ഞാനം നശിക്കുംപോ-
ളചിരാൽസ്വാത്മാവായി സ്വയമവശേഷിപ്പൂ. 3

അദ്വയാനന്ദരൂപനാകുമാത്മാവിൽദ്വൈത-
ബുദ്ധിയും ദുഃഖിത്വവുമുണ്ടെന്നമോഹംതന്നെ,
ബന്ധമെന്നോതിടുന്നു, സ്വരൂപമാത്രസ്ഥിതി
ബന്ധനിവൎത്തകമാം മുക്തിയാണെന്നും ചൊൽവൂ. 4

വിചാരംചെയ്യായ്കയാലുണ്ടെന്നുവന്നബന്ധം
വിചാരംകൊണ്ടുമാത്രം നിവൃത്തിനേടുന്നിതു;
ആകയാൽ ജീവപരാത്മാക്കൾക്കുള്ളരൂപങ്ങ-
ളാകലനംചെയ്യണം ബന്ധനിവൃത്തിയോളം. 5

ചിച്ഛായാവിശിഷ്ടമാമഹന്ത,ക്രിയാകാലം
മെച്ചമായ് ദേഹാദിയിൽഞാനെന്നഭിമാനിപ്പോൻ
കൎത്താവും, തദിന്ദ്രിയം മാനസം,മനംവഴി
നിൎഗ്ഗമിക്കുംബാഹ്യാന്തർവൃത്തികൾ തൽക്രിയകൾ. 6

അന്തർഭാഗത്തിലുണ്ടാം ഞാനെന്നവൃത്തിയതു
കൎത്താവുതന്നെയുല്ലേഖിച്ചീടുന്നതുപോലെ
ബാഹ്യഭാഗത്തിലേന്തു'മിതെ'ന്നവൃത്തിയതു
ബാഹ്യവിഷയങ്ങളെയഭിമാനിച്ചിടുന്നു. 7

മാനസം സാമാന്യമായ് ബാഹ്യവിഷയങ്ങളെ
മാനിക്കു'ന്നിതെ'ന്നായി,ട്ടാവിഷയങ്ങളെത്താൻ
ഗന്ധാദിഭേദങ്ങളായ് ഘ്രാണാദിപഞ്ചേന്ദ്രിയം
വ്യത്യസ്തമായവിധം ബോധിച്ചുകൊണ്ടീടുന്നു 8

കൎത്താവും ക്രിയയുംപോൽഭിന്നവിഷയങ്ങളു-
മൊററപ്രയത്നംകൊണ്ടുയാതൊന്നാൽ പ്രശോഭിതം,
ചിദ്രൂപമാമതത്രേവേദാന്തശാസ്ത്രത്തിങ്ക-
ലുക്തമായിരിപ്പതുസാക്ഷിയെന്നുള്ളപേരിൽ 9

ഞാൻ കാണുന്നു,കേൾക്കുന്നു,രുചിപ്പൂ,സ്പൎശിക്കുന്നു,
ഞാൻ ഘ്രാണിക്കുന്നീവിധം സാക്ഷിചൈതന്യമേതും
ശോഭിപ്പിക്കുന്നു നൃത്യമന്ദിരദീപംപോലെ-
യല്പവും വികാരമൊ സംഗമൊ കൂടാതെതാൻ. 10

നൃത്യരംഗസ്ഥദീപം നാടകാദ്ധ്യക്ഷനേയും
നൎത്തകിയേയും സഭാവാസിജനങ്ങളേയും

ഉള്ളപോൽശോഭിപ്പിക്കു,മവയില്ലാത്തപ്പൊഴു–
മെല്ലാനേരവും സ്വയം പ്രകാശിക്കയും ചെയ്യും. 11
ശോഭിപ്പിക്കുന്നുസാക്ഷിയഹന്തയേയും പിന്നെ–
യൊപ്പമേ ബുദ്ധിയേയും വിഷയങ്ങളേയുമേ,
സുഷുപ്ത്യാദിയിലഹംകാരാദ്യഭാവത്തിലും
പ്രശോഭിക്കുന്നുസാക്ഷിസ്വയമായ് മുന്നേപ്പോലെ. 12

കൂടസ്ഥൻസ്വപ്രകാശചൈതന്യരൂപത്തോടെ
വാടാതെനിരന്തരം സ്ഫുരിച്ചീടുന്നനേരം
ഈബ്ബുദ്ധിതച്ചൈതന്യമേററിട്ടുബോധാകാര–
മാവഹിച്ചനേകഥാ നൎത്തനംചെയ്തീടുന്നു. 13

ഹർഷശോകങ്ങളാളുമഹന്തയദ്ധ്യക്ഷനും
പാൎശ്വസ്ഥഭോഗ്യം സഭ്യർ, വികാരിധീ നടിയും,
ധീവൃത്തിവിധേയരാമക്ഷങ്ങൾതാളക്കാരും,
സൎവ്വം ദീപിപ്പിക്കും ദീപമാസാക്ഷിതാനും. 14

എല്ലിടംദീപംതൻെറ സ്ഥാനത്തിരുന്നുംകൊണ്ടു
സൎവ്വഭാഗത്തും ശോഭപരത്തുന്നിതാവിധം
സ്ഥിരമാം സാക്ഷിവസ്തുവകവും പുറവുമേ
പരിചിൽശോഭനൽകിക്കൊണ്ടുതാനിരിക്കുന്നു. 15

ഉള്ളെന്നും പുറമെന്നുമുള്ളതാമീവിഭാഗ–
മുള്ളതുദേഹത്തിന്നാമായതുസാക്ഷിക്കല്ല;
ഭോഗങ്ങൾപുറമേയുമഹന്തശരീരാന്ത–
ർഭാഗത്തുമുള്ളതായിബ്ബോധിച്ചുകൊണ്ടീടണം. 16

അന്തസ്ഥിതമാംബുദ്ധിയിന്ദ്രിയങ്ങളോടൊപ്പം
സന്തതംപുറത്തെത്തിവിളക്കും വിഷയങ്ങൾ;
ഭാസ്യമാംബുദ്ധിക്കുള്ളവികാരമസൂക്ഷ്മജ്ഞർ
ഭാസിക്കും സാക്ഷിതന്നിലാരോപിക്കുന്നു വൃഥാ. 17

ഗവാക്ഷംവഴിയായി ഗൃഹാന്തം പ്രവേശിക്കും
ലവമാം പ്രഭാലേഖ ചലിക്കാതിരിക്കവേ,
ആയതിൽ കൈയ്യാട്ടുംപോളാലേഖ ചാഞ്ചാടുന്ന–
തായിഹ തോന്നുംപോലാം സാക്ഷിയിലീയാരോപം. 18

സ്വസ്ഥാനമാളും സാക്ഷിയുള്ളിലും വെളിയിലും
പ്രസ്ഥാനാഗമനങ്ങളൊന്നും ചെയ്യാതിരിക്കെ,
സാക്ഷിയാൽ ഭാസ്യമാകും ബുദ്ധിതൻ ചാപല്യത്താൽ
സാക്ഷിയാവിധമെല്ലാം ചെയ്വതായ് തോന്നിടുന്നു. 19

അന്തസ്ഥനല്ല സാക്ഷി, ബാഹ്യസ്ഥൻ താനുമല്ല,
ചിന്തിക്കിലകംപുറം രണ്ടും കല്പിതം ധീയാൽ;
ബുദ്ധ്യാദിയെല്ലാം നന്നായ് ശമംപൂണ്ടിടുംപൊഴു-
മെട്രിക്കിൽ സാക്ഷിമിന്നുമവിടം സാക്ഷിസ്ഥാനം. 20

ദേശമൊന്നും വിളങ്ങുന്നില്ലെന്നു വരികിലൊ
ദേശഭാക്കല്ലയാത്മാവെന്നതു വന്നിടട്ടെ;
സർവ്വഗഭാവം പോലുമാത്മാവിന്നുള്ളതല്ല,
സർവ്വദിക്കല്പനയാൽ വന്നതാണാലക്ഷണം. 21

ഉള്ളിലോ വെളിയിലോ ബുദ്ധിയേതൊരു ദേശ-
മുള്ളതായ് കാണ്മൂ, അതമാവതിന്നു സാക്ഷിയത്രെ;
ബുദ്ധിയാലത്തരത്തിൽ കല്പിതമാകും സർവ്വ-
വസ്തുക്കൾ തമ്മുടെയും സാക്ഷിയുമാത്മാവു താൻ. 22

ഏതേതുദേശകാലരൂപാദ്യങ്ങൾ ബുദ്ധിതൻ
ശക്തികല്പിച്ചീടുന്നിതതൊക്കെ ശ്ശോഭിപ്പിച്ചും
അതതിൻ സാക്ഷിയായും ഭവിക്കുമെന്നല്ലാതെ
സ്വതേവാക്കിനും ധീയ്ക്കും ഗോചരനല്ലയാത്മ. 23

അക്കണക്കെഴുമാത്മാവെങ്ങനെ ഗ്രാഹ്യ,മെങ്കിൽ
മോക്ഷേച്ഛു്ശ്രുവാത്മാവിനെ ഗ്രഹിച്ചീടേണ്ടതെല്ലം;
ബുദ്ധിതൻ വ്യാപാരമാം വിഷയബോധമെല്ലാ-
മററീടിൽ പരമാത്മാവവശേഷിക്കും സ്വയം. 24

ആത്മാവു സ്വപ്രകാശസ്വരൂപമാകയാൽ ത-
ന്നുണ്മയെക്കാട്ടീടുവാൻ പ്രമാണാപേക്ഷയില്ല;
അമ്മട്ടിൽ ജ്ഞാനാപേക്ഷയാവശ്യമായ്വരികി-
ലാമ്നായം പഠിച്ചാലും ഗുരുമുഖത്തിൽനിന്നും. 25

സർവ്വവിഷയബോധം ത്യജിക്കാവല്ലയെന്നാൽ
സേവിച്ചീടുകവേണം ബുദ്ധിയെയെല്ലായ്പൊഴും;
ബുദ്ധിക്കു ലക്ഷ്യമായി ബാഹ്യാന്തരത്തിലെങ്ങും
വർത്തിക്കും പരാത്മാവെ നേരിട്ടുബോധിക്കണം. 26

ശുഭം.

ഓം

# ബ്രഹ്മാനന്ദത്തിൽ യോഗാനന്ദം

## പ്രകരണം 11.

ബ്രഹ്മാനന്ദത്തെയിന്നിപ്പുരത്തിപ്പറഞ്ഞീടാ–
മിമ്മഹാപ്രകരണം പൂർണ്ണമായറിഞ്ഞെന്നാൽ,
ഐഹികാമുഷ്മികങ്ങളായിട്ടുമനർത്ഥങ്ങ–
ളാകവേദൂരെനീങ്ങിയാനന്ദരൂപനാകും. 1

'ബ്രഹ്മജ്ഞൻ പരാനന്ദബ്രഹ്മത്തെ പ്രാപിക്കുന്നി'–
'താത്മജ്ഞൻ ക്ലേശലമാം സംസാരം തരിക്കുന്നു';
'ആനന്ദം ബ്രഹ്മംതന്നെ', 'ബ്രഹ്മാനന്ദം ലഭിച്ചോ–
നാനന്ദിക്കു' 'മാനന്ദമന്യഥാ പ്രാപിക്കില്ല', 2

മോക്ഷാർത്ഥിയെപ്പോൾ ബ്രഹ്മം ഞാനെന്നുള്ളവസ്ഥാനം
കൈക്കലാക്കുന്നിതപ്പോൾ നിർഭീകബ്രഹ്മമാകും;
എപ്പോൾ പ്രത്യഗഭിന്നബ്രഹ്മത്തിൽ ഭേദബുദ്ധി
കല്പിതമാകുമപ്പോൾ സംസാരഭയമുണ്ടാം. 3

വായുവും സൂര്യൻ വഹ്നിയിന്ദ്രൻ യമനും പൂർവ്വ–
മായിട്ടും ജന്മത്തിങ്കലിഷ്ടാപൂർത്താദിധർമ്മം,
വേണ്ടപോൽ ചരിച്ചിട്ടും പ്രത്യഗ്ബ്രഹ്മഭേദത്തെ–
ക്കണ്ടവർ പരാത്മാവിൽ ഭീയാൽ കൃത്യങ്ങൾ ചെയ്‌വൂ. 4

ബ്രഹ്മമാമാനന്ദം ഞാനെന്നു ബോധിക്കും ജ്ഞാനി–
തന്മനമൊന്നിൽനിന്നും ഭയമാളുന്നതല്ല;
കർമ്മാഗ്നിജന്യമാമീപുണ്യപാപാദിചിന്ത–
യിമ്മനുഷ്യനെമാത്രം തപിപ്പിക്കുകയില്ല. 5

ഇമ്മട്ടറിയും ജ്ഞാനിയാകർമ്മദ്വയം ത്യജി–
ച്ചാത്മാവെസ്സദാകാലം സ്മരണം ചെയ്തിടുന്നു;
താൻ ചെയ്തതാം ദ്വിവിധകർമ്മങ്ങളേയുമവൻ
തഞ്ചമായ് സ്വാത്മരൂപമായിട്ടു കണ്ടിടുന്നു. 6

പരാത്മാവിനെ സാക്ഷാൽക്കരിക്കേ ധീചിത്തുകൾ–
ക്കരമന്യോന്യമുള്ളോരദ്ധ്യാസം തകരുന്നു;
ശങ്കകളഖിലവും നീങ്ങുന്നു; പുണ്യാപുണ്യ–
സങ്കേതമാം സഞ്ചിതകർമ്മങ്ങൾ നശിക്കുന്നു. 7

പരാത്മവസ്തുവിനെ നേരിട്ടുബോധിച്ചവൻ
തരിക്കും സംസാരത്തെ,യന്യമാം മാർഗ്ഗമില്ല;
സ്വപ്രകാശാത്മാവിനെയറിഞ്ഞു രാഗാദിയാം-
മല്പാശങ്ങളററവന്നുണ്ടാകാ ജന്മം പിന്നെ.| 8

ധീരനങ്ങാത്മാവിനെയറിഞ്ഞിട്ടിജ്ജന്മം താൻ
ദൂരവേ ത്യജിക്കുന്നു ഹർഷശോകങ്ങൾ രണ്ടും;
കൃതാകൃതങ്ങളാകും പുണ്യപാപങ്ങളൊന്നും
വ്യഥയേതുമേയവന്നേകുന്നില്ലൊരേടത്തും. 9

ഇപ്രകാരത്തിൽതന്നെയനേകം ശ്രുതികളോ-
ടൊപ്പമേ സ്മൃതികളും പുരാണങ്ങളുമെല്ലാം,
ബ്രഹ്മജ്ഞാനത്താലുണ്ടാമനർത്ഥഹാനിയേയും
മേന്മയായ് ഘോഷിക്കുന്നുണ്ടാനന്ദപ്രാപ്തിയേയും. 10

ബ്രഹ്മാനന്ദവുംപിന്നെ, വിദ്യാനന്ദമവ്വണ്ണ-
മുണ്മദിപ്പിക്കും ഭോഗാനന്ദവുമിപ്രകാരം,
ചൊല്ലുന്നു മൂന്നുവിധമാനന്ദമതിലാദ്യം
മൂലമാം ബ്രഹ്മാനന്ദം വിവേചിച്ചിടുന്നിതു. 11

പുത്രനാം ഭൃഗുമുനി പിതാവാം വരുണനാ-
ലുക്തമായൊരു ബ്രഹ്മലക്ഷണം കേട്ടശേഷം
അന്നമയവും പ്രാണവിജ്ഞാനമയങ്ങളും
ഹീനമെന്നോർത്തറിഞ്ഞാനാനന്ദമയകോശം. 12

ഗ്രാമ്യധർമ്മോൽഭൂതമാമാനന്ദം ജീവികൾക്കു
ജന്മവും, ഭോഗാനന്ദമേകുന്നു ജീവനവും,
സുഷുപ്തിയിൽ സ്വരൂപാനന്ദത്തിങ്കൽ വിലയവും
സിദ്ധിപ്പൂ തൻനിമിത്തം ബ്രഹ്മ,മാനന്ദം നൂനം. 13

ഭൂതോല്പത്തിക്കുമുന്നം ത്രിപുടിയാകും ദ്വൈതം
ലുപ്തമാകയാൽപ്പരമാത്മാവുശേഷിച്ചിതു;
ജ്ഞാതൃജ്ഞാനജ്ഞേയസ്വരൂപങ്ങളാന്നുള്ളതാ-
മത്രിപുടിയുമില്ല കല്പത്തിലെന്നും സിദ്ധം. 14

ബുദ്ധിയിൽസംക്രാന്തമാം ജീവൻതാൻജ്ഞാതാവല്ലൊ,
ഹൃത്തിങ്കൽനിഴൽവീശും ചൈതന്യം ജ്ഞാനമത്രെ;
ശബ്ദാദിവിഷയങ്ങൾ ജ്ഞേയവുമായിടുന്നു,
ഇത്തരം മൂന്നുമില്ല സൃഷ്ടിക്കുമുമ്പെങ്ങുമേ. 15

സമാധിയിലുംസുഷുപ്തിതന്നിലും മൂർഛയിലും
പുമാനത്രിപുടിതൻ ഭേദമില്ലായ്കമൂലം,

ആത്മാവനുഭവത്തിലദ്വൈതപൂൎണ്ണനാകു–
ന്നെമ്മട്ടി, ലതുപോലെ സൃഷ്ടിക്കുമുമ്പും പൂൎണ്ണൻ. 16
ഏതൊന്നോ പൂൎണ്ണ, മതുതന്നെയാം സുഖരൂപ–
മേതുമേ സുഖമില്ലയല്പമാം ത്രിപുടിയിൽ;
ശോകാതിരേകം പൂണ്ടനാരദനോടിവണ്ണ–
മാഗമജ്ഞനാംസനൽക്കുമാരനോതീടിനാൻ. 17

പുരാണസഹിതമാം വേദങ്ങളഞ്ചും പിന്നെ–
പ്പെരുത്തുശാസ്ത്രങ്ങളുമറിഞ്ഞങ്ങിരുന്നിട്ടും,
ആത്മസാക്ഷാൽക്കരണം ലഭിക്കാതിരിക്കയാ–
ലമ്മുനിനാരദൻ താനത്യന്തം ദുഃഖിച്ചിതു. 18
വേദാഭ്യസനത്തിന്നു മുന്നമേതാപത്രയം
ഹേതുവാൽമാത്രമുണ്ടായ്‌വന്നിതുശോകഭാവം;
പിന്നീടാവൎത്തനത്താൽ, വിസ്മൃതിയാലും, സഭ–
തന്നിൽതോലിയാൽ, ഗൎവ്വത്താലുമാകുലനായി. 19

"അല്ലയോ വിദ്വ,നാ ഞാനത്യന്തം ദുഃഖിക്കുന്നി–
തല്ലലാമലയാഴിക്കക്കരെകടത്തെന്നെ!"
ഈവണ്ണം പ്രാൎത്ഥിതനാംമഹൎഷി, സൌഖ്യംതന്നെ–
യീവ്യഥയ്ക്കന്തമെന്നു നാരദനോടുചൊന്നാൻ. 20
വൈഷയികമാം സുഖമായിരക്കണക്കിനു
ക്ലേശത്താലാവരണം ചെയ്യപ്പെട്ടിരിക്കയാൽ,
അല്പമാംവിഷയത്തിൽ ദുഃഖം മാത്രമാണെന്നു
കല്പിച്ചാണതിൽ സുഖമില്ലെന്നുചൊല്ലീമുനി. 21
എങ്കിലോ, ദ്വൈതത്തിങ്കൽ സുഖമില്ലയെന്നാട്ടെ,
തങ്കലില്ലല്ലോ സുഖമദ്വൈതത്തിനു, മെന്നാൽ,
ഉണ്ടെങ്കിൽ കണ്ടീടണ–മെന്നാകിലാവിധത്തി–
ലുണ്ടാകും ത്രിപുടിയു,മദ്വൈതഹാനികരം. 22
അദ്വൈതം സുഖസ്ഥാനമല്ലെങ്കിലിരിക്കട്ടെ,
അദ്വൈതമെന്നാൽ, സുഖസ്വരൂപം തന്നെയല്ലോ;
പ്രമാണമിതിലെന്താ, മെങ്കിൽ സ്വയംപ്രഭയാ–
യമരുംവസ്തുവിങ്കൽ പ്രമാണാപേക്ഷയില്ല. 23
ആത്മാവുസ്വപ്രകാശമെന്നതിൽ ഭവദ്വാക്യം
സമ്മതപ്രമാണമാ, യെന്തെന്നാലങ്ങുതന്നെ
അദ്വൈതമംഗീകാരം ചെയ്തിട്ടുപിന്നീടതി–
ലെന്താണുസുഖംനാസ്തിയെന്നങ്ങുചൊല്ലുന്നുവോ? 24

KOTTAYAM PUBLIC LIBRARY KOTTAYAM

സ്വീകരിക്കുന്നില്ലഞ്ഞാനദ്വൈതം, ത്വദ്വാക്യത്തെ-
യാക്ഷേപിച്ചിട്ടു ദൂഷ്യം ചൊല്ലുന്നുവെങ്കി,ലപ്പോൾ
സൃഷ്ടിക്കശേഷമുണ്ടാം ദ്വൈതത്തിൻ മുമ്പുള്ളോരു
വട്ടമെന്തായിരുന്നു? പറക പട്ടാങ്ങമായ്. 25

സൃഷ്ടിക്കുമുന്നവസ്ഥയദ്വൈതമോ, ദ്വൈതമൊ,
മറെറാരവസ്ഥതാനൊ, ഹേയമിതഖ്യാതത്താൽ;
അനൽപ്പത്തിഹേതുവാലസാധു, ദ്വൈതപക്ഷം,
കനക്കേടില്ലാതങ്ങുശേഷിപ്പതൊന്നാംപക്ഷം. 26

അദ്വൈതസിദ്ധി യുക്തിമാത്രത്താൽ സിദ്ധ,മനു-
ഭൂതികൊണ്ടില്ല, യെങ്കിലായുക്തിപറഞ്ഞാലും,
ദൃഷ്ടാന്തസമേതമൊ, ദൃഷ്ടാന്താനുപേതമൊ?—
യുക്തിവിഷയമായിട്ടില്ലല്ലൊ ശങ്കവേറേ. 27

ദൃഷ്ടാന്തമനുഭവമിവരണ്ടുമില്ലാത്ത
യുക്തിയോ, ചൊല്ലീടുക, ശോഭനമായിട്ടുന്നു?
ദൃഷ്ടാന്തസമമെങ്കിലെന്നെസ്സമ്മതിപ്പിക്കാൻ
യുക്തമാംദൃഷ്ടാന്തത്തെപ്പറഞ്ഞീടുകവേണം. 28

ദ്വൈതത്തിന്നനുഭവം കാണാതിരിക്കുമൂല-
മദ്വൈതമെന്നുള്ളതു പ്രലയം, സുഷുപ്തിപോലെ;
തന്നാലുക്തമാംസുഷുപ്തിദൃഷ്ടാന്തമാക്കിൽ, ചൊല്ലു-
കന്യദൃഷ്ടാന്തം സുഷുപ്തിയദ്വൈതമെന്നുകാട്ടാൻ? 29

ദൃഷ്ടാന്തംപരസുഷുപ്തിയാണെങ്കിൽനിൻമഹത്താം
ദക്ഷതയത്യത്ഭുതമെന്നല്ലൊ പറയേണ്ടു!
ഒരുവൻ,തൻെറ സുഷുപ്തിയറിവീ,ലെന്നാൽകഥ
പരമെന്തിവനന്യൻ തൻസുഷുപ്തിവിഷയത്തിൽ? 30

സുഷുപ്തിയിൽഞാനെന്നപോൽ ചേഷ്ടയില്ലായ്കകൊണ്ടു
സുഷുപ്തനാണപരനുമെന്നാണു ചൊൽവതെങ്കിൽ,
സുഷുപ്തിക്കുദാഹരണം കാട്ടുന്ന നിനക്കിപ്പോൾ
സിദ്ധിക്കും സ്വപ്രഭത്വം നിശ്ചയം ബലാൽത്തന്നെ. 31

സുഷുപ്തിയെഗ്രഹിപ്പിക്കു മിന്ദ്രിയങ്ങളുംപററും-
ദൃഷ്ടാന്തവുമെന്നി നീ സുഷുപ്തിയെസ്വീകരിപ്പൂ!
ജ്ഞാനസാധനം വിനാ യാതൊന്നാം പ്രകാശനം
നൂനമായതുതന്നെ സൌഷുപ്തികസ്വപ്രഭത്വം. 32

സുഷുപ്തിയദ്വൈതവും സ്വപ്രഭയുമായിടട്ടെ,
സുഷുപ്തിയിൽസുഖമുള്ളതെങ്ങനെ. പറഞ്ഞാലും?
കേട്ടാലു, മപ്പോഠംദുഃഖമില്ലല്ലൊ, തന്നിമിത്തം
ശിഷ്ടമായിരിപ്പതു നിനക്കുസുഖംതന്നെ. 33

കുരുടനാകുന്നവൻ കുരുടനല്ലാതെയും
മുറിവേററാനുമുറിവില്ലാതെയും രോഗിക്കു
രോഗമൊട്ടില്ലാതെയും സുഷുപ്തിയിൽതോന്നുമെന്നു
ചൊല്ലുയാംശ്രുതി,യതുലോകക്കും ബോദ്ധ്യമല്ലൊ. 34

ദുഃഖമില്ലായ്മകൊണ്ടുമാത്രമുണ്ടാകാ സുഖ-
മോക്കിൽകല്ലുമണ്ണെന്നിവയിലവരണ്ടും
ഇല്ലെന്നുകാണുകമൂലമെന്നാണു ചൊൽവതെങ്കിൽ
തുല്യമല്ലാത്തഭാവമാവാക്കിൽ വന്നുപോയി. 35

മുഖത്തെദ്ദീനഭാവം വികാസമിവപര-
സുഖദുഃഖങ്ങളൂഹിച്ചീടുവാനുതകുന്നു;
മൺകട്ടതൊട്ടവയിൽ ദൈന്യാദിയില്ലായ്കയാൽ
ശോകാദിസംബന്ധമാം ശങ്കയങ്കുരിക്കില്ല. 36

സ്വാന്തമാംസുഖംദുഃഖ,മാകട്ടെയൂഹിക്കുവാ-
നെന്തായീടിലുംയോഗ്യമല്ലിവയതുമൂലം
ഉണ്ടെന്നുമില്ലയെന്നുമുള്ളതസ്സ്വാനുഭവം
കൊണ്ടുതാനറിയണം, മറെറാന്നാൽസാദ്ധ്യമല്ല. 37

അത്തരമായീടുംപോഠം സുഷുപ്തിയിൽകൂടിയനു-
ഭൂതിഹേതുവായ് ദുഃഖമില്ലെന്നുസിദ്ധമായി;
സുഖവിരോധിയാകും ദുഃഖമില്ലാത്തകൊണ്ടു
വിഘാതംസുഖത്തിന്നുമില്ലെന്നുകരുതീടാം. 38

സുഷുപ്തിയിൽസുഖമില്ലയെങ്കിലീമഹത്തര-
ബുദ്ധിമുട്ടുണ്ടായിട്ടുമെന്തിനായ്കരുതുന്നു
മാർദ്ദവമുള്ളശയ്യതൊട്ടുള്ളസാമഗ്രികഠം?
ഖേദമാററുവാനെങ്കിൽ രോഗിക്കതിരിക്കട്ടെ,
നീരോഗിയെന്തിന്നവ സംഭരിച്ചീടുന്നിതു?
തീരുമാനിക്കാമിതിൽ കാണ്മതു സുഖേച്ഛതാൻ. 39–40

എന്നാലാസാധനങ്ങഠം മൂലമുണ്ടാകകൊണ്ടു
വന്നതുവിഷയജസൌഖ്യമായ്ഭവിക്കണം;

നിദ്രയ്ക്കുപോകുംമുമ്പെയുണ്ടായസുഖമെങ്കിൽ
ഭദ്രമാണതുശയ്യാസനാദിജന്യമാകാം. 41

നിദ്രയിലെന്നാലുള്ള യാതൊരുസുഖമതു
വിദ്യോതിക്കുവാൻ ഹേതുവെന്തായിരിക്കാ, മെങ്കിൽ
ആദിയിൽസുഖംപാർത്തബുദ്ധിയിലെഴുംജീവ-
നന്തരകാലംപരാനന്ദത്തിൽ മഗ്നനാകും. 42

ജാഗരോദ്യമങ്ങളാൽ ക്ഷീണിതനായജീവൻ
വൈകാതെ ശ്രമംപോക്കി പിന്നീട്ടുവൃത്തിദുഃഖം
നീക്കുംപോൾസ്വാസ്ഥ്യംപൂണ്ടുശയ്യാദിവിഷയജ-
സൌഖ്യമനുഭവിച്ചീടുന്നതേ തത്സമയം. 43

അങ്ങനെശയിപ്പവനാത്മാഭിമുഖമായി
നീങ്ങുന്നധീവൃത്തിയിൽ സ്വാനന്ദംനിഴൽവീശും;
ഈസുഖമിദ്ദശയിലാസ്വദിച്ചവസാദ-
മാശുസംപ്രാപിക്കുന്നു ത്രിപുടിനിമിത്തമായ്. 44

അതു, ശ്രമംതീർക്കാനായി ജ്ജീവൻപരമാത്മാവി-
ലശ്രമംപാഞ്ഞുചെന്നങ്ങതിനോടേകഭാവം
സ്വൈരമായ്ഭജിച്ചിട്ടുതാനത്രയെഴുന്നൊര-
സ്സാരമാംബ്രഹ്മാനന്ദമായിട്ടുഭവിക്കുന്നു. 45

പക്ഷി, പരുന്തു, ബാലൻ, മഹാനൃപദ്വിജരെ
ലക്ഷിച്ചു ദൃഷ്ടാന്തമായ് സുപ്ത്യാനന്ദത്തിൽ ശ്രുതി, 46

സൂത്രബദ്ധനാംപക്ഷിദിക്കുകളൊക്കെച്ചുററി
മാത്രയുംലഭിക്കാതെ വിശ്രമസ്ഥാനംവേറെ,
ബന്ധനസ്ഥാനമായകൈയ്യിലൊ തൂണിലൊ ഗ-
ത്യന്തരമില്ലായ്കയാൽ പ്രത്യാഗമിക്കുന്നിതു, 47

അമ്മട്ടു ജീവോപാധിയായിട്ടുംമനം ധർമ്മാ-
ധർമ്മഫലങ്ങൾചെമ്മേയനുഭവിക്കുവാൻ
സ്വപ്നജാഗരങ്ങളിൽ ചുററീട്ടുഭോഗപ്രദ-
വ്യാപാരം ക്ഷയിക്കവേ ലയിപ്പൂസുഷുപ്തിയിൽ. 48

പരുന്തുവേഗമോടു കൂടതുമാത്രംകൊതി-
ച്ചരികിൽപറന്നെത്തുന്നതിങ്കൽ ശയിക്കുവാൻ;
ആമട്ടുസുഷുപ്തിക്കായി ജ്ജീവനും ബ്രഹ്മാനന്ദ-
മാമൊന്നുമാത്രം കൊതിച്ചെത്തിടും വെമ്പലോടെ. 49

മുലപ്പാൽകുടിച്ചിട്ടു ബാലകൻമൃദുശയ്യാ-
തലത്തിൽകിടന്നങ്ങു ചാരുവാംചിരിതൂകി,
രാഗദ്വേഷാദിയൊന്നുമെഴുമ്പാതിരിക്കയാൽ
വേഗത്തിലാനന്ദൈകഭാവമാണ്ടുറങ്ങുന്നു. 50

സാർവ്വഭൌമനാം മഹാരാജാവുമർത്ത്യർക്കുള്ള
സർവ്വമാംഭോഗങ്ങളുമാസ്വാദിക്കുകമൂലം,
മർത്ത്യാനന്ദത്തിൻസീമകണ്ടിട്ടുസർവ്വഭോഗ-
തൃപ്തനായ് ഭജിച്ചീടുമുൽക്കൃഷ്ടാനന്ദരൂപം. 51

ബ്രഹ്മാനുഭൂതിയാർന്ന വിപ്രേന്ദ്രൻ താൻചെയ്യേണ്ട-
ധർമ്മമൊക്കെയും ചെയ്തുവെന്നതിൻലക്ഷണമാം,
വിദ്യാനന്ദത്തിൻ പരാകാഷ്ഠയെ പ്രാപിച്ചിട്ടു
സ്വസ്ഥതയോടുകൂടി വർത്തിച്ചീടുന്നുവല്ലോ. 52

മൂഢൻ, വിഷയജ്ഞനും, മഹാജ്ഞാനിയുമെന്നീ-
മട്ടുമൂവർക്കും സിദ്ധം ലോകത്തിൽ സുഖഭാവം;
ദൃഷ്ടാന്തബഹിർഭൂതർ ദുഃഖികൾതന്നെയല്ലോ,
ഒട്ടുമേ സുഖികളായ് കാണ്മതില്ലായവരെ. 53

ബാലകാദിയെപ്പോലെതന്നെ ബ്രഹ്മാനന്ദത്തി-
ലല്ലാതൊന്നിലും പററലില്ലാതുള്ളോരിജ്ജീവൻ,
ഭാര്യയാലാശ്ലിഷ്ടനെപ്പോലവെ ബാഹ്യാന്തര-
കാര്യങ്ങളറിയില്ല, യേവമാംസുഷുപ്തിയിൽ. 54

അശ്ലിഷ്ടൻ വീഥിയിലെ ബാഹ്യവൃത്താന്തത്തിലും
വേശ്മാന്തഃകാര്യത്തിലുമജ്ഞനായിരിക്കുംപോൽ
പരാത്മാനുഷക്തനാം ജീവൻജാഗ്രദ്ബാഹ്യവു-
മറിയാ നാഡീഗതപ്രപഞ്ചസ്വപ്നമതും. 55

സുഷുപ്തിയിൽതാതൻ താതനല്ലെന്നവിധമുള്ളോ-
രുക്തിയാൽജീവഭാവം വാരിതമാകമൂലം,
സുഷുപ്തിയിൽജീവനല്ല, ബ്രഹ്മംതന്നെയാണവൻ
ലുപ്തമായ്കാണുകയാൽ ജീവനു സംസാരിത്വം. 56

പിതാവുമാതാവെന്നീയഭിമാനമേതൊന്നി-
ങ്ങതത്രേ സുഖദുഃഖജാലങ്ങൾക്കിരിപ്പിടം;
സുഷുപ്തിയിലതുനീങ്ങിപ്പോകുമ്പോൾ ജീവൻസർവ്വ-
സന്താപങ്ങളുമതിക്രമിച്ചവനായ്തീരും. 57

സുപ്തികാലത്തു സവ്വദ്വൈതവും പ്രകൃതിയിൽ
വിദ്രവിക്കവേ ജീവനജ്ഞാനനിലീനനായ്
സുഖരൂപമാംബ്രഹ്മം പ്രാപിച്ചീടുന്നുവെന്നു
നിഗദിച്ചീടുന്നുണ്ടു കൈവല്ല്യോപനിഷത്തിൽ. 58

'ഇവിടെയുറങ്ങിനേൻ സുഖമായെന്നുമൊന്നു-
മവഗമിച്ചില്ല ഞാനെ'ന്നുമസ്സുപ്തോത്ഥിതൻ
നിദ്രതൻസുഖത്തേയുമജ്ഞാനത്തെയുംകൂടി
വിദ്രുതംസ്മരിപ്പതുലോകബോധ്യവുമല്ലോ. 59

അനുഭൂതമായതിൻ സ്മൃതിയുണ്ടാകുമെന്നു-
ള്ളനുമാനത്താ,ലപ്പോൾ സുഖാദിബോധമുണ്ടായ്;
ആത്മാവു ബോധരൂപമാകയാലാനന്ദവു-
മമ്മട്ടറിഞ്ഞില്ലെന്നബോധവുംവിളങ്ങുന്നു. 60

വിജ്ഞാനമാനന്ദവുമായതു ബ്രഹ്മമെന്നു
വാജസനേയികളുമറിഞ്ഞിരിക്കുന്നിതു;
ആകയാൽ സുഷുപ്തിയിൽ ബോധിക്കുംസ്വപ്രഭയും
സൌഖ്യവുമായവസ്തു ബ്രഹ്മമാം, മറ്റൊന്നല്ല. 61

സുപ്തിയി'ലറിഞ്ഞില്ല'യെന്നുള്ളൊരജ്ഞാനത്താൽ
ധ്വസ്തമായ്മനോമയവിജ്ഞാനമയങ്ങളും;
ആരണ്ടിന്നുള്ളതാകും ലയാവസ്ഥയെത്തന്നെ
തേറുന്നുനിദ്രയായുമജ്ഞാനമായും, പാർത്താൽ. 62

വിജ്ഞാനമയൻസുപ്തിനേരമുരുകുംനെയ്പോ-
ലജ്ഞാനമാണ്ടു,പിന്നെ ജാഗ്രത്തിൽഘനമാളും;
ലീനവിജ്ഞാനോപാധിയുതനാമാത്മാവുതാ-
നാനന്ദമയനെന്നശബ്ദത്താൽ ചൊല്ലപ്പെട്ടു. 63

സുപ്തിക്കുമുൻനിമേഷം സ്വരൂപസുഖച്ഛായാ-
യുക്തമായ്ത്തീരുമന്തർമ്മുഖമാംബുദ്ധിവൃത്തി;
പിന്നീടാച്ഛായായുക്തധീവൃത്തിനിദ്രാരൂപ-
മാർന്നിട്ടുവിലീനനായാനന്ദമയാഖ്യനാം. 64

സുപ്തിയിലന്തർമ്മുഖധീവൃത്തിസമേതനായ്
വർത്തിക്കുംജാഡ്യോപാധിയാകുമാനന്ദമയൻ
ചിത്തുതൻപ്രതിബിംബയുക്തമാമജ്ഞാനത്തിൻ
വൃത്തികളാൽഭുജിപ്പൂ തൽക്കാലംബ്രഹ്മാനന്ദം. 65

അജ്ഞാനമയങ്ങളാം വൃത്തികൾസൂക്ഷ്മങ്ങളും
പ്രജ്ഞാവൃത്തികളതിസ്പഷ്ടങ്ങളുമായിട്ടും;
വേദാന്തസിദ്ധാന്തത്തിൻ പാരദൃശ്വാക്കളായോ-
രോതുന്നീവിധമെന്നു സുപ്രസിദ്ധവുമല്ലോ. 66

ആനന്ദമയൻതന്നെ ഭോക്താവും, ബ്രഹ്മാനന്ദം
തന്നെഭോഗ്യവുമെന്നതെത്രയും സ്പഷ്ടമായി
മാണ്ഡൂക്യംതാപനീയമാദിയാംശ്രുതികളിൽ
വർണ്ണനംചെയ്തിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമാം. 67

സുപ്തിയെ മാനിപ്പോനായ്, വിജ്ഞാനാദ്യുപാധികൾ
ലോപിച്ചേകാകാരനായ്, സാക്ഷിഭാവാപന്നനായ്
നില്ക്കുമാനന്ദമയൻ ചിച്ഛായാവൃത്തികളാ-
ലക്കാലം സ്വരൂപമാമാനന്ദംഭുജിക്കുന്നു. 68

വിജ്ഞാനമയാദിയാൽ ജാഗരാവസ്ഥതന്നിൽ
വ്യഞ്ജിച്ചതേതൊരുവനവനീസുപ്തിമൂലം
അനേകമരിമണിപൊടിഞ്ഞമാവുപോലെ
തനിയേപ്രാപിക്കുന്നിതേകാകാരതയപ്പോൾ. 69

ഉത്തരദേശത്തിങ്കൽ ഹിമബിന്ദുക്കൾഘനാ-
വസ്ഥയെപ്രാപിപ്പതുപോലവേ ജാഗ്രത്തിലെ,
ഘടാദിജ്ഞാനരൂപബുദ്ധിവൃത്തികൾ സുപ്തി-
യടയുന്നേരം ചിത്തൈക്യത്താൽ കട്ടിയായി. 70

പ്രജ്ഞാനഘനരൂപമാകും സാക്ഷിഭാവത്തെ
വിജ്ഞരാംതാർക്കികരും സാമാന്യമനുഷ്യരും
സുഷുപ്തിനില്പതോളം ദുഃഖവൃത്തിക്കുനാശം
സുസംഭാവ്യമാകയാൽ ദുഃഖാഭാവമായ്ചൊൽവൂ. 7

സൌഷുപ്തബ്രഹ്മാനന്ദം രുചിക്കുവാൻ സാധന-
മീഷലററജ്ഞാനത്തിൽ ബിംബിച്ചചൈതന്യം താൻ;
സാക്ഷാൽകൃതമെങ്കിലുമാബ്രഹ്മാനന്ദം ജീവ-
നക്കാലമുപേക്ഷിച്ചു പോരുന്നുകർമ്മശക്ത്യാ. 72

ജന്മാന്തരത്തിൽചെയ്ത കർമ്മത്തിൻയോഗംമൂലം
താമസമെന്യേ ജീവൻപിന്നീടുണന്നീടുന്നു;
ഉണർവു കർമ്മഹേതുവാലാണെന്നതിന്നനു-
ഗുണമായ്ചൊന്നിടുന്നു കൈവല്യശ്രുതിയിങ്കൽ. 73

ഉണൎന്നോനിലാക്ഷണം ബ്രഹ്മാനന്ദവാസന-
യനുഗമിക്കുന്നതായ് പാൎക്കിൽബോധപ്പെട്ടും;
എന്തെന്നാൽ, നിൎവ്വിഷയനായിട്ടാനിദ്രാസുഖ-
മേന്തിമൂകനെപ്പോലെ കിടന്നീടുന്നുവീണ്ടും. 74

കൎമ്മങ്ങളാൽ പ്രേരിതരായ്പ്പിന്നെയനേകമാം
തന്മനോദുഃഖങ്ങളെയോൎത്തുകൊണ്ടിരിപ്പോരാം
സമസ്തജീവന്മാരും രുചിക്കുംബ്രഹ്മാനന്ദം
ക്രമേണയൂഹിപ്പാനുമൊക്കാതെ മറക്കുന്നു. 75

നിദ്രയ്ക്കുപോകും മുമ്പും നിദ്രാവസാനത്തിലും
പ്രത്യഹം മൎത്ത്യന്മാൎക്കാ ബ്രഹ്മാനന്ദത്തിൽ പ്രേമം
പ്രത്യേകം കാണുന്നുണ്ടു, തന്മൂലംബ്രഹ്മാനന്ദം
സുഷുപ്തിയിലില്ലെന്നേതു ബുദ്ധിമാനുരച്ചിടും? 76

മൌനമായിരിക്കവേ ബ്രഹ്മാനന്ദം സ്ഫുരിക്കിൽ
മന്ദരും ലൌകികരും കൃതകൃത്യരാംനൂനം;
എങ്കിലീബ്രഹ്മാനന്ദം ലഭിപ്പാൻ ശാസ്ത്രംകൊണ്ടും
സദ്ഗുരുസേവകൊണ്ടുമാവശ്യമെന്തിരിപ്പൂ? 77

ഇല്ലെന്നുസമ്മതിക്കാം, ബ്രഹ്മംതാൻ ഞാനെന്നവ-
രുള്ളത്തിലറിഞ്ഞെങ്കിലത്രയ്ക്കു കൃതാൎത്ഥരാം;
അത്യന്തഗംഭീരമാം ബ്രഹ്മത്തെയാരറിയും
ശാസ്ത്രത്തിൻസാഹായ്യവും ഗുരുസേവയുമെന്യേ? 78

ഞാൻബ്രഹ്മംതന്നെയാണെന്നങ്ങേടെ വാക്കുകൊണ്ട-
ങ്ങിന്നെനിക്കറിവായിട്ടെന്തേ ഞാനകൃതാൎത്ഥൻ?
നിന്നെപ്പോൽ സ്വയമേവ ബുദ്ധിമാനെന്നചിന്ത
വന്നൊരുവൻെറ കഥ കേട്ടുകൊൾകയേവേണ്ടൂ. 79

നാലുവേദമറിഞ്ഞോനേകണം ധനമെന്ന-
ചൊല്ലുകേട്ടവൻ ചൊന്നാനങ്ങേടെ വാക്കാൽവേദം
നാലെന്നുഞാനറിഞ്ഞു, തന്നാലും ധനമെന്ന-
ചൊല്ലുപോലാം ഭവാൻെറവാക്കുമെന്നറിയണം. 80

ധനേച്ഛുവേദസംഖ്യമാത്രം താനറിയുന്നു
തനിക്കുവേദങ്ങളിൽ സമഗ്രജ്ഞാനമില്ല;
അങ്ങനെയെങ്കിൽനീയും ബ്രഹ്മമാംശബ്ദം മാത്ര-
മങ്ങറിഞ്ഞുള്ളൂ, പൂൎണ്ണബ്രഹ്മത്തെയറിവീല. 81

ഏകമായഖണ്ഡമായാനന്ദരസമായി
മായയും തൽക്കാര്യ്യവുമേശാത്തബ്രഹ്മത്തിങ്കൽ
പൂൎണ്ണമപൂൎണ്ണമെന്നുമുള്ളതാം വാൎത്തയ്ക്കുമേ
കാരണമതാമവസരമെന്തെന്നു ചൊല്ലിയാലും? 82

ശബ്ദങ്ങൾമാത്രം പഠിക്കുന്നുവോ ഭവാ,നതോ
ശബ്ദാൎത്ഥങ്ങളുംകൂടി ഗ്രഹിച്ചീടുന്നതുണ്ടോ?
ശബ്ദപാഠത്തിലൎത്ഥജ്ഞാനമന്യൂനം തവ
ലബ്ധമായ്ത്തീരേണ്ടതായവശേഷിച്ചിട്ടുന്നു. 83

വ്യാകരണാദികളാൽ പരോക്ഷജ്ഞാനം കൈയ്ക്കു-
ലാകുകിലപരോക്ഷീകരണം ശേഷിക്കുന്നു;
എപ്പൊഴോ കൃതാൎത്ഥനായെന്നബോധം വരുന്നി-
തപ്പോൾവരെയ്ക്കും സേവചെയ്യണം ഗുരുവിനെ. 84

നില്ക്കട്ടെ പ്രാസംഗികം, മൂകത്വം തൊട്ടേതേതു
വൃത്തിയിൽ നിൎവ്വിഷയമാകുന്ന സുഖമുണ്ടാം,
അപ്പൊഴെല്ലാമീസുഖം ബോധിക്ക,ബ്രഹ്മാനന്ദ-
സംഭൃതമാകും വാസനാനന്ദമെന്നുതന്നെ. 85

വിഷയലാഭത്തിങ്കൽ തൽസംബന്ധിയാമാശ
പ്രശമഭാവം സ്വയം സംപ്രാപിച്ചിരിക്കുമ്പോൾ
അന്തൎമ്മുഖമായിട്ടും മനോവൃത്തിതന്നിൽ സം-
ക്രാന്തമാംസ്വാത്മാനന്ദം വിഷയാനന്ദമത്രെ. 86

ബ്രഹ്മാനന്ദം, വാസനാ, പ്രതിബിംബാനന്ദങ്ങ-
ളിമ്മൂന്നല്ലാതെയില്ലാപാരിലാനന്ദം വേറേ. 87
അങ്ങനെ കാണ്കമൂലം വിഷയാനന്ദ, മനു-
ഷംഗിച്ചിരിക്കും വാസനാനന്ദമെന്ന രണ്ടും
സ്വയമായ് പ്രകാശിക്കും ബ്രഹ്മാനന്ദത്താൽതന്നെ
നിയമേന സംജാതമാക്കിക്കൊണ്ടിരിപ്പതാം. 88

ശ്രുതിയുക്ത്യനുഭൂതിയിവയാൽ സുഷുപ്തിയിൽ
സ്വതേപ്രകാശിപ്പതാം ചിദ്രൂപബ്രഹ്മാനന്ദം
സിദ്ധമായിരിക്കവേ മററുകാലത്തുമനു-
ഭൂതമാമെന്നകാൎയ്യമിനിയും കേട്ടുകൊൾക. 89

സുപ്തിയിൽനിഴലിച്ചോരാനന്ദമയനവൻ
ബുദ്ധിയുക്തനാകയാൽ വിജ്ഞാനമയാവസ്ഥ

കൈവരിച്ചനന്തരം സ്ഥാനഭേദത്താൽസ്വപ്ന-
ഭാവമൊ ജാഗരണംതന്നെയൊ പ്രാപിച്ചീടും. 90

നേത്രസ്ഥജീവനുണ്ടാം ജാഗരം, സ്വപ്നാവസ്ഥ
കന്ധരസ്ഥനും, സുഷുപ്തിഹൃദംബുജാസനനും;
ജാഗ്രത്തിൽ ജീവൻദേഹം കാൽമുതൽ തലയോള-
മാകവേ വ്യാപിച്ചിട്ടു ചൈതന്യം പുലർത്തുന്നു; 1

തീയ്യിൽപഴുത്തിരുമ്പു തീമയമാകുംപോലീ-
മെയ്യിൽക്കുരുങ്ങും ജീവൻമെയ്താനെന്നെണ്ണീടുന്നു;
ആകയാൽ ഞാനൊരാളാണെന്നെല്ലാമുറച്ചിട്ടു
ശോകിയാം ജീവനേവം വസിപ്പൂ സദാകാലം. 92

ഈ ജീവനുദാസീനൻ, സുഖീ, ദുഃഖിയെന്നീമ-
ട്ടാജീവനാന്തം മൂന്നവസ്ഥകൾ പ്രാപിക്കുന്നു;
സുഖദുഃഖങ്ങൾരണ്ടും കർമ്മകാര്യങ്ങളത്രെ
സ്വകീയമൌദാസീന്യം സ്വഭാവസംഭൃതവും. 93

ബാഹ്യഭോഗങ്ങളാലും മനോരാജ്യം മൂലമാം
മോഹങ്ങളാലും സുഖദുഃഖങ്ങൾ രണ്ടുമട്ടാം;
സുഖദുഃഖങ്ങൾ രണ്ടുമൊഴിയുന്നിടയ്ക്കുണ്ടാ-
മകമേ ഉദാസീനമാകുന്നഭാവഭേദം. 94

'ഇല്ലെനിക്കിപ്പൊഴേതും ചിന്ത', 'ഞാൻസുഖമായി-
ട്ടല്ലൊ വാഴുന്നു'വെന്നു ചൊല്ലുന്നോരെല്ലാവരും
ഉദാസീനാവസ്ഥയിൽ സ്വരൂപാനന്ദഭാവ-
മുദീരണംചെയ്കയാം സുഖമെന്നുള്ള ചൊല്ലാൽ. 95.

'ഞാനിന്നുസുഖിക്കുന്നു' വെന്നപോൽ സാമാന്യമായ്
ഞാനെന്നഭാവത്തിനാൽ ഛന്നമായിരിക്കയാൽ,
ഈനിജാനന്ദം മുഖ്യമല്ലല്ലൊ, പിന്നെയെന്നാ-
ലിന്നിതുമുഖ്യാനന്ദ'വാസന'യാകുന്നിതു്. 96

സലിലസംപൂർണ്ണമാം ഘടത്തിൻപുറത്തെങ്ങും
കലരുന്നതാംശൈത്യം ജലമാകുന്നതല്ല;
പിന്നെയൊ ജലധർമ്മം മാത്രമാകയാൽഘടം-
തന്നിലുണ്ടംഭസ്സെന്നു നന്നായിട്ടൂഹിച്ചിടാം. 97

എത്രകണ്ടഹംകാരമഭ്യാസയോഗം മൂലം
ചിത്തവൃത്തിയിൽനിന്നു വിസ്മൃതമായീടുന്നു,

അത്രകണ്ടനുമേയമായ് ഭവിക്കുന്നു സൂക്ഷ്മ-
ബുദ്ധികൾക്കിഹ നിജാനന്ദമെന്നതോ ചൊല്ലാം. 98

സകലവിധത്തിലുമഹന്തമറന്നിട്ടു
പ്രഗാഢം സൂക്ഷ്മാവസ്ഥപ്രാപിക്കും ബുദ്ധിവൃത്തി;
അന്തഃകരണത്തിന്നു ലയം ഭവിക്കായ്കയാൽ
സുഷുപ്തിയ, ല്ലിതാകയാൽ ദേഹപാതവുമല്ല. 99

എപ്പോഴോ ദ്വൈതഭാനം നീങ്ങുന്നു, നിദ്രതാനും
പ്രാപിക്കയില്ലപ്പൊഴങ്ങായത്തമാകും സുഖം
ബ്രഹ്മാനന്ദമായീ കൃഷ്ണനോതിനാൻ പാർത്ഥനോടു
തന്മോഹംതീരുമാറുഗീതയിലറിയണം. 100

ധീരമാംബുദ്ധികൊണ്ടു വിഷയങ്ങളെവിട്ടു-
പോരുവാൻ ചിത്തംമെല്ലെ സ്വാധീനപ്പെടുത്തണം;
മാനസമാത്മാവിങ്കൽ നന്നായുറപ്പിച്ചിട്ടു
പിന്നൊന്നുംചിന്തിയാതെയായതിൽ രമിക്കണം. 101

സ്വഭാവചപലമായസ്ഥിരമായ ചിത്ത-
മഭിഗമിക്കുന്നിതങ്ങേതേതു വിഷയത്തിൽ,
അതതിൽനിന്നതിനെ പ്രത്യാഹരിച്ചാത്മാവി-
ന്നധീനമാക്കിത്തന്നെ വെയ്ക്കണം നിരന്തരം. 102

രജോഗുണശൂന്യനും ശാന്തചിത്തനും പാപ-
നിചയനിർമ്മുക്തനും ജീവന്മുക്തനുമായി
വർത്തിക്കുമിമ്മട്ടുള്ള യോഗിയെ പ്രാപിക്കുന്നി-
തുത്തമമായ സുഖമെന്നതുസുപ്രസിദ്ധം. 103

എപ്പോഴോയോഗാഭ്യാസം കൊണ്ടുവിഷയബാധം
കെല്ലോടടങ്ങുപശാന്തമായിത്താൻ ഭവിക്കുന്നു;
എപ്പോഴോ സമാധിയാൽ ശുദ്ധമാം ഹൃത്താലാത്മാ-
വാപരോക്ഷ്യനായിട്ടുതന്നിൽതാൻ തോഷിക്കുന്നു; 104

എതുകാലത്തീയോഗിയാതൊന്നതീന്ദ്രിയമായ്
മതിബോദ്ധ്യമാം നിത്യസുഖത്തെയറിയുന്നു;
എപ്പൊഴുമതിൽസ്ഥിതനായിട്ടാപ്പൊരുളിൽ നി-
ന്നല്പവുമിളകാതെയായവനിരിക്കുന്നു; 105

യാതൊരാത്മസ്വരൂപം ലഭിച്ചിട്ടതിനെക്കാൾ
മറ്റൊന്നധികഹിതപ്രദമായോർക്കുന്നീല;

യാതൊന്നിലിരിപ്പവൻ മഹാദുഃഖത്തിനാലു-
മേതുമങ്ങൊരുപോതും ചലിതനാകുന്നില്ല; 106

ശോകബന്ധം സർവ്വം വിട്ടുത്തുമീയവസ്ഥ
യോഗമെന്നപേരിനാലറിയപ്പെടേണ്ടതാം;
അക്കണക്കുള്ളയോഗമദ്ധ്യവസായത്തോട്ട-
മക്ഷീണചിത്തത്തോട്ടമഭ്യാസം ചെയ്യേണ്ടതാം. 107

ഇപ്രകാരത്തിൽ സദാ ചിത്തം വശീകരിച്ചു
പാപമററിരിപ്പോനാം യോഗിയായാസമെന്ന്യെ
അവിദ്യനിവർത്തിക്കും ബ്രഹ്മസാക്ഷാൽക്കാരമാ-
മവിനാശിയാം സൌഖ്യമവശ്യം ഭുജിക്കുന്നു. 108

ദർഭന്നഗ്രംകൊണ്ടങ്ങൊരോ തുള്ളിയായ്ത്തേകി-
യബ്ധിപുറത്തൊഴുക്കിക്കളവതെത്തുപോലെ,
അതുപോൽ മാനസത്തിൻ നിഗ്രഹം സാധിച്ചീടാ-
മതന്ദ്രശ്രമംകൊണ്ടു ലേശവും ഖേദമെന്ന്യെ. 109

ബൃഹദ്രഥരാജർഷിതന്നോട്ടു ശാകായന്യ
മഹർഷി ചൊന്നിട്ടുണ്ടു മൈത്രായണീയം തന്നിൽ,
സമാധിനാമം പൂണ്ടബ്രഹ്മസുഖമെന്നതു
സമാസാദിക്കും വിധമെത്രയും വ്യക്തമായി. 110

ദഗ്ദ്ധകാഷ്ഠത്തിലഗ്നി, ജ്വാലാദിനീങ്ങിത്തേജോ-
മാത്രമാം സ്വഹേതുവിലെങ്ങനെയൊതുങ്ങുന്നു,
അങ്ങനെ രാജസാദിവൃത്തിനാശത്താൽ ചിത്തം
തങ്ങുന്നു സ്വഹേതുവാം സാത്വികഗുണത്തിങ്കൽ. 111

ആത്മവിഷയസ്പൃഹയുള്ളതു,മതുമൂല-
മാത്മഹേതുവിലുപശമിച്ചതു, മാകയാൽ
ഭോഗ്യവിമുഖവുമാം മാനസത്തിന്നു കർമ്മ-
മാർഗ്ഗമായുള്ളതും സുഖം തൊട്ടുള്ളതസത്യമാം. 11

ചിത്തം മാത്രമാണല്ലൊ സംസാര,മതുകൊണ്ടു
ചിത്തം ശ്രമിച്ചു സത്വമാക്കുവാൻ ശോധിക്കണം.
എന്തെന്നാൽ, മർത്ത്യൻ ചിത്തം യാതൊന്നിൽവയ്ക്കുന്നുവോ
തദ്രൂപിയവനെന്നരഹസ്യം സനാതനം. 113

ചിത്തത്തിൻ പ്രസാദത്താൽത്തന്നെ പുണ്യപാപങ്ങ-
ളൊത്തുള്ള കർമ്മജാലമൊർന്നാടെ മുടിയുന്നു;

പ്രസന്നമനസ്സാരന്നോനാത്മസംസ്ഥിതനായി
നശിക്കാത്താത്മസുഖമനുഭവിച്ചീടുന്നു. 114

പ്രാണിതൻ ചിത്തമേതുവിധമിന്ദ്രിയാർത്ഥത്തിൽ
താണിടുന്നാസക്തമാ,യാച്ചിത്തമതേവിധം
ബ്രഹ്മത്തിൽ സക്തമാകിലാർതന്നെ ബന്ധംവിട്ടു
നിർമ്മുക്തനാവുകില്ലയെന്നങ്ങു ചിന്തിക്കണം. 115

ശുദ്ധമശുദ്ധമെന്നു മാനസം രണ്ടുവിധം
ശുദ്ധം കാമഹീനവുമന്യം സകാമവുമാം. 116

മാനസംതന്നെയല്ലോ മർത്ത്യക്കു ബന്ധത്തിനു-
മെന്നപോൽ മോക്ഷത്തിനും കാരണമാകുവതും;
വിഷയങ്ങളിലുള്ളോരാസക്തിബന്ധത്തിനും
വിഷയവിരാഗതമുക്തിക്കുമെന്നാം ശാസ്ത്രം. 117

ആത്മാവിൽ സംസ്ഥിതവും സമാധിധൌതവുമാ-
മമ്മാനസത്തിലുണ്ടാം യാതൊരു സുഖത്തിനെ
വാക്കിനാലാവതല്ല വർണ്ണിപ്പാ,നെന്നാകിലും
ശക്യമാണറിയുവാനന്തരംഗത്തിനാലെ. 118

അത്രമഹത്തെങ്കിലും മർത്ത്യക്കീസമാധിയെ-
യത്രവളരെനേരം സാധിപ്പാൻ പണിയത്രെ;
എങ്കിലും ക്ഷണകാലം നില്ക്കും സമാധിസുഖം
ശക്തമാം ബ്രഹ്മാനന്ദസ്വരൂപമറിയിപ്പാൻ. 119

ശ്രദ്ധാലുവുമവശ്യം പ്രാപിപ്പാനുറച്ചോനും
നിർദ്ദിഷ്ടസമാധിതൻ സുഖത്തെ നിശ്ചയിക്കും;
ഒരിക്കലീയാനന്ദം ക്ഷണികസമാധിയാൽ
നിരൂപിച്ചോനാബുദ്ധിപിന്നെന്നുമിരുന്നീടും. 120

ശ്രദ്ധാദിപുരസ്സരമൊരിക്കലാനിശ്ചയം
സിദ്ധമായവനുദാസീനാവസ്ഥയിൽ പോലും
മുൻ ചൊന്നൊരാനന്ദത്തിൻ വാസനയുപേക്ഷിച്ചു
തഞ്ചുന്നു മുഖ്യാനന്ദതൽപ്പരഭാവനയിൽ. 121

മറെറാരു പുരുഷനെയധികം കാമിപ്പവൾ
തെററതുമെന്യെ ഗൃഹകാര്യങ്ങൾ ശ്രദ്ധിക്കിലും,
പരസംഗമംമൂലമുണ്ടായോരാസുഖത്തെ
പരിചിലുള്ളംകൊണ്ടനുകർന്നിരുന്നീടും. 122

ഈവിധം ശുദ്ധമാകും ബ്രഹ്മത്തിൽ വിശ്രാന്തനായ്
മേവിടും ധീരനായ ബ്രഹ്മവിദഗ്രേസരൻ
ലൌകികകാൎയ്യങ്ങളിലേൎപ്പെട്ടിരുന്നാൽപ്പോലു-
മാക്കേവലാനന്ദത്തെയുള്ളുകൊണ്ടാസ്വാദിക്കും. 123

ഇന്ദ്രിയങ്ങൾക്കു ശക്തിയുണ്ടായിരിക്കുംപൊഴു-
മെന്നുമാനന്ദം ഭുജിച്ചീടുവാനാശിക്കയാൽ
സൎവ്വേന്ദ്രിയങ്ങളേയും വെ,ന്നാനന്ദചിന്തയിൽ
സൎവ്വദാ ശ്രമിപ്പതു ധീരത്വമറിയണം. 124

ഭാരംചുമക്കുന്നവൻ ശിരസ്സിലുണ്ടാം ഭാര-
മാരാൽ താഴത്തിറക്കി ശ്രമം തീൎത്തിരിക്കുന്നു;
അക്കണക്കെ സംസാരവ്യാപാരം ത്യജിക്കുംപോ-
ളുൾക്കൊള്ളുമാശ്വാസത്തെ വിശ്രമമെന്നു ചൊൽവൂ. 125

സ്വാത്മസ്വരൂപത്തിങ്കൽ പരമവിശ്രാന്തിയെ-
യുണ്മവനപേക്ഷയിലെമ്മട്ടാനന്ദമാളും;
അമ്മട്ടിലാത്മാനന്ദം സുഖദുഃഖകാലത്തും
തന്മനമുലയാതെ ഭുജിപ്പാൻ കൊതികൊള്ളും. 126

വഹ്നിയിൽ പ്രവേശിപ്പാനുറച്ച ബുദ്ധിതന്നി-
ലെങ്ങനെ ഭൂഷാദിയിലുണ്ടാമോ പ്രാതികൂല്യം;
അങ്ങനെ ധീരന്നനുസന്ധാനവിരോധിയാ-
യിങ്ങെഴും വിഷയത്തിൽ ബുദ്ധിയുമുദിക്കുന്നു. 127

വിരോധമില്ലാതെഴും വിഷയസുഖത്തിലും
സ്വരൂപാനന്ദത്തിലും വേണ്ടപോൽ മാറിമാറി
ഗമനാഗമനങ്ങൾ ചെയ്തിഹ ജ്ഞാനിതൻ ധീ
ക്രമത്തിലമരുന്നു കാകദൃഷ്ടിയെപ്പോലെ. 128

കാകനു നേത്രേന്ദ്രിയമൊന്നുതാ,നതുവരും
പോകും വലംമിഴിയിലൂടനെയിടതിലും;
ഈവിധം തത്ത്വജ്ഞധീയാനന്ദദ്വയങ്ങളി-
ലാവശ്യം കണക്കാക്കിപ്പോകുന്നു, മടങ്ങുന്നു. 129

വിഷയാനന്ദത്തെയും ബ്രഹ്മാനന്ദം തന്നെയും
രസികം തത്ത്വജ്ഞാനി ദ്വിഭാഷാഭിജ്ഞൻപോലെ,
ലൌകികാത്മീയവുമായുള്ള രണ്ടിനെയു-
മേകകാലത്തറിയും, വൈരുദ്ധ്യമിരിക്കിലും. 130

എതിനാൽ വിവേകവാനറിയുന്നുവോൻ ണ്ടു-
മതിനാൽ ദുഃഖാപ്തിയിൽ മുന്നേപ്പോൽ ക്ലേശിക്കില്ല;
ഗംഗയിൽ പാതിദേഹം മഗ്നമായിരിപ്പോന്നു
സ്വാംഗത്തിൽ ശീതോഷ്ണങ്ങൾ ബോധ്യമാകുന്നപോലെ. 131

ഈവിധം തത്ത്വജ്ഞനു ജാഗ്രദവസ്ഥതന്നിൽ
സർവ്വദാ ബ്രഹ്മാനന്ദം പ്രകാശിച്ചീടുന്നിതു;
ആ വാസനയിങ്കൽ നിന്നുണ്ടാകും സ്വപ്നത്തിലു-
മാവിധം ബ്രഹ്മാനന്ദം മാത്രമേ പ്രകാശിക്കൂ. 132

അവിദ്യാവാസനയും സ്വപ്നത്തിൻ ഹേതു താനാ-
ണവിദ്യാവാസനയിൽനിന്നുണ്ടാം സ്വപ്നത്തിങ്കൽ
ജ്ഞാനിയും മൂർഖനെപ്പോൽ സുഖദുഃഖങ്ങൾ രണ്ടും
കാണുകയെന്നും വരാം, സ്വപ്നത്തിൽ വിധിയില്ല. 133

ബ്രഹ്മാനന്ദമെന്നതാം ഗ്രന്ഥമദ്ധ്യായമൊന്നിൽ
ബ്രഹ്മാനന്ദശോഭിയാം യോഗാനുഭവം ചൊന്നേൻ. 134

ശുഭം.

---

ഓം.

# ബ്രഹ്മാനന്ദത്തിൽ ആത്മാനന്ദം

## പ്രകരണം 12.

എന്നാകി, ലീവിധത്തിൽ വാസനാനന്ദത്തിലും
പിന്നെയബ്രഹ്മാനന്ദം തന്നിലും നിന്നുവേറാം
ആത്മാനന്ദത്തെ യോഗിയാസ്വദിക്കട്ടെ, യമ്മ-
ട്ടാത്മാനന്ദം ഭുജിപ്പാൻ മൂഢനെന്താണുപായം? 1

പുണ്യപാപങ്ങൾ മൂലമതിമൂഢനായവ-
നെണ്ണിയാലൊടുങ്ങാത്ത ദേഹങ്ങളോടുകൂടി
ജന്മമൃത്യുക്കൾ വീണ്ടും വീണ്ടുമേ തേടിടട്ടെ,
നമ്മുടെ ദാക്ഷിണ്യത്താലെന്തുചെയ്യുവാനൊക്കും? 2

അനുഗ്രാഹകധീയാമങ്ങേടെ ദാക്ഷിണ്യത്തി-
നനർഘ്യപ്രയോജനമവരിലുണ്ടാകുന്നു;
എന്നാലാമൂഢബുദ്ധി ജിജ്ഞാസുതാനോ, മറി-
ച്ചന്യൂനം ബാഹ്യഭോഗാരക്തനോ, ചൊന്നീടണം? 3

ഉപാസ്തിയോ കൎമ്മമൊ യുക്തംപോൽ ബഹിൎമ്മുഖ-
ന്നുപദേശിക്കവേണം, സ്വഭാവജ്ഞനാം ഗുരു;
ബോധനം നൽകീടണം മുമുക്ഷുജിജ്ഞാസുവിന്നും
യുക്തമാം മാർഗ്ഗത്തൂടെ ലഭിപ്പാനാത്മാനന്ദം. 4

'പതിക്കുവേണ്ടിപ്രിയനാകുന്നതല്ലാപതി'
യഥാവദേവംവിധം ചൊന്നിട്ടുയാജ്ഞവല്ക്യൻ
തൻപ്രിയഭാൎയ്യയാകും മൈത്രേയിക്കുപദേശ-
മന്വേറാട്ടു ചെയ്തെന്നുണ്ടു ബൃഹദാരണ്യകത്തിൽ. 5

ഭൎത്താവു, ഭാൎയ്യ, പുത്രൻ, ധനം, പശു, ബ്രാഹ്മണൻ
ക്ഷത്രിയൻ, ലോകം, ദേവൻ, വേദങ്ങൾ, ഭൂതങ്ങളും-
എന്നിവ പ്രിയമായിക്കാണ്മതു ഭോക്താവാകും
തന്നാത്മാവിങ്കലാളും പ്രേമത്താൽ, തദൎത്ഥമാം. 6

ഭാൎയ്യയ്ക്കു ഭൎത്താവിങ്കലെപ്പോഴോ വിഷയേച്ഛ-
കാൎയ്യമായ് നില്ക്കുയവൾ കാട്ടുന്നു ഭൎത്തൃപ്രേമം;
ക്ഷുത്ത,നുഷ്ഠാനം, രോഗമിവയാൽ വ്യഗ്രനായി
വൎത്തിക്കിലിച്ഛിക്കില്ല ഭൎത്താവുഭാൎയ്യയേയും 7

ആ പ്രീതി ഭൎത്താവുതൻ പ്രയോജനത്തിന്നല്ല,
സ്വപ്രയോജനത്തിന്നാം ഭാൎയ്യയ്ക്കുള്ളൊരാപ്രേമം;
ഭൎത്താവും സ്വാൎത്ഥത്തിന്നാം, ഭാൎയ്യാൎത്ഥമൊരിക്കലും
മുത്താൎന്നിരിക്കുന്നില്ല ഭൎത്താവെന്നറിയണം. 8

പരസ്പരപ്രേരണതന്നിലും സ്വപ്രേമമാം
പര,മാപ്രേരണയ്ക്കും കാരണം പ്രവൃത്തിക്കും. 9

കണ്ടകതുല്യം ശ്മശ്രുതറച്ചീടവേ പീഡ-
കൊണ്ടുരോദിപ്പൂ ബാലൻ, താതനോ ചുംബിക്കുന്നു;
ആ പ്രീതി ബാലകന്നു വേണ്ടീട്ടുണ്ടായതല്ല,
തൽപ്പിതാവുതന്നാത്മകാൎയ്യാൎത്ഥമുണ്ടായതാം. 10

ഇച്ഛിപ്പാൻ കഴിയാത്ത രത്നംതൊട്ടുള്ള ധനം
കൃച്ഛ്റമായ് പാലിപ്പവൻ പ്രീതനായ് ഭവിക്കുന്നു;
ആ പ്രീതിപ്രകാശനം സ്വാൎത്ഥമെന്നല്ലാതെ ക-
ണ്ടാപ്പണത്തിന്നുവേണ്ടിയെന്നൂഹിക്കാവതല്ല. 11

ഭാരംവഹിപ്പാൻ കാളയിച്ഛിക്കാതിരിക്കിലും
പാരമാഗ്രഹിക്കുന്നു ബലമായെടുപ്പിക്കാൻ;

അ പ്രീതി വണിക്കിന്നു വേണ്ടീട്ടുതന്നെയല്ലൊ
എപ്രകാരത്തിൽ കാളയ്ക്കായിട്ടാണെന്നുവരും? 12

ഭൂസുരജാതീയനായിരിക്കകൊണ്ടു പൂജ്യൻ-
ഞാൻ, സദാ പൂജകൊണ്ടു സന്തുഷ്ടനായിടുന്നു;
ജാതിനിമിത്തമുണ്ടാമിത്തോഷം പുരുഷന്നാം
ചേതനയില്ലാത്തതാം ജാതിക്കുള്ളതാകില്ല. 13

ക്ഷത്രിയൻ ഞാനാകയാൽ വാഴുന്നു രാജ്യമെന്നൊ-
രുക്തിയിൽ രാജഭാവമേതുമേ ജാതിക്കല്ല;
വൈശ്യാദിജാതിയിലു മീ ന്യായം കണ്ടീടണം;
പേശുന്നുനാകലോകമെന്നല്ല ബ്രഹ്മലോകം
സിദ്ധിക്കട്ടെനിക്കെന്നു, മായതിലഭിവാഞ്ഛ
സ്വാന്തഭോഗാത്ഥമത്രെ, ലോകാർത്ഥമായിട്ടല്ല 14–15

ശർവനും വിഷ്ണുതാനും മററുള്ള ദേവന്മാരും
സേവിതന്മാരാകുന്നു പാപവിദ്ധ്വംസനാത്ഥം;
സേവനം പാപമററ ദേവന്മാക്കായിട്ടല്ല,
സവ്വരും തങ്ങളുടെ നന്മയ്ക്കായ് ചെയ്തിടുന്നു. 16

ദുർബ്രാഹ്മണ്യമായിടും ദോഷം വന്നിടായ്വാനാ-
യഭ്യസിക്കുന്നുവല്ലൊ ഋഗാദിവേദങ്ങളും;
അ ദോഷം വേദങ്ങൾക്ക തീരെയും ചേരുകില്ല,
വാദമില്ലതുമർത്ത്യൻതന്നിലാണിരിപ്പതും. 17

സമസ്തജന്തുക്കളും സ്ഥാനപ്രദാനം, തൃഷ്ണാ-
ശമനം,പാകക്രിയ,ശോഷണം,സ്ഥലമേവം
ഹേതുക്കൾകൊണ്ടുഭൂമിതൊട്ടയ്യുഭൂതങ്ങളെ-
യിഷ്ടപ്പെടുന്നതുമീഭൂതങ്ങൾക്കായിട്ടല്ല. 18

സ്വാമിഭൃത്യനെന്നേവം സവ്മാം ബന്ധങ്ങളും
കാമിപ്പൂനരൻ സ്വാന്തകാര്യോദ്ദേശകമായി;
ഒരുവൻചെയ്തിട്ടുന്നൊരുപകാരമാകട്ടെ-
പരന്മാക്കായിട്ടല്ല, സ്വോപകാരകമത്രെ. 19

സവ്വവ്യവഹാരങ്ങൾതന്നിലുമീവിചാര-
മവ്യവഹിതമായിട്ടീമട്ടുണ്ടാവാനല്ലൊ,
വളരെ ദൃഷ്ടാന്തങ്ങൾ ശ്രുതികാട്ടി,യാകയാ-
ലിളയ്ക്കാതാച്ചിന്തയാൽ സ്വബുദ്ധിപഴക്കണം. 20

ആത്മപ്രീതിയെന്നതിൽപ്രീതിയ്ക്കുള്ളതാം രൂപ-
മെമ്മട്ടാം? രാഗമെങ്കിൽ സ്ത്രീതൊട്ട ഭോഗ്യത്തിലും,
ശ്രദ്ധയാകിൽ യാഗാദി കർമ്മങ്ങളെന്നതിലും,
ഭക്തിയെങ്കിലോ ഗുരുമുതലായവരിലും,
ഇച്ഛയെങ്കിലപ്രാപ്തവസ്തുതന്നിലു,മേവം
സ്വച്ഛന്ദം പ്രസരിക്കുമാത്മപ്രീതിയെക്കാണാ. 21

എന്നാൽകേവലസുഖവിഷയമാം സാത്വിക-
മാനസവൃത്തിഭാവം പ്രീതിത്വമായിടുന്നു;
ലാഭാലാഭങ്ങളിലുമീവൃത്തിവർത്തിക്കയാ-
ലപ്രാപ്തനിഷ്ടമാകുമിച്ഛയാകുന്നതല്ല. 22

അന്നപാനാദികങ്ങൾസുഖാത്മമാവുകയാ-
ലാനന്ദമാകുംപോലെയാത്മാവും സുഖാത്മമോ? 23

പ്രീതിത്വം മൂലമാത്മാവന്നാദിസമനെങ്കിൽ
പ്രീതനായ് തീരേണ്ടവനാരിങ്ങാപ്രീതിത്വത്താൽ?
ഏകനാമാത്മാവിന്നു കർത്തൃത്വം കർമ്മത്വവു-
മേകകാലത്തുണ്ടാകവൈരുദ്ധ്യംതന്നെയല്ലോ. 24

വിഷയസുഖത്തിങ്കൽ പ്രീതിമാത്രവു,മെന്നാൽ
ഭൃശം പ്രീതിമാനത്രെയാത്മാവു,തന്നെയല്ല
വിഷയസുഖപ്രീതിയസ്ഥിരമായിരിപ്പൂ
മുഷിഞ്ഞുന്മാർഗ്ഗമായിച്ചതിക്കില്ലാത്മപ്രീതി. 26

ഒരുസുഖത്തെത്തള്ളിയിതരം സ്വീകരിക്ക
മുറയാം വൈഷയികസുഖത്തിന്നതോർക്കണം;
സർവ്വദാ സന്ത്യാജ്യനും ഗ്രാഹ്യനുമല്ലാത്താത്മാ-
വെവ്വിധം വ്യഭിചരിച്ചീട്ടു,മില്ലെന്നുസിദ്ധം. 26

കൊള്ളാനും തള്ളുവാനുമാവാത്തപരാത്മാവു
പുല്ലുതൊട്ടവപോലെയുപേക്ഷ്യമെന്നാണെങ്കിൽ,
ഉപേക്ഷിപ്പോന്റെരൂപമാണെന്നകാരണത്താ-
ലുപേക്ഷാവിഷയത്വമാത്മാവിലസംഭാവ്യം. 27

രോഗവും കോപവുംകൊണ്ടാർത്തന്മാർചിലനേരം
ചാകുവാനാശിക്കുന്നിതാകയാലാത്മാവിനെ
വൈരത്താലുപേക്ഷിപ്പാൻ കഴിയുമെന്നാണെങ്കി-
ലോരുക,യാത്മാവുതാനാമട്ടിലൊന്നുമല്ല. 28

ത്യാജ്യമാം ശരീരത്തിന്നാത്മത്വമില്ലയല്ലോ,
ത്യാജ്യമെന്നുറച്ചവനാത്മാവാണറിഞ്ഞാലും;
ത്യജിപ്പോനില്ലാ ദ്വേഷമില്ലിഹ ത്യാജ്യമാകും-
നിജദേഹത്തിലെങ്കിൽ ഹാനിയെന്തിരിക്കുന്നു? 29

അത്മാത്ഥം മററുസവ്വം പ്രീതങ്ങളാകമൂല-
മാത്മാവിങ്കതിപ്രിയനെന്നതു സിദ്ധമായി,
എമ്മട്ടു പുത്രമിത്രംതന്നിൽനിന്നതിപ്രിയൻ
തന്മകനെന്നപോലാമാത്മാവുപ്രിയതമൻ. 30

'ഞാനില്ലാതാകരുതിങ്ങെന്നുമല്ലെക്കാലവും
ഞാനുണ്ടായിരിക്കണ'മെന്നതാമഭ്യത്ഥന
സവ്വക്കും കണ്ടിട്ടുന്നുണ്ടാകയാലാത്മാവിങ്കൽ
സവ്വാതിശായിയാകുംപ്രീതി പ്രത്യക്ഷമല്ലൊ. 31

ഈവിധം ശ്രുതിയുക്തിയനുഭൂതിയെന്നുള്ള
മൂവിധപ്രമാണങ്ങൾകൊണ്ടുമാത്മാവിൽപ്രീതി
ഇമ്മട്ടുസിദ്ധിക്കിലുമാത്മാവുവിഃധയനാ-
ണാത്മജ,ഭാര്യാദികൾക്കെന്നന്യർചൊല്ലിടുന്നു. 32

ഇപ്പക്ഷം വിവക്ഷിപ്പാനായിട്ടാത്മാവുതന്നെ-
യപ്പുത്രനെന്നനാമംപൂണ്ടവനെന്നുനണ്ണി,
പുത്രനിൽമുഖ്യാത്മത്വം ശ്രുതിചൊല്ലുന്നതുണ്ട-
തെത്രയും വിശദമായൈതരേയത്തിൽ കാണ്മൂ. 33

അപ്പുത്രരൂപമാന്നോരാത്മാവിൽപുണ്യകമ്മം
ശില്പമായ്ചെയ്വാൻപ്രതിനിധിയായ്കല്പിക്കുന്നു;
പിന്നീട്ടുപിതാവിൻെറയിതരാത്മാവുതാനെ
മന്ദമെന്നിയെ കൃതകൃത്യനായ് മരിക്കുന്നു. 34

തന്നാത്മാവിരിക്കിലും പുത്രനില്ലാത്തവന്നു
പുണ്യമാം പിതൃലോകം ലഭിച്ചീടുന്നതല്ല;
അകയാലനുശിഷ്ടനാകും പുത്രനെപ്പര-
ലോകസാധനമെന്നുചൊല്ലുന്നു ശാസ്ത്രജ്ഞന്മാർ. 35

'മനുഷ്യലോകംപുത്രൻതന്നാലെജയസാധ്യ-
മിനിമറെറാന്നിനാലും കഴിയുന്നതുമല്ല;'
അത്യയോന്മുഖനപ്പോൾ പുത്രനെ 'നീബ്രഹ്മ'മെ-
ന്നിത്ഥമാദിയാംമന്ത്രംകൊണ്ടുപദേശിക്കണം. 36

എന്നീവിധംശ്രുതികൾ പുത്രഭാര്യാദികളെ
തന്നാത്മാവിന്നാശ്രയമായിട്ടുപറയുന്നു;
ലൗകികരായവരും പുത്രനുമേന്മയേത്താ-
നേകുന്നിങ്ങെല്ലാററിനുംമീതെയെന്നോർത്തീടണം. 37

താൻമൃതിയടഞ്ഞാലും പുത്രൻമുതലായവർ
തന്മുതലെത്രയുണ്ടാകിൽ സുഖമായ് ജീവിക്കുമോ,
അതിന്നായ്ക്കുശ്രമിക്കുന്നുണ്ടാകയാൽ പുത്രാദികൾ
സ്വന്തമാമാത്മാവേക്കാൾ മുഖ്യന്മാരെന്നുവന്നു. 38

സമ്മതിക്കുന്നു,വെന്നാലിത്രത്തോളവുംകൊണ്ടീ-
യാത്മാവിങ്ങാരുടേയും ശേഷമായ്‌വരികില്ല;
ആത്മാവിതുഗൌണവും, മിഥ്യയും,മുഖ്യവുമായ്
മുമ്മട്ടുഭേദങ്ങളോടൊത്തതാണറിയണം. 39

ഇദ്ദേവദത്തൻതാനൊ സിംഹമാകുന്നുവെന്നീ-
യദ്വൈതംവരുന്നിതുഗുണത്വം നിമിത്തമാം;
രണ്ടിനും പ്രത്യക്ഷത്തിൽ രൂപവൈജാത്യമത്രു-
മുണ്ടല്ലൊ,പുത്രാദികൾമാമട്ടാമാത്മഭാവം. 40

അഞ്ചായകോശങ്ങളിൽ സാക്ഷിതൻസാമീപ്യത്താൽ
വിജ്ഞാതമാണെങ്കിലും ഭേദം, പ്രകാശിപ്പീല;
തന്മൂലമവയ്ക്കുണ്ടായ് മിഥ്യാത്മഭാവമത്രു-
മമ്മോഷകത്വം കല്പിച്ചീട്ടുംപോൽ സ്ഥാണുവിങ്കൽ. 41

സാക്ഷിക്കുഗൌണത്തിലും മിഥ്യയിലുംപോൽഭേദം
ലക്ഷിക്കാനില്ലതന്നെ,യപ്രതിമത്വംമൂലം;
സർവാന്തരത്വത്താലും സാക്ഷിക്കുതന്നെയല്ലൊ
സർവഥാ മുഖ്യാത്മത്വമൂഹ്യമായിരിപ്പതും. 42

ഇമ്മട്ടിലിരിക്കുംപോൾ യാതൊരുകാര്യങ്ങളിൽ
കാണ്മതാമാത്മഭാവമേതുതാനുചിതമൊ,
പ്രാധാന്യമായതിന്നുമാത്രമാണതുകളി-
ലോർത്താലുമപ്രാധാന്യം മറെറല്ലാററിന്നുമുണ്ടാം. 43

പ്രാണനാശോന്മുഖന്നു ഗൃഹരക്ഷാദികളിൽ
ഗൌണാത്മാവായപുത്രൻമാത്രമാണുപകാരി;
മുഖ്യാത്മാവിനെക്കൊണ്ടും മിഥ്യാത്മാവിനെക്കൊണ്ടും
ശക്യമല്ലൊന്നും, പുത്രനാകയാൽ മുഖ്യനായി. 44

അദ്ധ്യയനംചെയ്യുന്നോ 'നഗ്നി'യെന്നീപ്രയോഗം,
സാധുവാകില്ലഗ്നിയിൽ,യോഗ്യതയില്ലായ്കയാൽ;
മാണവകൻമാത്രമാം ഗ്രഹിക്കപ്പെടുന്നതും
വേണുന്നയോഗ്യഭാവമായാളിൽകാണുകയാലെ. 45

'കൃശനാംഞാൻപുഷ്ടിയെപ്രാപിക്കു'മെന്നീവാക്യ-
വിഷയത്തിലാത്മത്വം ദേഹത്തിന്നുചിതമാം;
പുഷ്ടിഹേതുവാമന്നം ഭക്ഷിക്കും കാര്യത്തിങ്കൽ
പുത്രൻവേണമെന്നില്ല,മിഥ്യാത്മാ മുഖ്യമായി. 46

തപസ്സുചെയ്തിട്ടുഞാൻ സ്വർഗ്ഗംപ്രാപിക്കുമെന്നോ-
രഭിപ്രായത്തിൽജ്ജീവന്നാത്മത്വം യോഗ്യമല്ലോ;
ആകയാൽശരീരവും ഭോഗവും ഗണിക്കാതെ
നോൽക്കുന്നുവ്രതങ്ങളാം കൃച്ഛ്റചാന്ദ്രായണങ്ങൾ. 47

മുക്തിഞാൻനേടുമെന്നങ്ങുറയ്ക്കിലപ്പോൾപുമാൻ
ശാസ്ത്രംഗുരുവുംവഴിബോധിക്കും ചിദാത്മത്വം;
അവന്നാസ്വപ്രകാശസാക്ഷിയാം മുഖ്യാത്മത്വ-
മവശ്യം യുക്തമത്രെ, കർത്ത്രാദ്യാത്മത്വമല്ല. 48

വിപ്രൻ, ക്ഷത്രിയൻ, മുതലായോർക്കുബൃഹസ്പതി-
സപ്തതന്തുവ്യവസ്ഥയെവ്വിധം ചെയ്തിരിപ്പൂ,
ആവിധം യഥോചിതം ഗൌണമിഥ്യാത്മാക്കളിൽ
വ്യാവഹാരികത്തിങ്കൽ പ്രാധാന്യം കല്പിപ്പതാം. 49

തത്തദ്വിഷയങ്ങൾക്കുയുക്തമായ് ഗൌണാത്മാവിൽ,
മിഥ്യാത്മാവിലും ജാതമായിടും പ്രീതിമാത്രം;
ആത്മാവിൽതന്നെയല്ലോ നിസ്തുലമാകുംപ്രീതി,
ആത്മശേഷമാമനാത്മാവിങ്കൽനാമപ്രീതി.
ആത്മാവശേഷംപോലുമല്ലാത്തയന്യങ്ങളിൽ
കാണ്മില്ലപ്രീതി,പിന്നെയതിപ്രീതിയോയില്ല. 50

ഉപേക്ഷ്യം,ദ്വേഷ്യമെന്നു'മന്യങ്ങൾ'രണ്ടുവിധം:
ഉപേക്ഷ്യം,മാർഗ്ഗത്തിലെ തൃണംതൊട്ടുള്ളവയും,
വ്യാഘ്രംസർപ്പമെന്നിവദ്വേഷ്യത്തിൻദൃഷ്ടാന്തങ്ങ-
ളിക്കണക്കിലുണ്ടത്രെവസ്തുക്കൾചതുർവ്വിധം. 51

ആത്മാവു,മാത്മശേഷ,മുപേക്ഷ്യം, ദ്വേഷ്യവുമായ്
കാണ്മതാംനാലിൽപ്രീതിക്കില്ലല്ലോ നിയമവും;

വസ്തുവിൻപ്രയോജനം മുൻനിർത്തിവിഭജനം
ചെയ്തുകൊള്ളുകയത്രെ യുക്തമെന്നറിയണം. 52

നേരിട്ടുവരും വ്യാഘ്രം ദ്വേഷ്യവും,നേക്കാതെക-
ണ്ടാരാൽമടങ്ങുന്നാകിലുപേക്ഷ്യവുമാകുന്നു;
ലാളനകൊണ്ടിണങ്ങുന്നെങ്കിൽനമ്മവസ്തുവാ-
യാഹ്ളാദവിഷയമായ്ഭവിക്കുന്നതുമാകും. 53

നിയമം വ്യക്തിക്കില്ല,യെന്നാലും ലക്ഷണത്താൽ
നിയമിച്ചീട്ടുന്നുണ്ടുഹിതത്വ,മഹിതത്വം,
രണ്ടുമൊട്ടില്ലായ്മയും ലക്ഷണമേവമല്ലൊ;
കണ്ടാലുമാത്മാവേററം പ്രിയമാം വസ്തുവെന്നും,

അത്മാത്ഥമായതെല്ലാം പ്രിയവസ്തുക്കളെന്നും,
തന്മട്ടിലല്ലാത്തതിൽദ്വേഷ,മുപേക്ഷയെന്നും:
ഈമട്ടുവ്യവസ്ഥിതിയംഗീകരിപ്പൂലോകം, 54
സമ്മതവുമാണിതു യാജ്ഞവൽക്യനംപാത്താൽ. 55

പുത്രനിൽവിത്തത്തിലും മറെറല്ലാററിലും നിന്ന-
ങ്ങാന്തരമായിട്ടുന്നോരാത്മതത്വത്തിലേററം
പ്രീതിയാളുന്നതായിബ്ബോധിപ്പാനുപദേശം
മറെറാരുശ്രുതിക്കൂടിത്തന്നനുഗ്രഹിക്കുന്നു. 56

ശ്രുത്യത്ഥനിരൂപണരൂപമാം വിചാരത്താൽ
വ്യക്തമാം സാക്ഷിയത്രെ മുഖ്യാത്മാ,വന്യമല്ല;
പഞ്ചകോശങ്ങൾവകതിരിച്ചിട്ടന്തർഭാഗം
തഞ്ചിട്ടുമാത്മവസ്തുദൃഷ്ടിതാൻ 'വിചാരണ'. 57

ജാഗരം സ്വപ്നം സുഷുപ്തിയിവയ്ക്കുള്ളാഗതിയും
നിർഗ്ഗതിയുമെന്നിവയറിയിച്ചീട്ടും ജ്ഞാനം,
ചൈതന്യസ്വരൂപനാമേവനിൽനിന്നാകുന്നു,
ബോധിച്ചീടവൻചിത്താം സ്വപ്രകാശാത്മാവല്ലൊ. 58

പ്രാണൻമുതല്ക്കുവിത്തംവരെയും പദാത്ഥങ്ങൾ
കാണാംതാരതമ്യംകൊണ്ടാത്മാവോടടുപ്പമായ്;
അവയ്ക്കേഴ്മട്ടുപ്പംപോലെതാരതമ്യത്തി-
ലവയിൽപ്രീതിതാനും കാണ്മതുവിദിതമാം. 59

വിത്തത്തെക്കാളുംപുത്രൻ, പുത്രനെക്കാളും ഗാത്രം,
ഗാത്രത്തെക്കാളുമക്ഷ,മക്ഷത്തെക്കാളുംപ്രാണൻ,

പ്രാണനെക്കാളുമാത്മാപ്രിയമാകുന്നുപാരം:
കാണുകീവിധം താരതമ്യത്തിൽപ്രേമക്രമം. 60

ഇമ്മട്ടിലിരിക്കവേ ജ്ഞാനിയുമജ്ഞാനിയും
തമ്മിലീവിഷയത്തിൽ വിവാദമുണ്ടാകാമ്പാൻ
ആത്മാവുപ്രിയതമനെന്നുള്ളശ്രുതിബോധം
കാണുമതിന്നുദാഹൃതമായിതുപുത്രാദികൾ. 61

അന്യമാംദൃശ്യത്തെക്കാൾ സാക്ഷിതാനതിപ്രിയ-
നെന്നല്ലൊ തത്വജ്ഞനിഷ്ഠനായവൻപറയുന്നു:
പുത്രാദ്യമതിപ്രിയമെന്നുമങ്ങവരേറെടെ
ഭോക്താവുസാക്ഷിയെന്നുംചൊല്ലുന്നു മൂഢന്മാരും. 62

ശിഷ്യനും വിപക്ഷിയുമാത്മാവിൽനിന്നന്യത്തെ-
യിഷ്ടവസ്തുവായ്ചൊല്ലുന്നായതിൽപ്രതിവാക്യം
രണ്ടാൾക്കും യഥാക്രമം ബോധവും ശാപംതാനു-
മുണ്ടായിവരേണ്ടതാം, നന്നാവാനിതേമാർഗ്ഗം. 63

നിങ്ങൾതൻപ്രിയവസ്തുനിങ്ങളെക്കരയിക്കു-
മങ്ങനെതത്വജ്ഞാനിയുത്തരമുരച്ചീടും
ശിഷ്യനോ വിവേകത്താൽതാൻചൊല്ലും പ്രേമവസ്തു
ദോഷദൃഷ്ട്യനിഷ്ടമെന്നുധരിക്കുമെന്നേവരു. 64

പുത്രനെ ലഭിക്കായ്കിൽ പിതാക്കളതിഖിന്ന-
രാപ്തിയിലലസലും ബാധിക്കും സൂതിപീഡ,
ജാതനുഗ്രഹപ്പിഴ,രോഗം,ബാലനു മൌഢ്യം,
വൈദുഷ്യത്തിൽക്കുറവങ്ങുപനയിച്ചീടിലും;
വിവാഹം ചെയ്തിടായ്ക്ക പാണ്ഡിത്യമുണ്ടാകിലും,
യുവാവിൻ ജാരവൃത്തി, കുടുംബദാരിദ്ര്യവും,
ദ്രവിണവാനെന്നാകിലപ്പൊഴേ പുത്രാത്യയ-
മവസാനമില്ലാതെ ദുഃഖിപ്പൂ പുത്രൻ മൂലം. 65—67

ഇമ്മട്ടു വിവേചിച്ചു പുത്രൻ തൊട്ടുള്ളവയിൽ
സമ്മദമുപേക്ഷിച്ചു സ്വാത്മാവിൽ പരപ്രേമം
നിർണ്ണയം ചെയ്തിട്ടവനാത്മാവെസ്സദാകാലം
നന്നായനുസന്ധാനം ചെയ്തുകൊണ്ടിരിക്കുന്നു. 68

പുത്രാദിപ്രീതികൊണ്ടും ബ്രഹ്മജ്ഞദ്വേഷംകൊണ്ടും
സ്വന്തമാമഭിപ്രായം വിടാത്തവിസംവാദി

നരകദുഃഖങ്ങളുമനേകം യോനികളിൽ
പെരുത്തു ജന്മംതൊട്ട ദോഷവും ഭുജിച്ചീടും. 69

ബ്രഹ്മജ്ഞാനിതാൻ ബ്രഹ്മസ്വരൂപമാകമൂലം
സമ്മതിക്കുന്നിതവനീശ്വരനെന്നു വേദം;
അയവൻ ചൊല്ലുംപോലെ ശിഷ്യനും വിപക്ഷിക്കും
ന്യായമായ് ഫലിച്ചിട്ടും, കില്ലില്ലയതിലേതും. 70

പ്രിയനുമുത്തമനും സാക്ഷിയുമാമാത്മാവെ
നിയതം സേവിക്കുന്ന മാനവന്നവിരതം,
ഈയാത്മാവതിപ്രിയൻ, പ്രതിവാദിതൻപുത്ര-
ഭാര്യാദികൾപോലൊരുകാലവും നശിക്കില്ല. 71

പരമപ്രേമാസ്പദമെന്നതുനിമിത്തമായ്
പരാനന്ദസ്വരൂപമാത്മാവിന്നുള്ളതായി;
പ്രീതിവൃദ്ധിച്ചിടുംപോൾ സുഖവും വൎദ്ധിപ്പതാ-
യോതുന്നു സമ്രാഡാദിസൌഖ്യം ദൃഷ്ടാന്തമായി. 72

ഇച്ചിദാത്മാവിൽ ജ്ഞാനംപോലെതാനാനന്ദവും
നൈജമാം സ്വഭാവമാ,ണെന്നാകിൽ ബുദ്ധിതന്റെ
സൎവമാം വൃത്തിയിലും ജ്ഞാനത്തോടാനന്ദവും
സൎവദാ സമാശ്രയിച്ചിരിക്കേണ്ടതല്ലയൊ? 73

അപ്രകാരത്തിലല്ല, ഉഷ്ണവും പ്രകാശവും
ദീപരൂപമാ,മെന്നാൽ ഗൃഹത്തിലതിൻ പ്രഭ
എന്നപോൽ വ്യാപിക്കയില്ലുഷ്ണമൌവ്വുന്നമല്ലോ
ജ്ഞാനം മാത്രമേധീയിലനുവൎത്തിപ്പതുള്ളൂ. 74

ഗന്ധവും രൂപം രസം സ്പൎശവും വേറാകിലും
ബോധിക്കുന്നൊരിന്ദ്രിയമവയിലൊന്നു മാത്രം;
എന്നപോൽ ധീയിൽ ജ്ഞാനം മാത്രമേ വ്യഞ്ജിക്കുള്ളു-
വെന്നതുമൂലം സുഖമാത്മാവല്ലെന്നതില്ല. 75

ചിത്തുമാനന്ദവുമഭിന്നങ്ങളാമെന്നാൽ
ഗന്ധാദികങ്ങൾ ഭിന്നമെന്നാണു ശങ്കയെങ്കിൽ
ചിത്തിനാനന്ദത്തിനു മഭേദം സാക്ഷിയിലൊ
ബുദ്ധിവൃത്തികളാകുമന്യങ്ങളിലൊ ചൊല്ലു? 76

ആദ്യപക്ഷത്തിലെന്നാൽ, ഗന്ധാദികൾ തന്നെയും
ഭേദമെന്നിയെ വൎത്തിച്ചീടുന്നു പുഷ്പത്തിങ്കൽ;

ഇന്ദ്രിയഭേദം മൂലമവയും ഭേദിക്കുകിൽ
ഭിന്നവൃത്തികൾകൊണ്ടു ചിത്സുഖങ്ങളും ഭിന്നം. 77

സാത്വികവൃത്തിതന്നിൽ ചിത്തിനും സുഖത്തിനും
വൃത്തിതൻ ശുദ്ധിമൂലമഭേദം ബോധപ്പെട്ടും;
രജോവൃത്തിയിലാട്ടെ, മാലിന്യം നിമിത്തമായ്
നിജാനന്ദാംശം ധീയിൽ മറഞ്ഞുപോയീടുന്നു. 78

വലുതായ് പുളിച്ചീടും പുളിതൻ പഴമുള്ളിൽ-
ക്കലരുന്നേരമതിൻ വമ്പുളിപോവുകയാൽ
ചെറുതായ്പുളിക്കുന്നി, തെന്നപോൽ രജസ്സിങ്കൽ-
ക്കുറവായ് ശോഭിക്കുന്നു സുഖാംശമറിഞ്ഞാലും. 79

എന്നാകിൽ പരപ്രേമധാമത്വം കൊണ്ടാത്മാവി-
ന്നാനന്ദസ്വരൂപത്തെഗ്ഗൌണാദികളിൽനിന്നും
വേറാക്കാൻ കഴിഞ്ഞേക്കാം, മെന്നാലീവിവേചനം
സാരമാം യോഗമെന്യേ മുക്തിസാധനമാകാ. 80

ജ്ഞാനഹേതുവായ്യോഗം മുന്നംചൊന്നപോൽത്തന്നെ
ഗൌണാദ്യാത്മത്വവിവേചനത്തിനാലും പിന്നെ
പഞ്ചകോശങ്ങൾ ചെമ്മെ വിവേകംചെയ്കയാലു-
മഞ്ചാതെയാത്മജ്ഞാനമുണ്ടാകയില്ലെന്നാമോ? 81

ജ്ഞാനനിഷ്ഠന്മാർ പൂകും മോക്ഷസ്ഥാനംതന്നെയാം
നൂനമീയോഗികളും പ്രാപിച്ചീടുന്നുവല്ലോ;
ആകയാൽയോഗികൾക്കും വിവേകികൾക്കുംഫല--
മേകമാം മോക്ഷമെന്നു ഗീതതാനരുളുന്നു. 82

ചിലർക്കു യോഗം സാദ്ധ്യമല്ലാതെവരുന്നിതു
ചിലർക്കു വിചാരത്താൽ വരാ വിജ്ഞാനദാർഢ്യം;
ഈവിധം നിരൂപിച്ചു കൃഷ്ണനാം ശ്രീഭഗവാൻ
വെവ്വേറെ രണ്ടുമാർഗ്ഗമുപദേശിച്ചീടിനാൻ. 83

നിങ്ങൾക്കീയോഗത്തിങ്കൽ വിശേഷപ്രതിപത്തി
തങ്ങിടാനെന്തുബന്ധം? രണ്ടിലും ജ്ഞാനം തുല്യം;
രാഗദ്വേഷാദികളാലബാധിതാവസ്ഥയും
പാർക്കിൽ വിവേകിക്കും യോഗിക്കും തുല്യമത്രെ. 84

നിരതിശയപ്രീതിക്കാസ്പദമാത്മാവാണെ-
ന്നറിഞ്ഞോനെപ്രകാരം ഭോഗത്തിലുണ്ടാം മോദം?

തന്മൂലമെപ്പ്രകാരം രാഗവും; പ്രാതികൂല്യം
കാണ്മതില്ലെങ്കിലെങ്ങുദ്വേഷവുമുണ്ടാകുന്നു? 85

ദേഹാദികളുപദ്രവമണയ്ക്കും വസ്തുക്കളിൽ
ഗർഹയാകട്ടെ തുല്യമായുണ്ടാം രണ്ടുപേൎക്കും;
ഗർഹിപ്പോൻയോഗിയാകയില്ലെന്നു ചൊല്ലുന്നാകിൽ
ഗർഹണംചെയ്യുന്നവനല്ലല്ലോ വിവേകിയും. 86

ദ്വൈതപ്രതീതിയ്യാകിൽ വ്യവഹാരകാലത്തു
സാദൃശ്യംകാണുന്നുണ്ടു പാൎക്കുകിൽ രണ്ടാളിലും;
യോഗിക്കുസമാധിയിൽ ദ്വൈതമില്ലെങ്കിലത-
ങ്ങൊക്കുന്നുവിവേകിക്കുമദ്വൈതവിവേകത്തിൽ. 87

ദ്വൈതത്തെ കാണെത്തന്നെ വിവേകിദൎശിക്കില്ലെ-
ന്നദ്വൈതാനന്ദമെന്ന മൂന്നാമദ്ധ്യായത്തിൽ,
ഞങ്ങളോ ചൊല്ലുന്നുണ്ടു, തന്മൂലംചൊന്നതെല്ലാം
തുംഗമംഗളകരമാണെന്നു ധരിക്കണം. 88

സ്വരൂപാനന്ദം സദാ കണ്ടുകൊണ്ടും സമസ്ത-
ചരാചരത്തിനേയും കാണാതെയിരിപ്പവൻ,
അൎത്ഥത്താൽ യോഗിയാകിൽ സന്തോഷയുക്തനായ് നീ-
യുത്തരോത്തരം വൃദ്ധി പ്രാപിച്ചുരമിച്ചാലും! 89

ബ്രഹ്മാനന്ദമെന്നതാം ഗ്രന്ഥത്തിൽമന്ദന്മാൎക്ക-
മാത്മാവബോധംനേടാനീ രണ്ടാമദ്ധ്യായത്തിൽ
ആത്മാവുതൻ സ്വരൂപമാനന്ദം തന്നെയെന്നു
ചെമ്മേ വേർതിരിച്ചേവം കാട്ടിനേൻ ശുഭംഭൂയാത്. 90

ശുഭം.

ഓം.

# ബ്രഹ്മാനന്ദത്തിൽ അദ്വൈതാനന്ദം.

---

## പ്രകരണം 13.

മുൻമർശിച്ചതായ്ക്കണ്ട യോഗാനന്ദമെന്നുള്ള–
താത്മാനന്ദമായ്ത്തന്നെവന്നോട്ടെ, സമ്മതിക്കാം;
എന്നാലീസദ്വയമാമാത്മാനന്ദത്തിന്നിഹ
വന്നതെങ്ങനെബ്രഹ്മഭാവ,മെങ്കിലോ കേൾക്ക. 1

അന്തരീക്ഷം തുടങ്ങിസ്സ്വദേഹാന്തമായതും
തൈത്തരീയശ്രുതിയിൽ ചൊന്നതുമായലോകം
അത്മാവാമാനന്ദത്തെ വിട്ടന്യമല്ലായ്കയാൽ
ബ്രഹ്മമാമദ്വൈതത്വമല്ലാതെയന്യമില്ല. 2

ആനന്ദംതന്നിൽനിന്നു ലോകമുണ്ടായിതല്ലോ,
ആനന്ദത്തിങ്കൽതന്നെ നിലയും ഭവിക്കുന്നു;
ആനന്ദത്തിങ്കൽതന്നെ ലയവും ചെയ്യുതെങ്കി–
ലാനന്ദത്തിൽനിന്നന്യമാകുന്നതെപ്രകാരം? 3

കുശവൻതീർത്തഘടം കുശവൻതന്നിൽനിന്നു
വിശിഷ്ടമാണൊയെന്നു ശങ്കിക്കവേണ്ടയല്ലോ;
ആനന്ദം, മൃത്തെന്നപോൽ, ലോകത്തിന്നുപാദാനം:
ആനമക്കുശവൻപോൽ നിമിത്തമാകുന്നില്ല. 4

ഘടത്തിന്നൊരിക്കലും സ്ഥിതിയുംവിലയവും
ഘടകാരനിലല്ല, കാണ്മതു മൃത്തിലത്രെ;
എന്നപോലവരണ്ടും ജഗദുപാദാനമാ-
മാനന്ദത്തിലെന്നല്ലോ കാണുന്നു ശ്രുതിതന്നിൽ. 5

മൂന്നുവിധത്തിൽഭിന്നമാകുന്നിതുപാദാന–
മെന്നതുവിവർത്തവുമാരംഭം, പരിണാമം:
ഇമ്മൂന്നുവിഭാഗത്തിലവസാനത്തെരണ്ടി–
ന്നാത്മാവിൻ നിരംശത്താലവകാശമേയില്ല. 6

കന്നിങ്കൽ നിന്നിതരത്തിന്നുടെയുൽപ്പത്തിയെ–
ച്ചൊന്നിടുന്നാരംഭകവാദികൾ വൈശേഷികർ;

ഇമ്മട്ടിൽനൂലിൽനിന്നു വസ്ത്രമുണ്ടാകു,മെന്നാ-
ലമ്മുണ്ടും നൂലുംപാൎത്താൽ ഭിന്നങ്ങൾതന്നെയല്ലോ. 7

സ്വന്തമാം രൂപംവിട്ടുമറെറാരുരൂപംവസ്തു-
വേന്തുകിലായതതിൻ പരിണാമഭാവമാം;
എവ്വണ്ണംപാലുംമണ്ണും സ്വൎണ്ണവും യഥാക്രമ-
മാവുന്നു തൈരും ഘടം ഭൂഷയുമതേവിധം. 8

എന്നാൽവിവൎത്തമാട്ടെ, മുൻമട്ടിരിക്കെത്തന്നെ-
തോന്നലാണന്യമട്ടിൽ, രജ്ജുവിൽസൎപ്പംപോലെ;
നഭസ്സിൽതലംമലമെന്നിവ കല്പിക്കയാ-
ലഭേദ്യവസ്തുവിലും വിവൎത്തം സംഭവിക്കാം. 9

ആകയാലംശഹീനമായിട്ടുമാനന്ദത്തിൽ
ലോകം വിവൎത്തമാണെന്നറിഞ്ഞുകൊണ്ടീടണം;
ഐന്ദ്രജാലികനുള്ള ശക്തിക്കുതുല്യമായ
മേദുരമായാശക്തിയീവിധംകല്പിക്കുന്നു. 10

ശക്തനിൽനിന്നു ശക്തിവേറെയായ്ക്കാണായ്കയാൽ
വ്യത്യസ്തമല്ല,യെന്നാൽത്തടസ്സം വരികയാൽ
ഭേദമില്ലെന്നുമില്ല,യെങ്കിലഭിന്നമാകിൽ
ശക്തിതന്നഭാവത്തിലാൎക്കാവോ പ്രതിബന്ധം? 11

ശക്തിതൻകാൎയ്യമനുമാനിച്ചു ധരിക്കണം
പ്രത്യൂഹംകണ്ടീടണം കാൎയ്യത്തിന്നഭാവത്തിൽ;
കത്തുന്നതീയ്യിൽ ദാഹക്രിയകാണ്മ,തില്ലെന്നാൽ
മന്ത്രാദിരുദ്ധമെന്നേ വിചാരിക്കേണ്ടതുള്ളൂ. 12

ഗുണകാൎയ്യമാം സ്ഥൂലദേഹാദിയിൽ നിഭൃത-
മണയും ഭാസ്വദ്ബ്രഹ്മശക്തിമുനികൾകണ്ടാർ;
ഈബ്രഹ്മത്തിന്നുൽകൃഷ്ടശക്തിയോ ബഹുവിധം
ശോഭിക്കുമിച്ഛാക്രിയാജ്ഞാനസ്വരൂപങ്ങളിൽ. 13

ഈവിധം വേദോക്തിപോൽ ചൊല്ലുന്നു വാസിഷ്ഠവും:
ഈവിനാശഹീനമായ് സൎവ്വത്രപൂൎണ്ണമായി
അദ്വിതീയവുമായിങ്ങരുളും പരബ്രഹ്മം
വിദ്യോതിക്കുന്നു സൎവ്വശക്തിസംയുതമെന്നും. 16

ആ പരബ്രഹ്മമെപ്പോളേതൊരുശക്തിമൂല-
മുൽഫുല്ലമാകുമപ്പോൾ പ്രാപിക്കുമഭിവ്യക്തി;

അല്ലയോരാമാ, ബ്രഹ്മത്തിന്നുടെ ചിച്ഛക്തിതാ-
നുല്ലസിക്കുന്നുവല്ലോ സർവ്വദേഹങ്ങളിലും. 15

അനിലൻതന്നിൽ ചലശക്തിയപ്പോഷാണത്തിൽ
ഘനമെന്നുള്ളശക്തി, ജലത്തിൽദ്രവശക്തി,
അഗ്നിയിൽ ദാഹശക്തി, വ്യോമത്തിൽ ശൂന്യശക്തി,
ഭംഗുരവസ്തുക്കളിൽ നാശശക്തിയുമേവം,
അണ്ഡത്തിനുള്ളിൽ മഹാകുണ്ഡലിയെന്നപോലെ 16
നിർണ്ണയമാത്മാവിങ്കൽ ജഗത്തുമിരിക്കുന്നു. 17

വല്ലിയും, പത്രം, പുഷ്പം, ഫലവും, ശാഖ, സ്കന്ധം,
മൂലവുമാർന്നവൃക്ഷം ബീജത്തിലിരിക്കുംപോൽ
ബ്രഹ്മത്തിൽ ബ്രഹ്മാണ്ഡങ്ങളെണ്ണമററിരിക്കുന്നു;
ബ്രഹ്മത്തിൽനിന്നുളവാം ചിലപ്പോഠം ചിലേടത്തു
ചിലശക്തികഠംമാത്രം, ദേശകാലങ്ങഠം പററാ- 18
ഞ്ഞിളയിൽ കിളിക്കാതെകിടക്കും ധാന്യങ്ങഠംപോൽ. 19

അല്ലയൊ രാമാ, സർവ്വശതനായെല്ലായ്പ്പൊഴു-
മുല്ലസിച്ചീടും മഹാചിദ്രൂപനാത്മാവല്ലൊ;
എപ്പൊഴീയാത്മാവല്പം വിചാരശക്തിയാളു-
മപ്പൊഴാശക്തിരൂപം മനസ്സെന്നുക്തമാകും. 20

ഏവം ബ്രഹ്മശക്തിയാലാദ്യജാതമാം ചിത്തം
ഭാവിച്ചു ബന്ധംമോക്ഷം, ലോകാഖ്യവിശപംപിന്നെ;
ഈവിധംസുഭഗരാം ബാലന്മാരൊടുചൊല്ലും
കേവലം കഥപോലെയീലോകം നിലകൊണ്ടു. 21

ബാലൻതൻവിനോദാർത്ഥം ധാത്രിയാഠംപറയുന്നു:
ചേലെഴും കഥ, മഹാബാഹൊ, അങ്ങൊരുദിക്കിൽ
ഉണ്ടായി രാജപുത്രർഗുണികഠം മൂന്നാളുകഠം,
രണ്ടുപേർ ജനിക്കാത്തോരവരിൽ മൂന്നാമവൻ
ഗർഭത്തിലുൽപ്പന്നനുമായില്ല, ധർമ്മമൊത്തു 22
ശോഭിച്ചു മൂവരേററം ശൂന്യമാം പുരംവാഴ്‌വൂ. 23

ഒരുനാഠംതങ്ങളുടെ ശൂന്യമാംപുരംവിട്ടു
പുറമേചരിച്ചീടും നിർമ്മലന്മാരാമവർ
കണ്ടിതുഫലം കായ്ച്ചുകിടക്കും മാമരങ്ങഠം
വിണ്ടലത്തിങ്കലൊട്ടുവളരെ നീളുന്നതായ്. 24

ഭവിഷ്യൽപ്പുരിതന്നിലാരാജപുത്രർമൂന്നും
നിവസിപ്പൂസുഖമായ് നായാടിരസിച്ചിന്നും. 25

ഹേരാമ,യീവിധത്തിൽപോററമ്മചൊന്നതാകു-
മാരമ്യബാലകഥയാബാലൻ നിർവ്വിചാരം
ശ്രവിച്ചുസത്യമെന്നു നിശ്ചയിക്കയും ചെയ്താൻ;
വിവേകഹീനന്മാക്കു സത്യമാണെന്നുതോന്നു-
മീപ്രപഞ്ചകല്പന ബാലനെധാത്രിചൊല്ലി- 26
ക്കേൾപ്പിച്ചുകഥപോലെ സത്യമായിരിപ്പതാം. 27

ഇക്കണക്കനേകമാം കഥകൾകൊണ്ടുമായാ-
ശക്തിവിസ്തരംചൊന്നാൻവസിഷ്ഠൻ രാമനോടായ്;
ആമായനിർവ്വചിക്കാനാകാത്തതെന്നുകാട്ടാ-
നാമോദംനിരൂപണമാചാര്യൻ ചെയ്യുന്നിപ്പോൾ. 28

ഈശക്തി, കാര്യലോകം തന്നിലുമാശ്രയമാം-
ശാശ്വതബ്രഹ്മത്തിലും നിരന്നാററംവിഭിന്നമാം;
അഗ്നിതൻശക്തികാര്യം സ്ഫോടവു, മാലംബമാ-
മംഗാരവുംദൃശ്യമാം, ശക്തിയുത്പ്രേക്ഷ്യമല്ലോ. 29

വലിപ്പം, മൂട്ട, വയ,റെന്നിവചേന്നാഘട-
മുളവാം മൃത്തികൽനി,ന്നാകയാൽ മൃൽക്കാര്യമാം;
മൃൽസ്സയൊ ശബ്ദംതൊട്ടുഗുണങ്ങളഞ്ചുള്ളതും
മൃത്സ്നാശക്തിയുമെന്നാലാരണ്ടിൻ മട്ടിലല്ല. 30

ശക്തിയിൽപീനതാദിയാകും കാര്യധർമ്മമാ
ശബ്ദാദിയാമാശ്രയധർമ്മമോ കാണുന്നില്ല;
അതുപോൽമായാശക്തിതന്നിലും ഭവിക്കയാ-
മതിനാലചിന്ത്യമിതനിർവ്വചനീയമാം. 31

കാര്യമങ്ങുത്ഭവിക്കും മുന്നമേ ശക്തി മൃത്തിൽ
സ്വൈരമായ്വർത്തിച്ചിതു നിഗൂഢമറിയണം;
കുലാലൻ, ദണ്ഡചക്രം, തൊട്ടുള്ള വ്യാപാരത്താൽ
നലമാമഭിവ്യക്തിയതിന്നു ഭവിക്കുന്നു. 32

വിവേകമില്ലാത്തവർ സ്ഥൂലത്വാദിയാം രൂപം-
കവരും കാര്യത്തെയും, ശബ്ദാദിഗുണമാകും
മൃത്തികയേയുമൊന്നായ് സംകല്പംചെയ്തും കൊണ്ടി-
ട്ടോതുന്നുഘടമെന്നു വിചാരമില്ലായ്കയാൽ. 33

കുലാലവ്യാപാരത്തിൻ മുന്നമേ മൃത്തികയി-
ലുളവാം യാതൊരംശമായതു ഘടമല്ല;
പിന്നീട്ടവലിപ്പവും മൂട്ട മുതലായതും
ചേൎന്നിട്ടുമണ്ണിൽനിന്നു ഘടവും സഞ്ജാതമായ്. 34

ഘടത്തിന്നുടെരൂപം നശിക്കേ ഘടംകാണാ-
നിടയില്ലായ്കമൂലം ഘടം മൃദ്ഭിന്നമല്ല;
മുന്നംമൃത്തികപിണ്ഡമായിരുന്നപ്പോഠം ഘട-
സാന്നിദ്ധ്യം കാണായ്കയാലഭിന്നവുമല്ലല്ലോ. 35

ആകയ ൽഘടം, ശക്തിപോലനിൎവ്വചനീയം
അക്കാരണത്താൽ ശക്തിജന്യമായ് ഘടമുണ്ടായ്,
അവ്യക്താവസ്ഥതന്നിൽ ചൊന്നിതുശക്തിയെന്നായ്
സുവ്യക്തമായിട്ടംപോഠംധരിച്ചു ഘടനാമം. 36

ഐന്ദ്രജാലികൻതന്നിലിരിക്കും ശക്തിതാനു-
മാദ്യമേവിശദമായ് വരുന്നതില്ലയല്ലോ;
പിന്നെഗ്ഗന്ധൎവ്വസേനതൊട്ടുള്ളോരാകൃതിയിൽ
നന്നായിവ്യക്തിതന്നെ പ്രാപിക്കയെന്നതുണ്ടാം. 37

ഇക്കണക്കിൽവികാരമെന്നതുമായാരൂപ-
മാകയാൽ പാരമാൎത്ഥ്യമതിന്നേതുമില്ലെന്നും
വികാരാധാരമാകും മൃത്തെന്നപദാൎത്ഥമേ
തികഞ്ഞസത്യമെന്നും ചൊല്ലുന്നുവേദംതാനും. 38

ശബ്ദേന്ദ്രിയോപായത്താലുച്ചാൎയ്യമാകും നാമം
മാത്രമാംവികാരവും, സത്യത്വമതിന്നില്ല;
ശബ്ദാദിപഞ്ചഗുണയുക്തമായിട്ടും മൃത്തു
മാത്രമാണോൎത്തീടണം സത്യമായിരിപ്പതും. 39

വ്യക്തമാംകലശവുമവ്യക്തശക്തിയിവ-
യ്ക്കാധാരമാകുംമൃ, ത്തീമൂന്നിലാദ്യമാംരണ്ടും
കാലവിപൎയ്യയത്താൽ ക്രമേണഭവിപ്പതാം,
ഉള്ളതാണോരണ്ടിലും തൃതീയമെല്ലായ്പ്പോഴും. 40

ഘടാദിയായകാൎയ്യം വാസ്തവമല്ലാത്തതും
പടുതോന്നലും ജന്മനാശോന്മുഖവുമല്ലൊ;
ആയതിന്നുൽപ്പത്തിയിൽ മാനുഷർവാഗിന്ദ്രിയ-
കാൎയ്യമാംനാമം നൽകിവ്യവഹരിച്ചീടുന്നു. 41

ഘടാദികാര്യ്യം നാശംഭവിച്ചാലുമീനാമം
തുടൻ നിന്നീടുന്നു മനുഷ്യമുഖങ്ങളിൽ;
ആ നാമത്താലായതു ചൊല്ലപ്പെട്ടിരിക്കയാ-
ലാനാമം മാത്രമല്ലോ കാര്യ്യത്തിൻ സ്വരൂപവും. 42

തത്വമല്ലായ്കകൊണ്ടും വിനാശിയാകകൊണ്ടും
ശബ്ദേന്ദ്രിയോദ്ഭൂതമാം നാമമാത്രത്തിനാലും
വ്യക്തിക്കു മൃദാദികൾക്കുള്ളപോൽ യഥാർത്ഥമാം
മൂർത്തിത്വമല്പംപോലും സിദ്ധിക്കയില്ലയല്ലോ. 43

വ്യക്തമായ്ക്കണ്ടപോതുമതിന്നുമുമ്പുംപിന്നെ
ഉത്തരകാലത്തിലുമൊരേരൂപമാണ്ടതും
വാസ്തവരൂപമാൻ നശിക്കാത്തതുമായ
മൃത്തെന്നവസ്തു സത്യമെന്നുതാൻ ചൊല്ലിടുന്നു. 44

വ്യക്തം, ഘടം, വികാരമെന്നുള്ളനാമങ്ങളാ-
ലുക്തമായിട്ടുംവസ്തുവസത്യമെന്നാവുകിൽ,
മൃത്തെന്നറിഞ്ഞിട്ടുംപോഴാവസ്തുവെന്തുമൂലം
നാസ്തിയാവുന്നതായിബ്ബോധിക്കാതിരിപ്പതും? 45

യാതൊരുകാരണത്താൽ കാര്യ്യത്തിൻ സത്യബുദ്ധി
നഷ്ടമാമതത്രെയക്കാര്യ്യത്തിൻ നിവൃത്തിയും;
സോപാധികഭ്രമത്തിലിമ്മട്ടാശ്രയജ്ഞാന-
ലാഭമത്രേനിവൃത്തി, കാര്യ്യാഽഭാനമെന്നല്ല. 46

വെള്ളത്തിൽ മർത്ത്യച്ഛായ തലകീഴായ്ക്കാണ്കിലു-
മുള്ളതാമതെന്നാരും കരുതുന്നതുമല്ല,
കരയ്ക്കുനില്ക്കുന്നോനിൽപ്പോലെയാനിഴലിൻ:ന-
ക്കൊരുകാലവുമാർക്കും വരില്ല സത്യബുദ്ധി. 47

ആത്മാവിൽനിന്നന്യമാംസർവ്വവുമസത്യമെ-
ന്നമ്മട്ടുറപ്പിൽമോക്ഷമദ്വൈതസമ്മതമാം;
ഘടത്തിൻമൃത്സ്വരൂപം പരിത്യജിക്കായ്കയാ-
ലിടയായുണ്ടാകുവാനതിന്നു വിവർത്തത്വം. 48

പരിണാമമെന്നതിൽ ക്ഷീരസ്വരൂപംപോലെ
പരിത്യജിക്കുന്നിതാപ്പൂർവ്വമാം സ്വരൂപത്തെ;
ഘടകുണ്ഡലങ്ങളിൽ മൃത്തിക, സുവർണ്ണവും
വിടില്ലപൂർവ്വരൂപമെന്നതു പ്രസിദ്ധമാം. 49

ഘടംപൊട്ടുകിലോടിൻതുണ്ടുകളായിട്ടവ-
യ്യൂടയപൊടിയിലും മൃദ്രൂപം ഭവിക്കുന്നു
സ്വർണ്ണസ്വരൂപമേററം സ്പഷ്ടമാണെന്നകൊണ്ടു
കുണ്ഡലംഘടമിവസ്വർണ്ണമൃദ്വിവർത്തങ്ങൾ. 50

ക്ഷീരാദ്യം വികൃതിയിൽ സ്വരൂപം ത്യജിക്കയാൽ
ചേരുന്നതായവയ്ക്കു പരിണാമഭാവമാം;
അതിനാൽമൃദാദിയാംവസ്തുക്കളാലംബിച്ചു
കഥിച്ചവിവർത്തത്തിൻ ദൃഷ്ടാന്തംബാധമാകാ. 51

മൃത്കാര്യമാം ഘടത്തിൽ ഗുണങ്ങൾരണ്ടുവിധ-
മുദ്ഗമിച്ചീടുന്നതായാരംഭവാദിചൊൽവൂ;
കാര്യത്തിന്നെന്നപോലെ കാരണത്തിന്നുംഭിന്ന-
മായവൻചൊൽവൂരൂപസ്പർശാദിയാംഗുണങ്ങൾ. 52

ആരുണിമുനി മൃത്തും സ്വർണ്ണവുമയസ്സുമെ-
ന്നീരണം ചെയ്വൂ മൂന്നുദൃഷ്ടാന്തംവിവർത്താർത്ഥം;
തന്മൂലം കാര്യങ്ങടെ മിഥ്യാത്വം വാസനയായ്
തന്മനംപഴക്കണംപാർത്തിട്ടുവസ്തുസത്വം. 53

കാരണജ്ഞാനംവഴികാര്യത്തിൻ ജ്ഞാനത്തെയു-
മാരുണിമഹാമുനിയുണർത്തിയിരിക്കുന്നു;
എന്നാലീസത്യമായ മൃത്സ്വർണ്ണാദിജ്ഞാനം
വന്നീടിലെങ്ങനെയാമസത്യജ്ഞാനോദ്ഗമം? 54

മൃത്തോടുചേർന്നിരിക്കും ഘടാദിവികാരങ്ങൾ
മൃത്തിന്റെ കാര്യമെന്നുലോകത്തിൽ പ്രസിദ്ധമാം;
ആയതിൽവാസ്തവമാം മൃദംശമെന്നുള്ളതിൽ
മായമററുള്ളബോധം കാരണജ്ഞാനമത്രേ. 55

ബോധിക്കത്തക്കതല്ല ചെററുമിങ്ങസത്യാംശ-
മർത്ഥമില്ലായ്കമൂലമായതു ഗണ്യമല്ല;
യഥാർത്ഥവസ്തുജ്ഞാനം പുമർത്ഥസാധകമാം
വിതഥജ്ഞാനമല്ല, കാരണം മോക്ഷത്തിനും. 56

ഹേതുവാംമൃത്തികതൻ ജ്ഞാനത്താൽകാര്യഗത-
മൃത്തിൻസത്യാംശജ്ഞാനമുണ്ടാമെന്നുള്ള ചൊല്ലിൽ,
മൃദ്ബോധംവഴിയായി മൃത്തിൻബോധമുണ്ടാമെ-
ന്നാബോധനത്തിലെന്താണർത്ഥത്തിൽ ചമൽക്കൃതി?

ഘടാദികാര്യങ്ങളിൽ മൃദാദിസത്യമെന്നു
ദൃഢബോധമുള്ളവന്നാശ്ചര്യമുണ്ടാവില്ല;
ഈവിധംതത്ത്വബോധശൂന്യന്റെ വിസ്മയത്തെ-
യേവനു സാധിച്ചീടും വാരണംചെയ്തീടുവാൻ? 58

ആരംഭപരിണാമവാദികളായവരു-
മീരണ്ടുവാദങ്ങളും തേറാത്ത ലൌകികരും
സത്യമാമേകഹേതുബോധിക്കിൽ സർവ്വത്തെയും
ബോധിച്ചുവെന്നുകേട്ടാൽ വിസ്മയിക്കയേചെയ്യൂ 59

അദ്വൈതവിജ്ഞാനത്തിൽ ശിഷ്യനെ പ്രേരിപ്പിക്കാൻ
മാത്രമാം ശ്രുതിതന്നിലൊന്നിന്റെ ബോധംവഴി
സർവ്വകാര്യങ്ങടേയും വിജ്ഞാനമുക്തമായി;
കേവലം നാനാത്വത്തെപ്പറവാൻ വേണ്ടിയല്ല. 60

ഒററമൺകുടത്തിന്റെയുപാദാനബോധത്താൽ
മൃത്താണെന്നേതുമട്ടിൽ ഘടാദിസർവ്വംകാണ്മൂ,
അമ്മട്ടിലേകബ്രഹ്മംബോധിക്കകൊണ്ടുജഗ-
ത്സാമഗ്ര്യബോധമുണ്ടാമെന്നിഹധരിച്ചാലും. 61

ഉത്തരതാപനീയശ്രുതിയിൽ ബ്രഹ്മരൂപം
സത്തുചിത്താനന്ദമായ് വർണ്ണിക്കപ്പെട്ടിടുന്നു;
ആകയാൽസച്ചിത്സുഖം ബ്രഹ്മസ്വരൂപമത്രെ
ലോകമോ നാമരൂപസ്വരൂപമാന്നുമാം. 62

അരുണപുത്രൻ ബ്രഹ്മം സദ്രൂപമെന്നുംപിന്നെ-
യരുളി ഋഗ്വേദികൾ പ്രജ്ഞാനം ബ്രഹ്മമെന്നും,
സനൽക്കുമാരൻ ബ്രഹ്മമാനന്ദമെന്നുമേവ-
മിനിയുള്ളുപനിഷത്തുക്കളും ബോധിപ്പിക്കും. 63

സർവ്വരൂപങ്ങളേയും സർവ്വനാമങ്ങളേയും
ഭാവനചെയ്തുകൊണ്ടീനാമരൂപമാംപാരിൽ
ജീവരൂപമായ് സ്ഥിതി ഞാൻചെയ്യുമെന്നുകല്പി-
ച്ചാവസിക്കുന്നീശ്വരനെന്നു കേൾപ്പൂ ശ്രുതിയിൽ. 64

സൃഷ്ടിക്കുമുന്നമിതവ്യാകൃതമായിരുന്നു,
സൃഷ്ടിക്കുശേഷംനാമരൂപവികാരമുണ്ടായ്;
അചിന്ത്യമാമീമായാശക്തിതാൻ ബ്രഹ്മത്തിങ്കൽ
നിജമായവ്യാകൃതനാമമാണ്ടിരിക്കുന്നു. 65

വികാരശൂന്യമാകും ബ്രഹ്മത്തിലുള്ള മായ
വികാരം ബഹുവിധംപ്രാപിച്ചീടുന്നുവല്ലോ;
മായയെ പ്രകൃതിയും മായാവാനീശ്വരനെ
മായതൻ നിയന്താവുമായിട്ടുബോധിക്കണം. 66

ആദ്യവികാരം വ്യോമം താനതുബ്രഹ്മംവഴി
വേദ്യമായസ്തി, ഭാതി, പ്രിയമീമൂന്നുരൂപം;
വ്യോമത്തിൻസ്വന്തരൂപമവകാശമസത്യ-
മാമൂന്നുരൂപമെന്നാൽ മിഥ്യയാകില്ലശേഷം. 67

ദ്യോവതുകാര്യമായിശ്ശോഭിക്കുന്നതിൻമുമ്പു-
മേവംനശിച്ചപ്പൊഴുമവകാശമൊന്നില്ല;
ആദിയിലന്തത്തിലുമില്ലാത്തതേതൊന്നതു
വർത്തമാനത്തിങ്കലു മാവിധമില്ലാത്തതാം. 68

ശരീരങ്ങൾമായയിൽ നിന്നിങ്ങുജനിക്കുന്നു
ശരിക്കുകണ്ടിടുന്നു മദ്ധ്യാവസ്ഥയിൽമാത്രം;
മായയിൽതന്നെയവ ലയിക്കുന്നേവമഭി-
പ്രായമരുളീടിനാനർജ്ജുനനോടുകൃഷ്ണൻ. 69

ഘടത്തിൽമൃത്തുപോലെ സച്ചിദാനന്ദരൂപം
തുടൻവർത്തിക്കുന്നുകാലത്രയത്തിങ്കലും;
ആകാശരഹിതമാം നിജാത്മസ്വരൂപത്തി-
ലാകവേസദാദികളനുഭൂതമാകുന്നു. 70

വിസ്മൃതമായതവകാശമെന്നിരിക്കകിൽ
തത്ര തേ സംജാതമാം പ്രതീതിയെന്താകുന്നു?
ശബ്ദത്താൽശൂന്യമാട്ടെ, യത്ഥത്താലിടമല്ലാ-
ത്തേതൊന്നോ ഉള്ളതായിട്ടവിടെത്തോന്നുന്നല്ലോ. 71

അമ്മട്ടിരിക്കുന്നതാണായതിൻ സത്തയതിൽ
കാണ്മതാമൌദാസീന്യമാനന്ദമായീടുന്നു,
പ്രീതിയുമപ്രീതിയുമേശാതെവിളങ്ങിടും
വസ്തുസ്വഭാവംമാത്രമാകുന്നു നിജാനന്ദം. 72

അനുകൂലതയെങ്കിൽ ഹർഷവൃത്തിയും, മറി-
ച്ചനനുകൂലതയിൽ ദുഃഖവൃത്തിയുമുണ്ടാം;
ആരണ്ടുമില്ലാത്തപ്പോൾ സ്ഫുരിക്കും നിജാനന്ദം:
തീരെയുംസ്വാഭാവികമല്ലതിൽ നിജദുഃഖം. 73

സ്വരൂപാനന്ദം സ്ഥിരമെങ്കിലും മനസ്സിന്റെ
തരളാവസ്ഥമൂലം സുഖദുഃഖങ്ങൾരണ്ടും
ഭേദിക്കുംക്ഷണംകൊണ്ടു, തന്മൂലമവയേത്താൻ
ബോധിച്ചീടണം മനോധർമ്മങ്ങളെന്നവിധം. 74

ആകാശത്തിലുമീമട്ടാനന്ദമിരിക്കുന്നു,
സ്വീകൃതമല്ലോ നിന്നാൽ സത്തുചിത്തെന്നരണ്ടും;
ഈവിധംവായുമുതൽ ദേഹാന്തംവസ്തുക്കളിൽ
ഭാവനം ചെയ്തീടണം സച്ചിദാനന്ദരൂപം. 75

സ്പർശവുംഗമനവും ഗന്ധവാഹ, നുഷ്ണവും
ഭാസയും പാവകന്നുംദ്രവത്വം ജലത്തിനും
ഘനത്വം ധരിത്രിക്കുമുള്ളപോലെയൗഷധിയിൽ,
തനുവിലന്നത്തിലുമപൂർവ്വാകാരമുണ്ടാം;
മനസ്സാലോകോന്നിനുമുള്ളതാംരൂപമേവ-
മനുമാനിച്ചീടണം യോഗ്യമാംപ്രകാരത്തിൽ. 76-77

നൈകമാംമട്ടിൽ ഭിന്നനാമരൂപങ്ങളിലു-
മേകമാംവിധം സച്ചിദാദികളിരിക്കുന്നു;
ഭിന്നമാമഭിപ്രായമില്ലിതിലൊരുവനും,
നിർണ്ണയം, സത്യമല്ലനാമരൂപങ്ങൾ രണ്ടും
ഉണ്ടായിനശിക്കുന്നു, വാർദ്ധിയിൽ ബുദ്ബുദംപോൽ,
കണ്ടുകൊൾകവ ധീയാൽ ബ്രഹ്മത്തിൽകല്പിപ്പതായ്. 8–79

സച്ചിൽസുഖരൂപമായ് പൂർണ്ണമാംബ്രഹ്മത്തിനെ
നിശ്ചയിച്ചറിയുംപോൾ നാമരൂപങ്ങൾതന്നിൽ
ഭവിക്കുമനാദരംതന്നത്താൻ മെല്ലെമെല്ലെ;
അവജ്ഞയെത്രമാത്രമുണ്ടാകുമത്രമാത്രം
ദൃഷ്ടിയുമവററയിൽ ന്യൂനമായ്ഭവിച്ചീടും, 80
ദൃഷ്ടിയിൽപ്പെടുന്നെത്രയ്ക്കത്രയ്ക്കും ത്യജിക്കണം. 81

ഇത്തരമഭ്യസനം നിമിത്തമാത്മബോധം
സുസ്ഥിരമായിടുമ്പോളീ ജീവൻ ജീവിക്കെത്താൻ
മുക്തനായ് ഭവിച്ചീടും നാമരൂപാത്മകമാം
ഗാത്രത്തെ മാനിക്കില്ല, ബന്ധമററിരിക്കയാൽ. 82

ചിന്തിക്ക, ബ്രഹ്മരൂപമന്യോന്യം ധരിപ്പിക്ക,
പ്രാധാന്യമിതുതന്നെയെന്നങ്ങു നണ്ണീടുക;
ഇമ്മട്ടുജീവിതാനുവർത്തനം വിദ്വജ്ജനം
ബ്രഹ്മാഭ്യാസമെന്നത്രെ സമ്മതിച്ചീടുന്നതും. 83

അനേകകാലംകൊണ്ടിങ്ങുണ്ടാം ദ്വൈതവാസന,
മിനക്കെടാതധികകാലമാദരപൂർവ്വം
ഈവിധം ബ്രഹ്മാഭ്യാസം ശീലിച്ചീടുന്നനേരം
സർവ്വഥാ നിവർത്തിക്കും, ചെയ്യണം ബ്രഹ്മാഭ്യാസം. 84

മൃത്തിലെ ശക്തിപോലെ,യല്ലെങ്കിൽ ജീവഗത-
നിദ്രാശക്തിതീർത്തിടും സ്വപ്നങ്ങളെന്നപോലെ,
ബ്രഹ്മശക്തിയാം മായയനേകമസത്യങ്ങൾ
നിർമ്മിതി ചെയ്യുന്നതായ് ബോധിച്ചീടുകവേണം. 85

ജീവനിൽ നിദ്രാശക്തിദുർഘടസ്വപ്നങ്ങളെ-
യാവിഷ്കരിച്ചീടുന്നതെവ്വണ്ണമതുപോലെ
ബ്രഹ്മസ്ഥമാകും മായചെയ്യുന്നു സൃഷ്ടിസ്ഥിതി-
സംഹാരകർമ്മങ്ങളെന്നറിഞ്ഞുകൊണ്ടീടണം.
ദിവത്തിൽ ചരിക്കയും സ്വമൂർദ്ധാവറുക്കയും
ക്ഷവേനയസംഖ്യയവർഷങ്ങൾ വസിക്കയും
മരിച്ചപുത്രാദികൾ ദർശിക്കപ്പെടുകയും
ധരിക്കയിതൊക്കെയും സ്വപ്നാനുഭൂതിയല്ലോ:
യുക്തമയുക്തമെന്നഭേദം സ്വപ്നത്തിലില്ല,
യുക്തമായ് തോന്നുമേതുമെങ്ങനെ കണ്ടെന്നാലും. 86–88

ജീവഗതമാം നിദ്രാശക്തിക്കീമട്ടിലെല്ലാ-
മാവിർഭവിപ്പിക്കുവാൻ വൈഭവമുണ്ടാകുംപോൾ
ബ്രഹ്മഗതമാം മായതന്നുടെശക്തിക്കുള്ളോ-
രമ്മഹിമയചിന്ത്യമാകിലാശ്ചര്യമെന്താം.? 89

നിദ്രതാൻ നിർമ്മിക്കുന്നു സ്വപ്നങ്ങൾ നാനാവിധം
മർത്ത്യനിൽശയിക്കവേ,യെന്നപോൽ മായാശക്തി
കല്പിക്കും നിർവ്വികാരബ്രഹ്മത്തിൽ വികാരങ്ങൾ:
അഭ്രവുംവായുവഗ്നിജലവും ഭൂമിയേവം
അണ്ഡവും ലോകങ്ങളും പ്രാണികൾ ശിലകളും
നണ്ണേണമിക്കണക്കിൽ വികാരമാന്നതായും
പ്രാണികൾക്കുള്ളതായ ബുദ്ധിയിൽ ചിത്തിൻചരായ
വാണുകൊള്ളുന്നതായും പ്രതിബിംബിക്കും മട്ടിൽ. 90–91

ഇച്ചേതനങ്ങളിലുമചേതനങ്ങളിലും
സച്ചിദാനന്ദചിഹ്നമായിട്ടും ബ്രഹ്മം തുല്യം;
നാമരൂപങ്ങൾമൂലം വെവ്വേറെ കാണുന്നതാം:

നാമരൂപങ്ങളിവവസ്ത്രത്തിൽ ചിത്രം പോലെ
ബ്രഹ്മത്തിലിരിക്കയാ, മായവരണ്ടും തള്ളി-
യുന്മുഖനാകവേണം സച്ചിദാനന്ദത്തിങ്കൽ. 92–93

തോയത്തിൽ സ്വാന്തദേഹച്ഛായതാനധോമുഖ-
മായിട്ടുകണ്ടെന്നാലുമായതങ്ങുപേക്ഷിച്ചും
തീരസ്ഥസ്വദേഹത്തിൽ തല്പരനായിരിപ്പൂ:
തീരണം തൽപ്പരനായാവിധം ബ്രഹ്മത്തിങ്കൽ. 94

അനേകം മനോരാജ്യം ചെയ്കിലുമപ്പോൾതന്നെ
ജനങ്ങളതെങ്ങനെ യുപേക്ഷിച്ചീടുന്നുവോ,
അങ്ങനെയുള്ളുപേക്ഷ നാമരൂപങ്ങളിലു-
മെങ്ങനേയും ഭവിക്കാൻ പ്രയത്നം ചെയ്തീടണം. 95

മാത്രയിലോരോന്നിലും മാറുന്ന മനോരാജ്യം,
യാതമായതുപിന്നെയായാതമാകുന്നില്ല;
എന്നതുപോലെതന്നെ ബാഹ്യമാം വ്യാപാരവും
വന്നിട്ടും മാറിമാറി, പോയതുമടങ്ങില്ല 96

ബാല്യമോ യൌവ്വനത്തിൽ കിട്ടില്ല,യൌവ്വനവും
കില്ലില്ല, വാർദ്ധക്യത്തിലവ്വണ്ണംതന്നെയല്ലോ;
മൃതനാം താതൻതാനോ പിന്നീടു ഭവിക്കില്ല;
ഗതമാം ദിവസവും പിന്നീടുവരുന്നില്ല. 97

മാത്രയ്ക്കു നശിക്കുന്ന ലോകവ്യവഹാരത്തി-
ലെന്തുള്ളൂമനോരാജ്യം തന്നേക്കാൾ വിശിഷ്ടമായ്;
അകയാൽ ഭാസിക്കിലുമിതിങ്കൽ സത്യബുദ്ധി-
യാകവേ ത്യജിക്കണം ബുദ്ധിമാനായമർത്ത്യൻ. 98

ലൌകികവ്യവഹാരമുപേക്ഷിച്ചീടുന്നേരം
വിഘ്നമെന്നിയേ ബുദ്ധിബ്രഹ്മചിന്തയിൽ നില്ക്കും;
കൃത്രിമവേഷത്തിങ്കൽ നടന്റെ ശ്രദ്ധപോലെ
സാധിച്ചുകൊണ്ടീടുന്നു ലൌകികകാര്യങ്ങളും. 99

നീരൊഴുക്കിരുന്നാലുമടിയിൽ കട്ടിശ്ശില
പാരമുറച്ചെവ്വിധമിരിക്കുന്നിതാവിധം,
നാമരൂപങ്ങളെമ്മട്ടാകിലും കൂടസ്ഥനാം
ബ്രഹ്മത്തിനല്പംപോലും വികാരം വരികില്ല. 100

പൊട്ടാത്തകണ്ണാടിയിൽ താരാദിചേർന്ന വ്യോമ-
നെട്ടായമെപ്രകാരം നിഴലിക്കുമാമട്ടിൽ,

സച്ചിദാനന്ദഘനത്തിങ്കലനേകലോകം
മെച്ചമായ് ചേൎന്നുള്ളതാം ബ്രഹ്മാണ്ഡം വിളങ്ങുന്നു. 101

ദൎപ്പണം കാണാതതിന്നുള്ളിലുള്ളതിൻ കാഴ്ച-
യെപ്രകാരത്തിലില്ലാതിരിക്കുമപ്രകാരം,
സച്ചിദാനന്ദംതന്നെ സ്മരിക്കാതതിന്നുള്ളിൽ
വൈചിത്ര്യമാളും നാമരൂപധീയെമ്മട്ടുണ്ടാം? 102

പ്രഥമംശോഭിക്കുന്ന സച്ചിദാനന്ദത്തിങ്കൽ
മതിയെക്കഴിവോളം നിലനിൎത്തിയശേഷം;
അതിൽത്തങ്ങിടും നാമരൂപങ്ങൾ തന്നിൽ ധീയെ-
പ്പതിക്കാതിരിക്കിലോ ബ്രഹ്മപ്രതീതിയുണ്ടാം: 103

ഇച്ചൊന്നപോലെയാകിൽ ജഗദഖിലക്ഷണവും
സച്ചിദാനന്ദലക്ഷ്മമുള്ളതുമാകും ബ്രഹ്മം
സാക്ഷാൽക്കൃതമായ്വരു,മീയദ്വൈതരൂപമാ-
മക്ഷയാനന്ദം ജനമേറെനാൾ ഭുജിക്കട്ടെ! 104

ബ്രഹ്മാനന്ദനാമകഗ്രന്ഥത്തിൽ ചൊന്നീടിനേൻ
ചെമ്മേ മൂന്നാമത്തതാമദ്ധ്യായ,മിതിൻ സാരം
ജഗത്തുമിഥ്യയെന്ന ചിന്തയുറച്ചെന്നാകി-
ലകമേ സ്ഫുരിച്ചീടുമദ്വൈതാനന്ദമെന്നാം. 105

ശുഭം.

---

ഓം

# ബ്രഹ്മാനന്ദത്തിൽ വിദ്യാനന്ദം

## പ്രകരണം 14.

യോഗവുമാത്മാവിനെക്കുറിച്ചു വിവേകവും
യുക്തമാം ദ്വൈതമിഥ്യാഭാവചിന്തയും കൊണ്ടു
ബ്രഹ്മാനന്ദാനുഭൂതിയുള്ളോനു പിന്നീടുണ്ടാം-
കാമ്യമാം വിദ്യാനന്ദം നിരൂപിക്കുന്നു മേലിൽ. 1

ഈ വിദ്യാനന്ദംതന്നെ വിഷയാനന്ദംപോലെ
ധീവൃത്തിയ്ക്കുള്ളരൂപം മാത്രമാണറിയണം;
ദുഃഖാഭാവംതൊട്ടുള്ളരൂപത്താൽ നാലുവിധം
വ്യക്തമായ് വിഭക്തമാണിന്നിതു ചൊന്നിടുന്നു. 2

'ദുഃഖവിനാശ'മെന്നും, 'സർവ്വകാമാപ്തി'യെന്നു-
മൊക്കയുമീഞാൻ ചെയ്തു 'കൃതകൃത്യ'നായെന്നും
സർവ്വും പ്രാപിച്ചുഞാൻ 'പ്രാപ്തപ്രാപ്യ'നായെന്നു-
മീവിധം നാലവസ്ഥ ശ്രുതിയാൽ പ്രോക്തമായി. 3

ഐഹികമാമുഷ്മികമെന്നേവം രണ്ടുമട്ടിൽ
ദുഃഖമുണ്ടെന്നു ശ്രുതിപറഞ്ഞിരിക്കുന്നിതു;
ജ്ഞാനിക്കൈഹികദുഃഖനിവൃത്തിയുണ്ടാമെന്നു
തന്നിട്ടുന്നുറപ്പിഹ ബൃഹദാരണ്യസൂക്തി. 4

പുരുഷനാത്മാവിനെയിവൻതന്നെ ഞാനെന്ന-
തറിഞ്ഞുവെന്നാകിലൊ തദനന്തരമവൻ
എന്തിനെയിച്ഛിച്ചിപ്പോനായാരുടെ യാഗ്രഹാൽഥം
സന്തപിച്ചീടുന്നിതു ശരീരത്തിനെച്ചൊല്ലി? 5

ജീവാത്മാവെന്നും പരമാത്മാവെന്നു മീയാത്മാ
ദ്വൈവിധ്യം പ്രാപിച്ചീടുമെന്നിഹ ചൊല്ലിടുന്നു;
ത്രിദേഹാദ്ധ്യാസംമൂലം ചിത്തിതു ജീവഭാവം
സതതം ഭജിച്ചിട്ടുകൈക്കൊള്ളും ഭോക്തൃഭാവം. 6

പരമാത്മാവാം സച്ചിദാനന്ദം നാമരൂപ-
കരുക്കൾക്കുന്നാകയാലവയിൽ താദാത്മ്യവും
പ്രാപിച്ചു ഭോക്തൃതവു, മെന്നാലീഭോക്തൃഭോഗ്യ-
രൂപമിപ്പരാത്മാവിലില്ലാതാം വിവേകത്താൽ. 7

ഭോക്താവിൻ ഭോഗത്തിനായ് ഭോഗ്യങ്ങളിച്ഛിപ്പവൻ
ദുഃഖിപ്പു ശരീരസംബന്ധനാവുകമൂലം;
ദുഃഖങ്ങൾ ദേഹത്രയം തന്നിലുള്ളവതന്നെ
ദുഃഖങ്ങളേതുമില്ലയാത്മാവിന്നറിയണം. 8

വാതപിത്തകഫങ്ങൾ വിഷമിച്ചീടിലുണ്ടാം
വ്യാധികൾ സ്ഥൂലദേഹം തന്നിലെ ജ്വരങ്ങളാം;
കാമാദികങ്ങൾ സൂക്ഷ്മശരീരത്തിനുമെന്നാ-
ലാമയദ്വയമിതിൻ ബീജമോ കാരണത്തിൽ. 9

അദ്വൈതാനന്ദംവഴി പരാത്മാവിനെത്തന്നെ
വ്യക്തമായ്‌വിവേചനം ചെയ്തിട്ടു ധരിക്കുംപോൾ,
വാസ്തവഭോഗ്യജാതം കാണാത്തപരാത്മജ്ഞ-
നെന്തിനെയിച്ഛിക്കുന്നു മിഥ്യയാ മീ ജഗത്തിൽ. 10

ആത്മാനന്ദത്തിൽ ചൊന്നരീതിയെയാശ്രയിച്ചു
സമ്യക്കായ് ജീവാത്മാവെബ്ബോധിച്ചീടുന്നനേരം
ഭോക്താവൊന്നില്ലയെന്നൊരുറപ്പുവന്നാൽ പിന്നെ-
യെത്തിടും ജ്വരമെന്താമെങ്ങനെയീദേഹത്തിൽ? 11

പുണ്യപാപങ്ങളെന്ന രണ്ടിലുമുണ്ടാം ചിന്ത
തന്നെയാണന്യലോകോദ്ദേശ്യമാം പരിതാപം;
ഈവിധം ചിന്തവിദ്വാനുത്താപമേകുന്നില്ല-
യെവമദ്ധ്യായമൊന്നിൽ വ്യക്തമായുദിതമാം. 12

താമരയിലതന്നിൽ ജലവിശ്ലേഷംപോലെ-
യാത്മാനുഭവശേഷം സംസ്പർശം ചെയ്യുകില്ല
ജ്ഞാനിയെസ്വകൃതമാമാഗാമികർമ്മജാലം;
എന്നല്ലിഷീകപ്പഞ്ഞി വേഗം തീപിടിക്കുംപോൽ
ജ്ഞാനിതൻ സമസ്തമാം സഞ്ചിതകർമ്മങ്ങളും
ജ്ഞാനാഗ്നിജ്വാലതന്നിൽ ദഹിക്കും നിസ്സംശയം. 13–14

അർജ്ജുനാ, വിജ്ജ്വലിക്കുന്നഗ്നിവിറകെങ്ങനെ-
യഞ്ജസാ ഭസ്മമാക്കുമങ്ങനെ ജ്ഞാനാനലൻ,
പ്രാരബ്ധമൊഴിച്ചുള്ള സർവ്വകർമ്മങ്ങളേയും
നിർബ്ബീജമാക്കുമെന്നു ധരിച്ചീടുകവേണം. 15

ഏവനുതാൻ കർത്താവാണെന്നുള്ള ഭാവമില്ല-
യേവൻെറ ബുദ്ധികർമ്മമൊന്നിലും സംജ്ജിക്കില്ല,
ആയവൻ പ്രാണിവധം ചെയ്താലും ചെയ്യുന്നില്ല-
യായതിൻ ഫലങ്ങളാൽ ബദ്ധനുമാകുന്നില്ല. 16

മാതാപിതാക്കളുടെവധവും കവർച്ചയു-
മെത്രയും നിന്ദ്യമാകും ഭ്രൂണഹത്യയും,പിന്നെ
ഇത്തരംമററുപലപാപവുമൊരിക്കലും
മുക്തിനശിപ്പിക്കില്ല,മായ്ക്കില്ല മുഖകാന്തി. 17

ദുഃഖമില്ലായ്മപോലെതന്നെയഭിലാഷങ്ങ-
ളൊക്കെയുമിവന്നുസംപ്രാപ്തമായെന്നുചൊൽവൂ;
കാമങ്ങളെല്ലാമിവൻപ്രാപിച്ചമൃതനായി
സാമോദം വസിപ്പതായ്ച്ചൊന്നിടുന്നൈതരേയം. 18

ഭക്ഷിക്ക,കളിക്കുക,സ്ത്രീകളിൽരതിചെയ്ക,
വാഹനത്തിൽചരിച്ചുംമററും വിനോദിക്കുക-

ഇവണ്ണംചെയ്യുന്നാലുമോക്കിലില്ലിവൻദേഹം,
ഇവൻജീവിക്കുന്നെന്നായ് പ്രാണകർമ്മത്താൽചൊല്ലും. 19

അജ്ഞരെപ്പോലെജന്മകർമ്മങ്ങൾകൊണ്ടല്ലല്ലോ
തജ്ജ്ഞനിലഭീഷ്ടങ്ങളൊന്നിച്ചുമേളിക്കുന്നു;
ഭോഗങ്ങൾക്രമംവിട്ടങ്ങൊരേകാലത്തുതന്നെ
സംഗമിച്ചീടുന്നിതു ജ്ഞാനിയിലറിയണം. 20

യുവാവും സുന്ദരനും വിദ്വാനുമരോഗിയു-
മവിചലിതചേതസ്സാർന്നോനും സസൈന്യനും
വിത്തപൂർണ്ണമാം പൃഥ്വിപാലിപ്പോനും നിഖില-
മർത്ത്യഭോഗായത്തനും തൃപ്തനുമായഭൂപൻ
യാതൊരാനന്ദമനുഭവിക്കുമായതേത്തും- 21
ഭേദമെന്നിയേ ബ്രഹ്മജ്ഞാനിയും ഭുജിക്കുന്നു. 22

ജ്ഞാനിക്കും സമ്രാട്ടിനും മർത്ത്യഭോഗത്തിലാശ-
യൂനമാണതുകൊണ്ടുതൃപ്തിയും തുല്യംതന്നെ;
ഏകനുഭോഗത്തിനാൽ കാമമില്ലാതെയായി
ഭോഗാശവിവേകത്താൽ നിന്ദ്യമായപരനും. 23

ശ്രോത്രിയനാകമൂലം ഭോഗദോഷങ്ങൾവേദ-
ശാസ്ത്രങ്ങൾവഴിയായി ശോധനചെയ്തീടുന്നു;
രാജാവുബൃഹദ്രഥൻ വിഷയദോഷങ്ങളെ
ലജ്ജയുണ്ടാകുമാറുഗാഥയാൽ നിദർശിപ്പൂ. 24

ഭോഗിപ്പാനുതകുന്ന ദേഹ,മിന്ദ്രിയം,മനം,
ഭോഗ്യങ്ങ,ളിവയ്ക്കുള്ളൊരൊട്ടേറെദ്ദോഷാംശങ്ങൾ
ശുനകൻചർദ്ദിച്ചതാം പായസംകണക്കിനെ
നിനച്ചുവിവേകവാനവയെക്കാമിക്കില്ല, 25

ഇച്ഛയില്ലായ്മയിങ്കൽ സമന്മാരാണെങ്കിലും
നിശ്ചയം, രാജാവിന്നുസാധനസഞ്ചയത്തിൽ
ദുഃഖവുമുണ്ടാകുന്നു, ഭാവിനാശത്തെയോർത്തി-
ട്ടുൽക്കടഭയപ്പാടും കൂട്ടായിവർത്തിക്കുന്നു. 26

ജ്ഞാനിയിലവരണ്ടുമുണ്ടായീടുന്നതല്ല,
ജ്ഞാനി,ക്കാകയാൽസുഖമേറുന്നു നൃപനേക്കാൾ;
ഗന്ധർവ്വാനന്ദത്തിങ്കൽ രാജാവിന്നാശയുണ്ടാം,
ശ്രോത്രിയനതിൽ ചെറുമാഗ്രഹമുണ്ടാകില്ല. 27

ഇക്കല്പം മൎത്ത്യനായിപ്പുണ്യത്താൽഗന്ധൎവത്വം
കൈക്കൊള്ളിലാമനുഷ്യൻ മൎത്ത്യഗന്ധൎവനാകും;
മുൻകല്പംചെയ്തപുണ്യംനിമിത്തം ഗന്ധൎവത്വ- 28
മിക്കല്പാദിയിലേല്ക്കിൽ ദേവഗന്ധൎവനാമേ. 29

പിതൃലോകത്തേറെനാൾ വാഴുമഗ്നിഷ്വാത്താദ്യർ
പിതൃക്കൾതന്നെയെന്നു പറയപ്പെടുന്നിതു,
കല്പാദികാലംതന്നെ ദേവത്വം പ്രാപിച്ചവ-
രെല്ലാരും ജന്മംകൊണ്ടേ ദേവതകളാമവർ. 30

ഇക്കല്പം മൎത്ത്യനായിട്ടശ്വമേധാദികൎമ്മം
യുക്തമായ് ചെയ്തശേഷം മഹത്തായതാം സ്ഥാനം
പ്രാപിച്ചുജന്മംകൊണ്ടു ദേവന്മാരായവരാൽ
സാമ്പ്രതമുപാസ്യന്മാർ കൎമ്മദേവന്മാരത്രേ. 31

യമനും പാവകനും ദേവന്മാർതന്നെയല്ലോ
അമരേശനും ബൃഹസ്പതിയും ഖ്യാതന്മാരാം,
പ്രജാപതിയെവിരാട്പുരുഷനെന്നും,പിന്നെ
രജോമൂൎത്തിയെത്തന്നെ സൂത്രാത്മാവെന്നുംചൊൽവൂ. 32

മണ്ഡലേശ്വരൻതൊട്ടു സൂത്രാത്മാവോളമുള്ളോ-
രുത്തരോത്തരമുണ്ടാമാനന്ദംകൊതിക്കുന്നു
എന്നാലീയാത്മാനന്ദം വാക്കിന്നും മനസ്സിന്നു-
മൊന്നും വിഷയമല്ലാതാകയാൽ സൎവാധികം. 33

ഓരോരോദേവന്മാരുമാശിക്കത്തക്കതായ-
പാരിച്ചസുഖത്തിലുമാഗ്രഹമില്ലായ്കയാൽ
ജ്ഞാനിക്കാസകലക്കുമുണ്ടാകുമാനന്ദങ്ങ-
ളന്യൂനമനുഭവപ്പെടുമെന്നറിയണം. 34

ജ്ഞാനിക്കുള്ളതാം സൎവകാമാപ്തിചൊന്നേനേവം,
അന്യഥാചൊല്ലുന്നാകി,ലെവ്വിധം സ്വാന്തമെയ്യിൽ
ആനന്ദാകാരബുദ്ധിസാക്ഷിത്വം പ്രാപിക്കയാ-
ലാനന്ദിയാകുംപോലാണന്യമാം മെയ്കളിലും. 35

അജ്ഞനും സൎവാനന്ദംപ്രാപിക്കാ,മെന്നാൽസൎവ-
പ്രജ്ഞാസാക്ഷിത്വബോധഹാനിയാൽ തൃപ്തിയില്ല;
ഹൃദ്ഗുഹാനിഹിതമാം ബ്രഹ്മത്തെബ്ബോധിപ്പവ-
നാഗ്രഹം നിഖിലവും ഭുജിക്കുമെന്നാംശ്രുതി. 36

അല്ലെങ്കിൽ, തൻെറയാത്മാവേതിലും വ്യാപിപ്പതാ-
യെല്ലാക്കാലവും സാമം ഗാനത്താൽ വൎണ്ണിക്കുന്നു,
അന്നം ഞാനന്നഭുക്കും ഞാൻതന്നെയെന്നാണല്ലോ
നന്നായിനമ്മെയതു ബോധിപ്പിച്ചീടുന്നതും. 37

ക്ലേശാഭാവവും കാമപ്രാപ്തി രണ്ടുമീമട്ടിൽ
നിശ്ശേഷംവേണ്ടപോലെ വിമൎശംചെയ്തിതല്ലോ;
കൃതകൃത്യതവമെന്നും പ്രാപ്തപ്രാപ്യതവമെന്നു-
മിതരങ്ങളാം രണ്ടും ബോധിച്ചുകൊണ്ടീടണം. 38

ചൊന്നിട്ടുണ്ടവരണ്ടും നല്ലപോൽതൃപ്തിദീപ-
മെന്നുള്ളപ്രകരണംതന്നിലെ നമ്മൾതന്നെ;
ആവക പദ്യങ്ങളെ ബുദ്ധിവിശുദ്ധിക്കായി-
ട്ടാവൎത്തിച്ചീടാ,മവയനുസന്ധേയമത്രെ, 39

മുമ്പിവനൈഹികവുമാമുഷ്മികവുമായി-
ട്ടെമ്പാടുംകാൎയ്യങ്ങളും മുക്തിസാധനകളും,
സിദ്ധിപ്പാൻപലകൃത്യം ചെയ്വാനുണ്ടായിരുന്നു
മുക്തനാകയാലിപ്പോൾ കൃതമായവസൎവ്വം. 40

ബാധമായിരുന്നതാം സംസാരധൎമ്മത്തെയും
പ്രാപ്തമായുള്ള കൃതകൃത്യതയയുംപററി
സന്തതം വിമൎശനം സാനന്ദംചെയ്തുകൊണ്ടു
സംതൃപ്തനായിടുന്നു സൎവ്വദാ ചിദാഭാസൻ. 41

പുത്രാദികൾക്കുവേണ്ടി ദുഃഖിക്കും മൂഢാത്മാക്കൾ
പാൎത്തിടാമിഷ്ടംപോലെ സംസാരസംബദ്ധരായ്
സംപൂൎണ്ണപരാനന്ദനാകിയഞാനെന്തിനെ
പ്രാപിക്കാനിച്ഛിച്ചിട്ടു സംസാരിയാകവേണം? 42

സ്വൎഗ്ഗാദിലോകപ്രാപ്തിക്കിച്ഛിപ്പോരതാതിന്നു
യോഗ്യമാം കൎമ്മങ്ങളെച്ചെയ്യട്ടെനിരന്തരം,
സൎവ്വലോകാത്മാവായ ഞാനെന്തുകൎമ്മങ്ങളെ-
യെവ്വിധമനുഷ്ഠിക്കും? ചെല്ലുവാനില്ലൊരേടം! 43

യാതൊരുത്തരൊയിതിലധികാരമുള്ളവർ
ശാസ്ത്രങ്ങൾവ്യാഖ്യാനിക്ക,വേദങ്ങൾപഠിപ്പിക്ക,
ഈവിധമെന്തെങ്കിലുംചെയ്യട്ടെ, ക്രിയാഽഭാവം
കൈവന്നോരെനിക്കതിന്നധികാരമേയില്ല. 44

നിദ്രയും ഭിക്ഷാടനം സ്നാനവും ശൌചമതു-
മേതുംഞാനിച്ഛിക്കയൊ ചെയ്കയൊ ചെയ്യുന്നില്ല,
ഈവകചെയ്യുന്നതായ് ദ്രഷ്ടാക്കൾകല്പിച്ചെന്നാൽ
ഭാവ്യമായെനിക്കെന്താണന്യകല്പനം മൂലം? 45

അന്യനങ്ങാരോപിച്ച തീകൊണ്ടുവല്ലിക്കൂട്ടം
നിണ്ണയം ദഹിച്ചീടുമെന്നതുണ്ടാകയില്ല,
എന്നപോലെന്നിലില്ലാതുള്ള സംസാരധമ്മ-
മന്യാരോപണം മൂലമെന്നെബ്ബാധിക്കയില്ല. 46

ആർക്കില്ലതത്ത്വബോധമായവൻ ശ്രവിക്കട്ടെ,
നേർക്കറിവോരുഞാനിന്നെന്തിനായ് ശ്രവിക്കുന്നു?
സംശയാപന്നരായോർ മനനം ചെയ്തിടട്ടെ,
സംശയമററുള്ള ഞാൻ മനനം ചെയ്യുകില്ല. 47

ചെയ്യട്ടെനിദിദ്ധ്യാസം വിരുദ്ധബുദ്ധിയുള്ളോൻ
ചെയ്യുന്നെന്തിനായ് ധ്യാനമവിരുദ്ധതമൂലം?
ദേഹമാണാത്മാവെന്നഭാവനാവൈപരീത്യ-
മംഗീകരിക്കില്ല ഞാനൊരുകാലവും മേലിൽ. 48

വൈരുദ്ധ്യംകൂടാതെയും ഞാൻ മർത്ത്യനെന്നീവിധം
ചേരുമാവ്യവഹാരം ഞാനിങ്ങുബഹുകാലം,
അഭ്യാസംചെയ്കമൂലം തഴച്ചവാസനയാ-
ലഭ്യാഗമിക്കുന്നതായ് ബോധിച്ചീടുകവേണം. 49

പ്രാരബ്ധകമ്മമെല്ലാം ക്ഷയിച്ചീടുന്നനേരം
തീരെയും വ്യവഹാരമെന്നുള്ളതുണ്ടാവില്ല;
കമ്മം ക്ഷയിക്കായ്കിലോ എത്രതാൻധ്യാനിച്ചാലും
നിർമ്മൂലമാകയില്ല,നിശ്ചയം വ്യവഹാരം. 50

വ്യവഹാരത്തിൻലോപമിഷ്ടമാണെങ്കിലോനീ-
യവശ്യംചെയ്തുകൊള്ളൂ ധ്യാനം നിൻമതംപോലെ;
ബാധിക്കാവ്യവഹാരമാത്മാവുതന്നെയെന്നു
ബോധിച്ചിരിക്കുന്നഞാനെന്തിനായ് ധ്യാനിക്കണം? 51

യാതൊന്നുഹേതുവായി വിക്ഷേപമെനിക്കില്ല,
നാസ്തിയാമതുമൂലമെനിക്കുസമാധിയും;
വിക്ഷേപസമാധികൾവികാരിമാനസത്തിൻ-
സാക്ഷാൽധമ്മങ്ങളെന്നുതേറണം ദൃഢമായി. 52

നിത്യാനുഭവരൂപനാമെനിക്കതിൽനിന്നു
ഭേദിച്ചുമററെന്തൊന്നുസാധിപ്പാനിരിക്കുന്നു?
ആകയാൽചെയ്യേണ്ടതുസവ്വം ഞാൻചെയ്തിട്ടുണ്ടു
കൈയ്ക്കലാകേണ്ടതെല്ലാം കൈയ്ക്കലാകയുംചെയ്തു. 53

ലൌകികം ശാസ്ത്രീയവും മററുവിധത്തിലായു–
മാഗമിച്ചീടുന്നതാമേതുവ്യവഹാരവും,
കർത്താവുഭോക്താവെന്നതില്ലാത്തൊരെനിക്കിഹ
സിദ്ധമാം പ്രാരബ്ധത്തിൻഗതിപോൽനടന്നോട്ടെ! 54

പക്ഷെ,ഞാൻകൃതകൃത്യനാകുന്നുവെന്നാകിലും
ലോകത്തിന്നനുഗ്രഹം ചെയ്യുവാൻതൽപ്പരനായ്
ശാസ്ത്രസമ്മതിപെററമാർഗ്ഗത്തിൽക്കൂടിഞാനും
വർത്തിക്കാമതുമൂലമെനിക്കുനഷ്ടമെന്താം? 55

ശരീരംദേവാർച്ചനം, സ്നാനശൌചങ്ങൾ,ഭിക്ഷാ–
ഹരണംതൊട്ടുള്ളതിൽ പ്രവൃത്തിചെയ്തിടട്ടെ;
വാക്കാപ്രണവജപംചെയ്യട്ടെ,യല്ലെന്നാകി–
ലക്കണക്കെ വേദാന്തപാഠവുംചെയ്തീടട്ടെ
ബുദ്ധിയാൽവിഷ്ണുവിനെധ്യാനിക്ക,യല്ലെങ്കിലൊ
ശുദ്ധമാംബ്രഹ്മാനന്ദംതന്നിലേലയിക്കട്ടെ;
സവ്വസാക്ഷിയാം ഞാനിന്നിവയിലൊന്നുംതന്നെ 56
ചെയ്വതൊ,ചെയ്യിക്കയൊ,കൂടാതെമേവീടുന്നു. 57

ചെയ്യുവാനുള്ളതിനെച്ചെയ്യുകകൊണ്ടുംപിന്നെ–
ക്കൈയ്യിൽകിട്ടേണ്ടതിങ്ങു ക്കിട്ടുകഹേതുവാലും,
സന്തൃപ്തനായിത്തന്നെ സന്തതമീവിധത്തി–
ലന്തരാചിന്തിക്കുന്നു ബന്ധമുക്തനാം ജ്ഞാനി. 58

അത്യർത്ഥംകൃതാർത്ഥൻഞാൻനിത്യമായിരിക്കുന്ന–
മദ്രൂപമപരോക്ഷമായിട്ടുബോധിക്കുന്നു;
തൽഫലമായിത്തന്നെയെനിക്കുബ്രഹ്മാനന്ദം
സുസ്ഫുടം സ്ഫുരിക്കുന്നു,ഞാനഹൊ,ധന്യധന്യൻ!! 59

ഇപ്പോൾഞാൻ ദുഃഖരൂപമായിടും സംസാരത്തെ–
യല്പവും കാണ്മതില്ലിങ്ങാകയാൽ കൃതാർത്ഥനാം;
ആ ദുഃഖപ്രതീതിക്കുഹേതുവാം മമാജ്ഞാന–
മേതോദിക്കിലേക്കായിപ്പാഞ്ഞുപോയൊളിച്ചിതു! 60

കർത്തവ്യമെനിക്കൊന്നുമവശേഷിപ്പതില്ല,
പ്രാപ്തവ്യമെല്ലാമിപ്പോൾ പ്രാപിച്ചു,ധന്യനായ് ഞാൻ;
ഇപ്പോൾഞാനാസ്വാദിക്കും തൃപ്തിക്കുസമംചൊല്ലാ-
നിപ്പാരിലൊന്നുമില്ലിക്കാലവുമിനിമേലും
ആകയാൽധന്യധന്യൻ ഞാനെന്നുവീണ്ടുംവീണ്ടും 61
ചൊല്ലുതാൻ ചെയ്തിടുന്നേനെൻതൃപ്തിയനിർവാച്യം! 62

ആശ്ചര്യമെന്നല്ലതങ്ങത്യാശ്ചര്യമായ്ച്ചൊല്ലാം,
നിശ്ചയംപൂർവ്വപുണ്യം പൂർണ്ണമായ്ഫലിച്ചിതു;
ഇപ്പുണ്യസമ്പത്തിതൻരൂപമായ് ഭവിച്ചോരാ-
ണിബ്ഭുവിലെന്നെപ്പോലെയുള്ളവരെല്ലാവരും. 63

സമ്യഗ്ജ്ഞാനപ്രദമാം ശാസ്ത്രമാശ്ചര്യമേവം,
സമ്യഗ്ജ്ഞാനാചാര്യൻെറ മാഹാത്മ്യമാശ്ചര്യമാം;
ആചാര്യോപദേശത്താൽ സിദ്ധിച്ചബോധമതു-
മാശ്ചര്യമതുമൂലം ഭുജിക്കുമാനന്ദവും. 64

ബ്രഹ്മാനന്ദമാംഗ്രന്ഥമദ്ധ്യായം നാലാമതി-
ലിമ്മട്ടിൽസമഗ്രമായ് വിദ്യാനന്ദത്തെച്ചൊന്നേൻ;
ആയതുണ്ടാകുംവരെയഭ്യാസം ചെയ്യുതക്ക-
കാര്യമാണതെന്നങ്ങുതേറണം മർത്ത്യനാദയോൻ. 65

ശുഭം.

---

ഓം.

# ബ്രഹ്മാനന്ദത്തിൽ വിഷയാനന്ദം.

## പ്രകരണം 15.

ഇന്നിയുംതുടർച്ചയായ് ബ്രഹ്മാനന്ദത്തിൻഭാഗ-
മാന്നതാംവൈഷയികാനന്ദത്തെ നിരൂപിക്കാം;
ആയതാബ്രഹ്മാനന്ദദ്വാരവും തദംശവു-
മായിച്ചൊല്ലുന്നുചെമ്മേ ശ്രുതിയുമറിഞ്ഞാലും. 1

പൂർണ്ണമാദയേകരസരൂപമായിടുമാത്മാ-
വിന്നുടെപരാനന്ദമായതിൻഭാഗമല്ലോ
മററുഭൂതങ്ങളെല്ലാമാസ്വാദിച്ചീടുന്നതായ്
വ്യക്തമാദയോതിടുന്നു ബൃഹദാരണ്യശ്രുതി. 2

ശാന്തവുംഘോരംപിന്നെ മൂഢവുമെന്നീവിധം
വൃത്തികൾമൂന്നുവിധമുണ്ടല്ലൊ മനസ്സിന്നും:
എന്നതിൽവൈരാഗ്യവും ക്ഷാന്തിയുമൌദാൎയ്യവും
മൂന്നും ശാന്തവൃത്തിക,ളാശയും സ്നേഹംരാഗം
ലോഭവുമിവഘോരവൃത്തികൾ, ഭയംഭ്രാന്തി-
യീവകരണ്ടുമോൎത്താൽ മൂഢവൃത്തികളത്രെ. 3—4

ഈവൃത്തികളിലെല്ലാം ബ്രഹ്മത്തിൻജ്ഞാനഭാവം
സവ്ദാപ്രതിബിംബംചെയ്തിടുമെന്നുംപിന്നെ
ശാന്തവൃത്തികൾതന്നിൽ ജ്ഞാനത്തോടാനന്ദവും
ചേൻബിംബിച്ചിരിക്കുമെന്നും ധരിച്ചീടണം. 5

ഈയാത്മാവുതാൻരൂപമോരോന്നിലുമതാതിൻ
സ്വീയമാംഗുണമൊത്തു ബിംബനംചെയ്തീടുന്നു;
ജലപാത്രങ്ങളിലെ സൂൎയ്യച്ഛായപോലെന്ന
നലമാമുപമയെ സൂത്രത്താൽ വ്യാസനോതി. 6

വെള്ളത്തിൽചന്ദ്രൻപോലെയൊരേയാത്മാവുതന്നെ-
യെല്ലാഭൂതങ്ങളിലുമനേകനെന്നോണവും,
ബിംബരൂപത്തിലെന്നാലൊന്നായും കണ്ടിടുന്നു;
അംബുവിൽനിഴലിച്ചോരിച്ചന്ദ്രൻപങ്കിലമാം
പാനീയത്തിലസ്പഷ്ടം, വിസ്പഷ്ടം നിൎമ്മലത്തിൽ
എന്നപോൽബ്രഹ്മംതാനുമന്തരംഗത്തിനുള്ള
വൃത്തികൾക്കൊത്തവണ്ണം സ്പഷ്ടമസ്പഷ്ടമായി 7
ദ്വേധാദൃഷ്ടമായീടുമെന്നിഹധരിച്ചാലും. 8

ഘോരമൂഢകൾതന്നിലുള്ളതാംമലിനാംശ-
കാരണംകൊണ്ടാത്മാവിൻ സുഖാംശംസ്ഫുരിക്കില്ല;
എന്നാലുംനിൎമ്മലത്വമല്പമായ്കാണുകമൂലം
ജ്ഞാനാംശംപ്രതിബിംബംചെയ്യുന്നുണ്ടവയിലും. 9

അല്ലെങ്കിൽ,നിൎമ്മലമാം ജലത്തിലഗ്നിയുടെ
നല്ലൊരുചൂടുകാണും പ്രകാശമുണ്ടാവില്ല;
എന്നപോൽഘോരമൂഢമാവതിലാത്മാവിൻെറ
ജ്ഞാനാംശം മാത്രംകാണും, സുഖാംശം ശോഭിക്കില്ല. 10

കാഷ്ഠത്തിലഗ്നിക്കുള്ളോരുഷ്ണവുംപ്രകാശവും,
സ്പഷ്ടമായ്സംക്രമിക്കു,മവ്വണ്ണം ശാന്തകളിൽ
ദ്യോതിപ്പൂജ്ഞാനാംശവുമാനന്ദാംശവുംചെമ്മേ;

വസ്തുവിൻസ്വഭാവാനുസാരമാം വ്യവസ്ഥിതി
രണ്ടിനുംതുല്യ,മിതിൽ നിയമംകല്പിക്കുന്ന– 11
തുണ്ടാമയോരനുഭവമാസ്പദമാക്കിയത്രെ. 12

ഘോരയുംമൂഢയുമാം വൃത്തികൾരണ്ടിങ്കലും
തീരെയുംസുഖാസ്വാദം കാണുന്നതല്ലയല്ലൊ;
ആനന്ദംവിളങ്ങുന്നശാന്തകളിൽചിലപ്പോ–
ളാനന്ദമധികമായുണ്ടാകുമേതോവിധം. 13

ഗൃഹവുംവിളഭൂമിയെന്നിതുകളിലാശ–
യകമേയെപ്പൊഴുണ്ടാമപ്പൊഴീരാജസേച്ഛ,
ഘോരതയാണ്ടീടുന്നിതായവസ്ഥയിലെത്തും
സാരമാമാനന്ദാംശമാസ്വാദ്യമാകയില്ല. 14

കിട്ടുമോകിട്ടില്ലയോയെന്നേവം ദുഃഖമാദ്യം
തട്ടിടും,കിട്ടായ്കിലൊ ദുഃഖവുമേറിടുന്നു;
തടസ്സം വരുന്നേരം തടസ്സംനിമിത്തമായ്
കടുതാമമർഷമോ ദ്വേഷമോ ഭവിച്ചീടും. 15

പ്രതിക്രിയയ്ക്കൊക്കായ്കിൽ വിഷാദംഭവിച്ചിട്ട–
മതുതാമസമത്രെ, ക്രോധാദിതന്നിൽദുഃഖം
ഒട്ടേറെയുണ്ടാമതിൽ സുഖശങ്കയേയില്ല;
ഇഷ്ടലാഭത്തിൽഹർഷവൃത്തിയുമെന്നാൽശാന്ത–
വൃത്തിയിൽമഹാസുഖമനുഭൂതമായ്വരും;
ആധിക്യമാകുംസുഖം ഭോഗാസ്വാദനത്തിങ്കൽ,
ലാഭേച്ഛതന്നിൽ സുഖമേറെയും കുറഞ്ഞിടും;
നിർഭരസൌഖ്യമുണ്ടാംവിരക്തിതന്നി,ലതു 16
വിദ്യാനന്ദത്തിൽചൊന്നേ,നീമട്ടാംക്ഷാന്തിയിലു– 17
മൌദാര്യത്തിലും,ക്രോധലോഭങ്ങളില്ലായ്കയാൽ. 18

ഒന്നിങ്കലുണ്ടായിട്ടമേതൊരുസുഖത്തെയു–
മെണ്ണണംപ്രതിബിംബംനിമിത്തംബ്രഹ്മമെന്നായ്;
വൃത്തികളന്തർമ്മുഖമാകവെ ബ്രഹ്മച്ഛായ–
യന്തരായമെന്നിയെ പ്രകാശിച്ചീടുന്നിതു. 19

സച്ചിൽസുഖങ്ങളെന്നീമൂവിധസ്വഭാവങ്ങൾ
മിശ്രിതമായിരിപ്പൂബ്രഹ്മത്തിലറിഞ്ഞാലും;
മണ്ണുകല്ലെന്നിവയിൽവ്യഞ്ജിപ്പൂസത്തുമാത്രം
കാണപ്പെടുന്നതില്ല, ജ്ഞാനവുമാനന്ദവും. 20

ഘോരയും മൂഢയുമാംബുദ്ധിതൻവൃത്തികളിൽ
പാരംവ്യക്തമാകുന്നു സത്തയും ജ്ഞാനമത്രം;
വ്യക്തമാണവമൂന്നും ശാന്തവൃത്തിയിലേവ-
മുക്തമായിരിക്കുന്നു മിശ്രണമെന്നുംബ്രഹ്മം. 21

മുൻചൊന്നാജ്ഞാനയോഗാദ്ധ്യായങ്ങളിൽസുസ്പഷ്ടം
നിശ്ചയിച്ചിരിക്കുന്നു കേവലബ്രഹ്മസ്ഥിതി;
അദ്ധ്യായമൊന്നിൽചെയ്തു യോഗത്തിൻനിരൂപണ-
മദ്ധ്യായംരണ്ടുപിന്നെ ജ്ഞാനവും സമീക്ഷിച്ചു. 22

അസത്ത,ജാഡ്യം,പിന്നെ ദുഃഖവുമെന്നമൂന്നും
വിശേഷാൽ മായാരൂപമാണെന്നു കരുതണം;
ദൃഷ്ടാന്തമസത്തയ്ക്കുചൊല്ലുന്നുനരശൃംഗം,
വൃക്ഷവും കല്ലുംതൊട്ടുമറെറല്ലാംജാഡ്യത്തിനും. 23

ഘോരമൂഢകളായ ധീവൃത്തികളിൽദുഃഖ-
ഭാരവു,മേവം മായ ജൃംഭിച്ചുഭാസിക്കുന്നു;
ശാന്താദിധീവൃത്തികൾതമ്മോടുള്ളൈക്യത്തിനാ-
ലുക്തമായ്ബ്രഹ്മമിതുമിശ്രമാണെന്നുതന്നെ. 24

ഇമ്മട്ടിലിരിക്കവേയിന്നിതിലേതൊരുവൻ
ബ്രഹ്മത്തെദ്ധ്യാനിക്കുവാനാഗ്രഹിച്ചീടുന്നുവൊ,
നൃശൃംഗാദിയാംമിഥ്യയൊക്കെയുംതള്ളിയവൻ
വിശിഷ്ടധ്യേയങ്ങളെദ്ധ്യാനിക്കയഥായോഗ്യം. 25

ശിലാദിവസ്തുക്കളിൽ നാമരൂപങ്ങൾതള്ളി
നലമായ്സത്തയെത്താൻ ചിന്തിച്ചീടുകവേണം;
ഘോരമൂഢകൾതന്നിൽ മായാംശമായദുഃഖം
ദൂരവേനീക്കി സച്ചിൽബ്രഹ്മത്തെദ്ധ്യാനിക്കണം. 26

ശാന്തവൃത്തികളിലെസച്ചിൽസുഖങ്ങൾമൂന്നും
ചിന്തിക്ക പരസ്പരം സാമ്യവുമവയ്ക്കില്ല;
ഈ മൂന്നുചിന്തകളുംഹീനംമദ്ധ്യമംശ്രേഷ്ഠ-
മീമട്ടിൽയഥാക്രമംധരിച്ചുകൊണ്ടീടണം. 27

മന്ദാധികാരികൾക്കു ലോകവ്യാപാരത്തിലും
നന്നുതാൻമിശ്രബ്രഹ്മധ്യാനമെന്നോതാനല്ലൊ
വിഷയജാനന്ദവും ബ്രഹ്മാനന്ദമാണെന്നു
'വിഷയാനന്ദം'വഴിയിവിടെക്കഥിച്ചതും. 28

ഉദാസീനാവസ്ഥയിൽ ധീവൃത്തിശൈഥില്യത്താൽ,
ഗദിച്ചസവൃത്തികധ്യാനത്തിന്നിതു മുഖ്യം;
അതിയാംസൌഖ്യംതാനുംഭുജിക്കാം,നാന്മട്ടേവ–
മുദിതമായീധ്യാനംവിഷയാനന്ദത്തിങ്കൽ. 29

ജ്ഞാനയോഗങ്ങളുടെയുദ്ദേശംധ്യാനമല്ല,
യെന്നാലവയാബ്രഹ്മജ്ഞാനംതന്നെയാംനൂനം;
ധ്യാനത്താൽചിത്തൈകാഗ്ര്യംസിദ്ധിച്ചീടുന്നനേരം
ജ്ഞാനംസുസ്ഥിരമായിബ്ഭവിക്കുമറിഞ്ഞാലും. 30

ജ്ഞാനാവസ്ഥയിൽധ്യാതാവാദിത്രിപുടിഭേദം
ശൂന്യമാകയാൽസച്ചിൽസുഖബ്രഹ്മസ്വരൂപം
ഭേദമില്ലാതഖണ്ഡമായേകരസഭാവം
ലബ്ധമായതിമാത്രം ശോഭിച്ചീടുന്നുവല്ലോ. 31

ശാന്തമാം സാത്വികവും ഘോരമാംരാജസവും
മന്ദമാംതാമസവുംഭേദകോപാധികളാം;
യോഗത്താൽജ്ഞാനത്താലും നാശമീയുപാധികൾ–
ക്കാശമിച്ചീടുമെന്നു നന്നായിദ്ധരിക്കണം. 32

നിരുപാധികമായും സ്വപ്രകാശകമായു–
മിരിക്കുന്നൊരദ്വൈതബ്രഹ്മംസാക്ഷാൽക്കരിക്കിൽ,
ത്രിപുടിയറുന്നതാമായവസ്ഥയിലെഴ്–
മുപമാതീതാനന്ദമാകുന്നുഭ്രമാനന്ദം. 33

ബ്രഹ്മാനന്ദമെന്നുപേരാർന്നതാംഗ്രന്ഥത്തിങ്ക–
ലിമ്മട്ടിലുക്തമഞ്ചാംവിഷയാനന്ദാദ്ധ്യായം;
ഇമ്മാർഗ്ഗംതന്നിൽക്കൂടിമന്ദനും മതിമാനും
ബ്രഹ്മാനന്ദത്തിൽചെമ്മേ ഗാഹനംചെയ്തുകൊൾവിൻ! 34

ബ്രഹ്മാനന്ദമായോക്തിഗ്രന്ഥംനിമിത്തമായി
ശ്രീമൽസദ്ഗുരുസദാപ്രീതനായ് ഭവിക്കട്ടെ!
ശുദ്ധമാനസന്മാരും സ്വാശ്രിതന്മാരുമായി–
ട്ടെത്തിടും സർവ്വപ്രാണിവർഗ്ഗത്തെ രക്ഷിക്കട്ടെ! 35

വിദ്യാരണ്യനാം വൈദ്യൻ രോഗത്തിന്നെന്നപോലെ
മിഥ്യയാം സംസാരത്തിൻ നാശാർത്ഥംപ്രകല്പിച്ച
പഥ്യമാം പഞ്ചദശപ്രകരണങ്ങൾ ചേരു–
മുത്തമഭോജ്യദ്രവ്യമാസ്വാദ്യമായിടട്ടെ! 36

ശുഭം ഭൂയാൽ

# ടിപ്പണി

KOTTAYAM PUBLIC LIBRARY KOTTAYAM

പ്രകരണം–പദ്യം

1 1, 2 ഇവയിൽ അനുബന്ധചതുഷ്ടയം സൂചിപ്പിച്ചിരിക്കുന്നു. ശ്രീശങ്കരാനന്ദഗുരുവിനെ നമസ്കരിക്കുന്നു എന്നതു മങ്ഗളാചരണം. ശംകരഃ–സകല ജഗദാനന്ദകരനായ പരമാത്മാവു്; ആനന്ദഃ–നിരതിശയപ്രേമാസ്പദം ഹേതുവായി പരമാനന്ദരൂപനായ പ്രത്യഗാത്മാവു്; ഇങ്ങനെ ജീവബ്രഹ്മങ്ങളുടെ ഐക്യം 'ഗ്രന്ഥവിഷയം' എന്നുകൂടി സൂചനയുണ്ടു്. കാര്യവർഗ്ഗം-ചരാചരാത്മകപ്രപഞ്ചം. മഹാമോഹം–മൂലാജ്ഞാനം. മഹാ....ഗ്രസിക്കുക–മൂലാജ്ഞാനമായ മുതലയെ, അതീവ ദുഃഖഹേതുകമാകയാൽ, വിഴുങ്ങുക, നിശ്ശേഷം നശിപ്പിക്കുക, മുഖ്യകർമ്മം. നിശ്ശേഷാനർത്ഥനിവൃത്തിലക്ഷണം 'പ്രയോജനം.' 2–ൽ അധികാരിയും, അവാന്തരപ്രയോജനവും വ്യക്തമാകുന്നു. പ്രതിപാദ്യപ്രതിപാദകം സംബന്ധം.

6 സംവിത്–ജ്ഞാനം.

7 സ്വപ്രകാശാത്മകം–തനിയെ വിളക്കമുള്ളതു്.

12 ഭാനം × അഭാനം. ഭാനം–വിളക്കം.

14 വിപരീതജ്ഞാനം–തെററായ ബോധം.

17 ചിത്തു്–ബ്രഹ്മചൈതന്യം.

20 സർവ്വ....ജന്യം–പഞ്ചഭൂതങ്ങളിലെ സമസ്തസത്വഗുണവുംചേർന്നുണ്ടായതു്. വൃത്തിഭേദം–ഭിന്നവ്യാപാരം.

31 ഉദ്ധൃതർ–ഉയർത്തപ്പെട്ടവർ.

42 കോശനിർമ്മുക്തിചെയ്ത–കോശങ്ങളിൽനിന്നു് ഉദ്ധരിക്കപ്പെട്ട.

43 ഭാഗ....വൃത്തി–വിരുദ്ധാംശപരിത്യാഗലക്ഷണയായ വൃത്തി. ജഹദജഹൽ (വിട്ടുവിടാത്ത) ലക്ഷണയെന്നതു്. 43-52 വരെ പദ്യങ്ങളിൽ 46, 47, 48 ഇതു വ്യക്തമാക്കുന്നു.

44 ജഗദുപാദാനം–ജഗത്തിൻെറ കാരണദ്രവ്യം.

49 അവിതഥമല്ല–മിഥ്യയെന്നു സാരം.

50 ഛിദ്രം–ദോഷം, ദൂഷണം.

54 അവാപിക്കുക–പ്രാപിക്കുക.

56 സ്മൃതിവഴി ഭവിക്കും–സ്മൃതിമൂലം ഉണ്ടാകുന്നതായ. സമാഹിതാനുഭവം–സമാധ്യനുഭവം.

57 അനുഗതി ഉണ്ടാം–അന്വയം. അനുഗതി–തുടർന്നുള്ള പോക്കു്. അദൃഷ്ടം–പുണ്യവിശേഷം. ഭാവനാസംസ്കാരം–അനുഭവജന്യവും സ്മരണഹേതുകവുമായ സംസ്കാരം.

60 ധൎമ്മല....തൌഘം—ധൎമ്മലക്ഷണമുള്ള അമൃതധാര.

3, 6 രോചിസ്സ്—പ്രകാശം.

8, 9 പ്രാണ....സ്വനം—പ്രാണവായുവിലും ജഠരാഗ്നിയിലുംനിന്നുള്ള ശബ്ദം. അഭിവ്യഞ്ജിക്ക—പ്രകാശിക്ക. ധ്വാന്തം—ഇരുട്ടു്. ഉദ്ഗാരം—തികട്ടൽ. അക്ഷം—ഇന്ദ്രിയം.

10 ഉക്തി....മെന്നിവ—വാക്പാണിപാദപായൂപസ്ഥങ്ങളുടെ വ്യാപാരങ്ങൾ.

13 വിക്രിയ—വികാരം. അൎത്ഥാൎപ്പിതങ്ങൾ—വിഷയങ്ങളിൽ സ്ഥാപിതങ്ങൾ.

17 സ്പൃഷ്ട....ക്കളിൽ—സ്പൃഷ്ടങ്ങളായ ശബ്ദസ്പൎശാദികളോടുകൂടിയ ഘടാദികളിൽ. ഗമ്യം—അറിയപ്പെടത്തക്കതു്.

38 കാലവിരഹം—കാലാഭാവം.

45 മാനസാ....ക്ഷി—മനോവ്യാപാരമില്ലാത്തതിന്നു സാക്ഷി.

47 കാൎയ്യാഗ്രവൎത്തി—കാൎയ്യത്തിനുമുമ്പുള്ളതു്.

55 ഇതിലെ ആശയം 56 പ്രകടമാക്കുന്നു. ചതുൎത്ഥാംശം—നാലിൽ ഒരുഭാഗം.

58 ശ്രോതൃ....ണി—ശ്രോതാവിന്റെ ഹിതം കാംക്ഷിക്കുന്നവൾ.

60 അവകാശം—ഇടം. അനുവൃത്തിചെയ്യുന്നു—അന്വയം.

63 അതു്—ആ മായാശക്തി. ധൎമ്മി—ആശ്രയം, സദ്വസ്തു. ധൎമ്മം—ആശ്രിതം, ആകാശാദികൾ. വിപക്ഷം—വിപരീതം.

68 അഭിവ്യാപ്തി—വ്യാപ്തിക്കൂടുതൽ.

72 സംശയാപാതം—സംശയഭാവം.

74 വിയത്സത്തുകൾ—ആകാശവും സദ്വസ്തുവും. ഛിദതേ—ഛിദഭാവം. ഛിദം—പഴുതു്.

85 മുഖ്യേതരം—അവാന്തരം.

87 ആവരണം—ആച്ഛാദനം, മറവു്.

94 നിസ്തത്വം—തത്വമല്ലാത്തതു്.

97 ബ്രഹ്മാണ്ഡ....കൾ—ബ്രഹ്മാണ്ഡം, ലോകങ്ങൾ, ദേഹങ്ങൾ. തമ്മൂട....വിയുക്തിയിൽ—അവയുടെ അധിഷ്ഠാനമായ സദ്വസ്തുവിൽനിന്നു വേർപെടുത്തുമ്പോൾ.

98 വ്യത്യയം—വിപൎയ്യയം, പ്രതിബന്ധം.

99 പൃഥക്കരിക്ക—വേർപെടുത്തുക.

102 ദ്വൈതാവധീരണം—ദ്വൈതത്തിൽ അവജ്ഞ.

103 തന്നിഷ്ഠൻ—ബ്രഹ്മനിഷ്ഠൻ. കേവലം ജീവന്മുക്തി മാത്രമല്ല, വിദേഹമുക്തിയും പ്രയോജനമാണെന്നു് ഇതിൽ പറയുന്നു.

104 എത്തും—ഉണ്ടാകുന്ന. അന്യോന്യൈക്യബോധം—സത്യമായ അദ്വൈതത്തിലും അസത്യമായ ദ്വൈതത്തിലും അദ്ധ്യാസം നിമിത്തം തെററായ ഐക്യബോധം ഉണ്ടാകുന്നു. (മിഥ്യ സത്യമാണെന്നും, സത്യം മിഥ്യയാണെന്നും തെററിദ്ധാരണയുണ്ടാകുന്നു എന്നത്ഥം). ആ ഐക്യഭ്രമത്തിൻെറ അന്തകാലം—നാശം. യഥാത്ഥത്തിൽ അദ്വൈതദ്വൈതങ്ങളുടെ സത്യാനൃതരൂപത്തിലുള്ള ഭേദബുദ്ധി മാത്രമാകുന്നു. അല്ലാതെ ഇപ്പോൾ ഉള്ള ശരീരത്തിൻെറ നാശം എന്നല്ല വിവക്ഷിതം.

106 മുഗ്ദ്ധൻ—ബോധംകെട്ടവൻ.

3 7 ചിച്ഛായ, ചിത്പ്രതിബിംബം—ചിദാഭാസൻ—ചേതനലക്ഷണമില്ലാതിരിക്കെ ചേതനംപോലെ ഭാസിക്കുന്നവൻ. ജാഗര്യ—ജാഗ്രദവസ്ഥ.

14 സ്വാദുതാദി—മാധുയ്യാദി, ശക്കര, പുളി മുതലായവ. അവ—മാധുയ്യാദികൾ.

39 സാങ്കയ്യം—വിമിശ്രണം—സങ്കലഭാവം— വിപ്ലവാവസ്ഥ—അനിയതവ്യവഹാരവിഷയത്വം.

4 3 ഋക്ശാഖികൾ—ഋക്ശാഖാദ്ധ്യായികൾ.

30 പ്രമാതാവ്—ബുദ്ധിസ്ഥനായ ജീവൻ (ചിദാഭാസൻ). വൃത്തിജ്ഞാനം—അന്തഃകരണവൃത്തിയായ ജ്ഞാനം. പ്രമേയവസ്തു—ഘടാദിപദാത്ഥം.

52 നീ കൃതിയാം—നീ ധന്യനാകും,

62 വിവിക്തം—വിജനസ്ഥലം.

67 സംഭാവിതം—മാനിക്കപ്പെടുന്നതു്.

5 4 ദിഗാദ്യക്ഷയ്യം—ദിക്കാലാദ്യനവച്ഛിന്നം.

6 തദത്യയം—ദേഹേന്ദ്രിയാദികളെ അതിക്രമിക്കുന്നതു്.

6 3 ഭക്തവിലേപനം—ചോറുതേയ്ക്കൽ. സാന്ദ്രത—കട്ടി.

27 ഉപപത്തി—യുക്തത, സാമഞ്ജസ്യം.

33 ദേഹദ്വയം—സ്ഥൂലസൂക്ഷ്മശരീരങ്ങൾ.

57 സമാസാദിക്ക—ലഭിക്ക.

65 ആവേദിക്ക—അറിയിക്ക.

69 ഇതിൽ ബൌദ്ധമതം വണ്ണിക്കുന്നു. മനസ്സിൽനിന്നന്യമായ വിജ്ഞാനത്തിനു് ആത്മത്വം ഉണ്ടെന്നാണു് അവരുടെ മതം.

74 'വിദ്യുദഭ്രനിമേഷവത്' (മൂലം)—വിദ്യുച്ഛാകചക്യം(ഔജ്ജ്വല്യം) പോലെ. ഔജ്ജ്വല്യം—പ്രഭ, ദീപ്തി.

79 ആന്തരാളന്മാർ—രാമാനുജമാധ്വന്മാരുടെ മദ്ധ്യേയുള്ള അണുത്വവാദികൾ.

82 ദിഗംബരന്മാർ–ഒരു നഗ്നസംഘം.

85 ദോഷങ്ങൾ–പുണ്യപാപങ്ങൾ അനുഭവിക്കാതെ നശിക്ക എന്നതു് 'കൃതനാശം'; അകാരണമായ ഫലദാതൃത്വം 'അകൃതാഭ്യാഗമം'–ഇവ ആത്മാവിൻെറ അനിത്യത്വംമൂലം ഭവിക്കുമെന്നാശയം.

89 തമ്മുടെ സംസ്കാരങ്ങൾ-മേല്പറഞ്ഞ ഗുണങ്ങളും അവയുടെ ഭാവനകളും-ഇങ്ങനെ ജീവൻ ജ്ഞാനം കൂടാതെ 14 ഗുണങ്ങളോടുകൂടിയവനെന്നു വിചാരിക്കുന്നു.

92 ലോകാന്തരാംഗം-ലോകാന്തരത്തിലെ ദേഹം.

93 അവർ-പ്രാഭാകരാദികൾ

94 അഗ്ഗുണങ്ങൾ-മുൻപറയപ്പെട്ട ജ്ഞാനം, ആനന്ദം, മുതലായ ഗുണങ്ങൾ.

95 ഭാട്ടന്മാർ-മീമാംസകന്മാർ

96 ജാഡ്യാനുഭൂതി-ജാഡ്യത്തെക്കുറിച്ചുള്ള അനുഭവം.

100 മുന്നംചൊന്നവർ-താർക്കികാദികൾ.

105 ക്ലേശങ്ങൾ-അവിദ്യ, അസ്മിത, രാഗം, ദ്വേഷം, അഭിനിവേശം ഇങ്ങനെ അഞ്ചു് കർമ്മങ്ങൾ–ധർമ്മാധർമ്മങ്ങൾ–ഇവയുടെ ഫലം വിപാകം.

108 ആഗ്രഹം-നിർബന്ധം, അഭിനിവേശം.

112 ഉദ്ഗാഢം-വളരെ അധികമായി.

113 വൈരാജദേഹൻ-വിരാട്പുരുഷൻ (സ്ഥൂലരൂപിയായ ഈശ്വരൻ)

119 വേവിക്കുവാൻ-നശിപ്പിക്കാനെന്നർത്ഥം; പക്ഷെ, ജയിക്കുവാൻ എന്നത്രെ മൂലാശയം.

120 കല്പം–മന്ത്രതന്ത്രപ്രതിപാദകഗ്രന്ഥം.

132 ചിത്തിനെ മായ അന്യപ്രകാരത്തിലാക്കുന്നതു 133 വിശദമാക്കുന്നു.

147 വേഷ്ടനം-ആവരണം.

149 നിരുക്തി-നിർവചനം.

151 നിശ്ചിന്ത്യ......ശക്തി-ചിന്തിക്കാൻകൂടിവയ്യാത്ത നിർമ്മാണശക്തി.

156 തുഷാരസ്ഥമാംവാനു്-തുഷാരത്തിൽ പ്രതിഫലിച്ച ആകാശം തുഷാരം–മഞ്ഞു്.

171 ഈ ഗീതാശ്ലോകത്തിൻെറ അർത്ഥം 172-76 പദ്യങ്ങളിൽ വിശദമാക്കുന്നു.

172 അവിടത്തിൽ–ഹൃദയത്തിൽ.

173 ദേഹാദി-ദേഹം, ഇന്ദ്രിയങ്ങൾ, തുടങ്ങിയവയുടെ കൂട്ടത്തെ യന്ത്രം; അവതാനെന്ന ജീവാഭിമാനം 'ആരോഹം' (കയററം) കുറിക്കുന്നു. വിധാനം-പ്രവൎത്തനം, ചെയ്യുന.

180 ആദേശം-ആജ്ഞ.

186 ആരംഭപരിണാമവാദങ്ങൾ-കാരണത്തിൽനിന്നു ഭിന്നമായ കാൎയ്യം ഉണ്ടാകുന്നു. പിതാവിൽനിന്നു പുത്രൻ എന്നപോലെ-ഇതു് ആരംഭവാദം. പാൽ തൈരാകുംപോലെ ഒന്നു മററൊന്നാകുന്നു എന്നതു പരിണാമവാദം.

188 ക്ഷമാദി-ഭൂമിതൊട്ടുള്ള.

194 മുഗ്ദ്ധന്മാർ-സ്ഥൂലബുദ്ധികൾ.

195 'ഉപക്രമോപസംഹാരാവഭ്യാസോഽപൂൎവതാഫലം, അൎത്ഥവാദോപപത്തീച ലിംഗം താത്പൎയ്യനിൎണ്ണയേ' - ഇവ 6-ം അത്രെ 'ഉപക്രമാദ്യങ്ങ'ളായ ലക്ഷണങ്ങൾ.

199 ക്രമസൃഷ്ടി-ബ്രഹ്മത്തിൽനിന്നു ക്രമേണ അകാശാദി ദേഹപൎയ്യന്തമുള്ള ജഗൽസൃഷ്ടി. യുഗപൽസൃഷ്ടി-സ്വപ്നപ്രപഞ്ചംപോലെ ഒരുമിച്ചുണ്ടായി എന്നതു്. 'ഇദം സൎവമസൃജത'-എന്നു ശ്രുതി. അക്രമമട്ടു്-ക്രമംവിട്ട വിധം. ഗമകം-സൂചകം, ബോധകം.

203 ശാകം-ചെടി.

208 ജീവനം-ജലം, കാഷ്ഠം-മരക്കഷ്ണം.

213 മൌലിസ്ഥഹരിഭം-തലയിലെ ഭാരം.

216 'തൃണാശ്മകാദി' എന്ന മൂലത്തിനു് അശ്മക-ശില-തൃണപാഷാണാദി എന്നു്, യോഗദൎശനമണയുക-യോഗദൎശനത്തിൽ എത്തിച്ചേരുക. ദൎശനം-ഉപദേശം- ആചരണം, ഒരു തത്വജ്ഞാനശാഖ എന്നും,

218 ഭൈക്ഷ്യം-ഭിക്ഷ.

221 തത്സമൻ-നിസ്സംഗചിദ്രൂപൻ.

228 ആത്മഭേദവും ജഗത്സത്യത്വവും സാംഖ്യയോഗങ്ങൾക്കു പൊതുവേ സമ്മതം, എന്നാൽ ജീവജഗത്തുകളിൽനിന്നു ഭിന്നനായു് ഈശ്വരൻ കൂടി ഉണ്ടെന്നു യോഗമതം.

232 പുരുഷനെപ്പോലെ പ്രകൃതിയും സത്യമെന്നതാണു് 'ദുരൂഹം' പ്രകൃതി സത്യമെങ്കിൽ പ്രകൃതി പുരുഷബന്ധം, മായാവാദം, ഉണ്ടാകുമല്ലോ.

243 ഏകദേശപ്രത്യയം-ഏകപക്ഷ(ഭാഗിക)മായ നിശ്ചയം. 242-ൽ ദ്വൈതാദ്വൈതങ്ങൾ തമ്മിൽ ദോഷസാമ്യവും, 243-ൽ പരിഹാരസാമ്യവും ഉണ്ടെന്നു കാട്ടുന്നു. 244-ൽ

അദ്വൈതാസിദ്ധിയെ ദ്വൈതി മറെറാരു തരത്തിൽ ശങ്കിക്കുന്നു. പ്രതീതം-അനുഭവപ്പെട്ടതു്.

248 ഈശ്ചിന്ത-ശ്രവണാദികൾ വഴിയായ വിചാരം.

250 സഹജതാദാത്മ്യം-അഹംകാരത്തിനും ചിദാഭാസനും തമ്മിലുള്ള ജന്മസിദ്ധമായ ഐക്യബന്ധം. ഇതിനു ചിജ്ജഡഗ്രന്ഥി എന്നും പറയാം.

254 പ്രാഗഭാവം-ഉൽപത്തിക്കു മുമ്പെ ഇല്ലാതിരിക്കുക എന്നതു്.

270 ഗദം-രോഗം.

279 അപൂർവം-അസാധാരണം.

7 5 കൂടസ്ഥാത്മാവിനു പരമാർത്ഥത്തിൽ ബുദ്ധ്യാദികളോടു യാതൊരുസംഗവുമില്ല, അതുകയാൽ 'ബന്ധമില്ലാത്ത ധീ' എന്നരുളി.

13 ചിദാഭാസവിവിക്ത ചിദാഭാസനിൽ നിന്നു ഭിന്നനായ.

17 യക്ഷാ......ബലി-ബാധയുണ്ടെന്നബോധവും ബലികർമ്മവും മിഥ്യ.

30 പ്രസ്താവം-ചിദാത്മവിഷയകപ്രസംഗം.

35 ആലസ്യവൃത്തി-ഉദാസീനവ്യവഹാരം.

45 ഉപ...വെൽവൂ-മറയ്ക്കുന്ന ആവരണബീജം ഇല്ലാതാകുന്നു.

46 സംസക്തം-നല്ലപോലെ ചേർന്നിരിക്കുന്ന

53 വ്യക്തി-ദൃഷ്ടി വിഷയത്വം, പ്രത്യക്ഷത.

55 ബാധാംശം-തള്ളിക്കളയേണ്ട ഉപാധി. തദംശജ്ഞാനം വരെ-ഉപാധിസംബന്ധം ഇല്ലെന്നറിയുന്നതുവരെ.

56 അസത്വാംശം-'ഇല്ലെ'ന്നു കാട്ടിയ അജ്ഞാനാംശം. അഭാനാംശം-വിളങ്ങുന്നില്ലെന്നു കാട്ടിയ അജ്ഞാനാംശം.

61 'സദേവസൌമ്യേദമഗ്ര ആസീദേകമേവാദ്വിതീയംബ്രഹ്മ'-ഇത്യാദി ഛാന്ദോഗ്യശ്രുതി.

62 സുസ്ഥം-സുസ്ഥിതം.

66 അർഹിതം-വെയ്ക്കപ്പെട്ടതു്.

67 'യ ആത്മാऽപഹത പാപ്മാ വിജരോവിമൃത്യുർവിശോ —ഇത്യാദി ഛാന്ദോഗ്യം.

74 മററുരണ്ടു്-ജഹൽ, അജഹൽ, ലക്ഷണകൾ. വാച്യാർത്ഥം കൊണ്ടുശബ്ദം വ്യക്തമല്ലെങ്കിൽ ലക്ഷണാവൃത്തിയും സ്വീകരിക്കണം' ജഹൽ ലക്ഷണ-വാച്യാർത്ഥം മുഴുവൻ 'വിട്ട'ലക്ഷണ-ഗ ഗായാം ഘോഷഃ-ഗംഗാപ്രവാഹത്തിൽ ഇടയഗ്രാമം എന്ന വാച്യാർത്ഥം അസംഗതമാകയാൽ 'ഗംഗക്കരയിൽ ഇടയഗ്രാമം' എന്നർത്ഥം ധരിക്കുന്നു. അജഹൽലക്ഷണ-വാച്യാർത്ഥത്തെ'വിടാതെ' ബന്ധപ്പെട്ട ഒന്നിൻെറ ബോധം തരുന്നു.

ശോണോധാവതി ചുവപ്പുനിറം വിടാതെ ചുവന്ന കുതിരയിലൊ മററൊ ലക്ഷണ എത്തുന്നു. ഇങ്ങനെ ലക്ഷണാവൃത്തികൾമൂന്ന്–ഇവ സവിസ്തരംപരമഭട്ടാരശ്രീ ചട്ടമ്പിസ്വാമിപാദവിരചിതമായ 'അദ്വൈതചിന്താപദ്ധതി'യിൽ കാണുന്നുണ്ട്

75 വസ്തുതന്നെയാം വാക്യാർത്ഥം–വസ്തുമാത്രരൂപത്തിലുള്ള വാക്യാർത്ഥം.

76 സാക്ഷി–ബുദ്ധ്യാദികളിൽ സാക്ഷിഭാവത്തിൽ സ്ഫുരിക്കുന്നതു്.

84 ഭൂമി–വിഷയം, ആസ്പദം.

90 വാരണം–നിവാരണം.

112 ദേഹാദ്യതിരിക്തൻ–ദേഹാദികളിൽനിന്നു വിശിഷ്ടൻ.

116 വിധുരം–ദുഃഖപ്രദം, അനർത്ഥകം.

119 അതിൽ–ധ്യാനവിഷയത്തിൽ.

122 ആഖ്യാനം-ഭാഷണം, കഥ. തച്ചിന്തനം തൽകഥനം'–ഇത്യാദികൾ ഓർമ്മിപ്പിക്കുന്നു. ശരീരത്തിന് അസ്വാതന്ത്ര്യം വരുത്തും വണ്ണമല്ല, ഉല്ലാസംനൽകുന്നവയത്രെ സംഭാഷണം, പുരാണപാരായണം മുതലായവ.

137 സ്തോകാർത്ഥം-അല്പകാര്യവും

140 ക്രവ്യപൂതിക–മാംസപ്പാവ.

143 വൈതാനികൻ–വിഷ്ടി (വേതനം) പററുന്ന രാജാനുചരൻ പരാധീനനാണല്ലൊ.

157 അവധാരണം–നിശ്ചയം.

165 വിദ്വത്സ....മാകും-ജ്ഞാനികളുടെ ഇച്ഛയും അല്പഭോഗത്തിന് ഉതകും.

179 വിഷ്ടപപ്രത്യാദേശം–ലോകനില്പിനെ നിഷേധിക്കൽ.

183 'സ്വാപ്യയസംപത്ത്യോരന്യതരാപേക്ഷമാവിഷ്കൃതം ഹി'–ബ്രഃസൂ 4-4-16. സ്വാപ്യയം-സുഷുപ്തി; സംപത്തി-മുക്തി–മുക്തിയല്ല, ശരീരത്തിൽ നിന്നുള്ള ജീവന്റെ യാത്ര, മരണം എന്നത്രെ സംപത്തിയുടെ അർത്ഥമെന്നും വ്യാഖ്യാനിക്കുന്നുണ്ട് ഈ സൂത്രം മുക്തിലഭിച്ച ആത്മാവിന്റെ ജ്ഞാനപരിധിയെ വിമർശിക്കുന്നു.

191 ഭാവം–അർത്ഥം.

199 പ്രജ്ഞാനകൂടസ്ഥൻ–പ്രജ്ഞാനാത്മകനായ കൂടസ്ഥൻ, അസംഗചിദ്രൂപൻ, ശ്രുതികൾ ഉഭയാത്മകന്റെ ഭോക്തൃമിഥ്യാത്വവും അസംഗകൂടസ്ഥന്റെ അഭോക്തൃത്വവും സിദ്ധമെന്നു കാട്ടുന്നു.

203 നിവ്വാസം–പ്രവാസം, ദൂരസംസ്ഥിതി

226 തന്നെയും-ആത്മാവെയും. ഈ ദേഹം–അജ്ഞാനോപാധികമായ കാരണശരീരം.

246 ഹാനം–നാശം, നഷ്ടം.

273 ദൃഢാഗ്രഹം-നിർബന്ധം, പിടിപാട്.

282 കുണപം-ശവം.

283 ഘാതനം-കൊല, മൃതി.

8 2 ഇനാഭ-സൂൎയ്യപ്രകാശം.

5 ഘടത്തിന്ന് അജ്ഞാതാവസ്ഥ, ജ്ഞാതാവസ്ഥ എന്നു രണ്ടുണ്ട്. ബ്രഹ്മസാന്നിദ്ധ്യമുള്ളപ്പോഴേ ജഡമായ ബുദ്ധിയിൽ ജ്ഞാനം പ്രകാശിക്കയുള്ളൂ. 6-ാം പദ്യം ഇതു വിശദമാക്കുന്നു.

6 ലോഹാഗ്രകുന്തം–ലോഹാഗ്രത്തോ(ലോഹമുനയോ)ടു കൂടിയ കുന്തം.

10 ഉദ്ഗമം–ഉദയം ചിദാഭാസോദയലക്ഷണമായ ഫലം ബുദ്ധിദ്വാരാ വ്യാപിച്ചതത്രേ ഘടം ജ്ഞാതമെന്നതു്.

15 ചിലർ–താൎക്കികന്മാർ. തുടൎന്നുനില്ക്കുന്ന ഈ ബ്രഹ്മചൈതന്യത്തെ 'അനുവ്യവസായം' എന്നു പേരുള്ള ഒരു ജ്ഞാനഭേദമെന്ന് അവർ വിവക്ഷിക്കുന്നു.

16 'ഘടമാണെന്നറിഞ്ഞു.' എന്നതു ജ്ഞാനസ്വരൂപമായ ബ്രഹ്മത്താലാണ്.

17 പുറമേ-വസ്തുക്കൾ–ദേഹമല്ലാത്ത ഘടാദ്യന്യപദാൎത്ഥങ്ങൾ

21 സന്ധികൾ–വൃത്തികൾ തമ്മിലുള്ള ഇടകൾ

42 സാമാനാധികരണ്യം-സമാനാന്വയ ഭാവം, സമന്വയത-തുല്യസ്ഥാനികത്വം. ജീവത്വം ബാധിക്കപ്പെട്ടും-നിവൎത്തമാകും–നശിക്കുമ്പോൾ ബ്രഹ്മത്വം ഗ്രഹിക്കുവാൻ സാധിക്കുമെന്നു പറയുന്നു.

44 ബ്രഹ്മവും ഞാനും സമാനാധികരണവാചികൾ, ഇവ തമ്മിലുള്ള സമാനതയ്ക്കു നീക്കം ഭവിക്കട്ടെ എന്നാൽ, ഞാൻ ബ്രഹ്മമാകുന്നു എന്ന ബോധത്താൽ അഹംബുദ്ധി, ഞാൻ കൎത്താവാകുന്നുവെന്നു മുതലായ വിധത്തിലുള്ള സൎവ്വവും നിവൎത്തമായി, ബ്രഹ്മം മാത്രമായി അവശേഷിക്കട്ടെ എന്നൎത്ഥം.

46 'അഹം'ശബ്ദം കൂടസ്ഥനെത്തന്നെ പറയുന്നതാണെന്നത്രെ വിവരണാചാൎയ്യരുടെ അഭിപ്രായം.

47 ബാധാസാമാന്യാധികരണ്യം എന്ന വളഞ്ഞവഴിവിട്ടു പ്രവര (മുഖ്യ) സാമാന്യാധികരണ്യംതന്നെ പറഞ്ഞിരിക്കുന്നു.

9 18 പ്രത്യക്താംസാക്ഷി-പ്രത്യഗാത്മാവായ (ഉള്ളിൽ വിളങ്ങുന്ന) സാക്ഷിചൈതന്യം.

23 പ്രതിപക്ഷമാംബുദ്ധി–എതിരഭിപ്രായം.

26 അനുസന്ധിക്ക–വിചാരിക്ക, നിരൂപിക്ക.

31 വ്യവധാനം, അവരോധം–തടസ്സം.

40 അധിഗമിക്ക- അറിയുക.

42 മഹിഷി-മുൻപു് അനുഭൂതയായ രാജപത്നി.

44 പ്രത്യൂഹം, അന്തരായം-തടസ്സം.

56 വേദനം-അറിവു്.

59 അച്ച്-ഉപാസന.

68 'ആനന്ദാദയ'<br>69 'അക്ഷരധിയാ' } -വിധേയങ്ങൾ, നിഷേധ്യങ്ങൾ എന്നു ഗുണങ്ങൾ രണ്ടുവിധം.

'ആനന്ദോബ്രഹ്മ' 'വിജ്ഞാനമാനന്ദംബ്രഹ്മ,-ഇത്യാദിവിധേയഗുണങ്ങളുടെ സംക്ഷേപം 'ആനന്ദാദയഃ പ്രധാനസ്യ' (ബ്രഃ സൂ 3-3-11) എന്നതുകൊണ്ടും, 'അസ്ഥൂലമനണ്വഹ്രസ്വം', ഇത്യാദിനിഷേധ്യ ഗുണങ്ങളുടെ സംക്ഷേപം 'അക്ഷരധിയാം ത്വവരോധഃ'-ഇത്യാദി (ബ്രഃ സൂ 3-3-33) എന്നതുകൊണ്ടും പറഞ്ഞിരിക്കുന്നു.

71 സുവർണ്ണശ്മശ്രുസൂര്യൻ......കൾ--സൌവർണ്ണശ്മശ്രുക്കളോടുകൂടിയ സൂര്യൻ തുടങ്ങിയ ഗുണവിശിഷ്ടമൂർത്തികളിൽ ബ്രഹ്മവാചികളായ സത്യജ്ഞാനാദികങ്ങൾ പറയാത്തതുകൊണ്ടു ബ്രഹ്മം നിർഗ്ഗുണോപാസ്യക്ഷമമാകുമെങ്കിൽ അതിനു വിരോധമില്ലെന്നത്രെ ഇതിലെ ആശയം.

75 അത്തു്-ബോധം.

77 ഒന്നിച്ചു-ഒരുമിച്ചുനിർത്തി, ഏകാഗ്രമാക്കി.

79 ഉപാസ്യദേവതയിൽ ഉപാസകനുണ്ടാകേണ്ട അഭിമാനം ഉദാഹരണംകൊണ്ടു സ്പഷ്ടമാക്കുന്നു. യാച്ഞ-യാചന.

94 ഘടനിർദ്ദേശം–ഇതു ഘടമെന്നതു്.

111 കല്പന–ശാസ്ത്രവിധി.

112 അവചയിക്ക-സംഭരിക്ക. വൈരാഗ്യഭാരമന്ഥരം(മൂലം)-വൈരാഗ്യച്ചുമടുകൊണ്ടു കുണ്ഠിത–അലസ-മായ (അനങ്ങാൻവയ്യാത്തതെന്നു സാരം)

129 ജ്ഞാനാസംഗം-ജ്ഞാനാസക്തി, ജ്ഞാനൈകനിഷ്ഠത

131 ഉപന്യസ്തം–മേൽപറയപ്പെട്ട.

142 ഉപാഗമിക്ക-പ്രാപിക്ക, ലഭിക്ക. മററുമാർഗ്ഗമില്ലെന്നശാസ്ത്രം-'നാന്യഃപന്ഥാവിദ്യതേ/യനായ' (ശ്വേ-3-86) എന്ന ശ്രുതിക്കു്, ഉപാസനകൊണ്ടു മുക്തിലഭിക്കുമെന്നതു വിരോധമല്ലയോ എന്ന ശങ്കയ്ക്കു ജ്ഞാനംകൊണ്ടു മോക്ഷസിദ്ധി എന്നതിനു് ഇതു വിരോധിയല്ലെന്നു പറയുന്നു.

145 അപ്രതീകോപാസകൻ–നിർഗ്ഗുണബ്രഹ്മനിഷ്ഠൻ.

**10** 2 ആദിതേയന്മാർ-ദേവകൾ.

7 ബാഹ്യവിഷയങ്ങൾ-ദേഹത്തിൽ നിന്നുപുറമെയുള്ളവ.

9 ഒററപ്രയത്നംകൊണ്ടു് - ഒരേകാലംതന്നെ.

18 ഗവാക്ഷം-ചെറിയ ദ്വാരം.

25 ആമ്നായം-ശ്രുതി, വേദം.

26 ഉത്തമാധികാരിക്കു് ആത്മാനുഭവോപായം പറഞ്ഞിട്ടു്, മന്ദാധികാരിക്കു് ഉപായം അരുളുന്നു. അയാൾ ബുദ്ധിയെ ശരണം പ്രാപിക്കണം. അതിൻെറഫലം, ബാഹ്യാന്തരങ്ങളിൽ ബുദ്ധിയാൽ യാതൊന്നു കല്പിക്കപ്പെടുന്നുവോ അതതിൻെറ സാക്ഷിഭാവത്തിൽ അവയ്ക്കു് അധീനനായ പരമാത്മാവു് അപ്രകാരം അനുഭൂതമാകണം എന്നൎത്ഥം.

**11** 3 അവസ്ഥാനം-അധികാരം, സംസ്ഥിതി.

4 ഭേദദൎശികൾക്കു ഭയമുണ്ടാകുമെന്നതു ദൃഢപ്പെടുത്തുവാൻ ബ്രഹ്മാത്മൈകതജ്ഞാനരഹിതന്മാരായ അഞ്ചുജഗന്നിയാമകദേവതകൾ ഭയന്നു പ്രവൎത്തിക്കുന്നു എന്ന ആശയം ഇതിൽ പ്രകാശിതം. 'ഭയാദസ്യാഗ്നിസ്തപതി ഭയാത്തപതിസൂൎയ്യഃ; ഭയാദിന്ദ്രശ്ചവായുശ്ച മൃത്യുർധാവതി പഞ്ചമഃ'. ഇഷ്ടാപൂൎത്താദിധൎമ്മം–ഇഷ്ടാപൂൎത്തം-യജ്ഞദാനക്രിയാകരണം.

19 ആവൎത്തനം–ഓൎമ്മയ്ക്കുചെയ്യുന്ന അഭ്യാസം.

20 സുഖംതന്നെ–'സുഖം ത്വേവ ജിജ്ഞാസിതവ്യം' (ഛാ-7-22-1)–ഈ ശ്രുതിയുടെ താൽപൎയ്യം.

26 ഹേയ....ത്താൽ–'ഇതു്''–3-ാമതു ചൊന്ന മറെറാരവസ്ഥ, അപ്രസിദ്ധമാകയാൽ ത്യാജ്യം. ദ്വൈതം, സൃഷ്ടിക്കുശേഷമുണ്ടാകുന്നുള്ളു. അദ്വൈതമത്രെ ഒന്നാം പക്ഷം.

43 സ്വാസ്ഥ്യം എന്നു തിരുത്തണം.

44 സ്വാനന്ദം–സ്വരൂപഭൂതാനന്ദം. ഇതു വിഷയാനന്ദമാണു്. അവസാദം–ക്ഷീണം.

58 നിഗദിക്ക-പറക.

63 ലീന...യുതൻ–ലയിക്കപ്പെട്ട വിജ്ഞാനോപാധിയോടുകൂടിയവൻ.

107 അദ്ധ്യവസായം–അഭിനിവേശം, നിശ്ചയം.

118 സമാധിധൌതം-സമാധിയാൽ രജസ്തമോമാലിന്യങ്ങൾ നിശ്ശേഷം നിവാരിതമായി പ്രകാശിതമായതു്.

**12** 5 യഥാവൽ-ഉള്ളവണ്ണം.

6 തദൎത്ഥം-ആത്മാൎത്ഥം

26 ഉന്മാൎഗ്ഗം-ദുഷിച്ച ഗതി.

36 അന്ത്യയോന്മുഖൻ-മരിക്കാറായവൻ. 'ത്വം ബ്രഹ്മത്വം യജ്ഞ
ത്വം ലോകഃ'-എന്ന മൂന്നുമന്ത്രം (ബൃ. 1-5-17)

41 മോഷകത്വം—കള്ളനെന്നഭാവം.

42 അപ്രതിമത്വം-അദ്വിതീയത്വം.

65, 67 ദ്രവിണവാൻ-ധനികൻ.

73 നൈജം-സ്വന്തമായ.

13 1 സദ്വയമാമാത്മാനന്ദം-സദ്വയാവസ്ഥയിലായ ആത്മാവി
ന്റെ ആനന്ദം-സദ്വയത്വം-സജാതീയമായ പുത്രാദിഗൌണാ
ത്മാക്കളോടും ദേഹാദിമിഥ്യാത്മാക്കളോടും വിജാതീയമായ
ആകാശാദികളോടും ചേൎന്നിരിക്കുന്ന അവസ്ഥ.

70 ആകാശരഹിതം-നിരാകാശം-ഇടമില്ലായ്മ.

78, 79 നൈകം-അനേകം.

14 16 തജ്ജ്ഞൻ-ബ്രഹ്മജ്ഞൻ.

35 അന്യഥാ-മറെറാരുവിധത്തിൽ-ആനന്ദസ്വരൂപമായ് ഭവിച്ച
ബുദ്ധിയുടെ സാക്ഷിഭാവം സ്വന്തമെയ്യിൽ വെച്ചു് അനുഭൂത
മാകയാൽ ആനന്ദവാനായിത്തീരും പോലെ ആനന്ദസ്വരൂപ
സാക്ഷിത്വം അന്യശരീരങ്ങളിലും ദർശിച്ചു് ആനന്ദമടയുന്നു.
36-ൽ പറയുന്ന സൎവ്വപ്രജ്ഞാസാക്ഷിത്വവും, സൎവ്വാനന്ദപ്രാ
പ്തിയും ബ്രഹ്മജ്ഞനുമാത്രമെ സിദ്ധിക്കുന്നുള്ളു. അജ്ഞനു
സംതൃപ്തി-ആനന്ദാനുഭവം-സംഭവിക്കുന്നില്ല.

36 ൽ 'എന്നാൽ' കഴികെ അല്പവിരാമചിഹ്നം മതിയാകും. സൎവ്വാ
നന്ദം അജ്ഞനും പ്രാപിക്കാമെന്നാൽ-പ്രാപിക്കാമെന്നു ശങ്കി
ക്കുന്നപക്ഷം-എന്നൎത്ഥം.

37 സാമഗാനവും ടി അർത്ഥം തന്നെ പ്രകാശിപ്പിക്കുന്നു.

15 20 സർവത്രബ്രഹ്മസ്വരൂപാനുഭൂതിയെക്കാട്ടുവാൻ തൽസ്വരൂപം
ഓൎമ്മിപ്പിക്കുന്നു.

22 കേവലബ്രഹ്മസ്ഥിതി-അമിശ്രബ്രഹ്മഭാവം,

27 സാത്വികവൃത്തികളിൽ 'സച്ചിദാനന്ദങ്ങൾ' എന്ന മൂന്നും ധ്യാ
നിക്കാവുന്നതാണെന്നു പറയുന്നു.

28 നിർഗ്ഗുണബ്രഹ്മധ്യാനത്തിനു് അനർഹനായവനെ അനുഗ്രഹി
ക്കാൻ മിശ്രബ്രഹ്മധ്യാനത്തിനു് അധികാരമുണ്ടെന്നു കാട്ടുന്നു.

29 സവൃത്തികമായ ധ്യാനത്രയം മേൽപറഞ്ഞതുകളാണു്-സാത്വി
കാദി അന്തഃകരണവൃത്തികൾക്കു സാധിക്കാവുന്നവ എന്നൎത്ഥം
ധീവൃത്തിശൈഥില്യം-ബുദ്ധിവൃത്തിയുടെ വിളംബം, അതീ
ക്ഷ്ണാവസ്ഥ.

ശുഭം.

KOTTAYAM PUBLIC LIBRARY
KOTTAYAM

KOTTAYAM PUBLIC LIBRARY
KOTTAYAM
Cl. No. HA1 Acc. No. 130448
This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 25 Ps. per day will be charged

MA1
KRI-5

130448

കൃഷ്ണപിള്ള മകൻ, ശ്രീവർദ്ധനത്ത്
ശ്രീ പഞ്ചദശി കിളിപ്പാട്ട്